KOTTAYAM PUBL[illegible]RY

Call No 270.2 Acc. No [illegible]

Author [illegible]

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

962

# എക്യുമെനിസം

KOTTAYAM PUBLIC LIBRARY
KOTTAYAM

[MALAYALAM]

# ECUMENISM

By

N. J. Pallikkathai

Cover Design

A. Thekepalackal

First Published, January 1968

Copies 1500

Price Rs. 3. 25.

Copy Right: S. H. LEAGUE

PUBLISHED BY

S. H. LEAGUE, Alwaye—3

Kerala, India

Printed at

J. M. Press, Alwaye—3

# എക്യുമെനിസം

39127

എൻ. ജെ. പള്ളിക്കത്തൈ

KOTTAYAM PUBLIC LIBRARY
KOTTAYAM

എസ്. എച്ച്. ലീഗ്,
ആലുവാ–3.

270.2
Pal-E

39127

Nihil obstat:

FR. DOMINIC, O. C. D.,
*Rector, Pontifical Seminary,*
*Alwaye, 3—12—1967.*

Imprimatur:

† JOSEPH PARECATTIL,
*Archbishop of Ernakulam,*
*Ernakulam, 8—12—1967.*

ഒരു വാക്ക്

എക്യുമെനിസം—ക്രൈസ്തവലോകത്തെയാകമാനം സ്പർശിക്കുന്ന ഒരു പ്രതിഭാസമാണിത്; ഒപ്പം, ഫലമണിയേണ്ട അനേകം പ്രതീക്ഷകളുടെ ഒരു പൂമൊട്ടും. രണ്ടായിരംകൊല്ലത്തെ ചരിത്രമുണ്ടിതിന്. ഇത്തരം ഒരു ഗ്രന്ഥത്തിൽ ഇതിനെ പരിപൂർണ്ണമായി പ്രതിപാദിക്കുക ഭഗീരഥപ്രയത്നമല്ലേ? എന്നാൽ, അതിനൊരു എളിയ ശ്രമമാണിത്. വിജയമോ പരാജയമോ നിർണ്ണയിക്കേണ്ടതു നിങ്ങളാണ്.

ഈ ഗ്രന്ഥരചനയിൽ എന്നെ പല സുഹൃത്തുക്കളും സഹായിച്ചിട്ടുണ്ട്. അവരോടെല്ലാമുള്ള കൃതജ്ഞതയും കടപ്പാടും രേഖപ്പെടുത്തുന്നു.

കേരളത്തിലെ എക്യുമേനിക്കൽ പ്രവർത്തനങ്ങളെ പരാമർശിക്കുവാൻ സ്ഥലസൗകര്യം അനുവദിച്ചിട്ടില്ല. അനുവാചകർക്കു തൃപ്തിയാണെങ്കിൽ അതും ഒരു ചെറുഗ്രന്ഥമാക്കി പ്രസിദ്ധീകരിക്കാമെന്നു പ്രതീക്ഷിക്കുന്നു.

എൻ. ജെ. പള്ളിക്കത്തൈ

പൊൻറിഫിക്കൽ കോളേജ്,
ആലുവാ—3,
ജനുവരി 18, 1968,

# ഉള്ളിൽ


| | |
|---|---|
| **വിഭജനത്തിൻെറ ചരിത്രം** | പേജ് |
| ഒമ്പതാംനൂററാണ്ടിനു മുമ്പ് | 1 |
| ഒമ്പതാംനൂററാണ്ടിനുശേഷം | 21 |
| ഇന്നത്തെ ക്രിസ്തുമതം | 37 |
| വിഭജനത്തിൻെറ വിപത്തുകൾ | 50 |
| **പുനരൈക്യശ്രമങ്ങൾ** | |
| ആരംഭംമുതൽ | 56 |
| ഐക്യസൂനഹദോസുകൾ | 60 |
| ഐക്യശ്രമങ്ങൾ | 74 |
| ഇരുപതാംനൂററാണ്ടുവരെ | 87 |
| പ്രതിബന്ധങ്ങൾ | 129 |
| **എക്യുമെനിസം** | |
| പദപ്രയോഗവും ആദർശവും | 136 |
| അഖിലലോകമിഷനറി കൗൺസിൽ | 145 |
| ജീവിത–പ്രവത്തന പ്രസ്ഥാനം | 152 |
| വിശ്വാസ–ഭരണ പ്രസ്ഥാനം | 158 |
| അന്താരാഷ്ട്രസൗഹാർദ്ദത്തിനുള്ള | |
| ലോകസഖ്യം | 166 |
| എക്യുമേനിക്കൽ പ്രസ്ഥാനങ്ങളുടെ ഐക്യം | 171 |
| സഭകളുടെ ലോകസമിതി | 181 |

**ജോൺപാപ്പായും വത്തിക്കാൻ സൂനഹദോസും**

205 യോഹന്നാൻ പാപ്പാ
216 വത്തിക്കാൻ സൂനഹദോസ്
229 എക്യുമെനിസത്തെപ്പററിയുള്ള ഡിക്രി
234 വിവർത്തനവും വ്യാഖ്യാനവും
390 എക്യുമേനിക്കൽ ഡിറക്ടറി
403 വിജയത്തിൻെറ ചവിട്ടുപടികൾ

**അനുബന്ധങ്ങൾ**

414 ലോകവും മതങ്ങളും 1
415 ക്രിസ്തുമതം 2
416 കത്തോലിക്കസഭ 3
417 കേരളത്തിലേ ക്രിസ്തുമതം 4
418 എക്യുമെനിസം ഒററനോട്ടത്തിൽ 5
419 സഭകളുടെ ലോകസമിതിയുടെ ഘടന 6
420 വത്തിക്കാൻ സൂനഹദോസും
അകത്തോലിക്കനിരീക്ഷകരും
421 എക്യുമേനിക്കൽ ഡിക്രിയുടെ വോട്ടിങ്ങ്
422 വിഷയസൂചി

# I

# വിഭജനത്തിൻെറ ചരിത്രം

## 1 ഒമ്പതാംനൂററാണ്ടിനുമുമ്പ്

"ഒരിടയനും ഒരാട്ടിൻപററവു"മായാണു ക്രിസ്തുനാഥൻ തൻെറ സഭ സ്ഥാപിച്ചതു്. യഹൂദനെന്നോ യവനനെന്നോ സ്വതന്ത്രനെന്നോ അടിമയെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വിവേചനങ്ങളൊന്നും സഭയിൽ ഇല്ലായിരുന്നു. സഭ പടുത്തുയർത്തപ്പെട്ടതു പത്രോസാകുന്ന പാറമേലാണു്; പോരാ, "നരകവാതിലുകൾ അവൾക്കെതിരായി ശക്തിപ്പെടുകയില്ല" എന്ന വാഗ്ദാനവുമുണ്ടു്, സഭയ്ക്കു്. പക്ഷേ, മാനുഷികഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു സമൂഹമാണു സഭ—മനുഷ്യരുടെ സമൂഹം. തൽഫലമായി, അപ്പസ്തോലന്മാരുടെ കാലംമുതല്ക്കേ പ്രത്യക്ഷപ്പെട്ടു തുടങ്ങി വിമർശനാസക്തിയും വിഭജനവാസനയും, സഭയിൽ: പുറജാതിക്കാരെ സഭയിൽ സ്വീകരിച്ചതിനു് ഒരു വിശദീകരണം നല്കേണ്ടിവന്നു, സഭാ തലവനായ പത്രോസിനു്(1).

---

(1) നടപടി 11: 12-18.

കൊറിന്ത്യർ പത്രോസിന്റേയും പൗലോസിന്റേയും അപ്പൊള്ളോയുടേയും അനുയായികളായി ചേരിതിരിഞ്ഞു(1). ഫിലിപ്പിയായിൽ എവോഡിയായും സിൻറിക്കേയും തമ്മിൽ കലഹമായി(2). ദിയാത്രോഫോസിന്റെ അതിരുകടന്ന അധികാരപ്രമത്തതയു(3)മെല്ലാം വിഭജനത്തിനുള്ള പ്രവണതയിലേയ്ക്കാണു് വിരൽ ചൂണ്ടുക.

പൗലോസിനെ അങ്ങേയററം എതിർക്കുന്ന ഒരു കൂട്ടർ സഭയിൽ ഉണ്ടായിരുന്നെന്നും അദ്ദേഹത്തിന്റെ മരണകാലമായപ്പോഴേക്കും അവരുടെ ശക്തി വർദ്ധിച്ചുവന്നിരുന്നെന്നും പൗലോസിന്റെ ലേഖനങ്ങൾതന്നെ വ്യക്തമാക്കുന്നു. യോഹന്നാൻശ്ലീഹായുടെ അന്ത്യമായപ്പോഴേക്കും "പിതാവിനേയും പുത്രനേയും നിഷേധിക്കുന്ന ഉപദേഷ്ടാക്കൾ"(4) സഭയിൽ പൊന്തിവന്നിരുന്നെന്നു യോഹന്നാന്റെ ലേഖനങ്ങളും വ്യക്തമാക്കുന്നുണ്ടു്. ഇപ്രകാരം, വിഭിന്ന പഠനങ്ങളും തത്വങ്ങളുമായി ക്രിസ്തുവിന്റെ മൗതികശരീരത്തെ പിച്ചിച്ചീന്തുവാൻ ശ്രമിച്ചിട്ടുള്ളവരുടെ ചരിത്രത്തിലേക്കൊരെത്തിനോട്ടം അത്യധികം ഉപകാരപ്രദമാണു്.

**ഗ്നോസ്റ്റിസിസം (Gnosticism)**

ആദ്യന്തുററാണ്ടുകളിൽത്തന്നെ സഭയെ ഭിന്നിക്കു

(1) 1 കൊറി. 1: 12.
(2) ഫിലി. 4: 2,
(3) 3. യോഹ. 9.
(4) 1 യോഹ. 2: 2ꞌ.

വാൻ ശ്രമിച്ചതും പതിമ്മൂന്നാംനൂററാണ്ടുവരെ പല പു തിയ പുതിയ ലേബലുകളിലായി പ്രത്യക്ഷപ്പെട്ടു സഭ യെ പീഡിപ്പിച്ച് അനുയായികളെ നേടിയെടുത്തതുമാ യ ഒരു ഗ്രീക്കുതത്വസംഹിതയാണു ഗ്നോസ്റ്റിസിസം. ഒ ന്നാംനൂററാണ്ടിൽ ഇതു പ്രത്യക്ഷപ്പെട്ടതു "ഡൊച്ചേ ററിസം" എന്ന അഭിധാനത്തിലാണു്. അതിരുകടന്ന ആത്മീയപ്രബോധനങ്ങളുടേയും പ്രവണതകളുടേയും ഫ ലമായി പാദാൎത്ഥികമായിട്ടുള്ളതെല്ലാം പാപമാണെന്നു പഴിക്കുകയും ആയതിനാൽ, പാദാൎത്ഥികമായ ശരീരം ദൈവത്തിനു സ്വീകരിക്കുവാൻ സാദ്ധ്യമല്ലെന്നു വാദി ക്കുകയും, അങ്ങനെയായപ്പോൾ, ക്രിസ്തുവിൻെറ മനുഷ്യാ വതാരവും കുരിശുമരണവുമെല്ലാം തെററാണെന്നു വാദി ക്കുകയും, പ്രായശ്ചിത്തപരവും പാദാൎത്ഥികമായവയെ വെറുക്കുന്നതുമായ ഒരു ജീവിതംകൊണ്ടുവേണം നിത്യ രക്ഷപ്രാപിക്കുക എന്നും പഠിപ്പിക്കുകയും പ്രാവൎത്തി കമാക്കി കാണിച്ചുകൊടുക്കുകയും ചെയ്തുകൊണ്ടാണു് ഡൊച്ചേററിസം ക്രിസ്ത്യാനികളുടെ ഇടയിൽ വ്യാപിക്കു വാൻ തുടങ്ങിയതു്. രണ്ടാംനൂററാണ്ടിൻെറ മദ്ധ്യത്തോ ടുകൂടി ഇവർ വ്യത്യസ്ത ക്രിസ്തീയസമൂഹങ്ങളെ സൃഷ്ടി ച്ചുകൊണ്ടു റോമാസാമ്രാജ്യം മുഴുവൻ പ്രസംഗിച്ചുനട ന്നതായി കാണാം. വിചിത്രവും നിഗ്ഗൂഢവുമായ വിശു ദ്ധ കുർബാനാചരണവും മററുപല ക്രൂദാശക്രമങ്ങളും ഇ വൎക്കുണ്ടായിരുന്നു. സഭയുടെ നിരന്തരവും ജാഗരൂകവു മായ പ്രവൎത്തനത്താൽ രണ്ടാംനൂററാണ്ടിൻെറ അന്ത്യ

ത്തോടുകൂടിത്തന്നെ ഈ സമൂഹങ്ങൾ ക്ഷയിച്ച് അപ്ര ത്യക്ഷമായിത്തുടങ്ങി.

**മാർസിയണിസം** (Marcionism)

ഏ. ഡി. 140-ലാണ 'മാർസിയൻ തൻെറ തത്വങ്ങളുമായി സഭയെ നവീകരിക്കുവാനായി പ്രത്യ ക്ഷപ്പെട്ടതു്. യഹൂദമതവുമായുള്ള ബന്ധത്താൽ ക്രിസ്തു മതം നാശത്തിൻെറ വക്കുവരെ എത്തിയിരിക്കുകയാ ണെന്നും അവിഹിതാചാരക്രമങ്ങളിൽനിന്നെല്ലാം സഭ യെ വിശുദ്ധീകരിക്കുകയാണ തൻെറ ലക്ഷ്യമെന്നും ദൗ ത്യമെന്നും പ്രസംഗിച്ചുകൊണ്ടു് അദ്ദേഹം പുനരുദ്ധരി ക്കപ്പെട്ട ക്രിസ്തീയസമൂഹങ്ങൾ സ്ഥാപിക്കുവാൻ തുടങ്ങി. ഇവർക്കു സ്വന്തമായി ആചാരക്രമങ്ങളും നടപടിക്രമ ങ്ങളും മെത്രാന്മാരും വൈദികരുമെല്ലാം ഉണ്ടായി. അത്യ ധികം പ്രായശ്ചിത്തപരമായ ഇവരുടെ ജീവിതം അനേ കം ക്രിസ്ത്യാനികൾ വഴി തെററുവാൻ, സഭയിൽ നിന്നു പിരിഞ്ഞുപോകുവാൻ കാരണമായി. ഇതിലേ അംഗങ്ങൾ, വിവാഹം, മാംസം, മദ്യം മുതലായവ പരി ത്യജിച്ചിരുന്നു. നാലാംനൂററാണ്ടുവരെ ക്രിസ്ത്യാനികളിൽ ഒരു നല്ല ശതമാനത്തെ സഭയിൽനിന്നു ഭിന്നിച്ചു നി ത്തുവാൻ ഇവർക്കു സാധിച്ചു.

**ഈസ്റ്റർദിവസം**

ഈസ്റ്റർ ആചരിക്കേണ്ട ദിവസത്തെസ്സംബന്ധി ച്ചു സഭയിൽ പൊന്തിവന്ന അഭിപ്രായവ്യത്യാസം ര ണ്ടാംനൂററാണ്ടിൻെറ മദ്ധ്യമായപ്പോഴേക്കും സഭയെ

രണ്ടായി വിഭജിച്ചു. കിഴക്കൻസഭകളേയും പടിഞ്ഞാറൻസഭയേയും ഇക്കാര്യത്തിൽ യോജിപ്പിക്കുവാൻ അനവധി സിനഡുകൾ കൂടേണ്ടിവന്നു. എന്നിട്ടും, ഏഷ്യാമൈനറിലെ മെത്രാന്മാരും വിശ്വാസികളും എഫേസൂസിലെ മെത്രാന്റെ കീഴിൽ റോമിന്റെ തീരുമാനത്തെ അവഗണിക്കുകയും സാർവ്വത്രികസഭയുമായുള്ള ഐക്യത്തിൽനിന്നു വേർപെടുകയുംചെയ്തു. പക്ഷേ, ഈ അനൈക്യം അധികനാൾ നിലനിന്നതായി കാണുന്നില്ല. തത്പരകക്ഷികളുടെ മരണത്തോടുകൂടി ഭിന്നതയും അപ്രത്യക്ഷമായെന്നാണു തോന്നുന്നത്.

### മോൻറാനിസം (Montanism)

ആദ്യകാലപരിപൂർണ്ണതയിലേക്കും വിശുദ്ധിയിലേക്കും സഭയെ തിരിച്ചെത്തിക്കുവാനായി എ. ഡി. 170-ൽ പ്രത്യക്ഷപ്പെട്ട ഒരു പ്രാസംഗികനാണു മൊന്താനസ്. ലോകാവസാനം അടുത്തിരിക്കുന്നെന്നും അതിനാൽ, സഭ ക്രിസ്തുവിന്റെ പ്രത്യാഗമനത്തിനായി ഒരുങ്ങണമെന്നും പ്രസംഗിച്ചുകൊണ്ടു മൊന്താനസ് തന്റെ അനുയായികളെ തീവ്രമായ പ്രായശ്ചിത്തജീവിതത്തിലേക്കു ആഹ്വാനംചെയ്തു.താമസിയാതെ ഇവർ ഒരു പ്രത്യേകസമൂഹമായി. ഇവരുടെ ജീവിതവിശുദ്ധിയിലും പ്രവചനവരങ്ങളിലും ആകൃഷ്ടരായി നിരവധി ക്രിസ്ത്യാനികൾ ഇവരെ അനുഗമിക്കുകയുണ്ടായി. മൊന്താനസ് പ്രസംഗിച്ചുപരത്തിയ ലോകാവസാനം ഉണ്ടാകാതിരുന്നിട്ടും ഈ സമൂഹം നശിച്ചില്ല. ഇവരിൽ ചിലർ വിവാഹ

ത്തെപ്പോലും പരിപൂർണ്ണമായി നിരോധിച്ചുകൊണ്ടുള്ള ഒരു കട്ടത്ത ജീവിതം ആവശ്യപ്പെടാൻ തുടങ്ങി. വാസ്തവത്തിൽ തെർത്തുല്ല്യൻ സഭയിലേക്കു തിരിച്ചുപോന്ന തോട്ടുക്കൂടിയാണ് ഇവരുടെ അധഃപതനം ആരംഭിച്ചതു്.

**മനിക്യയിസം** (Manichaeism)

ക്രിസ്തുവിൻേറയും ബുദ്ധൻേറയും സൊറൊവാസ്റ്ററുടേയും നാമത്തിൻകീഴിൽ ലോകത്തെ മുഴുവൻ ഏകീകരിക്കുവാൻ പ്രചോദിതനായി മാണി രംഗത്തുവന്നതു മൂന്നാംനൂററാണ്ടിലാണ്. മാണിയുടെ അടിസ്ഥാനതത്വങ്ങൾ ഗ്നോസ്റ്റിസിസത്തിൻേറതായിരുന്നതിനാൽ ഗ്നോസ്റ്റിസിസത്തിൻെറ ഒരു പുതിയ രൂപമായിമാത്രം ഇതിനെ കണക്കാക്കുന്നവരുമുണ്ട്. ഏതായാലും, അന്നുവരെ സഭാതലത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏററം വലിയ സഭാവിഭജനത്തിന് ഇതു വഴി തെളിച്ചു. മാണിയുടെ ആശയങ്ങളും തത്വങ്ങളും അനുസരിച്ചു ജീവിക്കുവാൻ മുന്നോട്ടുവന്ന ക്രിസ്ത്യാനികൾ മററു ക്രിസ്ത്യാനികളിൽനിന്നു വിഭിന്നരായെന്നു പറയേണ്ടതില്ലല്ലോ. മാത്രമല്ല, വ്യത്യസ്തരായ ഈ ക്രിസ്ത്യാനികൾക്കു തങ്ങളുടേതായി മെത്രാന്മാരും വൈദികരും ഡീക്കന്മാരും ധാരാളം ഉണ്ടായിത്തുടങ്ങി. വി. അഗസ്തീനോസിൻെറ കാലത്തു്, ഇവർക്കു് 12 ഗുരുക്കളും 72 മെത്രാന്മാരും ഒട്ടേറെ വൈദികരും ഡീക്കന്മാരും ആഫ്രിക്കയിൽത്തന്നെ ഉണ്ടായിരുന്നെന്നു കാണുന്നു. സഭയും രാഷ്ട്രവും ഒന്നിച്ചെതിർക്കു

കയാൽ നാലാംനൂററാണ്ടിൻെറ അന്ത്യത്തോടുകൂടി മനിക്യയിസം അപ്രത്യക്ഷമായി, പുതിയ തലക്കെട്ടിൽ പതിമൂന്നാംനൂററാണ്ടിൽ പ്രത്യക്ഷപ്പെടുവാനായി.

## നൊവേഷ്യൻസ് (Novatians)

വേദഞെരുക്കകാലത്തു വിശ്വാസം ത്യജിച്ചവരെ സഭയിൽ സ്വീകരിക്കുന്ന കാര്യത്തിൽ കാത്തേജിലേ മെത്രാനായിരുന്ന സിപ്രിയൻ കാണിച്ച സൗമ്യമന:സ്ഥിതിയിൽ അതൃപ്തരായി നൊവാററസ് എന്ന വൈദികൻെറ നേതൃത്വത്തിൽ കുറച്ചുപേർ സഭയിൽനിന്നു പിരിഞ്ഞുപോയി. ഇതേ സമയത്തു പാപ്പായാകുവാനുള്ള പരിശ്രമത്തിൽ പരാജിതനാകയാൽ എതിർ പാപ്പായായി രംഗപ്രവേശംചെയ്തു, നൊവേഷ്യൻ എന്ന കഴിവുററ ഒരു വൈദികൻ. അദ്ദേഹവും അനുയായികളും നൊവാററസിനോടും കൂട്ടരോടുംകൂടി ചേർന്നുകൊണ്ടു സഭയിൽ ഒരു വലിയ പിളർപ്പു സൃഷ്ടിക്കുകയായി. സാധിക്കുന്നിടത്തെല്ലാം എതിർ മെത്രാന്മാരെ വാഴിച്ച് അനുയായികളെ നേടുവാൻ നൊവേഷ്യൻ തൻെറ ആജ്ഞാനുവത്തികളെ ക്രൈസ്തവലോകത്തിൻെറ നാനാഭാഗത്തേക്കും അയച്ചു. ഇവർ ഉണ്ടാക്കിയ സഭാവിഭജനം ഏകദേശം രണ്ടു നൂററാണ്ടുകാലം നിലനിന്നതായി കാണുന്നു.

## അഡോപ്ഷനിസ്ററും മററും

ക്രിസ്തു യഥാത്ഥത്തിൽ ദൈവമല്ലെന്നും ദൈവത്തിൻെറ ദത്തുപുത്രൻമാത്രമാണെന്നും വാദിച്ച അഡോപ്ഷനിസ്റ്റുകളും, പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്നി

ങ്ങനെ ദൈവത്തിൽ മൂന്നു വ്യക്തികളില്ലെന്നും ഇവ മൂന്നും ദൈവം തന്നെത്തന്നെ മനുഷ്യർക്കു വെളിപ്പെടുത്തി ക്കൊടുത്ത മൂന്നു വിധങ്ങളാണെന്നും വാദിച്ച സബല്ല്യനിസക്കാരും, ക്രിസ്തുനാഥൻെറ രൂപത്തിൽ മനുഷ്യനുവേണ്ടി സഹിച്ചതും മരിച്ചതും പിതാവായ ദൈവംതന്നെയാണെന്നു ശഠിച്ച പാത്രിപാസിയെസുമെല്ലാം സഭാതലത്തിൽ വലിയ ഒച്ചപ്പാടുകളും ബഹളങ്ങളും ഉണ്ടാക്കിയെന്നല്ലാതെ പറയത്തക്ക വിഭജനമൊന്നും സൃഷ്ടിച്ചില്ല. വിശ്വാസത്യാഗികളുടെ സഭാപ്രവേശനത്തെത്തുടർന്നു് അവർ സ്വീകരിച്ചിരുന്ന കൂദാശകളുടെ വാസ്തവികതയെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസം റോമിനേയും ആഫ്രിക്കൻസഭയേയും വിഭജനത്തിൻെറ വക്കുവരെ എത്തിച്ചതാണു്. തൽസമയത്തു് പെട്ടെന്നുണ്ടായ വേദഞെരുക്കമാണു് ഇരുസഭകളേയും വാദകോലാഹലത്തിൽനിന്നു മാററി നിറുത്തിയതു്.

**ഡൊണാററിസം (Donatism)**

311-ൽ കാർത്തേജിൻെറ മെത്രാനായി സിസിലിയൻ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ വിരോധികളെല്ലാം ചേർന്നു് ഡൊണാററസു എന്ന വൈദികൻെറ നേതൃത്വത്തിൽ രൂപംകൊടുത്ത പാഷണ്ഡതയ്ക്കാണു ഡൊണററിസം എന്നു പറയുന്നതു്. സിസിലിയനു മെത്രാൻപട്ടം നല്കിയ ഫെലിക്സ് മെത്രാൻ വിശ്വാസത്യാഗിയാണെന്നും അദ്ദേഹം നല്കിയ പട്ടം വാസ്തവമല്ലെന്നും വാദിച്ചുകൊണ്ടാണു് ഇവർ

ഷ്ഠിദ്രം ആരംഭിച്ചതു്. സ്വന്തമായി ഇവർ മെത്രാന്മാരെ വാഴിക്കുവാനും വൈദികപട്ടം കൊടുക്കുവാനും തുട ങ്ങി. രക്തസാക്ഷികളുടെ പരിശുദ്ധ സഭയെന്നു് ഇവർ തങ്ങളെത്തന്നെ സംബോധനചെയ്തു. 336-ൽ ഇവർ ത ങ്ങളുടേതായി ഒരു സിനഡു് കൂടിയപ്പോൾ അതിൽ സം ബന്ധിക്കുവാൻ 270 മെത്രാന്മാർതന്നെ ഉണ്ടായിരുന്നെ ന്നു വരുമ്പോൾ ഇവർ സൃഷ്ടിച്ച ഭിന്നത എത്രമാത്രം വലുതായിരുന്നെന്നു് ഊഹിക്കാമല്ലോ! വി. അഗസ്തീ നോസിൻെറ പ്രസംഗങ്ങളും ഗ്രന്ഥങ്ങളുമാണു് ഇവരു ടെ സഭയെ ക്ഷയിപ്പിച്ചതു്.

### ആരിയനിസം (Arianism)

ലിബിയൻസ്വദേശിയായ ആരിയൂസ് അന്ത്യോ ക്യായിൽ പഠിച്ചു് അലക്സാൺഡ്രിയായിൽ പ്രേഷി തപ്രവർത്തനം ആരംഭിച്ചു. ഏ. ഡി. 315-നുശേഷം അ ദ്ദേഹം തൻെറ പുതിയ തത്വങ്ങൾ സുധീരം പ്രസംഗി ക്കുവാനും അനുയായികളെ നേടുവാനും തുടങ്ങി. വചനം ദൈവത്തിൻെറ ഒരു സൃഷ്ടിമാത്രമാണെന്നും വചനത്തി ൻെറ മഹത്വത്താൽ വചനത്തെ ദൈവം പുത്രനായി ദത്തെടുത്തതാണെന്നുംമററും ക്രിസ്തുവിനെപ്പററി പഠി പ്പിച്ചുകൊണ്ടുള്ള ആരിയൂസിൻെറ നീക്കത്തെ 318-ൽ അലക്സാൺഡ്രിയായിൽ സമ്മേളിച്ച 100 ആഫ്രി ക്കൻ മെത്രാന്മാർ ശപിച്ചു പുറംതള്ളി. ഇതോടുകൂടി സഭാഭ്രഷ്ടരാക്കപ്പെട്ട ആരിയൂസും അദ്ദേഹത്തിൻെറ അ നുയായികളായ രണ്ടു മെത്രാന്മാരും ആറു വൈദികരും ആറു ഡീക്കന്മാരും ഒട്ടേറെ അല്മായരും സ്വതന്ത്രമാ

യി പ്രവൎത്തിക്കുവാനും പ്രസംഗിക്കുവാനും ആരംഭിച്ചു. ഫലമോ, ഏറെത്താമസിയാതെ സഭയുടെ ഏറിയഭാഗവും കീഴടക്കിക്കൊണ്ടു് അന്നുവരെ ഉണ്ടായിട്ടുള്ളതിൽ ഏററവും വലിയ വിഭജനത്തിന്നു അവർ ജന്മംകൊടുത്തു. ഒന്നാം നിക്യാസൂനഹദോസിനുശേഷം ചക്രവൎത്തി ഇവരെ അങ്ങേയററം പീഡിപ്പിച്ചെങ്കിലും നഷ്ടപ്പെട്ട മെത്രാസനങ്ങൾ അതിവേഗത്തിൽ കയ്യടക്കാൻ അവൎക്കു കഴിഞ്ഞു. കോൺസ്റ്റാൻസിയസ്സ് ചക്രവൎത്തിയായതോടുകൂടി ആരിയനിസം അങ്ങേയററം വളരുകയും രാജ്യത്തിന്റെ മതമായി പ്രഖ്യാപിതമാകുമോ എന്നു സംശയിക്കപ്പെടുമാറു പ്രതാപത്തിൽ എത്തുകയും ചെയ്തു. 361-ൽ കോൺസ്റ്റാൻസിയസ്സ് ചക്രവൎത്തിയുടെ മരണത്തോടുകൂടിയാണു് ആരിയനിസം തളരുവാൻ തുടങ്ങിയതു്. അവസാനം, മഹാനായ തിയഡോഷ്യസ്സ് ചക്രവൎത്തി ആരിയനിസത്തിന്റെ കുഴിമാടവും തുറന്നു. പടിഞ്ഞാറു് അപരിഷ്കൃതരുടെ ഇടയിൽ കടന്നുകൂടി ജീവിക്കുവാൻ ശ്രമിച്ചെങ്കിലും ആരിയനിസം വീണ്ടും ജീവിക്കുകയുണ്ടായില്ലെന്നു വ്യക്തമാണു്.

**അപ്പൊള്ളിനാരിയനിസം**

ഏ. ഡി. 352-നു ശേഷമാണു ലാവോഡിച്ചിയായിലെ മെത്രാനായിരുന്ന അപ്പൊള്ളിനാരിയൂസ്സ് തന്റെ നൂതനസിദ്ധാന്തങ്ങൾ പ്രസംഗിച്ചു തുടങ്ങിയതു്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ക്രിസ്തു മനുഷ്യനേയല്ല; അവിടുന്നു ദൈവംമാത്രമാണു്. കാരണം, മനുഷ്യനി

ല്യുള്ള ബൌദ്ധികാത്മാവു ക്രിസ്തുവിൽ ഇല്ല; തൽസ്ഥാനത്തു ക്രിസ്തുവിലുള്ളതു ദൈവവചനമാണു്. ഈ അബദ്ധസിദ്ധാന്തങ്ങളെ ശപിച്ചുതള്ളുവാനും സത്യസഭയെ ഇവയിൽനിന്നു രക്ഷിക്കുവാനും ആദ്യം മുന്നോട്ടു വന്നതു് അലക്സാൺഡ്രിയായിലേ മെത്രാനായിരുന്ന അത്താനാസിയൂസാണു് (362-ൽ). പാപ്പായും ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസുമെല്ലാം ശപിച്ചിട്ടും അപ്പൊള്ളിനാരിയനിസം അവസാനിച്ചില്ല. സഭാഭ്രഷ്ടരാക്കപ്പെട്ട ഇവർ ഒരു പ്രത്യേക സമൂഹമായി തുടരുവാൻ അഭിലഷിച്ചു; മാത്രമല്ല, തങ്ങളുടെ തത്വങ്ങൾ പ്രചരിപ്പിക്കുവാനും കൂടുതൽ അനുയായികളെ നേടുവാനും തുടങ്ങി, അവർ. അവസാനം, ഏ. ഡി. 388-ൽ തിയഡോഷ്യസ് ചക്രവത്തി ഇവരെയെല്ലാം നാടുകടത്തിയതോടുകൂടി തല്ക്കാലം അപ്പൊള്ളിനാരിയനിസം തിരോധാനംചെയ്തു, പിൽക്കാലത്തു് മോണോഫിസിററിസമായി ഉദയം ചെയ്യുവാൻ.

### മാസിഡോണിയനിസം

ഏ. ഡി. 359-നു മുമ്പുതന്നെ, കോൺസ്റ്റാൻറിനോപ്പിളിലേ മെത്രാനായിരുന്ന മാസിഡോണിയസ് പരിശുദ്ധാത്മാവു് ഒരു മാലാഖയാണെന്നും ദൈവത്തിൻെറ ഒരത്യുന്നത സൃഷ്ടിമാത്രമാണെന്നും മററുമുള്ള തൻെറ ആശയങ്ങൾ പ്രചരിപ്പിച്ചു തുടങ്ങിയിരുന്നു. അത്തനേഷ്യസും ലിബേരിയസുപാപ്പായും ബെയിസിലും ഗ്രിഗരി നസിയാൻസനും ഒന്നാം കോൺസ്റ്റാൻറിനോ

പ്പിറം സൂനഹദോസും ആവുന്നത്ര ശ്രമിച്ചിട്ടും മാസിഡോണിയനിസത്തെ തകർക്കാൻ സാധിച്ചില്ല. ചക്രവത്തിയുടെ ഇടപെടൽ ഇതിനെ ദുർബലപ്പെടുത്തി, അവസാനം, അപ്രത്യക്ഷമാക്കി.

## പ്രിസില്ലിയനിസം

അതിരു കടന്ന ആത്മീയപ്രബുദ്ധതയുടെ ഫലമായാണു പ്രിസില്ലിയനിസം സംജാതമായതു്. സഭ ആദ്ധ്യാത്മികമായി അധഃപതിച്ചുപോയെന്ന ധാരണയിൽ കൂടുതൽ ആധ്യാത്മികമായി ജീവിക്കുവാൻ മുന്നോട്ടുവന്ന ഒരു കൂട്ടം സ്പെയിൻകാരാണു് ഇതിൻെറ ജനയിതാക്കൾ. പ്രസംഗപാടവവും ചിന്താശക്തിയുമുണ്ടായിരുന്ന പ്രിസില്ലിയൻ ഇതിൻെറ നേതാവായതോടേ നിഗ്രഹങ്ങളായ ആരാധനക്രമങ്ങളോട്ടും ജീവിതരീതികളോട്ടുംകൂടി ഈ സമൂഹം വളരുവാൻതുടങ്ങി. തൽഫലമായി ഇവർക്കു സ്ഥലത്തെ മെത്രാനുമായി ഇടറേണ്ടതായിവരുകയും 380-ൽ സാർഗോസായിൽ ചേർന്ന സിനഡു് ഇവരെ ശപിച്ചു പുറംതള്ളുകയും ചെയ്തു. സിനഡിൻെറ ഈ പ്രവൃത്തിയിൽ കുപിതരായ ഇക്കൂട്ടർ പ്രിസില്ലിയനെത്തന്നെ ആവിലായുടെ മെത്രാനായി നിയമിക്കുകയും സ്പെയിനിൻെറ വടക്കു പടിഞ്ഞാറെഭാഗത്തുള്ള പല മെത്രാസനങ്ങളും പിടിച്ചെടുത്തു സ്വന്തം മെത്രാന്മാരെ അവിടങ്ങളിൽ വാഴിക്കുവാൻ ആരംഭിക്കുകയുംചെയ്തു. അവസാനം, മന്ത്രവാദക്കുററം ചുമത്തി മാക്സ്മില്ലിയൻ ചക്രവത്തി ഇവരിൽ പലരേയും കൊല്ലു

കയും നാടുകടത്തുകയും ചെയ്തതോടേ പ്രിസില്ലിയൻ സഭ നശിക്കുവാൻ തുടങ്ങി.

## പെലാജിയനിസം

ആധ്യാത്മികോപദേഷ്ടാവെന്ന നിലയിൽ റോമിൽ പ്രസിദ്ധനായിരുന്ന ഒരു ബ്രിട്ടീഷുകാരൻ സന്യാസിയായിരുന്നു പെലാജിയൂസ്. ദൈവം ആവശ്യപ്പെടുന്നതെല്ലാം മനുഷ്യനു തന്നത്താൻ ചെയ്യാൻ സാധിക്കുമെന്നും ആദത്തിന്റെ പാപം ഒരു ചീത്ത മാതൃകയെന്നതിൽ കവിഞ്ഞു മററുള്ളവരെ ഒരുവിധത്തിലുംബാധിച്ചിട്ടില്ലെന്നും മററുമുള്ള തന്റെ തത്വങ്ങൾ പെലാജിയൂസ് 410 ആയപ്പോഴേക്കും ആഫ്രിക്കയിലെത്തി പ്രചരിപ്പിക്കുവാൻ തുടങ്ങി. അവിടെ വി. അഗസ്തീനോസിനെ നേരിടാൻ സാധിക്കാതിരുന്നിട്ടോ എന്തോ അധികം താമസിയാതെ പെലാജിയൂസ് ജറുസലേമിലേക്കുപോവുകയും തന്റെ ആശയങ്ങൾ അവിടെ പ്രചരിപ്പിക്കുവാൻ ആരംഭിക്കുകയുംചെയ്തു. അദ്ദേഹത്തിന്റെ സഹചാരി, സെലസ്റ്റിയൂസ്, ആഫ്രിക്കയിലേ ജോലി തുടർന്നുകൊണ്ടിരുന്നു. ഏറെത്താമസിയാതെ പെലാജിയൂസിനു ഒരു നല്ല ഗണം അനുയായികളെ ലഭിച്ചു. പല ആഫ്റിക്കൻ സിനഡുകളും, അവസാനം സോസിമൂസുപാപ്പായും ഇവരെ ശപിച്ചെങ്കിലും പാപ്പായെ ധിക്കരിച്ചുകൊണ്ടു പെലാജിയനിസത്തിൽ അടിയുറച്ചു നില്ക്കുവാൻ പതിനെട്ടു മെത്രാന്മാർ മുതിർന്നു. പക്ഷേ, ഇവർ സൃഷ്ടിച്ച സഭാവിഭജനം അധികനാൾ നീണ്ടുനിന്നില്ല. പലരും

നാട്ടുകടത്തപ്പെട്ടതോടുകൂടി പെലാജിയനിസം അവസാനിച്ചെന്നു പറയാം.

**നെസ്തോറിയനിസം**

ഒമ്പതാംനൂററാണ്ടുവരെ സഭാതലത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള നിരവധി ഭിന്നതകളിൽ ഇന്നും നിലനില്ക്കുന്ന രണ്ടെണ്ണത്തിൽ ഒന്നാണു നെസ്തോറിയനിസം അപ്പൊളിനാരിയൻ ആശയങ്ങളെ അതിശക്തിയായി അപലപിച്ചവരും അന്ത്യോക്യൻ സ്കൂളിന്റെ അധിപന്മമായിരുന്ന താർസസിലേ തിയദോറും മോപ്സുവെസ്തിയായിലേ തിയഡൊറെറവും പഠിപ്പിച്ചു, ക്രിസ്തുവിൽ പരിപൂർണ്ണമായ മനുഷ്യസ്വഭാവവും പരിപൂർണ്ണമായ ദൈവസ്വഭാവവുമുള്ളതിനാൽ രണ്ടു വ്യക്തികളുണ്ടാവാതിരിപ്പാൻ സാദ്ധ്യമല്ലെന്നു്. കോൺസ്റ്റാൻറിനോപ്പിളിലേ മെത്രാനായിരുന്ന നെസ്തോറിയസ് തന്റെ ഗുരുക്കളുടെ ഈ തത്വത്തെ പ്രസംഗിച്ചുപരത്തുവാൻ ആരംഭിച്ചു. പരിശുദ്ധ കന്യകാമറിയം ദൈവമാതാവല്ലെന്നു പ്രസംഗിച്ച അനസ്താസിയൂസ് എന്ന വൈദികനെ അനുമോദിച്ചുകൊണ്ടാണു നെസ്തോറിയസ് തന്റെ പ്രസംഗപരമ്പര ആരംഭിച്ചതു്. അലക്സാൺഡ്രിയായിലേ പാത്രിയാർക്കീസായിരുന്ന വി. സിറിൽ ഈ അബദ്ധത്തെ എതിർക്കുകയും അതു പഠിപ്പിക്കരുതെന്നു നെസ്തോറിയസിനെ വിലക്കുകയുംചെയ്തു. തുടർന്നു നടന്ന ബഹളത്തിൽ കിഴക്കൻസഭ രണ്ടായി പിളർന്നു. മെത്രാന്മാർ ഓരോ പാത്രിയാ

ക്രിസ്തുമാരുടെ പക്ഷം ചേരുവാനും എതിർപക്ഷക്കാരെ മഹറോൻ ചൊല്ലുവാനും തുനിഞ്ഞു. മാർപ്പാപ്പായും ചക്രവർത്തിയുമിടപെട്ട സഭയിൽ സമാധാനവും ഐക്യവും നിലനിർത്തുവാൻ ശ്രമിച്ചതിൻെറ ഫലമാണ 431-ൽ സമ്മേളിച്ച എഫേസൂസ് സൂനഹദോസ്. പക്ഷേ, എഫേസൂസ് അനൈക്യത്തെ അരക്കിട്ടുറപ്പിക്കുവാനല്ലാതെ നെസ്തോറിയനിസത്തിൻെറ ശക്തി കുറക്കുവാൻ ഉപകരിച്ചില്ല. തുടർന്നുണ്ടായ ചക്രവർത്തിയുടെ ഇടപെടലിൽ ഇരുകൂട്ടരും വളരെയധികം പീഡനങ്ങൾ സഹിക്കേണ്ടിവന്നു. അവസാനം, നെസ്തോറിയസ് നാടു കടത്തപ്പെട്ടു. അദ്ദേഹത്തിൻെറ അനുയായികളെല്ലാം അങ്ങേയററം അധിക്ഷേപിതരായി, ഞെരുക്കപ്പെട്ടു. എന്നിട്ടും നെസ്തോറിയനിസം അവസാനിച്ചില്ല. എഡേസായിലെ വിജ്ഞാനപീഠത്തിൽ അതു വളരുവാൻ തുടങ്ങി. അവസാനം, എഡേസായുടെ മെത്രാസനം നെസ്തോറിയനിസം കരസ്ഥമാക്കുകയും എഡേസാ കേന്ദ്രമാക്കി സുവിശേഷവേല ആരംഭിക്കുകയും ചെയ്തു. നെസ്തോറിയൻ മിഷനറിമാർ അവരുടെ അബദ്ധപഠനങ്ങൾ ഇൻഡ്യയിലും ചൈനയിലുമെല്ലാം എത്തിച്ചതായി തെളിവുകളുണ്ടു്. 85000-ത്തിലേറെ വിശ്വാസികൾ ഇന്നും നെസ്തോറിയനിസത്തിൽ കഴിയുകയാണ്. ഇവരുടെ പ്രധാന ആസ്ഥാനങ്ങൾ ഇറാക്കും ഇറാനുമാണ്. തൃശ്ശൂർ കേന്ദ്രമാക്കി ഇവരുടെ ഒരു ഭാഗം പ്രവർത്തിക്കുന്നുണ്ടു്. അവരെ സുറായികൾ എന്നാണു വിളിക്കുന്നതു്.

**മോണോഫിസിററിസം**

നെസ്റ്റോറിയനിസത്തെ സർവ്വശക്തിയുമുപയോഗിച്ചു് എതിർത്തുകൊണ്ടിരുന്ന കോൺസ്റ്റാൻറിനോപ്പിളിലേ സന്യാസാശ്രമാധിപനായിരുന്ന എവുത്തിക്കിയസിനു തോന്നി, നെസ്റ്റോറിയനിസത്തെ നശിപ്പിക്കുവാനുള്ള എളുപ്പമാർഗ്ഗം ക്രിസ്തുവിൽ ഒരു പ്രകൃതിയേയുള്ളൂ എന്നു സമർത്ഥിക്കുകയാണെന്നു്. സമുദ്രത്തിൽ വീഴുന്ന പാൽത്തുള്ളിപോലെ ക്രിസ്തുവിൻെറ ദൈവസ്വഭാവത്തിൽ വീഴാനിടയായ മനുഷ്യസ്വഭാവം അലിഞ്ഞു് അപ്രത്യക്ഷമായത്രേ. സന്യാസികളുടെ സഹായത്തോടേ ഈ തത്വം പ്രചരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സൈറസിലെ തിയഡൊറെററാണു് ആദ്യമായി ഈ അബദ്ധത്തിനെതിരായി വിരൽ ചൂണ്ടിയതു്. അദ്ദേഹത്തെ അനുകൂലിക്കുവാനും സഹായിക്കുവാനുമായി എഡെസായിലെ മെത്രാൻ ഈബസും അന്ത്യോകൃായിലെ പാത്രിയാർക്കീസു് ഡാമ്നസും മുന്നോട്ടുവന്നതോടേ രംഗം ചൂടുപിടിച്ചുതുടങ്ങി. അലക്സാൺട്രിയായിലെ പാത്രിയാർക്കീസായിരുന്ന ദിയസ്കൊറസു് തൻെറ മെത്രാന്മാരും വൈദികരും വിശ്വാസികളുമടക്കം ഏകസ്വഭാവവാദം സ്വീകരിക്കുകയും എവുത്തക്കിയസിൻെറ സംരക്ഷണയ്ക്കായി എത്തുകയും ചെയ്തപ്പോൾ രംഗം ആകെ വഷളായി. വിവാദവിഷയം ചർച്ചചെയ്തു ഐക്യം നിലനിത്തുവാൻ എഫേസൂസിൽ 449-ൽ സമ്മേളിച്ച സൂനഹദോസിൽ ദിയസ്കോറസാണു് ആധ്യക്ഷം വഹിച്ചതു്. രാജാവിൻെറ പട്ടാളവും എവു

ത്തിക്കിയസിൻെറ സന്യാസികളും സന്നിഹിതരായിരുന്നതിനാൽ ദിയസ്കോറസിന്ന് ആവശ്യകമായി തോന്നിയതെല്ലാം പാസാക്കിയെടുക്കുന്നതിന്ന യാതൊരു വിഷമവും നേരിട്ടില്ല. എതിരാളികളെയെല്ലാം നെസ്തോറിയനിസ്റ്റുകളായി ശപിച്ചു തള്ളി. വിവരമെല്ലാം ശരിക്കു ഗ്രഹിച്ച ലീയോ മാർപ്പാപ്പാ, രാജ്ഞി പുൾക്കേറിയായ്ക്കു് എഴുതുകയും തൽഫലമായി 451-ൽ കാൽസിഡോൺ സൂനഹദോസ് സമ്മേളിക്കുകയുംചെയ്തു. ദിയസ്കോറസിനെ സ്ഥാനഭ്രഷ്ടനാക്കുകയും എഫേസൂസ് സിനഡിനെ "തസ്കരസിനഡ്"ന്നു് വിശേഷിപ്പിക്കുകയും ലിയോ മാർപ്പാപ്പായുടെ വിശ്വാസപരമായ ലേഖനം (Tome of Leo) വായിക്കുകയും "ലീയോയിലൂടെ പത്രോസ് സംസാരിക്കുന്നു" എന്നു പറഞ്ഞു് അതിലെ തത്വങ്ങൾ അംഗീകരിക്കുകയുംചെയ്തു, കാൽദിഡോൺ കൗൺസിൽ. പക്ഷേ, ഇതുകൊണ്ടൊന്നും ഏകസ്വഭാവവാദികൾ കുലുങ്ങിയില്ല. അവർ സാർവ്വത്രികസഭയിൽനിന്നു വിഭിന്നരായി ജീവിക്കുവാൻ തുടങ്ങി. പിന്നീടുള്ള ഏതാനും നൂററാണ്ടുകൾ പുനരൈക്യത്തിനായുള്ള നിരവധി പ്രവത്തനങ്ങളുടെ കാലഘട്ടമാണു്. പക്ഷേ, ഇന്നും മോണോഫിസിററിസം വരുത്തിവച്ച സഭാവിഭജനം തുടരുകയാണു്: അർമേനിയായിലും അന്ത്യോക്യായിലും ജെറുസലേത്തുമായി ഇന്നു് എട്ടുകോടിയിലേറെ വിശ്വാസികളുണ്ടു്, ഇവർക്കു്. ഇവരുടെ ഇടയ്ക്കും ഇന്നു വലിയ തീക്ഷ്ണതയോ വിശ്വാസചൈതന്യമോ കാണുന്നില്ല.

**അക്കേഷ്യൻസിസം:** (Acacian Schism)

ഏകസ്വഭാവവാദത്തേയും ഇരുവ്യക്തിവാദത്തേയും ഏകോപിപ്പിച്ച് സഭൈക്യം വീണ്ടെടുക്കുവാനുള്ള പരിശ്രമത്തിലാണു കോൺസ്റ്റാൻറിനോപ്പിൾ പാത്രിയാർക്കീസായിരുന്ന അക്കേഷ്യസ് "ഹെനറ്റിക്കോൺ" (Henoticon) എന്ന പുതിയ ഫോർമുലാ ഉണ്ടാക്കിയത്. ഈ ഫോർമുലായിൽ തത്വപരമായി അബദ്ധങ്ങളൊന്നും ഇല്ലായിരുന്നെങ്കിലും വിശ്വാസസത്യങ്ങൾ മുഴുവൻ ഉൾക്കൊള്ളിച്ചിരുന്നില്ല. കാൽസിഡോൺകൗൺസിലിനേയും അവിടെ രൂപംകൊണ്ട വിശ്വാസസത്യങ്ങളേയും സംബന്ധിച്ചിടത്തോളം ഈ പുതിയ ഫോർമുലാ നിശ്ശബ്ദത പാലിക്കുകയാണ്. ഇതിൽ അപ്രീതനായ മാർപ്പാപ്പാ ഫോർമുലായ്ക്കു് അംഗീകാരം നിഷേധിച്ചു. മാത്രമല്ല, അതിൽ അന്തർലീനമായിരുന്ന കാൽസിഡോൺകൗൺസിലിൻെറ അവഹേളനത്തിൻെറ പേരിൽ 482-ൽ അക്കേഷ്യസിനെ പാപ്പാ മഹറോൻ ചൊല്ലി. ഫലമോ, 35 വർഷക്കാലം നീണ്ടുനിന്ന സഭാവിഭജനം. ജസ്റ്റിൻ ചക്രവർത്തി ഒരു പുതിയ ഫോർമുലാ തയ്യാറാക്കി മാർപ്പാപ്പായ്ക്കു് അയക്കുന്നതുവരെ കിഴക്കും പടിഞ്ഞാറും വേർപെട്ടുതന്നെ കഴിഞ്ഞു.

തെയോപാഷ്യനിസം, ഒരിജനിസം, "മൂന്നദ്ധ്യായങ്ങ"ളെക്കുറിച്ചുള്ള വടംവലി മുതലായവ ഒട്ടേറെ ബഹളങ്ങൾ സൃഷ്ടിച്ചതല്ലാതെ കാര്യമായ പിളർപ്പുകൾക്കൊന്നും വഴി തെളിച്ചില്ല. പക്ഷേ, അവയെല്ലാം സഭകൾ

തമ്മിലുള്ള വിടവു വലുതാക്കാൻ ഇടയാക്കിയെന്നതിൽ സംശയമില്ല.

## മോണോതെലിററിസം

610-638 വരെ കോൺസ്റ്റാൻറിനോപ്പിളിൻെറ പാത്രിയാർക്കീസായി വാണിരുന്ന സേർജിയൂസിൻെറ പുതിയ നിഗമനങ്ങളാണ് ഏഴാം നൂററാണ്ടിൽ സഭാവിഭജനത്തിനു കാരണമായത്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ക്രിസ്തുവിൽ രണ്ടു പ്രകൃതികളുണ്ടെങ്കിലും ഒരിച്ഛാശക്തിയും ഒരു പ്രവത്തനവുമേയുള്ളു. അലക്സാൺഡ്രിയായിലെ പാത്രിയാക്കീസായിരുന്ന സൈറസ്, സേർജിയൂസിനോടു യോജിക്കുകയും അദ്ദേഹത്തിൻെറ ഈ പുതിയ തത്വമടിസ്ഥാനമാക്കി അലക്സാൺഡ്രിയായിലെ ഏകസ്വഭാവവാദികളെ മടക്കിക്കൊണ്ടുവരുവാൻ പരിശ്രമിക്കുകയുംചെയ്തു. പക്ഷേ, ജെറൂസലേമിലേ മെത്രാൻ എതിർക്കുവാൻ തുടങ്ങി. എതിർത്ത സകലരേയും നയത്തിൽ കബളിപ്പിച്ച സേർജിയൂസ് തൻെറ ആശയം പോപ്പിനെക്കൊണ്ടുപോലും സമ്മതിപ്പിച്ചു. പക്ഷേ, മാർട്ടിൻ ഒന്നാമൻ പാപ്പാ 649-ൽ ഒരു റോമൻ സിനഡിൽവച്ചു സേർജിയൂസിൻെറ അബദ്ധങ്ങളെ ശപിച്ചു. കുപിതനായ ചക്രവത്തി അദ്ദേഹത്തെ അറസ്ററുചെയ്തു നാടുകടത്തി. അടുത്ത പാപ്പായും ചക്രവത്തിയുംചേർന്ന് ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. ആ സൂനഹദോസ് സേർജിയൂസിൻെറ സിദ്ധാന്തത്തെ ശപിച്ചു. ഇതെല്ലാമായിട്ടും മോണോതെലിററി

സം ലെബനോനിലെ മാറൊനൈററ്സിൻെറ ഇടയിൽ 15-ാം നൂററാണ്ടുവരെ നിലനിന്നു. 15-ാംനൂററാണ്ടിൽമാത്രമാണ് അവരെല്ലാം സഭയിലേക്കു തിരിച്ചുവന്നതു്.

**പ്രതിമാഭഞ്ജനം**

സഭാപരിഷ്കരണത്തിനു ചക്രവത്തിമാർ നടത്തിയ പരിശ്രമങ്ങളുടെ ഫലമായാണു സഭയെ അങ്ങേയററം പീഡിപ്പിച്ച "പ്രതിമാഭഞ്ജനം" പൊട്ടിപ്പുറപ്പെട്ടതു്. ക്രിസ്ത്യാനികൾ വിഗ്രഹാരാധകരാണെന്ന മുഹമ്മദീയ ആരോപണം ഇല്ലാതാക്കുവാൻ പ്രതിമകളെ പൊതുസ്ഥലങ്ങളിൽനിന്നു നീക്കം ചെയ്യുവാൻ 726-ൽ ലിയോ ചക്രവത്തി കല്പനയിറക്കി. സന്യാസികളുടെ നേതൃത്വത്തിൽ ജനങ്ങൾ ഈ കല്പനയെ അവഗണിക്കുവാൻ തയ്യാറായി. ഫലമോ, അതിക്രൂരമായ പീഡനങ്ങൾ. ലിയോയുടെ ഇത്തരം പ്രവൃത്തികളിൽ കുണ്ഠിതപ്പെട്ടുകൊണ്ടു മാർപ്പാപ്പാ എഴുതി. പക്ഷേ, ലിയോ ഒരു പടികൂടെ കടന്നു പ്രതിമകൾ നശിപ്പിക്കുവാൻ കല്പനയിട്ടു. 753-ൽ കോൺസ്റ്റാൻറയിൻ ചക്രവത്തി ഗ്രീക്കുമെത്രാന്മാരുടെ ഒരു സമ്മേളനം ഹേരിയായിലെ തൻെറ കൊട്ടാരത്തിൽ വിളിച്ചുകൂട്ടി, പ്രതിമാപ്രശ്നം ചർച്ചചെയ്യുവാൻ. തിരുസഭാനുപവണക്കത്തെ എതിർത്തിരുന്ന എഫേസൂസിലെ മെത്രാനായിരുന്നു സമ്മേളനത്തിൻെറ അദ്ധ്യക്ഷൻ. ഏഴുമാസം നീണ്ടുനിന്ന ഈ സമ്മേളനം പ്രതിമാഭഞ്ജനത്തെ സർവ്വത്ര അനുകൂലിച്ചു. ഐറീൻ ചക്രവത്തിനി പ്രശ്നം വീണ്ടും ചർച്ചചെയ്യു

ന്നതിന്ന രാജധാനിയിൽ ഒരു സിനഡു് വിളിച്ചുകൂട്ടി യെങ്കിലും പ്രതിമാഭഞ്ജനക്കാരുടെ വിപ്ലവത്താൽ അവിടെ സിനഡു് നടന്നില്ല. സിനഡു് നിക്യായിലേക്കു മാററപ്പെട്ടു. തിരുസ്വരൂപവണക്കത്തിനെതിരായി എഴുതുകയോ പഠിപ്പിക്കുകയോ പ്രവൎത്തിക്കുകയോ ചെയ്തവരെയെല്ലാം ഈ സിനഡു് മഹറോൻ ചൊല്ലി. പക്ഷേ, ഇതുകൊണ്ടു പാഷണ്ഡത അവസാനിച്ചൊന്നുമില്ല. 813–ൽ അധികാരത്തിൽവന്ന ലിയോ അഞ്ചാമൻ ചക്രവൎത്തി പാഷണ്ഡതയെ അനുകൂലിക്കുകയും പാഷണ്ഡൎക്കു സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവാദം നല്കുകയുംചെയ്തു. 842–ൽ അധികാരത്തിലെത്തിയ തിയഡോറാ ചക്രവൎത്തിനിയുടെ നിരന്തരമായ പ്രവൎത്തനംകൊണ്ടാണു് ഈ പാഷണ്ഡത അപ്രത്യക്ഷമായതു്.

## 2 ഒമ്പതാംനൂററാണ്ടിനുശേഷം

### ഫോസിയൂസിൻെറസിസം

ഏ. ഡി. 847–ൽ കോൺസ്റ്റാൻറിനോപ്പിളിൻെറ പാത്രിയാർക്കീസായി തിരഞ്ഞെടുക്കപ്പെട്ട ഇഗ്നേഷ്യസ്, ചക്രവൎത്തിയുടെ അമ്മാവനായിരുന്ന ചേസാർ ബാർദായുമായി പിണക്കത്തിലായിരുന്നു. പരസ്യമായി അസാന്മാൎഗ്ഗികജീവിതം നയിച്ചിരുന്ന ബാർദായ്ക്കു പാത്രിയാർക്കീസ് കൂദാശകൾ നിരോധിച്ചു. കുപിതനായ ബാർദാ സന്ദർഭം ലഭിച്ചപ്പോൾ, ഏ. ഡി.

858-ൽ, പാത്രിയാർക്കീസിനെ സ്ഥാനഭ്രഷ്ടനാക്കുകയും ഫോസിയൂസ് എന്ന അൽമായനെ തൽസ്ഥാനത്തു നിയമിക്കുകയുംചെയ്തു. അഞ്ചുദിവസംകൊണ്ടു് എല്ലാ പട്ടങ്ങളും സ്വീകരിച്ചു ഫോസിയൂസ് പാത്രിയാർക്കീസായി. ഫലമോ, ഗ്രീക്കുസഭതന്നെ രണ്ടായി വിഭജിക്കപ്പെട്ടു. വിശ്വാസികൾ ഇഗ്നേഷ്യസിൻേറയും ഫോസിയൂസിൻേറയും പക്ഷക്കാരായി അന്യോന്യം മഹറോൻ ചൊല്ലുവാൻ തുടങ്ങി. ഇഗ്നേഷ്യസിൻെറ സാമന്തമെത്രാന്മാർ ഒരു പ്രാദേശികസൂനഹദോസുകൂടി ഫോസിയൂസിനെ സ്ഥാനഭ്രഷ്ടനാക്കി. ഫോസിയൂസും ഒരു സിനഡും വിളിച്ചുകൂട്ടി ഇഗ്നേഷ്യസിനേയും അനുയായികളേയും സഭാഭ്രഷ്ടരാക്കി. ഇതേത്തുടർന്നു് ഇഗ്നേഷ്യസിൻെറ അനുയായികൾ, ഒന്നിനു പുറകേ ഒന്നായി നാടുകടത്തപ്പെട്ടു. സംഗതികളുടെ ശരിയായ വശം ഗ്രഹിക്കുവാൻ മാർപ്പാപ്പാ കോൺസ്റ്റാൻറിനോപ്പിളിലേക്കു് അയച്ച പ്രതിനിധികളെപ്പോലും ഫോസിയൂസ് വശത്താക്കി. പക്ഷേ, സത്യം ശരിക്കും ഗ്രഹിച്ച പാപ്പാ തൻെറ പ്രതിനിധികളെ സ്ഥാനഭ്രഷ്ടരാക്കുകയും ഇഗ്നേഷ്യസിനു സ്ഥാനം ഒഴിഞ്ഞുകൊടുക്കാതിരുന്നാൽ മഹറോൻശിക്ഷയ്ക്കു വിധേയനാകുമെന്നു ഫോസിയൂസിനെ അറിയിക്കുകയുംചെയ്തു. ചക്രവത്തിയുടെ പിൻബലമുണ്ടായിരുന്നതിനാൽ ഫോസിയൂസ് കുലുങ്ങിയില്ല.

ഇത്തരുണത്തിൽ റോമിനെ കുററപ്പെടുത്തുവാനും റോമുമായുണ്ടായിരുന്ന ബന്ധം തകർക്കുവാനും ഫോസിയൂസിനു് ഒരവസരം ലഭിച്ചു. അന്നുവരെ ഗ്രീക്കുകാരുടെ

അധീനതയിലിരുന്ന ബൾഗേറിയൻസഭ റോമിൻെറ മേല്ക്കോയ്മ സ്വീകരിച്ചതാണ് ഈ അവസരം. ഇതിൽ കുപിതനായ ചക്രവത്തിയും ഗ്രീക്കുകാരും ഫോസിയൂസിൻെറ നേതൃത്വത്തിൽ റോമിനെതിരായി ഉയൻ. റോമാസഭ പാഷണ്ഡതയ്ക്കടിപ്പെട്ടു നശിച്ചിരിക്കുന്നെന്നും അവർ വി. കുർബാനയ്ക്കു പുളിക്കാത്ത അപ്പം ഉപയോഗിക്കുന്നതും ശനിയാഴ്ച ഉപവസിക്കുവാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നതും വൈദികരെ വിവാഹം കഴിക്കാൻ അനുവദിക്കാത്തതും അമ്പതുനോമ്പിൻെറ എല്ലാ ദിവസങ്ങളിലും ദിവ്യബലി അർപ്പിക്കുന്നതുമെല്ലാം പാഷണ്ഡതയാണെന്നും വ്യക്തമാക്കിക്കൊണ്ടു ഫോസിയൂസു കിഴക്കൻസഭയിലെ എല്ലാമെത്രാന്മാരേയും ഒരു സൂനഹദോസിലേക്കു ക്ഷണിച്ചു. 867-ൽ സമ്മേളിച്ച ഈസൂനഹദോസ് മാർപ്പാപ്പായെ സ്ഥാനഭ്രഷ്ടനായി പ്രഖ്യാപിച്ചുകൊണ്ടു് ഒരു ഡിക്രിയുണ്ടാക്കി.

പക്ഷേ, അതേകൊല്ലംതന്നെ തലസ്ഥാനത്തു പൊട്ടിപ്പുറപ്പെട്ട ഒരു വിപ്ലവത്തിൽ ചക്രവത്തിയും ബാർദായും വധിക്കപ്പെട്ടുകയും വിപ്ലവനേതാവായിരുന്ന ബയിസിൽ ചക്രവത്തിയായി വാഴിക്കപ്പെട്ടുകയും ചെയ്തു. പുതിയ ചക്രവത്തി ഫോസിയൂസിനെ നിഷ്കാസനം ചെയ്തു് ഇഗ്നേഷ്യസിനെ പുനഃസ്ഥാപിച്ചു. അതോടുകൂടി റോമുമായുള്ള ബന്ധം വീണ്ടും ശരിപ്പെട്ടു. നാലാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് 869-ൽ സമ്മേളിച്ചു് അവ്യക്തമായിരുന്നവയെല്ലാം വ്യക്തമാക്കി സമാധാനം പുനഃസ്ഥാപിച്ചു. എന്നാൽ, നാട്ടുകടത്ത

പ്പെട്ട ഫോസിയൂസ് താമസിയാതെ ചക്രവത്തിയുടേ യും ഇഗ്നേഷ്യസിൻേറയും ഉത്തമ സ്നേഹിതനായിത്തീർ ന്നതിനാൽ തിരിച്ചുവിളിക്കപ്പെട്ടു.

ബൾഗേറിയായിലെ ബോറീസ്‌രാജാവു താൻ ആവശ്യപ്പെട്ട വ്യക്തിയെ മെത്രാപ്പോലീത്തായായി നി യമിച്ചു കിട്ടാഞ്ഞതിൽ പാപ്പായുമായി പിണങ്ങി കോ ൺസ്റ്റാൻറിനോപ്പിളിലേക്കു തിരിഞ്ഞതു് ഈ സമയ ത്താണു്. മാർപ്പാപ്പായുടെ നിർദ്ദേശങ്ങളവഗണിച്ചു് ഇഗ്നേഷ്യസ് പാത്രിയാർക്കീസ് ബൾഗേറിയായിലേ ക്കു ഗ്രീക്കു മിഷനറിമാരെ അയയ്ക്കുകയും പത്തു മെത്രാ ന്മാരെ വാഴിക്കുകയുംചെയ്തു. ഇഗ്നേഷ്യസിൻെറ മരണ ശേഷം വീണ്ടും പാത്രിയാർക്കീസായ ഫോസിയൂസ് ബൾഗേറിയായുടെ ഭരണം മാർപ്പാപ്പായ്ക്കു വിട്ടുകൊടു ത്തു ബന്ധം പുനഃസ്ഥാപിക്കുകയുണ്ടായി. ഈ ബന്ധം 1043വരെ അഭംഗുരം തുടർന്നതായി കാണാം.

**ചെറുളാരിയൂസ്**

ഏ. ഡി. 1043-ൽ കോൺസ്റ്റാൻറിനോപ്പിളി ൻെറ പാത്രിയാർക്കീസായ ചെറുളാരിയൂസ് വലിയ അ ധികാരമോഹിയായിരുന്നെന്നുള്ളതിൽ സംശയമില്ല. ഫോസിയൂസ് ലത്തീൻകാർക്കെതിരായി ഉന്നയിച്ച പാഷണ്ഡതകൾ ശരിയാണെന്നു തോന്നുകയാൽ കോ ൺസ്റ്റാൻറിനോപ്പിളിലെ ലത്തീൻ പള്ളികൾ അടച്ചു പൂട്ടുവാൻ ഇദ്ദേഹം കല്പന പുറപ്പെടുവിച്ചു. അവർ പു ളിക്കാത്ത അപ്പം കുർബാനയ്ക്കു് ഉപയോഗിക്കുന്നു, അ തു പാഷണ്ഡമാണു് എന്നായിരുന്നു കല്പനയിൽ കാര

KOTTAYAM PUBLIC LIBRARY
KOTTAYAM
39127

ണം പറഞ്ഞിരുന്നതു്. അതിനാൽ ഏ. ഡി. 1053-ൽ, അവിടെയുണ്ടായിരുന്ന ലത്തീൻ ദേവാലയങ്ങളെല്ലാം അടച്ചുപൂട്ടപ്പെട്ടു. മാത്രമല്ല, ലത്തീൻ ആശ്രമങ്ങളെല്ലാം അവയുടെ സ്വത്തുക്കളോടുകൂടി കണ്ടുകെട്ടി. ലത്തീൻകാർക്കെതിരായി എഴുതുവാനും പ്രസംഗിക്കുവാനും പ്രാപ്തനായ ബൾഗേറിയായിലെ മെത്രാപ്പോലിത്തായെ രംഗത്തിറക്കി വിഭജനം വലുതാക്കാൻ അദ്ദേഹം ശ്രമിച്ചു തുടങ്ങി. ഗ്രീക്കുകാരുടെ ആക്ഷേപങ്ങൾക്കു് ഉത്തരം നല്കുവാനും അവരുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാനും മാർപ്പാപ്പാ, അന്നത്തെ ഏററവും വലിയ പണ്ഡിതനും പ്രാസംഗികനും ചിന്തകനുമായിരുന്ന സിൽവാകാൻഡിദായിലെ ഹൂബർട്ടിനെ നിയോഗിച്ചു. നിർഭാഗ്യവശാൽ, ഇദ്ദേഹം ആക്ഷേപങ്ങൾക്കു് ഉത്തരം പറയുകമാത്രമല്ല ഗ്രീക്കുകാരുടെ കുററങ്ങളും കുറവുകളും, ഇല്ലാത്തവയും ഉള്ളവയുമെല്ലാം കണ്ടുപിടിച്ചു് അവരെ അധിക്ഷേപിക്കുകൂടി ചെയ്തു.

ചക്രവർത്തിയുടെ ക്ഷണമനുസരിച്ചു മാർപ്പാപ്പാ കോൺസ്റ്റാൻറിനോപ്പിളിലേക്കു് അയച്ച പ്രതിനിധിസംഘത്തിനെതിരായി പാത്രിയാർക്കീസ് പൊതുജനങ്ങളെ ഇളക്കി. അവർക്കു കുർബാന ചൊല്ലുവാനുള്ള സൗകര്യംപോലും പാത്രിയാർക്കീസ് നിഷേധിച്ചു. ഇവയിലെല്ലാം കുപിതനായ ഹൂബർട്ടു് പാത്രിയാർക്കീസിനെ മഹറോൻ ചൊല്ലുകയും അതിൻെറ ഫോർമുലാ ആഘോഷപൂർവ്വം വി. സോഫിയായുടെ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു മടങ്ങുകയും ചെയ്തു. ചെറുലാരിയൂസ് ഉടൻതന്നെ ഒരു സൂനഹ

39127

ദോസ് വിളിച്ചുകൂട്ടുകയും ലത്തീൻകാരെ ഒന്നടങ്കം മഹറോൻചൊല്ലി സഭയ്ക്കു പുറത്താക്കിയതായി പ്രഖ്യാപിക്കുകയുംചെയ്തു. ഇതോടുകൂടി കിഴക്കൻസഭ ഒന്നടങ്കം പടിഞ്ഞാറൻസഭയിൽനിന്നു വിഭജിതമായെന്നു പറയാം. വിഭജിതമായിനില്ക്കുന്ന ഗ്രീക്കുസഭയുടെ ആരംഭം ഇപ്രകാരമായിരുന്നു.

## പീററർ ലിയോണിയുടെ ശീശ്മ

യഹൂദമാതാപിതാക്കളിൽനിന്നു ജനിച്ചുവളർന്ന പീററർ ലയോണി ലിയോ ഒമ്പതാമൻ പാപ്പായുടെ കാലത്തു കത്തോലിക്കസഭയിൽ ചേർന്നു് ഒരു വൈദികനായി. ഇദ്ദേഹത്തിൻെറ പാണ്ഡിത്യത്തിലും കഴിവുകളിലും സംപ്രീതനായ പാസ്കൽ രണ്ടാമൻ പാപ്പാ ഇദ്ദേഹത്തെ കർദ്ദിനാളായി ഉയർത്തി; മാത്രമല്ല, ഇംഗ്ലണ്ടിൻേറയും ഫ്റാൻസിൻേറയും സഭാകാര്യങ്ങളുടെ ചുമതലയും ഇദ്ദേഹത്തെ ഏല്പിച്ചു. പക്ഷേ, ഈ വലിയ സ്ഥാനത്തിരുന്നു ലിയോണി ദുഷിക്കുകയാണു ചെയ്തതു്. ഏറെത്താമസിയാതെ തന്നെ ദുരാഗ്രഹിയായ ലിയോണി പാപ്പായാകുവാൻ ശ്രമം തുടങ്ങി. അദ്ദേഹത്തിൻെറ ഈ ദുരാഗ്രഹത്തിനു മാററുകൂട്ടുമാറു റോമിൻെറ അധികാരം പിടിച്ചെടുക്കുവാൻ അവിടുത്തെ ഏററം വലിയ രണ്ടു കുടുംബങ്ങൾ തമ്മിൽ മത്സരം നടന്നുകൊണ്ടിരിക്കയായിരുന്നു. ഹോണോറിയസ് രണ്ടാമൻപാപ്പാ (1124-1130) മരിച്ചതോടുകൂടി പാപ്പാസ്ഥാന

ത്തേക്കുള്ള മത്സരം തുടങ്ങി. ഫ്റാഞ്ചിപ്പാനികുടുംബ ത്തിൽപ്പെട്ട പതിനാറു കർദ്ദിനാളന്മാർചേർന്ന് ഇന്ന സെൻറ് രണ്ടാമനെ തിരഞ്ഞെടുക്കുകയും പാപ്പായായി വാഴിക്കുകയുംചെയ്തു. ഏതാനും മണിക്കൂറുകൾക്കുശേഷം പിയർ ലിയോണികുടുംബത്തിൽപ്പെട്ട 24 കർദ്ദിനാള ന്മാർചേർന്നു പീററർ ലിയോണിയെ പാപ്പായായി തി രഞ്ഞെടുത്തു് അന്നാക്ലിററസ് രണ്ടാമനെന്ന പേരിൽ പാപ്പാസ്ഥാനത്തു വാഴിച്ചു. അന്നാക്ലിററസിൻെറ പണ ത്തിനു പിന്നിൽ റോമാനഗരം മുഴുവൻ അദ്ദേഹത്തെ പിൻതാങ്ങുകയുണ്ടായി. ഇന്നസെൻറിനു ഫ്റാൻസി ലേക്കു് ഓടി രക്ഷപ്പെടേണ്ടിവന്നു. അവിടെ, വി. ബർ ണാർദിൻേറയും മററു സന്യാസികളുടേയും സംരക്ഷണ ത്തിൽ ഇന്നസെൻറ് താനാണു യഥാർത്ഥ പാപ്പായെ ന്നു ക്രൈസ്തവലോകത്തെ ധരിപ്പിക്കുവാൻ തുടങ്ങി. വി. ബർണാർദിൻേറയും വി. നോർബർട്ടിൻേറയും നിരന്തര പരിശ്രമഫലമായി ഫ്റാൻസും ജർമ്മനിയും ഇംഗ്ലണ്ടും ഇന്നസെൻറിനെ യഥാർത്ഥ പാപ്പായായി അംഗീകരി ച്ചു. പക്ഷേ, അന്നാക്ലിററസിൻെറ പക്ഷത്തും രാജാക്ക ന്മാരും പ്രഭുക്കന്മാരും ഉണ്ടായിരുന്നു. അങ്ങനെ സഭ, പ ടിഞ്ഞാറൻസഭ, രണ്ടു പാപ്പാമാരുടെ പേരിൽ വിഭജി ക്കപ്പെട്ടു. അന്നാക്ലിററസിൻെറ അനന്തരഗാമിയായി തിരഞ്ഞെടുക്കപ്പെട്ട വിക്ടർ നാലാമൻ, വി. ബർണാർ ദിൻെറ പ്രേരണയാൽ ഇന്നസെൻറു പാപ്പായ്ക്കു കീഴ് വഴങ്ങി. അതുവരെ ഈ വിഭജനം നിലനിന്നു.

## പീററർ ദെ ബ്രുയിസിൻെറ പാഷണ്ഡത

കുട്ടികളുടെ മാമ്മോദീസാ അത്ഥരഹിതമാണെന്നും ദൈവത്തെ പ്രാർത്ഥിക്കുവാനായി ഏതു സ്ഥലവും പററിയതാണെന്നും അതുകൊണ്ടു്, ദേവാലയങ്ങൾ അനാവശ്യങ്ങളും നശിപ്പിക്കപ്പെടേണ്ടവയുമാണെന്നും കത്താവിനെ വധിക്കുവാനുപകരിച്ച കുരിശിനെ നാം വെറുപ്പോടെവേണം വീക്ഷിക്കുവാനെന്നും മരിച്ചവർക്കുവേണ്ടിയുള്ള പ്രാത്ഥനകൾ നിഷ്ഫലങ്ങളാണെന്നും മററും പഠിപ്പിച്ചുകൊണ്ടു പന്ത്രണ്ടാംനൂററാണ്ടിൽ തെക്കേ ഫ്റാൻസിൽ പ്രത്യക്ഷപ്പെട്ട ഒരു വൈദികനാണു പീററർ ദെ ബ്രുയിസ്. ഇരുപതുകൊല്ലക്കാലത്തെ നിരന്തരമായ പ്രസംഗപരമ്പരകൊണ്ടു നിരവധി അനുയായികളെ നേടുവാനും ഒരു പ്രത്യേകസമൂഹമായി അവരെ വളത്താനും അദ്ദേഹത്തിനു കഴിഞ്ഞു. സഭയുടെ മഹറോനൊന്നും അവിടെ വിലപ്പോയില്ല. കുപിതരായ ക്രിസ്ത്യാനികൾ, 1124-ൽ, കുരിശുരൂപങ്ങളും മററും ദഹിപ്പിക്കുവാനായി അദ്ദേഹം തയ്യാറാക്കിയ ചിതയിൽ അദ്ദേഹത്തെത്തന്നെ പിടിച്ചിട്ടു ദഹിപ്പിച്ചു. എന്നിട്ടും അദ്ദേഹത്തിൻെറ അനുയായികൾ സഭയുമായി ഐക്യപ്പെട്ടില്ല. കുറേനാളത്തേക്കു് അവർ തങ്ങളുടെ തത്വങ്ങൾ പ്രസാഗിച്ചുപരത്താൻ ശ്രമിച്ചു. പക്ഷേ, കഴിവുററ ഒരു നേതാവിൻെറ അഭാവം അവരെ അധ:പതിപ്പിച്ചു.

## അലക്സാണ്ടർപാപ്പായും ബാർബറോസായും

1159-ൽ ഹഡ്രിയൻപാപ്പാ മരിച്ചപ്പോൾ കർദ്ദി

നാളന്മാർ അലക്സാണ്ടർ മൂന്നാമനെ പാപ്പായായി തിര
ഞ്ഞെടുത്തു. ജർമ്മനിയുടെ ചക്രവത്തിയായിരുന്ന ബാർ
ബറോസാ ഈ തിരഞ്ഞെടുപ്പിനെ ശക്തിയായി എതി
ത്തു. മാത്രമല്ല, ന്യൂനപക്ഷ കർദ്ദിനാളന്മാരെ വശത്താ
ക്കി വിക്ടർ നാലാമനെ പാപ്പായായി തിരഞ്ഞെടുത്തു
വാഴിക്കുവാനും അദ്ദേഹം മുതിർന്നു. ആരുടെ തിരഞ്ഞെ
ടുപ്പാണു വാസ്തവമെന്നു തീരുമാനിക്കുവാനുള്ള അവകാ
ശം തനിക്കാണെന്നു വാദിച്ചുകൊണ്ടു ചക്രവത്തി പവി
യായിൽ ഒരു കൗൺസിൽ വിളിച്ചുകൂട്ടി. അലക്സാണ്ടർ
പാപ്പാ ഈ സൂനഹദോസിൽ പങ്കെടുക്കാൻ വിസമ്മതി
ച്ചു. ഫലമോ, എതിർപാപ്പായായിരുന്ന വിക്ടർ നാലാ
മനെ സാക്ഷാൽ പാപ്പായായി കൗൺസിൽ പ്രഖ്യാപി
ച്ചു. 1160-ൽ അലക്സാണ്ടർ അനാഞ്ഞിയിൽ ഒരു കൗ
ൺസിൽ വിളിച്ചു കൂട്ടുകയും ചക്രവത്തിയേയും അദ്ദേഹ
ത്തിൻെറ പാർശ്വവത്തികളേയും മഹറോൻ ചൊല്ലുക
കയുംചെയ്തു. ഇതോടുകൂടി പടിഞ്ഞാറൻസഭ വീണ്ടും
രണ്ടു പാപ്പാമാർക്കുവേണ്ടി രണ്ടായി പിളർന്നു. ഫ്റാൻ
സ്, സ്പെയിൻ, ഇംഗ്ലണ്ട്, സിസിലി എന്നീ രാഷ്ട്രങ്ങൾ
അലക്സാണ്ടർപാപ്പായെത്തന്നെ അംഗീകരിക്കുകയും അ
ദ്ദേഹത്തിനു ആവശ്യകമായ എല്ലാസഹായങ്ങളും എ
ത്തിച്ചുകൊടുക്കുവാൻ പരിശ്രമിക്കുകയുംചെയ്തു. പക്ഷേ,
ചക്രവത്തിയും കൂട്ടരും കീഴ്വഴങ്ങാൻ കൂട്ടാക്കിയില്ല.
വിക്ടർ മരിച്ചപ്പോൾ പാസ്കൽ മൂന്നാമനെ അടുത്ത
പാപ്പായായി തിരഞ്ഞെടുക്കുവാനും അവർ മുതിർന്നു.
1176-ൽ ലൊംബാർഡ്ലീഗ് ചക്രവത്തിയെ നിശ്ശേ

ഷം പരാജിതനാകുന്നതുവരെ ഈ വിഭജനം തുടർന്നു പോന്നു. 1177-ൽ "വെനീസ് ഉടമ്പടി" സംജാതമായതോടുകൂടി എതിർ പാപ്പാ അപ്രത്യക്ഷനായി. സഭാതലത്തിൽ സമാധാനവും ഐക്യവും പുനഃസ്ഥാപിതമായി.

## ആൽബിജൻസിയൻപാഷണ്ഡത

നാലാംനൂററാണ്ടിൽ, വിശുദ്ധ അഗുസ്തീനോസിൻെറ ബലിഷ്ഠഹസ്തങ്ങളാൽ നിഷ്കാസനംചെയ്യപ്പെട്ട മനിക്കേയനിസം പന്ത്രണ്ടാംനൂററാണ്ടായപ്പോഴേക്കും ആൽബി എന്ന സ്ഥലത്തു വളർന്നു വികസിക്കുവാൻ തുടങ്ങി. ഈലോകവും അതിലെ സകല വസ്തുക്കളും 'തിന്മയുടെ ദൈവത്തിൻേറ'താണെന്നും തിന്മയാണെന്നും ഇവയിൽനിന്നെല്ലാമുള്ള മുക്തിയാണു നിത്യരക്ഷയെന്നും മററും പ്രസംഗിച്ചുകൊണ്ടു് അതികഠിനമായ ഒരാദ്ധ്യാത്മികജീവിതം ഇവർ അനുയായികളിൽ നിന്നാവശ്യപ്പെട്ടു. ഇവരെ സഭയിലേക്കു തിരിച്ചുകൊണ്ടുവരാൻ പണ്ഡിതരായ പല വേദശാസ്ത്രജ്ഞരേയും മാർപ്പാപ്പാ അയച്ചു. പക്ഷേ, പാപ്പാപ്രതിനിധികളെക്കാൾ പരിശുദ്ധവും ആദരണീയവുമായ ജീവിതംനയിച്ചുകൊണ്ടിരുന്ന ആൽബിജൻസിയരുടെ അടുത്തു സഭാതത്വങ്ങളൊന്നും വിലപ്പോയില്ല. ഇവക്കെതിരായി, ഇവരെ നശിപ്പിക്കുവാനായി, മാർപ്പാപ്പാ ഒരു കുരിശുയുദ്ധംതന്നെ പ്രഖ്യാപിച്ചു. ചക്രവത്തിയും യൂറോപ്പിലെ മററു വൻശക്തികളും മാർപ്പാപ്പായുടെ

ആജ്ഞ നിറവേററുവാനായി ആൽബിജൻസികളുമായി യുദ്ധത്തിൽ ഏർപ്പെട്ടു. പക്ഷേ, വിചാരിച്ചിരുന്നതുപോലെ അത്ര എളുപ്പമായിരുന്നില്ല, ആൽബിജൻസികളെ കീഴടക്കുക. ഏകദേശം ഇരുപതുകൊല്ലത്തെ നിരന്തരമായ പോരാട്ടത്തിനുശേഷമാണു 1229-ൽ ആൽബിജൻസിയർ പരാജിതരായതു്. അതോടുകൂടി അവരുടെ ഉന്മൂലനാശവും സംഭവിച്ചു.

### വാൽഡൻസ്യൻപാഷണ്ഡത

പീററർ വാൽഡൊ എന്ന ധനികൻ തൻെറ സകല സമ്പത്തുക്കളും വിററു പാവങ്ങൾക്കു ദാനംചെയ്തിട്ടു സന്യാസിയായി ലയൺസിലെ ജനങ്ങളെ ആധ്യാത്മികമായി ഉണർത്തുവാൻ ശ്രമിച്ചു തുടങ്ങി. അദ്ദേഹത്തിൻെറ ജീവിതമാതൃകയും പ്രസംഗധോരണിയും അനവധിയാളുകളെ ആകർഷിച്ചു. ഭൗതികതയിൽ മുങ്ങിത്തുടങ്ങിയിരുന്ന സഭയേയും വൈദികലോകത്തേയും വെറുത്ത പീററർ തിരുസഭയ്ക്കു പരമാധികാരമില്ലെന്നും അല്മായർക്കും കുമ്പസാരം കേൾക്കുകയും തിരുവോസ്തി കൂദാശചെയ്യുകയും ചെയ്യാമെന്നും തിരുസമ്പ്രദായവണക്കം അരുതെന്നുംമററും പഠിപ്പിക്കുവാൻ മുതിർന്നു. അനുയായികൾ ഈ അഭിനവ തത്വങ്ങളെ യൂറോപ്പിലാകമാനം പരത്തുവാൻ ഉത്സുകരായി. 1215-ൽ സമ്മേളിച്ച നാലാം ലാററൻ കൗൺസിൽ ഇവരെ ശപിച്ചു തള്ളിയെങ്കിലും ഇവരുടെ വളർച്ചയ്ക്കു യാതൊരു വിഘ്നവും വന്നില്ല. പക്ഷേ, കാലക്രമേണ, സഭയുടെ നിരന്തരമായ

എതിർപ്പിൻേറയും രാഷ്ട്രത്തിൻെറ ശക്തിപ്രയോഗത്തിൻേറയുമെല്ലാം ഫലമായി ഇവരുടെ സമൂഹങ്ങൾ അധഃപതിച്ച് അപ്രത്യക്ഷമായി.

വിശ്വാസത്തിൻെറ പവിത്രതയെ കാത്തുസൂക്ഷിക്കുവാനും മർക്കടമുഷ്ടിക്കാരായ പാഷണ്ഡരെ നശിപ്പിക്കുവാനും 1231-ൽ സംജാതമായ ഒരു പ്രത്യേകസ്ഥാപനമാണു "പേപ്പൽ ഇൻക്യൂസിഷൻ". ഇതിൻെറ പ്രവർത്തനത്തോടുകൂടി പാഷണ്ഡരെ വേട്ടയാടി നശിപ്പിക്കുവാൻ സഭയ്ക്കു കഴിഞ്ഞെന്നു പറയാം. പക്ഷേ, ഗുണത്തിലേറെ ദോഷം വരുത്തിവയ്ക്കാനാണു് ഈ സ്ഥാപനം മുതിർന്നതെന്നുമാത്രം.

## മൂന്നു പാപ്പാമാർ

1378–വരെ സഭാഭരണം നിർവഹിച്ച ഊർബൻ മൂന്നാമൻപാപ്പായുടെ കർക്കശമായ പെരുമാററങ്ങളിൽ അതൃപ്തരായ ഒരുകൂട്ടം കർദ്ദിനാളന്മാർ അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പ് അസാധുവാണെന്നു പ്രഖ്യാപിച്ചുകൊണ്ടു മറെറാരു പാപ്പായെ തിരഞ്ഞെടുത്തു. ഈ എതിർപാപ്പാ അവിഞ്ഞോൺ എന്ന സ്ഥലത്തു താമസമാക്കി സഭാഭരണം നടത്തുവാൻ തുടങ്ങിയതോടേ പടിഞ്ഞാറൻസഭ വീണ്ടും രണ്ടായിത്തിരിഞ്ഞു. ലജ്ജാവഹമായ ഈ വിഭജനം അവസാനിപ്പിക്കുവാൻ സഭാപണ്ഡിതന്മാർ 1409-ൽ പീസായിൽ ഒരു സിനഡു വിളിച്ചുകൂട്ടി. നിർഭാഗ്യമെന്നു പറയട്ടെ, ഈ സിനഡു മൂന്നാമതൊരു പാപ്പായെ തിരഞ്ഞെടുത്തു വാഴിക്കുകയാണു

ണ്ടായത്ത്. അതോട്ടുകൂടി സഭ മൂന്നായി പിളർന്നു. 1417-ാമാണ്ടുവരെ ഈ വിഭജനം നിലനിന്നു; 1417, നവംബർ 11-ാം തീയതി മാർട്ടിൻ അഞ്ചാമൻപാപ്പാ തിരഞ്ഞെടുക്കപ്പെട്ടതോട്ടുകൂടി സഭയിൽ സമാധാനവും ഐക്യവും വീണ്ടും സംജാതമായി.

## ഹസ്സിസം

സഭാനവീകരണത്തിനുള്ള അതിരുകടന്ന ജാഗ്രതയും തീക്ഷ്ണതയുംമൂലം അബദ്ധങ്ങളിൽ വീണുപോയ ചിന്തകരും നേതാക്കളുമാണു ജോൺ വിക്ലിഫും ജോൺ ഹസ്സും. 1324-നും 1384നുമിടയ്ക്കു ജോൺ വിക്ലിഫ് ഇംഗ്ലണ്ടിൽ കൊളുത്തിയ നവീകരണശിഖ ആളിക്കത്തി ബൊഹീമിയാവരെ എത്തി. അവിടെ, ലോകപ്രസിദ്ധമായ പ്രേഗ്ഗ യൂണിവേഴ്സിററിയുടെ അധിനാഥനായിരുന്ന പ്രൊഫസർ ജോൺ ഹസ്സ് അതിനെ ആവേശത്തോട്ടുകൂടി ഏററുവാങ്ങി. തിന്മകൾകൊണ്ടു ദുഷിച്ചു ദുർഗന്ധം പരത്തിക്കൊണ്ടിരിക്കുന്ന ദൃശ്യസഭവഴി ആർക്കും രക്ഷപ്പെടാൻ സാധിക്കുകയില്ലെന്നും തിന്മയുടെ പര്യായമായിരിക്കുന്ന വൈദികർ നല്കുന്ന മാമോദീസായോ മററുകൂദാശകളോവഴിയല്ല യഥാർത്ഥസഭയിൽ നാം അംഗങ്ങളാകുന്നതെന്നും പിന്നെയോ, "അരൂപി"യെ സ്വീകരിച്ചുകൊണ്ടു് ആധ്യാത്മികസഭയിൽ അംഗങ്ങളായി ജീവിച്ചാൽമാത്രമേ രക്ഷപ്രാപിക്കുവാൻ സാധിക്കുകയുള്ളുവെന്നുംമററും പ്രസംഗിച്ചുപരത്താൻ തുടങ്ങിയ ഹസ്സിനും കൂട്ടർക്കും നിരവധി അനു

യായികളെ ലഭിച്ചു. ജീവിതവിശുദ്ധിയും ജ്ഞാനസമ്പത്തും പ്രസംഗപാടവവുംകൊണ്ടു് അങ്ങേയററം പ്രസിദ്ധനായ ഹൂസ്സിനെ സഭാധികാരികൾ മഹറോൻചൊല്ലിയതും രാഷ്ട്രീയാധികാരികൾ തൂക്കിക്കൊന്നു ദഹിപ്പിച്ചതും അദ്ദേഹത്തിൻെറ അനുയായികളെ കോപാകുലരാക്കി. അവർ സഭയുമായുള്ള എല്ലാബന്ധങ്ങളും അവസാനിപ്പിക്കുകമാത്രമല്ല തുറന്ന സമരത്തിനുതന്നെ സന്നദ്ധരായി. പക്ഷേ, സൈന്യബലംകൊണ്ടു സഭ അവരെ നിശ്ശേഷം ചാമ്പലാക്കിയെന്നു പറയാം; സഭ നേരിട്ടു യുദ്ധംചെയ്തെന്നല്ല, സഭയുടെ സംരക്ഷകരെന്നു കരുതിയിരുന്ന ചക്രവർത്തിമാരും പ്രഭുക്കന്മാരും സഭയുടെ വിധിതീർപ്പിനെ പ്രവൃത്തിപഥത്തിലെത്തിച്ചെന്നുമാത്രമാണു വിവക്ഷ.

## നവീകരണവും വിഭജനവും

പന്ത്രണ്ടാംനൂററാണ്ടിൻെറ അന്ത്യംമുതൽ ആരംഭിച്ചതാണു സഭയിൽ നവീകരണത്തിനായുള്ള മുറവിളി. എവിടെല്ലാം അതു പ്രബലമായി പ്രത്യക്ഷപ്പെട്ടോ അവിടെല്ലാം അതു് അടിച്ചമർത്തപ്പെട്ടു. "ഇൻക്വിസിഷൻെറ" ആരംഭത്തോടുകൂടി നവീകരണാശയങ്ങൾക്കു പുറത്തുവരാൻപോലും അസാദ്ധ്യമായിത്തീർന്നു. എന്നിട്ടും, അവിടെയുമിവിടെയും അല്പാല്പമായി അതു പ്രത്യക്ഷപ്പെടാതിരുന്നില്ല. പതിനാറാംനൂററാണ്ടിൻെറ ആരംഭത്തോടുകൂടി നവീകരണാശയങ്ങൾ ചിറപൊട്ടിയൊഴുകുകയായി. 1517 ഒക്ടോബർ 31-ാംതീയതി വിററൺബ

ഗ്ഗിലെ അരമനപ്പള്ളിയുടെ പ്രധാനകവാടത്തിൽ തൻെറ 95 നവീകരണസിദ്ധാന്തങ്ങൾ തറച്ചുവച്ചുകൊണ്ടു മാർട്ടിൻ ലൂതറാണു മതനവീകരണത്തിൻെറ ഉൽഘാടനം നിർവ്വഹിച്ചതു്. സ്വാതന്ത്ര്യമിഷ്ടപ്പെട്ടകയും പാപ്പായുടേയും മെത്രാന്മാരുടേയുമെല്ലാം അതിരുകടന്ന അധികാരപ്രയോഗങ്ങൾ വെറുക്കുകയും ചെയ്തിരുന്ന ജർമ്മനിയിലെ ഭരണാധികാരികളെല്ലാം ലൂതറിൻെറ പിന്നിൽ അണിനിരന്നു. അദ്ദേഹത്തിനു് ആവശ്യകമായ എല്ലാ സംരക്ഷണവും നല്കി. ഫലമോ അദ്ദേഹത്തിൻെറ ആശയങ്ങൾക്കു പ്രചുരപ്രചാരം സിദ്ധിച്ചു. ഇതോടെ ജർമ്മനി രാഷ്ട്രീയമായും സഭാപരമായും രണ്ടായി പിരിഞ്ഞു.

1522-ൽ, കട്ടത്ത കത്തോലിക്കാവിരോധിയായ സ്വിൻഗ്ലിയുടെ നേതൃത്വത്തിൽ സ്വിററ്സർലണ്ടിലും സഭാനവീകരണം ആരംഭിച്ചു. 1534-ൽ ജോൺ കാൽവിൻെറ നേതൃത്വത്തിൽ ഫ്റാൻസിലുമാരംഭിച്ചു, മതവിപ്ലവം. അതേയാണ്ടിൽത്തന്നെ തൻെറ രാജ്യത്തെ മുഴുവൻ കത്തോലിക്കാസഭയിൽനിന്നു വേർപെടുത്തി, ഇംഗ്ലണ്ടിൻെറ ഭരണാധിപനായ ഹെൻട്രി എട്ടാമൻ.

സഭയുടെ ഇൻക്വിസിഷനും മഹറോൻശിക്ഷയുമൊന്നും ഈ നവീകരണക്കാരുടെ മുമ്പിൽ വിലപ്പോയില്ല; കാരണം, ഈ ആയുധങ്ങളെല്ലാം വിജയപ്രദമായി ഉപയോഗിക്കുവാൻ സഭയെ സഹായിച്ചിരുന്ന രാഷ്ട്രീയശക്തിതന്നെ ഇപ്പോൾ നവീകരണക്കാരെ സഹായിക്കുവാൻ മുന്നോട്ടിറങ്ങിയിരിക്കയാണു്. സഭയോടു വിശ്വസ്തരായിരുന്ന ശക്തികൾ തങ്ങൾക്കാവുന്നതിലേറെ ശ്ര

മിച്ചു, ഈ നവീകരണക്കാരെ നശിപ്പിക്കുവാൻ. അതിന്റെ ഫലമാണു് അനവധിയാണ്ടുകൾ നീണ്ടുനിന്ന ജർമ്മനിയെ നശിപ്പിച്ച ആഭ്യന്തരയുദ്ധവും യൂറോപ്പിനെ ഛിന്നഭിന്നമാക്കിയ പോരാട്ടങ്ങളും യൂറോപ്പിലുടനീളം നടമാടിയ രക്തച്ചൊരിച്ചിലും അരാജകത്വവും. സ്വീഡനും നോർവ്വേയും ഡന്മാർക്കുമെല്ലാം ജനഹിതത്തെ അടിച്ചമർത്തിക്കൊണ്ടു നവീകരണസഭയ്ക്കു സ്വാഗതമരുളി.

നവീകരണക്കാർ പരസ്പരം കലഹിക്കുവാനും അടിച്ചമർത്തുവാനും തുടങ്ങി; തത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ജീവൻപോലും ബലികഴിക്കാൻ മടിക്കാതായി. കടുത്ത ജീവിതനിബന്ധനകളുമായി പൊന്തിവന്ന അനാബാപ്‌റ്റിസ്‌റ്റുകളെ നവീകരണക്കാരും രാഷ്ട്രീയക്കാരും ഒത്തൊരുമിച്ചെതിർത്തെങ്കിലും അവരും വളർന്നുതന്നെ വന്നു. അങ്ങനെ, പതിനാറാം നൂററാണ്ടിലെ യൂറോപ്പ് സർവ്വത്ര വിഭജനത്തിന്റേയും തമ്മിൽത്തല്ലുകളുടേയും ഒരു പര്യായമായിഭവിച്ചു, മതത്തിന്റേയും വിശ്വാസത്തിന്റേയുംപേരിൽ. അസ്തിത്വത്തിനുവേണ്ടി പോരാട്ടുകയായിരുന്നു, ജീവന്മരണസമരം നടത്തുകയായിരുന്നു, നവീകരണസഭക്കാർ.

പതിനാറാംനൂററാണ്ടിനുശേഷമുള്ള സഭാചരിത്രം പരിശോധിച്ചാൽ, വിഭജനം, വിഭജനത്തിൽ വിഭജനം, വീണ്ടും വിഭജനം, അങ്ങനെ വിഭജനമേ കാണാനുള്ളു. പ്രോട്ടസ്റ്റൻറുസഭകളിൽ ഇന്നും ഈ വിഭജനാസക്തി ശമിച്ചിട്ടില്ലെന്നു പറയാം. പക്ഷേ, കത്തോലിക്കാസഭ

യെ സംബന്ധിച്ചിടത്തോളം താരതമ്യേന സമാധാന ത്തിന്റെ കാലമാണിന്നുവരെ എന്നു പറയാം. ഗാല്ലിക്ക നിസം, ജാൻസനിസം, റാഷണലിസം, ഫ്രീമെയിസനറി പ്രസ്ഥാനം മുതലായവ അവളെ വല്ലാതെ ക്ലേശിപ്പി ച്ചെന്നല്ലാതെ വിഭജനമൊന്നും സൃഷ്ടിച്ചില്ല. പാപ്പായു ടെ അപ്രമാദിത്വപ്രഖ്യാപനത്തിനെതിരായി ഒരു ക്രൂ ട്ടർ ഭിന്നിച്ചുപോയതൊഴിച്ചാൽ പറയത്തക്ക വിഭജന മൊന്നും കത്തോലിക്കസഭയിൽ ഉണ്ടായിട്ടില്ല.

## 3 ഇന്നത്തെ ക്രിസ്തുമതം

ശോകാത്മകമാണ്, പരിതാപകരമാണ്, ക്രിസ്തു മതത്തിന്റെ ഇന്നത്തെ നില. ലോകജനതയുടെ മൂന്നി ലൊരുഭാഗത്തിലധികം ക്രിസ്തുമതത്തിലാണെന്നതു ശരി തന്നെ. പക്ഷേ, ആയിരമായിരം ദേവന്മാരുടേയും ദൈ വങ്ങളുടേയും തത്വങ്ങളുടേയും താത്വികരുടേയും പിടി യിൽപ്പെട്ടു മത്സരിച്ചുകൊണ്ടിരുന്ന ലോകത്തെ ക്രിസ്തു നാഥനിൽ ഒന്നിപ്പിക്കുവാൻ ഉടലെടുത്ത ക്രിസ്തുമതം മ നുഷ്യന്റെ മതാത്മകാവബോധത്തെപ്പോലും അപ കടത്തിലാക്കിയിരിക്കുകയല്ലേ എന്നു സംശയിക്കേണ്ടി യിരിക്കുന്നു. കാരണം, "എൺപത്തിനാലുകോടിയില ധികംവരുന്ന ക്രൈസ്തവജനത ഏകദേശം രണ്ടായിര ത്തോളം സഭകളായി വിഭജിക്കപ്പെട്ടിരിക്കുന്ന"* തു

---

* Manorama Year Book. 1963, Page 176.

തന്നെ. ആഴമായിപ്പരിശോധിച്ചാൽ രണ്ടായിരത്തിലേറെ വിഭക്തസഭകളുണ്ടു ക്രിസ്തുമതത്തിലെന്നു മനസ്സിലാക്കാം. മാത്രമല്ല, ഇന്നും വിഭജനത്തിൻെറ വിപത്തിൽനിന്നു സുരക്ഷിതയല്ല, ക്രിസ്തുമതം.

ഭിന്നിച്ചുനില്ക്കുന്ന സഭകളുടെ ചരിത്രത്തിലേക്കു കടന്നാൽ തലവേദനയെടുക്കുമെന്നതു തികച്ചും ശരിയാണ്. പക്ഷേ, അതൊഴിച്ചുകൂടാൻ നിവൃത്തിയുമില്ല. അതുകൊണ്ടു്, വളരെ പൊതുവായ, എല്ലും തോലുംമാത്രമായ ഒരു വിവരണംകൊണ്ടു നമുക്കു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു, തല്ക്കാലം.

ഇന്നത്തെ ക്രിസ്തുമതത്തെ രണ്ടു വലിയ വിഭാഗങ്ങളായി പൊതുവേ വിഭജിക്കാം: സഭകളായും (Churches) സമൂഹങ്ങളായും (Sects). സഭകളെത്തന്നെ മൂന്നു ബൃഹത്തായ സമൂഹങ്ങളായി തിരിക്കാം: റോമൻ കത്തോലിക്കസഭ, കിഴക്കൻസഭകൾ, പ്രോട്ടസ്റ്റൻറുസഭകൾ. ഇവയിൽ, വിശ്വാസത്തിലും ഭരണക്രമത്തിലും ആരാധനക്രമത്തിലും ഐക്യം പാലിക്കുന്ന ഏകസഭ റോമൻ കത്തോലിക്കസഭയാണ്. വിവിധഭാഷകളിലും ആചാരക്രമത്തിലും ഭരണസമ്പ്രദായത്തിലുമുള്ള ഇരുപത്തിരണ്ടു റീത്തുകൾ റോമൻ കത്തോലിക്കസഭയിൽ ഉണ്ടു്. എങ്കിലും സഭയുടെ ത്രിവിധൈക്യത്തിനു യാതൊരു ഭംഗവും വന്നിട്ടില്ല. എല്ലാവരും പത്രോസിൻെറ പിൻഗാമിയായ റോമാമാർപ്പാപ്പായ്ക്കു കീഴ്‌വഴങ്ങി മുന്നേറുന്നു. അതിനാൽ, ആവശ്യംപോലെയും അഭിരുചിക്കൊത്തും വിശ്വാസസത്യങ്ങളെ വളച്ചൊടിക്കുവാനോ ആരാധനക്രമത്തിൽ

അവിഹതമായി ആക്രമണം നടത്തുവാനോ ഭരണക്രമത്തെ സ്വാർത്ഥപൂരണത്തിനു് ആയുധമാക്കുവാനോ ആർക്കും സാധിക്കുകയില്ല. എന്നാൽ, ഒരു കാര്യം ശ്രദ്ധിക്കണം: ആർക്കും ഒരു സ്വാതന്ത്ര്യവും അനുവദിക്കാത്ത ഒരു ഏകച്ഛത്രാധിപതിയാണു റോമാ മാർപ്പാപ്പായെന്നു് ആരും തെററിദ്ധരിക്കരുതു്. അപ്രമാദവരം അനുഭവിക്കുന്ന മാർപ്പാപ്പായ്ക്കുപോലും സ്വന്തം ഇഷ്ടത്തിനും അഭിരുചിക്കും അനുസൃതമായി സഭാതത്വങ്ങളെ മാററിമറിക്കാൻ സാധിക്കാത്തവിധത്തിലാണു റോമാസഭയുടെ ഭരണക്രമം. അതുകൊണ്ടായിരിക്കണം പകുതിയിലേറെ വരുന്ന ക്രിസ്ത്യാനികളെ ഇന്നും ഒന്നിച്ചു നിറുത്തുവാൻ, ഒരേവിശ്വാസത്തിലും ആരാധനക്രമത്തിലും ഭരണക്രമത്തിലും സംരക്ഷിച്ചുകൊണ്ടുപോരുവാൻ അവർക്കു കഴിയുന്നതു്. ലോകജനതയുടെ അഞ്ചിലൊരുഭാഗം ഇന്നു റോമാസഭയിലാണു് എന്ന വാസ്തവം അഭിമാനപൂർവ്വം സ്മരിക്കാവുന്നതാണു്.

### കിഴക്കൻസഭകൾ

കിഴക്കൻസഭകളെപ്പററി ചിന്തിക്കുമ്പോൾ പ്രഥമതഃ നമ്മുടെ ശ്രദ്ധയിൽപ്പെടുന്നതു്, പുരാതന പാഷണ്ഡതകളുടെ ഫലമായി വേർപെട്ടുപോയ നെസ്തോറിയൻ, മോണോഫിസിററുസഭകളാണു്. ഇവയിൽ നെസ്തോറിയൻവിഭാഗത്തിൽപ്പെട്ട സഭ, 85,000 വിശ്വാസികളോടുകൂടി ഇറാക്കിലും തൃശ്ശൂരും മാത്രമേ അവശേഷിക്കുന്നുള്ളൂ. മോണോഫിസിററുകളുടേതായി അഞ്ചു സഭകൾ ഇന്നും പ്രാബല്യത്തിലുണ്ടു്. 1) അർമേനിയൻസ

ഭയ്ക്കു മൂന്നു ലക്ഷത്തോളം വിശ്വാസികൾ അർമേനിയായിലും ഒരു ലക്ഷത്തോളം റഷ്യ, ഇൻഡ്യാ, പാലസ്റ്റയിൻ, അമേരിക്ക, എന്നീ രാജ്യങ്ങളിലുമുണ്ട്. 2) ദക്ഷിണസിറിയൻ യാക്കോബായസഭയ്ക്കു് അന്ത്യോക്യായിൽത്തന്നെ ഒരു ലക്ഷത്തോളം വിശ്വാസികളുണ്ട്. 3) കേരളത്തിലെ മാർത്തോമാസഭയ്ക്കു് അരലക്ഷത്തോളം വിശ്വാസികളുണ്ട്. 4) കോപ്റ്ററിക്കുസഭയ്ക്കു് ഒരു ലക്ഷത്തോളം വിശ്വാസികളും 5) എത്തിയോപ്യൻസഭയ്ക്കു് അഞ്ചുലക്ഷത്തോളം വിശ്വാസികളുമുണ്ട്.

ഇവയൊഴിച്ചാൽ ബാക്കിയുള്ള കിഴക്കൻസഭകളെയെല്ലാം ഓർത്തഡോക്സ്സഭകൾ എന്നാണു വിളിക്കുക. 1054-ൽ ഉണ്ടായ സഭാവിഭജനത്തിൻെറ ഫലമായാണു് ഇവ റോമിൽനിന്നും വേർപ്പെട്ടതു്. കാലാന്തരത്തിൽ, റോമാസഭയുമായി പുനരൈക്യപ്പെട്ടവരെ പൗരസ്ത്യകത്തോലിക്കർ എന്നാണു വിളിക്കുന്നതു്. ഇങ്ങനെ, റോമാസഭയുമായി ഐക്യപ്പെട്ടവരൊഴിച്ചാൽ ഏകദേശം 150 ലക്ഷം വിശ്വാസികളുണ്ട്, ഓർത്തഡോക്സ്സഭകളിൽ ഇന്നു്. ഇവരെ പ്രധാനമായും അഞ്ചു മുഖ്യസഭകളായി തിരിക്കാം: ബൈസൻറയിൻ, അലക്സാണ്ട്രിയൻ, അന്തിയോക്യൻ, ജെറൂസലേം, റഷ്യൻ. ഈ അഞ്ചു മുഖ്യസഭകളും സ്വതന്ത്രങ്ങളാണു്; ആർക്കും ആരുടേയുംമേൽ അധികാരമൊന്നുമില്ല. ഇവയോരോന്നും ഇനിയും നിരവധി സ്വതന്ത്രസഭകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, ഇരുപതോളം സ്വതന്ത്രസഭകൾ ഇന്നു കിഴക്കൻ ഓർത്തഡോക്സു വിഭാ

ഗത്തിൽപെടുന്നവയായുണ്ടു്. പക്ഷേ, ഇവയെല്ലാംതന്നെ വിശ്വാസത്തിലുള്ള ഐകരൂപ്യം കാക്കുന്നുണ്ടു്.

## പ്രോട്ടസ്റ്റൻറുസഭകൾ

പതിനാറാംനൂററാണ്ടിലെ മതനവീകരണം പടുത്തുയർത്തിയ സഭകളേയും അവയിൽനിന്നുൽഭൂതമായ മററുസഭകളേയുമാണു പ്രോട്ടസ്റ്റൻറുസഭകൾ എന്നു പൊതുവേ വിളിക്കുന്നതു്. എണ്ണിയാൽ ഒടുങ്ങാത്തവിധം സഭകളുണ്ടു്, ഈ വിഭാഗത്തിൽ. മാത്രമല്ല, വിശ്വാസത്തിലോ ആരാധനക്രമത്തിലോ ഭരണക്രമത്തിലോ പറയത്തക്ക ഐക്യമൊന്നും ഈ സഭകളുടെ ഇടയിൽ കാണുക സാധ്യമല്ല. പൊതുതത്വങ്ങളുടെ അടിസ്ഥാനത്തിൽ നമുക്കു് ഇവരെ അഞ്ചു വലിയ വിഭാഗങ്ങളായി തിരിക്കാം: ലൂതറൻസ്, ആംഗ്ലിക്കൻസ്, കാൽവിനിസ്റ്റ്, സ്വതന്ത്രസഭകൾ, സംയുക്തസഭകൾ. ഇവയ്ക്കെല്ലാം പൊതുവായി എടുത്തു കാട്ടാവുന്ന ഒരു സവിശേഷതയിതാണു്: ഓരോ പ്രാദേശികസഭയും, അടിസ്ഥാനപരമായി അതു് ഏതു സമൂഹത്തിൽ വേണമെങ്കിലും ഉൾപ്പെട്ടുകൊള്ളട്ടെ, അതിൽത്തന്നെ പൂർണ്ണമാണു്; സ്വതന്ത്രമാണു്. വിശ്വാസസത്യങ്ങളെപ്പററിയും ആരാധനക്രമത്തെപ്പററിയും ഭരണക്രമത്തെപ്പററിയും അവസാനതീരുമാനം എടുക്കേണ്ടതു് അവരവർ തന്നെയാണു്. ഒരേസമൂഹത്തിൽപ്പെട്ട സഭകളുടെ സംഘടനകൾ എല്ലാവർക്കുമായി വല്ല തീരുമാനവും എടുത്താൽ തന്നെ, അതു സ്വീകരിക്കുകയോ തിരസ്കരിക്കയോ

ചെയ്യുവാനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം ഈ പ്രാദേശികസഭകൾക്കുണ്ട്.

അങ്ങനെനോക്കുമ്പോൾ, ലൂതറൻസഭകൾതന്നെ വളരെയേറെ ഉണ്ടെന്നു കാണാം. 1934—37വരെയുള്ള കണക്കനുസരിച്ച് 75,000 ലൂതറൻ സ്വതന്ത്രസഭകൾ ലോകത്തിൻെറ നാനാഭാഗത്തുമായി ഉണ്ടായിരുന്നു. അവയുടെ സംഖ്യ വർദ്ധിക്കുകയല്ലാതെ കുറഞ്ഞിട്ടില്ല, ഇന്നും. ഇവയെല്ലാംതന്നെ പല വലിയ സംഘടനകളായി തിരിഞ്ഞിട്ടുണ്ട്. പ്രഷ്യൻയൂണിയനും അതിനെതിരായുണ്ടായ "പഴയ ലൂതറൻ സംഘവു"മാണ് ഇവയിൽ ആദ്യത്തെ പ്രസ്ഥാനങ്ങൾ. ജർമ്മൻ എവാഞ്ചേലിക്കൽസഭ, (German Evangelical Church) ജർമ്മനിയിലെ എവാഞ്ചേലിക്കൽസഭ, (Evanglical Church in Germany) ജർമ്മനിയിലെ ലൂതറൻ ഐക്യസഭ, ബവേറിയൻസഭ, വിർററംബേർജിയൻ (Wurttembergian) സഭ, ഹൊണോവേറിയൻസഭ, മുതലായ ഐക്യസഭകൾ ജർമ്മനിയിൽത്തന്നെ രൂപംകൊണ്ടവയാണ്. ഇനിയും, അമേരിക്കയിലേക്കു കടന്നാൽ, ലൂതറൻസഭകളുടെ ഒരു ബഹളം തന്നെയാണ് അവിടെ. "അമേരിക്കൻ ലൂതറനിസത്തിൻെറ ചരിത്രം മുഴുവൻ വിഭജനത്തിൻേറയും പുനരൈക്യത്തിൻേറയും ചരിത്രമാണ്"* യൂറോപ്പിലുള്ള മററു രാജ്യങ്ങളിലും മിഷൻരാജ്യങ്ങളിലും ലൂതറനിസത്തിൻെറ ഗതി ഇതു

---

(*) EINAR MOLLAND, *Christendom* A. R. Mowbray & Co. Ltd. London, 1959. p. 186,

തന്നെയാണ്. നിരവധി ലൂതറൻസഭകളെ സംയോജിപ്പിച്ച് "വിശ്വാസംവഴിയുള്ള നീതീകരണത്തിന്റെ സഭ" എന്നൊരു സഭയെ പടുത്തുയർത്താൻ ചൈനാക്കാർക്കു കഴിഞ്ഞു. പക്ഷേ, ഇൻഡ്യയിലും ഇൻഡോനേഷ്യയിലും മെഡഗാസ്കറിലും മററും ഇന്നും ലൂതറൻസഭകൾ സ്വതന്ത്രമായിത്തന്നെ നിലകൊള്ളുകയാണ്.

റോമൻ കത്തോലിക്കസഭയുടെ ഭരണക്രമത്തോടു വളരെ അടുത്ത ഭരണക്രമമുള്ള ആംഗ്ളിക്കൻസഭയിൽപ്പോലും വളരെയധികം സ്വതന്ത്രസഭകളുള്ളതായി കാണാം. സ്കോട്ട്ലണ്ടിലെ എപ്പിസ്കോപ്പൽസഭ, അയർലണ്ടിന്റെ സഭ, അമേരിക്കയിലെ പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽസഭ തുടങ്ങിയ സംയുക്തസഭകൾ കൂടാതെ 1950-ൽ 321 ആംഗ്ലിക്കൻ സ്വതന്ത്രമെത്രാസനങ്ങൾ ഉണ്ടായിരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവയിൽ 43 മെത്രാസനങ്ങൾമാത്രമേയുള്ളു, ഇംഗ്ലണ്ടിൽ ഇവർക്ക്. ചില മിഷനറിമെത്രാസനങ്ങൾ ഒഴിച്ചാൽ മററുള്ളവയെല്ലാം ഭരണഘടനാപരമായിത്തന്നെ സ്വതന്ത്രങ്ങളാണ്. കാൻബറി ആർച്ചുബിഷപ്പിന് ഒരുവിധത്തിലുള്ള "ഓണററിപ്രൈമസി"കൊടുത്തിട്ടുണ്ടെങ്കിലും ഇവരിൽ രണ്ടു പ്രധാനഗ്രൂപ്പുകളുണ്ട്: ഹൈ ചർച്ച് (High Church) ലോ ചർച്ച് (Low Church). ഇവരുടെയെല്ലാം ഐക്യത്തിന്റെ പ്രതീകമായി ഇന്നു നിലകൊള്ളുന്ന ലാംബെത്ത് കോൺഫ്റൻസ് (Lambeth Conference) തന്നെ സംജാതമായതു് (1867)

മെത്രാന്മാരുടെ സ്ഥാനത്തെ സംബന്ധിച്ചുണ്ടായ ഒരു വാദപ്രതിവാദത്തെ തുടർന്നാണു്, സഭകൾ തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തെ തുടർന്നാണു്. പക്ഷേ, ഈ കോൺഫറൻസിനു സ്വതന്ത്രസഭകളുടെ തലയിൽ ഒന്നും കെട്ടിവയ്ക്കാനുള്ള അവകാശമില്ല, അധികാരമില്ല. എന്നാൽ, വിശ്വാസപരമായി ഒരേകദേശൈക്യം ഇവയിലെല്ലാം കാണാൻ കഴിയും.

കാല്വിന്റെ സഭാനവീകരണത്തിൽനിന്നുടലെടുത്ത സഭകളെ "റിഫോമ്ഡ് ചർച്ചസ് (Reformed Churches)" എന്നാണു യൂറോപ്യൻനാടുകളിൽ പൊതുവേ വിളിക്കുക. എന്നാൽ, ഇംഗ്ളീഷ്സംസാരിക്കുന്നവരുടെ ഇടയിൽ ഇവരുടെ പേരു "പ്രെസ്ബിറേററിയൻസ് (Presbyterians)" എന്നാണു്. ജന്മസ്ഥലമായ സ്വിററ്സർലണ്ടിൽത്തന്നെ തത്വപരമായി വിയോജിക്കുന്ന പല പ്രാദേശികസഭകളായി പിരിഞ്ഞിരിക്കുകയാണു്, ഇവർ. ഈ പ്രാദേശികസഭകൾക്കു പുറമേ, പത്തൊമ്പതാംനൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ പല സ്വതന്ത്രസഭകളും സംജാതമായിത്തുടങ്ങി, സ്വിററ്സർലണ്ടിൽ. വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങൾ ഈ സഭകളിലെല്ലാംതന്നെ വിഭജനവും വരുത്തിക്കൊണ്ടിരുന്നു. ജന്മനാട്ടിലെ ഇതേ അവസ്ഥ തന്നെയാണു മററുനാടുകളിലും, പ്രത്യേകിച്ചു് അമേരിക്കയിലും ഇവർക്കു് അനുഭവിക്കേണ്ടിവന്നിട്ടുള്ളതു്. ഈ സഭകൾതമ്മിലുള്ള ഐക്യത്തിനായി നിരവധി സംഘടനകളും സംരംഭങ്ങളും ഇന്നു സംജാതമായിട്ടുണ്ടു്.

KOTTAYAM PUBLIC LIBRARY K.K. KOTTAYAM

ഈ മൂന്നുകൂട്ടരിൽനിന്നും വ്യത്യസ്തമായി, റോമൻ കത്തോലിക്കാസഭയോടു സാമ്യമുള്ളവയെയെല്ലാം നിശ്ശേഷം നിഷ്കാസനം ചെയ്തുകൊണ്ടു്, ബൈബിളിനെമാത്രം എല്ലാററിനും മാനദണ്ഡമാക്കിക്കൊണ്ടു്, പതിനാറാംനൂററാണ്ടിൽ ഇംഗ്ലണ്ടിൽ ഉടലെടുത്ത പ്യൂരിററൻ ആശയഗതിയിൽ വളർന്നു വികസിച്ച സഭകളെയാണു സ്വതന്ത്രസഭകളെന്നു വിളിക്കുന്നതു്. തികച്ചും വിഭിന്നങ്ങളായ, ഒന്നിനോടൊന്നു യോജിക്കാത്ത വിശ്വാസസംഹിതയോടും ഭരണക്രമത്തോടും ആരാധനക്രമത്തോടുംകൂടിയാണു് ഈ സഭകൾ ജനിക്കുന്നതും വളരുന്നതും. ഇവയിൽ ഏററം പ്രധാനപ്പെട്ടവ, കോൺഗ്രിഗേഷണലിസ്റ്റ് (Congregationalist), ബാപ്ററിസ്ററ് (Baptist), മെത്തോഡിസ്ററ് (Methodist), ഡിസൈപ്പിൾസ് ഓഫ് ക്രൈസ്ററ് (Disciples of Christ), ക്വാക്കേഴ്സ് (Quakers) മുതലായ സഭകളാണു്. ഇവയ്ക്കോരോന്നിനും ഉപവിഭാഗങ്ങളും ഇവയിൽനിന്നു പിളർന്ന സ്വതന്ത്രസഭകളും ധാരാളമുണ്ടു്.

അഞ്ചാമത്തെ വിഭാഗത്തെ സംയുക്തസഭകൾ എന്നാണു സംബോധനചെയ്യുക. കാരണം, വിവിധസഭകളുടെ തത്വങ്ങൾ ഒന്നിച്ചിണക്കി രൂപപ്പെടുത്തിയിട്ടുള്ള സഭകളാണിവ. ഇവിൽ പ്രഥമസ്ഥാനം കരസ്ഥമാക്കുന്നതു മൊറാവിയൻസഭ (Moravian) യാണു്. ജോൺ ഹസ്സിൻെറ തത്വങ്ങളോടു ലൂതറിൻേറയും കാൽവിൻേറയും ആശയങ്ങൾ കലർത്തി ശരിപ്പെടുത്തിയിട്ടുള്ള ഒരു സഭയാണു മൊറാവിയൻസഭ. അടുത്ത സ്ഥാനം,

ലൂതറൻസഭകളുടേയും കാൽവീനിയൻസഭകളുടേയും സംയുക്തസഭകൾക്കാണു്. ഇവയിൽ ഏററവും പ്രാധാന്യമർഹിക്കുന്നവയുടെ പേരുകൾമാത്രം നോക്കാം: "ദി ക്രിസ്ത്യൻസ് (The Christians)", "ക്രിസ്തുവിൻെറ സഭകൾ (Churches of Christ)", "ക്രൈസ്തവൈക്യം (Christian Union)", "ക്യാനഡായിലെ ഐക്യസഭ (The United Church of Canada)", "സമൂഹസഭകൾ (Commuinty Churches)". ജർമ്മനിയിലും അമേരിക്കയിലും നടന്നിട്ടുള്ള ലൂതറൻ—റിഫോമ്ഡ് സഭൈക്യങ്ങളും ഇവയിൽ ഉൾപ്പെടുത്താം. വിവിധ സഭകൾതമ്മിൽ നടന്നിട്ടുള്ള ഐക്യങ്ങളുടെ ഫലമായി ഉദയം ചെയ്തിട്ടുള്ള സഭകളേയും ഈ വിഭാഗത്തിൽപെടുത്താവുന്നതാണു്. സഭൈക്യത്തെ പ്രത്യേകം പരിഗണിക്കുന്നതുകൊണ്ടു് അവയെപ്പററി നമുക്കു പിന്നാലെ പറയാം.

**സമൂഹങ്ങൾ** (Sects)

സഭകൾ എന്നു സംബോധനചെയ്യപ്പെടാൻതക്കവണ്ണം ഭരണക്രമമോ വിശ്വാസസംഹിതയോ ആരാധനക്രമമോ ഇല്ലാത്ത നവീകൃതപ്രസ്ഥാനങ്ങളെയാണു "സമൂഹങ്ങൾ" എന്ന സംജ്ഞകൊണ്ടു വിവക്ഷിക്കുന്നതു്. ഈ സമൂഹങ്ങളെല്ലാംതന്നെ ഏതെങ്കിലുമൊരു സഭയിൽനിന്നു ഭിന്നിച്ചുപോന്നവയോ, ചില പ്രത്യേകതകളോടു് എതിർത്തു സ്ഥാപിതമായവയോ, സഭകളുടെ അപര്യാപ്തതയിൽ വിശ്വസിച്ചു ചില വ്യക്തികൾ നടത്തിയ സുവിശേഷഘോഷണത്തിൻെറ ഫലമാ

യി രൂപംകൊണ്ടവയോ ആണു്. വളരെ ഏറെയുണ്ടു്, ഇവയുടെ എണ്ണം. ഇന്നും ഇത്തരം സമൂഹങ്ങൾ സംജാതമായിക്കൊണ്ടിരിക്കുകയാണു്, പ്രോട്ടസ്റ്റൻറു സഭാതലത്തിൽ. ഇവയിൽ ചിലതു് അംഗസംഖ്യകൊണ്ടു വളരെ വലിതുതാണെന്നു സമ്മതിക്കണം. എന്നാൽ, ചിലതു് അങ്ങേയററം ചെറുതുമാണു്, അംഗസംഖ്യയുടെ കാര്യത്തിൽ.

660,000-ത്തോളം അംഗസംഖ്യയും നാലോളം വ്യത്യസ്തപ്രസ്ഥാനങ്ങളുമുള്ള ഇർവിൻജസ്സ്.(Irvingites) കളും, രണ്ടു വലിതും മൂന്നു ചെറിയതുമായ വിഭിന്ന സമൂഹങ്ങളിൽപ്പെടുന്ന 1,700,000-ത്തോളം അംഗങ്ങളുള്ള മോർമൊൺസും (Mormons), പതിമൂന്നു വലിയ വിഭാഗങ്ങളോടുകൂടിയ ഒരു ജനറൽ കോൺഫ്റൻസും പതിനേഴോളം വിഭിന്ന പ്രസ്ഥാനങ്ങളും 1,8000,000-ത്തോളം അംഗസംഖ്യയുമുള്ള അഡ്വെൻറിസ്ററു (Adventists) കളും, അഞ്ചു വ്യത്യസ്ത സമൂഹങ്ങളിലായി 832,170-തോളം അംഗങ്ങളുള്ള യഹോവായുടെ സാക്ഷി (Jehovah's Witnesses) കളും 6,000,000-ത്തോളം * അംഗസംഖ്യയുള്ള, നിരവധി സ്വതന്ത്രപ്രാദേശികസഭകളായി വിഭിന്നിച്ചുനില്ക്കുന്ന

---

* സ്ഥിതിവിവരക്കണക്കുകൾ Korerad Algerimissen ൻെറ "Christian Sects" (Faith and Fact Books. 139). എന്ന ബുക്കിൽനിന്നു് എടുത്തിട്ടുള്ളതാണു്. 1962 ലാണു് ഈ ബുക്കിൻെറ പ്രസിദ്ധീകരണം.

പന്തക്കുസ്താക്കാരുമാണ് ഇവയിൽ ഏററം പ്രാധാന്യമർഹിക്കുന്ന സമൂഹങ്ങൾ. ഈ നാലു സമൂഹങ്ങളുടേയും വിഭാഗങ്ങളെ പരിഗണിക്കുകയാണെങ്കിൽ, അവയുടെ പേരുകൾമാത്രം എഴുതുവാൻ കുറഞ്ഞതു നാലു പേജുകളെങ്കിലും വേണം.

ഇനിയും, ഈ വലിയ സമൂഹങ്ങളിലെങ്ങും ഉൾപ്പെടാത്ത നിരവധി സ്വതന്ത്രസമൂഹങ്ങളുണ്ടു്: നാസറീൻസ് (Nazarenes), ഷെപ്പേഡ് ആൻറ് ഫ്ളോക്കു് (Shepherd and Flock), ദി ഹൊർപ്പിനൈററ്സ് (The Horpenites), ദി ജററിസുബൺഡ് തനാത്രാ (The Gettesbund Tanatra), ഫാദർ ഡിവയിൻ (Father Divine and His Followers), തെയോസോഫിസ്ററ് (Theosophists), ആന്ത്രോപോസോഫിസ്ററ് (Anthroposophists), ദി യൂണിററിസ്കൂൾ ഓഫ് ക്രിസ്ത്യാനിററി (The Unity School of Christianity), ദി ന്യൂ സ്പിരിററ് മൂവ്മെൻറ് (The New Spirit Movement), ക്രിസ്ത്യൻ സയൻസ് (Christian Science), മസ്ദാസ്നാൻ മൂവ്മെൻറ് (The Mazdaznan Movement), ഗ്രെയിൽ മൂവ്മെൻറ് (The Grail Movement) മുതലായവ. ഇവയിലൊന്നും ഉൾപ്പെടാത്തതായി ഇനിയും ഏകദേശം 300 വ്യത്യസ്ത സമൂഹങ്ങൾ നിലവിലുണ്ടു്. മിഷൻനാട്ടുകളിലേക്കു നോക്കിയാൽ, ഇവയുടെ എണ്ണവും വൈവിധ്യങ്ങളും ആരെയും അമ്പരപ്പിക്കുന്നതാണു്. 1957-ലെ കണക്കനുസരിച്ചു ദക്ഷിണാഫ്റിക്കൻ യൂണി (Union of South Africa) യ

നിൽത്തന്നെ 1200 * വ്യത്യസ്ത ക്രിസ്തീയസമൂഹങ്ങൾ ഉണ്ടായിരുന്നെന്നു വരുമ്പോൾ മിഷൻനാടുകളിലെ ക്രിസ്തുമതത്തിൻെറ നില എത്ര പരിതാപകരമാണെന്ന് ഊഹിക്കാമല്ലോ.

### പഴയ കത്തോലിക്കർ

മേൽവിവരിച്ച ക്രൈസ്തവസഭകളിലോ സമൂഹങ്ങളിലോ ഒന്നും ഉൾപ്പെടാത്ത ഒരു വിഭാഗം ക്രിസ്ത്യാനികളുണ്ട്; അവർ സ്വയം സംബോധനചെയ്യുന്നത് "പഴയ കത്തോലിക്കർ (Old Catholics)" എന്നാണ്. 1870 ജൂലൈ 18-ാം തീയതി ഒന്നാം വത്തിക്കാൻ സൂനഹദോസു നിർവ്വചിച്ച 'പാപ്പായുടെ അപ്രമാദിത്വ'ത്തിന്നെതിരായി സഭവിട്ടവരാണ് ഇവരിൽ അധികവും. 1960-ൽ ഇവരുടെ ഐക്യസഭയ്ക്കു് (Utrecht Union of Old Catholic Churches) 12 മെത്രാന്മാരും 35 വൈദികരും 600,000-ത്തോളം വിശ്വാസികളും ഉണ്ടായിരുന്നതായി കാണുന്നു. ഇവരെക്കൂടാതെ റോമാസഭയിൽനിന്നു പിരിഞ്ഞുപോയ മററു പല ദേശീയ സ്വതന്ത്രസഭകളുമുണ്ട്: പോളണ്ടിൽ ഈ സഭകൾക്കു 38,000 പേരും സേർബിയായിൽ 3000 പേരും സ്ലോവേനിയായിൽ 3000 പേരും ഫിലിപ്പയിൻസിൽ %500,000 പേരും സ്പെയിനിൽ 1,200 പേരും പോർട്ടുഗലിൽ 1000 ത്തോളംപേരും അംഗങ്ങളായുണ്ടെന്നു കണക്കാക്കപ്പെട്ടി

---

* R. J. W. BEVAN Ed. *Churches and Christian Unity*, Oxford University Press, New York Toronto, 1963. p. 18

രിക്കുന്നു. ഇവയെല്ലാന്നും റോമാസഭയുമായി വലിയ അന്തരങ്ങളില്ല. പാപ്പായുടെ അപ്രമാദിത്വത്തെ അംഗീകരിക്കുന്നില്ല എന്നതൊഴിച്ചാൽ ഇവയെ എല്ലാം തന്നെ റോമാസഭയുടെ ഭാഗങ്ങളായി കണക്കാക്കാവുന്നതാണു്. *

## 4 വിഭജനത്തിൻെറ വിത്തുകൾ

ക്രിസ്തുമതത്തിലുണ്ടായ പരിതാപകരമായ ഈ വിഭജനങ്ങൾ, ക്രിസ്തുവിൻെറ ശരീരത്തിൽ നടത്തിയ നിഷ്കരുണമായ ഈ പിച്ചിച്ചീന്തൽ, ക്രിസ്തുവിൻെറ പ്രസ്പഷ്ടഹിതത്തിനു വിപരീതമാണെന്നു പറയേണ്ടതില്ലല്ലോ. തൻെറ അനുയായികൾ ഒന്നായിരിക്കണമെന്നു് അവിടുന്നു് അഭിലഷിച്ചു. അവരൊന്നായിരിക്കേണ്ടതിന്നു് അവിടുന്നു പ്രാർത്ഥിച്ചു. പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിൻെറ മാതൃകയിലുള്ള ഐക്യമാണു തൻെറ അനുയായികളിൽ, അവരുടെ സമൂഹവും ദൈവവും തമ്മിൽ, ഉണ്ടാകണമെന്നു് അവിടുന്നു് അഭിലഷിച്ചതു്. മാത്രമല്ല, ഈ ഐക്യത്താലും ഇതിൽനിന്നുൽഭൂതമാകുന്ന സഹോദരസ്നേഹത്താലുമായിരിക്കണം ലോകം തൻെറ അനുയായികളെ തിരിച്ചറിയേണ്ടതു്. ദിവ്യനാഥൻെറ ഈ അഭീഷ്ടവും പ്രാർത്ഥനയുമെല്ലാം വി

---

* സഭകളുടേയും സമൂഹങ്ങളുടേയും ആകെ കുഴഞ്ഞുമറിഞ്ഞ ഈ വിഭിന്നതയെ ശരിക്കു് ഒററനോട്ടത്തിൽ ഗ്രഹിക്കണമെങ്കിൽ അനുബന്ധം 2 നോക്കുക.

സ്മൃതകോണിൽ ഉപേക്ഷിക്കുവാൻ ക്രിസ്ത്യാനികൾ ധൈര്യപ്പെട്ടു. ഫലമോ, ലജ്ജാകരമായ വിഭജനങ്ങളും വിഭിന്നതകളും, ക്രിസ്തുമതത്തിൻെറ ക്രിസ്തീയമല്ലാത്ത ഇന്നത്തെ പരിതാപകരമായ അവസ്ഥയും.

ഓരോ സഭക്കാരും വാദിക്കുകയാണ്, തങ്ങളുടേതാണ് ക്രിസ്തുവിൻെറ യഥാൎത്ഥസഭയെന്ന്. മാത്രമല്ല, മററുസഭകൾ യഥാൎത്ഥസഭകളല്ലെന്നും, അവർ പഠിപ്പിക്കുന്നതെല്ലാം അബദ്ധങ്ങളാണെന്നും സമൎത്ഥിക്കുവാൻ ഓരോരുത്തരും തങ്ങളുടെ കഴിവിൻെറ പരമാവധി ശ്രമിക്കുകയായി. ഫലമോ, പില്ക്കാലതലമുറയിൽ, യുവജനങ്ങളിൽ, ക്രിസ്തീയവിശ്വാസം അപ്രത്യക്ഷമാകാൻ തുടങ്ങി. ചിന്തിക്കുവാനും കാര്യകാരണങ്ങളാരായുവാനും മുതിർന്നവർക്കു ക്രിസ്തുമതം മററുമതങ്ങളിൽനിന്നു വിഭിന്നമാണ്, ദൈവസ്ഥാപിതമാണ്, എന്നു സമ്മതിക്കുവാൻ പ്രയാസമായിത്തുടങ്ങി. ക്രിസ്തീയജീവിതത്തിനുണ്ടായിരുന്ന ആകർഷണീയത അവസാനിക്കുകയായി. പലരും പലവിധത്തിൽ വിശ്വസിക്കുകയും പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ക്രിസ്തീയ തത്വങ്ങൾ അവയിൽത്തന്നെ പരസ്പരവിരുദ്ധങ്ങളായി പ്രത്യക്ഷപ്പെട്ടു. പിന്നെ എങ്ങനെ അവയിൽ അടിയുറച്ചു വിശ്വസിക്കാൻ പററും!

### നിരീശ്വരപ്രസ്ഥാനങ്ങൾ

ക്രിസ്തീയ വിഭിന്നതകളുടെ പ്രഥമ പ്രതിഫലനമായ ഈ വിശ്വാസരാഹിത്യത്തിലാണ് നിരീശ്വരപ്ര

സ്ഥാനങ്ങൾ യൂറോപ്യൻരാജ്യങ്ങളിൽ ശക്തി പ്രാപിച്ചതു്. സ്കെപ്ററിസിസം, നാച്ചുറലിസം, മററിരിയലിസം, കമ്മ്യൂണിസം, ശാസ്ത്രീയഹ്യൂമനിസം തുടങ്ങിയ "ഇസ"ങ്ങൾ ശക്തി പ്രാപിച്ചതും ദൂരവ്യാപകങ്ങളായ ഫലങ്ങൾ പുറപ്പെടുവിച്ചതുമെല്ലാം ക്രിസ്തീയവിഭജനത്തിൻെറ ഫലങ്ങളാണു്. നാസ്സിസം, ഫാസിസം തുടങ്ങിയ വൈയക്തികവും സാമൂഹികവുമായ പ്രസ്ഥാനങ്ങൾ ശക്തിപ്പെട്ടതും അവസാനം രണ്ടു ലോകമഹായുദ്ധങ്ങളിൽ കലാശിച്ചതുമെല്ലാം ക്രൈസ്തവാനൈക്യത്തിൻെറയും തൽഫലമായുണ്ടായ വൈരാഗ്യമനഃസ്ഥിതിയുടേയും ഫലമല്ലാതെ മററെന്താണു്! ലോകജനത ഇന്നു് അടിക്കടി നിരീശ്വരപ്രസ്ഥാനങ്ങളിലേക്കു വഴുതിവീണുപോകുന്നെങ്കിൽ, ക്രിസ്തീയാനൈക്യവും അതിനു കാരണമായിട്ടുണ്ടു്.

## പ്രേഷിതരംഗത്തു്

ക്രിസ്തീയാനൈക്യം അതിൻെറ ഏററവും വലിയ പ്രഹരം ഏല്പിച്ചതു പ്രേഷിതരംഗത്താണു്. ക്ഷമിക്കുവാനും സ്നേഹിക്കുവാനും സ്വന്തം സഹോദരനെ "ഭോഷ"നെന്നുപോലും വിളിക്കാതിരിക്കുവാനും പഠിപ്പിച്ച ക്രിസ്തുനാഥൻെറ സുവിശേഷം പ്രസംഗിക്കുന്നവർതന്നെ പരസ്പരം കലഹിക്കുകയും കുററം പറയുകയും പാഷണ്ഡരെന്നു മുദ്രയടിക്കുകയും ചെയ്താൽ ആരാണു് അവരെ ശ്രവിക്കുവാൻ ഇഷ്ടപ്പെടുന്നതു്. കാൾബാത്തിൻെറ (Karl Barth) ഭാഷയിൽ പറഞ്ഞാൽ "മിഷൻരാജ്യങ്ങളിൽ സഭയേയില്ല. അവിടെ പരസ്പരം കലഹിക്കുന്ന

പ്ലതുമുണ്ടു് അതുകൊണ്ടു്, മിഷൻരാജ്യങ്ങളിൽ സംഭവിക്കുന്ന ആത്മീയവും ഭൗതികവുമായ ശക്തിക്ഷയം, നഷ്ടം, എത്ര വലുതാണെന്നോ! എങ്ങനെ അവിടങ്ങളിൽ സുവിശേഷം ശ്രുവിക്കപ്പെടുവാനാണു്! ഉപരിപ്ലവകേൾവിക്കാരനു് അതെത്രയോ അരോചകമായിരിക്കും! കാര്യമായി ശ്രുവിക്കുന്നവനു് അതു് എത്രയോ ഭയങ്കരമായി അനുഭവപ്പെടും!"*

ശരിയാണു്, ഈ കഴിഞ്ഞ രണ്ടു നൂററാണ്ടുകളിലായി പ്രോട്ടസ്റ്റൻറു സഭാവിഭാഗങ്ങൾ നടത്തിയിട്ടുള്ള മിഷൻപ്രവർത്തനം അത്ഭുതകരംതന്നെ. പ്രേഷിതചൈതന്യത്താൽ പ്രചോദിതരായ ലക്ഷക്കണക്കിനു വ്യക്തികളാണു പ്രേഷിതരംഗത്തേക്കു തിക്കിക്കയറിയതു്; ജീവിതം മുഴുവൻ സഹനത്തിൻെറ തീച്ചൂളയിലേക്കു വലിച്ചെറിഞ്ഞതു്; വീടും നാടും വിട്ടു കാടും മേടും, മലയും മലയോരങ്ങളും തിരക്കി, പകർച്ചവ്യാധികളെയോ ഭയങ്കരജീവികളെയോ ഭയപ്പെടാതെ ജീവൻപോലും ബലികഴിച്ചുകൊണ്ടു ക്രിസ്തുവിൻെറ രാജ്യം പ്രസംഗിച്ചുപരത്തുവാനായി രംഗത്തു വന്നതു്. എന്തുമാത്രം ധനവും ആരോഗ്യവുമാണെന്നോ ഈ രണ്ടു മൂന്നു നൂററാണ്ടുകളിലായി മിഷനറിമാർ വ്യയം ചെയ്തിട്ടുള്ളതു്! എന്നിട്ടും, ഇന്നും ലോകത്തിൻെറ വലിയൊരുഭാഗം ക്രിസ്തുവിൻെറ സമാധാനസന്ദേശം, നിത്യജീവൻെറ സന്ദേ

---

* CHARLES BOYER, S. J. "*Christian Unity and the Eeumenical Movemeni.*" Faith and Fact, 138. Burns and Oath, London, p 26.

ശം, സ്വീകരിക്കുവാൻ തയ്യാറായിട്ടില്ല.

വിഭജനങ്ങൾക്കെല്ലാംമുമ്പുള്ള സഭാചരിത്രം പരിശോധിച്ചാൽ കാണാം, എന്തുമാത്രം വിജയപ്രദമായിരുന്നു സഭയുടെ മിഷൻപ്രവൎത്തനങ്ങളെന്നു്. അവൾ മിഷൻ പ്രവൎത്തനം ശരിക്കു നടത്തിയിട്ടുള്ള ദേശങ്ങളെല്ലാംതന്നെ, ജാതികളെല്ലാംതന്നെ, പൂൎണ്ണമായും ക്രിസ്തുമതം സ്വീകരിച്ചതായാണു കാണുന്നതു്. ജൎമ്മൻസിനേയും സ്ലാവ്സിനേയും ബാൾസിയേയും (Batts) മഗ്യാർസിനേയും (Magyars)പരിപൂൎണ്ണമായും ക്രിസ്തീയമാക്കുവാൻ റോമാസഭയ്ക്കു കഴിഞ്ഞതു വിഭജനത്തിനുമുമ്പാണു്. വെസ്റ്റിൻഡീസും ഫിലിപ്പയിൻ ദ്വീപുകളും മദ്ധ്യദക്ഷിണ അമേരിക്കകളും പരിപൂൎണ്ണക്രൈസ്തവമാക്കാൻ സഭയ്ക്കു കഴിഞ്ഞതു മതനവീകരണത്തിനും സഭാവിഭജനത്തിനുമെല്ലാം തൊട്ടുമുമ്പാണു്. ഉത്തരയമേരിക്കയുടെ ദക്ഷിണഭാഗമായ ഫ്ളോറിഡാ, ററെക്സാസ്, കാലിഫോർണിയാ തുടങ്ങിയ സ്ഥലങ്ങൾ മുഴുവൻതന്നെ ക്രിസ്തീയമായിക്കൊണ്ടിരിക്കവേയാണു പ്രോട്ടസ്റ്റൻറുകാരുടെ വലിയ വിഭജനവും തന്മൂലമുണ്ടായ പ്രേഷിതചൈതന്യസ്തംഭനവും സംഭവിച്ചതു്. അന്നു്, അതു സംഭവിക്കാതിരുന്നെങ്കിൽ തെക്കേ അമേരിക്കയെതന്നെപ്പോലെ വടക്കേ അമേരിക്കയും പരിപൂൎണ്ണമായും കത്തോലികമാകുമായിരുന്നു. പ്രോട്ടസ്റ്റൻറുകാരുടെ പ്രേഷിതചൈതന്യം നിരവധിസഭകളെ വടക്കേ അമേരിക്കയിൽ നട്ടു; അവയെല്ലാം പരസ്പരം കലഹിച്ചുകൊണ്ടു വളരാൻ ശ്രമിച്ചു എന്നല്ലാതെ വടക്കേ അമേരിക്ക മുഴുവൻ ക്രിസ്തീയമാക്കുവാൻ അവയ്ക്കു് ഇന്നും സാധിച്ചിട്ടില്ല.

ഇതുതന്നെയാണ് ഇൻഡ്യാ, ചൈനാ, ജപ്പാൻ മുതലായ മിഷൻരംഗങ്ങളിലും സംഭവിച്ചതു്. പരസ്പരം കലഹിക്കുന്ന നൂറുനൂറുസഭകളെ അവിടങ്ങളിലെല്ലാം നട്ടുവളത്തുവാൻ പരിശ്രമിക്കുകയല്ലാതെ ആ രാജ്യങ്ങളെ മുഴുവനായി ക്രിസ്തുവിനു സമർപ്പിക്കുവാൻ ഈ സഭകൾക്കൊന്നിനും കഴിഞ്ഞിട്ടില്ല. മിഷൻരംഗങ്ങളിലുണ്ടായ ഈ കട്ടത്ത പരാജയം വാസ്തവത്തിൽ ഒരനുഗ്രഹമായാണു ഭവിച്ചതു്. പരാജയകാരണം ആരായാൻ തുടങ്ങിയ, പരാജയത്തെപ്പററി ചിന്തിക്കുവാൻ തുടങ്ങിയ, പ്രേഷിതവീരന്മാർ കണ്ടുപിടിച്ചു, പരാജയകാരണം ക്രൈസ്തവസഭയുടെ വിഭജനമാണെന്നു്. ക്രിസ്തുവിനുവേണ്ടി എല്ലാം ത്യജിച്ചു്, സ്വയം ത്യജിച്ചു പ്രേഷിതരംഗങ്ങളിലേക്കു് ഓടിയെത്തിയ ആ ത്യാഗധീരന്മാർക്കു സഭാവിഭജനം ഒരു വിലങ്ങുതടിയായി ബോധപ്പെട്ടു. വിഭജനം അവസാനിപ്പിക്കാതെ, വിഭക്തസഭകൾ ഒന്നാകാതെ തങ്ങൾക്കു ജയിക്കുവാൻ സാധിക്കുകയില്ലെന്നു് അവർക്കു മനസ്സിലായി. അടിയുറച്ച ഈ അവബോധത്തിൻെറ ബഹിസ്ഫുരണമാണു് 1910-ൽ എഡിൻബർഗിൽ കൊളുത്തപ്പെട്ട എക്യുമെനിസത്തിൻെറ ദീപശിഖ.

# II

# പുനരൈക്യശ്രമങ്ങൾ

## 1 ആരംഭംമുതൽ

സഭയിൽ ഉണ്ടായ വിഭജനങ്ങളിൽ ഏറിയഭാഗവും വിശ്വാസവിഷയങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങളുടെ ഫലമാണ്. എന്നാൽ, അവയെല്ലാംതന്നെ പരിഹരിക്കുന്നതിനും വിഭജനത്തെ തടയുന്നതിനും സഭ ആദ്യകാലംമുതലേ ഉത്സുകയായിരുന്നു. അപ്പസ്തോലന്മാരുടെകാലത്തു സംഭവിച്ച അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞൊതുക്കുവാൻ ജെറുസലേമിൽ സഭയുടെ പ്രഥമ സൂഹദോസു സമ്മേളിച്ചതായി നാം നടപടിപ്പുസ്തകത്തിൽ വായിക്കുന്നു. മാത്രമല്ല, എവിടെയെങ്കിലും അഭിപ്രായവ്യത്യാസമോ വിഭജനാരംഭമോ ഉണ്ടായെന്നറിയുമ്പോഴേക്കും അവിടേക്ക് അപ്പസ്തോലന്മാർ ലേഖനങ്ങൾ അയയ്ക്കുകയായി. വിശ്വാസസത്യങ്ങളുടെ പവിത്രതയെ പാലിക്കുവാൻ അവർ എപ്പോഴും ഉത്സുകരാ

യിരുന്നു എന്നു് ഈ ലേഖനങ്ങൾ വ്യക്തമാക്കുന്നു. ഇനിയും, യഥാൎത്ഥവിശ്വാസത്തോടു് ഒരുവിധത്തിലും യോജിക്കാൻ സാധിക്കാത്തവരെ, സത്യവിശ്വാസത്തിനു വിപരീതമായി ഇനി മാലാഖമാർതന്നെ വന്നു പ്രസംഗിച്ചാലും അവരെ സഭയ്ക്കു പുറത്തുനിറുത്തുവാൻ ആവശ്യപ്പെടുകയാണു് അപ്പസ്തോലന്മാർ.

അപ്പസ്തോലന്മാരുടെ മരണശേഷം സഭാതലത്തിൽ പ്രത്യക്ഷപ്പെട്ട ഗ്നോസ്റ്റിസിസത്തിനെതിരായി ഫ്റാൻസിൽ ഇരണേവൂസും ആഫ്റിക്കയിൽ തെർത്തുല്യനും റോമിൽ ഹിപ്പോളിററസും അലക്സാൺട്രിയായിൽ ക്ലെമെൻറും ഒറിജനും എഴുതുകയും പ്രസംഗിക്കുകയുമെല്ലാം ചെയ്തതായി ആദിമക്രൈസ്തവചരിത്രം വ്യക്തമാക്കുന്നുണ്ടു്. ആ അബദ്ധസിദ്ധാന്തങ്ങളിൽനിന്നും സഭയുടെ വിശ്വാസസത്യങ്ങളെ സംരക്ഷിക്കുകയും അവയിൽപെട്ടുപോയ വിശ്വാസികളെ തിരിച്ചുകൊണ്ടുവരുകയുമായിരുന്നു, അവരുടെ ഉദ്ദേശ്യം. മാസിഡോണിയൻ സിദ്ധാന്തങ്ങളിൽനിന്നും സഭയെ സംരക്ഷിക്കുവാൻ പണ്ഡിതനായ പോളിക്കാർപ്പും മെത്രാന്മാരും ആവുന്നതു ശ്രമിച്ചു. അവസാനം, യാതൊരു രക്ഷയുമില്ലാതെവന്നപ്പോൾ മാസിഡോണിയനേയും കൂട്ടരേയും മെത്രാന്മാർ മഹറോൻചൊല്ലി; അതായതു്, സഭയ്ക്കു പുറത്താക്കി. ഈസ്റ്റർദിവസത്തെച്ചൊല്ലിയുണ്ടായ കലഹം അവസാനിപ്പിക്കുവാൻ കഴിവുള്ളിടത്തെല്ലാം സിനഡുകൾ സമ്മേളിക്കുവാൻ വിക്ടർപാപ്പാ (189-199) ഉത്തരവിട്ടു. ലയൺസിലും റോമിലും ഏഷ്യയിലും ഫ്ളോറൻസിലും സി

റിയായിലും പലസ്തീനായിലും ഈസ്റ്റർദിവസത്തെക്കുറി ച്ചു ചർച്ചചെയ്യുവാൻ സിനഡുകൾ സമ്മേളിച്ചതായും ചരിത്രം തെളിവു നല്കുന്നുണ്ട്. സാർവ്വത്രികസഭയുടെ അ ഭിപ്രായത്തോടു യോജിക്കാതിരുന്നവരെ അന്നും സഭയ്ക്കു പുറത്താക്കുകയുണ്ടായി. മോൻറാനിസത്തെ നേരിടുവാ നും പല സിനഡുകൾ സമ്മേളിച്ചതായും സിപ്രിയാനൂ സ്മാർപ്പാപ്പാ അവരെ മഹറോൻചൊല്ലിയതായും വ്യ ക്തമാണ്.

മനിക്യയിസം, നൊവേഷ്യനിസം, അഡോപ്ഷ്യ നിസം മുതലായ പ്രസ്ഥാനങ്ങളേയും നേരിടുവാൻ സഭ സിനഡുകൾ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായങ്ങ ളിൽ അബദ്ധങ്ങളായുള്ളവയെ വെളിച്ചത്തുകൊണ്ടു വന്നു. അവസാനം, മഹറോൻശിക്ഷകൊണ്ടൊന്നും ഫ ലമില്ലെന്നു കണ്ടപ്പോൾമാത്രമാണു രാഷ്ട്രിയാധികാരി കളുടെ സഹായത്തോടുകൂടെ ഈ അബദ്ധസിദ്ധാന്തങ്ങ ളെ നശിപ്പിക്കുവാൻ മെത്രാന്മാർ പരിശ്രമിച്ചതു്.

നാലാംനൂററാണ്ടിലെ പ്രസ്ഥാനങ്ങളായ ഡൊണാ ററിസം, അപ്പൊള്ളിനാരിയനിസം, മാസിഡോണിയ നിസം, പ്രസില്ലിയനിസം തുടങ്ങിയവയേയും സിനഡു കൾകൊണ്ടും മഹറോൻശിക്ഷകൾകൊണ്ടുമാണു സഭ നേരിട്ടതു്. ആരിയനിസത്തെപ്പററി പഠിക്കുവാനും ചർ ച്ചചെയ്യുവാനുംതന്നെ ഇരുപതിൽപ്പരം സിനഡുകളും ഒരു സാർവ്വത്രികസൂനഹദോസും നടന്നതായി കാണാം. പണ്ഡിതനായ ആഗുസ്തീനോസിൻെറ തൂലികയും പ്ര സംഗങ്ങളും ഡോണാററിസ്റ്റുകളെ തിരുത്തി തിരിച്ചു

കൊണ്ടുവരുവാനാണു പ്രയോഗിക്കപ്പെട്ടതു്. സഹോദരപരമായ തെററുതിരുത്തലുകൾകൊണ്ടും വഴങ്ങാതെ വന്നവരെ സഭയ്ക്കു പുറത്താക്കേണ്ടതായിത്തന്നെ വന്നു.

അഞ്ചാംനൂററാണ്ടിന്റെ പ്രശ്നങ്ങളായ പെലാജിയനിസം, നെസ്തോറിയനിസം, മോണോഫിസിററിസം, അക്കേഷ്യൻസിസം, തെയോപാഷ്യനിസം, ഒറിജിനിസം മുതലായവയ്ക്കും ഇതേ പ്രതികരണമാണു സഭയിൽനിന്നുണ്ടായതു്. മോണോതെലിററിസവും പ്രതിമാഭഞ്ജനവും പീററർ ലിയോണിയുടെ ശീശ്മയും ബ്രൂയിസിന്റെ പാഷണ്ഡതയും ബാർബറോസായുടെ അധികാരപ്രമത്തതയും ആൽബിജൻസിയൻ പാഷണ്ഡതയും വാൽഡൻസ്യനിസവും മൂന്നു പാപ്പാമാരുടെ ശീശ്മയും ഹുസ്സിസ്സവുമെല്ലാം സിനഡുകളിലും സൂനഹദോസുകളിലും പഠനവിഷയമാക്കി പരിഹരിക്കുവാനാണു സഭ പരിശ്രമിച്ചിട്ടുള്ളതു്. സൂനഹദോസുകളുടെ തീരുമാനം അംഗീകരിക്കാത്തവരെ എന്നും സഭാഭ്രഷ്ടരാക്കുകയായിരുന്നു പതിവു്. പിന്നെ രാഷ്ട്രീയമായി സഭയ്ക്കു സ്വാധീനമുണ്ടായിരുന്നപ്പോഴൊക്കെ ഭൗതികശക്തിയും ഉപയോഗപ്പെടുത്തിയിട്ടുണ്ടു്, ഈ അബദ്ധങ്ങളെ അവസാനിപ്പിക്കുവാൻ. അബദ്ധത്തിൽവീണുപോയവരെ തിരുത്തിയെടുക്കുവാനുള്ള ഒരു വെമ്പലാണു സഭയുടെ ഈവിധ പ്രവൎത്തനങ്ങളിലെല്ലാം നാം കാണുക. ശേഷിക്കുന്നവർ അബദ്ധങ്ങളിൽ വീണുപോകാതിരിക്കുവാനുള്ള അവരുടെ ഉൽക്കണ്ഠയും വ്യക്തമാണു്.

## 2 ഐക്യസൂനഹദോസുകൾ

അഭിനവ തത്വങ്ങൾ അരംഗത്തെത്തുമ്പോൾ അവയെ അവഗാഢം പഠിക്കുവാനും അവയിൽ അബദ്ധങ്ങളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുവാനുമാണു സാധാരണ സഭയിൽ സിനഡുകളും സൂനഹദോസുകളും സമ്മേളിച്ചിട്ടുള്ളതു്. എന്നാൽ, ലയൺസിലെ രണ്ടാംസൂനഹദോസും ഫ്ളോറൻസിലെ സൂനഹദോസും ട്രെൻറു സൂനഹദോസും സമ്മേളിച്ചതു സഭൈക്യത്തിനായാണു്. ഇവയിൽ, ട്രൻറു സൂനഹദോസിനെ ഒഴിച്ചാൽ ബാക്കി രണ്ടും കിഴക്കൻസഭകളുടെ ഐക്യത്തെ മുൻനിറുത്തിയുള്ളവയാണെന്നു കാണാം.

### ലയൺസിലേ രണ്ടാംസൂനഹദോസ്

ചെറുളാരിയൂസ് പാത്രിയാർക്കീസിൻെറ കാലശേഷമുണ്ടായ സംഭവവികാസങ്ങളും, കുരിശുയുദ്ധക്കാരുടെ കൊള്ളയും കൊള്ളിവെയ്പും, അവർ കോൺസ്റ്റാൻറിനോപ്പിളിൽ സ്ഥാപിച്ച ലത്തീൻ പാത്രിയാർക്കീസ്സ്ഥാനവും ലത്തീൻസാമ്രാജ്യവുമെല്ലാം, റോമാക്കാരെ അങ്ങേയററം വെറുക്കുവാൻ ഗ്രീക്കുകാരെ പ്രേരിപ്പിച്ചു. അവസാനം, 1261-ൽ ലത്തീൻകാരുടെ ഭരണത്തിൽനിന്നും മൈക്കൾ ഒന്നാമൻ ചക്രവത്തി ഗ്രീക്കുകാരെ സ്വതന്ത്രരാക്കി. പക്ഷേ, പുറത്തുനിന്നുള്ള മുഹമ്മദീയരുടേയും ഫ്റഞ്ചുകാരുടേയും ആക്രമണസന്നാഹങ്ങളും അകത്തുണ്ടായ ചില അരാജകതത്വങ്ങളും മൈ

ക്കിം ചക്രവത്തിയെ പരിഭ്രാന്തനാക്കി. അത്യധികം കഷ്ടപ്പെട്ടു താൻ പുനഃസ്ഥാപിച്ച ഗ്രീക്കുസാമ്രാജ്യം വീണ്ടും തകരുമോ എന്നു ഭയപ്പെടുകയായി, ചക്രവത്തി. രക്ഷയ്ക്കുള്ള സകല മാർഗ്ഗങ്ങളെപ്പററിയും അദ്ദേഹം പര്യാലോചിച്ചു. പടിഞ്ഞാറിൻെറ സഹായംകൂടാതെ മുഹമ്മദീയരുടെ ഭീഷണിയിൽനിന്നു രക്ഷ നേടുവാൻ സാധിക്കുകയില്ലെന്നും മാർപ്പാപ്പായോടു് ഐക്യപ്പെടാതെ ഫ്റഞ്ചുകാരെ പിന്തിരിപ്പിക്കുവാൻ അസാദ്ധ്യമാണെന്നും ബോധപ്പെട്ട ചക്രവത്തി മാർപ്പാപ്പായെ സമീപിച്ചു, സഭൈക്യത്തിനായി. ഇരു സഭകളും തമ്മിലുള്ള പ്രശ്നങ്ങൾ ചർച്ചചെയ്തു അവസാനിപ്പിച്ചുകൊണ്ടു സുസ്ഥിരമായ ഐക്യത്തിലെത്തുവാനാണു മാർപ്പാപ്പാ സന്നദ്ധനായതു്. അതിൻെറ ഫലമാണു 1274 മേയ് 7-ാം തീയതി ലയൺസിൽ സമ്മേളിച്ച സഭയുടെ പതിന്നാലാമത്തെ സാർവ്വത്രികസൂനഹദോസ്. ഉൽഘാടനപ്രസംഗത്തിൽ ഗ്രിഗരിമാർപ്പാപ്പാ വ്യക്തമാക്കി, ഗ്രീക്കുകാരുടെ പുനരൈക്യം, വിശുദ്ധ സ്ഥലങ്ങളുടെ വീണ്ടെടുപ്പു്, ക്രൈസ്തവലോകത്തിൻെറ സാന്മാർഗ്ഗിക നവോത്ഥാനം എന്നിവയാണു സൂനഹദോസിൻെറ ലക്ഷ്യങ്ങൾ എന്നു്. മൂന്നുമാസം നീണ്ടുനിന്ന ഈ സൂനഹദോസ് ഗ്രീക്കുകാരുടെ ആക്ഷേപങ്ങളെല്ലാം ശരിക്കു വിശദീകരിച്ചു പഠിച്ചു. ദിവ്യബലിക്കു പുളിക്കാത്ത അപ്പം ഉപയോഗിക്കുന്നതും ശനിയാഴ്ച ഉപവസിക്കുവാൻ ആവശ്യപ്പെടുന്നതും നോമ്പുകാലത്തു പാലുപയോഗിക്കുന്നതും വൈദികർ താടിവളത്താതിരിക്കുന്നതും വിവാഹി

തരായ ഗ്രീക്കു വൈദികരെ പുഛരിക്കുന്നതും വിശ്വാസ പ്രമാണത്തിൽ "പുത്രനിൽനിന്നും" (Filioque) എന്നു കൂട്ടിച്ചേർത്തതുമെല്ലാം പണ്ഡിതരും വിശുദ്ധരുമായ ബൊനവഞ്ചർ, മഹാനായ ആൽബർട്ട്, നെരെൻറാസിലെ പീററർ തുടങ്ങിയവരുടെ സാന്നിധ്യത്തിലും സഹായത്തിലും പിതാക്കന്മാർ ശരിക്കു പഠിച്ചു.

സൂനഹദോസിൻെറ മൂന്നാംസമ്മേളനത്തിലാണു ഗ്രീക്കുകാർ വന്നുചേർന്നതു്. സഭൈക്യത്തിനായി ജീവിക്കുകയും കഴിവിൻെറ പരമാവധി പ്രവത്തിക്കുകയും ചെയ്തിരുന്ന കോൺസ്റ്റാൻറിനോപ്പിൾ പാത്രിയാർക്കീസായ ജോൺ വെക്കോയാണു ഗ്രീക്കു പ്രതിനിധികളെ നയിച്ചതു്. അദ്ദേഹത്തിൻെറ ധീരവും ആത്മാത്ഥവുമായ നേതൃത്വം ഗ്രീക്കുകാരെ പരിപക്വമായി ചിന്തിക്കുവാൻ പ്രേരിപ്പിച്ചു. "ഫീലിയോകെ"യിൽ ദൈവശാസ്ത്രപരമായി യാതൊരബദ്ധവും ഇല്ലെന്നു ഗ്രീക്കുകാർ സമ്മതിച്ചു. അവരുടെ ആരാധനക്രമത്തിൽ അതു ചേർക്കണമെന്നു കൗൺസിൽപിതാക്കന്മാരോ മാർപ്പാപ്പായോ ഒന്നും നിർബന്ധിച്ചില്ല. അങ്ങനെ ഇരുസഭകളും തമ്മിലുള്ള തെററിദ്ധാരണകളെല്ലാം നീങ്ങി; സഭൈക്യം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. ഈ വലിയ കൃപയ്ക്കു നന്ദിരേഖപ്പെടുത്തുവാൻ ഗ്രിഗരി പത്താമൻ ആഘോഷപൂർവ്വമായ ദിവ്യബലി അർപ്പിക്കുകയും വി. ബൊനവഞ്ചർ കൃതജ്ഞതാഭരിതനായി പ്രസംഗിക്കുകയുംചെയ്തു. വി. കുർബാനയിൽ വിശ്വാസപ്രമാണം ആലപിച്ചപ്പോൾ പരിശുദ്ധാത്മാവു പിതാവിൽ

നിന്നും പുത്രനിൽനിന്നും (Filioque) പുറപ്പെടുന്നു എന്നഭാഗം ഗ്രീക്കുകാർ മൂന്നുപ്രാവശ്യം ആലപിക്കുകയുണ്ടായി

പക്ഷേ, ഇതേ സമയം, ലത്തീൻകാരെ അങ്ങേയററം വെറുത്തിരുന്ന ഗ്രീക്കുവൈദികരും അൽമായരും ഐക്യത്തിനെതിരായി പ്രചരണം നടത്തുകയായിരുന്നു. ഗ്രീക്കുകാരിൽ ഒരു നല്ലഭാഗം പുനരൈക്യത്തെ എതിർക്കുകയാണുണ്ടായതു്. വ്യാപകമായ ഈ എതിർപ്പിനെ ചക്രവർത്തി അടിച്ചമർത്തിയെങ്കിലും വൈരമനോഭാവം വർദ്ധിച്ചുവന്നു. 1277-ൽ അവർ ഒരു സിനഡു് വിളിച്ചുകൂട്ടി ഐക്യത്തെ അവഗാഢം പഠിച്ചു. മാർപ്പാപ്പായുടെ പരമാധികാരം അംഗീകരിച്ചെങ്കിലും പൂർവ്വനടപടികൾക്കൊക്കെ വിരുദ്ധമായി യാതൊന്നും സ്വീകരിക്കുവാൻ തങ്ങൾ തയ്യാറല്ലെന്നു ഗ്രീക്കുകാർ പ്രഖ്യാപിച്ചു. ഇതുകൊണ്ടൊന്നും ഐക്യം നശിച്ചില്ല.

ഐക്യം പ്രത്യക്ഷമായി നശിച്ചതു ഗ്രിഗരി പാപ്പായുടെ മരണശേഷം പത്രോസിൻെറ സിംഹാസനത്തിലേറിയ നിക്കളോസ് മൂന്നാമൻേറയും മാർട്ടിൻ നാലാമൻേറയും വിവരക്കുറവും വിരോധവുംമൂലമാണു്. നിക്കളോസുപാപ്പാ ശഠിച്ചു, ഗ്രീക്കുകാർ "ഫീലിയോകെ" വിശ്വാസപ്രമാണത്തിൽ ചേർക്കണമെന്നു്, വിശ്വസിച്ചാൽമാത്രം പോരെന്നു്. മാർട്ടിൻ പാപ്പാ, ചക്രവർത്തിയുടെ വിരോധിയായിരുന്ന അഞ്ജൂവിലെ ചാൾസ് രാജാവിനോടൊത്തു്, ഗ്രീക്കു സാമ്രാജ്യം ആക്രമിച്ചു കീഴടക്കി പഴയ ലത്തീൻസാമ്രാജ്യം പുനഃസ്ഥാ

പിക്കുവാൻ മററു പാശ്ചാത്യശക്തികളുമായി ഒരുടമ്പടി ഉണ്ടാക്കുകകൂടി ചെയ്തുത്രേ. ഈ സഖ്യത്തിൻെറ പിൻതുണയോടുകൂടി, ഈ ഉടമ്പടിയുടെ സാക്ഷാത്കാരത്തിനായി മാർപ്പാപ്പാ ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനായി പ്രഖ്യാപിച്ചു. പക്ഷേ, അദ്ദേഹത്തിൻെറ ദുരുദ്ദേശ്യം സഫലീകൃതമായില്ല. ചാൾസിൻെറ സൈന്യത്തെ ചക്രവർത്തി നിശ്ശേഷം പരാജയപ്പെടുത്തി. അതേത്തുടർന്നു റോമുമായുള്ള സകല ബന്ധങ്ങളും ചക്രവർത്തി അവസാനിപ്പിച്ചു.

## ഫ്ളോറൻസ് സൂനഹദോസ്

പതിമൂന്നാംനൂററാണ്ടിൻെറ മധ്യത്തോടുകൂടി ഓട്ടോമൻ തുർക്കികൾ അത്യധികം ശക്തിപ്പെട്ടുവന്നു. അവരുടെ നിരന്തരമായ ആക്രമണങ്ങളെ ചെറുത്തുനില്ക്കുവാൻ ചക്രവർത്തിമാർക്കു കഴിവില്ലാതെയായി. പതിനാലാംനൂററാണ്ടിൻെറ അന്ത്യമായപ്പോഴേക്കും ഗ്രീക്കുസാമ്രാജ്യത്തിൻെറ മിക്കഭാഗങ്ങളും തുർക്കികൾ കീഴടക്കി. പതിനഞ്ചാംനൂററാണ്ടിൻെറ ആരംഭത്തിൽ അവർ കോൺസ്റ്റാൻറിനോപ്പിൾതന്നെ ആക്രമിക്കുവാൻ എത്തി. ഈ അവസരത്തിൽ രക്ഷയുടെ ഏകമാർഗ്ഗമെന്നോണം ജോൺ അഞ്ചാമൻ ചക്രവർത്തി റോമിലെത്തി മാർപ്പാപ്പായുമായി പുനരൈക്യപ്പെട്ടു. പക്ഷേ, ചക്രവർത്തിക്കു സഹായമെത്തിക്കുവാനുള്ള മാർപ്പാപ്പായുടെ അഭ്യർത്ഥന സ്വീകരിക്കുവാൻ പടിഞ്ഞാറൻ ഭരണാധികാരികളൊന്നും കൂട്ടാക്കിയില്ല. ഫലമോ, തുർ

ക്കികൾ കോൺസ്റ്റാൻറിനോപ്പിൾ കീഴടക്കി; ജോൺ ചക്രവർത്തി തുർക്കികൾക്കു കപ്പം നല്കേണ്ടിവന്നു; മാത്രമല്ല, സ്വപുത്രനെ തുർക്കികൾക്കു ജാമ്യം കൊടുക്കേണ്ടതായും വന്നു.

ഈ അവസരത്തിലെല്ലാം റോമാക്കാരെ വെറുത്തിരുന്ന വൈദികരും സന്യാസികളും ജനങ്ങളെ ഐക്യത്തിനെതിരായി പ്രബുദ്ധരാക്കുന്നതിൽ ദത്തശ്രദ്ധരായിരുന്നു. അവരുടെ നേതാവായി എഫേസൂസിലെ മെത്രാപ്പോലീത്തായായിരുന്ന മാർക്കസ് എവുജിനിക്കോസ് രംഗത്തുവന്നു. പക്ഷേ, കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന ജോസഫ് രണ്ടാമൻ സഭൈക്യത്തെ അങ്ങേയററം അനുകൂലിച്ചു. ഇതേത്തുടർന്നു ജോൺ എട്ടാമൻ ചക്രവത്തിയും എവുജിൻ നാലാമൻ പാപ്പായും തമ്മിൽ ഐക്യചർച്ചകൾ ആരംഭിച്ചു. വിഭജനത്തെ എന്നന്നേക്കുമായി അവസാനിപ്പിക്കുവാനും ഇരുസഭകളിലും സമാധാനം സംസ്ഥാപിക്കുവാനുമായി ഇററലിയിലെ ഫെറാറാ എന്ന സ്ഥലത്തു് ഒരു സാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടുവാൻ ഇരുവരും സമ്മതിച്ചു.

വേണ്ട ഒരുക്കങ്ങൾക്കുശേഷം 1438 ജനുവരി എട്ടാം തീയതി ഫെറാറായിൽ സൂനഹദോസ് സമ്മേളിച്ചു. 160-ൽ പരം സഭാദ്ധ്യക്ഷന്മാർ സമ്മേളനത്തിൽ ഹാജരായിരുന്നു. പക്ഷേ, ഗ്രീക്കുകാർക്കു യഥാസമയം എത്തിച്ചേരുവാൻ പററിയില്ല. അതിനാൽ, സൂനഹദോസ് ലത്തീൻസഭയെത്തന്നെ ബാധിക്കുന്ന പ

ല പ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ ആരംഭിച്ചു. മൂന്നു മാസത്തിനുശേഷമേ ഗ്രീക്കുകാർക്കു സമ്മേളനസ്ഥലത്തെത്തുവാൻ സാധിച്ചുള്ളൂ. പാത്രിയാർക്കീസ് ജോസഫ് രണ്ടാമനും ഇരുപത്തിരണ്ടു മെത്രാപ്പോലീത്താമാരും ഏഴു മെത്രാന്മാരും മൂന്ന് ആശ്രമശ്രേഷ്ഠന്മാരും അവരുടെ സഹായത്തിനെത്തിയ വൈദികരും സന്യാസികളും ഭൃത്യരുമുൾപ്പെടെ ഗ്രീക്കുസംഘത്തിൽ 650 പേരുണ്ടായിരുന്നു. ഇവരുടെ ആഗമനത്തോടുകൂടി ഏപ്രിൽ ഒമ്പതാംതീയതി സമ്പൂർണ്ണസൂനഹദോസ് സമാരംഭിച്ചു.

സൂനഹദോസിന്റെ ഭാരിച്ച ചെലവു വഹിക്കുവാൻ നിവൃത്തിയില്ലാതെ മാർപ്പാപ്പാ വിഷമിക്കുവാൻ തുടങ്ങി. ഇതവസരത്തിൽ ഫെറാറായിൽ ഒരു സാംക്രമികരോഗം പടർന്നുപിടിക്കുവാനും തുടങ്ങി. എല്ലാത്തിനുമൊരു പരിഹാരമെന്നോണം ഫ്ളോറൻസുകാർ മുന്നോട്ടു വന്നു. സൂനഹദോസ് അങ്ങോട്ടു മാററിയാൽ സകല ചെലവും അവർ വഹിച്ചുകൊള്ളാമെന്ന് ഏററു. അങ്ങനെ ഫെറാറാ സൂനഹദോസ് ഫ്ളോറൻസിലേക്കു മാററപ്പെട്ടു. 1439 ഫെബ്രുവരി 26-ാം തീയതി മുതൽ സൂനഹദോസു സമ്മേളനങ്ങൾ ഫ്ളോറൻസ് നഗരത്തിൽവച്ചായി.

ഐക്യവിരോധിയായ മാർക്കിന്റെ നേതൃത്വത്തിൽ താത്വികമായ വാദപ്രതിവാദം തുടങ്ങി. ശുദ്ധീകരണസ്ഥലത്തു യഥാർത്ഥ അഗ്നിയുണ്ടോ ഇല്ലയോ എന്ന പ്രശ്നം രണ്ടുമാസക്കാലം നീണ്ടുനിന്ന വാദകോലാഹലത്തിന് ഇട നല്കി. പ്രസിദ്ധമായ "ഫീലിയോ

ക്കെ" പ്രശ്നം ആറുമാസത്തിലേറെയെടുത്തു. ദൈവശാസ്ത്രപരമായ ഈ മുരടിച്ച വാദപ്രതിവാദങ്ങൾ ചക്രവർത്തിയെ വെറുപ്പിച്ചു. എല്ലാം വേഗത്തിൽ അവസാനിപ്പിക്കുവാൻ അദ്ദേഹം തൻെറ പ്രതിനിധിസംഘത്തോടാവശ്യപ്പെട്ടു. എന്നിട്ടും, ഗ്രീക്കുകാരുടെ ഇടയിലുണ്ടായിരുന്ന ഐക്യവിരോധികൾ അനാവശ്യകമായി വാദപ്രതിവാദങ്ങൾ നീട്ടിക്കൊണ്ടുപോയി. അവസാനം, റോമാസഭയുടെ വിശ്വാസസംഹിതയിൽ യാതൊരബദ്ധവും കടന്നുപററിയിട്ടില്ലെന്നു നിസ്സംശയം വ്യക്തമാക്കുവാൻ ചിന്തകനും പണ്ഡിതനുമായ ടോർക്കിമേഡാ (Torquemada) യ്ക്കു കഴിഞ്ഞു. അങ്ങനെ, 1439 ജൂൺ ഒമ്പതാം തീയതി ഗ്രീക്കുകാർ പരിശുദ്ധാത്മാവിൻെറ പുറപ്പാടിനെപ്പററിയുള്ള റോമൻവിശ്വാസം അംഗീകരിച്ചു. സഭൈക്യം സുസാധകമെന്നു വ്യക്തമായി. ഐക്യം ജീവിതോദ്ദേശ്യമായിക്കരുതി ജീവിച്ച പാത്രിയാർക്കീസ് ജോസഫ് രണ്ടാമൻ പിറേറദിവസം മൃതിയടഞ്ഞു. പിതാക്കന്മാരെല്ലാംചേർന്നു സമുചിതവും ആർഭാടപൂർവ്വകവുമായി അദ്ദേഹത്തിൻെറ ശവസംസ്കാരം നടത്തി.

1439 ജൂലൈ 5-ാം തീയതി സഭൈക്യത്തിനായുള്ള ഡിക്രിയിൽ പിതാക്കന്മാരെല്ലാം ഒപ്പുവച്ചു. അടുത്തദിവസംതന്നെ, "സ്വർഗ്ഗം സന്തോഷിക്കുകയും ഭൂമി ആനന്ദത്താൽ കുതിച്ചുചാടുകയും ചെയ്യട്ടെ; എന്തെന്നാൽ, കിഴക്കും പടിഞ്ഞാറുമുള്ള സഭകൾക്കിടയിലുണ്ടായിരുന്ന ഭിന്നതയുടെ ഭിത്തി തകർക്കപ്പെട്ടിരിക്കു

ന്നു" എന്നു തുടങ്ങുന്ന ഐക്യഡിക്രി മാർപ്പാപ്പാ പരസ്യപ്പെടുത്തി. സന്തോഷഭരിതരായാണു ഗ്രീക്കുകാർ തിരിച്ചുപോയതു്. പക്ഷേ, ജനങ്ങൾ അവരെ സ്വീകരിക്കുവാൻ സന്നദ്ധരല്ലായിരുന്നു. സന്യാസികളുടേയും വൈദികരുടേയും നേതൃത്വത്തിൽ ജനങ്ങൾ ഐക്യാഗ്രഹികളെ വെറുക്കുകയും അവർ നടത്തുന്ന വിശുദ്ധകർമ്മങ്ങളിൽ പങ്കെടുക്കാൻ മടിക്കുകയുംചെയ്തു. എഫേസൂസിലെ മാർക്കു് വീണ്ടും ഐക്യവിരോധികളുടെ നേതൃത്വം ഏറെറടുത്തു. ഈ കലങ്ങിയ അന്തരീക്ഷത്തിൽ ഐക്യഡിക്രി ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതു് അപകടകരമായേക്കുമെന്നു ശങ്കിച്ച ചക്രവത്തി മൗനം കാത്തു.

കുരിശുയുദ്ധത്തിനായുള്ള മാർപ്പാപ്പായുടെ അഭ്യർത്ഥന വീണ്ടും അവഗണിക്കപ്പെട്ടു. എളിയരീതിയിൽ സജ്ജമാക്കിയ കുരിശുയുദ്ധയോദ്ധാക്കൾ 1444-ൽ വേർണാ എന്ന സ്ഥലത്തുവച്ചു തുർക്കികളുമായി ഏററുമുട്ടി പരാജയമടഞ്ഞു. ഈ അവസരം കണക്കിലെടുത്തുകൊണ്ടു് ഐക്യവിരോധികൾ തങ്ങളുടെ പ്രചരണം ശക്തിപ്പെടുത്തി. 1448-ൽ ജോൺ എട്ടാമൻ ചക്രവത്തി മരിച്ചപ്പോൾ കോൺസ്റ്റൻറയിൻ രണ്ടാമൻ ചക്രവത്തിയായി. അദ്ദേഹവും ഐക്യാനുകൂലിയായിരുന്നു. പക്ഷേ, ജനങ്ങളുടെ എതിർപ്പിനെ അവഗണിച്ചു ഐക്യഡിക്രി പ്രസിദ്ധീകരിക്കുവാൻ അദ്ദേഹവും മടിച്ചു. 1452-ൽ സുൽത്താൻ മുഹമ്മദ് കോൺസ്റ്റാൻറിനോപ്പിൾ തൻെറ അധീനതയിലാക്കു

വാൻ ഒരു വലിയ പടയൊരുക്കം ആരംഭിച്ചു. ഐക്യം ഔദ്യോഗികമായി പ്രഖ്യാപിച്ചാലെങ്കിലും പടിഞ്ഞാറൻസഹായം ലഭിച്ചേക്കുമെന്നു കരുതിയ ചക്രവൎത്തി 1452 ഡിസംബർ 12-ാം തീയതി വിശുദ്ധ സോഫിയായുടെ ദൈവാലയത്തിൽവച്ചു് ഔദ്യോഗികമായി സഭൈക്യം പ്രഖ്യാപിച്ചു. അന്നത്തെ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയാർക്കീസും കൂട്ടരും മനഃപൂൎവ്വം ആ ചടങ്ങിൽ സംബന്ധിക്കുകയുണ്ടായില്ല.

1453 ഏപ്രിൽ 8-ാം തീയതി സുൽത്താൻ രണ്ടു ലക്ഷം സൈനികരുമായി കോൺസ്റ്റാൻറിനോപ്പിൾ വളഞ്ഞു. വെറും ഏഴായിരം സൈനികരൊത്തു ചക്രവൎത്തി സുൽത്താനെ നേരിട്ടു. ധീരമായ ആ യുദ്ധക്കളത്തിൽ വീണു മരിക്കുവാനായിരുന്നു ചക്രവൎത്തിയുടെ വിധി. മേയ് 29-ാം തീയതി പട്ടണം ശത്രുക്കളുടെ നിഷ്ഠുരകരങ്ങളിൽ നിപതിച്ചു. തുടൎന്നു നടന്നതു്, അതിഭയങ്കരമായ കൊള്ളയും കൊള്ളിവെയ്പുമാണു്. അനവധി നൂററാണ്ടുകാലത്തെ ക്രിസ്തീയസംസ്കാരം കെട്ടിപ്പടുത്ത സകല മൂല്യങ്ങളും നശിപ്പിക്കപ്പെട്ടു. വി. സോഫിയാ ദൈവാലയം ഒരു മോസ്കായി രൂപാന്തരപ്പെട്ടു. അങ്ങനെ, കോൺസ്റ്റാൻറിനോപ്പിൾ തുൎക്കികളുടെ തലസ്ഥാനമായ ഈസ്റ്റാംബുൾ ആയി മാറി. ഒരുവൎഷത്തോളം നീണ്ടുനിന്ന മതപീഡനത്തിനുശേഷം ക്രിസ്ത്യാനികളെ ജീവിക്കുവാൻ അനുവദിക്കത്തക്കവിധം സുൽത്താൻ തന്റെ ഭീകരതയുടെ കാഠിന്യം കുറച്ചു. അന്നുമുതൽ കിഴക്കൻസഭ ദേശീയസഭകളായി വിഭജിതമായി എങ്ങനെ

യെങ്കിലും നിലനിന്നു പോരാൻ ശ്രമിക്കുകമാത്രമാണു ചെയ്തിട്ടുള്ളത്. റോമുമായി യാതൊരു ഇടപാടുകളും നടത്തത്തക്ക ഒരു പരിതഃസ്ഥിതിയിലായിരുന്നില്ല തുർക്കികളുടെ കീഴിലുള്ള അവരുടെ ജീവിതം.

## ട്രെൻറിലെ സൂനഹദോസ്

മതനവീകരണത്തിൽനിന്നുൽഭൂതമായ വിഭജനം പൊതുവേ എല്ലാവരേയും ആകുലരാക്കിയെന്നു പറയാം. സഭൈക്യം സ്ഥാപിച്ചുകിട്ടുവാൻ രാജാക്കന്മാരും പ്രഭുക്കന്മാരും മെത്രാന്മാരും വൈദികരും ദൈവശാസ്ത്രജ്ഞന്മാരും അല്മായരും എല്ലാവരും അഭിലഷിച്ചു. ലൂതറും കാൽവിനും അവരുടെ അനുയായികളിൽ പലരും ഈ ആഗ്രഹം പരസ്യമായി പ്രഖ്യാപിച്ചു. ഒരു സാർവ്വത്രിക സൂനഹദോസുവേണം തൻെറ തത്വങ്ങളെ വിധിക്കുവാനെന്നു ലൂതർ ആദ്യംമുതലേ ആവശ്യപ്പെട്ടുതുടങ്ങിയതാണ്. പക്ഷേ, സാഹചര്യങ്ങളുടെ നില ഒരു സൂനഹദോസ് വിളിച്ചുകൂട്ടാൻ റോമിനെ അനുവദിച്ചില്ല. ഫ്രാൻസും ജർമ്മനിയും തമ്മിൽ, ജർമ്മനിയിൽത്തന്നെ പ്രോട്ടസ്റ്റൻറുകാർ രൂപപ്പെടുത്തിയ രാഷ്ട്രീയ–സൈനികമുന്നണി (The Leaguc of Schmalkalden) യും ചക്രയും തമ്മിൽ, നടന്നുകൊണ്ടിരുന്ന യുദ്ധമാണു പ്രധാനപ്രതിബന്ധമായിബ്ഭവിച്ചത്. രണ്ടാമത്തെ പ്രതിബന്ധം പത്രോസിൻെറ പിൻഗാമികളായി റോമാ സിംഹാസനത്തിൽ വാഴിക്കപ്പെട്ട പാപ്പാമാരുടെ ഹ്രസ്വമായ ഭരണകാലമായിരുന്നു. 1522-ൽ ഭരണമേററ അഡ്രിയൻ ആറാമൻ പാപ്പാ അടുത്തകൊല്ലംതന്നെ ദിവംഗ

ത്നായി. അടുത്ത പാപ്പായായ ക്ലമൻറ് ഏഴാമൻ 1534-ൽ മരണമടഞ്ഞു. മാത്രമല്ല, ക്ലമൻറ്പാപ്പായ്ക്കും തൻെറ ക്യൂരിയായ്ക്കും ഒരു സാർവ്വത്രികസൂനഹദോസ് വിളിച്ചുകൂട്ടണമെന്ന ആഗ്രഹമേ ഇല്ലായിരുന്നു. തുടർന്നു പാപ്പായായ പോൾ മൂന്നാമൻെറ കാലത്താണു സാർവ്വത്രികസൂനഹദോസ് എന്ന ആഗ്രഹം സഫലമായത്.

1518-ൽത്തന്നെ ലൂതർ ആവശ്യപ്പെടാൻ തുടങ്ങിയ സൂനഹദോസ് 1545-ൽമാത്രമേ സമ്മേളിക്കുവാൻ സാധിച്ചുള്ളുവെങ്കിലും സഭൈക്യത്തിനായി നിരവധി ശ്രമങ്ങൾ വ്യക്തിപരമായി നടന്നുകൊണ്ടിരുന്നു. 1524 ജൂണിൽനടന്ന റാററിസ്ബൺ സംഭാഷണ (Ratisbon Colloquy) വും 1497 മുതൽ 1560 വരെ നടന്ന വിവിധ ദൈവശാസ്ത്രജ്ഞന്മാരുടെ സമ്മേളനങ്ങളുമെല്ലാം ഇതിനുദാഹരണങ്ങളാണു്.

ഒരു സാർവ്വത്രിക സിനഡിനെ ലക്ഷ്യമാക്കിക്കൊണ്ടു പോൾ മൂന്നാമൻപാപ്പാ ആദ്യമായി റോമൻക്യൂരിയായിൽ ഒരു സമൂല പരിഷ്കരണം നടപ്പിലാക്കി. അതിനുശേഷം 1537-ൽ മാന്തുവായിൽ സമ്മേളിക്കുവാനായി ഒരു സാർവ്വത്രികസൂനഹദോസ് അദ്ദേഹം പ്രഖ്യാപിച്ചു. പ്രോട്ടസ്റ്റൻറുകാരടക്കമുള്ള എല്ലാ സഭാതലവന്മാർക്കും രാജാക്കന്മാർക്കും അദ്ദേഹം ക്ഷണക്കത്തുകളയച്ചു. പക്ഷേ, അവരാരും ആ ക്ഷണം സ്വീകരിക്കുവാൻ തയ്യാറായില്ല. ഫ്റാൻസും ജർമ്മനിയുമായുള്ള യുദ്ധംമൂലം സൂനഹദോസിൻെറ ആസ്ഥാനം വെനീസിലെ വിസെൻസാ (Vicenza) നഗരത്തിലേക്കു മാററപ്പെട്ടു. എ

ന്നിട്ടും ഒരു സൂനഹദോസു സമ്മേളനത്തിനു മതിയാവു ന്നത്ര അംഗങ്ങൾ വന്നെത്തിയില്ല. പ്രോട്ടസ്റ്റൻറുകാർ പരസ്യമായി ക്ഷണം നിരസിച്ചു. മററുള്ളവരുടെ വരവും പ്രതീക്ഷിച്ചു സൂനഹദോസിൻെറ ഉൽഘാടനം നീട്ടി നീട്ടിക്കൊണ്ടുപോയി അവസാനം 1539 മേയ് 21-ാം തീയതി നടപടികൾ നിറുത്തിവച്ചതായി പ്രഖ്യാപി ക്കേണ്ടിവന്നു.

ഫ്റാൻസും ജർമ്മനിയും യുദ്ധമവസാനിപ്പിച്ചു സമാധാനത്തിലെത്തിയപ്പോൾ പാപ്പാ വീണ്ടും തൻെറ സൂനഹദോസിനുള്ള പ്ലാൻ മുന്നോട്ടു കൊണ്ടുവന്നു. 1554 നവംബർ 19-ാംതീയതി വടക്കേ ഇററലിയിലെ ട്രെൻറ് നഗരത്തിൽ സമ്മേളിക്കുവാനായി പാപ്പാ ഒരു സാർവ്വ ത്രികസൂനഹദോസ് പ്രഖ്യാപിച്ചു. പ്രോട്ടസ്റ്റൻറുകാരുടെ മർക്കടമുഷ്ടികാരണം ഈ സൂനഹദോസിൻെറ ഉൽഘാട നവും നീട്ടിവയ്ക്കേണ്ടതായിവന്നു. അവസാനം, പ്രോട്ട സ്റ്റൻറുകാർ സംബന്ധിക്കുകയില്ലെന്നു തീർച്ചയായ പ്പോൾ 1545 ഡിസംബർ 13-ാം തീയതി പാപ്പാ സൂ നഹദോസ് ഉൽഘാടനംചെയ്തു. വളരെയധികം പ്രതീ ക്ഷകളോടേ ഉൽഘാടനം ചെയ്യപ്പെട്ട സൂനഹദോസ് അത്യധികം ക്ലേശങ്ങളോടുകൂടിയാണു മുന്നോട്ടു പോയ ത്. ഒരുവശത്തുനിന്നും രാഷ്ട്രീയാധികാരികളുടെ ഭീ ഷണികളും മറുവശത്തുനിന്നും പ്രോട്ടസ്റ്റൻറുകാരുടെ പ രസ്യവിമർശനങ്ങളും കടുത്ത വൈരാഗ്യവുംനിമിത്തം പലപ്രാവശ്യം കൗൺസിൽനടപടികൾ നിറുത്തിവയ്ക്കേ ണ്ടതായിത്തന്നെ വന്നിട്ടുണ്ട്.

സൂനഹദോസിന്റെ രണ്ടാംഘട്ടത്തിൽ, പതിന്നാലോളം സമ്മേളനങ്ങൾക്കുശേഷമാണു പ്രോട്ടസ്റ്റൻറുകാർ ചക്രവത്തിയുടെ നിരന്തരമായ നിർബന്ധംകൊണ്ടു പ്രതിനിധികളെ അയച്ചതു്. പക്ഷേ, അവരുടെ വരവോടുകൂടി കൗൺസിലിന്റെ പ്രവത്തനമെല്ലാം സ്തംഭിക്കുകയാണുണ്ടായതു്. കാരണം, അതുവരെ കൗൺസിൽ നടത്തിയിട്ടുള്ള എല്ലാ ചർച്ചകളും വീണ്ടും നടത്തണമെന്നും കൗൺസിൽ നടന്നുകൊണ്ടിരിക്കുമ്പോൾ മെത്രാന്മാരെല്ലാം പാപ്പായോടുള്ള വിധേയത്വത്തിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കണമെന്നും മററുമുള്ള അവരുടെ വാദകോലാഹലങ്ങൾ മററു സഭാപിതാക്കന്മാർക്കു സ്വീകാര്യമായിത്തോന്നിയില്ല. കൗൺസിൽ തത്കാലത്തേക്കു നിത്തിവയ്ക്കേണ്ടതായി വന്നു; പ്രധാനകാരണം, പ്രോട്ടസ്റ്റൻറുകാരുടെ സമരനിരയും ചക്രവത്തിയുമായി യുദ്ധം ആരംഭിച്ചതാണു്. പത്തുകൊല്ലത്തിനുശേഷമാണു സൂനഹദോസ് പുനരാരംഭിച്ചതു്. അപ്പോഴും പ്രോട്ടസ്റ്റൻറുകാർ സൂനഹദോസിലേക്കുള്ള ക്ഷണം നിരാകരിക്കുകയാണുണ്ടായതു്.

മൂന്നുഘട്ടങ്ങളിലായി ഇരുപത്തിയഞ്ചു സമ്മേളനങ്ങൾ നടത്തുകയും, അഞ്ചു പാപ്പാമാരുടെ ഭരണകാലം മുഴുവൻ നീണ്ടുനില്ക്കുകയുംചെയ്ത ഈ സൂനഹദോസ് സഭാവിഭജനത്തിന്റെ വിടവു വലുതാക്കിയെന്നാണു പ്രോട്ടസ്റ്റൻറുകാരുടെ നിഗമനം. കാരണം, സഭയുടെ പരമ്പരാഗതമായ വിശ്വാസത്തിനു വിപരീതമായ അവരുടെ അഭിപ്രായങ്ങളെല്ലാംതന്നെ വ്യക്തമായ ഭാഷയിൽ അ

പലപ്പിക്കുവാൻ ഈ സൂനഹദോസു പ്രത്യേകം ശ്രദ്ധിച്ചതാണു്. നവീകരണക്കാർ ചോദ്യംചെയ്ത വിശ്വാസവിഷയങ്ങളിലുള്ള റോമാസഭയുടെ നിലപാടു സമഗ്രമായും സുഗ്രഹമായും ലോകത്തിനു വ്യക്തമാക്കുന്നതിനും അത്യന്താപേക്ഷിതമായിരുന്ന നവീകരണങ്ങൾക്കു നായകത്വം നല്കുന്നതിനും ഈ സൂനഹദോസിനു കഴിഞ്ഞെന്നതു മറക്കാനാവാത്ത ഒരു വാസ്തവമാണു്.

## 3 ഐക്യശ്രമങ്ങൾ

**പത്തൊമ്പതാംനൂററാണ്ടുവരെ**

സഭകൾ തമ്മിലുള്ള ഐക്യശ്രമങ്ങളെ മൂന്നുവിധത്തിൽ പഠിക്കാവുന്നതാണു്: 1) റോമാസഭയും കിഴക്കൻസഭയുമായുള്ള ഐക്യശ്രമങ്ങൾ; 2) റോമാസഭയും പ്രോട്ടസ്റ്റന്റുസഭകളുമായുള്ള ഐക്യശ്രമങ്ങൾ; 3) പ്രോട്ടസ്റ്റന്റുസഭകൾ തമ്മിലുള്ള ഐക്യശ്രമങ്ങൾ. ഇവയിൽ റോമാസഭയും കിഴക്കൻസഭകളുമായുള്ള ഐക്യശ്രമങ്ങൾ രണ്ടു സാർവ്വത്രികസൂനഹദോസുകളിലായി വളർന്നതും അവസാനിച്ചതും റോമാസഭയും പ്രോട്ടസ്റ്റന്റുസഭകളുമായുള്ള ഐക്യശ്രമങ്ങൾ മിക്കവാറും അപ്രാപ്യമായി ട്രെൻറ് സൂനഹദോസിൽ അവസാനിച്ചതും നാം കണ്ടുകഴിഞ്ഞു. ഇനിയും നമുക്കു പഠിക്കേണ്ടതു പ്രോട്ടസ്റ്റന്റുസഭകൾ തമ്മിലുള്ള ഐക്യശ്രമങ്ങളെപ്പററിയാണു്.

പ്രോട്ടസ്റ്റൻറുസഭകളിലേക്കു നോക്കുമ്പോൾ അവിടെ രണ്ടുവിധത്തിലുള്ള ഐക്യശ്രമങ്ങൾ നടക്കുന്നതായി കാണാം; 1) വിവിധപ്രോട്ടസ്റ്റൻറുസഭകൾ തമ്മിലുള്ളവയും; 2) ഒരേ പ്രോട്ടസ്റ്റൻറുസഭയിൽപ്പെട്ട വിവിധ സമൂഹങ്ങൾ തമ്മിലുള്ളവയും. *

## വിവിധസഭകൾതമ്മിലുള്ള ഐക്യം

മതനവീകരണകാലത്തുതന്നെ വിവിധ പ്രോട്ടസ്റ്റൻറുസഭകൾ തമ്മിലുള്ള ഐക്യത്തിനായി നവീകരണനേതാക്കൾപോലും പരിശ്രമിച്ചതായി കാണാം. ലൂതറിൻെറ അനുയായികളേയും സ്വിൻഗ്ളിയുടെ നവീകരണസഭയേയും തമ്മിൽ യോജിപ്പിക്കുവാനാണു പ്രഥമത: പരിശ്രമം നടന്നതു്. എന്നാൽ, 1519 മുതലേ ബൊഹീമിയൻ ബ്രദറൻ-ഹസ്സിൻെറ അനുയായികൾ-ലൂതറുമായി അടുത്ത ബന്ധം പുലർത്താൻ തുടങ്ങിയിരുന്നെന്നും "ബ്രദറന്മാരും ഉട്രാക്വിസ്ററു (Utraquists) കളും—ഹസ്സിൻെറ ആദർശങ്ങളിൽ അല്പം അയവു വരുത്തിയ വിഭാഗക്കാർ—തമ്മിൽ ഐക്യപ്പെട്ടു കാണുവാൻ ലൂതർ വളരെയധികം ആഗ്രഹിച്ചെന്നും"(1) വ്യക്തമാണു്. ലൂതറൻസും സ്വിൻഗ്ളിയൻസുമായി 1529-ൽ ഐക്യസംഭാഷണം ആരംഭിച്ചു. ബാസി

---

* "സ്വജാതൈക്യം" എന്ന തലക്കെട്ടിൽ പിന്നാലെ വിവരിച്ചിരിക്കുന്നതു് ഇതാണു്.

1 "A History of the Ecumenical Movement", Edited by Ruth Rouse and Stephen C. Neill. The Westminister Press, Philadelphia, 1954. p. 43.

ലിലെ നവീകരണകർത്താവായ ഒക്കൊളംബേഡിയസും (Oecolampadius) ഈ സംഭാഷണത്തിൽ പങ്കുകൊണ്ടു. ഒക്ടോബർ 3-ാം തീയതി ലൂതർ സമർപ്പിച്ച പതിനഞ്ചു വിശ്വാസവിഷയങ്ങളിൽ പതിന്നാലരയിലും സ്വിൻഗ്ലിയും ഒക്കൊളംബേഡിയസും യോജിച്ചു. വി. കുർബാനയിൽ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിദ്ധ്യമുണ്ടെന്നതു് ഒരഭിപ്രായമായല്ലാതെ വിശ്വാസസത്യമായെടുക്കാൻ ഒക്കളംബേഡിയസിനു കഴിഞ്ഞില്ല. സ്വിൻഗ്ലിക്കു ഇതൊരു അഭിപ്രായമായിപ്പോലും സ്വീകരിക്കാൻ സാധിച്ചില്ല. ലൂതറാകട്ടെ "ഐക്യത്തെ മനഃപൂർവ്വം തകർക്കാനായി തൻെറ വാദഗതിയിൽ അടിയുറച്ചുനിന്നതേയുള്ളൂ." *

മെലാംങ്ടൺ (Melanchton) ബ്യൂസെർ (Bucer) തുടങ്ങിയ ലൂതറൻ നേതാക്കന്മാർ സ്വിൻഗ്ലിയൻസുമായുള്ള സംഭാഷണം തുടർന്നു. ബ്യൂസെറിൻെറ അശ്രാന്തപരിശ്രമത്താൽ 1536 മേയ് 28-ാം തീയതി ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു വിശ്വാസപ്രമാണം രൂപംകൊണ്ടു. ആഹ്ളാദഭരിതരായ ഇരുകൂട്ടരും ഒന്നിച്ചു വി. കുർബാന സ്വീകരിച്ചു. പക്ഷേ, കാര്യമായ ഐക്യത്തെ സംബന്ധിച്ചിടത്തോളം. ഇരുകൂട്ടരും മൗനം ഭജിച്ചതേയുള്ളൂ. മാത്രമല്ല, പുതിയ പുതിയ വിഭജനമതിലുകൾ അതിവേഗം ഉയർന്നു വരുകയായിരുന്നു ഇരുകൂട്ടരുടേയും സഭാതലങ്ങളിൽ.

---

* *"A History of the Ecumenical Movemeni." p. 44.*

പ്രോട്ടസ്റ്റൻറുസഭകളുടെ ഐക്യത്തിനായി ഏററമധികം പ്രവത്തിച്ചിട്ടുള്ളതും അഭിലഷിച്ചിട്ടുള്ളതും കാല്വിനാണു്. വാൽഡൻഷ്യൻപാഷണ്ഡതയുടെ അനുഗാമികളുമായി അടുത്തബന്ധം സ്ഥാപിക്കുന്നതിനു 1535-ൽത്തന്നെ അദ്ദേഹത്തിനു കഴിഞ്ഞു. വാൽഡൻഷ്യൻസഭയിൽ ഒരു വിഭാഗമെങ്കിലും വിശ്വാസവിഷയങ്ങളിൽ നവീകരണസഭയുടെ തത്വങ്ങൾ അംഗീകരിച്ചു. സ്വിൻഗ്ളിയുടെ സഭകളുമായി ഐക്യപ്പെടുവാൻ അനവധി മീററിംഗുകളും ചർച്ചകളും നടത്തേണ്ടിവന്നു, കാൽവിനും അനുയായികൾക്കും. വി. കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ ലൂതറിൻേറയും സ്വിൻഗ്ളിയുടേയും മദ്ധ്യത്തിൽനില്ക്കുവാനും ഇരു ഭാഗക്കാരേയും യോജിപ്പിച്ചു ഐക്യത്തിലെത്തിക്കുവാനുമാണു കാല്വിൻ ശ്രമിച്ചതു്. 1548 നവംബർമാസത്തിൽ സ്വിൻഗ്ളിയൻ സഭകളുമായി വിശ്വാസവിഷയങ്ങളിൽ ഐകരൂപ്യം കണ്ടെത്തുവാൻ കാല്വിനു കഴിഞ്ഞു. ഈ ഐകരൂപ്യം അടുത്ത ഒന്നു രണ്ടുവർഷങ്ങൾക്കുള്ളിൽ യഥാത്ഥ സഭൈക്യമായി പരിണമിച്ചു. അങ്ങനെ, കാല്വിൻെറ അശ്രാന്തപരിശ്രമത്താൽ യൂറോപ്പിലെ പ്രമുഖപ്രോട്ടസ്റ്റൻറുസഭകളെല്ലാം രണ്ടായിത്തിർന്നു. "ഈ രണ്ടുസഭകളും ഒന്നാകുമെന്ന വിശ്വാസം കാല്വിൻ ഒരിക്കലും കൈവെടിഞ്ഞില്ല." *

ഈ രണ്ടുസഭകളേയും ഒന്നാക്കുവാനുള്ള ശ്രമത്തിലാ

* "A History of the Ecumenical Movement" p. 52.

ണു കാല്വിൻ മരിച്ചതെന്നുതന്നെ പറയാം. ലൂതറൻ സഭകളുടെ നേതാക്കന്മാരായിരുന്ന മെലാങ്ടണും ബുസറും മററുമായി കാല്വിൻ നിരവധി എഴുത്തുകുത്തുകൾ നടത്തുകയും അഭിമുഖസംഭാഷണത്തിന് അഭിലഷിക്കുകയും ചെയ്തു. 1540 മാർച്ചിൽ അദ്ദേഹം ബുള്ളിങ്കർക്ക് (Bullinger) എഴുതുകയുണ്ടായി: "കർത്താവു തൻെറ സഭയിൽ എന്തെങ്കിലും അധികാരം കൊടുത്തിട്ടുള്ളവരെല്ലാംതന്നെ യഥാർത്ഥമായ ഐക്യത്തിൽ എത്തിച്ചേരണമെന്നതു ഞങ്ങളുടെ സഭയുടെ മാത്രമല്ല ക്രിസ്ത്യാനികളുടെ മുഴുവൻ അനുഗ്രഹമാണ്. അതുകൊണ്ടു്, നമ്മൾ ക്രിസ്തുവിൻെറ സകല ശുശ്രൂഷകരുമായി (With all ministers of Christ) സഹവാസവും സൗഹാർദ്ദവും സത്ബന്ധം സദുദ്ദേശ്യത്തോടുകൂടി പുലർത്തണം....എന്നെ സംബന്ധിച്ചിടത്തോളം, എന്നിൽ നിക്ഷിപ്തമായിരിക്കുന്നിടത്തോളം, ഈ ലക്ഷ്യത്തിനായി ഞാൻ എന്നും പണിയെടുക്കും."* പക്ഷേ, ലൂതറൻസഭകളുമായി ഐക്യത്തിലെത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഒരേ വിശ്വാസപ്രഖ്യാപനത്തിൽ സകലരും യോജിക്കണമെന്നുപോലും അദ്ദേഹം നിർബന്ധിച്ചിരുന്നില്ല; പല വിശ്വാസപ്രഖ്യാപനങ്ങളുടെ ഒരു സമ്മിശ്രസമ്മേളനമായിരുന്നാൽത്തന്നെയും സഭൈക്യം കാത്തുസംരക്ഷിക്കണമെന്നുമാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ.

കാല്വിൻെറ മരണശേഷവും അദ്ദേഹത്തിൻെറ

* "A History of the Ecumenical Movement" p. 49.

അനുയായികൾ ലൂതറൻസഭകളുമായുള്ള ഐക്യസംഭാഷണങ്ങൾ തുടർന്നുകൊണ്ടിരുന്നു. കാല്വിൻെറ വലംകൈയായി പ്രവർത്തിച്ചിരുന്ന തിയഡോർ ബെസാ(Theodore Beza) പ്രോട്ടസ്റ്റൻറുസഭകളുടെ ഐക്യത്തിനായുള്ള തൻെറ പരിശ്രമങ്ങളിൽ ആംഗ്ലിക്കൻ സഭയെക്കൂടി ഉൾപ്പെടുത്തി സംഭാഷണങ്ങളും ദൈവശാസ്ത്രപരമായ വാദപ്രതിവാദങ്ങളും നടത്തിനോക്കി. പക്ഷെ, അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ ഫലമണിയുകയുണ്ടായില്ല. കാരണം, വിവിധ പ്രോട്ടസ്റ്റൻറുസഭകൾ അവയിൽത്തന്നെ നിരവധി വ്യത്യസ്തസഭകളായി, സമൂഹങ്ങളായി തിരിഞ്ഞുതുടങ്ങിയിരുന്നു.

ആംഗ്ലിക്കൻസഭയെ സംബന്ധിച്ചിടത്തോളം ആദ്യകാലങ്ങളിൽ ലൂതറൻ ആശയങ്ങളും പിന്നീടുള്ള കാലമത്രയും കാല്വിൻെറ ആശയങ്ങളും വളരെയധികം സ്വാധീനം ചെലുത്തി. ഹെൻട്രി എട്ടാമൻ പ്രോട്ടസ്റ്റൻറ് ഐക്യത്തിനു് അനുകൂലിയായിരുന്നെങ്കിലും യൂറോപ്യൻശക്തികളെ ഭയന്നു് ഒന്നുംതന്നെ ചെയ്യുവാൻ മുന്നോട്ടുവന്നില്ല. കാൻറർബറി ആർച്ചുബിഷപ്പായിരുന്ന ക്രാൻമർ (Cranmer) ആകട്ടെ പ്രോട്ടസ്റ്റൻറു് ഐക്യത്തിനായി അയാൾക്കാവുന്നതെല്ലാം ചെയ്തതായി കാണാം. പ്രോട്ടസ്റ്റൻറുകാരുടെയെല്ലാമായി ഒരു കൗൺസിൽ വിളിച്ചുകൂട്ടണമെന്ന കാല്വിൻെറ ആശയത്തോട യോജിക്കുകമാത്രമല്ല അതിനായി രാജാവിനെ നിർബന്ധിക്കുകൂടിച്ചെയ്തു, അദ്ദേഹം. അവസാനം, പ്രോട്ടസ്റ്റൻറുസഭകളുടെ ദൈവശാസ്ത്രജ്ഞന്മാരുടേതായ ഒരു സമ്മേ

ളനമെങ്കിലും വിളിച്ചുകൂട്ടാൻ അദ്ദേഹം ശ്രമിച്ചു. മെലാങ്ക്ടൺ, കാല്വിൻ എന്നിവരൊഴിച്ചുള്ള പ്രോട്ടസ്റ്റൻറു നേതാക്കൾ ഇംഗ്ലണ്ടിൽ സമ്മേളിച്ചു, അദ്ദേഹത്തിൻെറ ക്ഷണമനുസരിച്ച്. കാല്വിൻ ആരോഗ്യപരമായ കാരണങ്ങളാലാണ പോകാതിരുന്നതു്; ക്രാൻമറിൻെറ പ്രവൎത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ടും വിജയം ആശംസിച്ചുകൊണ്ടും അദ്ദേഹം എഴുതുകയുണ്ടായി. മെലാങ്ക്ടണിൻെറ അസാന്നിദ്ധ്യം പ്രസ്തുത സമ്മേളനത്തെ വലുതായൊന്നും നേടാൻ അനുവദിക്കാതെ അവസാനിപ്പിച്ചെന്നു പറയാം.

പതിനാറാംനൂററാണ്ടിലെ സഭൈക്യപ്രവൎത്തനങ്ങളിൽ ഏററം പ്രധാന്യമർഹിക്കുന്നതു ജോൺ ആ ലാസ്കോ (John a Lasco) യുടെ പ്രവൎത്തനങ്ങളാണ്. പോളണ്ടായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനരംഗം. 1557 ജൂണിൽ കാല്വിനിസ്ററുകളുടേയും ബൊഹീമിയൻ ബ്രദറന്മാരുടേയും ഒരു സംയുക്ത സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്നതിനും അവർ തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. ശേഷിച്ച തൻെറ ജീവിതകാലം മുഴുവൻ ലൂതറന്മാരെക്കൂടെ ഈ ഐക്യനിരയിൽകൊണ്ടുവരാൻവേണ്ടി പരിശ്രമിക്കുകയായിരുന്നു, അദ്ദേഹം. പല കോൺഫ്രൻസുകളും സന്ദർശനങ്ങളും വ്യക്തിപരമായ സമീപനങ്ങളും അദ്ദേഹം നടത്തിയെങ്കിലും ലൂതറന്മാർ തങ്ങളുടെ തത്വങ്ങളിൽനിന്നു് അണുവിട വ്യതിചലിക്കുവാൻ കൂട്ടാക്കിയില്ല. ലാസ്കോയുടെ കാലശേഷവും അ

ദ്ദേഹത്തിൻെറ അനുയായികൾ ലൂതറന്മാരെക്കൂടി ഐക്യത്തിൽ കൊണ്ടുവരാൻ തുടർന്നു ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം, 1570 ഏപ്രിൽമാസത്തിൽ ദൈവശാസ്ത്രജ്ഞന്മാരുടെ ആറു ദിവസം നീണ്ടുനിന്ന ഒരു സമ്മേളനത്തിൽവച്ചു ലൂതറന്മാരെ ജയിച്ചടക്കുവാൻ, തത്വപരമായി അനവധി അവ്യക്തത നിറഞ്ഞ ഒരു ഐക്യത്തിലെത്തുവാൻ പോളണ്ടിലെ പ്രോട്ടസ്റ്റൻറുകാർക്കു കഴിഞ്ഞു. അങ്ങനെ, പോളണ്ടിലെ പ്രോട്ടസ്റ്റൻറുകാരെല്ലാം ഒന്നായി. അവർ തങ്ങളുടെ ഐക്യശ്രമങ്ങൾ യൂറോപ്പിലേക്കു വ്യാപിപ്പിക്കുവാൻ പരിശ്രമിച്ചു. ഫ്രാൻസിലെ കാല്വിനിസ്റ്റുസഭകൾ ഇവർക്കു് അങ്ങേയററം അനുകൂലമായി പ്രവത്തിച്ചു. ലൂതറന്മാരുമായി ഐക്യപ്പെടുവാൻ അനവധി പ്രാദേശികസിനഡുകൾ കൂടി. പക്ഷേ, ഒന്നും വിജയപ്രദമായില്ലെന്നു മാത്രമല്ല, കാലംചെല്ലുന്തോറും ലൂതറന്മാരും കാല്വിനിസ്റ്റുകളുംതമ്മിലുള്ള അകൽച്ച വർദ്ധിച്ചുകൊണ്ടുമിരുന്നു. അവസാനം 1645-ൽ പോളണ്ടിലെ ഐക്യസഭയും നശിക്കുകയാണുണ്ടായതു്.

### പതിനേഴാംനൂററാണ്ടിൽ

ദൈവശാസ്ത്രപരമായ സംഭാഷണങ്ങളുടേയും വാദകോലാഹലങ്ങളുടേയും കടുത്ത വ്യതിർപ്പുകളുടേയും കാലമായിരുന്നു പതിനേഴാംനൂററാണ്ടു്, പ്രോട്ടസ്റ്റൻറുസഭകളെ സംബന്ധിച്ചിടത്തോളം. താത്വികവും വിശ്വാസപരവുമായ ഈ വിവാദങ്ങൾ ഓരോ സഭയേയും അവയിൽത്തന്നെ വിഭജിക്കുന്നതിനും വിഭജിതസഭകളുടെ

ച്ചുററും കനത്ത ഭിത്തികൾ നിർമ്മിക്കുന്നതിനും മാത്രമേ ഉപകരിച്ചുള്ളൂ. പക്ഷേ, സഭൈക്യത്തിനുള്ള ആവേശം അസ്തമിച്ചുപോയെന്നു പറയാൻ വയ്യ. ഫ്രഞ്ചു പ്രോട്ടസ്റ്റൻറുസഭകളും ഇംഗ്ലണ്ടിലെ രാജാവായിരുന്ന ജെയിംസ് ഒന്നാമനും ഐക്യത്തിനായി പല സിനഡുകളും സംഘടിപ്പിക്കുകയുണ്ടായി. 1603-ൽ സമ്മേളിച്ച ഗാപ്പിലെ സിന (Syond of Gap) ഡും 1607-ൽ സമ്മേളിച്ച ലാ റൊച്ചെയ്യെയിലെ (La Rochelle) സിനഡും 1614 മേയ് മുതൽ ജൂൺ അന്ത്യംവരെ സമ്മേളിച്ച റൊണ്ണെൻസിലെ (Tonneins) സിനഡും 1631-ൽ സമ്മേളിച്ച കറേൻറണിലെ (Charenton) സിനഡും 1645-ൽ പോളണ്ടിലെ രാജാവിൻെറ നേതൃത്വത്തിൽ റോമാക്കാരെക്കൂടി ഉൾപ്പെടുത്തിയുള്ള "സ്നേഹസംഭാഷണവും" (Colloquium Caritativum) മററുമാണു് ഇവയിൽ പ്രാധാന്യമർഹിക്കുന്നവ. ഡേവിഡ് പറേവൂസ് (David Pareus 1548-1622), ജോൺ ഡ്യൂറി (John Dury 1595—1680) എന്നിവരാണു് ഈ നൂററാണ്ടിലെ അതിപ്രധാനപ്പെട്ട ഐക്യവാദികൾ. ഇംഗ്ലണ്ടിലെ സഭ കിഴക്കൻസഭകളുമായി ബന്ധം സ്ഥാപിക്കുവാൻ ശ്രമിച്ചതാണു് ഈ നൂററാണ്ടിലെ മറെറാരു പ്രധാനസംഭവം.

## പിയററിസവും എൻലൈററൻമെൻറും

പതിനേഴാംനൂററാണ്ടിലെ വാദപ്രതിവാദങ്ങളുടേയും വൈരാഗ്യത്തിൻേറയും അന്തരീക്ഷം മയപ്പെടുത്തുവാനും സഭൈക്യത്തിനായി ഒരു പുതിയ അന്തരീക്ഷ

വും അന്തർഗ്ഗാഹവും സൃഷ്ടിക്കുവാനുമായി പതിനെട്ടാംനൂററാണ്ടിൻെറ ആരംഭത്തോടുകൂടി ഉദയംചെയ്തുണ്ടു പ്രസ്ഥാനങ്ങളാണു പിയററിസവും (Pietism) എൻലൈററൻമെൻറും (Enlightenment).

പിയററിസത്തെസ്സംബന്ധിച്ചിടത്തോളം സഭൈക്യത്തിനായുള്ള വാദപ്രതിവാദങ്ങളും ദൈവശാസ്ത്രജ്ഞന്മാരുടെ സമ്മേളനങ്ങളും സിനഡുകളും ന്യനഹദോസുകളുമെല്ലാം നിരത്ഥകവും അനർദ്ധകവുമാണു്. ക്രിസ്തീയവിശ്വാസത്തിൻെറ കാതലായ ഭാഗം ദൈവശാസ്ത്രപരമായ ഐക്യമാണെന്ന തത്വം അപ്പാടേ വലിച്ചെറിഞ്ഞു, പിയററിസം. സഭാവിശ്വാസത്തിലും ആരാധനക്രമത്തിലും ഭരണക്രമത്തിലുമെല്ലാം വേണമെന്നു കരുതിയിരുന്ന ഐക്യവും "ഇൻസ്റ്റിററ്യൂഷണലിസവും" (Institutionalism) എല്ലാം ചവുട്ടിമെതിച്ചുകൊണ്ടു സഭൈക്യത്തിനായി അധുനാതനവും അതിസുഗമവുമായ ഒരു മാർഗ്ഗം വെട്ടിത്തുറക്കുകയാണു്, പിയററിസം. സത്യസഭയെ എല്ലാ ക്രിസ്തീയസഭകളിലും കാണാം; എന്നാൽ, അവയൊന്നും സത്യസഭയല്ല എന്നു പ്രസംഗിച്ച ജിൻ ദെ ലാബഡിക്കി (Jean de Labadic-1610-1674) ൻെറ സെപ്പറെററിസ (Separatism) ത്തിൽനിന്നാണു സ്പിരിററിസവും പിയററിസവും രൂപംകൊണ്ടതെന്നു പറയാം. പിയററിസത്തിൻെറ ജനയിതാവായി ചൂണ്ടിക്കാണിക്കാവുന്നതു് 1705 വരെ പ്രോട്ടസ്റ്റൻറുസഭകളുടെ ഐക്യത്തിനായി അനവരതം പ്രയത്നിച്ച ഫിലിപ്പ് ജാക്കബ്ബ് സ്പെനറി (Philip Jakob Spener) നെയാ

ണ്. ഇദ്ദേഹത്തിൻെറ ഐക്യാദർശങ്ങളെ അത്യധികം ആദരിക്കുകയും പ്രവൃത്തിപഥത്തിലെത്തിക്കുവാൻ പരിശ്രമിക്കുകയും ചെയ്തവർ അഗസ്റ്റ് ഹെർമൻ ഫ്രാങ്ക് (August Hermann Francke 1663-1727) നിക്കോളാസ് ലുഡ്‌വിക് വൊൺ സിൻസെൻഡോർഫ് (Nicolas Ludwig von Zinzendorf 1700—1760) എർണസ്റ്റ് ക്രിസ്റ്റോഫ് ഹോച്ച്മാൻ വൊൺ ഹൊച്ചെനൗ (Ernst Christoph Hochmann von Hochenau 1670-1721) എന്നിവരാണ്. എല്ലാസഭകളിലേയും യുവജനങ്ങളെ ഒന്നിച്ചു താമസിപ്പിച്ച് അവർക്കുവേണ്ട പരിശീലനം നല്കി സഭൈക്യത്തിനായി പ്രവത്തിക്കുവാൻ ലോകം മുഴുവൻ അയയ്ക്കുകയെന്നതായിരുന്നു ഫ്രാങ്കിൻെറ അഭിലാഷം. അതിനായി ഹാല്ലേലി(Halle)ൽ ഒരു അനാഥശാല അദ്ദേഹം സ്ഥാപിച്ചു. ദൈവശാസ്ത്രജ്ഞന്മാർ പടുത്തുയർത്തിയ വിഭജനഭിത്തികൾ തകർത്തുകൊണ്ടു ക്രിസ്തുവിൻെറ അരൂപിയിൽ ഐക്യപ്പെടുവാൻ എല്ലാവരും മുന്നോട്ടു വരണമെന്നും എല്ലാവരേയും സഹോദരസമാനം സ്നേഹിക്കണമെന്നും സേവിക്കണമെന്നുംമററുമുള്ള അദ്ദേഹത്തിൻേറ ആശയങ്ങൾ ജർമ്മനിയിൽമാത്രമല്ല തെക്കുകിഴക്കൻ യൂറോപ്പിലും സ്കാണ്ടിനേവിയായിലും റഷ്യയിലും മദ്ധ്യേഷ്യയിലും ഇംഗ്ലണ്ടിലും വടക്കേ അമേരിക്കയിലുമൊക്കെ എത്തി. സിസെൻഡോർഫിൻെറ ഭാഷയിൽപറഞ്ഞാൽ, എല്ലാസഭകളെപ്പററിയും സ്ഥൂലമായിട്ടെങ്കിലും അറിയുക ക്രിസ്ത്യാനിയുടെ കടമയാണ്; എല്ലാസഭകളിൽനിന്നും നല്ലവയെ

സ്വീകരിക്കുക ക്രിസ്ത്യാനിയുടെ കടമയും കത്തവ്യവുമാണു്: പക്ഷേ, തത്വങ്ങളുടെ പേരിൽ ശത്രുക്കളായി കഴിയുന്നതു ക്രിസ്തീയമല്ല. ഫ്റാങ്കിനെപ്പോലെ കത്തുകളെഴുതി തൃപ്തിപ്പെടുകയല്ല, ലോകത്തിൻെറ നാനാഭാഗത്തും സഞ്ചരിച്ചു തൻെറ ആശയങ്ങൾ പ്രചരിപ്പിക്കുകയാണു് ഇദ്ദേഹം ചെയ്തതു്. ഈ യാത്രയിൽ സൗകര്യപ്പെട്ടിടത്തെല്ലാം, തൻെറ ആശയങ്ങളെ അനുധാവനം ചെയ്യുവാൻ മുന്നോട്ടു വന്നവരുടെ പ്രത്യേകസമൂഹങ്ങൾ സ്ഥാപിക്കുവാനും ഇദ്ദേഹം മറന്നില്ല.

ആന്തരികമായി ക്രിസ്തുവിലുള്ള ഐക്യത്തെ പ്രസംഗിക്കുകയും സാഹോദര്യസമ്പന്നമായ ജീവിതം നയിക്കുകയും ചെയ്ത പിയററിസ്റ്റുകൾക്കു സഭൈക്യപ്രസ്ഥാനത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നു തീർച്ചയാണു്. ജർമ്മനിയിൽ ഇവർ ഉളവാക്കിയ ആദ്ധ്യാത്മികചൈതന്യവും തത്വങ്ങളോടുള്ള അതിരുകടന്ന പ്രതിപത്തിയിൽ വരുത്തിയ അയവും ഐക്യാന്തരീക്ഷത്തിൻെറ ആഗമനമായ വ്യതിയാനത്തെയാണു കുറിക്കുന്നതു്. ഡാനിഷ് സ്റ്റേററ് സഭാമിഷനും (Danish State Church Mission) ഹാല്ലേൽമിഷ (Halle Mission) നും ക്രിസ്തീയവിജ്ഞാനത്തിൻെറ അഭിവൃദ്ധിക്കായുള്ള സംഘടന (Society for the Promotion of Chrstian knowledge) യും തമ്മിൽ ഇൻഡ്യയിൽവച്ചു്, പിയററിസ്റ്റ് നേതാവായ ഹെൻറിച്ച് വിൽഹെൽമ് ലുഡോൾഫി (Heinrich Wilhelm Ludolf) ൻെറ നേതൃത്വത്തിൽ നടന്ന ഐക്യം പില്ക്കാലത്തുള്ള സഭൈ

ക്യങ്ങൾക്കൊരു മാതൃകയും വഴിവിളക്കുമായിരുന്നില്ലെ ന്ന് ആരറിഞ്ഞു.

1697-ൽ ഇംഗ്ലണ്ടിൽ രൂപംകൊണ്ട മറെറാരു പ്രസ്ഥാനമാണ് "എൻലൈറെറൻമെൻറ്". ജാൻ ലീഡേ (Jane Leade) യുടെ "ഫിലാഡെൽഫിയൻ സൊസൈററി (Philadelphian Society)"യാണ് ഇംഗ്ലണ്ടിലെ എൻലൈറെറൻമെൻറ് പ്രസ്ഥാനത്തിനു ജന്മം നല്കിയതു്. സത്യസഭ തങ്ങളുടേതാണ്, അതിലൂടെയല്ലാതെ നിത്യരക്ഷ പ്രാപിക്കുക സാദ്ധ്യമല്ലായെന്നുംമററും വീമ്പിളക്കുന്ന എല്ലാ ക്രിസ്തീയസമൂഹങ്ങളേയും വെ[ല്ലു] വിളിച്ചുകൊണ്ടുള്ള ഒരു അഭിനവാവേശമാണ് ഈ പ്രസ്ഥാനത്തിൽ നാം കാണുക. പുരാതന ക്രൈസ്തവസമൂഹങ്ങളുടെ പ്രത്യക്ഷഗുണങ്ങളായ സാർവ്വത്രികസ്നേഹവും വ്യക്തിപരമായ ദൈവികനിവേശനവും അവയുടെ പ്രഖ്യാപനവും മാത്രമാണ് ഈ പ്രസ്ഥാനക്കാർ അടിസ്ഥാനപരമായി കരുതിയതു്. ഇവരുടെ "പരമലക്ഷ്യം, ക്രൈസ്തവലോകത്തിൽ ഭിന്നിച്ചുനില്ക്കുന്ന സഭകളുടെയെല്ലാം പുനരൈക്യം സാധിക്കുകയും ഇപ്പോൾ മത്സരിച്ചുകൊണ്ടിരിക്കുന്ന സഹോദരന്മാരുടെ ഇടയിൽ സമാധാനം പുനഃസ്ഥാപിക്കുകയും യഹൂദന്മാരുടേയും തുർക്കികളുടേയും മാനസാന്തരം നേടുകയുമായിരുന്നു." * വിശ്വാസപരമായ വ്യത്യാസങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതിലും ക്രിസ്തീയതയുടെ അടിസ്ഥാനതത്വങ്ങൾക്കു പ്രാധാന്യം ന

* "A History of the Ecumenical Movement", p. 105.

ല്കുന്നതിലും എൻലൈററൻമെൻറ് പ്രസ്ഥാനം നിർവ്വഹിച്ചിട്ടുള്ള സേവനം നിസ്തുലമാണ്.

സ്വിററസ്ർലണ്ടിലെ മൂന്നു പ്രശസ്ത വ്യക്തികളുടെ പരിശ്രമഫലമായി രൂപംകൊണ്ട റീസണബിൾ ഓർത്തഡോക്സി (Reasonable Orthodoxy) യുടെ കാര്യവും ഇത്തരുണത്തിൽ അവിസ്മരണീയമാണ്. ക്രിസ്തുമതത്തിൻെറ അടിസ്ഥാനതത്വങ്ങൾ തിരഞ്ഞുപിടിച്ച് അവയ്ക്കുമാത്രം പ്രാധാന്യം നല്കിയും മററുള്ളവയിലെല്ലാം സ്വാതന്ത്ര്യവും അഭിപ്രായവ്യത്യാസവുമനുസരിച്ചുകൊണ്ടുമുള്ള സഭൈക്യസംരംഭത്തിനു മുന്നോടിയായിരുന്നു ഈ പ്രസ്ഥാനം. രാഷ്ട്രീയാധികാരികളുടെ സംരക്ഷണയിലും സന്തോഷത്തിലും ഇവർ നിരവധി സഭൈക്യപദ്ധതികൾ മുന്നോട്ടു കൊണ്ടുവന്നെങ്കിലും അവയൊന്നും സാക്ഷാത്കരിച്ചു കാണാവാൻ ഇവർക്കു ഭാഗ്യമുണ്ടായില്ല. എന്നാൽ, പില്ക്കാലങ്ങളിലെ ഐക്യാഭിനിവേശത്തിന് ഇവരുടെ പ്രവത്തനങ്ങൾ വളരെയേറെ സഹായകമായിരുന്നെന്നു തീർത്തുപറയാം.

## 4 ഇരുപതാം നൂററാണ്ടുവരെ

പതിനേഴും പതിനെട്ടും നൂററാണ്ടുകളിലേ ചിന്താമണ്ഡലത്തിലും ജീവിതാരാമത്തിലും പ്രത്യക്ഷപ്പെട്ട ഈ പ്രസ്ഥാനങ്ങൾ ഫലമണിഞ്ഞതു പത്തൊമ്പതും ഇരുപതും നൂററാണ്ടുകളിലാണ്. ഈ പ്രസ്ഥാനങ്ങളും അവയുടെ ആശയങ്ങളും ഹഠാദാകർഷിച്ചു, മിഷൻപ്രദേശ

ങ്ങളിൽ കലഹിച്ചുകൊണ്ടിരുന്ന പ്രോട്ടസ്റ്റൻറ് മിഷനറിമാരെ. തൽഫലമായി അവരുടെ ഇടയിൽ ഉദിച്ചുയന്ന ഐക്യദാഹം അനവധി ദേശിയ-അന്തർദ്ദേശീയ സമ്മേളനങ്ങൾക്കും ചർച്ചായോഗങ്ങൾക്കും ജന്മം നല്കി. 1840 മുതൽ 1860വരെയുള്ള 20കൊല്ലങ്ങൾക്കിടയിൽ ഇരുപത്തിയെട്ടു അന്തർദ്ദേശീയ സമ്മേളനങ്ങൾതന്നെ നടന്നെന്നു വരുമ്പോൾ, 1900 മുതൽ 1910 വരെയുള്ള പത്തു കൊല്ലങ്ങൾക്കുള്ളിൽ 800 അന്തർദേശീയ സമ്മേളനങ്ങൾ നടന്നെന്നു വരുമ്പോൾ ഈ പ്രസ്ഥാനങ്ങൾ കൊളുത്തിയ ഐക്യനാളം എന്തുമാത്രം ഉജ്ജ്വലമായ പ്രഭാപൂരം പരത്തിയെന്നു് അനുമാനിക്കാം.

പത്തൊമ്പതാംനൂററാണ്ടിലെ ഐക്യസംരംഭങ്ങളെപ്പററി പഠിക്കുമ്പോൾ ഒരു കാര്യം ആരംഭത്തിൽ തന്നെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഐക്യാവേശത്തിൻെറ അത്യുത്കടപ്രവാഹമാണു പത്തൊമ്പതാം നൂററാണ്ടിൽ നാം കാണുന്നതു്. ആ പ്രവാഹത്തിൻെറ പരിണതഫലങ്ങൾ നിരവധി ചാലുകളിലായാണു പ്രത്യക്ഷപ്പെട്ടന്നതു്. അവയെല്ലാം അടുത്തറിയുവാൻ ശ്രമിക്കുക എക്യുമെനിസത്തിൻെറ പഠനത്തിനു് ആവശ്യകമാണെങ്കിലും ഇവിടെ ദുഷ്കരമാണു്. ആയതിനാൽ, പൊതുവായ ഒരു വിവരണംകൊണ്ടു നമുക്കു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു.

1910 വരെയുള്ള ഐക്യസംരംഭങ്ങളെ ശ്രദ്ധിച്ചു വീക്ഷിച്ചാൽ അവയെ മൂന്നു വിഭാഗങ്ങളായി തരംതിരിക്കാവുന്നതാണു്: A) പ്രേഷിതചൈതന്യത്തിൽ നി

നൽഭൂതമായ ഐക്യശ്രമങ്ങളും പ്രായോഗികതലത്തിലുള്ള ഐക്യബന്ധങ്ങളും B) സഭാപരമല്ലാത്ത സംഘടനകളിലൂടെയുള്ള വ്യക്തിപരമായ സൗഹൃദവും ക്രിസ്തീയമായ ഐക്യവും C) സഭാതലത്തിലുള്ള ഔദ്യോഗികമായ ഐക്യശ്രമങ്ങൾ.

### A പ്രേഷിതചൈതന്യവും സഭൈക്യവും

പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനഘട്ടംമുതലുള്ള പ്രോട്ടസ്റ്റന്റ് സഭകളുടെ ചരിത്രം പ്രേഷിതചൈതന്യത്തിന്റെ ഒരു പര്യായമാണെന്നു പറയാം. അത്രയ്ക്കു വലുതായ ഒരു പ്രേഷിതചൈതന്യമാണ്, അക്രൈസ്തവലോകത്തെ ക്രിസ്തുവിനായി നേടാനുള്ള തീക്ഷ്ണമായ ആവേശമാണ്, അന്ധകാരാവൃതമായ ലോകത്തിന്റെ മുക്കിലും മൂലയിലും പ്രകാശധോരണി പരത്തുവാനുള്ള അത്യുൽക്കടമായ വെമ്പലാണ് പ്രോട്ടസ്റ്റന്റ് ലോകത്തിൽ ആകമാനം പ്രസരിച്ചത്. പിയററിസ്റ്റ്–എൻലൈററൻമെന്റ് ചിന്തകരുടെ തൂലികയും ജിഹ്വയും കൊളുത്തിയ ഈ ആത്മദാഹം യൂറോപ്പിനെമാത്രമല്ല അമേരിക്കൻ ഐക്യനാടുകളെപ്പോലും പൂർണ്ണമായും കീഴടക്കിക്കഴിഞ്ഞിരുന്നു. വിഭജനമതിലുകളെ മറികടക്കുവാനും ഈ പ്രേഷിതചൈതന്യത്തിനു് ആദ്യംമുതലേ സാധിച്ചിരുന്നു.

1795-ൽ സ്ഥാപിതമായ ലണ്ടൻമിഷനറി സൊസൈററി ഇതിനൊരുദാഹരണമാണ്. അക്രൈസ്തവലോകത്തെ ക്രിസ്തുവിനായി ജയിച്ചടക്കുവാൻ നിരവധി

പ്രോട്ടസ്റ്റൻറ് സഭകളുടെ ഒന്നിച്ചുള്ള സഹകരണത്തിൽ ഉദിച്ചുയർന്ന ഒരു സംഘടനയാണിതു്. ഒന്നിച്ചുള്ള പരിശ്രമവും പ്രവർത്തനവും ലണ്ടൻ മിഷനറി സൊസൈററിയെ വിജയത്തിലെത്തിക്കുന്നതു നോക്കിപ്പഠിച്ചുകൊണ്ടാണു 1799-ൽ "റിലിജിയസ് ട്രാക്റ്റ് സൊസൈററി (Religious Tract Society)" യും 1804-ൽ "ബ്രിട്ടീഷ് ആൻറ് ഫോറിൻ ബൈബിൾ സൊസൈററി (British and Foreign Bible Society)" യും സംജാതമായതു്. ഈ സംയുക്ത സംഘടനകൾ വിവിധ പ്രോട്ടസ്റ്റൻറ് സഭകൾ തമ്മിലുള്ള ധാരണയ്ക്കും സൗഹാർദ്ദത്തിനും എന്തുമാത്രം ഗുണമാണു ചെയ്തതെന്നു ചിന്തിക്കാമല്ലോ. ബൈബിളിൻെറ വിവർത്തനത്തിനും പ്രസാധനത്തിനും വിതരണത്തിനും എല്ലാ പ്രോട്ടസ്റ്റൻറ് സഭകളേയും മിഷനുകളേയും കിഴക്കൻസഭകളേയും റോമാസഭയെത്തന്നെയും സഹായിക്കുവാനും സഹകരിപ്പിക്കുവാനും "ബൈബിൾ സൊസൈററി" നിർവ്വഹിച്ച സേവനങ്ങൾ വിലമതനീയങ്ങളും നിസ്തുലങ്ങളുമാണു്. ലോകത്തിലുള്ള സകല പ്രധാനഭാഷകളിലും ഇന്നു ബൈബിൾ വിവർത്തിതമായിട്ടുണ്ടെങ്കിൽ അതിനുള്ള പ്രശംസ മുഴുവൻതന്നെ "ബൈബിൾ സൊസൈററിക്കാണു്" പോകേണ്ടതു്.

മിഷനറിമാരെ പരിശീലിപ്പിക്കുവാൻ ജർമ്മനിയിൽ 1800-ലും 1815-ലും സ്ഥാപിതമായ പരിശീലനകേന്ദ്രങ്ങൾ സഭാഭിത്തികളെ കവച്ചുവച്ചുകൊണ്ടുള്ളവയായിരുന്നു. ഏതു സഭയിൽപ്പെട്ടവർക്കും ഉത്തമമിഷ-

നറിമാരാകുവാൻ ആവശ്യകമായ പരിശീലനം നല്കുക യായിരുന്നു ഈ സ്ഥാപനങ്ങളുടെ ലക്ഷ്യം. മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവർക്കാവശ്യകമായ സഹായം എത്തിച്ചുകൊടുക്കുന്നതിൽ സഹകരിക്കുവാനും യൂറോപ്പിലേയും അമേരിക്കൻ ഐക്യനാട്ടുകളിലേയും സകല ക്രൈസ്തവരും ഏകോപിച്ചു പ്രവൎത്തിച്ചെന്നു പറഞ്ഞാൽ അധികമാവില്ല. പക്ഷേ, പ്രേഷിതചൈതന്യത്തിൻെറ ഈ ബഹിർഗമനം പുതിയ സഭാവിഭജനങ്ങൾക്കു ഇടവരുത്തിയെന്ന കാര്യവും മറക്കാവതല്ല.

ഓരോ സഭയും പ്രേഷിതരംഗങ്ങളിലും വ്യത്യസ്തമായിത്തന്നെ നില്ക്കുന്നതാണു നല്ലതെന്നും അല്ലെങ്കിൽ, പ്രേഷിതചൈതന്യം കുറഞ്ഞുപോകുമെന്നും മറ്റും പ്രസംഗിച്ച വ്യക്തിയാണു വില്ല്യം കാരി (William Carey, 1761—1834). പക്ഷേ, പന്ത്രണ്ടുകൊല്ലത്തോളം നീണ്ടുനിന്ന തൻെറ പ്രേഷിതജീവിതത്തിനുശേഷം, മിഷൻജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സഭകളുടെയെല്ലാം ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടാൻ അദ്ദേഹം മുന്നോട്ടു വന്നെങ്കിൽ പ്രേഷിതരംഗത്തു് അദ്ദേഹത്തിനു് അനുഭവവേദ്യമായ വിഭജിതസഭകളുടേയും അവയുടെ മാത്സര്യംമൂത്ത പ്രേഷിതപ്രവൎത്തനങ്ങളുടേയും ഫലശൂന്യത എന്തുമാത്രമെന്നു് ഊഹിക്കാമല്ലോ. സകല സഭകളുടേയും സമ്മേളനത്തിൻെറ ആവശ്യകത ശരിക്കു ധരിച്ച ആ ധീരമിഷനറി സകല എതിർപ്പുകളേയും അവഗണിച്ചുകൊണ്ടു് അതിനായി പ്രവൎത്തിക്കുവാൻ തുടങ്ങി. മിഷൻനാട്ടുകളിൽ ക്രിസ്തുമതം വിജയിക്കണമെ

ങ്കിൽ ആദ്യം ചെയ്യുവാനുള്ളതു്, അവിടങ്ങളിൽ വിവിധസഭകൾ നടത്തുന്ന മത്സരം അവസാനിപ്പിക്കുകയാണെന്നു ശരിക്കു ധരിച്ചിരുന്നു, അദ്ദേഹം. 1810-ൽ അദ്ദേഹം വിജയിച്ചു; കേപ്ടൗണി (Capetown) ൽ ഒരു അഖിലലോക മിഷനറിസമ്മേളനം വിളിച്ചുകൂട്ടാൻ അദ്ദേഹത്തിനു കഴിഞ്ഞു. സന്തുഷ്ടരും കൃതജ്ഞതാഭരിതരുമായ ഭാഗഭാക്കുകൾ ഇത്തരം സമ്മേളനങ്ങൾ പത്തു കൊല്ലത്തിലൊരിക്കലെങ്കിലും നടത്തണമെന്നു തീരുമാനിച്ചതിൽനിന്നു മനസ്സിലാക്കാം ആ സമ്മേളനം മിഷനറിലോകത്തിനു് എന്തെന്തു ഗുണപ്രദമായിരുന്നെന്നു്. ഈ സമ്മേളനത്തിൻെറ അന്തരാത്മാവാണു് 1910 വരെ നടന്ന നിരവധി അഖിലലോകസമ്മേളനങ്ങളേയും മിഷൻപ്രവത്തനങ്ങൾക്കായുള്ള സഭൈക്യങ്ങളേയും പടുത്തുയത്തിയതെന്നു തീത്തുപറയാം.

"സുവിശേഷത്തിനും ദൈവത്തിനുമായി എല്ലാദേശങ്ങളിലും പ്രയത്നിക്കുന്ന എല്ലാവരുടേയും ഒരാദ്ധ്യാത്മികൈക്യം സ്ഥാപിക്കുവാൻ" * യൂറോപ്പിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു പ്രസംഗിച്ച ഡീൻ നീവെലിൻെറ (Dean Kniewel) പ്രേഷിതചൈതന്യമാണു് 1830-ൽ സ്വിററ്സർലണ്ടുകാർ രൂപംകൊടുത്ത ഐക്യസഭ (Union Church) യിലും 1843-ൽ എക്സെററർ ഹാളിൽ(Exeter Hall)നടന്ന 12000-ൽ പരം വിവിധ സഭാനുയായികളുടെ സമ്മേളനത്തിലും 1846-ൽ ലണ്ട

* "A History of the Ecumenical Movement" p. 318.

KOTTAYAM PUBLIC LIBRARY KOTTAYAM

നിൽ സമ്മേളിച്ച 52 സഭകളിൽപ്പെട്ട 800 പ്രതിനിധികൾ സ്ഥാപിച്ച "ഇവഞ്ചെലിക്കൽ അലയൻ (Evangelical Alliance)"സിലും സാക്ഷാത്കരിക്കപ്പെട്ടതു്. അമേരിക്കൻ ഐക്യനാടുകൾ, കാനഡാ, ഇംഗ്ലണ്ട്, സ്കോട്ടലണ്ട്, അയർലണ്ട്, വെയിൽസ്, ഫ്രാൻസ്, സ്വിററ്സർലണ്ട്, ഹോളണ്ട്, ജർമ്മനി, സ്വീഡൻ മുതലായ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുണ്ടായിരുന്ന ഈ സംഘടനയിൽ. അമ്പത്തിരണ്ടു സഭകളുടെ ഈ ഐക്യസംഘടനയുടെ മുന്നിലും പിന്നിലുമുള്ള ചരിത്രം പരിശോധിച്ചാൽ ആധുനിക എക്യുമെനിസത്തിന്നു് ഇതു് എന്തുമാത്രം ഉത്തേജനം നല്കിയിട്ടുണ്ടെന്നു ഗ്രഹിക്കാം.

ഇനിയും, മിഷൻനാടുകളിൽത്തന്നെ മിഷനറിമാർ നടത്തിയ ഐക്യസംരംഭങ്ങളിലേക്കു കടക്കുകയാണെങ്കിൽ കാണാം, ആ സംരംഭങ്ങളാണു മാതൃദേശങ്ങളിലുണ്ടായ ഐക്യാഭിലാഷത്തിൻേറയും സൗഹൃദസമ്മേളനങ്ങളുടേയും ആരംഭമെന്നു്. ചൈനാലാൻഡ്മിഷൻ (China Land Mission), സൌത്തു് ആഫ്റിക്കൻ ജനറൽ മിഷൻ (South African General Mission), ദി നോത്തു് ആഫ്രിക്കൻ മിഷൻ (The North African Mission), ക്രിസ്ത്യൻ ആൻറ് മിഷനറി അലയൻസ് (Christian and Missionary Alliance) തുടങ്ങിയ സംഘടനകളുണ്ടായതു്, മിഷൻനാടുകളിൽ ക്രൈസ്തവസഹകരണം കണ്ടെത്താനാണു്. അവയുടെ പ്രവത്തനഫലമായി മിഷൻരാജ്യങ്ങളിൽ ആശുപത്രികൾ, സ്കൂളുകൾ,

കോളേജുകൾ, അനാഥശാലകൾ മുതലായ സ്ഥാപനങ്ങൾ ഏകോപിച്ചുള്ള ക്രൈസ്തവപ്രവർത്തനത്തിൻെറ പര്യായങ്ങളായി. പരസ്പരം സഹകരിക്കുവാനും അനുഭവങ്ങൾ പങ്കുചേരുവാനും വിവിധ പ്രോട്ടസ്റ്റൻറ് സഭകൾ മിഷൻനാടുകളിൽവച്ചാണു പഠിച്ചതെന്നു പറയാം. 1838-ൽത്തന്നെ, ഭൂമിശാസ്ത്രപരമായ ഒരു പരിധിനിർണ്ണയം സ്ഥാപിച്ചെടുക്കാൻ മിഷനറിമാർ അശ്രാന്തപരിശ്രമം ചെയ്തു മത്സരവും വഴക്കും അവസാനിപ്പിക്കുവാനാണു്. 1838-ലെ തീരുമാനമനുസരിച്ചു് ഒരു സ്ഥലത്തു് ഒന്നിലേറെ സഭകൾ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കരുതെന്നു മാത്രമല്ല അടുത്തടുത്തുള്ള മിഷൻകേന്ദ്രങ്ങൾ സഹകരിച്ചു പ്രവർത്തിക്കണമെന്നുകൂടിവന്നു. കല്ക്കട്ടായിലും ബംഗാളിലും വിവിധ മിഷനറിസഭകൾ പ്രാർത്ഥിക്കുവാൻപോലും ഒന്നിച്ചുചേരുകയും പൊതുപ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ ആഴ്ചതോറുമെന്നോണം സമ്മേളിക്കുകയും ചെയ്തിരുന്നു, പത്തൊൻപതാം നൂററാണ്ടിൻെറ ആരംഭത്തിൽത്തന്നെ.

ഇങ്ങനെ, പ്രേഷിതചൈതന്യം വിവിധ പ്രോട്ടസ്റ്റൻറ് നാടുകളിലും അവരുടെ മിഷൻകേന്ദ്രങ്ങളിലും സൃഷ്ടിച്ച ഐക്യാന്തരീക്ഷമാണു് ഇന്നും വളർന്നുകൊണ്ടിരിക്കുന്നതു്. പൂർണ്ണമായ സഭൈക്യത്തിൽ എത്തുന്നതുവരെ ഈ വളർച്ച തുടരുമെന്നതു തീർച്ച.

### B വ്യക്തിപരമായ സംഘടനകളും സൗഹൃദവും

വ്യത്യസ്തസഭകളുടെ വിഭജനഭിത്തികൾ അവഗണിച്ചുകൊണ്ടു യഥാർത്ഥ ക്രൈസ്തവജീവിതത്തിലേക്ക്, സ്നേഹത്തിൻേറയും സേവനത്തിൻേറയും ക്രിസ്തീയജീവിതത്തിലേക്കു ജനങ്ങളെ ആഹ്വാനംചെയ്ത നിരവധി പ്രസ്ഥാനങ്ങളേയും വ്യക്തികളേയും നാം കണ്ടുകഴിഞ്ഞു, പതിനെട്ടാംനൂററാണ്ടിൻെറ അന്ത്യത്തിൽത്തന്നെ. അവയുടെയെല്ലാം ആത്മവീര്യം സ്വീകരിച്ചുകൊണ്ടു ദേശീയവും അന്തർദ്ദേശീയവുമായ പല സംഘടനകളും പ്രസ്ഥാനങ്ങളും ഉയർന്നുവരുകയുണ്ടായി, പത്തൊമ്പതാംനൂററാണ്ടിൽ. സഭകളുടേതായ ഔദ്യോഗിക ഇടപെടലൊന്നും കൂടാതെ, തികച്ചും വ്യക്തിപരമായ ഉത്സാഹത്തിലും ത്യാഗമനോഭാവത്തിലും ജനിച്ചുവളർന്ന സ്നേഹത്തിൻെറ പര്യായങ്ങളായ ഈ സംഘടനകളെയാണു നമുക്ക് ഇനിയും പരിഗണിക്കേണ്ടതു്.

1846-ൽ ലണ്ടനിൽ രൂപംകൊണ്ട "എവഞ്ചേലിക്കൽ അലയൻസി"ൽ വ്യക്തികൾക്കും അംഗത്വമുണ്ടായിരുന്നെന്ന കാര്യം മറക്കാവതല്ല. വ്യക്തികളുടെ പ്രവർത്തനത്തിലാണു് അതു രൂപംകൊണ്ടതും വളർന്നതും. സഭകളുടെ പ്രതിനിധികൾ സമ്മേളിച്ചെങ്കിലും പലരും അതൊരു ഔദ്യോഗിക ഇടപെടലായി കരുതിയില്ല. അതിനാൽ, വിശുദ്ധ ഗ്രന്ഥത്തിൽ വിശ്വസിക്കുന്ന ക്രിസ്തീയ വ്യക്തികളുടെ ഒരു സംഘടനയായാണു് അതു നടന്നുപോന്നതു്. അതിൻെറ നേതൃത്വത്തിൽ

നിരവധി പ്രാദേശികവും അന്തർദ്ദേശീയവുമായ സമ്മേളനങ്ങൾ നടക്കുകയുണ്ടായി. 1907 വരെ അതിൻെറ ശക്തി അടിക്കടി വർദ്ധിച്ചുകൊണ്ടിരുന്നെങ്കിലും അതിനുശേഷം തുടങ്ങിയ ശക്തിക്ഷയം അതിവേഗം ആ സംഘടനയെ അപ്രത്യക്ഷമാക്കി.

വിവിധ സഭകളിൽപ്പെട്ട ക്രൈസ്തവയുവജനങ്ങളെ ഒന്നിച്ചണിനിരത്തി കർമ്മോത്സുകരാക്കുവാൻ 1844-ൽ ലണ്ടനിൽ രൂപംകൊണ്ട "യുവാക്കളുടെ ക്രിസ്തീയസംഘടന (Y. M. C. A.)"യും 1855-ൽ സംജാതമായ "യുവതികളുടെ ക്രിസ്തീയസംഘടന (Y. W. C. A.)"യും ഇന്നും പ്രവർത്തനോന്മുഖങ്ങളാണു്. ക്രിസ്തീയൈക്യം നിത്യജീവിതത്തിൽ—പരസ്പരസ്നേഹത്തിലും സേവനത്തിലും—പ്രസ്പഷ്ടമാക്കുക എന്നതാണു് ഈ സംഘടനകളുടെ മുദ്രാവാക്യം, പരമാന്ത്യം. ക്രിസ്തുവിനെ ദൈവമായും രക്ഷകനായും ഏററു പറയുന്ന സകലർക്കും ഈ സംഘടനകളിൽ പ്രവേശനമരുളി, ആ വിശ്വാസം പ്രായോഗികജീവിതത്തിൽ, സാമൂഹികജീവിതത്തിൻെറ എല്ലാത്തുറകളിലും പ്രതിഫലിപ്പിക്കുകയാണു് അംഗങ്ങളുടെ ചുമതല. ക്രൈസ്തവൈക്യത്തിൻെറ അടിസ്ഥാനപരമായ ധാരണയ്ക്കും അവബോധത്തിനും ഈ സംഘടനകൾ നല്കിയിട്ടുള്ള പരിചരണം ഏററം മഹത്തരമാണു്.

1870-നും 1890-നും ഇടയ്ക്കു പല യൂണിവേഴ്സിററികളിലും ക്രിസ്തീയ വിദ്യാർത്ഥിസംഘടനകൾ രൂപീകൃതങ്ങളായി. അവയും അന്തർദ്ദേശീയമായ സംഘ

ത്തിത്വത്തിനായി പരിശ്രമിച്ചു. 1895-ൽ സ്വീഡനിലെ വാഡ്സ്റ്റീനാ (Vadstena) യിൽ സമ്മേളിച്ച ഈ വിദ്യാർത്ഥിസംഘടനാപ്രതിനിധികൾ "ലോകവിദ്യാർത്ഥികളുടെ ക്രൈസ്തവൈക്യത്തിനു (World's Student Christian Federation)" രൂപംകൊടുത്തു; ഏകരക്ഷകനും ദൈവവുമായ ക്രിസ്തുവിൻെറ ശിഷ്യന്മാരാകുവാൻ വിദ്യാത്ഥികളെ പ്രാപ്തരാക്കുകയാണു് ഈ അഖിലലോകസംഘടനയുടെ കടമയെന്നും വ്യക്തമാക്കി. 1910-ൽ സംജാതമായ എക്യുമെനിക്കൽപ്രസ്ഥാനത്തിൻെറ നേതാക്കളിൽ പലരേയും വളത്തിയെടുത്തതു് ഈ വിദ്യാർത്ഥിസംഘടനയാണെന്ന വസ്തുത സ്മരണീയമാണു്. പക്ഷേ, സഭാപരവും വിശ്വാസപരവുമായ പരിഗണനകൾ ഈ വിദ്യാത്ഥിസംഘടനയിലും വിഭജനം വരുത്തിവച്ചു. അതിൻെറ ഫലമാണു് 1947-ൽ രൂപംകൊണ്ട "പ്രേഷിതവിദ്യാത്ഥികളുടെ അന്തർദ്ദേശീയ സംഘടന (International Fellowship of Evangelical Students)".

ക്രിസ്തുവിൽ പരിപൂർണ്ണവിധേയത്വം അർപ്പിക്കുവാൻ, വ്യക്തിപരമായ പ്രാർത്ഥനയിലും വിശുദ്ധ ഗ്രന്ഥപാരായണത്തിലും ഈ വിധേയത്വം പ്രഫുല്ലമാക്കുവാൻ, യുവജനങ്ങളെ ഒരുക്കുവാനാണു് 1881-ൽ അമേരിക്കൻ ഐക്യനാടുകളിൽ "ക്രിസ്തീയ വിധേയത്വപ്രസ്ഥാനം (Christion Endeavour Movement)" തുടങ്ങിയതു്. നിരവധി അഖിലലോകസമ്മേളനങ്ങൾ നടത്തുന്നതിനും ക്രൈസ്തവയുവജനങ്ങളെ ക്രിസ്തുവിലുള്ള

3912



വിധേയത്വത്തിൽ ഒന്നിക്കുന്നതിനും ഈ സംഘടനയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഈ അടുത്ത കാലത്തായി ഇതിൻെറ പ്രവർത്തനങ്ങൾ മന്ദീഭവിച്ചുവരികയാണെന്നു തോന്നുന്നു.

സാമൂഹികപരിഷ്കരണത്തിനും ക്രിസ്തീയതത്വങ്ങളുടെ പരിശീലനത്തിനും സാമൂഹികപ്രശ്നങ്ങളുടെ പരിഹരണത്തിനുമായി നിരവധി പരസ്നേഹസംഘടനകൾ ഉയർന്നുവന്നിട്ടുണ്ട്. ക്രൈസ്തവൈക്യത്തിനായി അവയൊക്കെ നടത്തിയ വിസ്മയനീയമായ മുന്നേററമെല്ലാം മറക്കാനാവാത്തവയാണ്. 1911-ൽ സ്ഥാപിതമായ Interdenominational Social Service Council ലും 1907 മുതൽ പ്രവർത്തനോന്മുഖമായ വിവിധ സമാധാനസംഘടനകളും (Peace Associations) യുദ്ധം, രോഗം, പട്ടിണി മുതലായ സാമൂഹികദുരന്തങ്ങൾക്കെതിരായി പടപൊരുതുവാനുള്ള വിവിധ അന്തർദ്ദേശീയ ക്രൈസ്തവസംഘടനകളും ക്രൈസ്തവൈക്യത്തിന് അങ്ങേയററം പ്രോത്സാഹനം നല്കിക്കൊണ്ടിരിക്കുകയാണ്. ഒരുകാര്യം നമുക്കു പകൽപോലെ വ്യക്തമാണ്: സകല ക്രൈസ്തവസഭകളുടേയും ഒന്നിച്ചുള്ള പ്രവർത്തനംകൊണ്ടു മാത്രമേ ഇപ്പോൾ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാമൂഹികദുരന്തങ്ങളെ അകററി നിറുത്തുവാനോ നശിപ്പിക്കുവാനോ സാധിക്കുകയുള്ളു.

വ്യക്തിപരമായ മുന്നേററത്തിൽ അവിസ്മരണീയങ്ങളായ നിരവധി സംഘടനകളും പ്രസ്ഥാനങ്ങളുമുണ്ട്, ഇനിയും. 1780-ൽ സ്ഥാപിതമായ Sunday School Movement 1889-ൽ World Sunday School Conven-

tion ആയി വളർന്നതും 1907-ൽ World's Sunday School Association ആയി രൂപംകൊണ്ടതും 1947-ൽ World Council of Christian Education ആയി വികസിച്ചതും സഭൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കു വളരെയധികം ഉപകരിച്ചിട്ടുണ്ടു്. Red Corss Society, International Christian Commission for Refugees, International Christian Social Institute മുതലായവയുടെ പ്രവർത്തനങ്ങൾ അഖിലലോക ക്രൈസ്തവധാരണയ്ക്കും സഹകരണത്തിനും വളരെയധികം സഹായകമായിട്ടുണ്ടെന്നു വ്യക്തമാണു്.

### ഐക്യത്തിനായുള്ള പ്രാർത്ഥന

എല്ലാസഭകളുടേയും ആരാധനക്രമങ്ങളിൽ ഐക്യത്തിനും സമാധാനത്തിനുമായുള്ള സുന്ദരങ്ങളായ പ്രാർത്ഥനകളുണ്ടെന്നതു വാസ്തവംതന്നെ. പക്ഷേ, അവയൊന്നും ഐക്യത്തിനായി ആരെയും അണിനിരത്തിയിട്ടില്ല. എന്നാൽ, പ്രാർത്ഥനയുടെ ശക്തി ശരിക്കു ഗ്രഹിച്ച ചില വ്യക്തികൾ ഐക്യത്തിനായി പ്രാർത്ഥിക്കുവാൻ ക്രൈസ്തവരെ ഉൽബോധിപ്പിക്കുകയുണ്ടായി. ആ ഉൽബോധനങ്ങളുടെ ഫലമായി ഐക്യദിനപ്രാർത്ഥനയ്ക്കായും ഐക്യവാരപ്രാർത്ഥനയ്ക്കായുമുള്ള നിരവധി പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. വാസ്തവത്തിൽ, ഈ പ്രാർത്ഥനകളാണു ക്രൈസ്തവ സഭകളെ അടുപ്പിച്ചതും ഇന്നത്തെ എക്യൂമെനിസത്തിനു ജന്മം കൊടുത്തതും.

1740-ൽ, ഐക്യരൂപിയായ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയ്ക്കായി സ്കോട്ട്ലണ്ടിൽ ഒരു പ്ര

സ്ഥാനം ആരംഭിച്ചു. ആ പ്രസ്ഥാനത്തിൻെറ അലയടികഠം അമേരിക്കവരെ എത്തുകയുണ്ടായി. 1820 മുതൽ ഇത്തരം ഒരു പ്രസ്ഥാനത്തിൻെറ അപ്പസ്തോലനായി ജെയിംസ് ഹാൽഡെയിൻ സ്റ്റുവാർട്ട് (James Haldane Stewart) എന്ന ദേഹം പ്രത്യക്ഷപ്പെട്ടു. യൂറോപ്പിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ച് എല്ലാ ക്രൈസ്തവരേയും ഈ പ്രാൎത്ഥനാപ്രസ്ഥാനത്തിൽ സഹകരിക്കുവാൻ ആഹ്വാനംചെയ്തു, അദ്ദേഹം. 1821-ൽ "Hints For a General Union of Christians for prayer for the Outpouring of the Holy Spirit" എന്ന ഗ്രന്ഥം അദ്ദേഹത്തിൻേറതാണ്. 1855 ആയപ്പോഴേക്കും ഈ പുസ്തകത്തിൻെറ 332,137 കോപ്പികളോളം ചിലവായിക്കഴിഞ്ഞിരുന്നു. വത്സരത്തിൻെറ ആദ്യത്തെ തിങ്കളാഴ്ച ഐക്യദിനപ്രാർത്ഥനയ്ക്കായി മാററിവയ്ക്കണമെന്നും എല്ലാക്രിസ്ത്യാനികളും ഒന്നിച്ചു പ്രാർത്ഥിക്കണമെന്നുമായിരുന്നു, അദ്ദേഹത്തിൻെറ ഉൽബോധനം. 1837-ൽ Mrs. Sweet ൻെറ നേതൃത്വത്തിൽ അമേരിക്കയിലും ഈ പ്രസ്ഥാനം പ്രചരിക്കുവാൻ തുടങ്ങി.

ഇതേത്തുടർന്ന്, എവഞ്ചേലിക്കൻ അലയൻസ് ഒരു നവവത്സരപ്രാൎത്ഥനാവാരത്തിനുതന്നെ നേതൃത്വം നല്കാൻ മുന്നോട്ടുവന്നു. Y. M. C. A., Y. W. C. A., World Fellowship തുടങ്ങിയ സംഘടനകളും ഐക്യവാരപ്രാൎത്ഥനകഠംക്കു നേതൃത്വം നല്കുകയും നിരവധി ഐക്യവാരപ്രാൎത്ഥനാപ്രസ്ഥാനങ്ങഠംക്കു രൂപം കൊടുക്കുകയുമുണ്ടായി. എന്നാൽ, സുസ്ഥിരമായ ഐക്യവാര

പ്രാത്ഥനയുടെ ഉറവിടം ആംഗ്ലിക്കൻസിൻെറ ഇടയിലാണെന്നാണു പല പണ്ഡിതന്മാരുടേയും അഭിപ്രായം. ശരിയാണു്, ആംഗ്ലോ-കാത്തലിക്സിൻെറ നേതൃത്വത്തിൽ രൂപം കൊണ്ടിട്ടുള്ള ഐക്യവാരപ്രാർത്ഥനയ്ക്കു ശരിയായ രൂപവും ഭാവവുമുണ്ടായിരുന്നു; മാത്രമല്ല, അതു് ആഗോളവ്യാപകവുമായിരുന്നു.

1840-ൽ ഫാ. ഇഗ്നേഷ്യസ് സ്പെൻസറിൻെറ നേതൃത്വത്തിലാണു് ഈ പ്രസ്ഥാനം രൂപംകൊണ്ടതു്. അദ്ദേഹം തൻെറ ആശയം ന്യൂമാനേയും പുസി (Puscy) യേയും അറിയിച്ചു. ന്യൂമാൻ ഈ ആശയത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും ആദർശസമ്പന്നമായ ഒരു ഫോർമുലായ്ക്കു രൂപംകൊടുക്കുകയുംചെയ്തു. പക്ഷേ, അന്നൊന്നും ആംഗ്ലിക്കൻ മെത്രാന്മാർ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചില്ല. എന്നിരുന്നാലും 1857-ൽ ഈ പ്രസ്ഥാനം രംഗത്തുവന്നു; നിരവധി ആംഗ്ലിക്കൻസിനേയും റോമാക്കാരേയും ഓത്തഡോക്സ്കാരേയും ഒന്നിച്ചു പ്രാത്ഥിക്കുവാൻ അണിനിരത്തി. 1864-ൽ, പാപ്പാ ഈ സംഘടനയെ വിലക്കിയ അവസരത്തിൽ, ഇതിനു് 5000 ആംഗ്ലിക്കൻസും 1000 റോമാക്കാരും 300 ഓത്തഡോക്സുകാരും അംഗങ്ങളായുണ്ടായിരുന്നു. പാപ്പായുടെ വിലക്കിനെത്തുടർന്നു കത്തോലിക്കർ പിരിഞ്ഞുപോയെങ്കിലും ഈ പ്രസ്ഥാനം പുരോഗമിച്ചുകൊണ്ടിരുന്നു. ആംഗ്ലിക്കൻമെത്രാന്മാരുടെ ഉത്സാഹവും പ്രോത്സാഹനവും ഈ പ്രസ്ഥാനത്തിനു് അടിക്കടി ഉത്തേജനം നല്കിയതോടെ ഇതൊരു അ

ഖിലലോക പ്രസ്ഥാനമായി മാറിത്തുടങ്ങി. പുതുഞായറാഴ്ച (White Sunday) യാണു് ഈ പ്രസ്ഥാനത്തിന്റെ പ്രാത്ഥനാദിവസമായി ആചരിക്കപ്പെട്ടുന്നതു്.

1900-മാണ്ടിലെ പത്രോസിൻെറ ദിവസത്തിൽ സ്പെൻസർ ജോൺസു് (Rev. Spenser Jones) എന്ന ആംഗ്ലിക്കൻവൈദികൻ ഒരു പുതിയപ്രസ്ഥാനത്തിനു രൂപം കൊടുത്തു. പത്രോസിൻെറ ദിവസം ഐക്യത്തിനായുള്ള പ്രാർത്ഥനയ്ക്കും പഠനത്തിനും പ്രസംഗത്തിനുമായി വിനിയോഗിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. 1907-ൽ ഈ പ്രസ്ഥാനം ശക്തിപ്പെട്ടു. ഈ പ്രസ്ഥാനത്തെ (Uuity Octave) ആയി രൂപാന്തരപ്പെടുത്തിയതു് Watson ആണു്. ജനുവരി 18-ാം തീയതി ആഘോഷിക്കപ്പെടുന്ന പത്രോസിൻെറ സിംഹാസനത്തിരുന്നാൾ മുതൽ 25-ാംതീയതിയിലെ പൗലോസിൻെറ മാനസാന്തരത്തിരുന്നാൾവരെയുള്ള എട്ടു ദിവസങ്ങൾ ഐക്യപ്രാത്ഥനകൾക്കായും പ്രസംഗങ്ങൾക്കായും ചർച്ചകൾക്കായും വിനിയോഗിക്കുകയാണു് ഇതിൻെറ ഉദ്ദേശ്യം. 1930-ൽ ആബേ പോൾ കോട്ടുറിയർ (Abbe Paul Couturier) സകലർക്കും യോജിക്കാവുന്ന ഒരു പദ്ധതി ഈ പ്രസ്ഥാനത്തിനു സമർപ്പിച്ചതോടുകൂടി ഇതു് ആംഗ്ലിക്കൻസിൻേറയും കത്തോലിക്കരുടേയും ഓത്തഡോക്സുകാരുടേയും എന്നല്ല, സകല ക്രൈസ്തവരുടേയും ഒരു പ്രസ്ഥാനമായി മാറി. ഇന്നു "യൂണിററി ഒക്റേറവ്" ആചരിക്കുന്നതു് അഖിലലോക ക്രൈസ്തവരെല്ലാം ചേർന്നാണു്.

### "ഓക്സ്ഫോർഡ് മൂവ്മെൻറ്"

റാഷണലിസത്തിൻെറ അതിരുകടന്ന ആക്രമണ ത്തിൽനിന്നും ആംഗ്ലിക്കൻസഭയെ സംരക്ഷിക്കുവാൻ പത്തൊമ്പതാംനൂററാണ്ടിൻെറ ആദ്യഘട്ടത്തിൽ രൂപം കൊണ്ട ഒരു പ്രസ്ഥാനമാണിതു്. ഓക്സ്ഫോർഡ് യൂ ണിവേഴ്സിററിയിലെ ചിന്തകരും പണ്ഡിതരുമായ അധ്യാപകർ സഭാതത്വങ്ങളേയും ക്രൈസ്തവചരിത്ര ത്തേയും അവഗാഢം പഠിച്ചതിൻെറ ഫലമായി പ്രത്യ ക്ഷപ്പെട്ടുകൊണ്ടിരുന്ന ലഘുലേഖകളും ഗ്രൂപ്പുചർച്ചകളു മാണു് ഈ പ്രസ്ഥാനത്തിൻെറ ജീവനും ആത്മാവും.

കത്തോലിക്കാസഭ ഒന്നാണെന്നും അതിൻെറ മൂന്നു ശാഖകളാണു റോമൻ കത്തോലിക്കാസഭയും ആംഗ്ലോ കത്തോലിക്കാസഭയും ഓത്തഡോക്സ് കത്തോലിക്കാസഭയു മെന്ന ചിന്താഗതിക്കു രൂപം കൊടുത്തതു് ഈ പ്രസ്ഥാ നക്കാരാണു്. അവരുടെ അഭിപ്രായത്തിൽ, വാസ്തവ ത്തിൽ സഭ വിഭജിതമായിട്ടേയില്ല; ബാഹ്യമായ ഐ ക്യത്തിനുമാത്രമേ തകരാറു സംഭവിച്ചിട്ടുള്ളു. ആയതി നാൽ, സഭൈക്യം അടങ്ങിയിരിക്കുന്നതു്, നഷ്ടപ്പെട്ടു പോയ പരസ്പരസൗഹാർദ്ദം പുനഃസ്ഥാപിക്കുന്നതിലു ത്രേ. 1829 മുതൽ ഹെൻട്രി ന്യൂമാൻ (Henry Newman) ഈ ആശയം പ്രസംഗിച്ചുതുടങ്ങിയതായി കാ ണാം. "സഭാധികാരത്തോടുള്ള വിധേയത്വ"ത്തെക്കുറി ച്ചുള്ള പ്രസംഗത്തിൽ അദ്ദേഹം പറയുകയാണു്, "ന മ്മളാണു് ഇംഗ്ലീഷ് കത്തോലിക്കർ; പുറത്തു റോമൻ

കത്തോലിക്കരുണ്ട്, നമ്മുടെ ഇടയിലും അവരിൽ ചില രുണ്ട്: ഗ്രീക്കകത്തോലിക്കരാണു മററവിടെയോ ഉള്ളവർ". *

ആറുകൊല്ലത്തോളം ഓക്സ്ഫോർഡ് മൂവ്മെൻറിനെ നയിച്ച ന്യൂമാൻ, പണ്ഡിതോചിതങ്ങളായ നിരവധി ലഘുലേഖകൾ വഴി ആംഗ്ളേയ ലോകത്തിൻെറ മനസ്സിനേയും മനസ്സാക്ഷിയേയും പിടിച്ചുലച്ചു. ന്യൂമാൻ 1842-ൽ ഓക്സ്ഫോർഡിൽനിന്നും നിഷ്കാസിതനായി; കാരണം, അദ്ദേഹത്തിൻെറ പ്രസംഗങ്ങളും ലഘുലേഖകളും പത്രോസിൻെറ പിൻഗാമിയായി സഭയെ ഭരിക്കുന്ന റോമാമെത്രാൻ യഥാർത്ഥസഭാതലവനാണെന്നും റോമാസഭയോടു യോജിക്കേണ്ടതു മററെല്ലാ ക്രൈസ്തവസഭകളുടേയും കടമയാണെന്നും വ്യക്തമാക്കാൻ തുടങ്ങിയതത്രേ. മുൻവിധി അശേഷമില്ലാതെ, സത്യം ഗ്രഹിക്കുവാനുള്ള ആഗ്രഹത്താൽമാത്രം രാവും പകലും നിരന്തരമായ പഠനത്തിനായി വിനിയോഗിച്ച ന്യൂമാനു തൻെറ നിഗമനങ്ങൾ പരസ്യമായി പ്രഖ്യാപിക്കുവാൻ ആംഗ്ലിക്കൻസഭാമേധാവികൾ അനുവാദം നിഷേധിച്ചു. യൂണിവേഴ്സിററിയിൽനിന്നു പുറത്താക്കപ്പെട്ടിട്ടും അദ്ദേഹം തൻെറ പഠനം തുടർന്നുകൊണ്ടേയിരുന്നു. 1845 ഒക്ടോബർ 9-ാം തീയതി മാത്രമാണു് അദ്ദേഹം തൻെറ മനസ്സാക്ഷിയുടെ മുറവിളിക്കു വഴങ്ങിക്കൊണ്ടു കത്തോലിക്കാസഭയിൽ പ്രവേശിച്ചതു്.

---

* *"A History of the Ecumenical Movemeni." p. 196*

അദ്ദേഹത്തിന്റെ പുനരൈക്യം ആംഗലലോകത്തു് ഒരു കൊടുങ്കാററുതന്നെ സൃഷ്ടിച്ചു. നിരവധി സത്യസ്നേഹികൾ അദ്ദേഹത്തെ അനുഗമിച്ചു.

ന്യൂമാന്റെ അന്തർദ്ധാനത്തോടുകൂടി ഓക്സ്ഫോർഡ്മൂവ്മെൻറ് അവസാനിച്ചെന്നു കരുതേണ്ട. പണ്ഡിതനും പ്രസിദ്ധനുമായ ഡോ. പുസി അതിന്റെ നേതൃത്വം ഏറെറടുത്തു. സത്യം ഗ്രഹിക്കുവാനും ഗ്രഹിച്ച സത്യം സഹചരർക്കു വിളമ്പിക്കൊടുക്കുവാനും ഓക്സ്ഫോർഡ് മൂവ്മെൻറുകാർ കാണിച്ച വ്യഗ്രതയാണു വാസ്തവത്തിൽ റോമാസഭയേയും ആംഗ്ലിക്കൻസഭയേയും പരസ്പരം അടുത്തറിയുവാനും ആദരിക്കുവാനും ബഹുമാനിക്കുവാനും പഠിപ്പിച്ചതു്. ഹിമാലയാകാരങ്ങളായി കരുതപ്പെട്ടിരുന്ന ഭിന്നതാഭിത്തികൾ വെറും അഭിപ്രായവ്യത്യാസങ്ങളായി പരിണമിച്ചതും ഇരുസഭകളുടേയും പരസ്പരശത്രുത്വം എന്നെന്നേക്കുമായി അപ്രത്യക്ഷമായതും ഈ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളാണു്. കിഴക്കൻസഭകളേയും റോമിനോടു് അടുപ്പിക്കുവാൻ ഈ പ്രസ്ഥാനത്തിന്റെ പഠനങ്ങളും ചർച്ചായോഗങ്ങളും സംഭാഷണങ്ങളും ഉപകരിച്ചിട്ടുണ്ടു്.

## മാലിനിസ് സംഭാഷണങ്ങൾ

ഓക്സ്ഫോർഡ് മൂവ്മെൻറിന്റെ അരുപിയിൽ സംജാതമായ ഒരു പ്രസ്ഥാനമാണിതു്. ഇംഗ്ലണ്ടിലെ സഭ റോമാസഭയ്ക്കും മററു പ്രോട്ടസ്റ്റൻറ് സഭകൾക്കും മദ്ധ്യേയുള്ള ഒരു ചവിട്ടുപടിയാണെന്നും അവ

ളിലൂടെയാണ് എല്ലാസഭകളും റോമിനോടു പുനരൈക്യപ്പെടേണ്ടതെന്നും മററുമുള്ള ആശയങ്ങൾ ലോർഡ് ഹാലിഫാക്സി (Lord Halifax) ന നല്കിയിട്ടാണ ഡോ. പുസി ദിവംഗതനായത്. 1880-ൽ ലോർഡ് ഹാലിഫാക്സ് ആബെ പോർട്ടൽ (Abbe Portal) എന്ന കത്തോലിക്കവൈദികനുമായി സ്നേഹബന്ധത്തിലായതാണ മാലിനിസ് സംഭാഷണങ്ങൾക്ക കളമൊരുക്കിയ പ്രഥമ സംഭവം.

ആംഗ്ളിക്കൻസഭയുടെ ആരാധനക്രമത്തെ പഠന വിഷയമാക്കിയ പോർട്ടലിനോടൊത്തു ചേർന്ന് ആംഗ്ളിക്കൻ സഭയിലെ പട്ടങ്ങൾ (Sacred Orders) വാസ്തവങ്ങളാണെന്നു സ്ഥാപിക്കുവാനാണ പ്രഥമതഃ ഹാലിഫാക്സ് ശ്രമിച്ചതു്. വെസ്ററ്മിനിസ്റ്ററിലെ റോമൻ ആർച്ചുബിഷപ്പായിരുന്ന കർദ്ദിനാൾ വാഗാനി (Vaughan) ലൂടെ ആംഗ്ളിക്കൻ പട്ടങ്ങളുടെ വാസ്തവികതയെന്ന വിഷയം ഇവർ റോമാസിംഹാസനത്തിൻെറ പരിഗണനയ്ക്കു സമർപ്പിച്ചു. ആംഗ്ളിക്കൻ പട്ടങ്ങൾ വാസ്തവങ്ങളല്ലെന്നും ആണെന്നും വാദിക്കുന്ന നിരവധി കത്തോലിക്ക-ആംഗ്ളിക്കൻ ദൈവശാസ്ത്രജ്ഞന്മാർ തങ്ങളുടെ തൂലിക ചലിപ്പിക്കുവാൻ തുടങ്ങി. 1895-ൽ ലിയോ പതിമൂന്നാമൻ ആംഗ്ളിക്കൻസിനെ തിരിച്ചു മാതൃഭവനത്തിലേക്കു വരുവാൻ ക്ഷണിച്ചുകൊണ്ടു് ഒരു അപ്പസ്തോലികലേഖനം അയയ്ക്കുകയുണ്ടായി. ചെയ്തു, ആംഗ്ളിക്കൻസിൻെറ ഭാഗത്തുനിന്നുണ്ടായ ഉത്സാഹത്തിൽ സംപ്രീതനായി. പക്ഷേ, ആംഗ്ളിക്കൻപട്ട

ങ്ങളെപ്പററി പഠിക്കുവാൻ പാപ്പാ നിയോഗിച്ച കമ്മീഷൻ, അവ അവാസ്തവങ്ങളാണെന്നു പ്രഖ്യാപിച്ചതോടേ ഇരുഭാഗക്കാരുടേയും ഐക്യോത്സാഹം നിലച്ചെന്നു പറയാം.

പക്ഷേ, നിരാശനാകാതെ ഹാലിഫാക്സ് വീണ്ടും പ്രവർത്തനോന്മുഖനായി. വയസനായിക്കഴിഞ്ഞിരുന്നെങ്കിലും പററിയൊരു അവസരം കരഗതമായപ്പോൾ സർവ്വശക്തികളോടുംകൂടെ അദ്ദേഹം വീണ്ടും പ്രവർത്തനരംഗത്തു ചാടിവീണു. മാലിനിസിലെ ആർച്ചുബിഷപ്പ് മേഴ്സിയർ, ആംഗ്ളിക്കൻ മെത്രാന്മാരുടെ എല്ലാ ക്രൈസ്തവരോടുമുള്ള ആഹ്വാനത്തിനു് ആശാവഹമായ ഒരു മറുപടി നല്കിയപ്പോഴാണു് ഈ സുവർണ്ണാവസരം സംജാതമായതു്. ഒട്ടും താമസിയാതെ ഹലിഫാക്സും പോർട്ടലും കർദ്ദിനാൾ മേഴ്സിയറെ ചെന്നു കണ്ടു. ഇരുസഭകളിലേയും പ്രശസ്തപണ്ഡിതന്മാരുടെ ഒരു സൗഹൃദസമ്മേളനത്തിനു മുൻകൈ എടുത്തു പ്രവർത്തിക്കണമെന്ന ഹാലിഫാക്സിൻെറ അപേക്ഷ കർദ്ദിനാൾ സ്വീകരിച്ചു. അതിൻെറ ഫലമായി 1921 ഡിസംബർ 6–ാം തീയതി മുതൽ 8–ാം തീയതി വരെ നീണ്ടുനിന്ന പ്രഥമ മാലിനിസ് സംഭാഷണം സംജാതമായി. ഇരുസഭകളും ഔദ്യോഗികമായി യാതൊരിടപെടലും നടത്തിയില്ല. ആംഗ്ളിക്കൻസഭയുടെ ഭാഗത്തുനിന്നു ലോർഡ് ഹാലിഫാക്സിൻെറ അശ്രാന്തപരിശ്രമഫലമായാണു ചില പണ്ഡിതന്മാരെ ഈ സംഭാഷണരംഗത്തേക്കു നയിക്കാൻ കഴിഞ്ഞതു്.

ആദ്യത്തെ സമ്മേളനത്തിൽത്തന്നെ ആംഗ്ളിക്കൻസിൻെറ 39 പ്രമാണങ്ങളിൽ ഐക്യത്തിനനുകൂലമല്ലാത്ത ഒന്നുമില്ലെന്നു് ഈ പണ്ഡിതന്മാർ സമർത്ഥിച്ചു. ട്രെൻറ് കൗൺസിലിനെ അംഗീകരിക്കുവാനും ആംഗ്ളിക്കൻ പണ്ഡിതന്മാർക്കു പ്രയാസമൊന്നും തോന്നിയില്ല. കൂദാശകളുടെ കാര്യത്തിലും ഐക്യം എളുപ്പമാണെന്നു വ്യക്തമായി. പക്ഷേ, പാപ്പായുടെ അപ്രമാദിത്വം വന്നപ്പോഠം ഒരല്പം പ്രയാസം ഇരുതലങ്ങളിലും പ്രത്യക്ഷമാകാതിരുന്നില്ല. 1923, മാർച്ചു 14, 15-ലുമായി രണ്ടാംസമ്മേളനവും നടന്നു. സഭൈക്യത്തിൽ ഉൽഭൂതമായ പ്രായോഗിക വൈഷമ്യങ്ങളെപ്പററിയാണു രണ്ടാംസമ്മേളനം ചർച്ച ചെയ്തതു്. അതേ കൊല്ലം നവംബർ 7-ാം തീയതി മുതൽ 8-ാം തീയതി വരെ നടന്ന മൂന്നാംസമ്മേളനം റോമാമാർപ്പാപ്പായുടെ പരമാധികാരത്തെപ്പററി ചർച്ചചെയ്തു. നാലാം സമ്മേളനം ചർച്ചചെയ്തതു്, മാർപ്പാപ്പയും മെത്രാന്മാരും തമ്മിലുള്ള ബന്ധമാണു്. 1925-ൽ ഈ നാലാം സമ്മേളനത്തിൻെറ അന്ത്യത്തോടുകൂടി കർദ്ദിനാഠം മേഴ്സിയർ മരണമടഞ്ഞു. 1926 ജൂൺമാസത്തിൽ സംഭവിച്ച പോർട്ടലിൻെറ മരണവും ഈ സംരംഭത്തെ അങ്ങേയററം ക്ഷീണിപ്പിച്ചെന്നു പറയാം. എന്നിരുന്നാലും 1926 ഒക്ടോബർ 11-ലും 12-ലുമായി അഞ്ചാം സമ്മേളനവും നടന്നു. മുൻസമ്മേളനങ്ങളുടെ ചർച്ചകഠം പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയല്ലാതെ മറെറാന്നും ചെയ്യുവാൻ ഈ അവസാന സമ്മേളനത്തിനു കഴിഞ്ഞില്ല. 1928 ജനുവ

രിയിൽ മാലിനിസ് സംഭാഷണങ്ങൾ നിറുത്തിവച്ചിരിക്കുന്നതായി വത്തിക്കാൻ ഔദ്യോഗികപത്രമായ "ഒസെർവാത്തോരെ റൊമാനോ" പ്രഖ്യാപിച്ചതോടുകൂടി മാലിനിസ് സംഭാഷണങ്ങളിൽ പടുത്തുയർത്തിയ ഐക്യസൗധങ്ങളെല്ലാം തകർന്നുവീണു. എന്നിരുന്നാലും ആംഗ്ളിക്കൻസഭയും റോമാസഭയുമായുള്ള വിഭജനം വെറും നിസ്സാരമായ ചില സംഗതികളിലാണെന്നു വ്യക്തമാക്കുവാൻ ഓക്സ്ഫോർഡ് മൂവ്മെൻറിൻെറ പിൻഗാമിയെന്നോണം മാലിനിസ് സംഭാഷണങ്ങൾക്കു കഴിഞ്ഞു എന്നതു പ്രാധാന്യമർഹിക്കുന്നു.

ഈ രണ്ടു പ്രസ്ഥാനങ്ങളുടേയും പിൻബലത്തിൽ നടന്ന നിരവധി പ്രാദേശിക സമ്മേളനങ്ങളും സംഭാഷണങ്ങളും ഇരുസഭക്കാരേയും തമ്മിൽ വളരെയേറെ അടുപ്പിക്കുന്നതിനും സഹോദരതുല്യം വീക്ഷിക്കുന്നതിനും സഹായിച്ചു എന്നതു് അവിസ്മരണീയമാണു്.

### C. ഔദ്യോഗികശ്രമങ്ങളും ഫലവും

മിഷനറിമാരുടെ ഐക്യശ്രമങ്ങളും പ്രായോഗികതലത്തിലുള്ള സഹകരണവും വ്യക്തികളുടെ അഖിലലോകൈക്യശ്രമങ്ങളും ഐക്യത്തിനായുള്ള പ്രാർത്ഥനകളുമെല്ലാം വിവിധ പ്രോട്ടസ്റ്റൻറ് സഭകളെ അഭിമുഖസംഭാഷണത്തിനു പ്രേരിപ്പിച്ചു. ഈ പ്രേരണയുടെ ശക്തി വർദ്ധിച്ചുവന്നതോടേ സഭാതലങ്ങളിൽ ഐക്യശ്രമങ്ങൾ ആരംഭിക്കുകയുണ്ടായി. സഭാതലങ്ങളിലുള്ള ശ്രമങ്ങളേയും ഐക്യങ്ങളേയും മൂന്നായി വിഭജിക്കുകയാണെങ്കിൽ കാര്യഗ്ര

ഹണം എളുപ്പമായിരിക്കും. ആദ്യമായി വിവിധസഭകൾ അവയിൽത്തന്നെ നടത്തിയ ഐക്യശ്രമങ്ങളേയും അതിനുശേഷം, വിവിധ സഭകൾ പ്രാദേശികാടിസ്ഥാനത്തിൽ നടത്തിയ ഐക്യശ്രമങ്ങളേയും അവസാനമായി അന്തർദ്ദേശീയ ഐക്യശ്രമങ്ങളേയും പരിഗണിക്കാം.

## സ്വജാത്യൈക്യം

രണ്ടായിരത്തിലേറെ സഭകൾ ക്രിസ്തുമതത്തിലുണ്ടെങ്കിലും അവയെ വിശ്വാസപരമായ സാമ്യത്തിൽ ഏതാനും വിഭാഗങ്ങളായി പരിഗണിക്കാമെന്നു നാം കണ്ടുകഴിഞ്ഞു. ഈ വിഭാഗങ്ങളിൽത്തന്നെ ഉപവിഭാഗങ്ങളും വിഭിന്നസഭകളും കാലത്തിൻെറ തികവിൽ ഉത്ഭവിച്ചുയൎന്നു എന്നും നാം മനസ്സിലാക്കി. ഈ ഉപവിഭാഗങ്ങളേയും വിഭിന്നസഭകളേയും, വിശ്വാസപരമായ ഐകരൂപ്യത്തിലോ സ്ഥാപകന്മാരുടെ ഏകത്വത്തിലോ ഐക്യപ്പെടുവാനുള്ള ശ്രമങ്ങളെയാണു "സ്വജാത്യൈക്യം" എന്ന പദപ്രയോഗംകൊണ്ടിവിടെ വിവക്ഷിക്കുക.

ലോകവ്യാപകമായ ആംഗ്ളിക്കൻസഭയുടെ ഏകീകരണമാണ് ആദ്യം നടന്നതു്. 1867-ൽ നററാലിലെ കൊളെൻസോ മെത്രാൻെറ (Bishop Colenso of Natal) സ്ഥാനത്തേയും തത്വങ്ങളേയും പററിയുണ്ടായ വാദപ്രതിവാദം അവസാനിപ്പിക്കുവാനെന്നോണം കാൻറർബറി ആർച്ചുബിഷപ്പ് ആംഗ്ളിക്കൻമെത്രാ

ന്മാരുടെ എല്ലാവരുടേയും ഒരു യോഗം തന്റെ അരമന യിൽ വിളിച്ചുകൂട്ടി. ആർച്ചുബിഷപ്പ് തന്റെ അധി കാരം മററു ആംഗ്ളിക്കൻസഭകളുടെമേൽ പ്രയോഗി ക്കുവാൻ ശ്രമിക്കുകയാണെന്നു സംശയിച്ച പലരും അ ദ്ദേഹത്തിന്റെ ക്ഷണം നിരാകരിച്ചു. 76 മെത്രാന്മാർ മാത്രമേ ഈ സമ്മേളനത്തിൽ ഹാജരായുള്ളൂ. ആംഗ്ളി ക്കൻസഭകൾ പണ്ടെന്നപോലെ എന്നും സ്വതന്ത്രങ്ങ ളായിരിക്കുമെന്നും ആരും അവരുടെമേൽ അധികാരം ന ടത്താൻ പോകുന്നില്ലെന്നും മെത്രാന്മാരുടെ ഈ സമ്മേള നത്തിൽ പാസ്സാക്കുന്നവയെ സ്വീകരിക്കുകയോ നിരാക രിക്കുകയോ ചെയ്യാൻ സഭകൾക്ക് അവകാശമുണ്ടായിരി ക്കുമെന്നും മററും ഈ സമ്മേളനം വ്യക്തമാക്കി. 1888-ൽ സമ്മേളിച്ച മെത്രാന്മാരുടെ യോഗമാണ് ഇത്തരം സമ്മേ ളനങ്ങൾ പത്തു കൊല്ലത്തിൽ ഒരിക്കൽ സമ്മേളിക്കണ മെന്നു തീരുമാനിച്ചതും അങ്ങനെ ഒരു ആദ്ധ്യാത്മികബ ന്ധം സ്ഥിരമായി സ്ഥാപിക്കുവാൻ മുൻകൈ എടുത്ത തും. എന്നാൽ, കോൺഫ്രൻസുകൾക്കുശേഷവും ആംഗ്ലി ക്കൻ സഭകളുടെ പ്രശ്നങ്ങളെ കൈകാര്യംചെയ്യുവാ നും അടുത്ത സമ്മേളനത്തെ ഒരുക്കുവാനുമായി ഒരു സ്ഥിരം കമ്മിററി രൂപവൽകൃതമായതു് 1930-ൽ മാത്ര മാണ്. സമ്മേളനസ്ഥലത്തിന്റെ പേരിനെ അടിസ്ഥാ നമാക്കിയാണ് ഇതിനെ ലാംബെത്തു് കോൺഫ്രൻസ് (Lambeth Conference) എന്നു വിളിക്കുന്നതു്.

അടുത്ത സ്ഥാനം, പ്രസ്ബിറേററിയൻസഭകളുടെ ഐക്യത്തിനത്രേ. 1875 ജൂലൈമാസത്തിൽ അമേരിക്ക

യിലേയും സ്കോട്ട്ലണ്ടിലേയും മൂന്നു പ്രസ്ബിറേററിയൻ സഭകൾ ചേർന്ന് റിഫോംഡ് സഭകളുടെയെല്ലാം ഒരു സമ്മേളനം വിളിച്ചുകൂട്ടി. വി. ഗ്രന്ഥത്തിൻെറ പരമാധികാരവും കാല്വിനിസത്തിൻെറ തത്വങ്ങളും ഉൾക്കൊള്ളുന്ന സഭകളുടെയെല്ലാം ഒരു സമ്മേളനമായിരുന്നു ഇതു്. ഇതിൽ ഇരുപത്തിയൊന്നു സ്വതന്ത്രസഭകളുടെ 64 പ്രതിനിധികൾ സമ്മേളിച്ചു. ഈ സമ്മേളനം പ്രസ്ബിറേററിയൻ സഭകളുടെ ഒരു സാർവ്വലൗകിക സംഘടന സ്ഥാപിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ചു് 1877-ൽ എഡിൻബർഗ്ഗ് നഗരത്തിൽ പ്രസ്ബിറേററിയൻ സഭകളുടെ ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടുകയും ഐക്യം സുസ്ഥാപിതമാക്കുകയുംചെയ്തു. പക്ഷേ, വിശ്വാസവിഷയത്തിൽ ഐക്യം നേടുവാനുള്ള ശ്രമം ഈ കോൺഫ്റൻസിൻെറ മൂന്നാമത്തെ സമ്മേളനത്തിൽവച്ചു്, 1884-ൽ, തള്ളിക്കളഞ്ഞു. വിവിധതരത്തിലുള്ള ക്രൈസ്തവപ്രവർത്തനങ്ങളിൽ പ്രെസ്ബിറേററിയൻസഭയെ ഒന്നിച്ചു പ്രവർത്തിപ്പിക്കുന്ന അല്ലെങ്കിൽ സഹകരിപ്പിക്കുന്ന ഒരു ആദ്ധ്യാത്മികശക്തിയെന്നതിൽ കവിഞ്ഞു് ഇവിടെ സഭൈക്യത്തിനു സ്ഥാനമില്ല.

ഇനിയും, മെത്തോഡിസ്റ്റു സഭകളുടെ ഐക്യമാണു പരിഗണിക്കേണ്ടതു്. 1876-ൽ അമേരിക്കൻ ഐക്യനാടുകളിലെ മെത്തോഡിസ്റ്റ് പ്രസ്ബിറേററിയൻസഭകളുടെ മെത്രാന്മാർ ബാൾട്ടിമൂറിൽ (Baltimore) സമ്മേളിക്കുകയും മററു മെത്തോഡിസ്ററുസഭകളുമായി ഐക്യപ്പെടുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയുംചെയ്തു. മാ

ത്രമല്ല, ഈ ഐക്യത്തിനുള്ള സാദ്ധ്യതയെ പഠിക്കുവാൻ ഒരു പ്രത്യേക കമ്മററിതന്നെ രൂപവൽകൃതമായി. ഈ കമ്മിററിയുടെ നിരന്തരമായ പ്രവൎത്തനഫലമായി അമേരിക്കയിലേയും ബ്രിട്ടണിലേയും മെത്തോഡിസ്ററ്സഭകളുടെ ഒരു പൊതുസമ്മേളനം, മെത്തോഡിസത്തിന്റെ സ്ഥാപകനായ ജോൺ വെസ്‌ലിയു (John Wesley) ടെ ഭൗതികാവശിഷ്ടം സൂക്ഷിക്കപ്പെടുന്ന ലണ്ടനിലെ സിററിറോഡ് ദേവാല (City Road Chapel) യത്തിൽ വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. 1881 സെപ്ററംബറിൽ മെത്തോഡിസ്ററ്സഭകളുടെ പ്രഥമ എക്യൂമെനിക്കൽ കോൺഫ്റൻസ് അപ്രകാരം സമ്മേളിതമായി. പത്തുകൊല്ലത്തിലൊരിക്കൽ ഇപ്രകാരമുള്ള അഖിലലോക സമ്മേളനങ്ങൾ വിളിച്ചു കൂട്ടണമെന്നും മെത്തോഡിസത്തിന്റെ ഐക്യബിന്ദുവായി ഒരു സ്ഥിരം കമ്മിററി ഉണ്ടായിരിക്കണമെന്നും ഈ സമ്മേളനം തീരുമാനിച്ചു. ഇവിടെ വിശ്വാസപരമായ ഐക്യം ഏകദേശം കരഗതമായെന്നു പറയാം. പക്ഷേ, ഭരണപരമായ ഐക്യത്തിലേക്കുള്ള നീക്കം പല സഭകളുടേയും പിരിഞ്ഞുപോക്കിന് ഇടവരുത്തിയെന്നതു ശ്രദ്ധേയമാണ്.

1870-ൽ കോൺഗ്രിഗേഷണൽ സഭകളുടെ ഒരു കേന്ദ്രസമിതി രൂപവല്ക്കരിക്കുവാൻ അനവധി ശ്രമങ്ങൾ നടന്നു. ഒൻറാറിയോയിലേയും ക്വിബെക്കിലേയും (Ontario and Quebec) കോൺഗ്രിഗേഷണൽ സഭകളുടെ (1885-ൽ) സംയുക്തസമ്മേളനം ഒരഖിലലോകൈ

ക്യത്തിനായുള്ള പദ്ധതി ശരിപ്പെടുത്തുകയും അതു മററു സഭകളുടെ പരിഗണനയ്ക്കു സമർപ്പിക്കുകയുംചെയ്തു. ഇംഗ്ളണ്ടിലേയും ഓസ്ട്രേലിയായിലേയും അമേരിക്കയിലേയും സഭകൾ ഈ നീക്കത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തു തൽഫലമായി 1891-ൽ കോൺഗ്രിഗേഷണൽ സഭകളുടെ ഒരഖിലലോകകോൺഫ്രൻസ് ലണ്ടനിൽ സമ്മേളിക്കുകയുണ്ടായി. ഈ സമ്മേളനം "അഖിലലോക കോൺഗ്രിഗേഷണൽ കൗൺസിലിനു (International Congregational Council)" രൂപവും ഭാവവും നല്കി. അങ്ങനെ കോൺഗ്രിഗേഷണൽ സഭകളുടെ ഒരു ഐക്യസംഘടന സംജാതമായി.

പതിനെട്ടാം നൂററാണ്ടിൻെറ അന്ത്യത്തോടുകൂടി ബാപ്ററിസ്ററ്സഭകളുടെ അഖിലലോകസംഘടനയെപ്പററി ചർച്ചകൾ ആരംഭിച്ചു. പക്ഷേ, അവയൊന്നും കാര്യമായ ഒരു മുൻകൈയ്യെടുക്കൽ നടത്തിയില്ല. അവസാനം, ജെ. എച്ച്. ഷെയിക്സ്പിയർ (J. H. Shakespeare) എന്ന സുപ്രസിദ്ധ ബാപ്ററിസ്ററ് എക്യുമെനിസ്റ്റിൻെ അശ്രാന്തപരിശ്രമഫലമായി 1905-ൽ ലണ്ടനിൽ ഒരു അഖിലലോക ബാപ്ററിസ്ററ് സഭായോഗം സമ്മേളിച്ചു. ഇരുപത്തിമൂന്നു രാഷ്ട്രങ്ങളിൽനിന്നു സഭാപ്രതിനിധികൾ എത്തിയിരുന്നു, ഈ സമ്മേളനത്തിൽ. ഇവിടെ നടന്ന ചർച്ചകളും പ്രസംഗങ്ങളും വ്യക്തമായ മൂന്നു കടമകളോടുകൂടിയ "ബാപ്ററിസ്ററ് വേൾഡ് അലയൻസിനു (Baptist World Alliance)" രൂപംകൊടുത്തു. വിശ്വാസികളുടെ

ഇടയിൽ ഐക്യവും സഹവർത്തിത്വവും വളർത്തുക, മതസ്വാതന്ത്ര്യത്തെ സംരക്ഷിക്കുക, പൊതുവിശ്വാസ സത്യങ്ങളെ വിളംബരം ചെയ്യുക എന്നിവയാണു് കടമ കൾ.

അഖിലലോകൈക്യത്തിനായി ലൂതറൻസഭകൾ മുന്നോട്ടുവന്നതു് ഏററമവസാനമാണു്. 1868-ൽ ജർമ്മൻ-ലൂതറൻസഭകളെല്ലാം ഏകദേശമൊരൈക്യത്തിലെത്തിയെങ്കിലും 1941 വരെ ഈ ഐക്യനിര കാര്യമായൊന്നും പ്രവർത്തിക്കുകയോ അറിയത്തക്കവിധം രംഗത്തു വരുകയോ ചെയ്തില്ല. 1901-ൽ ജർമ്മനിക്കു പുറത്തുവെച്ചുള്ള ഇതിൻെറ പ്രഥമ സമ്മേളനം സ്വീഡനിൽ വച്ചു നടന്നു. അപ്പോഴാണു ലൂതറൻ സഭകളുടെ ഒരഖിലലോക സംഘടന സ്ഥാപിക്കുവാനുള്ള ഔദ്യോഗികാരംഭം ഉണ്ടായതു്. നിരവധി ചർച്ചാസമ്മേളനങ്ങൾക്കും സന്ദർശനങ്ങൾക്കും കോൺഫ്റൻസുകൾക്കുമെല്ലാം ശേഷം 1949-ൽ "അഖിലലോക ലൂതറൻ ഐക്യം (Lutheran World Federation)" സംജാതമായി.

### ദേശീയൈക്യം

വിഭിന്നസഭകളെ വിശ്വാസപരമായ ഐക്യത്തിലെത്തിക്കുവാൻ രാഷ്ട്രീയ പരിധികൾക്കുള്ളിൽ നടന്നിട്ടുള്ള പരിശ്രമങ്ങളെയാണു നാം ഇവിടെ പരിഗണിക്കുക. അങ്ങേയററം ആയാസകരമായ ഒരു സംരംഭമാണിതു്. ദേശീയാടിസ്ഥാനത്തിൽ ക്രൈസ്തവസഭകൾക്കു് ഐക്യം കണ്ടെത്താൻ സാധിക്കുമെങ്കിൽ ക്രിസ്തു

വിൻെറ ഏകസഭ പുനഃസ്ഥാപിതമാകുമെന്ന ആശയമാണ് ഈ പ്രസ്ഥാനക്കാരെ മുന്നോട്ട നയിച്ചതു്. ചർച്ചായോഗങ്ങളുടെ ഒരു ജാഥയാണ് ഈ പ്രസ്ഥാനത്തിൻെറ ജീവനാടി. 1817–ൽ പ്രഷ്യയിലെ രാജാവു ബലംപ്രയോഗിച്ചെന്നോണം സാധിച്ചെടുത്ത പ്രഷ്യൻ സഭൈക്യമാണ് ഈ ഗണത്തിൽ ഒന്നാമത്തേതു്. അദ്ദേഹത്തിൻെറ രാജ്യത്തുണ്ടായിരുന്ന എല്ലാസഭകളേയും ഈ ഐക്യത്തിൽ കൊണ്ടുവരുവാൻ പ്രഷ്യൻ രാജാവിനു കഴിഞ്ഞു. ഒട്ടേറെ ചർച്ചായോഗങ്ങളിലൂടെ വിശ്വാസപരമായ ഐകരൂപ്യവും ഏകദേശം കരഗതമായി. ഇതേത്തുടർന്നു് ജർമ്മനിയിലും വിവിധസഭകളെ സംയോജിപ്പിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1922-ൽ ഒരൈക്യസംഘടന ജർമ്മനിയിലും രൂപംകൊണ്ടു, വിവിധ പ്രോട്ടസ്റ്റൻറ്സഭകളുടെ ഐക്യസഭയെ സംജാതമാക്കുവാൻ. രണ്ടാം ലോകമഹായുദ്ധാനന്തരം ഈ സംഘടന വളരെയേറെ പരിഷ്കരിക്കപ്പെട്ടു. ജർമ്മനിയിലെ ഏകദേശം എല്ലാ പ്രോട്ടസ്റ്റൻറുസഭകളും ഈ ഐക്യസംഘടനയിൽ അംഗങ്ങളായി. "Die evangelische Kirche in Deutschand" എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന ഈ സഭയ്ക്കു വിശ്വാസപരമായ ഐക്യം കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ലൂതറിൻേറയും കാൽവിൻേറയും ആശയഗതികൾ തമ്മിലുള്ള പോരാട്ടങ്ങൾ ഇന്നും ഇവിടെ വ്യക്തമായി കാണാം. അംഗസഭകൾക്കു സർവ്വസ്വാതന്ത്ര്യവും അനുവദിച്ചുകൊണ്ടുള്ള ഒരു നാമമാത്ര ഐക്യസഭയാണിതു്.

1843-ൽ തുടങ്ങിയ സ്കോട്ട്ലണ്ടിലെ വിവിധ സഭകളുടെ ഐക്യശ്രമം 1929-ൽ "സ്കോട്ട്ലണ്ടിലെ ദേശീയസഭ (Scotish National Church)"യിൽ വിജയം വരിച്ചു. 1847-ലും 1900-ലും 1909-ലും സ്കോട്ട്ലണ്ടിലുള്ള സകല സഭകളുടേയും സംയുക്ത സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും അവ രൂപീകരിച്ച കമ്മിററികളും ചർച്ചായോഗങ്ങളും നിരന്തരമായി പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായാണ് ഈ ദേശീയസഭ സംജാതമായതെന്ന കാര്യം, എത്രമാത്രം പ്രയാസമായിരുന്നു അത്തരമൊരൈക്യമെന്നു വ്യക്തമാക്കുന്നു.

ഇംഗ്ളണ്ടിലെ വിവിധ സഭകളെ സംയോജിപ്പിക്കുവാനുള്ള ശ്രമം 1870-ൽ ആരംഭിക്കുകയുണ്ടായി. പക്ഷേ, വിശ്വാസപരവും ഭരണപരവുമായ വ്യത്യാസങ്ങൾ ഈ പ്രസ്ഥാനത്തെ അങ്ങേയററം ഉലയ്ക്കുകയും കുഴയ്ക്കുകയും ചെയ്തു. എന്നിരിക്കിലും 1895-ൽത്തന്നെ, അനൌദ്യോഗികമായാണെങ്കിലും, ഒരു "സ്വതന്ത്ര സഭാ കൗൺസിൽ" ജന്മമെടുത്തു. 1919-ൽ ഈ കൗൺസിൽ എവാഞ്ചലിക്കൽ സഭകളുടെ ഫെഡറൽ കൗൺസിലായി മാറി; കാരണം, ആരാധനക്രമത്തിലും ഭരണക്രമത്തിലും ഐക്യം കണ്ടെത്താൻ കഴിയാതിരുന്നതു തന്നെ. 1942 ആയപ്പോഴേക്കും ഈ കൗൺസിൽ "സഭകളുടെ ബ്രിട്ടീഷ്കൗൺസി (British Council of Church)" ലായി രൂപാന്തരപ്പെട്ടു. ഇംഗ്ളണ്ടിലെ എല്ലാ പ്രോട്ടസ്റ്റന്റ്സഭകൾക്കും ഇതിൽ അംഗത്വമുണ്ട്. പക്ഷേ, വിശ്വാസപരമായ ഐക്യം സ്വപ്നം കാ

ണ്ടാൻപോലും ഈ ദേശീയസംഘടനയ്ക്കു് ഇന്നുവരെ കഴിഞ്ഞിട്ടില്ല.

അമേരിക്കൻ ഐക്യനാടുകളിൽ പരീക്ഷിക്കപ്പെടാത്ത പദ്ധതികൾ ഇല്ലെന്നു വേണം പറയുവാൻ. നിരവധി ഐക്യശ്രമങ്ങളും സഭൈക്യങ്ങളും നടന്നിട്ടുണ്ടു് ഇവിടെ. എല്ലാ പ്രോട്ടസ്റ്റൻറ്സഭകളേയും ഒന്നിച്ചു കൊണ്ടുവരാനുള്ള ശ്രമവും നടന്നിട്ടുണ്ടു്. 1939-ൽ ഏററം വലിയ രണ്ടു മെത്തോഡിസ്ററ് സഭകൾ ഐക്യത്തിലെത്തി. 1909-ൽ സ്ഥാപിതമായ "ക്രിസ്തുവിൻെറ സഭകളുടെ അമേരിക്കയിലെ ഫെഡറൽ യൂണിയ (Federal Union of the Churches of Christ in America)"നും 1950-ൽ സ്ഥാപിതമായ "നാഷണൽ കൗൺസി (National Coucil)"ലും ഐക്യനാടുകളിലെ പ്രോട്ടസ്റ്റൻറ് സഭകളെയെല്ലാം ഐക്യത്തിലെത്തിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്. എന്നാൽ, കാനഡായിൽ ഇതിനെക്കാളൊക്കെ മെച്ചമായ ഒരൈക്യസംഘടന സംജാതമായിട്ടുണ്ടു്. 1925-ൽ രൂപംകൊണ്ട "കാനഡായിലെ ഐക്യസഭ (United Church of Canada)"യാണതു്. കാനഡായിലെ എല്ലാ പ്രോട്ടസ്റ്റൻറ്വിഭാഗങ്ങളേയും ഈ സംഘടന ഐക്യത്തിലെത്തിച്ചിട്ടുണ്ടു്. ഇതേവിധത്തിലുള്ള ദേശീയൈക്യങ്ങൾ സംജാതമാക്കുവാൻ ഒട്ടേറെ എല്ലാ രാഷ്ട്രങ്ങളും ശ്രമിക്കുന്നുമുണ്ടു്. മിഷൻദേശങ്ങളായ ചൈനയിലും ഇൻഡ്യയിലും ആഫ്രിക്കയിലും മററും നടത്തിയിട്ടുള്ള, നടന്നുകൊണ്ടിരിക്കുന്ന ഇത്തരം ഐക്യശ്രമങ്ങൾ സ്മരണീയങ്ങളാണു്.

## അന്തർദ്ദേശീയൈക്യശ്രമങ്ങൾ

വിവിധസഭകൾ തമ്മിലുള്ള അന്തർദ്ദേശീയൈക്യത്തിനായി പ്രഥമതഃ ശ്രമിക്കുവാൻ തുടങ്ങിയതു് ആംഗ്ലിക്കൻ സഭകളാണു്. ആംഗ്ലിക്കൻ സഭയാണു പ്രൊട്ടസ്റ്റൻറ്സഭകൾക്കും കത്തോലിക്കസഭയ്ക്കുമിടയിലുള്ള ഏക റെഐക്യമാർഗ്ഗമെന്ന ഓക്സ്ഫോർഡ് മൂവ്മെൻറുകാരുടെ ആശയം ആഴത്തിലിറങ്ങിയതിൻെറ ഫലമായിരിക്കണം ഈ മുൻകൈയ്യെടുക്കൽ. തിരുപ്പട്ടങ്ങളുടേയും ക്രൂദാശകളുടേയും പരസ്പരാംഗീകരണത്തിലും സ്വീകരണത്തിലും അടിയുറച്ച ഒരൈക്യസംരംഭമാണു് ആംഗ്ലിക്കൻസഭ മുന്നോട്ടു കൊണ്ടുവന്നതു്. 1888-ൽ ചേന്ന ലാംബത്തു് കോൺഫ്റൻസ് സഭൈക്യത്തിൽ ഏററമധികം ആവശ്യമായതും ഒരിക്കലും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ നാലു തത്വങ്ങൾ പ്രഖ്യാപിച്ചു: 1) ബൈബിളിൽ ഒരുവൻെറ നിത്യരക്ഷയ്ക്കു് ആവശ്യമായവ എല്ലാം വെളിപ്പെടുത്തപ്പെട്ടിട്ടുണ്ടു്; അതാണു ക്രിസ്തീയവിശ്വാസത്തിൻെറ അന്തിമ മാനദണ്ഡം; 2) അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം മാമോദീസായുടെ ഒരു പ്രതീകമാണു്; നിക്യാവിശ്വാസപ്രമാണം ക്രൈസ്തവവിശ്വാസത്തിൻെറ അടിസ്ഥാനപരമായ വിശകലനമാണു്; 3) മാമ്മോദീസായും കർബാനയും ക്രിസ്തുവിനാൽ സ്ഥാപിതമായ വിധത്തിൽത്തന്നെ പരികർമ്മം ചെയ്യപ്പെടണം; 4) ദൈവത്താൽ വിളിക്കപ്പെട്ട ജനങ്ങളുടെ പ്രത്യേകാവശ്യപ്രകാരം സ്ഥാപിതമായ,

ചരിത്രപരമായ, മെത്രാസനങ്ങളെ അംഗീകരിക്കണം. ഈ നാലു തത്വങ്ങളാണ "ലാംബത്തു് ക്വാഡ്രിലാററൽ (Lambeth Quadrilateral)" എന്നു വിളിക്കപ്പെട്ടുന്നതു്. ഈ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഐക്യത്തിലെത്തുവാനായി എല്ലാ ക്രിസ്ത്യാനികളേയും 1920-ൽ സമ്മേളിച്ച ലാംബത്തു് കോൺഫ്റൻസ് ആഹ്വാനം ചെയ്യുകയുണ്ടായി.

കിഴക്കൻസഭകളുമായി ബന്ധം സ്ഥാപിക്കുവാനാണു് ആദ്യമായി ആംഗ്ളിക്കൻസഭ ശ്രമിച്ചതു്. 1908-ൽ, കിഴക്കൻസഭക്കാരെ ആംഗ്ളിക്കൻ പള്ളികളിൽനിന്നു കൂദാശകൾ സ്വീകരിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള ഒരു പ്രമേയം ലാംബത്തു കോൺഫ്റൻസ് പാസ്സാക്കി. ഇതേത്തുടർന്നു് 1920-ൽ, എക്യുമെനിക്കൽ പാത്രിയർക്കീസ് (കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസിനെ ഇങ്ങനെയാണു വിളിക്കുന്നതു്) ആംഗ്ളിക്കൻ പട്ടങ്ങൾ വാസ്തവങ്ങളാണെന്നു പ്രഖ്യാപിച്ചു. അങ്ങനെ, പരസ്പരബഹുമാനത്തിൻെറയും സഹകരണത്തിൻെറയും ഒരന്തരീക്ഷം ഇരുസഭകളിലും സംജാതമായി.

സ്വീഡൻ, ഫിൻലണ്ടു്, ലാത്തിവിയാ, എസ്റ്റോണിയാ, ഡെന്മാർക്കു്, നോർവേ, ഐസ്ലാണ്ടു മുതലായ സ്ഥലങ്ങളിലെ വിവിധസഭകളും ആംഗ്ളിക്കനിസത്തിൻെറ ഐക്യാഹ്വാനത്തിനും പരിശ്രമങ്ങൾക്കും ഉത്തേജനാത്മകമായി പ്രവർത്തിച്ചു. അവിടങ്ങളിലും, പരസ്പരം സഹകരിക്കുന്നതിനും കൂദാശകൾ സ്വീക

രിക്കുന്നതിനും ദേവാലയങ്ങൾ ഉപയോഗിക്കുന്നതിനും സമ്മേളനങ്ങളിലും മെത്രാന്മാരുടെ വാഴ്ചകളിലുമെല്ലാം സംബന്ധിക്കുന്നതിനും പ്രോട്ടസ്റ്റൻറ് സഭാവിഭാഗങ്ങളെ തയ്യാറാക്കുവാൻ ആംഗ്ളിക്കൻസിനു കഴിഞ്ഞു.

മതനവീകരണത്തിൻെറ ഫലമായി ഉദിച്ചുയർന്ന സകല സഭകളുടേയും ഐക്യത്തിനായി വളരെ വിശദമായ ഒരു പദ്ധതി രൂപവല്ക്കരിക്കുവാൻ നെതർലണ്ടിലെ "റെമോൺസ്ട്രൻറ് സഭ (Remonstrant Church)" യുടെ 1796-ലെ സമ്മേളനത്തിനു കഴിഞ്ഞു. ആ പദ്ധതി പരിഗണിക്കുവാനും അതിൽ യോജിക്കാൻ സാധിക്കുമോ എന്നു പര്യാലോചിക്കുവാനും അവർ സകല സഭകളോടും ആവശ്യപ്പെട്ടു. ഒന്നുരണ്ടു പ്രാദേശിക സഭൈക്യങ്ങൾ നേടിയെടുക്കുവാനല്ലാതെ ഈ പദ്ധതിക്കു മറെറാന്നും സാധിച്ചില്ല. 1817-ൽ, നെതർലണ്ടിലെ റിഫോംഡ് സഭകളുടെ ഒരു പൊതുസിനഡു തീരുമാനിച്ചു, പ്രോട്ടസ്റ്റൻറ് സഭകളിൽപ്പെട്ട ആർക്കും ഏതു പ്രോട്ടസ്റ്റൻറ് സഭകളുടെ ദേവാലയത്തിൽനിന്നും കൂദാശകൾ സ്വീകരിക്കാമെന്ന്. സഭകളുടെ ഐക്യത്തിനായി പരിശ്രമിക്കുവാൻ "ക്രിസ്റ്റോ സാക്രം (Christo Sacrum)" എന്ന സംഘടനയും ഇവർ രൂപീകരിച്ചു. 1845-ൽ രൂപീകൃതമായ "ക്രൈസ്തവ സ്നേഹിതർ (Christian Friends)" എന്ന സംഘടനയും അതിനുവേണ്ടി ആയിരുന്നു. ഈ സംഘടനകളുടെ പ്രവർത്തനഫലമാണ്, 1834-ൽ സംജാതമായ "ക്രൈസ്തവ നവീകൃതസഭ (Christian Reformed Church)"യും

1886-ൽ സ്ഥാപിതമായ "നവീകൃതസഭ (Gereformeede Kerken)"യും.

1840-ൽ, ലൂതറൻസും റിഫോംഡ് സഭകളുമായി ഒരഖിലലോക ഐക്യം നേടുവാൻ ഹംഗറിയിൽ നിരവധി സമ്മേളനങ്ങൾ നടക്കുകയുണ്ടായി. ഐക്യത്തിനായി ഒരു പദ്ധതി തയ്യാറാക്കുവാൻ 60 പേരടങ്ങിയ ഒരു കമ്മീഷനും ജന്മമെടുത്തതാണ്. പക്ഷേ, പറയത്തക്ക ഫലമൊന്നും ഉണ്ടായില്ല. 1891-ൽ, ലൂതറൻസഭകളും റിഫോംഡ്സഭകളും തമ്മിലുള്ള ഒരൈക്യം ഓസ്ട്രിയായിലുണ്ടായി. എന്നാൽ, പ്രധാനകാര്യങ്ങളിലെല്ലാം ഇരുസഭകളും ഇന്നും സ്വതന്ത്രങ്ങൾതന്നെ.

1871-ൽ, പുരാതന കത്തോലിക്കരുടെ (Old Catholics) ഐക്യസഭ ക്രൈസ്തവലോകത്തിൻെറ ഐക്യത്തിനായി സമ്മേളനങ്ങൾ വിളിച്ചുകൂട്ടാനും ചർച്ചായോഗങ്ങൾ സംഘടിപ്പിക്കാനും മുന്നോട്ടുവന്നു. 1874-ൽ വിവിധസഭകളുടെ ഒരു "പുനരൈക്യ സമ്മേളനം (Reunion Conference)" ഇവർ വിളിച്ചുകൂട്ടി. 1875-ൽ അതിൻെറ രണ്ടാംസമ്മേളനവും നടന്നു. ഇത്തരം പല സമ്മേളനങ്ങളുടെ ഫലമായി 1908-ൽ "വി. വില്ലിബ്രോർഡിൻെറ സംഘം (Society of St. Willibrord)" സ്ഥാപിതമായി, അഖിലലോക ക്രൈസ്തവൈക്യത്തിനു കളമൊരുക്കുവാൻ.

എല്ലാ സഭകൾക്കും തങ്ങളുടേതായ പലതും സാർവ്വത്രികസഭയുടെ മുതൽക്കൂട്ടിന്നായി സമ്മാനിക്കുവാനുണ്ടെന്നും അതുകൊണ്ട്, സഭകൾ തമ്മിലുള്ള വിഭിന്നത

കഠം നശിപ്പിക്കുവാൻ ശ്രമിക്കുന്നതു് കടുത്ത അപരാധമാണെന്നും വിശ്വസിക്കുന്ന മൊറാവിയൻസഭയും ക്രൈസ്തവലോകത്തിൻെറ ഏകീകരണത്തിനായി നിരവധി അഖിലലോകസമ്മേളനങ്ങഠം നടത്തിയതായി കാണാം. എല്ലാ ക്രൈസ്തവരേയും സ്നേഹിക്കുകയും ഒരുപോലെ സേവിക്കുകയുമെന്നതാണു് ഇവരുടെ എക്യുമെനിക്കൽ പ്രമാണം. ഇവരെ ആംഗ്ളിക്കൻസഭയുമായി യോജിപ്പിക്കുവാനുള്ള ശ്രമം 1877-ൽ ആരംഭിക്കുകയുണ്ടായി. 1920-ൽ ഔദ്യോഗിക സംഭാഷണങ്ങഠംക്കായുള്ള കമ്മിററിയും രൂപീകൃതമായി. പക്ഷേ, പറയത്തക്ക ഐക്യമൊന്നും സംജാതമായിട്ടില്ല.

ദക്ഷിണാഫ്റിക്കയിലെ കേപ്പ്ടൗൺ (Cape-town) മെത്രാനായിരുന്ന റോബർട്ട് ഗ്രേ (Robert Gray) യുടെ നേതൃത്വത്തിൽ 1870-ൽ സമ്മേളിച്ച ഒരു ദക്ഷിണാഫ്റിക്കൻ സിനഡു, ക്രൈസ്തവസഭകളുടെ വിഭജനത്തെ അപലപിച്ചതും ക്രിസ്തീയമല്ലാത്ത ഈ വിഭജനത്തെ കഴിയുന്നതുംവേഗം അവസാനിപ്പിക്കുവാൻ സകല ക്രൈസ്തവരോടും ആവശ്യപ്പെട്ടതും ശ്രദ്ധേയമാണു്. ആഫ്റിക്കയിൽ അന്നു നടന്നുകൊണ്ടിരുന്ന, സഭകഠം തമ്മിലുള്ള മത്സരത്തിലും വഴക്കുകളിലും ശരണമററവരായാണു് ഇത്രത്തോളം ശക്തിമത്തായ ഒരാഹ്വാനം ലോകത്തിനു നല്കുവാൻ അവർ ധൃതിവച്ചതു്.

### റോമാസഭയുടെ നീക്കം

ഓരോവിഭജനവും ഉണ്ടായപ്പോഴൊക്കെ മാതൃനിർവിശേഷമായ സ്നേഹത്തോടും ചിലപ്പോഴൊക്കെ കർക്കശനായ ഒരു പിതാവിൻെറ ദൃഢതയോടുമൊക്കെ പുനരൈക്യത്തിനായി റോമാസിംഹാസനം ശ്രമിച്ചിട്ടുണ്ട്. പത്രോസിൻെറ സിംഹാസനത്തിൽ വാണിട്ടുള്ള ചിലർ അബദ്ധങ്ങൾതന്നെ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും പൊതുവേ മാർപ്പാപ്പാമാരും കത്തോലിക്കാസഭ മുഴുവനും ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളുടെ തിരിച്ചുവരവിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 1896 മാർച്ച് മൂന്നാം തീയതി ലിയോ പതിമൂന്നാമൻ മാർപ്പാപ്പാ നടത്തിയ ലോകപ്രസിദ്ധമായ പ്രഭാഷണത്തി (Allocution) ൽ തനിക്കു മുമ്പു സഭകളുടെ ഐക്യത്തിനായി പരിശ്രമിച്ചിട്ടുള്ള പാപ്പാമാരുടെ പേരുകളെല്ലാം കാലാനുക്രമത്തിൽ പറഞ്ഞിരിക്കുന്നതു കാണാം. അവരിൽ പ്രധാനപ്പെട്ടവർ ഇന്നസെൻറ് മൂന്നാമനും എവുജിൻ നാലാമനും ജൂലിയസ് മൂന്നാമനും ഗ്രിഗരി പത്താമനും, പതിമൂന്നാമനും, പതിനഞ്ചാമനും ഉർബൻ എട്ടാമനും മററുമാണ്. മാർപ്പാപ്പാമാർ മാത്രമല്ല, ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള കത്തോലിക്കമെത്രാന്മാരും വൈദികരും വിശ്വാസികളുമെല്ലാം സഭൈക്യത്തിനായി വളരെ പ്രവർത്തിച്ചിട്ടുണ്ടെന്നു കാണാം, സഭാചരിത്രം പരിശോധിച്ചാൽ. 1824-ൽ ആംഗ്ലിക്കൻസിൻേറയും കത്തോലിക്കരുടേയും ഒരഭിമുഖ സംഭാഷണ

ത്തിന് അയർലണ്ടിൽ രൂപംകൊടുത്ത ബിഷപ്പ് ഡൂലി (Doyle) യുടെ പ്രവർത്തനങ്ങൾ ഇവയിൽ ഏററം പ്രാധാന്യമർഹിക്കുന്നു.

പക്ഷേ, ഐക്യാഭിലാഷം പറയത്തക്കവിധത്തിൽ കത്തോലിക്കസഭയെ പിടിച്ചു കുലുക്കിയതു് ലെയോ പതിമൂന്നാമന്റെ കാലംമുതലാണു്. "ഒരേ ഇടയന്റെ കീഴിൽ ഒരേ പററമായി എല്ലാവരും ഐക്യപ്പെട്ടിരിക്കണമെന്നതാണു ക്രിസ്തുനാഥന്റെ സംശയാതീതമായ അഭീഷ്ടം. അതിനാൽ, പാഷണ്ഡതയാലോ, ശീശ്മയാലോ കത്തോലിക്കസഭയിൽനിന്നും ഭിന്നിച്ചുപോയവരുടെ പുനരൈക്യത്തെ ത്വരിതപ്പെടുത്തുകയാണു നമ്മുടെ ഭരണത്തിലെ സുപ്രധാനമായ രണ്ടു ലക്ഷ്യങ്ങളിൽഒന്നു്" * എന്നു പ്രഖ്യാപിച്ചുകൊണ്ടു തുടങ്ങിയ ലെയോയുടെ പരിശ്രമങ്ങൾ അളക്കുവാനോ തൂക്കുവാനോ അസാദ്ധ്യമാണു്. സഭൈക്യത്തെ ലക്ഷ്യമാക്കി ഹൃദയസ്പർശികളായ അഞ്ചു ചാക്രികലേഖനങ്ങൾ അദ്ദേഹം എഴുതി. ഐക്യത്തെ ലക്ഷ്യമാക്കി അദ്ദേഹം എഴുതിയിട്ടുള്ള കത്തുകളുടെ സംഖ്യ വളരെ വലുതാണു്. കിഴക്കൻ സഭകളുടെ പ്രത്യാഗമനത്തിനായി പരിശ്രമിക്കുവാൻ 1895 മാർച്ച് 19-ാം തീയതി അദ്ദേഹം ഒരു പ്രത്യേക കമ്മീഷൻ സ്ഥാപിക്കുകയുണ്ടായി. അദ്ദേഹം ആരംഭിച്ച ഐക്യത്തിനായുള്ള നൊവേന ഇന്നും പന്തക്കുസ്താതിരുന്നാളിനു മുമ്പായി സഭ ആചരിക്കുന്നുണ്ടു്.

---

* Encyclical *Divinum Illud Munus, No. 2.*

പുനരൈക്യത്തിനു കിഴക്കൻസഭകളോടു വിശ്വാസൈക്യമല്ലാതെ മറെറാന്നും ആവശ്യപ്പെടില്ലെന്നു വ്യക്തമായ ഭാഷയിൽ പ്രഖ്യാപിച്ച ഒമ്പതാം പീയൂസ് പാപ്പയും ഐക്യവാരപ്രാർത്ഥനയെ അനുഗ്രഹിച്ചാശീർവദിച്ച പത്താംപീയൂസ് പാപ്പായും ഐക്യത്തിനായി ഒരു തിരുസംഘവും ഒരു പേപ്പൽ ഇൻസ്റ്റിററ്യൂട്ടും സ്ഥാപിച്ച ബനഡിക്ററ് പതിനഞ്ചാമൻ മാർപ്പാപ്പായും സഭൈക്യത്തെ എത്രമാത്രം പ്രതീക്ഷയോടും ഉത്സാഹത്തോടുംകൂടിയാണു വീക്ഷിച്ചതെന്നു പറഞ്ഞറിയിക്കുക വിഷമമാണു്. കിഴക്കൻക്രിസ്ത്യാനികളെ വിഷയമാക്കി, അവരുമായുള്ള ഐക്യസാദ്ധ്യതയെ വ്യക്തമാക്കിക്കൊണ്ടു സുപ്രധാനങ്ങളായ അഞ്ചു ഡോക്കുമെൻറുകൾ പ്രദാനം ചെയ്തിട്ടുണ്ടു്, ഒമ്പതാം പീയൂസ്. പത്താംപീയൂസും ഇതേ വിഷയത്തെ ആസ്പദമാക്കി അഞ്ചു ഡോക്കുമെൻറുകൾ പ്രസിദ്ധം ചെയ്തു. ബനഡിക്ററ് പതിനഞ്ചാമൻ രണ്ടു ഡോക്കുമെൻറുകൾ സമ്മാനിച്ചു, ഐക്യത്തിനു മുഖവുരയായി.

കത്തോലിക്കർക്കു് എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്കായുള്ള ആവേശം പകർന്നു കൊടുക്കുവാനും അവരുടെ പ്രവർത്തനങ്ങളെ ശരിക്കു നയിക്കുവാനും പതിനൊന്നാംപീയൂസിൻെറ "മൊർത്താലിയും ആനിമോസ്" എന്ന ചാക്രികലേഖനത്തിനു കഴിഞ്ഞിട്ടുണ്ടു്. കൂടാതെ, ഏഴു വിലയേറിയ ഡോക്കുമെൻറുകൾകൂടെ എക്യുമെനിസത്തിനു സംഭാവന ചെയ്യുകയുണ്ടായി, അദ്ദേഹം. പന്ത്രണ്ടാംപീയൂസിൻെറ ഭരണകാലം മുഴുവൻതന്നെ ഐ

ക്യാഹ്വാനങ്ങളാൽ നിറഞ്ഞതാണ്. സുപ്രധാനങ്ങളായ എട്ടു ഡോക്കുമെൻറുകൾ അദ്ദേഹം എക്യുമെനിസത്തിനു സമ്മാനിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ഐക്യതീക്ഷ്ണതയും ആവേശവുമാണു ജോൺ ഇരുപത്തിമൂന്നാമനെ കർമ്മധീരനാക്കിയതും പോൾ ആറാമനെ മുന്നോട്ടു നയിക്കുന്നതെന്നും തീർച്ചയാണ്.

പാപ്പാമാരുടെ പരിലാളനയിലും മെത്രാന്മാരുടെ പരിരക്ഷണയിലും അനവധി ഐക്യപ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും കത്തോലിക്കരുടെ ഇടയിലും വളർന്നുവരുകയുണ്ടായി: ഫ്റാൻസിൽ, പാരീസിനടുത്തുള്ള ബുളോൺ സുർസൈൻ (Boulogne-Sur-Seine) എന്ന സ്ഥലത്തു സ്ഥാപിതമായി പ്രവർത്തിക്കുന്ന ഇസ്തീനാ (Istina) എന്ന എക്യുമെനിക്കൽ പഠനകേന്ദ്രവും അവിടെനിന്നു പ്രസിദ്ധീകരിക്കുന്ന രണ്ടു മാസികകളും ("Istina", "Vers l'Unite Chrestienne") ലോകപ്രസിദ്ധങ്ങളാണ്. കത്തോലിക്കരും ഓത്തഡോക്സുകാരും പ്രോട്ടസ്റ്റൻറുകാരും ഒരേ മേശയ്ക്കു ചുററുമിരുന്നു നടത്തുന്ന ഹൃദയസംവാദത്തിൻെറ ഫലങ്ങളാണ് ഇവ ലോകത്തിനു പ്രദാനം ചെയ്യുന്നതു്. കിഴക്കൻസഭകളും കത്തോലിക്കരും തമ്മിലുള്ള ബന്ധവും ധാരണയും മെച്ചപ്പെടുത്താൻവേണ്ടിമാത്രം ബൽജിയത്തിൽ സ്ഥാപിതമായിരിക്കുന്ന ബനഡിക്ടയൻ ആശ്രമവും അവിടെ നടത്തപ്പെടുന്ന അഭിമുഖസംഭാഷണങ്ങളും ഇരുസഭക്കാരുടേയും വീക്ഷണത്തിനു സാരമായ വ്യത്യാസം വരുത്തുന്നുണ്ട്. 1926 മുതൽ ഇവിടെനിന്നും പ്രസിദ്ധീകരിക്കുന്ന

"ഇറെനിക്കോൺ (Irenikon)" എന്ന മാസിക ഇരു സഭകളിലും ആരാധനക്രമപരമായി അത്ഭുതകരമായ സേവനമാണു് അനുഷ്ഠിക്കുന്നതു്. 1951-ൽ മോൺ. വില്ലിബ്രാൻഡു് (Mgr. Willicbrande) ഹോളണ്ടിൽ സ്ഥാപിച്ച "എക്യുമെനിക്കൽ ചോദ്യങ്ങൾക്കായുള്ള കത്തോലിക്കകൗൺസിലും (The Catholic Council for Ecumenical Questions)" ഈ സംഘടന നടത്തുന്ന വാർഷിക ചർച്ചായോഗങ്ങളും അഭിമുഖസംഭാഷണങ്ങളും വളരെയധികം ഫലം പുറപ്പെടുവിക്കുന്നുണ്ടു്.

ജർമ്മനിയിലെ "ഊനാ സാങ്്ത (Una Sancta)" പ്രസ്ഥാനവും പാദെർബോൺ (Paderborn) മെത്രാപ്പോലീത്തായുടെ സംരക്ഷണയിൽ നടത്തപ്പെടുന്ന "ലൂതറൻ-കാത്തലിക്കു് സംയുക്ത ചർച്ചാ" പ്രസ്ഥാനവും ഐക്യാന്തരീക്ഷത്തിലെ പ്രഫുല്ലതാരങ്ങളായി പരിലസിക്കയാണു്. 1945-ൽ റോമിൽ സ്ഥാപിതമായി, ചാൾസ് ബൊായെ, എസ്സ്.ജെ.യുടെ സവ്വസ്വമായി പ്രശോഭിക്കുന്ന "യൂണിത്താസ് അസോസിയേഷ (Unitas Association)"നും അതു മൂന്നു ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന "യൂണിത്താസ്" എന്ന മാസികയും എല്ലാ ക്രൈസ്തവ സഭകളുടേയും ഐക്യപ്രസ്ഥാനങ്ങളുമായി ബന്ധം പുലത്തുവാൻ വളരെയധികം സഹായിക്കുന്നുണ്ടു്. ഈ സംഘടനയുടെ സംരക്ഷണയിലും ബൽജിയൻ അല്മായസഹോദരികളുടെ ത്യാഗത്തിലും വിജയിച്ചുകൊണ്ടിരിക്കുന്ന "ഫൊയർ യൂണിത്താസു് (Foyer Unitas)" റോമാസന്ദർശകരായ അകത്തോലിക്കരുടെ സഹായ

ത്തിനും പരിചരണത്തിനും മുന്നോട്ടു വന്നുകൊണ്ടു നിർവ്വഹിക്കുന്ന എക്യുമെനിസത്തെ അളക്കുക അസാദ്ധ്യമാണു്.

കത്തോലിക്കരുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും 1950 മാർച്ച് 4-ാം തീയതി പുറത്തുവന്ന "തിരുസംഘത്തിൻെറ ഉപദേശ (Instruction of the Holy Office)"വും പ്രാധാന്യമർഹിക്കുന്ന ഒന്നാണു്, കത്തോലിക്കരുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ. പക്ഷേ, ഒരു കാര്യം തുറന്നു പറയാതിരിക്കാൻ നിവൃത്തിയില്ല; അഭിനവ എക്യുമെനിസത്തിൻെറ ജനയിതാക്കൾ പ്രോട്ടസ്റ്റൻറുകാരാണു്; റോമാക്കാർ അതിനെ പലപ്പോഴും സംശയദൃഷ്ട്യായാണു വീക്ഷിച്ചിട്ടുള്ളതു്; അവരുടെ ഐക്യസമ്മേളനങ്ങളിൽ സംബന്ധിക്കുവാൻ പലപ്പോഴും കത്തോലിക്കർക്കു് അനുവാദമില്ലായിരുന്നു; അവരുമായി സഹകരിച്ചുതുടങ്ങിയ കത്തോലിക്കരെ റോമസിംഹാസനം വിലക്കിയിട്ടുണ്ടു്. എന്നാലും, സ്വന്തമായ വിധത്തിലും രൂപത്തിലും ഐക്യപ്രവർത്തനങ്ങൾ നടത്തുവാൻ റോമാസഭ ഒരിക്കലും മറന്നിട്ടില്ല.

## 5 പ്രതിബന്ധങ്ങൾ

നിരവധി പ്രസ്ഥാനങ്ങളുടേയും നിരവധിനല്ല വ്യക്തികളുടേയും സഭൈക്യത്തിനായുള്ള പരിശ്രമങ്ങൾ

നാം കണ്ടുകഴിഞ്ഞു. അവയുടെ പരാജയകാരണങ്ങളിലേക്ക് അല്പമൊന്നു കടക്കേണ്ടതു് ആവശ്യകമാണു്. ഐക്യത്തിനായുള്ള പരിശ്രമങ്ങളുടെ ചരിത്രം പഠിക്കുന്ന ആർക്കും വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും, പ്രായോഗികതലത്തിൽ ക്രിസ്ത്യാനികളെ ഒന്നിപ്പിക്കുക അത്ര പ്രയാസമുള്ള കാര്യമല്ലെന്നു്. സാമൂഹിക-രാഷ്ട്രീയപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ ക്രിസ്ത്യാനികളുടെ സഹകരണം ലഭിക്കുവാൻ വിഷമമൊന്നുമില്ല. പക്ഷേ, വിശ്വാസവിഷയങ്ങളുടെ കാര്യത്തിലോ സഭാഭരണതലത്തിലോ അവരെ ഒന്നിപ്പിക്കുക അസാദ്ധ്യമായിത്തന്നെ അനുഭവപ്പെട്ടിരുന്ന ഒരു കാലഘട്ടമാണു നാം ഇപ്പോൾ തരണം ചെയ്തതു്. പ്രതിബന്ധങ്ങളുടെ ഉരുക്കുകോട്ടകളാണു് അവിടെയെല്ലാം നാം കണ്ടതു്. അവയെ തല്ലിത്തകർക്കുക അത്ര എളുപ്പമുള്ള കാര്യമല്ല.

തങ്ങൾ വിശ്വസിക്കുന്നതു വാസ്തവമല്ലെന്നു്, തങ്ങളുടെ സഭ യഥാർത്ഥസഭയല്ലെന്നു പറയുന്നതു കേൾക്കുവാൻ ആരും ഇഷ്ടപ്പെടുകയില്ല. തങ്ങൾ ആചരിക്കുന്നവ ശരിയല്ലെന്നും അപ്പസ്തോലികമല്ലെന്നും പ്രസ്താവിക്കുന്നവരെ ശത്രുക്കളായി കരുതുവാനാണു് ആരും ആഗ്രഹിക്കുക. വിശ്വാസവിഷയങ്ങളിലോ ആചാരക്രമങ്ങളിലോ അണുവിട വിട്ടുവീഴ്ച ചെയ്യുവാൻ ആരും തയ്യാറാവില്ല. "താൻ പിടിച്ച മുയലിനു കൊമ്പു രണ്ടു്" എന്ന വിധത്തിലുള്ള ക്രിസ്ത്യാനികളുടെ ഈ മർക്കടമുഷ്ടിയാണു് ഇന്നുവരെ നടന്നിട്ടുള്ള ഐക്യശ്രമങ്ങളിൽ മിക്കതും പരാജയമടയുവാൻ കാരണം. ഈ മനഃസ്ഥിതി

മാറുന്നില്ലെങ്കിൽ ക്രൈസ്തവൈക്യം ഒരു സ്വപ്നമായിത്തന്നെ അവശേഷിക്കുകയേ ഉള്ളൂ; ക്രിസ്തുവിൻെറ അഭീഷ്ടം നിറവേറുകയില്ല; ക്രിസ്തുവിൻെറ പ്രാർത്ഥന സഫലീകൃതമാവുകയുമില്ല. അതുകൊണ്ടാണു്, ക്രൈസ്തവൈക്യത്തിൻെറ പ്രണേതാക്കൾ വിശ്വാസവിഷയങ്ങൾ ചർച്ചചെയ്തു ഭിന്നതകൾ അവസാനിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്.

ഇന്നു് ഐക്യത്തിനെതിരായി അണിനിരക്കുന്ന പ്രതിബന്ധങ്ങളെ രണ്ടു ചേരികളിലായി തിരിക്കുകയാണെങ്കിൽ അവയെ ഗ്രഹിക്കുവാൻ എളുപ്പമാണു്. ആദ്യമായി, റോമാസഭയും കിഴക്കൻസഭകളുമായുള്ള പ്രതിബന്ധങ്ങളെ പരിഗണിക്കാം. അടുത്തപടി, റോമാസഭയ്ക്കും പ്രോട്ടസ്റ്റൻറു സഭകൾക്കുമിടയിൽ വളർന്നിട്ടുള്ള പ്രതിബന്ധങ്ങളെ വീക്ഷിക്കാൻ ശ്രമിക്കാം. റോമാസഭയും കിഴക്കൻസകളുമായുള്ള ഭിന്നത എപ്രകാരമാണു സംഭവിച്ചതെന്നു നാം കണ്ടുകഴിഞ്ഞു. ആ വിഭജനകാരണങ്ങൾ തന്നെയാണു് ഇന്നും ഐക്യത്തിനു പ്രതിബന്ധങ്ങളായി നില്ക്കുന്നതു്, നെസ്തോറിയൻ-മോണോഫിസിസ്റ്റു സഭകളെ സംബന്ധിച്ചിടത്തോളം. പക്ഷേ, അവയുടെ കാഠിന്യം ഒട്ടേറെ അവസാനിച്ചിട്ടുണ്ടെന്നു പറയാം. ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നും ഒരേയൊരു വ്യക്തിമാത്രമേ ക്രിസ്തുവിലുള്ളുവെന്നും മററും സിദ്ധാന്തപരമായി അംഗീകരിക്കുവാൻ ഇവർ ഒരുക്കമാണു്. അവരുടെ വിശദീകരണങ്ങൾ വിഭിന്നങ്ങളാണെന്നുമാത്രം. അതുകൊണ്ടു്, ഇവരുമായുള്ള

ഐക്യത്തിന് ഇന്നു വലിയ പ്രതിബന്ധങ്ങളൊന്നും തന്നെയില്ല, മററു കിഴക്കൻസഭകളുമായുള്ള പ്രതിബന്ധങ്ങളൊഴിച്ചാൽ. കാരണം, പലതിലും ഇവർ ഇന്നു മററു കിഴക്കൻസഭകളോടു യോജിപ്പിലാണ്.

റോമാസഭയും ഗ്രീക്ക ഓത്തഡോക്സ് സഭയും തമ്മിലുള്ള ഭിന്നതകൾ ആദ്യം വിലയിരുത്തിയതു ഫോസിയുസാണ്. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ ഗുരുതരമായ ഏഴു കാര്യങ്ങളിലാണ കിഴക്കും പടിഞ്ഞാറും തമ്മിൽ യോജിപ്പില്ലായിരുന്നതു്. ചെറുളാരിയൂസിൻെറ കാലമായപ്പോൾ ഈ ഭിന്നതകളുടെ എണ്ണം 22 ആയി വദ്ധിച്ചു. ഇരുസഭകളുമായുണ്ടായ പരിപൂണ്ണവിഭജനത്തിൻെറ ഫലമായി ഈ വിഭിന്നതകൾ വളർന്നുകൊണ്ടേയിരുന്നു. പതിനഞ്ചാംനൂററാണ്ടായപ്പോഴേക്കും ഐക്യത്തിനെതിരായ പ്രതിബന്ധങ്ങളുടെ എണ്ണം 68 ആയി ഉയർന്നിരുന്നു. ഫ്ളോറൻസിലെ സൂന്നഹദോസ് ഇവയെല്ലാം വിശകലനം ചെയ്യുകയും കാര്യമായ പ്രതിബന്ധങ്ങൾ അഞ്ചുമാത്രമാണെന്നു വ്യക്തമാക്കുകയുംചെയ്തു. ഇന്നത്തെ പരിത:സ്ഥിതി കണക്കിലെടുത്താൽ പ്രധാന പ്രതിബന്ധങ്ങൾ പന്ത്രണ്ടെണ്ണമാണെന്നു കാണാം: 1) പരിശുദ്ധാത്മാവിൻെറ പുറപ്പാടു് പിതാവിൽനിന്നു മാത്രമാണെന്നു ഗ്രീക്കുകാർ വാദിക്കുന്നു. 2) വിശ്വാസപ്രമാണത്തിൽ "പുത്രനിൽനിന്നും (Filioque)" കൂട്ടിച്ചേർത്തതിനു റോമാക്കാരെ ഇന്നും അവർ പഴിക്കുന്നു. 3) വെള്ളം തളിച്ചുനല്കുന്ന മാമോദീസായോടും അവർക്ക് എതിർപ്പുണ്ടു്. 4) വി. കർബാനയ്ക്കു

പുളിക്കാത്ത അപ്പം ഉപയോഗിക്കുന്നതിൽ പാഷണ്ഡതയാണ് അവർ ദർശിക്കുന്നത്. 5) ക്രൂദാശാവചനങ്ങളുടെ ശക്തികൊണ്ടല്ല, പരിശുദ്ധാത്മാവിൻെറ വരവിനായുള്ള പ്രാർത്ഥനകൊണ്ടാണ് (Epiclesis) അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളായി മാറുന്നതെന്നാണു ഗ്രീക്കുകാരുടെ വിശ്വാസം. 6) വി. കുർബാനയുടെ സ്വീകരണം തിരുശരീരത്തിൻെറ സ്വീകരണംമാത്രമായി ചുരുക്കുന്നതിനെ അവർ എതിർക്കുന്നു. 7) ശുദ്ധീകരണസ്ഥലത്തെപ്പററി സഭ നല്കുന്ന വിശദീകരണം അംഗീകരിക്കുവാൻ അവർക്കു പ്രയാസമാണ്. 8) പരിശുദ്ധജനനിയോട്ട് അങ്ങേയററം ഭക്തിയുള്ളവരാണെങ്കിലും മാതാവിൻെറ അമലോത്ഭവം വിശ്വാസത്യമായി പ്രഖ്യാപിച്ചതിനെ അവർ എതിക്കുന്നു. 9) റോമാമാർപ്പാപ്പായുടെ പരമാധികാരം അംഗീകരിക്കുവാനും ഇപ്പോഠം അവർക്കു പ്രയാസമാണ്. 10) മാർപ്പാപ്പായ്ക്കു് അപ്രമാദവരമുണ്ടെന്ന വിശ്വാസത്തെ അവർ നഖശിഖാന്തം എതിർക്കുന്നു. 11) വിവാഹമോചനം അനുവദിക്കുന്നതിൽ അവർക്കു യാതൊരു പ്രയാസവും തോന്നുന്നില്ല. 12) വൈദികർക്കു വിവാഹം കഴിക്കാമെന്നുള്ള അവരുടെ നിലപാടു റോമാക്കാർക്കു തൃപ്തികരമല്ല. ഇവകൂടാതെ പ്രസാദവരത്തേയും മനുഷ്യസ്വാതന്ത്ര്യത്തേയും പ്രകൃതിയേയും പ്രകൃത്യതീതവസ്തുക്കളേയുംമററും പററിയുള്ള ഇവരുടെ ധാരണകഠക്കും വ്യതിയാനങ്ങഠം സംഭവിച്ചിട്ടുണ്ട്, പ്രോട്ടസ്റ്റൻറുകാരുമായുള്ള കൂട്ടുകെട്ടിൻെറ ഫലമായി. അവയുമെല്ലാം

പ്രതിബന്ധങ്ങളുടെ രൂപം സ്വീകരിച്ചുകൊണ്ടിരിക്കയാണ്.

റോമാസഭയും പ്രോട്ടസ്റ്റൻറുസഭകളുമായുള്ള ബന്ധത്തെ പരിഗണിക്കുമ്പോൾ വിശ്വാസപരവും അടിസ്ഥാനപരവുമായ ഭിന്നതകളുടെ ഒരു സൈന്യത്തെത്തന്നെയാണു നമുക്കു നേരിടേണ്ടിവരുക. പ്രോട്ടസ്റ്റൻറുസഭകളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം അവരുമായുള്ള ഐക്യത്തിനെതിരായ പ്രതിബന്ധങ്ങൾ വളരുകയാണ്. ഇവരുടെ കൂട്ടത്തിൽ ആംഗ്ലിക്കൻസഭയാണു റോമസഭയുമായി ഏററം അടുത്ത ബന്ധം കാത്തുസൂക്ഷിക്കുന്നത്. അവരും റോമും തമ്മിലുള്ള ഐക്യത്തിന് ഏററവും വലിയ പ്രതിബന്ധമായി ഇന്നും അവശേഷിക്കുന്നത് ആംഗ്ലിക്കൻസഭകളിലെ തിരുപ്പട്ടങ്ങൾ വാസ്തവങ്ങളാണെന്നു വിധിക്കുവാൻ റോമാസഭയ്ക്കു കഴിയാഞ്ഞതാണ്. അതൊഴിച്ചാൽ അവർ തമ്മിലുള്ള ഐക്യത്തിന് അധികമൊന്നും പ്രയാസം വരാൻ പോകുന്നില്ല. മററു പ്രോട്ടസ്റ്റൻറുസഭകളും റോമാസഭയുംതമ്മിൽ വിശ്വാസപരമായ വ്യത്യാസങ്ങൾ വളരെയാണ്. അവയെല്ലാം വിവരിക്കാൻ പോവുകയാണെങ്കിൽ അതിനുതന്നെവേണം ഇതിലേറെ വലിയൊരു പുസ്തകം. വിശുദ്ധ ഗ്രന്ഥം മാത്രമാണു ക്രിസ്തീയവിശ്വാസത്തിൻെറ മാനദണ്ഡം എന്നു തുടങ്ങി മനുഷ്യൻെറ പരമാന്ത്യംവരെയുള്ള സകല വിശ്വാസവിഷയങ്ങളിലും വിഭിന്നങ്ങളായ ധാരണകളാണ് ഈ സഭകൾക്കുള്ളത്. തമ്മിൽ യോജിക്കുവാൻ നിവൃത്തിയില്ലാത്തവിധം വളർന്നിരി

ക്കുകയാണു വിശ്വാസവിഷയങ്ങളിലുള്ള അവരുടെ വ്യത്യസ്ത ധാരണകൾ. ലൂതറിനും അനുയായികൾക്കും സ്വിൻഗ്ലിയോടും കാല്വിൻപ്രഭൃതികളോടും യോജിക്കുവാൻ സാധിക്കാതിരുന്നതും വിശ്വാസവിഷയങ്ങളിലാണല്ലോ!

എന്നാൽ, ഈ കഴിഞ്ഞ രണ്ടു നൂററാണ്ടുകളിലായി നടന്ന ഐക്യശ്രമങ്ങളും സംഭാഷണങ്ങളും പലരുടേയും ധാരണകൾക്കു് അല്പാല്പം അയവു വരുത്തിയിട്ടുണ്ടു്. മുൻവിധികൂടാതുള്ള ശരിയായ പഠനം പല പ്രോട്ടസ്റ്റൻറുകാരേയും പാരമ്പര്യത്തെ മാനിക്കുവാനും അപ്പസ്തോലികപാരമ്പര്യം വിശ്വാസസത്യങ്ങളുടെ ഉറവിടമാകുവാൻ സാദ്ധ്യമാണെന്നു സമ്മതിക്കുവാനും സന്നദ്ധരാക്കിയിട്ടുണ്ടു്. വി. കുർബാനയെ ഒരു ബലിയായി കരുതുവാൻ ഒരുകൂട്ടം ലൂതറൻ വൈദികർ മുന്നോട്ടു വന്നതും അപ്പസ്തോലികപാരമ്പര്യത്തിലുള്ള തിരുപ്പട്ടങ്ങളേയും വി. കൂദാശകളേയും അംഗീകരിക്കുവാൻ കാല്വിനിസ്ററു വൈദികർ സന്നദ്ധരായതും ആശ്രമജീവിതത്തെ പ്രോത്സാഹിപ്പിക്കുവാൻ പ്രോട്ടസ്റ്റൻറുലോകത്തു് ഇന്നു കാണുന്ന ഉത്സാഹവും മററും ഐക്യത്തിലേക്കു് അവർ എന്തുമാത്രം അടുത്തിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുന്നു. ഇരുപതാംനൂററാണ്ടിലെ എക്യുമെനിക്കൽ സംരംഭങ്ങൾ സകലരേയും ഐക്യത്തിലെത്തിക്കുമെന്നു വിശ്വസിക്കാവുന്ന വിധത്തിലാണു് ഇവിടങ്ങളിലുണ്ടായിട്ടുള്ള പുരോഗമനം.

III

# എക്യുമെനിസം

## 1. പദപ്രയോഗവും ആദർശവും

ഇരുപതാം നൂററാണ്ടിലേ ഐക്യസംരംഭങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന ഒരു പദമാണ് "എക്യുമെനിസം." ഇതിൻെറ ഉത്ഭവവും ആദ്യംമുതലുള്ള അർത്ഥവും മററും പഠനവിഷയമാക്കുക രസാവഹമാണ്. "എക്യുമേനിക്കൽ പ്രസ്ഥാനത്തിൻെറ ഒരു ചരിത്രം (A History of Ecumenical Movement)" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ഇത്തരം ഒരു പഠനം നടത്തിയിട്ടുണ്ട്. ഒന്നാമത്തെ അനുബന്ധമായാണ് ഈ പഠനം അതിൽ നല്കിയിരിക്കുന്നത്. ലേഖകൻെറ (Willen Adolf Visser't Hooft) അഭിപ്രായത്തിൽ "എക്യുമേനിക്കൽ" എന്ന പദത്തിന് ഏഴ് വ്യത്യസ്തങ്ങളായ അർത്ഥമുണ്ട്. കാലക്രമത്തിൽ വിവിധ പ്രയോഗങ്ങളിൽ നിന്നു സിദ്ധിച്ചതാണ് ഈ അർത്ഥങ്ങൾ ഏഴും.

"ഒയിക്കുമനേ (Oikoumene)" എന്ന ഗ്രീക്കുപദത്തിൽ നിന്നാണു് ഈ പദം രൂപം കൊണ്ടിട്ടുള്ളതു്. പ്രസ്തുത ഗ്രീക്കുപദത്തിൻെറ പ്രസ്പഷ്ടമായ അൎത്ഥം, അധിവാസിതമായ ലോകംമുഴുവനും (Whole inhabited World) മെന്നാണു്. പുതിയനിയമഗ്രന്ഥങ്ങളിൽ പതിനഞ്ചുപ്രാവശ്യം ഈ വാക്കു് ഉപയോഗിച്ചിട്ടുണ്ടു്. അതിൽ രണ്ടു് അൎത്ഥത്തിലാണു് ഈ പദം പ്രയോഗിച്ചിരിക്കുന്നതു്. ലോകത്തെ മുഴുവൻ കുറിക്കുവാനും റോമാസാമ്രാജ്യത്തെ കുറിക്കുവാനും. എന്നാൽ, പുരാതന സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നതു സാൎവ്വത്രികസഭയെ കുറിക്കുവാനും സഭയിൽ സാർവ്വത്രിക സാധുത്വമുള്ളവയെ വ്യക്തമാക്കുവാനുമായാണു്. ഇന്നു്, സഭയുടെ സാൎവ്വത്രികമായ പ്രേഷിതപ്രവൎത്തനത്തെ സംബന്ധിച്ചും വിവിധസഭകളുടെ ഐക്യത്തെ സംബന്ധിച്ചും ഐക്യത്തിനായുള്ള അഭിലാഷത്തെ വ്യക്തമാക്കുന്ന സകല പ്രവൎത്തനങ്ങളെ സംബന്ധിച്ചും ഈ പദം ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ടു്.

## എഡിൻബർഗ്ഗുസമ്മേളനം

അഭിനവ എക്യുമെനിസത്തെക്കുറിച്ചു ചിന്തിക്കുകയോ സംസാരിക്കുകയോ എഴുതുകയോ ചെയ്യുന്നവരൊക്കെ ആരംഭിക്കുന്നതു് 1910-ൽ എഡിൻബർഗ്ഗു നഗരത്തിൽ സമ്മേളിച്ച മൂന്നാമത്തെ സാർവ്വലൌകിക മിഷനറികോൺഫ്രൻസ് മുതലാണു്. അത്യധികം പ്രാധാന്യമർ

ഹിക്കുന്ന ഒരു സ്ഥാനമാണ് എക്യൂമെനിസത്തിൻെറ ചരിത്രത്തിൽ എഡിൻബർഗ്ഗുസമ്മേളനത്തിനുള്ളത്. “1910-ൽ സ്കോട്ട്ലണ്ടിലെ എഡിൻബർഗിൽ സമ്മേളിച്ച മിഷനറിനേതാക്കന്മാരുടെ കൗൺസിലിനെയാണ് അഭിനവ എക്യൂമെനിക്കൽ പ്രസ്ഥാനത്തിൻെറ ഉറവിടമായി നമ്മൾ ഇപ്പോൾ രേഖപ്പെടുത്തുന്നത്.” *

184?-ൽ രൂപംകൊണ്ട “എവഞ്ചേലിക്കൽ അലയൻസാണ് അഖിലലോക മിഷനറി കോൺഫറൻസുകൾക്കെല്ലാം കളമൊരുക്കിയതു്. കലാലയതലത്തിലുള്ള ക്രൈസ്തവ വിദ്യാഭ്യാസത്തിനു് ഇൻഡ്യയിൽ നേതൃത്വം നല്കിയ അലക്സാണ്ടർ ഡഫി (Alexander Duff) ൻെറ അധ്യക്ഷതയിൽ സമ്മേളിച്ച ബ്രിട്ടീഷ് അലയൻസിൻെറ ഒരു ദേശീയസമ്മേളനമാണ് 1854-ൽ സമ്മേളിച്ച ആദ്യത്തെ അഖിലലോക മിഷനറി കോൺഫറൻസിൻെറ ആശയം അംഗീകരിച്ചതും അതിനായി വിശദമായ ഒരു പദ്ധതി തയ്യാറാക്കിയതും. 1854-ൽ ലണ്ടനിലും ന്യൂയോർക്കിലും ഇതര സമ്മേളനങ്ങൾ നടന്നു. 1860-ൽ ലിവർപ്പൂളിൽ അതു തുടർന്നു. 1878-ൽ വീണ്ടും ലണ്ടനിൽത്തന്നെ മിഷനറിമാർ സമ്മേളിച്ചു. 1888-ൽ ലണ്ടനിൽ നടന്ന മിഷനറി കോൺഫറൻസിൽ, മിഷൻനാടുകളേയും മിഷനറി സംഘടനകളേയും അവയുടെ പ്രവർത്തനങ്ങളേയും മററും

---

* PAUL G. MACY, *If it be of God*, The Bethany Press, St. Louis, Mo. 1960, p. 40.

ശരിക്കു പഠിച്ചും പഠിപ്പിച്ചും പ്രഗല്ഭനായിരുന്ന ഗുസ്റ്റാവ് വാർനെക്കു (Gustaw Warneck) തൻെറ നൂതനാശയങ്ങൾ ചർച്ചയ്ക്കു സമർപ്പിച്ചു. അദ്ദേഹത്തിൻെറ ആശയമനുസരിച്ച് എല്ലാ ദേശങ്ങളിലും മിഷനറി കോൺഫ്റൻസുകളുണ്ടായിരിക്കണം. ഈ കോൺഫ്റൻസുകൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളടങ്ങുന്ന ഒരു അഖിലലോക മിഷനറി കൗൺസിൽ ലണ്ടനിൽ സ്ഥാപിക്കണം. സ്ഥിരമായ ഈ സംഘടന മിഷനറി ലോകത്തിലേ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ അങ്ങേയററം ഉപകരിക്കുമെന്നുമാത്രമല്ല വിവിധസഭകൾ തമ്മിലുള്ള ധാരണ മെച്ചപ്പെടുത്തുവാൻ സഹായിക്കുകയും ചെയ്യും. ഈ സ്ഥിരം സമിതിയുടെ പഠനത്തിലും പരിചരണത്തിലുംവേണം, പത്തുകൊല്ലത്തിലൊരിക്കൽ നടത്തപ്പെടുന്ന അഖിലലോക മിഷനറി കോൺഫ്റൻസുകൾ രൂപം കൊള്ളുവാൻ. അദ്ദേഹത്തിൻെറ ഈ പദ്ധതി അച്ചടിക്കപ്പെട്ടതല്ലാതെ ചർച്ചയ്ക്കു വിധേയമായില്ല.

പക്ഷേ, 1900-ൽ ന്യൂയോർക്കിൽ സമ്മേളിച്ച മിഷനറി കോൺഫ്റൻസ് ഈ പദ്ധതി പഠിക്കുകയുണ്ടായി. * അതിൻെറ ഫലമായി, നിരവധി ദേശീയ

---

* 1888-ലും 1900-ലും നടന്ന മിഷനറി കോൺഫ്രൻസുകളെ മാത്രമേ സാർവ്വലൗകിക (Ecumenical) സമ്മേളനങ്ങളായി കണക്കാക്കുന്നുള്ളു, മുൻസമ്മേളനങ്ങളെ അപേക്ഷിച്ചു ഈ വർഷങ്ങളിൽ സമ്മേളിച്ചവരുടെ സംഖ്യയെ അടിസ്ഥാനമാക്കി. അതുകൊണ്ടാണ് എഡിൻബർഗ്ഗുസമ്മേളനത്തെ മൂന്നാം സാർവ്വത്രിക സമ്മേളനമായി കണക്കാക്കിയിരിക്കുന്നത്.

മിഷനറിസമ്മേളനങ്ങഠം നടന്നു; 1908-ൽ, എഡിൻബർഗ്ഗ സമ്മേളനത്തെ ഒരുക്കുവാൻ ഒരു അഖിലലോക കമ്മിററി (International Committee) രൂപവൽകൃതമായി. ക്രൈസ്തവൈക്യത്തിനായി അന്ത്യംവരെ പോരാടിയ ജോസഫ് എച്ച്. ഓഠംഡാം(Joseph H. Oldham) എക്സിക്യൂട്ടിവ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ജോൺ ആർ. മോട്ട് (John R. Mott) എന്ന മെത്തോഡിസ്ററ് അല്മായന്റെ നേതൃത്വത്തിൽ എട്ടു പ്രാരംഭകമ്മീഷനുകഠം (Preparatory Commissions) രൂപീകൃതമായി. കോൺഫറൻസിൽ സമർപ്പിക്കുവാനുള്ള വിഷയങ്ങളുടെ വിശദമായ പഠനവും വ്യക്തമായ ആവിഷ്കരണവുമായിരുന്നു, ഈ കമ്മീഷനുകളുടെ ലക്ഷ്യം. വിവിധ സഭകളിൽപ്പെട്ട പണ്ഡിതന്മാർ ഓരോ കമ്മീഷനിലും അംഗങ്ങളായി വന്നു. ഓരോ കമ്മീഷനും നിശ്ചിത വിഷയങ്ങഠം നല്കപ്പെട്ടു. ഈ വിഷയങ്ങളിലേക്കൊരെത്തിനോട്ടം എഡിൻബർഗ്ഗ കോൺഫറൻസിന്റെ പ്രാധാന്യത്തെ ശരിക്കു ഗ്രഹിക്കുവാൻ നമ്മെ സഹായിക്കും.

1. അക്രൈസ്തവലോകത്തിലെ സുവിശേഷപ്രചരണം. 2. പ്രേഷിതരംഗങ്ങളിലെ സഭ. 3. ദേശീയജീവിതത്തിന്റെ ക്രൈസ്തവീകരണത്തെ ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം. 4. അക്രൈസ്തവമതങ്ങഠംക്കു മിഷൻസന്ദേശവുമായുള്ള ബന്ധം. 5. മിഷനറിമാരുടെ രൂപവൽക്കരണം. 6. മിഷൻസിന്റെ കുടുംബതലം. (Home Base of Missions). 7, മിഷൻസും ഗവണ്മെൻറുകളും. 8. സ

ഹകരണവും ഐക്യവളർച്ചയും എന്നിവയായിരുന്നു കമ്മീഷനുകളുടേ പഠനവിഷയം. കടമകളും കത്തവ്യങ്ങളും ശരിക്കു നിവ്വഹിക്കാൻ ഓരോ കമ്മീഷനും നിരവധി ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുകയും ഒട്ടനവധിപേരുടെ അഭിപ്രായങ്ങൾ ആരായുകയുംചെയ്തു. ഒന്നാമത്തെ കമ്മീഷന്റെ ചെയർമാനായിരുന്ന മോട്ട (Mott) തന്നെ 600-ൽപരം വ്യക്തികളുമായി തന്റെ വിഷയത്തെ സംബന്ധിച്ചു കത്തിടപാടുകൾ നടത്തിയതായി കാണുന്നു. അങ്ങനെ നോക്കുമ്പോൾ, ഈ കമ്മീഷനുകളുടെ പ്രവത്തനംതന്നെ ആഗോളവ്യാപകമായ ഒരൈക്യാന്തരീക്ഷം സംജാതമാക്കിയെന്നു പറയാം.

പക്ഷേ, സമ്മേളനം തികച്ചും മിഷനറിസമ്മേളനംതന്നെ ആയിരിക്കണമെന്നു പ്രവത്തകർക്കു നിർബന്ധമുണ്ടായിരുന്നു. അതിനാൽ, മിഷനറിസംഘടനകൾക്കുമാത്രമേ ക്ഷണമയച്ചുള്ളു; അതും, അക്രൈസ്തവലോകത്തു പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്ന സഭകൾക്കു മാത്രം. മോട്ടിന്റെ പ്രായോഗികപരിജ്ഞാനം ഇവിടെയും ഒരു നിയന്ത്രണമേർപ്പെടുത്താൻ സഹായിച്ചു: മിഷനറിസഭകൾ പ്രതിനിധികളെ അയയ്ക്കേണ്ടതു് അവർ മിഷൻപ്രവത്തനത്തിനായി മുടക്കിയിട്ടുള്ള ധനത്തെക്കൂടി ആശ്രയിച്ചിരിക്കണം; 10,000 ഡോളർ ചെലവാക്കിയിട്ടുള്ള സഭകൾക്കു് ഒരു പ്രതിനിധിയേയും കൂടുതലായി ചെലവാക്കിയിട്ടുള്ള ഓരോ 20,000 ഡോളറിനും ഓരോ പ്രതിനിധിയെവീതം കൂടുതലും തിരഞ്ഞെടുത്തു് അയക്കാവുന്നതാണു്.

ഇത്രത്തോളം നിയന്ത്രണം വരുത്തിയതുകൊണ്ടായിരിക്കണം എഡിൻബർഗ്ഗ സമ്മേളനം മുൻസമ്മേളനങ്ങളെ അപേക്ഷിച്ച് ഒരത്ഭുതം തന്നെയായതു്. തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളാണ് ഇവിടെ സമ്മേളിച്ചതു്, ചിന്തകരും പണ്ഡിതരും പ്രഗല്ഭരുമായ നേതാക്കന്മാർ. ഓർത്തഡോക്സ്സഭകളും റോമാസഭയും ഒഴിച്ചാൽ (അവ ക്ഷണിക്കപ്പെട്ടിരുന്നില്ല.) ബാക്കി എല്ലാ പ്രധാനസഭകളും ഇവിടെ പ്രതിനിധാനം ചെയ്യപ്പെട്ടു. അതാണ് ഈ കോൺഫറൻസിൻെറ സാർവ്വത്രികത്വത്തിനു നിദാനം. ക്രിസ്തുമതത്തിൻെറ പ്രേഷിതപ്രശ്നങ്ങൾ എല്ലാംതന്നെ ശാസ്ത്രീയമായി പരിശോധിക്കുവാനും അവയുടെ പരിഹാരാർത്ഥം ഗാഢമായി ചിന്തിക്കുവാനും അവസരം നല്കിയ ഒരു വലിയ പ്രതിഭാസമാണ് എഡിൻബർഗ്ഗുസമ്മേളനം. മാത്രമല്ല, ക്രൈസ്തവലോകത്തിൻെറ അടിസ്ഥാനപരമായ ഐക്യത്തിനായി അടിപതറാതെ അടരാടുവാനുള്ള പില്ക്കാലനേതാക്കന്മാരെ വാർത്തെടുക്കുവാനും അവർക്കു ജീവരക്തം പകർന്നുകൊടുക്കുവാനും ഇതിനു കഴിഞ്ഞു.

എഡിൻബർഗ്ഗുസമ്മേളനത്തിലെ ചർച്ചകൾ ഒരു കാര്യം വ്യക്തമാക്കി: "ക്രൈസ്തവൈക്യത്തിൻെറ ആവശ്യകത. ക്രൈസ്തവലോകത്തിനു് ഒരേകീകൃത സുവിശേഷമാണ്ക്രൈസ്തവർ നല്കേണ്ടതെന്നും അല്ലെങ്കിൽ, ലോകത്തെ ക്രിസ്തുവിനായി നേടുവാൻ ക്രിസ്ത്യാനികൾക്കു് ഒരിക്കലും കഴിയുകയില്ലെന്നുമാണ് ആ മിഷനറിമാരു

ടെ അടിയുറച്ച ധാരണ". + മിഷനറിസഭകളിൽനിന്നെത്തിയ ഒരു പ്രതിനിധി പറയുകയുണ്ടായി, "ഞങ്ങൾക്കു ക്രിസ്തുവിനെ പരിചയപ്പെടുത്തിത്തരുവാൻ നിങ്ങൾ മിഷനറിമാരെ അയച്ചു; അതിനു ഞങ്ങൾ നന്ദിയുള്ളവരാണ്. എന്നാൽ, നിങ്ങളുടെ വ്യത്യാസങ്ങളും ഭിന്നതകളുംകൂടെ നിങ്ങൾ ഞങ്ങൾക്കു നല്കിയിരിക്കുന്നു: ചിലർ മെത്തോഡിസം പ്രസംഗിക്കവേ മററു ചിലർ ലൂതറനിസവും കോൺഗ്രിഗേഷണലിസവും അല്ലെങ്കിൽ പ്രസ്ബിറേററിയനിസവും പ്രസംഗിക്കുന്നു. സുവിശേഷം പ്രസംഗിക്കുവാനാണ് ഞങ്ങൾ അപേക്ഷിക്കുന്നത്......ഞങ്ങളുടെ ഇടയിലെ സുവിശേഷഘോഷണത്തിൽ നിങ്ങൾ വരുത്തുന്ന നിറപ്പകിട്ടുകളാകുന്ന എല്ലാ ഇസങ്ങളിൽനിന്നും അതു ഞങ്ങളെ സ്വതന്ത്രരാക്കും." *

കോൺഫ്രൻസിൽ നടന്ന 47 പൊതുപ്രസംഗങ്ങളിലും, ഒരേകീകൃത സുവിശേഷത്തെ ലോകത്തിനു നല്കുവാനുള്ള വ്യഗ്രത സ്പഷ്ടമായിരുന്നു. യു. എസ്. എ. യിലെ എപ്പിസ്കോപ്പേലിയൻസഭയുടെ ഫിലിപ്പയിൻസിലെ മെത്രാനായിരുന്ന ചാൾസു ബ്രൻറി (Bishop Charles Brent) നും അതുപോലുള്ള പലർക്കും സമ്മേളനം സഭകൾ തമ്മിലുള്ള ഭിന്നതയെപ്പററി ചർച്ച ചെയ്യാത്തതിൽ അതിയായ ഖേദമുണ്ടായി. എന്തെ

---

+ HENRY ST. JOHN, O. P., M. A., *The Church and Christian Unity*, p. 36.

* MAURICE VILLAIN, "*Unity*" Helicon Press, Baltimore, 1963, p. 29.

ന്നാൽ, മിഷനറിലോകത്തിൽ ക്രിസ്തുമതത്തിന്ന നേരിട്ട ന്ന പരാജയത്തിന്ന പ്രധാന കാരണം ക്രൈസ്തവവിഭജന മാണെന്നു് അവരെല്ലാം അട്ടത്തറിഞ്ഞിരുന്നു. ബിഷപ്പു് ബ്രൻറു് തൻെറ ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി, "വിഭജിതഘടകങ്ങൾ തമ്മിലുള്ള സഹകരണംകൊണ്ട തൃപ്തിപ്പെട്ടവാൻ ക്രിസ്ത്യാനികൾക്കു സാധിക്കുകയില്ല; വിഭജനകാരണങ്ങൾ ശരിക്കു പരിശോധിക്കണം, അവ യെ ഉന്മൂലനം ചെയ്യാനായിതന്നെ." * മാത്രമല്ല, വിഭ ജനത്തിൻെറ കാരണങ്ങളെ ശരിക്കു പഠിച്ചു് അവയെ എന്നന്നേക്കുമായി നശിപ്പിക്കുവാനുള്ള പ്രവൎത്തനത്തി ലായിരിക്കും തൻെറ ഇനിയുള്ള സമയവും ആരോഗ്യവു മെല്ലാം വിനിയോഗിക്കുന്നതെന്നുകൂടി അദ്ദേഹം വ്യക്ത മാക്കി.

ബിഷപ്പു ബ്രൻറുമാത്രമല്ല, സമ്മേളനത്തിൽ സം ബന്ധിച്ച സകലരും ആവേശഭരിതരായാണു് തിരിച്ചു പോയതു്. സമാപനസമ്മേളനത്തിന്നുമുമ്പു് ഒരു വലിയ കാൎയ്യം സാധിക്കുവാൻ, മുൻ സമ്മേളനങ്ങൾക്കൊന്നും സാധിക്കാത്ത ഒരു വെന്നിക്കൊടി പറത്തുവാൻ, ഈ സമ്മേളനത്തിന്ന കഴിഞ്ഞു: ഒരു പ്രവൎത്തക കമ്മിററി (Continuation Committee) യെ തിരഞ്ഞെടുത്തു, കോൺഫ്രൻസിൻെറ പ്രവൎത്തനങ്ങൾ സഭൈക്യത്തെ ലക്ഷ്യമാക്കി പുരോഗമിപ്പിക്കുവാൻ. ഉപസംഹാരപ്ര സംഗത്തിനായി എഴുന്നേററ ഡോ. മോട്ടു് (Dr. Mott)

* "A History of the Ecumenical Movement" p. 361.

തന്റെ പ്രസംഗം ആരംഭിച്ചതുതന്നെ ഇങ്ങനെയാണ്: "ഈ കോൺഫറൻസിന്റെ അന്ത്യം ഒരു വലിയ വിജയത്തി (Conquest) ന്റെ ആരംഭമാണ്; പ്ലാനിങ്ങിന്റെ അന്ത്യം പ്രവർത്തനത്തിന്റെ ആരംഭമാണ്." * ഡോ. മോട്ടിനെത്തന്നെ ഈ കമ്മിററിയുടെ ചെയർമാനായി തിരഞ്ഞെടുത്തതായിരിക്കണം തുടർന്നുള്ള വിജയത്തിന്റെ പ്രധാന കാരണം. എന്തെന്നാൽ, സഭൈക്യത്തെ ഇത്രത്തോളം അഭിലഷിച്ചിട്ടുള്ള ഒരു വ്യക്തി, ഐക്യത്തിനായി ഇത്രത്തോളം പ്രവർത്തിച്ചിട്ടുള്ള ഒരു പ്രതിഭാസം വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

തുടർന്നുള്ള ചരിത്രം, എഡിൻബർഗ്ഗ് സമ്മേളനത്തിൽനിന്നുത്ഭവിച്ച മൂന്നു പ്രഗല്ഭങ്ങളായ എക്യുമേനിക്കൽ പ്രസ്ഥാനങ്ങളുടെ ഹൃദയാവർജ്ജകമായ കഥയാണ്: അഖിലലോക മിഷനറികൗൺസിൽ, ജീവിത-പ്രവർത്തന പ്രസ്ഥാനം, വിശ്വാസ-ഭരണ പ്രസ്ഥാനം.

## 2 അഖിലലോക മിഷനറികൗൺസിൽ

### (International Missionary Council)

എഡിൻബർഗ്ഗുസമ്മേളനം സമാപിച്ച ക്ഷണം തന്നെ പ്രവർത്തക കമ്മിററിയുടെ ചെയർമാൻ എന്ന നിലയിലുള്ള തന്റെ ജോലി തുടങ്ങുകയായി, ഡോ.

---

* "A History of the Ecumenical Movement", p. 362.

മോട്ട്. സഭൈക്യം ജീവിതലക്ഷ്യമായി സ്വയം സ്വീകരിച്ച ആ ധീരനുണ്ടോ വിശ്രമം! മിഷൻ നാടുകളിലൂടെ നീളം സഞ്ചരിക്കുക, അതാണ് അദ്ദേഹത്തിന്റെ പ്രാരംഭപ്രസ്ഥാനം. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള ഏകദേശം എല്ലാ പ്രേഷിതരംഗങ്ങളിലും അദ്ദേഹം ചെന്നെത്തി, ഐക്യത്തിനായുള്ള ആവേശം പകരുവാൻ. ചെന്നിടത്തെല്ലാം മിഷനറിമാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടാനും ദേശീയകൗൺസിലു (National. Councils) കൾക്കു രൂപംകൊടുക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ഈ ദേശീയകൗൺസിലുകളെല്ലാം ചേർന്നു 1921-ൽ രൂപംകൊടുത്ത സംഘടനയാണ് "അഖിലലോക മിഷനറി കൗൺസിൽ." നീണ്ട 32 കൊല്ലങ്ങൾ, ഈ കമ്മിററിയുടേയും കൗൺസിലിൻേറയും ചെയർമാനായി ഡോ. മോട്ട് സേവനം അനുഷ്ഠിച്ചു.

അക്രൈസ്തവലോകത്തെ മുഴുവൻ ക്രിസ്തുവിനായി നേടുവാനുള്ള ഒരു ശ്രമത്തിന്റെ തുടക്കംമാത്രമാണിതു്. മിഷൻനാടുകളിൽ സഭകൾ ഒന്നായിത്തീർന്നാലേ അവിടങ്ങളിൽ ക്രിസ്തു വിജയിക്കുകയുള്ളൂ. പക്ഷേ, സഭകൾ ഒന്നാകുകയെന്ന ലക്ഷ്യം അതിവിദൂരത്തിലാണെന്നു കണ്ട ഡോ. മോട്ട്, മിഷനറിമാരെങ്കിലും ഒന്നിച്ചു മുന്നേറുവാൻ, പ്രശ്നങ്ങൾ ഒന്നിച്ചു പരിഹരിക്കുവാൻ, മത്സരം ഒഴിവാക്കുവാൻ, മതസ്വാതന്ത്ര്യത്തിനും മനസ്സാക്ഷിസ്വാതന്ത്ര്യത്തിനുമായി ഒന്നിച്ചു വാദിക്കുവാൻ, സംഘടിതമായ സമ്മർദ്ദം ചെലുത്തുവാൻ ഉടനടി ഉതകത്തക്ക വിധത്തിൽ ഒരു സംഘടനയുണ്ടാകണമെന്നു് അഭിലഷി

ച്ചു. പത്തുകൊല്ലത്തെ നിരന്തരമായ പ്രവർത്തനം, വ്യക്തമായ ഭരണഘടനയോടുകൂടിയ സുന്ദരമായ ഈ സംഘടനയ്ക്കു രൂപംകൊടുത്തു. തീർന്നില്ല, ഡോ. മോട്ടിൻെറ പ്രവർത്തനം. ഈ അഭിനവസംഘടനയെ ലക്ഷ്യത്തിലേക്കു നയിക്കുന്ന, വിജയത്തിലേക്കു പിടിച്ചുകയററുന്ന ഭാരവും അദ്ദേഹത്തിൻെറ ശിരസ്സിൽനിന്നു പോയില്ല. യാതൊരു ക്ഷീണവും തളർച്ചയും അനുഭവപ്പെടാതെ അദ്ദേഹം മുന്നേറി. തൽഫലമായി, 1928-ൽ ഈ സംഘടനയുടെ ആദ്യത്തെ അഖിലലോകസമ്മേളനം ജെറൂസലേം നഗരത്തിൽ സംഘടിപ്പിക്കപ്പെട്ടു.

ഓശാനഞായറാഴ്ചതന്നെ പ്രതിനിധികളെല്ലാം ജെറൂസലേം നഗരത്തിൽ എത്തിച്ചേർന്നു. ക്രിസ്തുവിൻെറ പാദസ്പർശനമേററ ആ പുണ്യഭൂമിയിൽ എത്തിച്ചേർന്നപ്പോൾ ആ മിഷനറിനേതാക്കന്മാരെല്ലാം ആകെയൊന്നു മാറി; ക്രിസ്തുവിൻെറ ജീവിതത്തിൻെറ അവസാനവാരത്തെ അനുഗമിച്ചപ്പോൾ ഭിന്നതയുടെ "തീണ്ടലും തൊടീലു"മെല്ലാം അപ്രത്യക്ഷമായി. സാഹോദര്യത്തിൻെറ സമത്വസുന്ദരതയിൽ ആ സമ്മേളനം, മതാത്മകവിദ്യാഭ്യാസത്തേയും മിഷൻനാട്ടുകളിലെ വർഗ്ഗവൈരത്തേയും വ്യവസായവൽകരണത്തേയും ഗ്രാമീണപ്രശ്നങ്ങളേയും എന്നുവേണ്ട, മനുഷ്യജീവിതത്തെ അതിൻെറ ആകെത്തുകയിൽത്തന്നെ പഠിക്കുവാനും പരിഗണിക്കുവാനും ശ്രമിച്ചു. അതിപുരാതനമായ ജെറൂസലേം പാത്രിയാർക്കേററിൻെറ സഹകരണവും ഭാഗഭാഗിത്വവും ഈ സമ്മേളനത്തിൻെറ അനന്തരാത്മാവി

നെ പുളകിതമാക്കിയെന്നു പറയാം. മിഷൻനാട്ടുകളിലെ സ്വാതന്ത്ര്യസഭകളിൽനിന്നെത്തിയ പ്രതിനിധികൾ തങ്ങളുടെ സഭകളെ സ്വാതന്ത്ര്യദേശീയസഭകളായി അംഗീകരിക്കണമെന്നു നിർബന്ധപൂർവ്വം വാദിച്ചതിൻെറ ഫലമായി ഈ സമ്മേളനം ഒരു സജീവ ദേശീയസഭയുടെ ലക്ഷണങ്ങൾ നിർവ്വചിക്കുകയുണ്ടായി: "യേശുക്രിസ്തുവിലൂടെ ദൈവത്തിൽ അഗാധമായി വേരൂന്നിയിരിക്കുന്ന ഒരു സഭയെ, സാർവ്വത്രികസഭയുടെ ഒരു അവികല ഘടകത്തെ, സജീവവും ദേശീയവുമെന്നു പറയാവുന്നതു്, താഴെ പറയുന്ന ലക്ഷണങ്ങൾ ഉള്ളപ്പോഴാണു്. 1) ക്രിസ്തുവിനെ വ്യാഖ്യാനിക്കുന്നതിലും ആരാധിക്കുന്നതിലും, ആരാധനക്രമത്തിലും ആചാരത്തിലും, കലയിലും ശില്പവിദ്യയിലുമെല്ലാം ജനങ്ങളുടെ സമൂല്യസവിശേഷതകളെ, എല്ലാ നാട്ടുകളിലും കാലങ്ങളിലും സഭയ്ക്കുള്ള പൈതൃകസ്വത്തു പരിരക്ഷിച്ചുകൊണ്ടു പ്രസ്പഷ്ടമാക്കുക; 2) പുരുഷന്മാരുടേയും സ്ത്രീകളുടേയും സകല കഴിവുകളും ക്രിസ്തുവിൻെറ സേവനത്തിനായി പ്രതിഷ്ഠിച്ചുകൊണ്ടു ജീവിതത്തിൻെറ സകല തുറകളിലും ക്രിസ്തുവിൻെറ ആത്മാവിനെ പ്രകാശിപ്പിക്കുക; 3) തദ്ദേശവുമായിസ്വജീവിതത്തെ പങ്കുവെക്കുക; 4) കാലത്തിൻെറ പ്രശ്നങ്ങളെ അടുത്തറിഞ്ഞു സമൂഹത്തിലെ ആധ്യാത്മികശക്തിയെന്ന നിലയിൽ അവയുടെ പരിഹാരാർത്ഥം സധൈര്യം, സാനുകമ്പം സ്വന്തം കടമ നി

ർവ്വഹിക്കുക; 5) പ്രേഷിതചൈതന്യത്താലും മാർഗ്ഗദർശകോത്സാഹത്താലും കത്തിജ്വലിക്കുക.'' *

രണ്ടു ലോകമഹായുദ്ധങ്ങളും എഡിൻബർഗിൽ സമാരംഭിച്ച പ്രവർത്തക കമ്മിററിയെ വളരെയധികം ബാധിക്കുകയുണ്ടായി. പക്ഷേ, ചെയർമാനായിരുന്ന ഡോ. മോട്ടിൻേറയും സെക്രട്ടറിയായിരുന്ന ഡോ. ഓൾഡാമിൻേറയും ത്യാഗസമ്പന്നവും അർപ്പിതാത്മകവുമായ ജീവിതം അതിനെ അഖിലലോകമിഷനറി കൗൺസിൽ എന്ന സംഘടനയിലൂടെ നയിക്കുകതന്നെ ചെയ്തു. ഓൾഡാമിൻെറ നേതൃത്വത്തിൽ, 1912 ജാനുവരിയിൽ "International Review of Missions" എന്ന മാസികയുടെ പ്രസിദ്ധീകരണം തുടങ്ങി. യുദ്ധത്തിൻെറ വിഷലിപ്തമായ അന്തരീക്ഷത്തിൽ സമാധാനത്തിൻേറയും ഐക്യത്തിൻേറയും സന്ദേശവുമായി പറന്നുയരുവാൻ ഈ മാസികക്കു കഴിഞ്ഞിട്ടുണ്ട്. മിഷനറികൗൺസിലിൻെറ അന്തർദ്ദേശീയ ജിഹ്വയാണു്, ഈ മാസിക. ഇതിൻെറ മക്കളെന്നോണം ഇന്നു് മിഷനറികൗൺസിലിൻെറ ദേശീയസംഘടനകൾ നിരവധി "റിവ്യൂ"കൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇൻഡ്യയിൽ, നാഗപ്പൂർ കേന്ദ്രമാക്കി സ്ഥാപിച്ചിട്ടുള്ള "ഇൻഡ്യൻ ദേശീയ ക്രിസ്ത്യൻ കൗൺസിലും'' അതു പ്രസിദ്ധീകരിക്കുന്ന "ദേശീയ ക്രിസ്ത്യൻകൗൺസിൽ റിവ്യൂ''വും ഇതിനു് ഉദാഹരണങ്ങളാണു്.

---

* *If it be of God, p. 42.*

ഈ സംഘടനയുടെ രണ്ടാമത്തെ അഖിലലോക സമ്മേളനം മദ്രാസ് സംസ്ഥാനത്തിലെ തംബാരാം (Tambaram) എന്ന സ്ഥലത്തുവച്ചു 1938-ൽ ചേരുകയുണ്ടായി. നിരീശ്വരപ്രസ്ഥാനങ്ങളെയാണ് ഇത്തവണ സമ്മേളനം ചർച്ചചെയ്തതു്. മിഷനറിപ്രവർത്തനങ്ങൾക്കുമുമ്പിൽ കണ്ടു തുടങ്ങിയിരുന്ന നിരീശ്വരപ്രസ്ഥാനങ്ങളും അതിശീഘ്രമായ അവയുടെ വളർച്ചയും അവ സൃഷ്ടിക്കുന്ന അതി ദുർഘടമായ പ്രതിബന്ധങ്ങളും തരണംചെയ്യണമെങ്കിൽ ക്രൈസ്തവസഭകൾ ഒന്നിക്കുക അത്യന്താപേക്ഷിതമാണെന്ന് ഈ സമ്മേളനം അത്യുച്ചത്തിൽ ഉദ്ഘോഷിച്ചു: "വിഭജനം വിശ്വാസിയെ സംബന്ധിച്ചിടത്തോളം അടിപതറിക്കുന്ന ഒരലങ്കോലവും അവിശ്വാസിയെ സംബന്ധിച്ചിടത്തോളം ആക്ഷേപാർഹമായ ഒരവജ്ഞയുമാണ്. നമ്മുടെ നേതാവിന്റെ മതത്തിന് അപ്രകാരം അപമാനം വരുത്തിവയ്ക്കുന്നതിൽ പലപ്പോഴും നമ്മൾതന്നെ കാരണക്കാരായിട്ടുണ്ടെന്നു ലജ്ജാപൂർവ്വം ഞങ്ങൾ ഏററു പറയുകയാണ്......പ്രത്യക്ഷവും രചനാത്മകവുമായ ഒരൈക്യമായിരിക്കണം നമ്മുടെ ലക്ഷ്യം......" *

മൂന്നാമത്തെ അഖിലലോകസമ്മേളനം 1947-ൽ ഒൻേറിയോയിലെ വിററ്ബി (Whitby) യിലും നാലാംസമ്മേളനം 1952-ൽ വിലിൻജ (Wilingen)നിലും അഞ്ചാംസമ്മേളനം 1958-ൽ ഘാനാ (Ghana) യിലും

* *"If it Be of God"*, *p. 43.*

വച്ചുനടന്നു. ഈ ഒരോ സമ്മേളനത്തിലും ക്രൈസ്തവസ ഭകളുടെ പുനരൈക്യമാണു് ഈ മിഷനറിസംഘടന ലോകത്തോടപേക്ഷിച്ചതു്. ഓരോ നൂതനപ്രശ്നങ്ങളും ചർച്ചചെയ്യപ്പെട്ടപ്പോഴും പരിഹാരം കണ്ടെത്താൻ ശ്രമി ച്ചപ്പോഴും സമ്മേളിതർക്കെല്ലാം ഒരുപോലെ ബോധ പ്പെട്ട ഒരു സംഗതിയാണു്, ക്രൈസ്തവസഭകളുടെ അടി സ്ഥാനപരമായ പുനരൈക്യം. അതൊന്നുമാത്രമാണു പ്രേ ഷിതരംഗങ്ങളിൽ കുമിഞ്ഞുകൂടുന്ന നിരവധിപ്രശ്ന ങ്ങൾക്കു് അടിസ്ഥാനപരമായ പ്രതിവിധി. സ്ഥായിയാ യ ഈ ധാരണയുടെ സ്ഫുടമായ പ്രതിഫലനമാണു് അവരുടെ ആഹ്വാനങ്ങൾ: "ക്രിസ്തീയസഭകളെല്ലാം, ക്രിസ്തുവിനെ ദൈവവും രക്ഷകനുമായി അംഗീകരിക്കു ന്ന സഭകളെല്ലാം ഒന്നാകണം, ഐക്യത്തിലെത്തണം; ക്രിസ്തീയസഭകളെല്ലാം ക്രിസ്തുവിൻേറതായിരിക്കണം, ക്രിസ്തുവിൻെറ വ്യക്തമായ ഹിതത്തിനനുസൃതമായുള്ള വയായിരിക്കണം."

ഈ സംഘടനയുടെ പ്രവർത്തനങ്ങൾ മിഷനറിലോ കത്തു് അത്ഭുതാവഹമായ ഒരന്തരീക്ഷം സംജാതമാക്കി: വിവിധസഭകൾ തമ്മിലുള്ള സഹകരണത്തിൻേറയും സഹവർത്തിത്വത്തിൻേറയും പ്രഭുല്ലാന്തരീക്ഷം. ഈ സം ഘടനയുടെ ചൈതന്യത്തിലും അരുപിയിലും, ചൈന യിലും ജപ്പാനിലും കൊറിയായിലും ഇൻഡോനേഷ്യയി ലും മലയായിലും ഇൻഡ്യയിലും ആഫ്റിക്കയിലുംമററും വിവിധസഭകൾ സകലത്തിലും ഒന്നിക്കുവാനും സഹക രിക്കുവാനും സഹായിക്കുവാനും തുടങ്ങി. യൂറോപ്യൻ

വൻകരയിലെ മാതൃസഭകൾ തമ്മിലുള്ള വൈരം കുറക്കുവാനും ഐക്യത്തിനായുള്ള സംഗമപാത തുറക്കുവാനും ഇതുപകരിച്ചു. ഈ സംഘടനയുടെ മേൽനോട്ടത്തിലും സഹായത്തിലും നടത്തപ്പെട്ടിട്ടുള്ള പഠനക്കളരികൾ ഐക്യാഭിമുഖമായ ഒട്ടേറെ അമൂല്യഗ്രന്ഥങ്ങൾക്കു ജന്മം നല്കി. ആയിരങ്ങളെ ആകർഷിച്ച പ്രസ്തുത ഗ്രന്ഥങ്ങൾ ക്രൈസ്തവലോകത്ത് ഐക്യാന്തരീക്ഷം സൃഷ്ടിക്കുവാൻ ഉപകരിച്ചെന്നു തീർച്ചയാണ്.

## 3 ജീവിത–പ്രവർത്തന പ്രസ്ഥാനം

### (Life and Work Movement)

എഡിൻബർഗിൽ നിന്നുദിച്ചുയർന്ന ഐക്യാവേശത്തിന്റെ മറെറാരു സമുന്നതപ്രസ്ഥാനമാണിത്. സ്വീഡനിലെ ഉപ്സാല (Upsala) രൂപതയുടെ ലൂതറൻ ആർച്ചുബിഷപ്പായിരുന്ന ഡോ. നാത്താൻ സൊഡെർബ്ളോമിന്റെ നേതൃത്വത്തിലാണ് ഈ പ്രസ്ഥാനം രൂപംകൊണ്ടതും വളർന്നതും. വിദ്യാഭ്യാസകാലത്തുതന്നെ ഐക്യാഭിരുചിയാൽ പ്രേരിതനായി തന്റെ ജീവിതം മുഴുവൻ സഭൈക്യത്തിനായി സമർപ്പിച്ച ഒരു കർമ്മധീരനാണിദ്ദേഹം. "കർത്താവേ, അങ്ങയുടെ സ്വാതന്ത്ര്യത്തെ സേവിക്കുവാൻവേണ്ട എളിമയും വിജ്ഞാനവും എനിക്കു തരുമാറാകണേ" എന്നായിരുന്നു, അദ്ദേഹത്തിന്റെ പ്രാർത്ഥന, കലാലയവിദ്യാഭ്യാസംമുതൽ. എഡിൻബർഗ്ഗുസമ്മേളനവും അതു കൊളുത്തിയ

ദീപശിഖയും അദ്ദേഹത്തിൻെറ ഉണർവ്വും ഉത്സാഹവും പതിന്മടങ്ങു വർദ്ധിപ്പിച്ചു. സഭകളുടെ ഐക്യം എന്തുകൊണ്ടു സാധിക്കുന്നില്ല എന്നാണു് അദ്ദേഹം ചിന്തിച്ചുതുടങ്ങിയതു്. വിഭജനത്തിൻെറ കാലംമുതൽ നടന്നിട്ടുള്ള അനുരഞ്ജകശ്രമങ്ങൾ ശരിക്കു പഠിച്ച അദ്ദേഹത്തിനു് ഇതാണു പ്രശ്നമായി ഭവിച്ചതു്. നിരന്തരമായ പ്രാർത്ഥനയും പഠനവും അദ്ദേഹത്തിനു് ഉത്തരം നല്കി: ക്രിസ്തീയജീവിതം ക്രിസ്തുവിൻെറ തത്വങ്ങൾക്കു് അനുരൂപപ്പെടാത്തതാണു പ്രശ്നം. ക്രിസ്ത്യാനികൾ തങ്ങളുടെ നേതാവിൻെറ നിത്യസത്യങ്ങൾക്കു് അനുസരണമായി തങ്ങളുടെ അനുദിനജീവിതം ക്രമപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും സഭകളുടെ ഐക്യം താനേ ഉണ്ടായിക്കൊള്ളും; എന്തെന്നാൽ, വിഭജനകാരണങ്ങൾ തികച്ചും അപ്രധാനങ്ങളാണെന്നു് അപ്പോൾ അവർക്കു മനസ്സിലാകും. അതുകൊണ്ടു്, ആദ്യം ചെയ്യേണ്ടതു് എല്ലാക്രിസ്ത്യാനികളേയും ക്രിസ്തുവിൻെറ തത്വങ്ങൾക്കനുസൃതമായ ജീവിതത്തിലേക്കു നയിക്കുകയാണെന്നു് അദ്ദേഹം ചിന്തിച്ചുറച്ചു.

അത്തരുണത്തിലാണു്, ലോകത്തെ മുഴുവൻ ദുരിതത്തിൻെറ നരകത്തിലേക്കു തള്ളിയിട്ട ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്: ക്രിസ്തുവിൻെറ സനാതനതത്വങ്ങൾ വിസ്മൃതകോണിൽ അവഗണിക്കപ്പെട്ടതിൻെറ പ്രത്യക്ഷപ്രകടനം; ക്രിസ്ത്യാനികൾ പരസ്പരം നിഹനിക്കുന്ന വേദനാജനകമായ കാഴ്ച. ഇനിയും കാത്തിരിക്കുന്നതു നല്ലതല്ലെന്നു മനസ്സിലാക്കിയ സൊ

ഡെർബ്ളോം സ്കാണ്ടിനേവിയൻസഭകളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. അലറിപ്പായുന്ന പീരങ്കിയുണ്ടകൾക്കും ചീറിപ്പോകുന്ന യുദ്ധവിമാനങ്ങൾക്കും ഹൃദയം തകർക്കുന്ന മരണരോദനങ്ങൾക്കുംമദ്ധ്യേ സൊഡെർബ്ളോം തൻെറ വിറക്കുന്ന ചുണ്ടുകൾ ചലിപ്പിച്ചു. സമ്മേളിതരെല്ലാം അദ്ദേഹത്തിൻെറ പദ്ധതിക്കു പൂർണ്ണസമ്മതവും അംഗീകാരവും സഹകരണവും വാഗ്ദാനം ചെയ്തു. നിഷ്പക്ഷരാജ്യമായ സ്വീഡനിൽ സകല സഭകളുടേയും ഒരു സമ്മേളനം വിളിച്ചുകൂട്ടുക; ക്രിസ്തീയതത്വങ്ങളുടെ മുമ്പിൽ നടക്കുന്ന ഈ കൂട്ടക്കൊലയേയും കൊള്ളിവെയ്പിനേയും അപഗ്രഥിച്ചു മനസ്സിലാക്കുക, ലോകക്രൈസ്തവജനതയെ ക്രിസ്തീയജീവിതത്തിലേക്കു നയിക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടിയ അദ്ദേഹത്തിൻെറ പദ്ധതി അംഗീകൃതമായി. സമ്മേളനത്തിനായി ഒരുങ്ങുവാൻ, സഭകളെയെല്ലാം ക്ഷണിക്കുവാൻ ഉടനടി പ്രവത്തനം തുടങ്ങി. രാഷ്ട്രീയകാര്യങ്ങളൊന്നും ചർച്ചചെയ്യപ്പെടുകയില്ലെന്നു മാത്രമല്ല, അവയെപ്പററി ആരും അഭിപ്രായം രേഖപ്പെടുത്തുകപോലുമില്ലായെന്നും ശത്രുക്കൾക്കും മിത്രങ്ങൾക്കുമെല്ലാം ക്രിസ്തുവിൻെറ സാഹോദര്യത്തിൽ ഒന്നിച്ചിരുന്നു സംഭാഷണം നടത്താനുള്ള സകല ചുററുപാടും സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ടെന്നും മററും ക്ഷണക്കത്തുകളിൽ വ്യക്തമാക്കിയിരുന്നു. പക്ഷേ, യുദ്ധത്തിൻെറ ദുരന്തഫലങ്ങൾ അതിഭയങ്കരമായിരുന്നതിനാൽ ഒട്ടുവളരെപ്പേർ സമ്മേളനത്തിനുള്ള ക്ഷണം നിരസിക്കുകയാണുണ്ടായതു്.

യുദ്ധമൊന്നവസാനിക്കുവാൻ കാത്തിരിക്കുകയായി ആർച്ചുബിഷപ്പു സൊഡെർബ്ളോം. യുദ്ധം അവസാനിച്ചക്ഷണത്തിൽത്തന്നെ അദ്ദേഹം പ്രവർത്തനനിരതനായി. "സഭകളുടെ ഫെഡറൽ കൗൺസിലി"ന്റേയും "സഭകളിലൂടെയുള്ള അന്താരാഷ്ട്രീയസൗഹാർദ്ദത്തിനായുള്ള ലോക അലയൻസി"ന്റേയും നേതാക്കന്മാർ സൊഡെർബ്ളോമിന്റെ സഹായത്തിനായി രംഗത്തിറങ്ങി. അങ്ങനെ, 1925 ആഗസ്റ്റുമാസത്തിൽ സൊഡെർബ്ളോമിന്റെ ഭാവനാലോകം യാഥാർത്ഥ്യത്തിലേക്കു പകർത്തപ്പെട്ടു. 37 രാജ്യങ്ങളിൽനിന്നായി 1000ത്തിലേറെ പ്രതിനിധികൾ സൊഡെർബ്ളോമിന്റെ കത്തീഡ്രലിൽ സമ്മേളിച്ചു. വിശുദ്ധ ലിഖിതങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള ക്രിസ്തുവിന്റെ ഇംഗിതം എന്താണെന്നു ഗ്രഹിക്കുവാനും നിലവിലിരുന്ന സാമൂഹികപ്രശ്നങ്ങൾക്കു ക്രിസ്തീയമായ പ്രതിവിധികൾ കണ്ടെത്തുവാനും ക്രിസ്തുവിന്റെ തത്വങ്ങളെ അനുദിനജീവിതത്തിൽ പകർത്തിക്കൊണ്ടു ലോകസമാധാനവും ശാശ്വതസംതൃപ്തിയും സംജാതമാക്കുവാനുംവേണ്ടി ശ്രമിക്കുവാൻ ക്രൈസ്തവലോകത്തെ ആഹ്വാനംചെയ്തു, ഈ സമ്മേളനം. "യുദ്ധത്തെ ഭൂമുഖത്തുനിന്നു തുടച്ചുമാററുവാനും ശാശ്വതസമാധാനം സംജാതമാക്കുവാനും ക്രിസ്തുവിന്റെ നാമത്തിൽ ക്രിസ്തീയസഭയ്ക്കു കഴിയും, അവൾ ഇതിൽ മനസ്സുവയ്ക്കുകയാണെങ്കിൽ. ഇതു പറയുന്നതിൽ ഞാനൊരു മറയനായേക്കാം; എന്നാൽ, ഞാൻ ദൈവത്തിന്റെ ഒരു മറയ

നാണ്”* എന്നു പ്രസ്താവിച്ചുകൊണ്ടാണ് ഡോ. സൊഡെർബ്ളോം തൻെറ റിപ്പോർട്ട്, അന്താരാഷ്ട്രീയസംഗതികളെക്കുറിച്ചുള്ള തൻെറ കമ്മിററിയുടെ നിഗമനങ്ങൾ, സമ്മേളനത്തിൽ സമർപ്പിച്ചതു്.

അദ്ദേഹത്തിൻെറ ഹൃദയനിമന്ത്രണങ്ങൾ ശ്രവിക്കുവാനും, അവ, നടമാടുന്ന ദുരിതങ്ങളുടെമേലുള്ള ക്രിസ്തുവിൻെറയും ക്രൈസ്തവസഭയുടേയും വേദനാജനകമായ ഹൃദയത്തുടിപ്പുകളാണെന്നു ഗ്രഹിക്കുവാനും ആ സമ്മേളനത്തിനു കഴിഞ്ഞു. ഫലമോ, ക്രൈസ്തവജീവിതത്തെ ക്രിസ്തീയമാക്കുവാൻ ഒരു സ്ഥിരസംഘടനയ്ക്കു് അതു രൂപംകൊടുത്തു. നാലുകൊല്ലത്തെ അത്ഭുതാവഹമായ പ്രവർത്തനം ഈ സംഘടനയ്ക്കു "ജീവിതത്തിനും പ്രവർത്തനത്തിനുമായുള്ള അഖിലലോക ക്രൈസ്തവകൗൺസിൽ" എന്ന പേരു നേടിക്കൊടുത്തു. സ്വിററ്സർലണ്ടിൽ, ജനീവാ നഗരത്തിൽ ഹെഡ് ഓഫീസും സ്വീഡനിലും ഇംഗ്ലണ്ടിലും യു. എസ്. ഏ. യിലും സബ്ബ് ഓഫീസുകളും സ്ഥാപിച്ചുകൊണ്ടു കാര്യക്ഷമമായി പ്രവർത്തിക്കുവാൻ തുടങ്ങി, ഈ സംഘടന. യുദ്ധം ജനിപ്പിച്ച പ്രശ്നങ്ങളും പ്രവണതകളും ക്രിസ്തീയജിവിതത്തിൻെറ സാക്ഷാത്കാരത്തിനു വിലങ്ങുതടികളായി എന്നു കണ്ടപ്പോൾ അവർ ഒരഖിലലോകസമ്മേളനത്തിനു കളമൊരുക്കി, 1937-ൽ ഓക്സ്ഫോർഡ് നഗരത്തിൽ സമ്മേളിക്കുവാൻ. "സഭ

---

* *If it be of God, p. 53.*

യും സമൂഹവു"മെന്ന വിഷയത്തെ കേന്ദ്രീകരിച്ചാണു സമ്മേളനത്തിൻെറ ചർച്ചകൾ തയ്യാറാക്കിയതു്.

നിശ്ചിതസമയത്തുതന്നെ പ്രതിനിധികൾ വന്നെത്തി: 117 സഭകളിൽനിന്നായി 45 രാഷ്ട്രങ്ങളിൽനിന്നുള്ള പ്രതിനിധികൾ. റോമൻസഭയൊഴിച്ചുള്ള ക്രിസ്തീയ സഭകൾ മുഴുവൻ ഇവിടെ പ്രതിനിധാനം ചെയ്യപ്പെട്ടു. ജീവിതത്തിൻെറ എല്ലാ സജീവപ്രശ്നങ്ങളും പഠനത്തിനും ചർച്ചയ്ക്കും വിഷയമായി. പഴമയിൽനിന്നു വ്യക്തമായ ഒരു വ്യതിയാനം എവിടെയും പ്രത്യക്ഷമായിരുന്നു. വൈരാഗ്യത്തിൻേറയും മുൻവിധികളുടേയുമെല്ലാം കാലം കഴിഞ്ഞുപോയി എന്നു വിളിച്ചറിയിക്കത്തക്ക വിധത്തിലാണു് ഓക്സ്ഫോർഡ് സമ്മേളനം നടന്നതു്.

എല്ലാ സാമ്പത്തിക—രാഷ്ട്രീയ സിദ്ധാന്തങ്ങളും പരീക്ഷിച്ചുനോക്കേണ്ടതു ക്രിസ്ത്യാനികളുടെ കടമയാണെന്നും രാഷ്ട്രം എല്ലാത്തിലും എല്ലാമാണെന്ന ധാരണ തെററാണെന്നും ക്രിസ്ത്യാനികൾ അന്ത്യംവരെ ദൈവത്തോടു കടപ്പെട്ടിരിക്കുന്നെന്നും ദൈവികനിയമങ്ങളെ കവച്ചുവച്ചുകൊണ്ടുള്ള രാഷ്ട്രത്തിൻെറ പ്രവത്തനങ്ങളിൽ ക്രിസ്ത്യാനി പങ്കു ചേരരുതെന്നും രാഷ്ട്രം സഭയ്ക്കു മാനദണ്ഡങ്ങൾ കല്പിച്ചുകൊടുക്കുന്നതു തെററാണെന്നും മറിച്ചു സഭയാണു രാഷ്ട്രത്തിനു മാനദണ്ഡങ്ങൾ കല്പിച്ചുകൊടുക്കേണ്ടതെന്നും മററുമായ സുപ്രധാന സത്യങ്ങൾ വ്യക്തമായി പ്രഖ്യാപിക്കുവാൻ ഈ സമ്മേളനത്തിനു കഴിഞ്ഞു.

വളരെ ലളിതമായ പൊതുപ്രാർത്ഥനയിലും ഗാനാലാപത്തിലും ധ്യാനത്തിലുമെല്ലാം നിരവധി വിഭിന്ന സഭാപ്രതിനിധികൾ ഒന്നിച്ചു സംബന്ധിച്ചപ്പോൾ സഭകളല്ല, ക്രിസ്തുവിൻെറ ഏക സഭയാണു് ഓക്സ്ഫോർഡിൻെറ വിജ്ഞാനകേതാരത്തിൽ സമ്മേളിച്ചതെന്നു തോന്നി. തികച്ചും പ്രായോഗികമായ ഒരു സഭൈക്യപ്രസ്ഥാനമാണിതു്. മാത്രമല്ല, ക്രിസ്തീയജീവിതത്തിനെതിരായ തത്വങ്ങളും ശക്തികളും സംഘടിതമായി മുന്നേറുന്നതു വ്യക്തമായി ദർശിച്ച ഓക്സ്ഫോർഡ് സമ്മേളനം സഭൈക്യത്തിനായി സർവ്വശക്തിയും പ്രയോഗിക്കാൻ തീരുമാനിച്ചു. ആ തീരുമാനത്തിൻെറ ഒരു ഭാഗമാണു സഭൈക്യപ്രസ്ഥാനങ്ങളെല്ലാം ഒന്നിപ്പിക്കുകയെന്നതു്. അയലത്തുതന്നെ നടന്നുകൊണ്ടിരുന്ന "വിശ്വാസ-ഭരണ പ്രസ്ഥാന"ത്തിൻെറ അഖിലലോകസമ്മേളനവുമായി അടുത്തബന്ധം പുലത്തുവാനും അവരേയും ഇതേ ആശയത്തിലേക്കു നയിക്കുവാനും ഇവർ പരിശ്രമിക്കുകയുണ്ടായി.

## 4 വിശ്വാസ-ഭരണ പ്രസ്ഥാനം

### (Faith and Order Movement)

എഡിൻബർഗ്ഗ സമ്മേളനത്തിൽ സ്ഥായിയായ സ്വാധീനം ചെലുത്തിയ ബിഷപ്പ് ബ്രൻറിൻെറ നേതൃത്വത്തിൽ രൂപംകൊണ്ട ഒരു പ്രസ്ഥാനമാണിതു്. വാ

സ്തവത്തിൽ, എഡിൻബർഗ്ഗ സമ്മേളനത്തിൽ സംബന്ധിക്കുവാൻ ഇദ്ദേഹത്തിനു വലിയ താത്പര്യമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, തൻെറ സഭ തന്നെ തിരഞ്ഞെടുത്തതിനാൽ ആ കടമ നിവ്വഹിക്കുവാനാണു് അദ്ദേഹം എഡിൻബർഗിൽ എത്തിയതു്. എന്നാൽ, സമ്മേളനരംഗം അദ്ദേഹത്തെ വല്ലാതെ ആകർഷിച്ചു. അവിടെ വിവിധ സഭക്കാർ ഒന്നിച്ചിരുന്നു തങ്ങളുടെ പൊതുപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതു കണ്ടതിൽ അദ്ദേഹം സന്തോഷിച്ചു; അതേസമയംതന്നെ, തങ്ങളെ വിഭജിച്ചു നിത്തുന്ന വിഷയങ്ങളെ തൊടുവാൻപോലും ആരും മുതിരാതിരുന്നതിൽ അദ്ദേഹത്തിനു ഖേദവുമുണ്ടായി. ഉപരിപ്ലവമായ ചർച്ചകളും എങ്ങും തൊടാതുള്ള തീരുമാനങ്ങളും പ്രശ്നങ്ങളെയൊന്നും പരിഹരിക്കില്ല; അവയ്ക്കു് അടിസ്ഥാനപരമായ ഒരു പരിഹാരമാണു വേണ്ടതു്; അതെ, സഭകൾ തമ്മിലുള്ള വിഭിന്നതകളും വിവാദങ്ങളും സമൂലം നശിപ്പിക്കുകയല്ലാതെ അതിനു വേറെ മാർഗ്ഗമൊന്നുമില്ല എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. സഭകൾ തങ്ങളുടെ വിഭജനകാരണങ്ങൾ സ്നേഹത്തിൻേറയും സാഹോദര്യത്തിൻേറയും അന്തരീക്ഷത്തിൽ ചർച്ച ചെയ്യുവാൻ സമ്മേളിക്കണമെന്നു് അദ്ദേഹം വാദിച്ചു. സകല സഭകളുടേയും ഒരു സൗഹാർദ്ദസമ്മേളനം ഇതിനായി വിളിച്ചുകൂട്ടണമെന്നു തീരുമാനിച്ചുകൊണ്ടാണു് അദ്ദേഹം എഡിൻബർഗിൽനിന്നു തിരിച്ചതു്.

അതേയാണ്ടിൽ, ഒക്ടോബർമാസത്തിൽ സമ്മേളി

ച്ച എപ്പിസ്കോപ്പൽസഭയുടെ ജനറൽ കൺവെൻഷനിൽ അദ്ദേഹം തൻെറ ആശയം പരിഗണനയ്ക്കു സമർപ്പിച്ചു. ആവേശത്തോടുകൂടി സമ്മേളനം അദ്ദേഹത്തിൻെറ ആശയം സ്വാഗതംചെയ്തു. ക്രിസ്തുവിനെ ദൈവമായും രക്ഷകനായും അംഗീകരിക്കുന്ന സകല സഭകളുടേയും ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ ബിഷപ്പ് ബ്രൻറിൻെറ നേതൃത്വത്തിൽത്തന്നെ ഒരു കമ്മിററി നിയുക്തമായി. ഇതാണ് ലോകപ്രസിദ്ധമായ "വിശ്വാസ-ഭരണപ്രസ്ഥാന"ത്തിൻെറ ഉത്ഭവം.

കമ്മിററി ഉടൻതന്നെ പ്രവത്തനം തുടങ്ങി. അതിൻെറ പ്രവത്തനത്തെ വളരെയധികം സഹായിച്ച ചില സംഗതികളുണ്ട്: ആദ്യമായി, കമ്മിററിയുടെ സെക്രട്ടറിയായി റോബർട്ട ഗാർഡിനർ (Robert Gardiner) എന്ന ത്യാഗസമ്പന്നനും സമർത്ഥനും ധീരനുമായ അല്മായൻ നിയുക്തനായതാണു ഈ പ്രസ്ഥാനത്തിൻെറ വിജയങ്ങൾക്കെല്ലാം നിദാനം. ജെ. പീർപൊണ്ടു മോർഗൻ (J. Pierpont Morgan) ആരംഭത്തിൽത്തന്നെ ഈ പ്രസ്ഥാനത്തിനു് 100,000 ഡോളർ സംഭാവന നല്കിയതു മറെറാരു സംഗതിയാണ്. മററുസഭകളുടെ നീക്കങ്ങളും വളരെയധികം അനുകൂലവും സഹകരണാത്മകവുമായിരുന്നു: 1908-ലെ ലാംബത്തു കോൺഫ്‌റൻസിൻെറ ആഹ്വാനത്താൽ പ്രേരിതരായി, കോൺഗ്രിഗേഷണൽസഭകളുടെ ദേശീയ കൗൺസിലിലും ക്രിസ്തുവിൻെറ ശിഷ്യരുടെ (Disciples of Chrest) അന്തർദ്ദേശീയ കൺവെൻഷനും പ്രത്യേകം പ്രത്യേകം കമ്മററിക

ളെ തിരഞ്ഞെടുത്തിരുന്നു, ഇതരസഭകളുമായുള്ള സുഹൃത് സംഭാഷണങ്ങൾക്കും ചർച്ചകൾക്കുമായുള്ള സാദ്ധ്യതകളാരായുവാൻ. അതേകൊല്ലംതന്നെ അമേരിക്കൻ ഐക്യനാട്ടുകളിലെ പ്രസ്ബിറേററിയൻ സഭ ക്രൈസ്തവസഹകരണത്തിനും ഐക്യത്തിനുമായി പരിശ്രമിക്കുവാൻ ഒരു സ്ഥിരം കമ്മീഷനെ നിയമിക്കുകയുണ്ടായി. ആസ്ത്രേലിയായിലെ ആംഗ്ലിക്കൻസഭ യൂറോപ്പിലെ മററു സഭകളുമായി ഐക്യത്തിലെത്തുവാനുള്ള ശ്രമങ്ങൾക്കായി ഒരു കമ്മിഷനെ നിയോഗിച്ചതും ഈ അവസരത്തിലാണ്. ആ കൊല്ലംതന്നെയാണ് ഓർത്തഡോക്സ് സഭാവൈദികർ ഏതൻസിൽ സമ്മേളിച്ചു ക്രൈസ്തവൈക്യത്തിനായി ശ്രമിക്കുവാൻ സകലരേയും ഉൽബോധിപ്പിച്ചതും. ഈ സംഭവങ്ങളെല്ലാം ഒന്നിച്ചിണങ്ങിയ അന്തരീക്ഷത്തിൽ "വിശ്വാസ-ഭരണപ്രസ്ഥാനം" വിജയത്തിലേക്കു കുതിച്ചുകയറുവാൻ തുടങ്ങി.

അഞ്ചുകൊല്ലത്തെ നിരന്തരമായ ഒരുക്കത്തിനുശേഷം 1927-ൽ വിശ്വാസ-ഭരണപ്രസ്ഥാനത്തിൻെറ പ്രഥമ അഖിലലോകസമ്മേളനം സ്വിററ്സർലണ്ടിലെ ലാവുസാനി (Lausanne) നഗരത്തിൽ സമ്മേളിച്ചു. പതിമൂന്നു കമ്മീഷനുകളാണ്, ചർച്ചാവിഷയങ്ങൾ പഠിച്ചു ക്രമപ്പെടുത്തിയതു്. സഭകളുടെയെല്ലാം തലവന്മാരെ നേരിൽക്കണ്ടു ക്ഷണിക്കുവാൻ ബിഷപ്പ് ബ്രൻറിൻെറ നേതൃത്വത്തിൽ ഒരു പ്രത്യേക കമ്മീഷനുണ്ടായിരുന്നു. ഒന്നാംലോകമഹായുദ്ധം പ്രവർത്തനങ്ങളെല്ലാം സ്തംഭിപ്പിച്ചെങ്കിലും യുദ്ധാനന്തരം അവ പുനരാരംഭിക്കുവാൻ നേ

താക്കന്മാക്ക് അധികമൊന്നും ബുദ്ധിമുട്ടേണ്ടിവന്നില്ല. അങ്ങനെ, 1927–ആഗസ്റ്റ് മൂന്നാംതീയതി ലാവുസാനി യൂണിവേഴ്സിററിയുടെ സുന്ദരസൗധങ്ങളിലൊന്നിൽ 108 സഭകളുടെ പ്രതിനിധികളായെത്തിയ 385 പുരുഷന്മാരും 9സ്ത്രീകളുംചേർന്നു സമ്മേളനം ഉൽഘാടനംചെയ്തു. ആനന്ദത്തിൻേറയും ആത്മസംതൃപ്തിയുടേയും അലയടികളാണു് ഈ സമ്മേളനത്തെ ഉടനീളം മോഹനമാക്കിയതു്. ഭീകരയുദ്ധത്തിൻെറ വിദേ്വഷപൂർണ്ണമായ ലോകത്തിൽനിന്നു് ഓടിയകന്നു്, ഹൃദയത്തിൻെറ നൈസർഗ്ഗിക പ്രചോദനത്തിനു സ്വാതന്ത്ര്യമനുവദിച്ചു്, പരസ്പരം സ്നേഹിക്കുകയും ആത്മാർത്ഥമായി അതു പ്രകടിപ്പിക്കുകയും ചെയ്തു ഒരു കൂട്ടം ക്രൈസ്തവരെയാണു് ആ യൂണിവേഴ്സിററി സൗധങ്ങൾ ദർശിച്ചതു്.

ചൂടേറിയ വാദപ്രതിവാദങ്ങൾ നടക്കാതിരുന്നില്ല. അതു സ്വാഭാവികമാണല്ലോ. കാരണം, ഞാനിതുവരെ സത്യങ്ങളെന്നും ക്രൈസ്തവജീവിതത്തിനു് അത്യന്താപേക്ഷിതങ്ങളെന്നും കരുതിയിരുന്നവ തെററാണെന്നു്, അബദ്ധങ്ങളാണെന്നു്, അവ മാററണമെന്നു് ആരെങ്കിലും പറയുകയാണെങ്കിൽ അതത്ര എളുപ്പം സമ്മതിച്ചുകൊടുക്കാൻ ഞാൻ തയ്യാറാവുകയില്ലല്ലോ! അത്തരം ധാരണകളാണു് ഈ സമ്മേളനത്തിലെ വാദപ്രതിവാദങ്ങൾക്കു ശക്തിനല്കിയതു്. പക്ഷേ, ഒരു കാര്യം അവർക്കു വ്യക്തമായി: തങ്ങൾക്കു പൊതുവായുള്ളവ വ്യത്യസ്തങ്ങളായുള്ളവയെക്കാൾ നൂറിരട്ടി വലുതാണെന്നു്; തങ്ങൾ ഭിന്നിച്ചു കഴിയുന്നതു വളരെ കുറച്ചു തത്വ

ങ്ങളിലും ധാരണാവ്യത്യാസങ്ങളിലും മാത്രമാണെന്നു്. അങ്ങനെ, വിഭജനത്തിൻെറ താത്വികമായ യഥാൎത്ഥ സ്വഭാവം ലോകത്തെ ഗ്രഹിപ്പിക്കുവാൻ ഈ സമ്മേളനത്തിനു കഴിഞ്ഞു എന്നതു് ഐക്യപാതയിലെ ഒരു വലിയ സംഭവംതന്നെ.

അല്മായരും വൈദികരും ഉൾപ്പെടുന്ന ഒരു Continuation Committee യെ തിരഞ്ഞെടുത്തുകൊണ്ടും സഭയുടെ സ്വഭാവത്തേയും പൊതു വിശ്വാസപ്രഖ്യാപനത്തേയും സഭയുടെ രഹസ്യ (Mystery of the Church) ത്തേയും കൂദാശകളേയും സംബന്ധിച്ചുള്ള സമ്മേളനത്തിൻെറ പഠനങ്ങൾക്കു അവസാനരൂപം നല്കിക്കൊണ്ടും വിശ്വപ്രസിദ്ധമായ ഈ സമ്മേളനം സമാപിച്ചു.

പ്രവൎത്തകക്കമ്മിററിയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതും ബിഷപ്പു് ബ്രൻറുതന്നെയാണു്. പക്ഷേ, ആയുരാരോഗ്യം മുഴുവൻ ഐക്യത്തിൻെറ ത്യാഗവേദിയിൽ സമർപ്പിച്ചുകഴിഞ്ഞ അദ്ദേഹത്തിനു് അടുത്തകൊല്ലംതന്നെ നിത്യസമ്മാനത്തിനായി യാത്രയാകേണ്ടിവന്നു. അനുയായികൾ അദ്ദേഹത്തിൻെറ മൃതദേഹം ലാവുസനേയിൽ കൊണ്ടുവന്നു്, അവിടെ നടന്ന സമ്മേളനത്തിൻെറ വിജയത്തിനായി ഊണും ഉറക്കവുമപേക്ഷിച്ചു പണിയെടുത്ത ആ ധീരാത്മാവിൻെറ നിത്യസ്മരണയ്ക്കായി ഒരു സൗധം കെട്ടിപ്പടുത്തു് അതിൽ സംസ്കരിച്ചു. ആ കല്ലറയിൽനിന്നു ആത്മവീര്യം കൈ

ക്കൊണ്ടുകൊണ്ടു പ്രവൎത്തകക്കമ്മിററി തന്റെ ധൎമ്മോപാസനത്തിൽ വിലയംപ്രാപിക്കുവാൻ തുടങ്ങി.

1928-ൽ പ്രേഗിൽ (Prague) സമ്മേളിച്ച, കമ്മിററിയുടെ ഒരു ചർച്ചായോഗത്തിൽവെച്ച് ആർച്ചുബിഷപ്പ് ജർമ്മാനോസ്(Germanos), ഡോ. അഡോൾഫ് ഡെയിസ്മൻ (Dr. Adolf Deissmann), പാസ്റ്റർ ചാൾസ് മെർലിഡി ഉബീഞ്ഞെ (Pastor Charles Merle d' Aubigne),ആർച്ചുബിഷപ്പ് സൊഡെർബ്ലോം (Soderblom) എന്നീ സമുന്നതനേതാക്കളെ കമ്മിററിയുടെ സഹായ ചെയർമാന്മാരാ (Vice-Chairmen) യി തിരഞ്ഞെടുക്കുകയുണ്ടായി. ജീവിത-പ്രവൎത്തനപ്രസ്ഥാനത്തെ വിശ്വാസഭരണപ്രസ്ഥാനവുമായി ബന്ധിച്ച ആദ്യത്തെ കണ്ണിയാണീ തിരഞ്ഞെടുപ്പ്. മാത്രമല്ല, ഇരു പ്രസ്ഥാനങ്ങളേയും ഒന്നിപ്പിക്കുവാൻ, ഒരൈക്യനിരയാക്കി മാററുവാൻവേണ്ടി ഒരു പ്രത്യേകകമ്മിററിയെത്തന്നെ ഇവർ നിയോഗിച്ചു. ബിഷപ്പ് ബ്രൻറിന്റെ സ്ഥാനം സ്വീകരിക്കുവാൻ യോർക്കിലെ ആർച്ചുബിഷപ്പ് ഡോ. വില്യം ററെംബിളി (Dr. William Temple)നെ തിരഞ്ഞെടുത്തു. തുടൎന്നുള്ള എക്യുമെനിസത്തിനു ജീവൻ പകൎന്നുകൊടുത്ത വ്യക്തികളിൽ സമുന്നതനാണ് ഇദ്ദേഹം. കാരണം, ഐക്യാഭിലാഷത്തിന്റെ പര്യായമായി അവശേഷിച്ചിരുന്ന ആർച്ചുബിഷപ്പ് സൊഡെർ ബ്ലോമും അധികം താമസിയാതെ (1931) മരണമടഞ്ഞു.

ഡോ. വില്യം ററെംബിളിൻെറ നേതൃത്വത്തിൽ "വിശ്വാസ-ഭരണപ്രസ്ഥാന"ത്തിൻെറ രണ്ടാമത്തെ അഖിലലോകസമ്മേളനം 1937- ആഗസ്ററു മൂന്നാംതീയതി സുപ്രസിദ്ധമായ എഡിൻബർഗ്ഗ നഗരത്തിൽത്തന്നെ ചേരുകയുണ്ടായി. 123 സഭകളെ പ്രതിനിധാനം ചെയ്ത 504 സമുന്നതവ്യക്തികൾ ഇതിൽ പങ്കെടുത്തു. അടുത്ത പൊതുസമ്മേളനംവരെ സംഘടനയെ നയിക്കുവാനുള്ള നേതാക്കളുടെ തിരഞ്ഞെടുപ്പാണു പ്രഥമത: നടന്നതു്. ഡോ. വില്യം ററെംബിളിനെത്തന്നെ പ്രസിഡണ്ടായി വീണ്ടും തിരഞ്ഞെടുത്തു. കമ്മീഷനുകൾ തയ്യാറാക്കിയിരുന്ന നാലു പ്രധാന താത്വികവിഷയങ്ങളെക്കുറിച്ചുള്ള പഠനവും ചർച്ചയുമാണു തുടർന്നു നടന്നതു്: നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പ്രസാദവരം, ക്രിസ്തുവിൻെറ സഭയും ദൈവത്തിൻെറ വചനവും, ക്രിസ്തുവിൻെറ സഭയിലേ സേവനവും കൂദാശകളും, ജീവിതത്തിലും ആരാധനയിലുമുള്ള സഭകളുടെ ഐക്യം. സമ്മേളിതർ നാലായി തിരിഞ്ഞു് ഓരോ വിഷയത്തേയും ചർച്ചചെയ്യുവാൻ തുടങ്ങി. പത്തു ദിവസത്തെ ഗ്രൂപ്പുചർച്ചകൾക്കുശേഷം ഓരോഗ്രൂപ്പും തങ്ങളുടെ വിഷയം പൊതുസമ്മേളനത്തിൻെറ വോട്ടിനും തീരുമാനത്തിനുമായി സമർപ്പിച്ചു. ആഗസ്ററു 18-ാംതീയതി സമ്മേളനം ചർച്ചകൾക്കെല്ലാം പൂർണ്ണരൂപം നല്കി. 1400 പദങ്ങളടങ്ങുന്ന ഒരു സംപൂർണ്ണ റിപ്പോർട്ടു് സകല സഭകളുടേയും സമൂഹങ്ങളുടേയും പഠനത്തിനായി സമപ്പിക്കപ്പെട്ടു. ഈ റിപ്പോർട്ടിലാണു ലോ

കപ്രസിദ്ധമായ "ഐക്യത്തിന്റെ പ്രമാണീകരണം (Affirmation of unity)" പ്രത്യക്ഷപ്പെട്ടന്നതു്. ഐക്യാഭിമുഖ പാതയിലെ സർവ്വപ്രധാനമായ ഒരു ഡോക്കുമെന്റാണിതു്. റോമാസഭ ഒഴികെയുള്ള സഭകളെല്ലാംതന്നെ ഇതിനെ സർവ്വാത്മനാ ആശ്ലേഷിച്ചിട്ടുമുണ്ടു്.

## 5 സഭകളിലൂടെ അന്താരാഷ്ട്രസൗഹാർദ്ദം കെട്ടിപ്പടുക്കാനുള്ള ലോകസംഖ്യ

(World Alliance for Promoting International Friendship through the Churches)

അഭിനവ എക്യൂമെനിസത്തിന്റെ വളർച്ചയ്ക്കു വളരെയധികം സഹായിച്ചിട്ടുള്ള ഒരു സംഘടനയാണിതു്. ഇതിന്റെ ഉത്ഭവത്തിലേക്കു നോക്കുമ്പോൾ, സമാധാനപ്രേമികളായ ക്രൈസ്തവർ അഖിലലോകസമാധാനത്തിനായി സഭകളെ മുന്നണിയിലേക്കു കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ള രംഗങ്ങളാണു കാണുക. ലോകസമാധാനം സുരക്ഷിതമാക്കുവാൻ ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്നും എല്ലാ സഭകളേയും ഇതിൽ പങ്കുകൊള്ളിക്കണമെന്നുംമററും ആംഗ്ലിക്കൻകേന്ദ്രങ്ങളിൽനിന്നും പലപ്പോഴും ഉയന്നിട്ടുള്ള ആശയങ്ങളാണു്. 1908-ൽ ഫെഡറൽ

കൗൺസിൽ (Federal Council) രൂപംകൊണ്ടപ്പോഗം അതിൻെറ കർമ്മപരിപാടിയിലും ഈ ആശയം വ്യക്തമാക്കിയിരുന്നു. 1914 ഫെബ്രുവരിയിൽ ആൻഡ്രൂ, കാർനെജി (Andrew Carnegie) എന്ന വ്യവസായപ്രമുഖൻ"The Church Peace Union"എന്നൊരു സംഘടന സ്ഥാപിച്ചു, സമാധാനത്തിലേക്കു സഭകളിലൂടെ ലോകജനതയെ നയിക്കുവാൻ. രണ്ടുലക്ഷം ഡോളർ അദ്ദേഹം സമർപ്പിച്ചു, ഈ സംഘടനയുടെ പ്രവത്തനത്തിനായി. ഈ സംഘടനയിൽ പ്രോട്ടസ്റ്റന്റുകാക്കും റോമൻ കത്തോലിക്കർക്കും യഹൂദർക്കും ഒരുപോലെ സ്ഥാനമുണ്ടാകണമെന്നും ഇവർ മൂവരുമടങ്ങുന്ന കമ്മിററിയാണ് ഈ സംഖ്യയുടെ വിനിയോഗത്തെപ്പററി തീരുമാനങ്ങഗം എടുക്കേണ്ടതെന്നും അദ്ദേഹം നിർദ്ദേശിച്ചിരുന്നു. ഇതിൻെറ കീഴിൽ, 1914-ജാനുവരിയിൽ സഭകളുടെ ഒരഖിലലോകസമ്മേളനം വിളിച്ചുകൂട്ടുവാൻ സ്വീഡനിലെ സഭകഗം ശ്രമിച്ചതും പരാജയപ്പെട്ടതും നാം കണ്ടു കഴിഞ്ഞു. പക്ഷേ, അവരുടെ പരിശ്രമം ആംഗ്ലിക്കൻസിൻേറയും റോമൻകത്തോലിക്കരുടേയും സമാധാനപ്രേമത്തെ പ്രോത്സാഹിപ്പിച്ചു. 1914–ആഗസ്റ്റിൽ കോൺസ്റ്റാൻസിൽ സകല സഭകളുടേയും ഒരു സമാധാന സമ്മേളനം വിളിച്ചുകൂട്ടുവാൻ ആംഗ്ലിക്കൻ സഭകഗം നിശ്ചയിച്ചു. സമ്മേളനത്തിൻെറ ചെലവുകഗം "സഭാസമാധാനൈക്യം' നിർവ്വഹിക്കണമെന്ന അവരുടെ തീരുമാനം പ്രസ്തുത ഫണ്ടിൻെറ കമ്മിററി അംഗീകരിച്ചു.

പക്ഷേ, യുദ്ധത്തിൻെറ കരിനിഴലുകഗം ജമ്മർനി

യുടേയും ഫ്രാൻസിൻേറയും പ്രാന്തപ്രദേശങ്ങളിൽ പൊങ്ങിത്തുടങ്ങിയിരുന്നു. നിരവധി ക്ലേശങ്ങൾ സഹിച്ചാണെങ്കിലും പ്രതിനിധികളും ക്ഷണിക്കപ്പെട്ടവരുമെല്ലാം ആഗസ്ററുമാസം ഒന്നാംതീയതിതന്നെ കോൺസ്റ്റാൻസിൽ എത്തി. മൂന്നാംതീയതിയാണു സമ്മേളനത്തിൻെറ ഉൽഘാടനം നിശ്ചയിക്കപ്പെട്ടിരുന്നതെങ്കിലും ഒന്നാംതീയതിതന്നെ പ്രാരംഭനടപടികൾ തുടങ്ങുവാൻ അവർ പ്രേരിതരായി. കാരണം, അന്നാണു ജർമ്മനി റഷ്യയോടു യുദ്ധം പ്രഖ്യാപിച്ചതു്. ഏതു നിമിഷത്തിലും ജർമ്മനിയും ഫ്രാൻസും തമ്മിൽ യുദ്ധമുണ്ടാകാമെന്ന നിലയിലുമായിരുന്നു. പിറേറന്നുതന്നെ സമ്മേളനം ഉൽഘാടനം ചെയ്യപ്പെട്ടു. പ്രഭാതസമ്മേളനത്തിൽ രാഷ്ട്രത്തലവന്മാർക്കു് അയയ്ക്കുവാനായി ഒരു 'ടെലഗ്രാഫിക്ക് അപ്പീൽ' തയ്യാറാക്കപ്പെട്ടു. അന്നുതന്നെ രണ്ടു സമ്മേളനങ്ങൾകൂടെ നടന്നു. 15 അംഗങ്ങൾ അടങ്ങുന്ന ഒരു കമ്മിററിയെ തിരഞ്ഞെടുത്തു, വ്യക്തമായ ഭരണഘടനയോടുകൂടിയ ഒരു സമാധാനസംഘടനയ്ക്കു രൂപംകൊടുക്കുവാൻ. അന്നു വൈകുന്നതിനുമുമ്പു ജർമ്മൻ ഗവൺമെന്റു് സമ്മേളനത്തെ അറിയിച്ചു, പിറേറന്നു രാവിലേയുള്ള ട്രെയിൻ പോയിക്കഴിഞ്ഞാൽ യാത്രാസൗകര്യങ്ങൾ ഉണ്ടാവുകയില്ലെന്നു്. അങ്ങനെ, ആഗസ്ററു മൂന്നാംതീയതി കൂടാനിരുന്ന സമാധാനത്തിനായുള്ള ആ സമ്മേളനം ജർമ്മനിയും ഫ്രാൻസും തമ്മിൽ യുദ്ധം ഔദ്യോഗികമായി ആരംഭിക്കുന്നതു കണ്ടുകൊണ്ടു് ആഗസ്ററ് മൂന്നാംതീയതി പിരിഞ്ഞുപോകുവാൻ നിർബ്ബന്ധിത

മായി. ക്ലേശങ്ങൾ സഹിച്ച് ഒരുവിധത്തിൽ ഇംഗ്ല ണ്ടിലെത്തിയ ഭൂരിപക്ഷം അംഗങ്ങളും ഒരവസാനസ മ്മേളനത്തിനായി ഒന്നിച്ചുചേൎന്നു. International Committee യുടെ അംഗസംഖ്യ 60-ആയി വർദ്ധി പ്പിക്കുകയും സംഘടനയ്ക്കു പേരു കൊടുക്കുകയും മററും ചെയ്തതു് ഈ അന്ത്യസമ്മേളനമാണു്. പക്ഷേ, 1915-ൽ ബർനെ (Berne) യിൽ സമ്മേളിച്ച കമ്മിററിയോഗമാ ണു സംഘടനയുടെ നാമം പരിഷ്കരിച്ചു സ്ഥിരപ്പെടു ത്തുകയും ഒരു ഭരണഘടനയ്ക്കു രൂപംനല്കുകയും ചെ യ്തതു്.

യുദ്ധം അതിഭീകരമായി മുന്നേറിക്കൊണ്ടിരുന്ന പ്പോൾ, പീരങ്കികളുടെ ഗർജ്ജനങ്ങളുടേയും ബോംബുകളു ടെ ഇടിനാദങ്ങളുടേയും ഇടയിലൂടെ കമ്മിററി തൻെറ സമാധാനസന്ദേശവുമായി പ്രവൎത്തിക്കുന്നുണ്ടായിരുന്നു. പല രാഷ്ട്രങ്ങളിലും ദേശീയകമ്മിററികൾ രൂപീകരിക്കു വാനും പഠനക്കളരികൾ സംഘടിപ്പിക്കുവാനും സമാധാ നത്തിൻെറ ആവശ്യകതയെ മനുഷ്യരെ ശരിക്കു ഗ്രഹി പ്പിക്കുവാനും 'ഇൻറർനാഷണൽ കമ്മിററി'ക്കു കഴിഞ്ഞു. ജർമ്മനിയിലും ഇംഗ്ലണ്ടിലും യുദ്ധകാലത്തുതന്നെ സംഘ ടയുനടെ ദേശീയകമ്മിററികൾ രൂപീകരിക്കുവാൻ കഴി ഞ്ഞതു് ഈ പ്രസ്ഥാനത്തിൻെറ വിജയത്തിനു മതിയാ യ തെളിവാണു്. ജീവിത-പ്രവൎത്തനപ്രസ്ഥാനത്തിനും വിശ്വാസ-ഭരണപ്രസ്ഥാനത്തിനും ഈ സമാധാനസം ഘടന നല്കിയിട്ടുള്ള പിൻതുണയും സഹകരണവും എ ക്യുമെനിസത്തിൽ ഈ സംഘടനയ്ക്കുള്ള താത്പര്യം വ്യ

ക്തമാക്കുന്നുണ്ട്. ജീവിത–പ്രവർത്തനപ്രസ്ഥാനവുമായി ഒരു സമ്പൂർണ്ണൈക്യത്തിനുപോലും ഈ സംഘടന പ്ലാനിട്ടതാണ്. കാരണം, സമാധാനത്തിനും ശാന്തിക്കുമായുള്ള പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ആദ്യമായി സമാധാനത്തിന്റെ കാവല്ക്കാരായ സഭകളിൽ സമാധാനം ഉണ്ടാവണം, ക്രിസ്തുവിന്റെ അനുയായികളിൽ സമാധാനം കളിയാടണം; ഇതു്, അടിസ്ഥാനപരമായ സഭൈക്യംകൊണ്ടല്ലാതെ നേടുക സാദ്ധ്യമല്ലെന്നു് ഈ പ്രസ്ഥാനത്തിന്റെ നേതാക്കൾക്കും ബോധപ്പെട്ടിരുന്നു.

യുദ്ധത്തിന്റെ ഭീകരതയിൽ നിപതിച്ച നിർഭാഗ്യരായ മനുഷ്യവ്യക്തികളുടെ പരിചരണവും സംരക്ഷണവുമാണു സമാധാനസംഘടനയുടെ പ്രഥമദൗത്യമായി പ്രത്യക്ഷപ്പെട്ടതു്. അതു ശരിക്കു നിർവ്വഹിക്കുന്നതിൽ സംഘടന വിജയിച്ചെന്നു പറയാം. ശത്രുമിത്രവിവേചനം കൂടാതുള്ള ഈ സേവനം ആദ്യമാദ്യം ശക്തിയായ എതിർപ്പുകൾക്കു പാത്രമായെങ്കിലും ക്രമേണ പരസ്പരധാരണയുടേയും സൗഹാർദ്ദത്തിന്റേയും പ്രധാനോപകരണമായി ഭവിച്ചു. "ക്രൈസ്തവൈക്യത്തിന്റെ മാതൃക സജീവമായി സൂക്ഷിക്കപ്പെടുവാനും നേരിട്ടുള്ള സഹകരണപ്രവർത്തനത്തിന്റെ വഴി വെട്ടിത്തുറക്കുവാനും ഇതിന്റെ സേവനം ഉപകരിച്ചു."* 1919-ൽ സ്ഥാപിതമായ International Fellowship

---

* A History of E. Movement, p. 517.

of Reconciliation-ൻേറയും ലീഗ് ഓഫ് നേഷൻസിൻേറയും മററും പ്രവത്തനങ്ങളിൽ അങ്ങേയററം സഹകരിക്കുവാനും അവിടെല്ലാം ക്രിസ്തീയസാഹോദര്യം വ്യക്തമാക്കുവാനും അന്താരാഷ്ട്രീയ നിയമങ്ങൾ വീണ്ടും പ്രാബല്യത്തിൽ വരുത്തുവാനുമെല്ലാം ഈ സംഘടന നിർവഹിച്ചിട്ടുള്ള സേവനങ്ങൾ അമൂല്യങ്ങളാണു്.

"സാധിച്ചു നിജജന്മകൃത്യം" എന്നോണം 1944-ആയപ്പോഴേക്കും ഈ സംഘടന ഏകദേശം അപ്രത്യക്ഷമായെന്നു പറയാം. "സഭാസമാധാനൈക്യ"ത്തിൽനിന്നുള്ള ധനസഹായം അവസാനിക്കുകയാൽ ജനീവയിലെ ഹെഡ്ഓഫീസ് അടച്ചിടേണ്ടിവന്നു. രണ്ടാംലോകമഹായുദ്ധാനന്തരം ഈ സംഘടനയെ പുനരുദ്ധരിക്കുവാനുള്ള ശ്രമം "The World Alliance for International Friendship Through Religion"എന്ന പുതിയ സംഘടനയ്ക്കു ജന്മംകൊടുത്തു. ഇന്നും ഈ പ്രസ്ഥാനം ക്രൈസ്തവസഭകളുടെ ഐക്യത്തെ ആവുന്നത്ര പ്രോത്സാഹിപ്പിക്കുന്നുണ്ടു്.

## 6. എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുടെ ഐക്യം

1933-മുതൽ ഐക്യസംരംഭങ്ങളുടെ പരസ്പരവിധേയത്വത്തേയും സഹകരണത്തേയും സംയോഗത്തേ

യുംപററി വിവിധ പഠനസമൂഹങ്ങൾ (study groups) ചർച്ചചെയ്യുവാനും അഭിപ്രായങ്ങൾ ഉന്നയിക്കുവാനും തുടങ്ങി. ജീവിത–പ്രവത്തനപ്രസ്ഥാനത്തിൻെറ അമേരിക്കൻ നേതാവായിരുന്ന ഹെൻട്രി സ്മിത്ത് ലെയിപർ (Henry Smith Leiper) 1935-ൽ സംഘടിപ്പിച്ച അഞ്ച് അഖിലലോകസംഘടനകളുടെ (ജീവിത–പ്രവത്തനസ്ഥാനം, വിശാസഭരണപ്രസ്ഥാനം, അഖിലലോക സൺഡേസ്കൂൾ അസോസിയേഷൻ, അഖിലലോകമിഷനറികൗൺസിൽ, ലോകസമാധാനത്തിനായുള്ള വേൾഡ് അലയൻസ്) സംയുക്തസമ്മേളനം 35 പേരടങ്ങുന്ന ഒരു കമ്മിററിയെ തിരഞ്ഞെടുത്തു, ഈ സംഘടനകളുടെയെല്ലാം സംയോഗത്തിനായി പരിശ്രമിക്കുവാൻ. ഈ കമ്മിററിയുടെ റിപ്പോർട്ടുകൾ 1937-ൽ ചേന്ന ഓക്സ്ഫോർഡു സമ്മേളനത്തിലും എഡിൻബർഗ്ഗ സമ്മേളനത്തിലും സമർപ്പിക്കപ്പെട്ടു. ഇരു സംഘടനകളുടേയും ഐക്യത്തിനായി ഒരു നിശ്ചിത പദ്ധതി തയ്യാറാക്കുവാൻ, ഇരുസമ്മേളനങ്ങളും ഏഴ പ്രതിനിധികളെവീതം തിരഞ്ഞെടുത്ത് ഒരു പുതിയകമ്മിററി രൂപവൽക്കരിച്ചു. ഈ കമ്മിററിയാണ് ഇന്ന് എക്യുമെനിസത്തിൻെറ ഏററവും വലിയ പ്രതിഫലനമായി വളന്നിട്ടുള്ള “സഭകളുടെ ലോകസമിതി” (World Council of Churches).

പുതിയ കമ്മിററി ഉടൻതന്നെ പ്രവത്തനക്ഷമമായി; പക്ഷേ, എക്യുമെനിസത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഈ കാല്‌വെയ്പ്പ് പിതിന്നാല

വ്യക്തികളുടെ മസ്തിഷ്ക്കപ്രവത്തനത്തിനു് അതീതമാ ണെന്നു മനസ്സിലാക്കിയ കമ്മിററി, അംഗസഭകളോട്ട് അവരുടെ പ്രതിനിധികളെ മറെറാരു ലോകസമ്മേളന ത്തിനായി അയയ്ക്കുവാൻ അപേക്ഷിച്ചു. തൽഫലമായി 1938-മേയ് 9-ാംതീയതി ഓക്സ്ഫോർഡിലേയും എ ഡിൻബർഗിലേയും പ്രതിനിധികൾ, 130 സഭകളെ പ്രതിനിധീകരിക്കുന്ന വ്യക്തികൾ, ഉട്രെച്ചിൽ (Utrecht) സമ്മേളിച്ചു. 12-ാംതീയതിവരെ നിണ്ടുനി ന്ന ഈ സമ്മേളനം "സഭകളുടെ ലോകസമിതി"ക്കാ യി ഒരു "പ്രൊവിഷണൽ കോൺസ്റ്റിററൂഷൻ" അം ഗീകരിക്കുകയും ജനറൽ അസംബ്ലി സമ്മേളിക്കുന്നതു വരെ പ്രവത്തനങ്ങൾ നടത്തുവാൻ ഒരു പ്രോവിഷണൽ കമ്മിററിയെ നിയമിക്കുകയും ചെയ്തു.

ആർച്ചുബിഷപ്പ് വില്യം റെറംബിളാണു് ഈ കമ്മിററിയുടേയും ചെയർമാനായി തിരഞ്ഞെടുക്കപ്പെ ട്ടതു്. എന്നാൽ, സഹായചെയർമാനായി ജോൺ ആർമോട്ടിനെ തിരഞ്ഞെടുത്തതു് ഈ പുതിയ പ്ര സ്ഥാനത്തെ മിഷനറി കൗൺസിലുമായി ബന്ധിപ്പിക്കു ന്ന ഒരു സുപ്രധാന മാർഗ്ഗമായി. മിഷനറികൗൺസി ലുമായി മാത്രമല്ല, അന്നു നിലവിലിരുന്ന സകല അന്തർ ദേശീയ ക്രൈസ്തവസംഘടനകളുമായി സുസ്ഥിരബന്ധം സ്ഥാപിക്കുവാൻ കമ്മിററിക്കു കഴിഞ്ഞു.

പ്രൊവിഷണൽ കമ്മിററി സജ്ജമായ ക്ഷണ ത്തിൽ ജീവിത–പ്രവത്തനപ്രസ്ഥാനക്കാർ തങ്ങളുടെ സർവ്വസ്വവും കമ്മിററിക്കു സമർപ്പിച്ചു. അങ്ങനെ ലോ

കത്തിൻെറ പല ഭാഗങ്ങളിലും ജീവിത-പ്രവർത്തനപ്ര സ്ഥാനത്തിനുണ്ടായിരുന്ന ഓഫീസുകളും ഉദ്യോഗസ്ഥ ന്മാരുമെല്ലാം പ്രൊവിഷണൽകമ്മിററിയുടേതായി മാറി; ജനീവായിൽത്തന്നെ കമ്മിററിയുടെ ഹെഡ്ഓഫീ സും പ്രവർത്തനക്ഷമമായി. അംഗീകൃതഭരണഘടന അംഗ ങ്ങൾക്ക് അയച്ചുകൊടുക്കുവാനും ഉടനേതന്നെ ജന റൽ അസംബ്ലിക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യുവാനും തുട ങ്ങി, കമ്മിററി. പക്ഷേ, രണ്ടാം ലോകമഹായുദ്ധം കമ്മി ററിയുടെ ശ്രദ്ധയും സകലകഴിവുകളും യുദ്ധത്തിൻെറ കെ ടുതികളിൽപ്പെട്ടു നട്ടംതിരിഞ്ഞ മനുഷ്യരുടെ സഹായ ത്തിനായി തിരിച്ചുവിട്ടു. നീണ്ടുനിന്ന യുദ്ധകാലത്തു ക മ്മിററി അനുഷ്ഠിച്ച സേവനങ്ങളെ വിവരിക്കുക പ്രയാ സമാണ്. വിപുലമായ ഒരു കർമ്മപഥത്തിലേക്കാണു ക്രൈസ്തവസഭകളുടെ പേരിൽ കമ്മിററി ഇറങ്ങിത്തിരി ച്ചതു്. യുദ്ധത്തിൻെറ ക്ലേശങ്ങളിൽ നിപതിച്ച സകല വ്യക്തികൾക്കും ക്രിസ്തുവിൻെറ സമാധാനവും സഹായ ഹസ്തവും നീട്ടിക്കൊടുക്കുവാൻ ജീവനെ ബലികഴിച്ചുപോ ലും കമ്മിററി അംഗങ്ങൾ ലോകത്തിൻെറ നാനാഭാഗ ങ്ങളിലും യാത്രചെയ്തു്, ലോകക്രൈസ്തവരുടെയെല്ലാം സ ഹകരണവും സൗഹാർദ്ദവും നേടിയെടുത്തു. യുദ്ധാനന്തര യൂറോപ്പിനെ മനുഷ്യത്വത്തിൻെറ അവസ്ഥയിലേക്കു് ഉ യർത്തിയെടുക്കുവാനും അന്താരാഷ്ട്രീയ നിയമങ്ങളും ന്യായ യുക്തതയും പുനഃസ്ഥാപിക്കുവാനും ലോകത്തെ മുഴുവൻ ഏകോപിപ്പിക്കുവാനും കമ്മിററി സുധീരം പ്രവർത്തിക്കു കയുണ്ടായി.

യുദ്ധം നടന്നുകൊണ്ടിരുന്നപ്പോഴും ആവുന്നിടത്തെല്ലാം സൗഹാർദ്ദസമ്മേളനങ്ങൾ സംഘടിപ്പിക്കുവാനും സമാധാനത്തിനായി സകലരെക്കൊണ്ടും പ്രാർത്ഥിപ്പിക്കുവാനുമെല്ലാം കമ്മിററിക്കു കഴിഞ്ഞു. 1939 ജൂലൈയിലും 1940-ജാനുവരിയിലും 1946 ഫെബ്രുവരിയിലും നടന്ന കമ്മിററിസമ്മേളനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. 1939-ലെ സമ്മേളനം സഭാനേതാക്കന്മാരുടേയും നിയമജ്ഞന്മാരുടേതുമായിരുന്നു; യുദ്ധം ഒഴിവാക്കുവാനും അന്താരാഷ്ട്രീയതർക്കങ്ങൾ സമാധാനപരമായ ചർച്ചകളിലൂടെ പരിഹരിക്കുവാനും രാഷ്ട്രത്തലവന്മാരോട് അപേക്ഷിക്കുകയല്ലാതെ മറെറാന്നും ചെയ്യാൻ ഈ സമ്മേളനത്തിനു കഴിഞ്ഞില്ല. 1940-ൽ പ്രൊവിഷണൽ കമ്മിററി സമ്മേളിച്ചതു്, യുദ്ധത്തിൻെറ കെടുതികളെ നേരിടാനുള്ള മാർഗ്ഗങ്ങളെപ്പററി ചിന്തിക്കുവാനായിരുന്നു. അതിനുശേഷം ആറു കൊല്ലത്തേക്കു കമ്മിററിക്കു സമ്മേളിക്കുവാൻ അവസരം ലഭിച്ചില്ല; നീറുന്ന പ്രശ്നങ്ങളുടെ വേദനിപ്പിക്കുന്ന, കരയിക്കുന്ന നാളുകളായിരുന്നു അവ. 1946-ൽ കമ്മിററി യുദ്ധത്തിൻെറ ദുരന്തഫലങ്ങളെ തരണംചെയ്യുവാനുള്ള മാർഗ്ഗങ്ങൾ ആരായുവാനായി സമ്മേളിച്ചു. 1948 ആഗസ്ററുമാസത്തിൽ സംഘടനയുടെ ഒന്നാമത്തെ അഖിലലോകസമ്മേളനം നടത്തണമെന്നു തീരുമാനിച്ചതും വേണ്ട ഒരുക്കങ്ങൾക്കു പ്രാരംഭമിട്ടതും ഈ യോഗമാണ്.

## ആംസ്റ്റർഡാം സമ്മേളനം

ലോകം മുഴുവൻതന്നെ ഈ സമ്മേളനത്തിനായി ഒരുങ്ങിയെന്നു പറഞ്ഞാൽ അധികമാവില്ല. എല്ലാ ക്രൈസ്തവസംഘടനകളും സഭകളും ആദ്ധ്യാത്മികവും താത്വികവുമായ നിരവധി ഒരുക്കങ്ങൾ നടത്തി. പ്രൊവിഷണൽ കമ്മിററിയുടെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട പ്രവർത്തകകമ്മിററികളുടെ പ്രവർത്തനങ്ങൾ ലോകത്തിന്റെ അങ്ങോളമിങ്ങോളം വ്യാപിച്ചു. എല്ലാ അഖിലലോകസംഘടനകളും ഈ സമ്മേളനത്തെ സഹായിക്കുവാൻ മുന്നോട്ടുവന്നു. റോമൻകത്തോലിക്കസഭയൊഴിച്ചുള്ള സകല സഭകളിലും നിരവധി ഔദ്യോഗികസമ്മേളനങ്ങളും പഠനങ്ങളുമെല്ലാം നടത്തുകയുണ്ടായി. ജോൺ ഡി. റോക്ക്ഫെല്ലർ സംഭാവനചെയ്ത 500,000 ഡോളറിന്റെ സഹായത്താൽ സ്ഥാപിതമായ എക്യുമെനിക്കൽ പരിശീലനകേന്ദ്രം (ജനീവയിൽനിന്നു 12 മൈൽ അകലെയുള്ള ചാററ്യൂ ഡി ബോസി (Chateau de Bossey) എന്ന സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന പഠനകേന്ദ്രം) ആംസ്റ്റർഡാം സമ്മേളനത്തിനായുള്ള തയ്യാറെടുപ്പിൽ ഒരു വലിയ പങ്കു നിർവഹിച്ചു. അത്മായനേതാക്കളെ എക്യുമെനിസത്തിൽ പരിശീലിപ്പിക്കുവാനും അങ്ങനെ അല്മായലോകത്തെ മുഴുവൻ ഐക്യാവേശഭരിതമാക്കുവാനും സ്ഥാപനം വളരെയധികം ഗുണംചെയ്തിട്ടുണ്ടു്.

147 സഭകളുടെ ഔദ്യോഗിക പ്രതിനിധികളായി

351 സമുന്നതവ്യക്തികളും അവരുടെ സഹായികളായി 238 പണ്ഡിതന്മാരും ഔദ്യോഗികമായി ക്ഷണിക്കപ്പെട്ടമററുള്ളവരും പത്രറിപ്പോർട്ടർമാരുമെല്ലാം നിശ്ചിതസമയത്തുതന്നെ ആംസ്റ്റർഡാമിൽ എത്തി. 1948 ആഗസ്റ്റ് 22-ാംതീയതി ഞായറാഴ്ച രാവിലെ വർണ്ണശബളമായ ഒരു ഘോഷയാത്ര വിശാലമായ "ന്യൂവി കെർക്ക്" (Nieuwe Kerk) ദൈവാലയത്തിലേക്കു നീങ്ങി: ആർച്ചുബിഷപ്പ്സ്, ആക്കിമാൻട്രിററ്സ്, ബിഷപ്പ്സ്, വൈദികർ, പാസ്റ്റേഴ്സ്, ഡീക്കൻസ്, എൽഡേഴ്സ്, ദൈവശാസ്ത്രപണ്ഡിതന്മാർ, അല്മായനേതാക്കൾ തുടങ്ങിയ സഭാതനയർ പ്രാത്ഥനാനിരതരായി ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ ആവേശഭരിതമായ ഓർഗൻ ഗാനധാര ആ മുഹൂത്തത്തെ കൂടുതൽ വികാരനിർഭരമാക്കി. 'ഭൂമിയിൽ ഉവള്ളർ വസിക്കുന്നു' (All people that on earth do dwell) എന്നു തുടങ്ങുന്ന പ്രഞ്ചുഗാനം ഗായകസംഘം ആരംഭിച്ചു. ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ സമ്മേളിതർ ആ ഗാനം ഏററുപാടി. ഡച്ചു റിഫോംഡ്സഭയിലേ ഒരു വൈദികൻ, തുടർന്നു സമ്മേളിതരെ ആരാധനയ്ക്കായി ക്ഷണിച്ചു. കാൻറർബറി ആർച്ചുബിഷപ്പാണു പ്രാത്ഥന നയിച്ചതു്. തുടന്നുള്ള ബൈബിൾവായനയ്ക്കുശേഷം സമ്മേളിതരെല്ലാം പ്രഥമപ്രഭാഷണം ശ്രവിക്കുവാനായി ഇരുന്നു.

എൺപത്തിമൂന്നുകാരനായ ജോൺ ആർ. മോട്ടാണു പ്രഥമപ്രഭാഷണം നടത്തിയതു്. 1910-ലേ ആംസ്റ്റർഡാം സമ്മേളനം മുതലുള്ള എക്യുമേനിക്കൽ പ്ര

സ്ഥാനങ്ങളിലേക്കു കടന്നുചെന്നു്, സ്വന്തം അനുഭവങ്ങൾ വിവരിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രസംഗം സദസ്യരെ രോമാഞ്ചംകൊള്ളിച്ചു. രണ്ടു മഹായുദ്ധങ്ങളെ അതിജീവിച്ചുകൊണ്ട് ഇന്നിതാ ഒരു നിശ്ചിതവിജയത്തിൽ എത്തിയിരിക്കുന്ന എഡിൻബർഗ്ഗ്സമ്മേളനത്തെ അദ്ദേഹം ചാരിതാൎത്ഥ്യത്തോടെ സ്മരിച്ചു. ഒരിരുപതുകാരൻെറ ഉത്സാഹത്തോടും ആത്മവീര്യത്തോടുംകൂടെയാണു അദ്ദേഹം പ്രസംഗിച്ചതു്. നടക്കാനുള്ള വഴി വളരെ നീണ്ടതാണെന്നും നിരാശരാകാതെ മുന്നേറുകയാണു യഥാൎത്ഥക്രൈസ്തവൻെറ ലക്ഷണമെന്നും അദ്ദേഹം സമ്മേളിതരെ ഓർപ്പിച്ചു. രണ്ടാമത്തേ പ്രസംഗത്തിനായി കമ്മിററി നിശ്ചയിച്ചിരുന്ന ഡി. ററി. നീലെസ് (D. T. Niles) എന്ന സിലോൺകാരൻ വളൎന്നുവരുന്ന മിഷനറിസഭകളെ പ്രതിനിധാനംചെയ്തുകൊണ്ടു ഹൃദയസ്പർശിയായ ഒരു ബിബ്ലിക്കൽ സെർമൺ നടത്തി. ആർച്ചുബിഷപ്പു ജർമ്മാനോസ് ഗ്രീക്കുറീത്തിൽ നടത്തിയ ബനഡിക്ഷനോടുകൂടി പ്രഭാതസമ്മേളനം, സമ്മേളനത്തിൻെറ ഉദ്ഘാടനച്ചടങ്ങ്, സമാപിച്ചു. അന്നു വൈകുന്നേരം അംഗങ്ങൾ "കൺസേർട്ട്ഹാളിൽ (Concert Hall)" സമ്മേളിക്കുകയും പല പ്രസംഗങ്ങൾ ശ്രവിക്കുകയും ചെയ്തു. പിറേറന്നു (1948 ആഗസ്റ്റ് 23) മാത്രമാണു ലോകം ആകാംക്ഷാഭരിതമായി കാത്തിരുന്ന ആ മഹാസംഭവം നടന്നതു്: "സഭകളുടെ ലോകസമിതിയുടെ" ഔദ്യോഗിക ഉദ്ഘാടനം.

കൃത്യം പത്തുമണിക്കുതന്നെ ഹാൾ ജനനിബിഡ

മായി. പ്രൊവിഷണൽകമ്മിററിയുടെ പ്രസിഡൻറു മാരിൽ ഒരുവനായ ഡോ. മാൿ ബോഗ്നർ (Dr. Marc Boegner) സംഘടനയുടെ ഭരണഘടനയെ സമ്യക്കായി വിവരിച്ചുകൊണ്ടു് "സഭകളുടെ ലോകസമിതിയുടെ നിർമ്മാണം പൂർത്തിയായിരിക്കുന്നെന്നും" പുതിയ സംഘടന സംജാതമായിരിക്കുന്നെന്നുമുള്ള തീരുമാനം സമ്മേളനത്തിൻെറ മുമ്പിൽ സമർപ്പിച്ചു. സമ്മേളിതരിൽനിന്നു ചില ചോദ്യങ്ങൾ ഉയർന്നു. അധ്യക്ഷനായിരുന്ന കാൻറർബറി ആർച്ചുബിഷപ്പ് അവയ്ക്കു തൃപ്തികരമായി ഉത്തരം പറഞ്ഞിട്ടു തീരുമാനത്തെ വോട്ടിനിട്ടു. "ഒരെതിർപ്പുകൂടാതെ(nemine contradicente) തീരുമാനം സ്വീകരിക്കപ്പെട്ടിരിക്കുന്നു" എന്നു് അധ്യക്ഷൻ പ്രഖ്യാപിച്ചപ്പോൾ ഹാൾമുഴവൻ കരഘോഷനിർഭരമായി. തുടർന്നു സകലരും കൃതജ്ഞതാഭരിതരായി പ്രാർത്ഥനയ്ക്കു് എഴുന്നേററു. ആർച്ചുബിഷപ്പു സ്പഷ്ടമായ ശബ്ദത്തിൽ പ്രാർത്ഥന നയിച്ചു: "സർവ്വശക്തനായ ദൈവമേ, പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ഈ മണിക്കൂറിൽ, ക്രിസ്തുവിലുള്ള വിശ്വാസത്തിൻെറ ഈ പ്രഖ്യാപനത്തിൽ അവിടുന്നു ഞങ്ങളെ എത്തിച്ചിരിക്കുന്നതിനു് ഇതാ ഞങ്ങൾ അങ്ങേക്കു കൃതജ്ഞതയും സ്തോത്രവും സമർപ്പിക്കുന്നു. ഞങ്ങളുടെ ഈ സംരംഭത്തിൻെറ വിധാതാക്കളെ അങ്ങു വളർത്തിയെടുത്തതുപോലെ അങ്ങയുടെ സംപ്രീതിജനകമായ അനുഗ്രഹത്താൽ ഞങ്ങളുടെ ഈ പ്രവൃത്തിയിൽ ഞങ്ങളേയും വളത്തിയെടുക്കണമേ എന്നു ഞങ്ങൾ അവിടുത്തോ

ട്ട പ്രാർത്ഥിക്കുന്നു; അങ്ങയുടെ വിശുദ്ധസഭയുടെ നന്മയ്ക്കും അങ്ങയുടെ ജനത്തിൻെറ രക്ഷയ്ക്കും അങ്ങയുടെ മഹത്വ ത്തെ വ്യക്തമാക്കുവാനുമായി ഞങ്ങൾ തുടങ്ങിയതും തുട രുന്നതും അങ്ങിൽ എത്തിച്ചേരുന്നതുമായ ഈ പ്രവർത്ത നത്തിൽ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.''*

തുടർന്നു നടന്ന രണ്ടാഴ്ചത്തെ സമ്മേളനം പുതിയ സ മിതിയുടെ ഭരണഘടനയെ വിശകലനം ചെയ്തു. പ്രവർത്ത കകമ്മിററികൾ തയ്യാറാക്കിയ വിശ്വാസപരവും താ ത്വികവുമായ പ്രഖ്യാപനങ്ങൾ പരിശോധിച്ചു വോട്ടി നിട്ടു. സമിതിയുടെ പ്രവർത്തനരംഗങ്ങൾ വിപുലമാക്കുന്ന തിനും കാര്യക്ഷമമാക്കുന്നതിനും ആവശ്യകമായ തീരു മാനങ്ങളും എടുത്തു. അവസാനം, "ക്രിസ്തുവിലുള്ള എല്ലാ വർക്കും, കേൾക്കുവാൻ മനസ്സുള്ള സകലർക്കുമായി'' സ മ്മേളനം ഒരു സന്ദേശം തയ്യാറാക്കി. "ഞങ്ങൾ ഒന്നിച്ചു നില്ക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു" എന്ന ദൃഢ പ്രതിജ്ഞയടങ്ങിയ പ്രസ്തുത സന്ദേശത്തിൻെറ അം ഗീകരണത്തോടുകൂടി സുദീർഘമായ ഒരദ്ധ്യായം അവസാ നിക്കുകയായിരുന്നു. മാത്രമല്ല, അന്ത്യമെന്തെന്നു് ഇനി യും അറിവായിട്ടില്ലാത്ത മറെറാരദ്ധ്യായത്തിൻെറ ആരം ഭം കുറിച്ചുകൊണ്ടു് ആംസ്റ്റർഡാം സമ്മേളനം സമാ പിച്ചു.

---

* *A History of the Ecumenical Movement*, p. 720.

# 7. സഭകളുടെ ലോകസമിതി

## (World Council of Churches)

ഉയർന്നുവന്ന നിരവധി തെററിദ്ധാരണകളെ നീക്കാൻ, സെൻട്രൽകമ്മിററി കാനഡായിലെ ടൊറോന്റോ (Toronto) നഗരത്തിൽ സമ്മേളിച്ചു, 1950-ലേ വസന്തകാലത്തു്. പ്രധാനപ്പെട്ട ചില കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി, ഈ സമ്മേളനം. സഭകളുടെ ലോകസമിതി ഒരു "ഉന്നതസഭ" (Super Church) അല്ല, അങ്ങനെയൊന്നാവാൻ അതിനെ അനുവദിക്കുകയുമില്ല. സഭകളെ വെറുതേയങ്ങു കൂട്ടിക്കെട്ടുകയല്ല, പിന്നെയോ അഗാധമായ പഠനംകൊണ്ടും വിശാലമായ വീക്ഷണംകൊണ്ടും സഭകളെ പരസ്പരബന്ധത്തിലേക്കു നയിക്കുകയാണു് ഈ സമിതിയുടെ കടമ. ഇതിൽ അംഗമാകുവാൻ ആരും ഒന്നും ബലികഴിക്കേണ്ടതില്ല. അംഗസഭകൾക്കായി നിയമങ്ങൾ ഉണ്ടാക്കുകയല്ല സമിതിയുടെ ജോലി. അഥവാ, അത്തരം നിയമങ്ങൾ ഉണ്ടായാൽത്തന്നെ അവയെ കൊള്ളാനോ തള്ളാനോ അംഗസഭകൾക്കു സ്വാതന്ത്ര്യമുണ്ടു്. പ്രധാനമായി എട്ടു കാര്യങ്ങളാണു് ഈ സമ്മേളനം എടുത്തുകാട്ടിയതു്.

1) ക്രിസ്തുവാണു സഭയുടെ ദിവ്യശിരസ്സ്. ഈ സമിതിയിലെ അംഗങ്ങളുടെ അടിയുറച്ച വിശ്വാസമാണിതു്.

2) പുതിയനിയമഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ

ക്രിസ്തുവിൻെറ സഭ ഒന്നുമാത്രമാണെന്നും അവർ വിശ്വസിക്കുന്നു.

3) വ്യത്യസ്ത സഭകളിലുള്ള അംഗത്വമെന്നതിലേറെ പ്രാധാന്യമർഹിക്കുന്നതു സാർവ്വത്രികസഭയുടെ അംഗമായിരിക്കുകയാണെന്നു് അംഗസഭകൾ അംഗീകരിക്കുന്നു. അതിനാലാണു ക്രിസ്തുവിൻെറ ദൈവത്വത്തിലും രക്ഷകത്വത്തിലും വിശ്വസിക്കുന്ന മററു സഭകളുമായി സജീവബന്ധം പുലർത്തുവാൻ അവർ ശ്രമിക്കുന്നതു്.

4) സമിതിയിൽ അംഗങ്ങളാകുന്ന സഭകളെല്ലാം മററു അംഗസഭകളെ ശരിയായ, പൂർണ്ണമായ അർത്ഥത്തിൽ സഭകളായി പരിഗണിക്കണമെന്ന നിർബ്ബന്ധമില്ല.

5) പക്ഷേ, മററു സഭകളിൽ സത്യസഭയുടെ അംശങ്ങൾ (elements) ഉണ്ടെന്നും ഈ അംശങ്ങളുടെ പരസ്പരം പങ്കുചേരൽ പൂർണ്ണസത്യസഭയിലേക്കു സകലരേയും നയിക്കുമെന്നും അംഗസഭകൾ സമ്മതിക്കണം.

6) ലോകത്തിൽ ഏതുവിധത്തിലുള്ള സാക്ഷ്യമാണു തങ്ങൾ വഹിക്കേണ്ടതെന്ന പ്രശ്നത്തിനു ക്രിസ്തുവിൽനിന്നുതന്നെ പരിഹാരം കണ്ടെത്താൻ അംഗസഭകൾ ഒന്നിച്ചു പരിശ്രമിക്കണം.

7) അത്യാവശ്യമായ കാര്യങ്ങളിൽ പരസ്പരം സഹായിക്കുവാനുള്ള സന്നദ്ധതയും സഹോദരപരമല്ലാത്ത പ്രവർത്തനങ്ങളിൽനിന്നു ഒഴിഞ്ഞുമാറുവാനുള്ള വിവേകവും അംഗസഭകൾക്കു അത്യന്താപേക്ഷിതമാണു്.

8) പരസ്പരം പഠിക്കുവാനും പൂർണ്ണസഭയുടെ ഭ

KOTTAYAM PUBLIC LIBRARY KOTTAYAM

വ്യതയിൽ പരസ്പരം സഹായിക്കുവാനുമായി അംഗസഭകൾ ഒരാന്തരികബന്ധത്തിൽ ഏർപ്പെടേണ്ടതു് ആവശ്യകമത്രേ.

ഈ സ്വതന്ത്രസഭാസമിതിയിൽ അംഗമാകുവാനോ അംഗസ്ഥാനം ഉപേക്ഷിക്കുവാനോ ഏതു സഭയ്ക്കും എപ്പോഴും സ്വാതന്ത്ര്യമുണ്ടായിരിക്കും. അംഗത്വമുള്ള സഭ സമിതിയുടെ പ്രവർത്തനങ്ങളിൽ അങ്ങേയററം സഹകരിക്കണമെന്ന നിർബന്ധമുണ്ടു്. അംഗസഭകളുടെ സഹകരണത്തിനായും സാമൂഹ്യസാഹോദര്യബോധത്തിനായുമാണു നിരവധി അഖിലലോകകോൺഫ്രൻസുകളും ദേശീയകോൺഫ്രൻസുകളും സ്ഥിരസമിതികളും പഠനഗ്രൂപ്പുകളും മററും നടത്തുന്നതിൽ സമിതി മുൻകൈയെടുക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ സമിതിയുടെ ഉദ്ദേശ്യം അല്ലെങ്കിൽ പ്രവർത്തനപരിധി ഏഴു കാര്യങ്ങളിൽ ഒതുക്കിനിറുത്താം:

1) ജീവിത–പ്രവർത്തനപ്രസ്ഥാനത്തിൻേറയും വിശ്വാസ–ഭരണപ്രസ്ഥാനത്തിൻേറയും പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോവുക. 2) സഭകളുടെ സംയുക്തപ്രവർത്തനങ്ങളെ നയിക്കുക, വളർത്തിയെടുക്കുക. 3) സഭകളുടെ സംയുക്തപഠനത്തെ പ്രോത്സാഹിപ്പിക്കുക. 4) എല്ലാ സഭകളുടേയും അനുയായികളിൽ എക്യൂമേനിക്കൽ ചിന്താഗതി പരിപോഷിപ്പിക്കുക. 5) വിശ്വൈക്യത്തിലുള്ള ഫെഡറേഷനുകളുമായും മററു എക്യൂമേനിക്കൽ പ്രസ്ഥാനങ്ങളുമായും ബന്ധം സ്ഥാപിക്കുക. 6) സന്ദർഭവും അവസരവും ആവശ്യപ്പെടുന്നതനുസരിച്ചു

നിശ്ചിത വിഷയങ്ങൾ കൈകാര്യംചെയ്യുവാനായി ലോകസമ്മേളനങ്ങൾ വിളിച്ചുകൂട്ടുക. 7) പ്രേഷിതപ്രവൎത്തനങ്ങളിൽ സഭകളെ സഹായിക്കുക.

തുടൎന്നു നടത്തിയിട്ടുള്ള നാനാവിധ പ്രവൎത്തനങ്ങളിലൂടെ, മതപരമായവയിലും അല്ലാത്തവയിലും സഭകളുടെ ലോകസമിതി അതിന്റേതായ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. യു. എൻ. ഒ. യുടെ സമ്മേളനങ്ങളിൽപ്പോലും കാര്യമായ സ്വാധീനം ചെലുത്തുവാനും ആ സംഘടനയുമായി അടുത്ത ബന്ധം സ്ഥാപിക്കുവാനും സമിതിക്കു കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ, ലോകത്തിലേ എല്ലാ അഖിലലോകസംഘടനകളും സമ്മേളനങ്ങളുമായി അടുത്ത ബന്ധം പുലൎത്തി ലോകജീവിതത്തെത്തന്നെ നവീകരിക്കുകയും നന്നാക്കുകയും ചെയ്യുവാൻ സമിതി, ജീവിതത്തിന്റെ സകല പ്രശ്നങ്ങളിലേക്കും പ്രസ്ഥാനങ്ങളിലേക്കും ഇറങ്ങിച്ചെല്ലുകയാണു്. ഈവിധത്തിലുള്ള സമ്പൎക്കങ്ങളും ഇടപെടലുകളും സമിതിയെ പുതിയ പുതിയ അവലോകനങ്ങളിലൂടെ വളരുവാനും ക്രൈസ്തവലോകത്തെ ഐക്യത്തിലേക്കു അടുപ്പിക്കുവാനും വളരെയധികം സഹായിക്കുന്നുണ്ടു്.

## ഇവാൻസ്റ്റൺ അസംബ്ളി

1954-ൽ സമിതി അതിന്റെ രണ്ടാംലോകസമ്മേളനം ഐക്യനാടുകളിലെ ഇവാൻസ്റ്റൺ നഗരത്തിൽവെച്ചു നടത്തി. സമ്മേളനത്തിൽ പങ്കെടുക്കുവാൻ 163 അംഗസഭകളിൽനിന്നായി 600 ഔദ്യോഗികപ്രതിനിധി

കാം എത്തിയിരുന്നു (ആംസ്റ്റർഡാമിലേ സമ്മേളന ത്തിൽ പങ്കെടുക്കുവാൻ 150 അംഗസഭകളേ ഉണ്ടായി രുന്നുള്ളു). നിരീക്ഷകർ, സന്ദർശകർ, പത്രപ്രതിനിധി കഠം, ഓഫീസ് ജീവനക്കാർ തുടങ്ങിയവർ ഉഠംപ്പെടെ 1300-ൽപ്പരം വ്യക്തികളുടെ ഒരു സമ്മേളനമായിരു ന്നു, ഇവാൻസ്റ്റൺ അസംബ്ലി. ആഗസ്ററു 15 മുതൽ 31 വരെ നീണ്ടുനിന്ന ഈ സമ്മേളനം എട്ടു ടൺ കട ലാസ്സ് എഴുതിത്തീർത്തു എന്നു വരുമ്പോഠം സമ്മേളന ത്തിൻെറ വലിപ്പവും അവിടെ നടന്ന ബൗദ്ധികപ്രവത്ത നത്തിൻെറ ബൃഹത്ത്വും ഏതാണ്ടു ഊഹിക്കാമല്ലോ!

"ക്രിസ്തു ലോകത്തിൻെറ പ്രത്യാശയാണ്" എന്ന തായിരുന്നു പ്രധാന ചർച്ചാവിഷയം. ലോകം മുഴവൻത ന്നെ പ്രസ്തുതവിഷയത്തെ വിശകലനം ചെയ്തു നേരത്തേ തയ്യാറായിരുന്നതിനാൽ, ക്രിസ്തു ലോകത്തിൻെറ പ്രത്യാ ശയാണെന്നവസ്തുത വിശ്വാസസത്യമായി പ്രഖ്യാപിക്കു വാൻ സമ്മേളനത്തിനു പ്രയാസപ്പെടേണ്ടിവന്നില്ല. പ ക്ഷേ, വിശ്വാസഭരണക്കമ്മീഷൻ സമപ്പിച്ച ആറു പ്രമേ യങ്ങഠം ചച്ചയ്ക്കെടുത്തപ്പോഴാണ് അഭിപ്രായഗതികഠം ഏററുമുട്ടിയതു്, ചച്ചകഠം അങ്ങേയററം ചൂടുപിടിച്ച തു്. ബൈബിഠം മാത്രമല്ല ക്രിസ്തീയവിശ്വാസത്തിൻെറ മാനദണ്ഡമെന്നു കിഴക്കൻസഭക്കാർ ആവത്തിച്ചാവർ ത്തിച്ചു പ്രഖ്യാപിക്കുകയും തങ്ങളുടെ പരമ്പരാഗതമാ യ, അപ്പസ്തോലന്മാരുടെ കാലംവരെ എത്തുന്ന, ഈ വി ശ്വാസത്തിൽനിന്നു അണുവിട വ്യതിചലിക്കുവാൻ സാ ദ്ധ്യമല്ലെന്നു വ്യക്തമാക്കുകയും ചെയ്തു. അപ്പസ്തോലന്മാരു

ടെ പിൻഗാമികളാണു മെത്രാന്മാരെന്നും സഭാഭരണത്തിൽ മെത്രാസനങ്ങൾ അത്യന്താപേക്ഷിതമാണെന്നും കിഴക്കരോടൊത്തു വാദിക്കുവാൻ ആംഗ്ലിക്കൻസഭക്കാരും മുന്നോട്ടുവന്നു. സഭാംഗങ്ങൾ പാപികളാണെങ്കിലും സഭ ഒരിക്കലും പാപിനിയല്ലെന്ന പ്രസ്താവനയ്ക്കു്, പരിശുദ്ധാത്മാവു സഭയെ അപ്രമാദമായി സൂക്ഷിക്കുന്നെന്ന ഓർത്തഡോക്സുവാദമുഖത്തിനു സമ്മതമരുളുവാൻ പല പ്രോട്ടസ്റ്റൻറുസഭക്കാർക്കും വൈമനസ്യമുണ്ടായില്ല. "ക്രിസ്തുവിലുള്ള നമ്മുടെ ഐക്യവും സഭകളിലായുള്ള നമ്മുടെ അനൈക്യവും" എന്ന പ്രമേയത്തെസംബന്ധിക്കുന്ന ചർച്ചകൾ മൂന്നു കാര്യങ്ങൾ വ്യക്തമാക്കി:

1) സഭകളെല്ലാം ക്രിസ്തുവിനോടു യോജിച്ചിരിക്കുന്നിടത്തോളം കാലം അവ തമ്മിൽ ഐക്യമുണ്ടു്.

2) വിശ്വാസവിഷയങ്ങളിലും ആരാധനക്രമത്തിലുംമററുമുള്ള വ്യത്യാസം ഈ ഐക്യത്തെ തകർക്കുന്നില്ല.

3) എന്നിരിക്കിലും, അവയെല്ലാം വിപാടനംചെയ്തു് ഏകസത്യസഭയെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുവാൻ എല്ലാ സഭകളും കടപ്പെട്ടിരിക്കുന്നു.

### ഡൽഹിസമ്മേളനം

ഇൻഡ്യയുടെ തലസ്ഥാനനഗരമായ ന്യൂഡൽഹിയിലാണു ലോകസമിതിയുടെ മൂന്നാംസമ്മേളനം കൂടിയതു്. 1961—നവംബർ 18 മുതൽ സിസംബർ 6 വരെയുള്ള ദിവസങ്ങളിൽ ലോകക്രിസ്തുമതത്തിൻെറ വൈവി

ധ്യങ്ങൾ ന്യൂഡൽഹിയുടെ പൊതുനിരത്തുകളിൽ പ്രദർശിപ്പിക്കപ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ. 175അംഗസഭകളിൽനിന്ന് 625ഔദ്യോഗിക പ്രതിനിധികളും 65–ലേറെ ഔദ്യോഗികനിരീക്ഷകരും 200–ൽപ്പരം സെക്രട്ടേറിയേററു ഉദ്യോഗസ്ഥന്മാരും 200–ലേറെ പത്രപ്രതിനിധികളും 110–ഓളം യുവസംഘടനാപ്രതിനിധികളും 125–ലധികം പണ്ഡിതന്മാരായ ഉപദേശകരും മററുമുൾപ്പെടെ ആകെ 1338 വ്യക്തികൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു. എല്ലാംകൊണ്ടും, മുൻസമ്മേളനങ്ങളെക്കാളേറെ പ്രാധാന്യമർഹിക്കുന്ന ഒരു സമ്മേളനമാണു ന്യൂഡൽഹിയിൽ നടന്നതു്. കാരണം, ഇവിടെവച്ചാണു് ആദ്യംമുതൽ സമിതിയെ സംശയദൃഷ്ട്യാ വീക്ഷിച്ചുകൊണ്ടിരുന്ന റഷ്യൻഓർത്തഡോക്സ് സഭ സമിതിയിൽ അംഗമാകുവാൻ മുന്നോട്ടുവന്നതും അവരുടെ അംഗത്വം സസന്തോഷം സ്വീകരിക്കപ്പെട്ടതും. റോമൻകത്തോലിക്കസഭ ആദ്യമായി ഔദ്യോഗിക സന്ദർശകരെ സമിതിയുടെ സമ്മേളനത്തിലേക്കു അയച്ചതും ഇവിടേക്കാണു്. മാത്രമല്ല, ആരംഭംമുതൽ സമിതി അഭിലഷിച്ച അഖിലലോകമിഷനറികൗൺസിലിൻെറ സംയോജനം ഈ സമ്മേളനത്തിൽവച്ചത്രേ പൂർത്തിയായതു്. ഇനിയും, മിഷനറികൗൺസിൽ ലോകസമിതിയുടെ ഒരു ഭാഗമായിരിക്കും; അല്ലാതെ വ്യത്യസ്തമായ ഒരു പ്രസ്ഥാനമല്ല. അങ്ങനെ പലതുകൊണ്ടും അങ്ങേയററം അഭിമാനകരവും ആനന്ദജനകവുമായ ഒരു സമ്മേളനമായിരുന്നു, ന്യൂഡൽഹി അസംബ്ളി.

'ക്രിസ്തു ലോകത്തിൻെറ പ്രാകാശമാണു്''എന്നതായി രുന്നു ഈ സമ്മേളനത്തിൻെറ പ്രധാന പഠനവിഷയം. പതിവനുസരിച്ചുള്ള പഠനശേഷം പ്രമേയം വിശ്വാസ സത്യമായി പ്രഖ്യാപിക്കപ്പെട്ടു. ഇനിയും, സമിതിയുടെ നിർവ്വചനത്തെ ഒരിക്കൽക്കൂടി വിശകലനം ചെയ്യുവാനാ ണു് അസംബ്ളി മുന്നോട്ടു നീങ്ങിയതു്. പഴയ നിർവ്വ ചനം അപര്യാപ്തമായി കാണുകയാൽ, പഴയ നിർവ്വച നത്തിൻെറ ഭിത്തികൾ ഒന്നുടച്ചുവാർക്കുവാൻ സമ്മേള നം തയ്യാറായി: "വിശുദ്ധ ഗ്രന്ഥങ്ങൾ അനുസരിച്ചു യേശുക്രിസ്തു ദൈവവും രക്ഷകനുമാണെന്നു വിശ്വസി ക്കുകയും അതുകൊണ്ടു്, പിതാവും പുത്രനും പരിശുദ്ധാ ത്മാവുമായ ഏകദൈവത്തിൻെറ മഹത്വത്തിനായുള്ള തങ്ങളുടെ പൊതുകടമ ഒന്നിച്ചുചേർന്നു നിർവ്വഹിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന സഭകളുടെ ഒരു സുഹൃദ്സംഘ ടനയാണു സഭകളുടെ ലോകസമിതി". * 36 വോട്ടു കൾക്കെതിരെ 338 വോട്ടുകളുടെ ഭൂരിപക്ഷത്തോടുകൂടി അംഗീകൃതമായ സമിതയുടെ പുതിയ നിർവ്വചനമാണി തു്. തുടർന്നു് അസംബ്ളി നിർവ്വഹിച്ച പ്രധാന കർ ത്തവ്യം, 120 അംഗങ്ങളുള്ള ഒരു വലിയ ഘടകമായി, സുപ്രധാന ഡിപ്പാർട്ടുമെൻറായി "വിശ്വാസ-ഭരണ ക മ്മീഷനെ" ഉയർത്തിയതത്രേ.

---

* KENNETH SLACK, *Despatch from New Delhi*, (SCM Press Ltd, Bloomsbury Street London. March 1962) p. 90.

### ഭരണഘടന

ആദ്യം രൂപംകൊണ്ട ഭരണഘടന ക്രമേണ വളർന്നുകൊണ്ടിരുന്നു. ആ വളർച്ചയ്ക്കൊത്ത വ്യതിയാനങ്ങളും വ്യത്യാസങ്ങളും ഭരണഘടനയിൽ വരുത്തുവാൻ ഇവാൻസ്റ്റൺ അസംബ്ളിയും ന്യൂഡൽഹി അസംബ്ലിയും ഒട്ടും മടിച്ചില്ല. അങ്ങനെയാണ്, ഇന്നു നാം കാണുന്ന സങ്കീർണ്ണമായ ഭരണഘടനയോടുകൂടിയ, മനുഷ്യജീവിതത്തിന്റെ എല്ലാവശങ്ങളിലും സ്വാധീനം ചെലുത്താൻ ശ്രമിച്ചുകൊണ്ടു വിരാജിക്കുന്ന, "സഭകളുടെ ലോകസമിതി" സജ്ജീകൃതമായിട്ടുള്ളതു്. സമിതിയുടെ അടിസ്ഥാനഭരണകൂടം, അംഗസഭകളുടെ ഔദ്യോഗികപ്രതിനിധികളടങ്ങുന്ന 'ജനറൽ അസംബ്ലി'യാണ്. സാധാരണ ആറുകൊല്ലത്തിൽ ഒരിക്കൽ സമ്മേളിക്കുകയും സമിതിയുടെ അതുവരെയുള്ള പ്രവർത്തനങ്ങളെ പരിശോധിക്കുകയും പുതിയ പുതിയ പ്രവർത്തനമണ്ഡലങ്ങൾ ചൂണ്ടിക്കാണിക്കുകയും മററുമാണ് ഈ ജനറൽ അസംബ്ളിയുടെ പതിവ്. ഓരോ സമ്മേളനത്തിലും അധ്യവസാനം ചെയ്യുവാൻ ഏതെങ്കിലുമൊരു വിഷയം ചർച്ചചെയ്യുക മറെറാരു പതിവായി തീർന്നിട്ടുണ്ടു്. ആറു പ്രസിഡൻറുമാരേയും ഒരു ജനറൽ സെക്രട്ടറിയേയും നൂറോളം അംഗസംഖ്യയുള്ള സെൻട്രൽകമ്മിററിയേയും തിരഞ്ഞെടുക്കയെന്നതു ജനറൽഅസംബ്ളിയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ചുമതലയാണ്; കാരണം, ഈ തിരഞ്ഞെടുപ്പാണ് അടുത്ത ജനറൽഅസംബ്ളിവരെയു

ള്ള സമിതിയുടെ ജീവിതത്തിന്ന് അടിസ്ഥാനമിടുന്നതു്.

ജനറൽഅസംബ്ളി തിരഞ്ഞെടുത്തു നിയമിക്കുന്ന "സെൻട്രൽ കമ്മിററി" ആണ്ടിൽ ഒരിക്കൽ സമ്മേളിച്ചു സമിതിയുടെ പ്രവർത്തനങ്ങളെ വിധിക്കുകയും ജനറൽ അസംബ്ളി അംഗീകരിച്ച പ്രവർത്തനപഥത്തിലൂടെ മുന്നേറുവാൻ സമിതിയെ ആവേശംകൊള്ളിക്കുകയും ചെയ്യുന്നു. സമിതിയുടെ പ്രവർത്തനത്തിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ, മിടുമിടുക്കരായ ഏതാനംപേരെ "എക്സിക്യൂട്ടീവു കമ്മിററി"യായി ഇവർ തിരഞ്ഞെടുക്കുന്നു. ഈ എക്സിക്യൂട്ടീവു കമ്മിററി ആണ്ടിൽ രണ്ടുപ്രാവശ്യം സമ്മേളിച്ചു്, സമിതിയുടെ സ്ഥിരഘടകങ്ങൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയും ഉയരേണ്ട പ്രവർത്തനമണ്ഡലങ്ങൾ ചൂണ്ടിക്കാണിക്കുകയും മററും ചെയ്യുന്നു.

സമിതിയുടെ പ്രവർത്തനങ്ങളെല്ലാംതന്നെ നിയന്ത്രിക്കുന്നതും നയിക്കുന്നതും ജനീവായിൽ സ്ഥാപിതമായിരിക്കുന്ന "ജനറൽ സെക്രട്ടേറിയററാ"ണു്. ജനറൽ അസംബ്ളി തിരഞ്ഞെടുക്കുന്ന ജനറൽസെക്രട്ടറിയും അദ്ദേഹം നിയമിക്കുന്ന സ്ഥിരം അസോഷ്യേററു ജനറൽ സെക്രട്ടറിമാരും അസിസ്റ്റൻറു സെക്രട്ടറിമാരും ഡിപ്പാർട്ടുമെൻറുകളുടെ തലവന്മാരുമാണു് ഈ സുസ്ഥിരഘടകത്തിൻെറ ജീവനാഡികൾ. ഓഫീസ് ജീവനക്കാരായി ജനീവയിലെ സെക്രട്ടേറിയററിൽത്തന്നെ 500-ലേറെ ശമ്പളക്കാരുണ്ടു്. സെക്രട്ടേറിയററിൻെറ പ്രവർത്തനങ്ങൾ

സുഗമമാക്കുവാൻ രണ്ടു ഉപസെക്രട്ടേറിയററുകൾ (ന്യൂയോർക്കിലും റങ്കൂണിലും) സ്ഥാപിതമായിട്ടുണ്ടു്. അവിടങ്ങളിലും നിരവധിപേർ അഹോരാത്രം പണിയെടുക്കുകയാണു ലോകവ്യാപകമായ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ.

സെക്രട്ടേറിയററ് അതിൻെറ പ്രവർത്തനങ്ങളെല്ലാം നിർവ്വഹിക്കുന്നതു വ്യക്തമായ നാലു ഡിപ്പാർട്ടുമെൻറുകളിലൂടെയത്രേ: എക്യുമേനിക്കൽപ്രവർത്തനങ്ങൾക്കായുള്ള ഡിപ്പാർട്ടുമെൻറ്, സഭകളുടെ പരസ്പരസഹകരണത്തിനും സഹായത്തിനുമായുള്ള ഡിപ്പാർട്ടുമെൻറ്, അഗാധമായ പഠനത്തിനായുള്ള ഡിപ്പാർട്ടുമെൻറ്, അഖിലലോകപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള ഡിപ്പാർട്ടുമെൻറ്. ഈ ഡിപ്പാർട്ടുമെൻറുകളോരോന്നും താന്താങ്ങളുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതു ധിരവധി ഉപസമിതികളിലൂടെയും കമ്മിററികളിലൂടെയും ഉപഡിപ്പാർട്ടുമെൻറുകളിലൂടെയും മററുമാണ്. അവയിൽ പ്രധാനപ്പെട്ടവയുടെ ഒരു സാമാന്യരൂപം അനുബന്ധം 6. നോക്കിയാൽ ലഭിക്കും.

## പ്രസിദ്ധീകരണങ്ങൾ

ലോകസമിതിയുടെ സമ്മേളനങ്ങളും കമ്മിററിമീററിംഗുകളുമെല്ലാം തങ്ങളുടെ നിഗമനങ്ങൾ അപ്പോളപ്പോൾ സ്വന്തമായി പ്രസിദ്ധീകരിക്കുന്നുണ്ടു്. മാത്രമല്ല, സെക്രട്ടേറിയററിൻെറ ഓരോ ഡിപ്പാർട്ടുമെൻറുകളും അവയുടെ ഉപസമിതികളും സ്വന്തമായി പല പ്രസി

ദ്ധീകരണങ്ങളും അടിച്ചിറക്കുന്നുമുണ്ടു്. എക്യുമെനിസ ത്തെ അടുത്തറിയുവാൻ അവയെല്ലാം അത്യന്താപേക്ഷി തമാണെന്നു് ആരും പറയുകയില്ല. എന്നാൽ, അഭിന വ എക്യുമെനിസത്തിൻെറ ജീവാത്മാവു നുകരുവാൻ അത്യന്താപേക്ഷിതങ്ങളായ നാലു പ്രസിദ്ധീകരണങ്ങ ളുണ്ടു്:

1) Ecumenical Review എന്ന ആധികാരിക പ്ര സിദ്ധീകരണം ജനീവയിലെ സെക്രട്ടേറിയററിൽനിന്നും ആണ്ടിൽ നാലു പ്രാവശ്യം പുറത്തുവരുന്ന ഒന്നാണു്. ജനറൽ സെക്രട്ടറിയായി ന്യൂഡൽഹി അസംബ്ളി തി രഞ്ഞെടുത്ത ഡോ. വിസേർട്സ് ഹൂഫ്ററി (Dr. Vis-sert's Hooft) ൻെറ പ്രധാന പത്രാധിപത്യത്തിലാണു് ഇതു് പ്രസിദ്ധീകരിക്കപ്പെടുന്നതു്.

2) The Ecumenical Press Service എന്നതു് ഒരു വാരികയത്രേ. ജനീവയിൽനിന്നും ന്യൂയോർക്കിൽ നിന്നും ഇതു പതിവായി എല്ലാ ആഴ്ചകളിലും മൂന്നു ഭാ ഷകളിൽ (ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ) പുറത്തുവരുന്നു. എക്യുമെനിസത്തെ സംബന്ധിക്കുന്ന വസ്തുനിഷ്ഠമായ വാർത്തകൾ വായനക്കാർക്കു വിതരണംചെയ്യുന്നതിൽ പ്ര ത്യേകം ശ്രദ്ധപതിക്കുന്ന ഒരു പ്രസിദ്ധീകരണമാണിതു്. ഇതിൻെറ പ്രധാനപത്രാധിപർ ഡോ. ഫിലിപ്പു മോറി (Dr. Philippe Maury) എന്നദേഹമാണു്.

3) The 'Bulletin' of the Study Division എ ന്ന പ്രസിദ്ധീകരണം ഇംഗ്ലീഷിലും ഫ്രഞ്ചിലും ആണ്ടിൽ രണ്ടുപ്രാവശ്യം വീതം പുറത്തുവരുന്നുണ്ടു്. ഐക്യത്തെ

സ്പർശിക്കുന്ന വിശ്വാസപരമായ പ്രശ്നങ്ങളെ പണ്ഡി തോചിതം കൈകാര്യം ചെയ്യുന്ന വളരെയധികം ലേഖ നങ്ങൾ ഈ പ്രസിദ്ധീകരണം ലോകത്തിനു കാഴ്ചവെച്ചു കൊണ്ടിരിക്കുന്നു.

4) 'Ecumenical Courier' എന്ന ദ്വൈമാസിക സമിതിയുടെ യു.എസ്.ഏ. യിലെ കോൺഫ്രൻസ് പ്ര സിദ്ധീകരിക്കുന്നതാണ്. എക്യുമെനിസത്തേയും സഭക ളുടെ ലോകസമിതിയുടെ പ്രവർത്തനങ്ങളേയും സെൻട്രൽ കമ്മിററിയുടെ ചർച്ചകളേയും മററും ലളിതഭാഷയിൽ ലോകത്തിനു നല്കുന്ന ഒരുത്തമ ദ്വൈമാസികമാണി തു്. ഇവ നാലും സമിതിയുടെ ഔദ്യോഗികപ്രസിദ്ധീക രണങ്ങളാണ്.

## സമിതിയുടെ പ്രവർത്തനങ്ങൾ

സഭകളുടെ ലോകസമിതി ഒരു അന്താരാഷ്ട്രീയ സംഘടനയാണ്. വളരെ വിപുലമായ ഒരു പ്രവർത്തനമ ണ്ഡലമാണ് അതിനുള്ളതു്. സഭകളുടെ ഐക്യത്തി നായി പ്രവർത്തിക്കുകയാണ് അതിൻെറ ആത്യന്തികല ക്ഷ്യം. ഈ ലക്ഷ്യം നേടിയെടുക്കുവാൻ സമിതി ശ്ര മിക്കുന്നതു്, ക്രൈസ്തവലോകത്തിൻെറ പൊതുപ്രശ്ന ങ്ങൾ പരിഹരിക്കുവാനായി സകലസഭകളുടേയും സ ഹകരണം നേടിയെടുത്തുകൊണ്ടും അക്രൈസ്തവലോക ത്തെ ക്രൈസ്തവമാക്കുവാനുള്ള ശ്രമത്തിൽ ശ്രദ്ധ കേന്ദ്രീ കരിച്ചുകൊണ്ടുമാണ്. അതുകൊണ്ടാണ് ആധുനിക ലോകത്തിൻെറ പ്രശ്നങ്ങളിലെല്ലാം സമിതി തലയിടുന്ന

ത്തും പ്രശ്നങ്ങൾക്ക ക്രിസ്തീയപരിഹാരം കണ്ടെത്താൻ ആവുന്നത്ര പരിശ്രമിക്കുന്നതും. അവയെല്ലാം വിവരിക്കുവാനോ സ്പർശിക്കുവാനോപോലും നമുക്കിവിടെ സാധിക്കുകയില്ല.

സമിതിയുടെ പരസ്നേഹപ്രവർത്തനങ്ങളിലേക്കു കണ്ണോടിച്ചാൽ ആദ്യം പ്രത്യക്ഷപ്പെടുന്നതു്, കഴിഞ്ഞ യുദ്ധത്തിലും അതിനുശേഷവും സംജാതമായിട്ടുള്ള അഭയാർത്ഥികളുടെ പ്രശ്നമാണു്. 1958-ലെ കണക്കുകളനുസരിച്ചു് 150,000 അഭയാർത്ഥികളുടെ സംരക്ഷണവും പുനരധിവാസവും മററും സമിതിയുടെ "സഭകൾ തമ്മിലുള്ള സഹായത്തിനും അഭയാർത്ഥികളുടെ സേവനത്തിനുമാ" യുള്ള ഡിപ്പാർട്ടുമെൻറു് സാധിക്കുകയുണ്ടായി. ഈ അഭയാർത്ഥിസംരക്ഷണം ഉൾക്കൊള്ളുന്ന പ്രശ്നങ്ങളാണു് അവർക്കാവശ്യകമായ ഭക്ഷണം, വസ്ത്രം, ഔഷധം ആത്മീയസേവനങ്ങൾ മുതലായവ. അവയെല്ലാം തൃപ്തികരമായി നേരിടുവാൻ സമിതിക്കു കഴിഞ്ഞു. 1959 മുതൽ 1960 വരെ ലോകം ആഘോഷിച്ച "അഭയാർത്ഥിവർഷ"ത്തിൻെറ പിന്നിൽ പ്രവർത്തിച്ച വൻശക്തിയും സമിതിയാണു്. ആ വർഷത്തിൽത്തന്നെ അഭയാർത്ഥികളുടെ സംരക്ഷണത്തിനായി സമിതി നിർവ്വഹിച്ച സേവനങ്ങൾ വളരെയാണു്. ഇനിയും, ദാരിദ്ര്യത്തെ നേരിടുവാൻ 150,000 ടൺ ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളുംമററും 50 രാഷ്ട്രങ്ങൾക്കു് അയച്ചുകൊടുക്കുവാൻ ഈ കാലഘട്ടത്തിൽ സമിതിക്കു സാധിച്ചു. മിഷനറിമാർക്കും മിഷൻസ്റ്റേഷനുകൾക്കും സമിതി നല്കി

യത്തും, നല്കിക്കൊണ്ടിരിക്കുന്നതുമായ സഹായസഹകരണങ്ങൾ വളരെയാണ്. അവയെല്ലാം വിവരിക്കുക ഇവിടെ അസാദ്ധ്യംതന്നെ.

ദേശം, ഭാഷ, നിറം, ജാതി ഇവയൊന്നും പരിഗണിക്കാതെ, യുവലോകത്തിനായി സമിതി നടത്തുന്ന എക്യുമേനിക്കൽ പ്രവർത്തകക്യാമ്പുകൾ അനുഷ്ഠിച്ചിട്ടുള്ള, അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന സേവനം അളക്കുവാനോ തൂക്കുവാനോ നിവൃത്തിയില്ല. 1958 ആയപ്പോഴേക്കും ഇത്തരം 260 പ്രവർത്തകക്യാമ്പുകളിലായി 57 രാജ്യങ്ങളിൽപ്പെട്ട 7000യുവാക്കൾക്കു് എക്യുമേനിക്കൽപരിശീലനം സിദ്ധിച്ചുകഴിഞ്ഞു. മാത്രമല്ല, സമിതി നല്കുന്ന സ്കോളർഷിപ്പുകൊണ്ടു് ആണ്ടിൽ 120 വിദ്യാർത്ഥികൾക്കു വിദേശങ്ങളിൽപോയി ദൈവശാസ്ത്രം പഠിക്കുവാൻ സാധിക്കുന്നുമുണ്ടു്. സമിതിയുടെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സ്വിററ്സർലണ്ടിൽ സ്ഥാപിതമായിരിക്കുന്ന "വിശ്രമകേന്ദ്രം"(Rest Centre)എല്ലാ ക്രൈസ്തവസഭകൾക്കുമായിട്ടുള്ളതാണു്. പരിക്ഷീണരായ പ്രേഷിതർക്കു വിശ്രമം നല്കുവാനുള്ള ഒരു പ്രസ്ഥാനംമാത്രമല്ല, ആവശ്യകമായ കേന്ദ്രങ്ങളിലേക്കു മരുന്നുകളും സമീകൃതാഹാരങ്ങളുംമററും എത്തിച്ചുകൊടുക്കുന്നതിനുള്ള ഒരു സംരംഭംക്രൂടിയാണിതു്.

### അംഗസംഖ്യ

സ്വതന്ത്രസഭകളാണു സമിതിയുടെ അംഗങ്ങൾ. കാരണം, സ്വതന്ത്രസഭകളുടെ ഒരു സ്വതന്ത്രസംഘടന

യാണു സമിതി. 1948-ൽ ആംസ്റ്റർഡാമിൽവെച്ചു സമിതി രൂപമെടുത്തപ്പോൾ 147 സ്വതന്ത്രസഭകൾ അംഗങ്ങളായുണ്ടായിരുന്നു. ജീവിത—പ്രവർത്തനപ്രസ്ഥാനത്തിൻേറയും വിശ്വാസ-ഭരണപ്രസ്ഥാനത്തിൻേറയും അംഗങ്ങളായിരുന്നു അവരെല്ലാം. സമിതിയുടെ രണ്ടാം സമ്മേളനം 1954-ൽ ഇവാൻസ്റ്റൺനഗരത്തിൽ ചേൎന്നപ്പോൾ സമിതിയുടെ അംഗസംഖ്യ 163 ആയി ഉയരുകയുണ്ടായി. ന്യൂഡൽഹിഅസംബ്ളിയിൽ പങ്കെടുക്കുവാൻ സമിതിക്കു 175 അംഗസഭകളുണ്ടായിരുന്നു. 23 സഭകളുടെ അംഗത്വത്തിനായുള്ള അപേക്ഷകൾ ന്യൂഡൽഹിസമ്മേളനം അംഗീകരിക്കുകയുണ്ടായി. അങ്ങനെ, 1962-ൽ സമിതി ഔദ്യോഗികമായി പുറപ്പെടുവിച്ചകണക്കുകളനുസരിച്ചു 202 സഭകൾ സമിതിയുടെ അംഗങ്ങളായി കഴിഞ്ഞിരുന്നു. 1966 ഫെബ്രുവരിയിൽ അതു് 214 ആയി ഉയർന്നിട്ടുണ്ടു്.

## നാലാം ജനറൽ അസംബ്ളി

1966 ഫെബ്രുവരി 8-ാം തീയതി സമ്മേളിച്ച സെൻട്രൽ കമ്മിററിയോഗം രണ്ടു സുപ്രധാനകാര്യങ്ങൾ നിൎവ്വഹിക്കുകയുണ്ടായി. 1) അനാരോഗ്യപരമായ കാരണത്താൽ സ്ഥാനത്യാഗംചെയ്ത ജനറൽസെക്രട്ടറി ഹ്യൂഫ്ററിനു (Dr. Vissrit Hooft) പകരം സമൎത്ഥനും പരിചയസമ്പന്നനുമായ ഡോ. ബ്ളെയിക്കി (Dr. Eugene Carson Blake) നെ തിരഞ്ഞെടുത്തു; 2) സമിതിയുടെ നാലാം ജനറൽ അസംബ്ളി 1968 ജൂലൈമാസ

ത്തിൽ സമ്മേളിക്കണമെന്നു തീരുമാനിച്ചു. മാത്രമല്ല, നാലാം ജനറൽ അസംബ്ളി, ജീവിത-പ്രവർത്തനപ്രസ്ഥാനത്തിൻെറ ജനയിതാവായ ആർച്ചുബിഷപ്പു നാത്താൻ സൊഡെർബ്ളോമിൻെറ രൂപതയിൽ, അദ്ദേഹത്തിൻെറ ആസ്ഥാനമായിരുന്ന ഉപ്സാല (Upsala) നഗരത്തിൽ സമ്മേളിക്കണമെന്നും അംഗസഭകളിൽനിന്ന് ഔദ്യോഗികപ്രതിനിധികളായി 756-പേർ സംബന്ധിക്കണമെന്നും പണ്ഡിതന്മാർ, ഔദ്യോഗികസന്ദർശകർ, ഉദ്യോഗസ്ഥന്മാർ, സംഘടനാപ്രതിനിധികൾ തുടങ്ങിയവർ ഏകദേശം 600 പേരോളം വരുമെന്നും മററും തീരുമാനിച്ചതും ഈ മീററിംഗിൽവച്ചാണ്.

"ഇതാ ഞാൻ സർവ്വവും നവീകരിക്കുന്നു" എന്ന വെളിപാടിലെ വാചകത്തെപ്പററിയായിരിക്കും അസംബ്ളിയുടെ പ്രധാന ചർച്ച. ഇന്നത്തെ ലോകത്തിൽ ക്രൈസ്തവസഭകൾക്ക് അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന മററു് ആറു പ്രശ്നങ്ങളെ സംബന്ധിച്ചും പഠനങ്ങൾ നടത്തി ചർച്ചാവിഷയം തയ്യാറാക്കുവാൻ കമ്മിററികൾ രൂപീകൃതമായിട്ടുണ്ട്. ഇത്തവണത്തെ ജനറൽ അസംബ്ളിയിൽ കത്തോലിക്കർ ഔദ്യോഗികസന്ദർശകരായിമാത്രമല്ല വിദഗ്ദ്ധന്മാരായികൂടെ പ്രതിനിധാനം ചെയ്യപ്പെടുന്നതാണ്. ഇതുവരെ നടന്നിട്ടുള്ള അസംബ്ളികളെക്കാളെല്ലാം വളരെ വലുതും ഏററം പ്രാധാന്യമർഹിക്കുന്നതുമായിരിക്കും ഈ സമ്മേളനമെന്നു പ്രഖ്യാതമായിട്ടുണ്ട്. അതിനുള്ള ഒരുക്കങ്ങളെല്ലാം ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഔദ്യോ

ഗികപ്രതിനിധികളുടെ എണ്ണം സഭാസമൂഹങ്ങളെ അടിസ്ഥാനമാക്കി ഏകദേശം ഇപ്രകാരമായിരിക്കും: ആംഗ്ലിക്കൻസഭകൾ 80, ബാപ്റ്ററിസ്ററുസഭകൾ 38, കോൺഗ്രിഗേഷൻസഭകൾ 27, ക്രിസ്തുവിൻെറ ശിഷ്യന്മാരുടെ സഭകൾ 14, ലൂതറൻസഭകൾ 122, മെത്തോഡിസ്ററുസഭകൾ 83, പഴയ കത്തോലിക്കസഭകൾ 6, ഓർത്തഡോക്സ്സഭകൾ 35, റിഫോംഡ്സഭകൾ 123, ഐക്യസഭകൾ 64, മററുസഭകൾ 38.

## അന്തർദ്ദേശീയ ക്രിസ്തീയസഭാസമിതി

(International Council of Christian Churches).

സഭകളുടെ ലോകസമിതിയോടു പരസ്യമായി വിയോജിച്ചുനിന്നുകൊണ്ടു ക്രൈസ്തവസഭൈക്യത്തിനായി പ്രവർത്തിക്കുന്ന മററുസംഘടനകളുമുണ്ടു്. അവയിൽ ഏററവും പ്രധാനപ്പെട്ട സംഘടനയാണു് "അന്തർദ്ദേശീയ ക്രിസ്തീയസഭാസമിതി." പ്രസ്ബിറേററിയൻസഭയിൽനിന്നു ബഹിഷ്കൃതനായ ഡോ. മാർക്കെൻെറൻ എന്ന വൈദികൻെറ പ്രവർത്തനഫലമായാണു് ഈ സംഘടന സ്ഥാപിതമായതു്. 1948-ൽമാത്രമാണു് ഈ സംഘടന രംഗപ്രവേശനം ചെയ്തതെങ്കിലും ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അത്ഭുതകരമായ വളർച്ച ഇതിനുണ്ടായിട്ടുണ്ടു്. നിരവധി അന്തർദ്ദേശീയ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനു് ഇവർക്കു കഴിഞ്ഞിട്ടുണ്ടു്. അവസരം ലഭിക്കുമ്പോഴെല്ലാം സഭകളുടെ ലോകസമിതിയെ എതിർക്കുക എന്നൊരു പദ്ധതിയാണു് ഇവർ

പിൻചെല്ലുന്നതു്. സഭകളുടെ ലോകസമിതി ഐക്യത്തിന്റെ പേരിൽ വിശ്വാസസത്യങ്ങളെ കൂട്ടിക്കുഴയ്ക്കുന്നു; പ്രാദേശികസഭകളുടെ സ്വാതന്ത്ര്യം നശിപ്പിക്കുന്നു; ക്ലെരിക്കലിസത്തിൽ അവസാനിക്കുന്ന റോമൻ കത്തോലിക്കാസഭയുടെ മാതൃകയിലുള്ള ഒരു ഐക്യം സംജാതമാക്കാൻ ശ്രമിക്കുന്നു; കമ്മ്യൂണിസത്തേയും മോഡേണിസത്തേയുമെല്ലാം അനുകൂലിക്കുകയും വളരുവാൻ അനുവദിക്കുകയും ചെയ്യുന്നു; റോമാസഭയോടും റഷ്യാക്കാരോടും സ്നേഹബന്ധത്തിൽ കഴിയുവാൻ ആഗ്രഹിക്കുന്നു; ബൈബിൾകൂടാതെ മററു പലതും വിശ്വാസത്തിന്റെ മാനദണ്ഡമായി അംഗീകരിക്കുന്നു; ഇവയെല്ലാമാണു ലോകസമിതിക്കെതിരായി ഇവർ കൊണ്ടുവരുന്ന ആരോപണങ്ങൾ.

1961 വരെയുള്ള കണക്കുകളനുസരിച്ചു് 63 സഭകൾ ഈ സംഘടനയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ടു്. കേരളത്തിലെ സെൻതോമസ് ഇവാൻഞ്ചെലിക്കൽ സഭയും ഈ അടുത്തകാലത്തു് ഇതിൽ ചേരുകയുണ്ടായി. വിശ്വാസൈക്യത്തിന്റെ അടിസ്ഥാനത്തിലാണു് ഈ സംഘടനയിൽ അംഗങ്ങളെ സ്വീകരിക്കുക. സംഘടനയുടെ വിശ്വാസപ്രധാനങ്ങളായ പത്തു കാര്യങ്ങൾ അംഗസഭകളെല്ലാം സ്വീകരിക്കണമെന്നു നിർബന്ധമുണ്ടു്: 1) വേദപുസ്തകം ദൈവനിവേശിതമായ, തെററുപററാൻ പാടില്ലാത്ത ദൈവവചനമാണു്. 2) ഈ വേദപുസ്തകംമാത്രമാണു ക്രിസ്തീയവിശ്വാസത്തിന്റെ ഏക അടിസ്ഥാനപ്രമാണം. 3) ത്രിത്വത്തിൽ പിതാവു്,

പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ വ്യക്തരായ മൂന്നു വ്യക്തികളുണ്ട്. 4) യേശുക്രിസ്തു പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമാണ്. 5) അവിടുന്നു കന്യകാമറിയത്തിൽനിന്നു ജനിക്കുകയും മനുഷ്യരുടെ പാപപരിഹാരാർത്ഥം കുരിശിൽ തൂങ്ങി മരിക്കുകയും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയുംചെയ്തു. 6) ശക്തിപ്രഭാവത്തോടുകൂടി അവിടുന്നു രണ്ടാമതും വരുന്നതാണ്. 7) പാപത്തിൽ വീണതിന്റെ ഫലമായി മനുഷ്യനു ദൈവാനുഗ്രഹം നഷ്ടമായി. 8) യേശുനാഥന്റെ കൃപയാൽ, സ്വന്തം പ്രവൃത്തികൾകൊണ്ടല്ല, മനുഷ്യനു രക്ഷ ലഭിക്കുന്നു. 9) ഈ രക്ഷ പ്രാപിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. 10) രക്ഷിക്കപ്പെടുന്നവർ നിത്യാനന്ദവും ശിക്ഷിക്കപ്പെടുന്നവർ നിത്യദുരിതവും അനുഭവിക്കുന്നു.

ഏകദേശം 35 സഭകളുടെ അംഗത്വമുള്ള, 4800-ൽ പരം മിഷനറിമാർക്കു ലോകത്തിന്റെ നാനാഭാഗങ്ങളിലായി സഹായം എത്തിച്ചുകൊടുക്കുന്ന "വടക്കേ അമേരിക്കയിലെ വിദേശമിഷനുകളുടെ അന്തർദ്ദേശീയസംഘടന (The International Foreign Missions Association of North America)"യും 4400 മിഷനറിമാരെ സഹായിക്കുകയും അവരുടെ പ്രവർത്തനങ്ങളെ വിജയിപ്പിക്കുവാൻ ആവശ്യകമായ ധനസഹായവും ആൾസഹായവുമെല്ലാം എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന "എവഞ്ചേലിക്കൽ ദേശീയസംഘടനയുടെ വിദേശമിഷൻ എവഞ്ചേലിക്കൽ അസോസിയേഷ (The Evan-

gelical Foreign Mission Association of the National Association of Evangelicals)"നും ആയിരത്തിലേറെ മിഷൻസ്റ്റേഷനുകൾ നടത്തിവരുന്ന "ദക്ഷിണ ബാപ്റ്റിസ്റ്റ് കൺവെൻഷ (The Southern Baptist Convention)"നും ഏകദേശം 500 ഓളം മിഷനറിമാരെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന "പുതിയ ജാതികളുടെ മിഷ (The New Tribes Mission)"നും സഭകളുടെ ലോകസമിതിയുമായി യാതൊരു ബന്ധവുമില്ലാതെ സഭൈക്യത്തിനായി പരിശ്രമിക്കുന്ന സംഘടനകളാണ്.

## സഭൈക്യങ്ങൾ

എഡിൻബർഗിൽ ആരംഭിച്ച അഭിനവ എക്യുമെനിസം നിരവധി സഭൈക്യങ്ങൾക്ക പ്രചോദനം നല്കിക്കൊണ്ടിരിക്കയാണ്: 1910-മുതൽ 1952 വരെയുള്ള കണക്കുകളനുസരിച്ച്, ഭരണപരമായ 34 പരിപൂർണ്ണൈക്യങ്ങ (Full organic union) ളും ആരാധനക്രമപരമായ (Intercommunion baisis) രണ്ടു പൂർണ്ണ ഐക്യങ്ങളും നാലു അപൂർണ്ണ ഐക്യങ്ങളും 23 ഫെഡറൽ ഐക്യങ്ങളും നടക്കുകയുണ്ടായി; 28 ഓളം ഐക്യങ്ങൾ രൂപംകൊള്ളുന്നുമുണ്ടായിരുന്നു. ഇവയുടെയെല്ലാം വിശദമായ രൂപം "എക്യുമെനിക്കൽ പ്രസ്ഥാനത്തിൻെറ ചരിത്രം" എന്ന ഗ്രന്ഥത്തിൽ അറുപതിൽപരം പേജുകളിലായി വിവരിച്ചിട്ടുണ്ട്.

അങ്ങനെ, ഇന്നുവരെ നടന്നിട്ടുള്ള സഭൈക്യങ്ങൾ നിരവധിയാണ്. അവയിലെല്ലാംവെച്ച്, സമുന്നതവും

അനുകരണീയവുമായ സഭൈക്യം "ദക്ഷിണേന്ത്യൻസഭ"യാണെന്നത്രേ സകലരുടേയും അഭിപ്രായം. കാരണം, വിശ്വാസത്തിലോ ഭരണക്രമത്തിലോ യാതൊരു യോജിപ്പുമില്ലാത്ത വിവിധസഭകൾചേർന്നു്, വിശ്വാസത്തിലും ഭരണക്രമത്തിലുമെല്ലാം പരിപൂർണ്ണ ഐക്യമുള്ള ഒരു നവീന സഭയുടെ സൃഷ്ടിയാണു നാം ദക്ഷിണേന്ത്യൻസഭയിൽ കാണുക. അനേകവർഷത്തെ നിരന്തരമായ സംയുക്ത ചർച്ചായോഗങ്ങളുടേയും പഠനത്തിന്റേയും പ്രാർത്ഥനയുടേയും ഫലമാണു് ഈ സഭ. 1908-ൽ ദക്ഷിണേന്ത്യയിലെ കോൺഗ്രിഗേഷണൽസഭകളും പ്രസ്ബിറേററിയൻ മിഷൻസ്റ്റേഷനുകളും ചേർന്നു രൂപംകൊടുക്കുന്ന "ദക്ഷിണേന്ത്യയിലെ ഐക്യസഭ (South India United Church)"യാണു് ഈ പുതിയ സഭയുടെ അടിസ്ഥാനപ്രസ്ഥാനം. ദക്ഷിണേൻന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആംഗ്ലിക്കൻമിഷനറിമാരും ആംഗ്ലിക്കൻ രൂപതകളും ഈ ഐക്യസഭയോടു യോജിക്കുവാനും അങ്ങനെ ഒരു പുതിയ സഭ രൂപപ്പെടുത്തുവാനും മുന്നോട്ടുവന്നു. മൈസൂർ, ഹൈദ്രാബാദു്, നാഗപട്ടണം, തൃശ്ശിനാപ്പള്ളി, മദ്രാസു് എന്നിവിടങ്ങളിൽ ആസ്ഥാനമുറപ്പിച്ചിരുന്ന മെത്തോഡിസ്ററുസഭയും ഈ പരിശ്രമത്തിൽ സഹകരിച്ചു. മുപ്പതുകൊല്ലത്തെ പഠനങ്ങൾക്കും ചർച്ചായോഗങ്ങൾക്കുംശേഷം 1947 സെപ്ററംബർ 27-ാം തീയതി മദ്രാസിലെ സെൻ ജോർജ്ജു് ക

തീദ്രലിൽവെച്ചു "ദക്ഷിണേൻഡ്യൻസഭ" ഉൽഘാടനം ചെയ്യപ്പെട്ടു.

യേശുക്രിസ്തു ദൈവമാണെന്നും അവിടന്നു തൻെറ കുരിശുമരണത്താൽ മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു രക്ഷിച്ചെന്നും രക്ഷയ്ക്കു് ആവശ്യകമായ സർവ്വതും വിശുദ്ധ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നെന്നും അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണവും നിക്യാവിശ്വാസപ്രമാണവും രക്ഷയ്ക്കു് ആവശ്യകമായ വിശ്വാസത്തെ വ്യക്തമാക്കുന്നുണ്ടെന്നും കർത്താവിൻെറ അത്താഴവും അവിടന്നു സ്ഥാപിച്ച മാമ്മോദീസായും വരപ്രസാദത്തിൻെറ ചാലുകളായ കൂദാശകളാണെന്നും മററുമുള്ള വിശ്വാസസത്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഭരണഘടനയുണ്ടു്, ഈ സഭയ്ക്കു്. മൂന്നു മെത്രാന്മാർ ചേർന്നു കൈവെപ്പു നടത്തി വാഴിക്കുന്ന മെത്രാനാണു രൂപതയുടെ ഭരണാധിപൻ. അദ്ദേഹം തൻെറ പ്രസ്ബിറേറഴ്സിനോടൊത്തു കൈവെപ്പു നടത്തിയാണു വൈദികർക്കു പട്ടം കൊടുക്കുന്നതു്. ഇപ്രകാരമുള്ള ഭരണക്രമത്തിൽ മുന്നോട്ടുപോകുവാൻ കോൺഗ്രിഗേഷണലിസ്ററുകൾക്കും പ്രസ്ബിറേററിയൻസിനും ആംഗ്ലിക്കൻസിനും മെത്തോഡിസ്ററുകൾക്കുമെല്ലാം സാധിക്കുന്നു. കാലക്രമത്തിൽ ഭിന്നതകളെല്ലാം നിശ്ശേഷം അവസാനിക്കുകയും "ദക്ഷിണേൻഡ്യൻസഭ" ഐക്യസഭകൾക്കെല്ലാം മാതൃകയായി പ്രശോഭിക്കുകയും ചെയ്യും. മററു പ്രോട്ടസ്റ്റൻറുസഭകളേയും ഈ ഐക്യസഭയിൽ ഉൾപ്പെടുത്തുവാൻ, അങ്ങനെ ദ

ക്ഷിണേൻഡ്യയിലെ ക്രൈസ്തവസഭകളെ മുഴുവൻ ഐക്യപ്പെടുത്തുവാൻ തുടർന്നു ശ്രമം നടക്കുന്നുണ്ട്.

ഈ മാതൃകയിലുള്ള സഭൈക്യങ്ങൾ നേടിയെടുക്കുവാൻ പലഭാഗങ്ങളിലും ഇന്നു ശ്രമങ്ങൾ നടക്കുന്നുണ്ട്. അമേരിക്കയിലും കാനഡായിലും ഇവയിൽ ചിലതു വിജയിച്ചിട്ടുമുണ്ട്. "ഉത്തരേൻഡ്യൻസഭ"യും ഇതേമാതൃകയിലാണു രൂപം കൊടുത്തിട്ടുള്ളതു്. സഭകളുടെ ലോകസമിതിയുടെ പ്രത്യേകപരിചരണവും സഹായസഹകരണവും ഇത്തരം ഐക്യസംരംഭങ്ങൾക്കു് ഏററമധികം ലഭിക്കുന്നുണ്ട്.

# IV

# യോഹന്നാൻപാപ്പായും വത്തിക്കാൻസൂനഹദോസും

## 1. യോഹന്നാൻപാപ്പാ

വലിയ ഒച്ചപ്പാടൊന്നും കൂടാതെയാണ് "ആഞ്ചലോ റൊങ്കാളി" ജോൺ 23-ാമൻ എന്ന പേരിൽ പത്രോസിൻെറ പടവിനെ നയിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടതു്. മാത്രമല്ല, എഴുപത്തിയേഴുകാരനായ ഈ പുതിയ പാപ്പായിൽനിന്നു വലുതായൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്നും അന്നു് എല്ലാവരും വിചാരിച്ചു. പ്രഗത്ഭനായ പന്ത്രണ്ടാം പീയൂസിനെ പിൻതുടരുവാൻ ഒരുവിധത്തിലും പ്രസിദ്ധനല്ലായിരുന്ന ഇദ്ദേഹത്തെ തിരഞ്ഞെടുത്തതിൽ പലർക്കും നിരാശയാണു് അനുഭവപ്പെട്ടതു്. ശരിയാണു്, പന്ത്രണ്ടാംപീയൂസിൻേറതിനോടു കിടപിടിക്കത്തക്ക പരപ്പേറിയ വിജ്ഞാനമോ

പിടിച്ചു കുലുക്കുന്ന വ്യക്തിപ്രഭാവമോ ഒന്നും ജോൺ പാപ്പാ[illegible]് ഇല്ലായിരുന്നു. അദ്ദേഹത്തിനു് ആകെക്കൂടി ഉണ്ടായിരു[illegible]ന്നതു വിശപ്പത്തോളം വിശാലമായ ഒരു ഹൃദയവും അതു നിറയെ സ്നേഹവുമാണു്. അതുകൊണ്ടുമാത്രമാണു് അദ്ദേഹമിന്നു് അവിസ്മരണീയനും അതിപ്രസിദ്ധനുമായിട്ടുള്ളതു്.

അദ്ദേഹത്തിന്റെ വിജ്ഞാനമണ്ഡലത്തിലേക്കു കടന്നാൽ സഭാചരിത്രത്തിലുള്ള അഗാധമായ ജ്ഞാനമാണു പ്രഥമസ്ഥാനത്തു പ്രശോഭിക്കുന്നതു്. ജോൺ 23-ാമൻ എന്ന നാമം സ്വീകരിച്ചതിൽത്തന്നെ ചരിത്രപാണ്ഡിത്യത്തിന്റെ ഒരു പ്രതിസ്ഫുരണമുണ്ടു്. ഈ ചരിത്രജ്ഞാനവും ടർക്കിയുടേയും ഗ്രീസിന്റേയും പേപ്പൽ പ്രതിനിധിയായി ചിലവഴിച്ച പത്തുകൊല്ലത്തെ വിലയേറിയ അനുഭവജ്ഞാനവും ഒന്നിച്ചിണങ്ങിയതിന്റെ ഫലമായാണു സഭൈക്യപ്രസ്ഥാനത്തിന്റെ ഏററവും വലിയ പ്രണേതാവായി ജോൺ 23-ാമൻ പ്രശോഭിച്ചതു്. സഭൈക്യത്തിനായുള്ള തന്റെ ഏററവും വലിയ അഭിലാഷം കൊൺക്ലേവു ഹാളിൽനിന്നു പുറത്തിറങ്ങുന്നതിനുമുമ്പുതന്നെ അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. അതുതന്നെയാണു ലോകത്തിനു് അദ്ദേഹം നല്കിയ പ്രഥമ റേഡിയോ പ്രഭാഷണത്തിലും മുഴങ്ങിക്കേട്ടതു്: "...നാം ഏററമധികം അഭിലഷിക്കുന്ന ഒന്നുണ്ടു്—പിതൃഭവനത്തിലേക്കുള്ള സകലരുടേയും തിരിച്ചുവരവു്. ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു്, മുററിയ അഭിലാഷത്തോടെ നാം അവരോടു യാചിക്കുക

യാണു്, തിരിച്ചുവരുവാൻ...അപരിചിതമായ ഒരന്യ ഭവനത്തിലേക്കല്ല പിന്നെയോ, സ്വന്തം പിതൃഭവനത്തിലേക്കത്രേ അവർ തിരിച്ചു വരുക...."*

കിരീടധാരണാവസരത്തിൽ ജോൺപാപ്പാ വ്യക്തമാക്കി, സഭകളുടെ ഐക്യമാണു തന്റെ ഭരണോദ്ദേശ്യമെന്നു്; അതിനുള്ള മാർഗ്ഗമായി താൻ തിരഞ്ഞെടുത്തിരിക്കുന്നതു കത്തോലിക്കാസഭയുടെ നവീകരണമാണെന്നു്. കർദ്ദിനാളന്മാരോടുള്ള പ്രഥമ പ്രഭാഷണത്തിലും ഇതുതന്നെ തെളിഞ്ഞു കാണാം. മൂന്നുമാസം കഴിഞ്ഞില്ലാ, ഒരു സാർവ്വത്രികസൂനഹദോസു വിളിച്ചുകൂട്ടാനുള്ള തന്റെ ആഗ്രഹം പാപ്പാ പ്രഖ്യാപിച്ചു. ലോകത്തെ മുഴുവൻ അത്ഭുതസ്തബ്ധമാക്കി, അതു്. ഈ പ്രഖ്യാപനം നടത്തിയതോ, ഐക്യവാരപ്രാർത്ഥനയുടെ അവസാനകർമ്മങ്ങളിൽ പങ്കെടുത്തുകൊണ്ടു്; അതായതു്, 1959 ജനുവരി 25-ാം തീയതി. ചിന്തകന്മാരും പണ്ഡിതന്മാരുമെല്ലാം ഊഹിക്കുവാൻ തുടങ്ങി, ഫ്ളോറൻസിലേയും ലയൺസിലേയും മററും സൂനഹദോസുപോലുള്ള ഒരു ഐക്യസൂനഹദോസായിരിക്കണം ജോൺ പാപ്പായുടെ അഭിലാഷമെന്നു്. വത്തിക്കാൻ പ്രസ്സ് സർവീസ് ഇതേക്കുറിച്ചു പുറപ്പെടുവിച്ച റിപ്പോർട്ടും ഈ ഊഹത്തിനു പിൻബലം നല്കി: "ഇന്നു ലോകം മുഴുവനിലും അനേകമാത്മാക്കൾ ആഗ്രഹിക്കുന്ന ഐക്യം കണ്ടെത്തുവാൻ അകത്തോലിക്കാസഹോദരങ്ങളെ ക്ഷണിക്കുന്ന

---

* CLERGY MONTHLY, Aug. '63, p. 252.

തിനുവേണ്ടിക്കൂടിയാണു പരിശുദ്ധ പിതാവു സാർവ്വത്രി കസൂനഹദോസു വിളിച്ചുകൂട്ടാൻ അഭിലഷിക്കുന്നതു്..."

പക്ഷേ, രണ്ടാംവത്തിക്കാൻ സൂനഹദോസു ഫ്ളോറൻസിലേയും ലയൺസിലേയും സൂനഹദോസു പോലായിരിക്കുകയില്ലെന്നു പാപ്പാ ഏറെത്താമസി യാതെ വെളിപ്പെടുത്തി. താൻ വിഭാവനചെയ്യുന്ന സൂന ഹദോസു കത്തോലിക്കസഭയുടെ നവീകരണത്തിനാണെ ന്നു് അവിടന്നു് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. നവീ കരണത്തിൻെറ പേരിൽ നിലവിൽ വന്നിട്ടുള്ള സഭാ വിഭജനങ്ങളെയെല്ലാം പരിഹരിക്കണമെങ്കിൽ കത്തോ ലിക്കസഭയിൽ സർവ്വംസ്പർശിയായ ഒരു നവീകരണം അത്യന്താപേക്ഷിതമാണെന്നു് അവിടന്നു ഗ്രഹിച്ചിരു ന്നു. അതുകൊണ്ടാണു്, 1959 മേയ് 17-ാം തീയതി പന്തക്കുസ്താഞായറാഴ്ചയുടെ വേസ്പരയിൽ സംബന്ധിക്ക വേ തിരുമേനി ജനങ്ങളോടു പറഞ്ഞതു്, "ക്രിസ്തുവിൻെറ സഭകൾ ഒന്നിക്കുവാനുള്ള മാർഗ്ഗം മാർദ്ദവമാക്കുകയാണു് ഈ സൂനഹദോസിൻെറ ലക്ഷ്യ"മെന്നു്. ജൂൺമാസ ത്തിൽ തന്നെ സന്ദർശിച്ച അംഗ്ലിക്കൻസഭക്കാരനായ കാനൻ റി (Canon Rea) യോടു് അവിടന്നു പറഞ്ഞു: "പുനരൈക്യത്തിനായുള്ള പ്രവർത്തനത്തിനു് അത്യന്താ പേക്ഷിതമായി കരുതേണ്ടവ, ഒന്നാമതായി, ശാന്തത യും ഹൃദയവിശാലതയുമാണു്. രണ്ടാമതായി, ക്ഷമയും ദൈവത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തെ പാർത്തി രിക്കേണ്ടതു് എപ്രകാരമെന്നുള്ള അറിവുമാണു്. മൂന്നാ മതായി, പരസ്പരം യോജിക്കുവാൻ പററാത്ത സംഗതി

കളെ തല്ക്കാലം മാററിവെക്കുന്നതും ഉപവവിയെന്ന പുണ്യത്തെ തകർക്കുന്ന് സംരംഭങ്ങളിൽനിന്നു് ഒഴിഞ്ഞുമാറുന്നതുമാണു്."*

1959 ജൂൺ 20-ാം തീയതി സഭൈക്യത്തെ പ്രതിപാദിക്കുന്ന ഒരു ചാക്രികലേഖനം പുറത്തുവന്നു. ക്രിസ്തുവിൻെറ 'ഐക്യപ്രാർത്ഥന'യുടെ അർത്ഥം വ്യക്തമാക്കുക, അകത്തോലിക്കരുടെ ഐക്യാഭിലാഷത്തേയും പ്രവർത്തനങ്ങളേയും മുക്തകണ്ഠം പ്രശംസിക്കുക, ഐക്യത്തിനായി പ്രാർത്ഥിക്കുന്നതിൻെറ ആവശ്യകത സകലരേയും ബോധ്യപ്പെടുത്തുക തുടങ്ങിയവയാണു പ്രസ്തുത ചാക്രികലേഖനത്തിൻെറ ലക്ഷ്യങ്ങൾ. അകത്തോലികരോടായി അവിടുന്നു പറയുകയാണു്: "നിങ്ങളോടുള്ള വാത്സല്യം പ്രകടിപ്പിക്കുവാൻ, നിങ്ങളെ 'മക്കളേ' എന്നു സംബോധന ചെയ്യുവാൻ നമ്മെ അനുവദിക്കുക... ഞങ്ങളിൽനിന്നു വേർപെട്ടു നില്ക്കുന്നവരാണെങ്കിലും നാം നിങ്ങളെ സഹോദരങ്ങളെന്നു വിളിക്കുകയാണു്. ആഗുസ്തീനോസ് പറയുന്നതുപോലെ, 'അവർ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അവർ നമ്മുടെ സഹോദരങ്ങളാണു്. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന അവർ ചൊല്ലാതാകുമ്പോൾമാത്രമേ അവർ നമ്മുടെ സഹോദരങ്ങളല്ലാതാകുകയുള്ളൂ.''' "Ad Petri Cathedram" എ

* BERNARD LEEMING, S. J. *The Vatican Council and Christian Unity*, Darton, Longman and Todd, London, 1966, p. 259.

ന്നുതുടങ്ങുന്ന പ്രസ്തുത ചാക്രികലേഖനത്തിലെ ഏതാനും വാക്കുകളാണിവ.

സൂനഹദോസിനെപ്പററി പ്രതിപാദിച്ചുകൊണ്ടു ചാക്രികലേഖനം തുടരുന്നു: "ക്രിസ്തുനാഥൻ തൻെറ സ്വർഗ്ഗീയപിതാവിനോടു ഹൃദയമുരുകി അപേക്ഷിച്ച ആ ഐക്യം അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും നമ്മിൽനിന്നു വേർപെട്ടു നില്ക്കുന്നവരോടുള്ള ഒരു സസ്നേഹക്ഷണമായിരിക്കും ഈ സമ്മേളനമെന്നു നാം പ്രത്യാശിക്കുന്നു...ക്രിസ്ത്യാനി എന്ന പേരു ധരിച്ചിട്ടുള്ളവരും എന്നാൽ, പരിശുദ്ധ സിംഹാസനത്തിൽനിന്നു വേർപെട്ടു നില്ക്കുന്നവരുമായ സഹോദരങ്ങൾ നല്ല ഇടയൻെറ ശബ്ദം ശ്രവിക്കുന്നതിനും അങ്ങനെ ക്രിസ്തുവിൻെറ ഏകസഭയെ സമാശ്ലേഷിക്കുന്നതിനുമുള്ള പ്രത്യാശ ഇതു നമുക്കു നല്കുന്നു."

ഈ സൂനഹദോസ് ഒരു ഐക്യസൂനഹദോസല്ലെങ്കിലും അതിൻെറ പ്രവർത്തനങ്ങളിലും ഫലങ്ങളിലും അകത്തോലിക്കരും ഭാഗഭാക്കുകളാകണമെന്നു പാപ്പാ അഭിലഷിച്ചു. ആയതിനാൽ, അകത്തോലിക്കലോകത്തെ കൗൺസിലുമായി ബന്ധിക്കുക, അവരുടേയും അഭിമതങ്ങൾ കൗൺസിലിൻെറ ശ്രദ്ധയിൽപ്പെടുത്തുക, കൗൺസിലിൻെറ പുരോഗതിയും പഠനങ്ങളും ഔദ്യോഗികമായി അവരെ അറിയിക്കുക, ഔദ്യോഗിക സന്ദർശകർക്കും നിരീക്ഷകർക്കും വേണ്ട സൗകര്യങ്ങളെല്ലാം ചെയ്തുകൊടുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി, സമർത്ഥനും പണ്ഡിതനുമായ കർദ്ദിനാൾ അഗസ്റ്റിൻ ബെയായുടെ

നേതൃത്വത്തിൽ "ഐക്യസെക്രട്ടേറിയററ്" സ്ഥാപിച്ചുകൊണ്ടു മാർപ്പാപ്പാ പ്രസ്താവിച്ചു: "ക്രിസ്ത്യാനിയെന്ന നാമധേയം വഹിക്കുകയും എന്നാൽ ഈ അപ്പസ്തോലികസിംഹാസനത്തിൽ നിന്നു വേർപെട്ടുനില്ക്കുകയും ചെയ്യുന്നവർക്കായുള്ള നമ്മുടെ വാത്സല്യത്തിൻേറയും സന്മനസ്സിൻേറയും പ്രതീകമാണിതു്."

സൂനഹദോസിനുമുമ്പും സൂനഹദോസു നടക്കുമ്പോഴും ഈ സെക്രട്ടേറിയററു നിർവ്വഹിച്ച, ഇന്നും നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മഹത്തായ സേവനങ്ങളെ അകത്തോലിക്കസഹോദരങ്ങളെല്ലാംതന്നെ കൃതജ്ഞതാപൂർവ്വം പ്രശംസിച്ചിട്ടുണ്ടു്. സ്നേഹത്തിൻേറയും സംതൃപ്തിയുടേയും പ്രതിഫലനമായ ആ പ്രശംസകൾ ഇന്നും തുടർന്നു ലഭിച്ചുകൊണ്ടിരിക്കുന്നു. റോമാസഭയ്ക്കും മററു ക്രൈസ്തവസഭകൾക്കുമിടയ്ക്കുള്ള സുഗമമായ ഒരു പാലമായി ഐക്യസെക്രട്ടേറിയററു പരിലസിച്ചുകൊണ്ടിരിക്കുകയാണു്.

1962 ഒക്ടോബർ 11-ാം തീയതി നിരവധി പ്രതീക്ഷകളുടെ പ്രതീകമായ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉദ്ഘാടനം ചെയ്യപ്പെട്ടു. തദവസരത്തിൽ ജോൺ പാപ്പാ പറയുകയുണ്ടായി: "എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും സത്യം ഗ്രഹിക്കണമെന്നും അഭിലഷിക്കുന്ന (1. തിമ. 2: 4) ദൈവത്തിൻെറ പ്ലാനനുസരിച്ചാണു സഭ സത്യം പ്രസംഗിക്കുന്നതിലും സത്യം സംരക്ഷിക്കുന്നതിലും അത്യുത്സുകയായിരിക്കുന്നതു്. യഥാർത്ഥസമാധാനവും നിത്യരക്ഷയും അടങ്ങിയി

രിക്കുന്നതു ഹൃദയങ്ങളുടെ പരിപൂർണ്ണവും സുദൃഢവുമായ ഐക്യത്തിലാണ്. അതു വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളുടെയെല്ലാം സഹായംകൂടാതെ നേടിയെടുക്കുക മനുഷ്യനു സാദ്ധ്യമല്ല. നിർഭാഗ്യവശാൽ, സത്യത്തിലുള്ള ഈ ഐക്യം പരിപൂർണ്ണമായി ക്രൈസ്തവകുടുംബം ഇനിയും നേടിയെടുത്തിട്ടില്ല. അതിനാൽ, സ്വയാർപ്പണത്തിന്റെ തലേന്നാൾ ക്രിസ്തുനാഥൻ പിതാവിനോടു കേണപേക്ഷിച്ച ഐക്യമെന്ന ആ വലിയ രഹസ്യം സഫലീകൃതമാകുന്നതിനായി കാര്യക്ഷമമായി പ്രവർത്തിക്കുകയെന്നതു സ്വന്തം കടമയായത്രേ കത്തോലിക്കസഭ കരുതുന്നത്....."*

ഒക്ടോബർ പതിമൂന്നാം തീയതി അകത്തോലിക്ക സന്ദർശകരെ പരിശുദ്ധ പിതാവു സ്വീകരിച്ചു. അവരുടെ സാന്നിദ്ധ്യത്തിൽ അങ്ങേയററം സന്തുഷ്ടനും കൃതജ്ഞനുമായി അദ്ദേഹം അവരോടു സംസാരിച്ച വാക്കുകൾ അവിസ്മരണീയങ്ങളാണ്. "ഇന്നത്തെ ഏററം സ്വാഗതാർഹമായ ഈ സന്ദർശനം ലളിതവും ഹൃദ്യവും, ഔപചാരികവും ഹ്രസ്വവുമായിരിക്കണം. സകലർക്കുമായി ഒരു പാഠം ഉൾക്കൊള്ളുന്ന അറുപത്തിയേഴാമത്തെ സങ്കീർത്തനത്തിലെ ഒരു വാചകമാണ് എന്റെ ഓർമ്മയിൽ വരുന്നതു്: 'നമ്മുടെ ഭാരങ്ങൾ വഹിക്കുന്ന കർത്താവ്, നമ്മുടെ രക്ഷകനായ ദൈവം ദിവസംതോറും മഹത്വപ്പെട്ടവനാകട്ടെ'.............

* "The Vatican Council and Christian Unity" p. 264.

ഞാൻ നിങ്ങളോടു തുറന്നു പറയുകയാണു്, എന്നെസംബന്ധിച്ചിടത്തോളം അതു് (കൗൺസിലിൻെറ ഉദ്ഘാടനസമ്മേളനം) ഒരു വലിയ അനുഭൂതിയുടെ ദിവസമായിരുന്നു......സഹോദരങ്ങളുടേയും മക്കളുടേയും സമൂഹങ്ങളിലേക്കു് എൻെറ ദൃഷ്ടികൾ പലപ്പോഴും ചെല്ലുകയുണ്ടായി. പെട്ടെന്നാണു്, നിങ്ങളുടെ സമൂഹത്തിൽ, വ്യക്തിപരമായി നിങ്ങളിൽ ഓരോരുത്തരിലും എൻെറ കണ്ണുകൾ പതിഞ്ഞതു്. നിങ്ങളുടെ സാന്നിദ്ധ്യം ഒരു പ്രത്യേക വികാരവായ്പാണു് എനിക്കു പ്രദാനം ചെയ്തതു്......എൻെറ ഹൃദയം വായിക്കുവാൻ നിങ്ങൾക്കു കഴിയുമെങ്കിൽ വാക്കുകൾക്കു വ്യക്തമാക്കാൻ സാധിക്കാത്ത പലതും നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയും... സ്വാഗതാർഹമായ നിങ്ങളുടെ ഇവിടത്തെ സാന്നിദ്ധ്യവും എൻെറ വൈദികഹൃദയത്തിൻേറയും എൻെറ സഹപ്രവൎത്തകരുടേയും, എനിക്കു തീർച്ചയായും അറിയാവുന്ന നിങ്ങളുടെ ഓരോരുത്തരുടേയും വികാരവായ്പുകളും ഒന്നിച്ചുചേരുകയാണു്, അന്ത്യാത്താഴത്തിൽ ക്രിസ്തുനാഥൻ ചൊല്ലിയ പ്രാൎത്ഥന എല്ലാ മനുഷ്യർക്കുമായി സഫലീകൃതമാകുന്ന നിമിഷം വേഗം അണയുന്നതിനുവേണ്ടി പ്രവൎത്തിക്കുവാനും സഹിക്കുവാനുമുള്ള തീരുമാനം എൻെറ ഹൃദയത്തിൽ ജ്വലിക്കുന്നെന്നു വ്യക്തമാക്കുവാൻ...”*

ഭരണകാലം മുഴുവൻ ക്രൈസ്തവൈക്യത്തിനായി

---

* *The Vatican Council and Christian Uuity p. 265-66.*

അനവരതം പ്രവൎത്തിച്ച ധീരനായ ആ പാപ്പാ മരണ ദിവസംവരേയും ക്രിസ്തുനാഥൻെറ പ്രാൎത്ഥന സഫലീകൃതമാകുവാനായി യത്നിച്ചു. മരണത്തിനു മൂന്നുദിവസം മുമ്പു് അദ്ദേഹം പറയുകയുണ്ടായി, "രാത്രിയുടെ എൻെറ ഉറക്കമില്ലാത്ത നിമിഷങ്ങളിലെല്ലാം ലോകത്തെ മുഴുവൻ സ്വീകരിക്കുവാൻ വിടൎത്തിയ കൈകളുമായി നില്ക്കുന്ന ക്രിസ്തുനാഥനെ ഞാൻ എൻെറ മുമ്പിൽ പ്രതിഷ്ഠിച്ചു. കാതോലികവും അപ്പസ്തോലികവുമായ റോമൻസഭയുടെ കടമയാണു്, ദിവ്യഗുരുവിൻെറ പ്രാൎത്ഥന സഫലീകൃതമാകുവാൻവേണ്ടി പ്രവൎത്തിക്കുകയെന്നതു്. എല്ലാവരും ഒന്നാകണം, ഐക്യപ്പെടണം."

ജോൺ പാപ്പായുടെ ഹൃദയത്തുടിപ്പുകൾ ശ്രവിക്കുവാനും അതിനൊത്തുയരുവാനും അകതോലിക്കലോകം മുഴുവനും മുന്നോട്ടുവന്നു. ജോൺ പാപ്പായുടെ ഐക്യാഭിലാഷത്തേയും രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ എക്യുമേനിക്കൽ പ്രാധാന്യത്തേയും വിലയിരുത്തി നിരവധി ലേഖനങ്ങളും പുസ്തകങ്ങളും അകതോലിക്ക ലോകത്തും പ്രത്യക്ഷപ്പെട്ടു. ഓൎത്തഡോക്സു സഭകളുടെ എക്യുമേനിക്കൽ പാത്രിയാൎക്കീസായ അത്തനാഗൊറസു തിരുമേനിയാണു ജോൺ പാപ്പായുടെ അഭിനിവേശത്തെ ആദ്യം പ്രശംസിച്ചതെന്നു തോന്നുന്നു. "ദൈവത്താൽ അയക്കപ്പെട്ടവനായി യോഹന്നാൻ എന്ന പേരോടുകൂടി ഇതാ ഒരുവൻ വന്നിരിക്കുന്നു" എന്നു് ഉൽബോധിപ്പിച്ചുകൊണ്ടാണു് അദ്ദേഹം സൂനഹദോസിനായുള്ള ജോൺ പാപ്പായുടെ ആഗ്രഹത്തെ സ്വാഗതം

ചെയ്തതു്. മനുഷ്യർക്കു സാധിക്കാത്തതു ദൈവത്തിനു സാധിക്കും എന്ന ശുഭാപ്തിവിശ്വാസത്തോടുകൂടെ സൂനഹദോസിന്റെ നീക്കങ്ങളെ വീക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കാൻറർബറി ആർച്ചുബിഷപ്പു ഡോ. ഫിഷർ തിരുമേനിയും ജോൺ പാപ്പായെ അഭിനന്ദിക്കുവാൻ മുന്നോട്ടു വന്നു. റോമിലെത്തി പാപ്പായെ നേരിട്ടു കണ്ടു സംഭാഷണം നടത്തിയ ഇദ്ദേഹം ഇരുസഭകളുമായുള്ള നാലുനൂററാണ്ടുകാലത്തെ വൈരത്തിനു വിരാമമിടുകയായിരുന്നു. പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ സന്യാസജീവിതത്തിന്റെ പര്യായമെന്നോണം പ്രശോഭിക്കുന്ന ഡോ. റോജർ ഷുട്സിന്റെ അഭിനന്ദനങ്ങൾ തികച്ചും ആനന്ദപ്രദവും ആശാവഹവുമത്രേ. അദ്ദേഹം പറയുകയാണു്: "കൗൺസിലിന്റെ വെറും വിളംബരം പോലും പ്രോട്ടസ്റ്റൻറുകാരിൽ ക്രിയാത്മകമായ ചലനം സൃഷ്ടിച്ചിരിക്കുന്നു. ഉറങ്ങിക്കിടന്ന അവരുടെ ഐക്യബോധത്തെ ഇതാ തട്ടിയുണർത്തിയിരിക്കുന്നു." അദ്ദേഹം മാർപ്പാപ്പായെ സന്ദർശിച്ചു് അനുമോദനാശംസകൾ അറിയിക്കുകയുണ്ടായി. ജോൺപാപ്പായെ ഐക്യത്തിന്റെ പ്രവാചകനായും രണ്ടാം വത്തിക്കാൻ സൂനഹദോസിനെ രണ്ടാം പന്തക്കുസ്തായായും ഉപമിക്കുകയുണ്ടായി, ഹാമിൽക്കൻ എസ്. അവിസാററസ്സ് (Hamilcan S. Alivisatas) എന്ന പ്രോട്ടസ്റ്റൻറ് പണ്ഡിതൻ തന്റെ ഒരു ലേഖനത്തിൽ.

## 2. രണ്ടാം വത്തിക്കാൻ സൂനഹദോസ്

ആയിരത്തോളം പണ്ഡിതന്മാരുടെ നിരന്തരപരിശ്രമത്തിന്റെ ഫലമായാണു രണ്ടാം വത്തിക്കാൻ സൂനഹദോസു സംജാതമായതു്. പ്രാഥമിക ഒരുക്കങ്ങൾക്കായുള്ള കമ്മിററി ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള മെത്രാന്മാർക്കും മററു ഭരണാധികാരികൾക്കും പണ്ഡിതന്മാർക്കുമെല്ലാം എഴുതി, ചർച്ചാവിഷയങ്ങളാരാഞ്ഞു തരം തിരിച്ചു്, പത്തു വലിയ വാല്യങ്ങളാക്കി സമർപ്പിച്ചു. ഇവയെ തയ്യാറെടുക്കലിനുള്ള കമ്മീഷനുകളും (Preparatory Commissions) സെക്രട്ടേറിയററുകളും വിശദമായി ചർച്ചചെയ്തു പഠിച്ചു്, 70 സ്കേമ്മാകൾ (പ്രമേയങ്ങൾ) തയ്യാറാക്കി. 119 ലഘുലേഖകകളായി അവയെ പ്രസാധനംചെയ്തു സൂനഹദോസിൽ വോട്ടവകാശത്തോടുകൂടെ സംബന്ധിക്കുവാൻ അർഹതയുള്ള 3070 പിതാക്കന്മാർക്കും അയച്ചുകൊടുത്തു. തുടർന്നു നടന്നതു കൗൺസിൽ സമ്മേളനത്തിനായുള്ള ആസന്നസന്നാഹങ്ങളാണു്. അകത്തോലിക്കസഭകളെയെല്ലാം ഔദ്യോഗികമായി ക്ഷണിക്കുക ഇതിൽ ഏററം പ്രാധാന്യമർഹിക്കുന്നവയിൽ ഒന്നായിരുന്നു. ഔദ്യോഗികനിരീക്ഷകരെ അയക്കുവാനായി അപേക്ഷിച്ചുകൊണ്ടുള്ള പാപ്പായുടെ ക്ഷണക്കത്തുകൾ അദ്ദേഹത്തിന്റെ പ്രതിനിധികൾ സകല ക്രൈസ്തവസഭകളുടേയും നേതാക്കന്മാരെ നേരിൽ കണ്ടു സമർപ്പിച്ചു. മാത്രമല്ല, ഐക്യസെക്രട്ടേറിയററു് അവരുടെ പഠനങ്ങൾക്കും പരിചിന്തനത്തിനുമായി

ചർച്ചാവിഷയങ്ങൾ അടങ്ങുന്ന പ്രമേയങ്ങൾ എത്തിച്ചുകൊടുക്കുകയും നിരീക്ഷകരുടെ യാത്രയ്ക്കും താമസത്തിനും മററുമായി സകല സൗകര്യങ്ങളും ചെയ്തുകൊടുക്കാനുള്ള സന്മനസ്സു പ്രകടിപ്പിക്കുകയുംചെയ്തു. ക്രൈസ്തവസഭകളുടെ സകല സംഘടനകൾക്കും പ്രത്യേകം ക്ഷണം അയക്കുവാനും അവരുടെ പ്രതിനിധികളെ ഐക്യസെക്രട്ടേറിയററിന്റെ വിശിഷ്ടാതിഥികളായി കരുതുവാനും സെക്രട്ടേറിയററു മുന്നോട്ടുവന്നു.

അങ്ങനെ, സുദീർഘമായ തയ്യാറെടുപ്പുകളുടെ സംയുക്തഫലമായി ആ മംഗളസുദിനം സമാഗതമായി. 1962 ഒക്ടോബർ പതിനൊന്നാം തീയതി-ലോകം മുഴുവൻ പ്രതീക്ഷകളോടും പ്രത്യാശകളോടും കാത്തിരുന്ന ആ വലിയ ദിവസം-ഓടിയെത്തി. റോമാനഗരത്തിന്റെ തെരുവീഥികൾ ആകാംക്ഷാഭരിതരും ആനന്ദതുന്ദിലരുമായ ജനാവലിയെക്കൊണ്ടു നിറഞ്ഞു. പ്രശാന്തസുന്ദരമായ വത്തിക്കാൻ നഗരം ലോകം കണ്ടിട്ടുള്ളതിൽവെച്ച് ഏററവും വലിയ ഒരു ഘോഷയാത്ര ദർശിക്കുകയാണ്. ലോകത്തിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള സകല വേഷവിധാനങ്ങളോടുംകൂടിയ വ്യക്തികൾ പത്രോസിന്റെ ദൈവാലയത്തിലേക്കു ഭക്തിനിർഭരരായി പോകുന്ന കാഴ്ച. സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞൊരുങ്ങിയ 2696 കൗൺസിൽപിതാക്കന്മാർ സ്ഥാനക്രമത്തിൽ പത്രോസിന്റെ ദൈവാലയത്തിൽ എത്തിക്കഴിഞ്ഞപ്പോൾ, പ്രാർത്ഥനാനിരതനും പ്രസന്നവദനനുമായ പരിശുദ്ധ പിതാവു സിംഹാസനാരൂഢനായപ്പോൾ സപ്തസ്വ

യമായ ഒരു പ്രശാന്തത അവിടെങ്ങും തങ്ങിനിന്നു. കാമറാകളുടെ മിന്നിമറയുന്ന പ്രകാശധോരണിയുടെ "പളപളക്കം" ആ പ്രശാന്തതയ്ക്കു ഭംഗം വരുത്തിക്കൊണ്ടിരുന്നു. പക്ഷേ, അതൊരു ഭംഗമായല്ല ഭംഗിയായാണു പ്രത്യക്ഷപ്പെട്ടതു്.

എല്ലാവരും തങ്ങളുടെ ആസ്ഥാനങ്ങൾ കരസ്ഥമാക്കി. അകത്തോലിക്കസഭകളുടെ നിരീക്ഷകരായി എത്തിയിരുന്ന 39 പേരും സ്വസ്ഥാനങ്ങളിൽ ആസനസ്ഥരായി. ആയിരത്തിലേറെയുണ്ടായിരുന്ന പത്രപ്രതിനിധികൾക്കു് അങ്ങേയററം ഞെരുങ്ങേണ്ടിവന്നു. ദൈവശാസ്ത്രജ്ഞന്മാരും കാനൻനിയമപണ്ഡിതരും സെക്രട്ടേറിയററു് അംഗങ്ങളും സെറിമണി മാസ്റ്റേഴ്സും നോട്ടറികളും വോട്ടെണ്ണാനുള്ളവരും വായനക്കാരും ദ്വിഭാഷികളും ക്ലാർക്കുമാരും ടെക്'നീഷ്യൻസും ഗാർഡുകളുമെല്ലാം ഒരുവിധത്തിൽ തങ്ങളുടെ സ്ഥാനങ്ങൾ കരസ്ഥമാക്കി. 85 രാഷ്ട്രങ്ങളിൽനിന്നെത്തിയ ഗവണ്മെൻറു പ്രതിനിധികൾക്കും അന്താരാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾക്കും പാപ്പായുടെ സിംഹാസനത്തിനടുത്തുതന്നെ ഇരിപ്പിടങ്ങൾ ഒരുക്കിയിരുന്നു. അവർക്കെല്ലാം ഏററം സൗകര്യമായി സകല ചടങ്ങുകളിലും സംബന്ധിക്കുവാൻ കഴിഞ്ഞു.

കർദ്ദിനാൾ ടിസ്സറാൻറു് ദിവ്യബലിയർപ്പിച്ചു. അതിനുശേഷം പരിശുദ്ധ പിതാവ് 5000 വാക്കുകളടങ്ങുന്ന തൻെറ ഉദ്ഘാടനപ്രസംഗം നിർവ്വഹിച്ചു. ലക്ഷക്കണക്കിനുവരുന്ന ജനാവലി നിർന്നിമേഷരായി, പ്രാർത്ഥ

ന്നാനിരതരായി, ദൈവാലയാങ്കണത്തിൽനിന്നുകൊണ്ടു് ആ മഹാസംഭവത്തിനു സാക്ഷ്യം വഹിക്കുകയായിരുന്നു. “സൂനഹദോസിന്റെ ഏററവും വലിയ ആകാംക്ഷ ഇതാണു്: ക്രൈസ്തവധർമ്മസിദ്ധാന്തങ്ങളുടെ പരിപാവന നിക്ഷേപം അഭംഗുരം പരിരക്ഷിക്കുകയും ഏററം ഫലപ്രദമായവിധം അവയെ വിശദീകരിക്കുകയും ചെയ്യുക. തെററുകളിൽ കാക്കശ്യപൂർവ്വം നിലയുറപ്പിച്ച ആരോഗ്യം നശിപ്പിക്കുവാനല്ല, പിന്നെയോ, കാരുണ്യത്തിന്റെ ചികിത്സാരീതി അവലംബിച്ചു് ആരോഗ്യവതിയായി വളരുവാനാണു തിരുസഭ അഭിലഷിക്കുന്നതു്... ക്രൈസ്തവകുടുംബത്തിന്റേയും മാനവകുടുംബത്തിന്റേയും ഐക്യം പരിപുഷ്ടമാക്കണം...” എന്നീ വാക്കുകൾ പാപ്പായുടെ അധരങ്ങൾ വ്യക്തമായി ഉച്ചരിച്ചപ്പോൾ കേൾവിക്കാർ വികാരഭരിതരായി. സ്നേഹത്തിന്റെ സന്ദേശവും സമാധാനത്തിന്റെ സംഗീതവും ഉൾക്കൊള്ളുന്ന ആ ഉദ്ഘാടനപ്രസംഗം ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രതിധ്വനിച്ചു, കോടിക്കണക്കിനുള്ള റേഡിയോകളിലൂടെ.

അതുല്യങ്ങളായ നാലുസമ്മേളനങ്ങളുടെ സമ്മാനമായി അമൂല്യങ്ങളായ പതിനാറു പ്രമാണരേഖകൾ സംഭാവനചെയ്തുകൊണ്ടു് അനവരതം ജീവിക്കുവാനായി സൂനഹദോസ് സമാപിച്ചു, 1965 ഡിസംബർ 8-ാം തീയതി. ഈ സൂനഹദോസിൽ സംബന്ധിക്കുവാനെത്തിയ അകത്തോലിക്കരുടെ സംഖ്യ അടിക്കടി വർദ്ധിച്ചു

വന്നതു് അത്ഭുതാവഹമാണു്*. കൗൺസിലിൻെറ പ്രവത്തനങ്ങളിൽ അവർക്കെല്ലാം സർവ്വത്ര സംതൃപ്തിയാണു്. അതിൻെറ പ്രവത്തനങ്ങളിൽ പങ്കെടുക്കവാൻ ഭാഗ്യം ലഭിച്ച പണ്ഡിതരും ചിന്തകരുമായ അകത്തോലിക്ക നിരീക്ഷകരെല്ലാംതന്നെ തങ്ങളുടെ സംതൃപ്തിയും പ്രത്യാശയും ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയുണ്ടായി. കൗൺസിലിൻെറ സമ്മേളനങ്ങളെല്ലാം സശ്രദ്ധം പിൻതുടർന്ന ഒരു ചിന്തകൻ പറയുകയുണ്ടായി, സഭയ്ക്കു പാപ്പായെപ്പോലൊരു നേതാവു്, തലവൻ, ആവശ്യമാണെന്നു തനിക്കു ശരിക്കു ബോദ്ധ്യമായതു ശബ്ദായമാനമായ ഈ സൂനഹദോസിൻെറ ശാന്തസുന്ദരമായ പുരോഗമനത്തിനു ദൃക്സാക്ഷിയായപ്പോഴാണെന്നു്. അതേ, അഭിപ്രായഗതികൾ ഏററവുമുട്ടിയ സന്ദർഭങ്ങളിലെല്ലാം സ്നേഹസമ്പന്നനായ ഒരു പിതാവിൻെറ പരിലാളനമെന്നോണം ജോൺ പാപ്പായുടേയും പൗലോസുപാപ്പായുടേയും ഇടപെടലുകൾ സൂനഹദോസിനെ സമ്പന്നമാക്കുകയുണ്ടായി.

സൂനഹദോസു പ്രദാനംചെയ്ത രേഖകളിൽ ഏററം പ്രാധാന്യമർഹിക്കുന്ന ഒന്നാണു് "ദെ എക്യുമെനിസ്മോ" എന്ന ഐക്യഡിക്രി. സൂനഹദോസിൻെറ മററു പതിനഞ്ചുരേഖകളും കത്തോലിക്കരെമാത്രമേ ബാധിക്കുന്നുള്ളു. എന്നാൽ, ഐക്യഡിക്രി ക്രൈസ്തവലോകത്തിനു മുഴുവനും ബാധകമാണു്. മാത്രമല്ല, ക്രിസ്തുമതത്തി

* അകത്തോലിക്ക നിരീക്ഷകരുടെ എണ്ണവും അവർ പ്രതിനിധാനം ചെയ്ത സഭകളുടെ എണ്ണവും അനുബന്ധം 7-ൽകാണുക.

ൻെറ സർവ്വപ്രധാനമായ ഐക്യമെന്ന പ്രശ്നത്തെ യാണ് അതു പരിഗണിച്ചിരിക്കുന്നതു്. ക്രിസ്തുമതത്തി ൻെറ ഐക്യത്തിലൂടെ ലോകത്തിൻെറതന്നെ ഐക്യ ത്തിനും സമാധാനത്തിനുമായുള്ള ഒരു പദ്ധതിയാണു പ്രസ്തുത ഡിക്രി ഉൾക്കൊള്ളുന്നതു്. അങ്ങനെ ലോക ത്തെ മുഴുവൻ സ്പർശിക്കുന്ന ഒരു പ്രമാണരേഖയാണ് ഈ ഡിക്രി. ഈ ഡിക്രിയുടെ പ്രാധാന്യത്തെ ശരിക്കു ഗ്രഹിക്കുവാൻ അതിൻെറ ഉത്ഭവത്തിൻെറ വിവിധ ഘട്ടങ്ങളിലേക്കു് ഒന്നു കടന്നുചെന്നേ മതിയാവൂ.

## ഡിക്രിയുടെ ജനനം

1960 ജൂൺ 5: ജോൺ പാപ്പാ "ഐക്യസെക്രട്ടേറി യററ്" സ്ഥാപിച്ചു. പ്രസിഡൻറായി നി യുക്തനായ കാർഡിനൽ ബെയാ സെക്രട്ടേറി യററിൻെറ പ്രധാന ഉദ്ദേശ്യങ്ങൾ രണ്ടാണെ ന്നു വിശദീകരിച്ചു: കൗൺസിലുമായി ബ ന്ധം പുലർത്തുവാൻ അകത്തോലിക്കരെ സ ഹായിക്കുക; സഭൈക്യം സംജാതമാക്കു വാൻ അവരുമായി സഹകരിക്കുക.

1960 ജൂലൈ. സെക്രട്ടേറിയററ് അതിൻെറ നാനാവിധ പ്രവൎത്തനങ്ങൾക്കു് ആരംഭമിട്ടു. മററു ക്രൈ സ്തവസഭകളും സമൂഹങ്ങളുമായി ബന്ധം പു ലർത്തുവാൻ തുടങ്ങി.

1960 നവംബർ. സെക്രട്ടേറിയററിൻെറ ആദ്യത്തെ പ്ലീനറി സെഷൻ. കൗൺസിലിൻെറ ചർച്ചയ്ക്കു സമർപ്പിക്കുവാനുള്ള വിഷയം തയ്യാറാക്കുവാൻ തുടങ്ങുകയാണു്.

1960 ഡിസംബർ. വിഷയവിശകലനത്തിനും ചർച്ചകൾക്കുമായി സെക്രട്ടേറിയററ് 14 സബ് കമ്മീഷനുകൾ സ്ഥാപിച്ചു പ്രവർത്തിക്കുവാൻ തുടങ്ങി.

1961 ഫെബ്രുവരി. സെക്രട്ടേറിയററിൻെറ രണ്ടാമത്തെ പ്ലീനറി സെഷൻ.

1961 ഏപ്രിൽ. മൂന്നാമത്തെ പ്ലീനറി സെഷൻ.

1961 ആഗസ്റ്റ്. നാലാമത്തെ പ്ലീനറി സെഷൻ.

1961 നവംബർ. അഞ്ചാമത്തെ പ്ലീനറി സെഷൻ.

1961 മാർച്ച്. ആറാം പ്ലീനറി സെഷൻ. കൗൺസിലിൽ സമർപ്പിക്കുവാൻ സെക്രട്ടേറിയററു തയ്യാറാക്കിയ നാലു സ്കീമകൾക്കും അവസാനരൂപം നല്കി, സെക്രട്ടേറിയററിൻെറ കൗൺസിലിനായുള്ള തയ്യാറെടുക്കലിനെ ഉപസംഹരിച്ചു.

1962 ഏപ്രിൽ. സ്കെമ്മകൾക്കു് അവസാനരൂപം നല്കുവാൻ "സെൻട്രൽകമ്മീഷനെ" സഹായിക്കുകയായി. അകത്തോലിക്കനിരീക്ഷകരെ ക്ഷണിക്കുന്നതിലും അവർക്കു വേ

ണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിലും ദത്തശ്ര ദ്ധയായി, സെക്രട്ടേറിയററ്.

1962 ഒക്ടോബർ 11: രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഉദ്ഘാടനസുദിനം.

1962 നവംബർ 26-29: കിഴക്കൻസഭകൾക്കായുള്ള കമ്മീഷൻ തയ്യാറാക്കിയ "സഭയുടെ ഐക്യത്തെപ്പററി" എന്ന സ്കെമ്മ കൗൺസിൽ ചർച്ചചെയ്തു.

1962 ഡിസംബർ 1: കൗൺസിലിൻെറ പൊതുസമ്മേളനം തീരുമാനിച്ചു, എക്യുമെനിസത്തെപ്പററി ഒരു സ്കെമ്മ മതിയെന്ന്. തൽഫലമായി, കിഴക്കൻസഭകളുടെ കമ്മീഷൻ തയ്യാറാക്കിയ സഭയുടെ ഐക്യത്തെപ്പററിയുള്ള സ്കെമ്മയും ഐക്യസെക്രട്ടേറിയററു സമർപ്പിച്ച "എക്യുമെനിസത്തെപ്പററി"യെന്ന സ്കെമ്മയും തിയളോജിക്കൽ കമ്മീഷൻെറ "സഭയെപ്പററി"യെന്ന സ്കെമ്മയിൽ എക്യുമെനിസത്തിനായി നീക്കിവച്ചിരിക്കുന്ന അദ്ധ്യായവുമെല്ലാം ഒന്നിച്ചുചേർത്ത് ഒരു സ്കെമ്മ തയ്യാറാക്കുവാൻ ഉത്തരവായി.

1962 ഡിസംബർ 8: ഒന്നാംസമ്മേളനത്തിൻെറ വർണ്ണശബളമായ സമാപനം.

1963 ജനുവരി-മാർച്ചുവരെ: കിഴക്കൻസഭകളുടെ ക

മ്മിഷൻെറയും തിയളോജിക്കൽ കമ്മീഷൻെറയും സഹായത്തോടുകൂടെ ഐക്യസെക്രട്ടേറിയററു "De Oecumenismo" എന്ന സ്കെമ്മയുടെ പ്രഥമരൂപം തയ്യാറാക്കി.

1963 ഏപ്രിൽ 22: ജോൺ ഇരുപത്തിമൂന്നാമൻപാപ്പാ സ്കെമ്മ കൗൺസിൽ പിതാക്കന്മാക്ക് അയച്ചുകൊടുക്കുവാനും കൗൺസിലിൻെറ ചർച്ചക്കു സമർപ്പിക്കുവാനും ഉത്തരവിട്ടു.

1963 മേയ്: പിതാക്കന്മാർക്കെല്ലാം സ്കെമ്മ അയച്ചുകൊടുത്തു. പിതാക്കന്മാർ സ്കെമ്മയെപ്പററിയുള്ള തങ്ങളുടെ പ്രഥമ വ്യാഖ്യാനം കൗൺസിലിൻെറ ജനറൽ സെക്രട്ടേറിയററിനു് അയച്ചുകൊടുക്കുകയുണ്ടായി.

1963 ജൂൺ 3. തിങ്കളാഴ്ച ഉച്ചകഴിഞ്ഞു 4. 49-നു് ജോൺ പാപ്പാ ദിവംഗതനായി.

1963 ജൂൺ 21. കർദ്ദിനാൾ മൊന്തീനിയെ പാപ്പായായി തിരഞ്ഞെടുത്തു; അദ്ദേഹം പൗലോസു് ആറാമൻ എന്ന നാമധേയം സ്വീകരിച്ചു.

1963 ആഗസ്ററു 18: ഗ്രോട്ടോ ഫെറാത്തായിൽവെച്ചു പാപ്പാ നടത്തിയ പ്രസംഗത്തിൽ ഐക്യാഭിലാഷത്തിൻെറ പ്രചോദനത്തിലാണു കിഴക്കൻസഭകളെ പരാമർശിച്ചതു്.

1963 സെപ്ററംബർ 29: പൗലോസു പാപ്പാ സൂനഹദോസിൻെറ ദ്വിതീയസമ്മേളനം ഉദ്ഘാ

ടനംചെയ്തു. ഉദ്ഘാടനപ്രസംഗത്തിൽ എക്യുമെനിസത്തെപ്പററി ദീർഘമായി പരാമർശിക്കുകയുണ്ടായി, അദ്ദേഹം.

1963 നവംബർ 18: "എക്യുമെനിസത്തെപ്പററി" എന്ന നവീകൃത സ്കെമ്മയുടെ പൊതു ചർച്ച തുടങ്ങി. കർദ്ദിനാൾ ചിക്കൊഞ്ഞാനി സ്കെമ്മയ്ക്കു് ആമുഖപ്രസംഗം നടത്തി; റുയെന്നി (Rouen) ലെ ആർച്ചുബിഷപ്പ് മാർട്ടിൻ സ്കെമ്മയുടെ പ്രഥമരൂപത്തിന്നു മുൻ സ്കെമ്മകളുമായുള്ള ബന്ധത്തെക്കുറിച്ചു സംസാരിച്ചു.

1963 നവംബർ 21: സ്കെമ്മയുടെ പ്രഥമ അധ്യായമായ "കത്തോലിക്ക എക്യുമെനിസത്തിൻെറ തത്വങ്ങ"ളെക്കുറിച്ചുള്ള ചർച്ച ആരംഭിച്ചു. 21, 22, 25 എന്നീ തീയതികളിൽ നടന്ന മൂന്നു പൊതുസമ്മേളനങ്ങളും ഈ അധ്യായത്തിൻെറ ചർച്ചയ്ക്കായാണു വിനിയോഗിക്കപ്പെട്ടതു്.

1963 നവംബർ 25: "എക്യുമെനിസത്തിൻെറ പ്രായോഗികാനുഷ്ഠാനം" എന്ന സ്കെമ്മയുടെ രണ്ടാമദ്ധ്യായത്തെക്കുറിച്ചുള്ള ചർച്ചയാരംഭിച്ചു. തുടർന്നുള്ള മൂന്നു പൊതുസമ്മേളനങ്ങളും ഇതിന്നായി വിനിയോഗിക്കപ്പെട്ടു.

1963 നവംബർ 27: "കത്തോലിക്കസഭയിൽനിന്നു പി

രിഞ്ഞുപോയ ക്രിസ്ത്യാനികൾ" എന്ന മൂന്നാമദ്ധ്യായത്തെപ്പററിയുള്ള ചർച്ചയാരംഭിച്ചു. 28, 29 എന്നീ തീയതികളിലേ പൊതുസമ്മേളനങ്ങളിൽ ചർച്ച തുടരുകയും ഡിസംബർ 2-ാം തീയതിയിലേ സമ്മേളനത്തിൽ പൂർത്തിയാക്കുകയുംചെയ്തു.

1963 ഡിസംബർ 2: സ്നേമ്മയെപ്പററിയുള്ള ചർച്ചകൾ സമാഹരിച്ചുകൊണ്ടു കർദ്ദിനാൾ ബെയാ പിതാക്കന്മാരോടാവശ്യപ്പെട്ടു, 1964 ജാനുവരി 31-ാംതീയതിക്കു മുമ്പായി ഇനിയും എന്തെങ്കിലും അഭിപ്രായങ്ങളുണ്ടെങ്കിൽ അറിയിക്കണമെന്ന്.

1963 ഡിസംബർ 4: ആരാധനക്രമത്തെപ്പററിയുള്ള കോൺസ്റ്റിററ്യൂഷനും വാർത്താവിനിമയോപാധികളെപ്പററിയുള്ള ഡിക്രിയും പ്രസിദ്ധപ്പെടുത്തി, ദ്വിതീയസമ്മേളനം സമാപിച്ചു.

1964 ജനുവരി 4–6: പ്രാധാന്യമേറിയ പല എക്യുമേനിക്കൽ പ്രസംഗങ്ങൾക്കും സംഭവങ്ങൾക്കും ഇടയാക്കിയ പൗലോസുപാപ്പായുടെ വിശുദ്ധസ്ഥല സന്ദർശനവും കോൺസ്റ്റാൻറിനോപ്പിൾസിൻെറ പാത്രിയാർക്കീസായ അത്തനാഗൊറസു തിരുമേനിയുമായുള്ള കൂടിക്കാഴ്ചയും.

1964 ഫെബ്രുവരി 3-24വരെ: കിഴക്കൻസഭകളുടെ ക

മ്മീഷനും തിയളോജിക്കൽ കമ്മീഷനും ഐക്യസെക്രട്ടേറിയററിൻെറ കൗൺസിൽ ക്കമ്മിററിയും ഒന്നിച്ചിരുന്നു പിതാക്കന്മാരുടെ അഭിപ്രായങ്ങളും തിരുത്തലുകളുമെല്ലാം തരംതിരിച്ചു സ്കെമ്മയുടെ ഒരു രണ്ടാം പതിപ്പു തയ്യാറാക്കാനായി സെക്രട്ടേറിയററിനെ ചുമതലപ്പെടുത്തി.

1964 ഫെബ്രുവരി 25–മാർച്ച് 7വരെ: സ്കെമ്മയുടെ രണ്ടാം പതിപ്പിനായുള്ള പരിശ്രമം. അതു് കൗൺസിൽക്കമ്മിററിയുടെ അരിക്സിയാ (Ariccia) യിൽ ചേർന്ന പ്ലീനറിയോഗം പൂർത്തിയാക്കി.

1964 ഏപ്രിൽ 27: സ്കെമ്മയുടെ രണ്ടാംപതിപ്പു കൗൺസിലിൻെറ പരിഗണനയ്ക്കു സമർപ്പിക്കുവാനും പിതാക്കന്മാരുടെ പഠനത്തിനായി അയച്ചുകൊടുക്കുവാനും പൗലോസു പാപ്പാ ഉത്തരവിട്ടു.

1964 മേയ്, ജൂൺ, ജൂലൈ: സ്കെമ്മയുടെ രണ്ടാംപതിപ്പു പിതാക്കന്മാർക്കു് അയച്ചുകൊടുത്തു. ചിലർ അവരുടെ അഭിപ്രായങ്ങൾ സെക്രട്ടേറിയററിനെ എഴുതി അറിയിക്കുകയും ചെയ്തു.

1964 ഒക്ടോബർ 4: സ്കെമ്മയുടെ ആദ്യത്തെ നാല് ആർട്ടിക്കിൾസിനും കൗൺസിൽ സ

മ്മതം മൂളി, വളരെയധികം ഭൂരിപക്ഷത്തി ന്റെ വോട്ടോടുകൂടി.

1964 ഒക്ടോബർ 6: ആദ്യത്തെ അധ്യായം മുഴുവനും വോട്ടിനിട്ടു പാസാക്കി. രണ്ടാമദ്ധ്യായത്തി ലേ എട്ട് ആർട്ടിക്കിൾസും വോട്ടിനിടപ്പെ ട്ടു; നല്ല ഭൂരിപക്ഷത്തോടുകൂടെ പാസായി.

1964 ഒക്ടോബർ 7: ബഹുഭൂരിപക്ഷത്തോടുകൂടെ ര ണ്ടാമധ്യായം പാ സായി. മൂന്നാമധ്യായത്തി ലെ 12 ആർട്ടിക്കിൾസും വോട്ടിനിട്ടു, പാ സായി.

1964 ഒക്ടോബർ 8: ബഹുഭൂരിപക്ഷത്തോടുകൂടെ മൂ ന്നാമദ്ധ്യായം പാസാക്കപ്പെട്ടു.

1964 ഒക്ടോബർ 9: പിതാക്കന്മാരുടെ അഭിപ്രായ ങ്ങൾ (Modi)* തരംതിരിച്ചു കമ്മിററിയു ടെ പ്ലീനറി സെഷനിൽ സമർപ്പിക്കുവാൻ ഐക്യസെക്രട്ടേറിയററു മൂന്ന് ഉപ കമ്മീ ഷനുകളെ നിയമിച്ചു.

1964 നവംബർ 10: നിർദ്ദേശങ്ങളെല്ലാം പരിഗണിച്ചു കൊണ്ടു സെക്രട്ടേറിയററു തയ്യാറാക്കിയ ഒ

* കൗൺസിലിൽ വോട്ടുകൾ മൂന്നുപ്രകാരത്തിലാകാമായിരുന്നു. Placet (അനുകൂലിക്കുന്നു) Non-Placet (പ്രതികൂലിക്കുന്നു) Juxta modium (ചില മാററങ്ങൾ വരുത്തുകയാണെങ്കിൽ അനുകൂലിക്കു ന്നു.) ഈ വോട്ടുരേഖപ്പെടുത്തുന്നവർ വരുത്തേണ്ട മാററങ്ങളും രേഖ പ്പെടുത്തേണ്ടതാണ്. ഇങ്ങനെയുള്ള വോട്ടുകളിൽ ആവശ്യപ്പെട്ടി രുന്ന മാററങ്ങളുടെ കാര്യമാണ് ഇവിടെ പ്രതിപാദിക്കുന്നതു്.

ന്നാമദ്ധ്യായത്തെ കൗൺസിൽ ഐകക ണ്ഠ്യേന പാസാക്കി.

1964 നവംബർ 11: നവീകരിക്കപ്പെട്ട രണ്ടാമദ്ധ്യായവും കൗൺസിൽ ഐകകണ്ഠ്യേന പാസാക്കി.

1964 നവംബർ 14: നവീകൃതമായ മൂന്നാമദ്ധ്യായവും സൂനഹദോസ് വോട്ടിനിട്ട് അംഗീകരിച്ചു.

1964 നവംബർ 19: പൗലോസ് പാപ്പാ നിർദ്ദേശിച്ച പത്തൊമ്പതു വ്യതിയാനങ്ങൾ വരുത്തി ക്കൊണ്ടുള്ള സ്കെമ്മയുടെ അവസാനരൂ പം തയ്യാറാക്കപ്പെട്ടു.

1964 നവംബർ 20: ബഹുഭൂരിപക്ഷത്തിൻെറ വോ ട്ടോടുകൂടെ "De Oecumenismo" എന്ന ഡി ക്രി സൂനഹദോസു പാസാക്കി.

1964 നവംബർ 21: പോൾ ആറാമൻ ഡിക്രിയുടെ ആവിർഭാവത്തെ അനുഗ്രഹിക്കുകയും സർവ്വ ലോകത്തിനുമായി അതു പ്രസിദ്ധപ്പെടുത്തുക യുംചെയ്യുതോടേ സൂനഹദോസിൻെറ മൂന്നാം സമ്മേളനം സമംഗളം പര്യവസാനിച്ചു. *

## 3. എക്യുമെനിസത്തെപ്പററിയുള്ള ഡിക്രി
## DE OECUMENISMO

മേൽക്കണ്ട ചെറുവിവരണത്തിൽനിന്നു നമുക്കു മ നസ്സിലാക്കാം എത്ര ശ്രദ്ധാപൂർവ്വമാണു കൗൺസിൽ

* വോട്ടിങ്ങിൻെറ വിശദവിവരത്തിനു് അനുബന്ധം 8 നോ ക്കുക.

പിതാക്കന്മാർ ഈ ഡിക്രി പൂർത്തിയാക്കിയതെന്നു്. സ്കെമ്മയുടെ വോട്ടിങ്ങ ശരിക്കു പഠിച്ചാൽ ഒരു കാര്യം വ്യക്തമാകും, കൗൺസിൽപിതാക്കന്മാർ ഡിക്രിയുടെ പദപ്രയോഗങ്ങളിൽപ്പോലും അതീവശ്രദ്ധാലുക്കളായിരുന്നെന്നു്. പദപ്രയോഗങ്ങളിൽ വ്യതിയാനം വരുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ടുതന്നെ 1069 വോട്ടുകൾ രേഖപ്പെടുത്തപ്പെട്ടു. പിതാക്കന്മാരുടെ ഈ അഭിപ്രായങ്ങളെല്ലാം, അന്ത്യനിമിഷത്തിൽപ്പോലും ആവശ്യപ്പെട്ടന്ന വ്യതിയാനങ്ങളെല്ലാം പഠിക്കുവാൻ സെക്രട്ടേറിയററു നാലു കമ്മിററികളെ നിയമിച്ചു. ഈ കമ്മിററികൾ പ്രസ്തുതാഭിപ്രായങ്ങളെല്ലാം തരംതിരിച്ചു, സ്വീകരിക്കാവുന്നവയെ സ്വീകരിച്ചതായും സ്വീകരിക്കാൻ സാദ്ധ്യമല്ലാത്ത അഭിപ്രായങ്ങളെ കാര്യകാരണസഹിതം നിരാകരിച്ചതായും ഉള്ള വ്യക്തമായ റിപ്പോർട്ടുകൾ ശരിപ്പെടുത്തി എല്ലാപിതാക്കന്മാരുടേയും പഠനത്തിനു സമർപ്പിച്ചുകൊണ്ടിരുന്നു. തങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിക്കപ്പെട്ടില്ലാ എന്നു കണ്ട ന്യൂനപക്ഷം പിതാക്കന്മാർ സെക്രട്ടേറിയററിൻെറ കാര്യകാരണങ്ങളിൽ തൃപ്തരായില്ല. അവർ, ഏകമാർഗ്ഗമായി അവശേഷിച്ചിരുന്ന അവസാനകൈ നോക്കുവാൻതന്നെ ഉറച്ചു. അവർ പാപ്പായെ സമീപിച്ചു തങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കപ്പെടേണ്ടതിൻെറ കാര്യകാരണങ്ങൾ ചൂണ്ടിക്കാട്ടി. പാപ്പാ അവരുടെ അഭിപ്രായങ്ങൾ ഒന്നുകൂടി പരിഗണിച്ചു സ്കെമ്മയുടെ അവസാനരൂപത്തിനു ഭംഗികൂട്ടുവാൻ സെക്രട്ടേറിയററിനോടു് ആവശ്യപ്പെട്ടു.

അങ്ങനെ 19 വ്യതിയാനങ്ങൾകൂടി വീണ്ടും വരുത്തി. ഇങ്ങനെയെല്ലാം ആവുന്നത്ര പരിപൂർണ്ണമാക്കിയാണു സെക്രട്ടേറിയററിന്റേറയും ആയിരക്കണക്കിനു പണ്ഡിതന്മാരുടേയും 55 മാസക്കാലത്തെ നിരന്തരപരിശ്രമഫലമായി ഈ ഡിക്രി രൂപംകൊണ്ടതു്. ഇരുപത്തിനാല്വ ഖണ്ഡികൾ ഉൾക്കൊള്ളുന്ന ഒരു ചെറിയ ലഘുലേഖയായി പ്രസിദ്ധീകൃതമായ ഈ ഡിക്രിയുടെ രൂപീകരണത്തിന് എട്ടു ടൺ കടലാസു വിനിയോഗിക്കപ്പെട്ടെന്നു വരുമ്പോൾ ഈ ഡിക്രിയുടെ പിന്നിൽ നടന്നിട്ടുള്ള പ്രവത്തനങ്ങളുടെ വലിപ്പം എത്രമാത്രമെന്ന് ഊഹിക്കാമല്ലോ.

"എക്യുമെനിസത്തെപ്പററിയുള്ള ഈ ഡിക്രി ദൈവം നമ്മുടെ ലോകത്തിനു നല്കുന്ന ഒരു വരവും അനുഗ്രഹവുമാണ്, ഐക്യത്തിനായി ഇന്നുവരെ പറഞ്ഞിട്ടുള്ളതും പ്രവത്തിച്ചിട്ടുള്ളതുമെല്ലാം, വിശിഷ്യ, കത്തോലിക്ക എക്യുമെനിസത്തിന്റെ മുന്നോടികളുടെ ശ്രമകരമായ സകല പ്രവത്തനങ്ങളും ഒന്നിച്ചു സമ്മേളിച്ചിരിക്കയാണ് ഈ ഡിക്രിയിൽ. ഒരു വിദഗ്ദ്ധൻ എഴുതിയിട്ടുള്ളതുപോലെ, വെറും തത്വപരമായ പ്രഖ്യാപനങ്ങളെക്കാൾ ഫലപ്രദമായി സഭയിൽ സത്യത്തെ സേവിച്ചിട്ടുള്ളതു സംഭവങ്ങളോ വസ്തുതകളോ ആണ്. അത്തരം ഒരു സംഭവമാണ് ഈ സ്കെമ്മ എന്നു പറയാം." സ്കെമ്മയെപ്പററിയുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ സ്ട്രാസ്ബർഗിലെ സഹായമെ

ത്താൻ മോൺ. എൽച്ചിൻഗർ (Mgr. Elchinger) പറഞ്ഞതാണീ വാക്കുകൾ.

ഇതേവിധത്തിലുള്ള ഒരു പ്രതികരണമാണു ഡിക്രിയുടെ വിളംബരശേഷം ഡോ. ഒസ്കാർ കൾമാൻ (Dr. Oscar Culmann) എന്ന പ്രോട്ടസ്റ്റൻറു പണ്ഡിതൻെറ അധരങ്ങളിൽനിന്നു പുറപ്പെട്ടതും. എവഞ്ചേലിക്കൽ സഭയുടെ ഔദ്യോഗികപ്രതിനിധിയായി സൂനഹദോസിൽ പങ്കെടുക്കുവാൻ ഭാഗ്യമുണ്ടായതിൽ സംതൃപ്തചിത്തനായി അദ്ദേഹം പ്രസ്താവിച്ചു: "അത്ഭുതകരമായ ഒരു വലിയ ഭൂരിപക്ഷത്തോടുകൂടെ അംഗീകൃതമായ എക്യുമെനിസത്തെപ്പററിയുള്ള സ്കെമ്മ, ഫ്രഞ്ചു ഡോമിനിക്കൻ വൈദികനായ ഫാ. ഈവസ് കൊങ്കാറിനെത്തന്നെ ഉദ്ധരിക്കുകയാണ്, ഒരു പ്രഖ്യാപനമല്ല, പിന്നെയോ, ഒരു എക്യുമേനിക്കൽ പ്രവൃത്തിയാണ് (ecumenical deed). വാസ്തവത്തിൽ 'വാതിലുകൾ തുറക്കുക' എന്നതിലേറെയാണിതു്. 'ഒരു പുതിയ വഴി വെട്ടിത്തുറക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ അകത്തോലിക്കക്രിസ്ത്യാനികളെപ്പററി സംസാരിക്കുന്ന ഒരു കത്തോലിക്ക ഡോക്കുമെൻറും ഇതുവരെ ഉണ്ടായിട്ടില്ല. സ്കെമ്മയിലെ ഓരോ അധ്യായവും ഇതിനു സാക്ഷ്യം വഹിക്കുന്നു".*

ഫാ. കൊങ്കാറിൻെറ വാക്കുകൾതന്നെ ഉദ്ധരി

---

* LORENZ CARDINAL JAEGER, '*A Stand on Ecumenism: The Council's Decree*' (Geoffrey Chapman, London-Dublin, 1965) p. ix.

ക്കാം: "ഈ ഡിക്രി ഒരു പ്രവർത്തനമാണ്. ഏകദേശം ഐകകണ്ഠ്യേന തന്നെ ഇതിനെ സ്വീകരിച്ചുകൊണ്ടു കൗൺസിൽ തന്നെത്തന്നേയും കത്തോലിക്കാസഭ മുഴുവനേയും ഐക്യപ്രവർത്തനത്തിനായി സമർപ്പിക്കുകയായിരുന്നു. വരാനിരിക്കുന്ന വസ്തുതകളുടെ ഭാവരൂപങ്ങൾ നിശ്ചയിക്കുന്ന ചരിത്രപ്രധാനമായ ചില തീരുമാനങ്ങളുടെ പ്രാധാന്യത്തോടു താരതമ്മ്യപ്പെടുത്താവുന്ന ഒരു പ്രവർത്തനമാണിതു്......ഈ ഡിക്രി ഒരത്ഭുതമാണെന്നാണു ഞാൻ പറയുന്നതു്. അഞ്ചുകൊല്ലത്തിനുമുമ്പു ചിന്തിക്കുകകൂടി വയ്യായിരുന്ന ഒരു പ്രഖ്യാപനം എങ്ങനെ കൗൺസിൽപിതാക്കന്മാരുടെ ഏകദേശഭൂരിപക്ഷം നേടിയെന്നതു് ഒരത്ഭുതമാണു്".

ഫാദർ കൊങ്കാറിനുമാത്രമല്ല പണ്ഡിതന്മാർക്കെല്ലാംതന്നെ "ഒരത്ഭുതമാ"യിത്തോന്നി, ഈ ഡിക്രിയുടെ പ്രസിദ്ധീകരണം. അകത്തോലിക്കലോകം മുഴുവൻതന്നെ ഈ ഡിക്രിയെ സ്വാഗതംചെയ്യുകയും അവരുടെ പത്രങ്ങളിലും മാസികകളിലും സംതൃപ്തിയുടേയും പ്രത്യാശയുടേയും വ്യാഖ്യാനങ്ങൾ പ്രത്യക്ഷപ്പെടുകയുമുണ്ടായി. ഒരു വാസ്തവം ശ്രദ്ധേയമാണ്: കൗൺസിലിൻെറ പതിനാറു പ്രമാണരേഖകളിൽവച്ചു് ഏററവുമധികം വായിക്കപ്പെട്ടിട്ടുള്ളതും ഏററവുമധികം വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളതും ഈ ഡിക്രിയാണു്. ഇത്രത്തോളം സാർവ്വലൗകികസ്വാഗതം ലഭിച്ച പ്രഖ്യാപനങ്ങളൊന്നുംതന്നെ ഇന്നുവരെ കത്തോലിക്കസഭയ്ക്കു് ഉണ്ടായിട്ടില്ലെന്നതും വാസ്തവമാണു്.

# 4. വിവർത്തനവും വ്യാഖ്യാനവും

## ഉപോദ്ഘാതം

1. സകല ക്രിസ്ത്യാനികളുടേയും ഐക്യത്തിൻെറ പുനഃസ്ഥാപനം പുരോഗമിപ്പിക്കുക വത്തിക്കാനിലെ രണ്ടാംസാർവ്വത്രിക സൂനഹദോസിൻെറ പ്രധാന ലക്ഷ്യങ്ങളിലൊന്നത്രേ. ക്രിസ്തുനാഥൻ സ്ഥാപിച്ച സഭ ഒന്നാണ്, ഒന്നുമാത്രം. എന്നാൽ, നിരവധി ക്രൈസ്തവസമൂഹങ്ങൾ തങ്ങളാണ ക്രിസ്തുവിൻെറ യഥാർത്ഥ പിൻഗാമികളെന്നു ലോകരോടു പ്രഖ്യാപിക്കുന്നു. ക്രിസ്തുതന്നെ വിഭജിതനായിരിക്കുന്നു * എന്നു തോന്നുമാറ്, കർത്താവിൻെറ ശിഷ്യന്മാരെന്നു പ്രഖ്യാപിക്കുന്നവർ എല്ലാംതന്നെ തങ്ങളുടെ ധാരണകളിൽ വിഭിന്നരാണ്. വിഭിന്ന മാർഗ്ഗങ്ങളിലൂടെയാണ് അവർ ഗമിക്കുന്നതു്. ഇത്തരം വിഭജനം ക്രിസ്തുവിൻെറ ഹിതത്തിനു കടകവിരുദ്ധമാണ്; ലോകത്തിനു ദുർമാതൃകയാണ്; എല്ലാ ജാതികളോടും സുവിശേഷം പ്രസംഗിക്കുക എന്ന വിശുദ്ധ കർമ്മത്തിന് അപകടകരവുമാണ്.

എന്നാൽ, യുഗങ്ങളുടെ കർത്താവു പാപികളായ നമുക്കുവേണ്ടിയുള്ള തൻെറ അനുഗ്രഹത്തിൻെറ പദ്ധതി സമർത്ഥമായും ശാന്തമായും പ്രാവർത്തികമാക്കുന്നു. ഈ അടുത്തകാലത്തു്, ഭിന്നിത ക്രിസ്ത്യാനികളുടെഇടയിൽ മനസ്താപവും ഐക്യത്തിനായുള്ള ആഗ്രഹവും അധികമായി ചൊരിയുവാൻ അവിടന്നു തുടങ്ങി. ഈ അനുഗ്രഹത്താൽ എല്ലായിടത്തും നിരവധിവ്യക്തികൾ പ്രചോദിതരായിട്ടുണ്ട്. നമ്മുടെ ഭിന്നിത സഹോദരങ്ങളുടെ ഇടയിലും, പരിശുദ്ധാത്മാവിൻെറ പോഷകാനുഗ്രഹത്താൽ എല്ലാ ക്രിസ്ത്യാനികളുടേയും ഐക്യം പുനഃസ്ഥാപിക്കുവാൻ ഒരു പ്രസ്ഥാനംതന്നെ ഉദിച്ചുയരുകയാണ്, ഇന്ന്. എക്യുമേനിക്കൽ പ്രസ്ഥാനം എന്നാണ് ഈ ഐക്യപ്രസ്ഥാനത്തെ സംബോധനചെയ്യുക. ഇതിൻെറ ഭാഗഭാക്കുകൾ ത്രീയേകദൈവത്തോടു പ്രാർത്ഥിക്കുന്നു; യേശുവിനെ കർത്താവും രക്ഷകനുമായി പ്രഖ്യാപിക്കുന്നു. ഒററതിരിഞ്ഞ വ്യക്തികളെന്ന നില

---

* 1 കോറി. 1: 13.

യിൽമാത്രമല്ല പിന്നെയോ, തങ്ങൾ സുവിശേഷം ശ്രവിച്ചതും തങ്ങളുടേയും ദൈവത്തിൻേറയും സഭയെന്നു സംബോധനചെയ്യുന്നതുമായ സമൂഹങ്ങളിൽ ഒന്നിച്ചുചേർന്നും അവർ ഇപ്രകാരം ചെയ്യുന്നു. ഇങ്ങനെ, വിവിധ വിധത്തിലാണെങ്കിലും എല്ലാവരും തന്നെ അഭിലഷിക്കുകയാണ്, ദൈവത്തിൻെറ മഹത്വത്തിനായി ലോകത്തെ സുവിശേഷത്തിലേക്കു നയിക്കുകയും അങ്ങനെ അതിനെ രക്ഷിക്കുകയും ചെയ്യാൻ സർവ്വലോകത്തേക്കും യാത്രയാക്കപ്പെട്ടിരിക്കുന്ന, സത്യത്തിൽ സാർവ്വത്രികമായ സഭ, ദൈവത്തിൻെറ ഏകവും ദൃശ്യവുമായ സഭ (സംജാതമായി കാണാൻ).

ഈ വിശുദ്ധ സൂനഹദോസ് ഇവയെല്ലാം സസന്തോഷം പരിഗണിക്കുകയാണ്. സഭയെപ്പററിയുള്ള സിദ്ധാന്തങ്ങൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇനിയും, ക്രിസ്തുവിൻെറ അനുയായികളിലെല്ലാം ഐക്യം പുനഃസ്ഥാപിക്കണമെന്ന ആഗ്രഹത്താൽ പ്രചോദിതരായി, ഈ ദിവ്യാഹ്വാനത്തോട്ടും അനുഗ്രഹത്തോട്ടും സഹകരിക്കുന്നതിനു് ഉതകുന്ന ഉപകരണങ്ങളും മാർഗ്ഗങ്ങളും വിധങ്ങളും സകല കത്തോലിക്കരുടേയും മുമ്പിൽ നിരത്തിവെക്കുവാൻ സൂനഹദോസ് അഭിലഷിക്കുന്നു.

സൂനഹദോസിൻെറ ലക്ഷ്യം എന്തെന്നു വ്യക്തമാക്കുകയാണു ഡിക്രിയുടെ പ്രഥമ വാചകം. ക്രൈസ്തവ സഭയുടെ ഐക്യം തകർന്നു തരിപ്പണമായിട്ടു നൂററാണ്ടുകൾതന്നെ കഴിഞ്ഞിരിക്കുന്നു എന്ന ചരിത്ര യാഥാർത്ഥ്യത്തെ അംഗീകരിച്ചതിൻെറ ഫലമത്രേ ഈ കൊച്ചുവാചകം. ക്രൈസ്തവസഭയുടെ ഐക്യം നശിച്ചിട്ടില്ലാ എന്ന അബദ്ധ ധാരണ അടിച്ചുടച്ചുകളയുകയാണിതു്. പക്ഷേ, "ക്രൈസ്തവസഭകൾ തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുകയാണു്" * സൂനഹദോസിൻെറ ല

* ഡിക്രിയുടെ മലയാളവിവർത്തനങ്ങൾ വരുത്തിവച്ചിട്ടുള്ള അബദ്ധങ്ങളിൽ ഒന്നാണിതു്. cf. "രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ", (ധർമ്മാരാം കോളജ്, ബാംഗളൂർ,

ക്ഷ്യം എന്നു പറയുക ശരിയല്ല. സഭകൾ തമ്മിൽ "ഉള്ള ഐക്യം" പുനഃസ്ഥാപിക്കണമെന്നു പറയുന്നതിൽ അൎത്ഥമുണ്ടോ? ഡിക്രിയുടെ മലയാളവിവൎത്തകർ ഇപ്രകാരം എഴുതി പിടിപ്പിച്ചതിൻെറ കാരണം മനസ്സിലാകുന്നില്ല. സഭൈക്യം പുനഃസ്ഥാപിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുക, കത്തോലിക്കർക്കോ കത്തോലിക്കമെത്രാന്മാരുടെ സൂനഹദോസിനോ തനിച്ചു സാധിക്കുന്ന ഒരു കാര്യമല്ലെന്നു് ആർക്കാണ് അറിഞ്ഞുകൂടാത്തതു്! മാത്രമോ, സൂനഹദോസിൻെറ ജനയിതാവായ ജോൺപാപ്പാ ആവൎത്തിച്ചാവൎത്തിച്ചു പറഞ്ഞില്ലേ ഈ സൂനഹദോസ് ഒരൈക്യസൂനഹദോസ് അല്ലെന്നു്; സഭൈക്യം പുനഃസ്ഥാപിക്കുകയല്ല ഇതിൻെറ പ്രധാനലക്ഷ്യമെന്നു്.

ക്രൈസ്തവപുനരൈക്യം പുരോഗമിപ്പിക്കുകയാണു്, പുനരൈക്യപ്രവൎത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണു സൂനഹദോസിൻെറ ലക്ഷ്യമെന്നു സുവ്യക്തമായി പ്രഖ്യാപിച്ചശേഷം പശ്ചാത്തലം വിശദമാക്കുകയാണു്, ഡിക്രി. എല്ലാവരും സമ്മതിക്കും, ക്രിസ്തുനാഥൻ സ്ഥാപിച്ച സഭ ഒന്നുമാത്രമാണെന്നു്; തൻെറ മൗതികശരീരമായി അവിടന്നു ഒരേയൊരു സഭമാത്രമേസ്ഥാപിച്ചുള്ളൂ. അതുപോലെതന്നെ, ആർക്കും നിഷേധിക്കാ

---

1967, മേയ്) p. 368; "സഭൈക്യത്തെപ്പററിയുള്ള ഡിക്രി", വിവ. ഫാ. സീലസ്, സി. എം. ഐ., (സത്യദീപം, 17, മാർച്ച്, 1965), Clergy Monthly-യും St. Paul Publications-സും പ്രസിദ്ധീകരിച്ചിട്ടുള്ള ഇംഗ്ലീഷ് വിവൎത്തനങ്ങളിലും ഈ തെററു കാണുന്നു.

നാവാത്ത ഒരു വസ്തുതയാണ്, ക്രിസ്തുനാഥൻ സ്ഥാപി ച്ച ആ ഏകസഭ ഇന്നു ഛിന്നഭിന്നമായിരിക്കയാണെന്ന തും. ജെ. ഗ്രൺഡ്ലർ (J. Grundler) എന്ന ജർമ്മൻ പണ്ഡിതൻെറ അഭിപ്രായത്തിൽ* 885,000,000-ത്തിനുമേൽ വരുന്ന ക്രിസ്ത്യാനികൾ ഇന്ന് 2659 സഭ കളിലായി ഭിന്നിച്ചുകഴിയുകയാണ്. അഭിപ്രായ വ്യ ത്യാസങ്ങളും അഭിരുചിവ്യത്യാസങ്ങളും പുതിയ പുതി യ സഭകൾക്കു രൂപം കൊടുത്തുകൊണ്ടിരിക്കുകയുമാണ്.

ഈ പരിതോവസ്ഥയെ സ്പർശിച്ചശേഷം അതി ഖേദകരമായ ഇതിൻെറ പരിണതഫലങ്ങളിലേക്കു കട ക്കുകയാണ്, ഡിക്രി: ഓരോ സഭയും, പരസ്പരവിരുദ്ധ ങ്ങളായ തത്വങ്ങളാണു പ്രസംഗിക്കുന്നതെങ്കിലും തങ്ങ ളാണു ക്രിസ്തുവിൻെറ സത്യസഭ എന്നു വാദിക്കുന്നു. പോരാ, മററു സഭകൾ ദുഷിച്ചുപോയെന്നും അവയിലൂ ടെ രക്ഷപ്രാപിക്കുക അസാദ്ധ്യമാണെന്നും മററും സമ ർത്ഥിക്കുവാനാണ് ഓരോരുത്തരുടേയും പരിശ്രമം. ക്രി സ്തുവിൻെറ ഹിതത്തിനു കടകവിരുദ്ധമാണിതെന്നു പറ യേണ്ടതില്ലല്ലോ. പരസ്പരം സ്നേഹിക്കുവാനും അപ്രകാ രം തൻെറ ശിഷ്യന്മാരാണെന്നു ലോകത്തിനു വ്യക്തമാ ക്കിക്കൊടുക്കുവാനുമാണു ക്രിസ്തുനാഥൻ ആവശ്യപ്പെട്ടി ട്ടുള്ളതു്. തൻെറ അനുയായികളെ അവരുടെ പരസ്പര സ്നേഹത്താൽ തിരിച്ചറിയണമെന്നത്രേ അവിടുത്തെ തി രുഹിതം. അതുകൊണ്ടു്, ക്രിസ്തുമതത്തിൻെറ അക്രൈ

* "Lexikon Der Christlichen kirchen und Sekten," Published in 1961.

സ്തവമായ ഇന്നത്തെ സ്ഥിതി ലോകത്തിനു് ഒരു വലിയ ദുർമ്മാതൃകയാണു്, സുവിശേഷഘോഷണത്തെ നശിപ്പിക്കുന്ന ഒരു പ്രതിബന്ധമാണു്.

അവഹേളനാത്മാകമായ ഈ പരിത:സ്ഥിതിയെ ഒന്നു മാററിയെടുക്കുവാൻ പരിശുദ്ധാത്മാവുതന്നെ പ്രവ ത്തിക്കുകയാണിന്നു്. വിഭജനത്തിൻെറ അക്രൈസ്തവത്വം അവിടന്നു സകല ക്രിസ്ത്യാനികളേയും ധരിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അതോടൊപ്പം, പുനരൈക്യത്തിനായി പരിശ്രമിക്കുവാൻ നിരവധി വ്യക്തികളെ മുമ്പോട്ടു നയിക്കുന്നുമുണ്ടു്, അവിടുന്നു. അതായതു് ഇന്നു നാം കാണുന്ന എക്യുമേനിക്കൽ സംരംഭങ്ങൾ, സംഘടനകൾ, പ്രവത്തനങ്ങൾ എന്നിവയെല്ലാം പരിശുദ്ധാത്മാവിൻെറ ദാനങ്ങളത്രേ. കത്തോലിക്കസഭയ്ക്കു പുറമേ പരിശുദ്ധാത്മാവു പ്രവത്തിക്കുന്നില്ലാ എന്നു പഠിപ്പിക്കാൻ മടിക്കാതിരുന്ന ചില കത്തോലിക്കർക്കു് ഒരു കനത്ത പ്രഹരം നല്കുകയാണു കൗൺസിൽ ഇവിടെ.

അകത്തോലിക്കരുടെ ഇടയിൽ പരിശുദ്ധാത്മാവു പടുത്തുയത്തിയിരിക്കുന്ന എക്യുമെനിസത്തെ വിശദീകരിക്കുവാൻ ശ്രമിക്കുകയാണു്, ഡിക്രി. അതിനു്, സഭകളുടെ ലോകസമിതിയുടെ നിർവ്വചനംതന്നെയാണു സ്വീകരിച്ചിരിക്കുന്നതു്. വ്യക്തിപരമായും സമൂഹങ്ങളായും ത്രിയേകദൈവത്തോടു പ്രാർത്ഥിക്കുകയും യേശുക്രിസ്തുവിനെ രക്ഷകനായി പ്രഖ്യാപിക്കുകയും ചെയ്യുന്നവരാണു് എക്യുമെനിസത്തിൻെറ പ്രണേതാക്കൾ. ഇവരെല്ലാം നിരവധി സഭകളിലായി ഛിന്നിച്ചിതറിക്കിട

ക്കുകയാണെന്നും ഓരോരുത്തരും തങ്ങളുടെ സഭയാണു സത്യസഭയെന്ന വിശ്വാസക്കാരാണെന്നും മററുമുള്ള സത്യങ്ങൾ മറച്ചുവച്ചിട്ടില്ല. അങ്ങനെ, എക്യുമെനിസത്തിൻെറ അന്തരാത്മാവിനെ ഒന്നുരണ്ടു വാചകങ്ങളിൽ പ്രസ്പഷ്ടമാക്കുവാൻ ഡിക്രിക്കു സാധിച്ചിരിക്കുന്നു.

ഈ എക്യുമെനിസത്തിൻെറ ലക്ഷ്യം ക്രൈസ്തവ സഭകളുടെ ഐക്യം കണ്ടെത്തുകയാണെന്നോ ക്രൈസ്തവരിൽ ഐക്യം സ്ഥാപിക്കുകയാണെന്നോ പറഞ്ഞാൽ ശരിയായിരിക്കയില്ലെന്നു സ്കെമ്മയുടെ ചർച്ചാവേളയിൽ ചില പിതാക്കന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. കാരണം, പതിനൊന്നാംനൂററാണ്ടുവരെ സഭയിൽ പറയത്തക്ക വലിയ പിളർപ്പൊന്നും ഇല്ലായിരുന്നു. അതുകൊണ്ടു്, എക്യുമെനിസത്തിൻെറ ലക്ഷ്യം ക്രൈസ്തവൈക്യം "കണ്ടെത്തുക (assequendum)" എന്നതു മാററി "പുന:സ്ഥാപിക്കുക (Restaurandum)" എന്നാക്കണമെന്നു് അവർ വാദിച്ചു. അവരുടെ അഭിപ്രായം കൗൺസിൽ സ്വീകരിച്ചു. ഈ ഒരു വാക്കിൻെറ തിരുത്തൽ ഡിക്രിയുടെ അർത്ഥത്തെത്തന്നെ ആകെയൊന്നു മാററിയെന്നു പറയാം.

ആമുഖത്തിൻെറ അവസാനഖണ്ഡികയിൽ രണ്ടു പ്രധാനകാര്യങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ടു്: 1) ഡിക്രിയെ ശരിക്കു ഗ്രഹിക്കണമെങ്കിൽ സഭയെപ്പററിയുള്ള ഡോഗ്മാററിക്കു കോൺസ്ററിററ്യൂഷൻ പഠനവിഷയമാക്കിയേ പററൂ. കാരണം, പ്രസ്തുത പ്രമാണരേഖയിൽ വ്യക്തമാക്കിയിട്ടുള്ള തത്വങ്ങളുടെ വിശദീകരണങ്ങളാണു

കൗൺസിലിൻെറ മററു ഡോക്കമെൻറുകളെല്ലാംതന്നെ. ഇതേപ്പററി പിന്നാലെ പറഞ്ഞുകൊള്ളാം. ഇവിടെ പൗലോസു പാപ്പായുടെ വാക്കുകൾ ഉദ്ധരിക്കുകമാത്രം ചെയ്യുന്നു: "ഇനിയും ഭിന്നിച്ചുകഴിയുന്ന സഹോദരങ്ങൾ ശരിയായ, ഔദാര്യപൂർവ്വകമായ ഉദ്ദേശ്യത്തോടുകൂടെ സഭയെപ്പററിയുള്ള പ്രബോധനത്തെ പരിഗണിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. കൗൺസിൽ അംഗീകരിച്ച എക്യുമെനിസത്തെപ്പററിയുള്ള ഡിക്രി ഇതിനെ പൂർണ്ണമാക്കുകയാണ്. ഈ പ്രബോധനം സ്നേഹത്തിൻെറ മധുരിമയ്ക്കു സമാനം അവരുടെ അന്തരാത്മാവിനെ പ്രചോദിപ്പിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു."* കൗൺസിലിൻെറ ത്രിതീയസമ്മേളനത്തിൽ സമാപനപ്രസംഗം ചെയ്യവേ സഭയെപ്പററിയുള്ള കോൺസ്റ്റിററ്യൂഷനെ പരാമർശിച്ചു സംസാരിക്കുകയായിരുന്നു, പാപ്പാ.

2) ഡിക്രിയുടെ ഉദ്ദേശ്യം കത്തോലിക്കരെ നയിക്കുകയാണ്. ലോകവ്യാപകമായ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ കത്തോലിക്കർ എപ്രകാരം പങ്കെടുക്കണമെന്നു പഠിപ്പിക്കുകയാണു ഡിക്രിയുടെ ലക്ഷ്യം; അല്ലാതെ, എക്യുമെനിസത്തിന് ഒരു നിയമാവലി സംഭാവനചെയ്യുകയല്ല. അതായത്, കത്തോലിക്കരുടെ എക്യുമേനിക്കൽ പ്രവത്തനങ്ങൾക്കു കടിഞ്ഞാണിടുവാനല്ല ഡിക്രിയുടെ രംഗപ്രവേശം; പിന്നെയോ, പരിശുദ്ധാത്മാവിൻെറ പ്രചോദനങ്ങൾക്കൊത്തു പുരോഗമിക്കു

* *A Stand on Ecumenism......, p. 66.*

വാൻ കത്തോലിക്കരെ ആഹ്വാനംചെയ്യുകയത്രേ. തിരു സംഘത്തിൻെറ ഒരു ഉപദേശവും പാപ്പാമാരുടെ ചില ചാക്രികലേഖനങ്ങളുമല്ലാതെ എക്യുമെനിസത്തെ സംബന്ധിക്കുന്ന മററു മാർഗ്ഗദർശകപ്രബോധനങ്ങൾ ഒന്നംതന്നെയില്ലല്ലോ, കത്തോലിക്കർക്കു്. മാത്രമല്ല, പ്രസ്തുത പ്രബോധനങ്ങൾക്കു മാററം വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കയുമാണു്. കാരണം, എക്യുമെനിസത്തിൻെറ അതിശീഘ്രമായ പുരോഗമനം കത്തോലിക്കരിൽനിന്നു പലതും പ്രതീക്ഷിക്കുന്നുണ്ടു്. കത്തോലിക്കർ തങ്ങളുടെ കടമ ശരിക്കു നിർവ്വഹിക്കുന്നില്ല, എക്യുമെനിസത്തെസംബന്ധിച്ചിടത്തോളം. ഒരു പക്ഷേ, മുൻപ്രബോധനങ്ങളുടെ ഒരു പരിണതഫലമായിരിക്കാം, ഈ അപാകത. അതുകൊണ്ടാണു്, വളർന്നുകൊണ്ടിരിക്കുന്ന എക്യുമെനിസത്തിൽ കുതിച്ചു കയറുവാൻ കത്തോലിക്കനെ അനുവദിക്കണമെന്നും അതിനു സഹായകമായിരിക്കണം കൗൺസിലിൻെറ പ്രബോധനമെന്നും ചില പിതാക്കന്മാർ വാദിച്ചതു്. അവരുടെ അഭിപ്രായത്തിൽ അമ്പതു ശതമാനത്തോളം കൗൺസിൽ സ്വീകരിക്കുകയുണ്ടായി. അതിൻെറ പ്രത്യക്ഷപ്രകടനമാണു് "De Oecumenismo" എന്ന ഡിക്രി.

## ഒന്നാമദ്ധ്യായം

### എക്യുമെനിസത്തെപ്പററിയുള്ള കത്തോലിക്ക തത്വങ്ങൾ

സ്കെമ്മയുടെ ആദ്യ പതിപ്പിൽ ഈ അധ്യായത്തിൻെറ തലക്കെട്ടു് "കത്തോലിക്ക എക്യുമെനിസ

ത്തിൻെറ തത്വങ്ങളെപ്പററി" എന്നായിരുന്നു ചില പിതാക്കന്മാർ ഈ തലക്കെട്ടിനെ അങ്ങേയററം എതിർത്തു. അകത്തോലിക്കരുടെ ഇടയിൽ അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്ന എക്യുമെനിസത്തെ അവഗണിക്കുകയാണ്, എക്യുമെനിസത്തിൽത്തന്നെ ഒരു വിഭജനം സൃഷ്ടിക്കുകയാണ് ഈ തലക്കെട്ടെന്ന് അവർ വാദിച്ചു. തൽഫലമായി ആ തലക്കെട്ട് അപ്രത്യക്ഷമായി; തൽസ്ഥാനത്ത് ഇപ്പോഴത്തെ തലക്കെട്ട പ്രത്യക്ഷപ്പെട്ടു. തലക്കെട്ടിലുള്ള ഈ മാററം അർഹിക്കുന്ന ഒന്നാണെന്നത്രേ കൊങ്കാറിനെപ്പോലുള്ള ചിന്തകരുടെ അഭിപ്രായം. കാരണം, അകത്തോലിക്കരുടെ എക്യുമെനിസം യഥാർത്ഥ എക്യുമെനിസം അല്ലെന്ന ചിലരുടെ അഭിപ്രായത്തെ ഇതു ഖണ്ഡിക്കുന്നു. കത്തോലിക്കർ നടത്തിവന്നിരുന്ന പുനരൈക്യപ്രസ്ഥാനങ്ങൾ മാത്രമേ അഭികാമ്യമായി തോന്നിയിരുന്നുള്ളൂ ചിലർക്ക്. അവരെയെല്ലാം നിശ്ശബ്ദരാക്കിക്കൊണ്ട് ഈ തലക്കെട്ട വ്യക്തമാക്കുകയാണ് എക്യുമെനിസം ഒന്നേയുള്ളൂ; കത്തോലിക്കൻ ഇനിയും അവൻേറതായ എക്യുമെനിസവുംകൊണ്ടു മാറിനില്ക്കരുതു്; ക്രിസ്ത്യാനികളുടെയെല്ലാം ഒന്നിച്ചുള്ള ആകാംക്ഷയാണ സഭൈക്യം പുനസ്ഥാപിക്കുക എന്നും മററും. ലോകവ്യാപകമായ എക്യുമെനിസത്തിനു തന്നെത്തന്നെ മുഴുവനായി സമർപ്പിക്കുകയാണ കത്തോലിക്കസഭ. അല്ലാതെ, വ്യത്യസ്തമായ ഒരു എക്യുമെനിസം സൃഷ്ടിക്കുവാൻ പരിശ്രമിക്കുകയല്ല. കത്തോലിക്കരുടെ ചിന്താഗതിക്കു കൗൺസിൽ വരുത്തിയിട്ടുള്ള അത്ഭുതാവ

ഹമായ മാററം ഈ തലക്കെട്ടിൻെറ വ്യതിയാനത്തിൽ വളരെ വ്യക്തമായി കാണാം.

മൂന്നു അക്കങ്ങളിട്ടു തിരിച്ചിരിക്കുന്ന ഈ അധ്യായം മൂന്നു തത്വങ്ങൾ വ്യക്തമാക്കുന്നു: 1) കത്തോലിക്കാസഭയുടെ സമഗ്രമായ ഒരു വിവരണം—ലോകം കേട്ടു തഴമ്പിച്ചിട്ടുള്ള നിർവ്വചനങ്ങളിൽനിന്നൊക്കെ വിഭിന്നമായ, സകലർക്കും സ്വാഗതാർഹമായ, ഒന്നും മറച്ചുവയ്ക്കാത്ത സുന്ദരമായ ഒരു വിവരണമാണിതു്. 2) അകത്തോലിക്കർക്കു സഭയുമായുള്ള ബന്ധം—അവരെ വ്യക്തികളായും സഭകളായും പരിഗണിച്ചിട്ടുണ്ടു്. ക്രൈസ്തവർക്കെല്ലാവർക്കുമുള്ള പൊതു സ്വത്തിൻെറ, കുടുംബസമ്പത്തിൻെറ വെളിച്ചത്തിലാണു് ഈ പരിഗണന നടത്തിയിരിക്കുന്നതു്. 3) ഐക്യത്തിനായി പരിശ്രമിക്കേണ്ടതിൻെറ ആവശ്യവും ചില മാർഗ്ഗദർശക തത്വങ്ങളും—ഐക്യാഭിനിവേശം ഈ യുഗത്തിൻെറ പ്രത്യേകതയാണെന്നും അതിൽ കത്തോലിക്കർ സർവ്വത്ര പങ്കുചേരണമെന്നും സ്ഥാപിക്കുകയാണു ഡിക്രി. ഒപ്പം വ്യക്തിപരമായ പുനരൈക്യത്തേയും ക്രൈസ്തവ തത്വങ്ങൾ വ്യക്തമാക്കാനുള്ള മാർഗ്ഗങ്ങളേയുംപററി പരാമർശിക്കുന്നുമുണ്ടു്.

അങ്ങനെ, സഭൈക്യത്തെ സംബന്ധിച്ചു വെളിപാടിൻെറ വെളിച്ചത്തിലുള്ള സവിസ്തരവും സമഗ്രവുമായ ഒരു പഠനമാണു് ഈ അധ്യായമെന്നു പറയാം. വി. ഗ്രന്ഥത്തിൽനിന്നുള്ള ഉദ്ധരണികൾകൊണ്ടാണിതു നെയ്തെടുത്തിരിക്കുന്നതു്. മാത്രമോ, വിവക്ഷയെപ്പററി വിപ

രിതാഭിപ്രായങ്ങളുള്ള ഉദ്ധരണികളെല്ലാംതന്നെ ചർച്ചാവേളയിൽ നീക്കം ചെയ്യുകയുമുണ്ടായി. അങ്ങനെ, അകത്തോലിക്കാസഹോദരങ്ങളുടെ വിശുദ്ധഗ്രന്ഥവിശകലനംപോലും കണക്കിലെടുത്തുകൊണ്ടാണ് ഈ അദ്ധ്യായം തയ്യാറാക്കിയിരിക്കുന്നത്. വി. ഗ്രന്ഥത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള സഭയെ അന്വേഷിച്ച് പുറപ്പെട്ടിരിക്കുന്ന എക്യുമേനിക്കൽ പ്രസ്ഥാനക്കാർക്ക് ഈ അധ്യായം ഒരു ചൂണ്ടുപലകയാണെന്നു തീർത്തു പറയാം.

## സഭയുടെ ഐക്യവും അതുല്യതയും

**2. പിതാവു തൻെറ ഏകജാതനെ ലോകത്തിലേക്ക് അയച്ചു; രക്ഷണീയമായ കർമ്മത്താൽ മനുഷ്യകുലത്തെ മുഴുവൻ വീണ്ടും ജനിപ്പിക്കുവാനും ഒന്നിപ്പിക്കുവാനും(1) അവിടുന്നു മനുഷ്യനായി. ഇതിലാണു ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷപ്പെടുന്നത്. കുരിശാകുന്ന ബലിപീഠത്തിൽ നിർമ്മല ബലിവസ്തുവായി സ്വയം അർപ്പിക്കുന്നതിനുമുമ്പു മിശിഹാ വിശ്വാസികൾക്കുവേണ്ടി പിതാവിനോട് അപേക്ഷിച്ചു: "അവരെല്ലാം ഒന്നായിരിക്കട്ടെ, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ഒന്നായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കട്ടെ. അങ്ങനെ അങ്ങാണ് എന്നെ അയച്ചതെന്ന് ലോകം വിശ്വസിക്കട്ടെ" (യോഹ. 17: 21). സഭയുടെ ഐക്യത്തെ സൂചിപ്പിക്കുകയും സാക്ഷാത്കരിക്കുകയുംചെയ്യുന്ന ദിവ്യകാരുണ്യം എന്ന അത്ഭുതകരമായ കൂദാശ അവിടുന്നു തൻെറ സഭയിൽ സ്ഥാപിച്ചു. അവിടുന്നു തൻെറ ശിഷ്യർക്കു പരസ്പരസ്നേഹത്തിൻെറ പുതിയ കല്പന നല്കി(2), അവരുടെ സഹായിയായി പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു. (3) കർത്താവും ജീവദാതാവുമായി പരിശുദ്ധാത്മാവ് എന്നേക്കും അവരോടുകൂടെ വസിക്കും.**

**കുരിശിൽ ഉയർത്തപ്പെട്ട മഹത്വീകൃതനായ കർത്താവായ യേശു**

(1) cf. 1. ജോൺ. 4: 9; കൊളോ, 1: 18-20, ജോൺ 11:52.
(2) cf. ജോൺ. 13: 34. (3) ജോൺ, 16: 7.

വാഗ്ദാനപ്രകാരം പരിശുദ്ധാത്മാവിനെ അയച്ചു. പരിശുദ്ധാത്മാവുവഴി അവിട്ടന്നു സഭയാകുന്ന തൻെറ പുതിയ ഉടമ്പടിയിലെ ജനത്തെ വിശ്വാസത്തിൻെറയും പ്രത്യാശയുടേയും സ്നേഹത്തിൻെറയും ഐക്യത്തിലേക്കു വിളിക്കുകയും ഒന്നിപ്പിക്കുകയും ചെയ്തു. അങ്ങനെയാണ് അപ്പസ്തോലൻ പഠിപ്പിക്കുന്നതു്: "ഒരു ശരീരവും ഒരാത്മാവുമേയുള്ളു, നിങ്ങൾ പ്രത്യാശയുടെ ഒരേ വിളിയിലേയ്ക്കു വിളിക്കപ്പെട്ടതുപോലെ. ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും" (എഫേ. 14: 4-5). എന്തെന്നാൽ, "ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാം ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.... യേശുക്രിസ്തുവിൽ നിങ്ങളെല്ലാം ഒന്നായിരിക്കുന്നു" (ഗാല: 3: 27-28). പരിശുദ്ധാത്മാവു വിശ്വാസികളിൽ വസിച്ചുകൊണ്ടു സഭയെ മുഴുവൻ നിറക്കുകയും നയിക്കുകയും വിശ്വാസികളുടെ അത്ഭുതകരമായ ഐക്യം സംജാതമാക്കുകയും എല്ലാവരേയും ക്രിസ്തുവിൽ ഗാഢമായി യോജിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ, പരിശുദ്ധാത്മാവാണു സഭയുടെ ഐക്യത്തിനു നിദാനം. "സേവനത്തിനും ക്രിസ്തുവിൻെറ ശരീരം കെട്ടിപ്പടുക്കുന്നതിനും വിശുദ്ധരെ ഒരുക്കുന്നതിനുമായി" (എഫേ. 4: 12) യേശുക്രിസ്തുവിൻെറ സഭയെ വിവിധ ധർമ്മങ്ങളാൽ സമ്പന്നമാക്കി കൃപാവരങ്ങളും കർത്തവ്യങ്ങളും വിഭജിച്ചുകൊടുക്കുന്നതും അവിടന്നുതന്നെ.(1)

ക്രിസ്തു, തൻെറ പരിശുദ്ധ സഭ ലോകാവസാനംവരെ ഭൂമിയിലെങ്ങും സുസ്ഥിരമായി നിലകൊള്ളുന്നതിനുവേണ്ടി പഠിപ്പിക്കുക, ഭരിക്കുക, വിശുദ്ധീകരിക്കുക എന്നീ കർത്തവ്യങ്ങൾ പന്ത്രണ്ടു അപ്പസ്തോലന്മാരുടെ സംഘത്തെ ഭരമേല്പിച്ചു(2). അവരിൽനിന്നു പത്രോസിനെ തിരഞ്ഞെടുത്തു; അയാളുടെ വിശ്വാസപ്രഖ്യാപനാനന്തരം അവിടന്നു് അയാളിൽ തൻെറ സഭയെ പണിയുന്നതിനുള്ള തീരുമാനം പ്രഖ്യാപിച്ചു, സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ അദ്ദേഹത്തിനു വാഗ്ദാനംചെയ്തു(3). വീണ്ടും, പത്രോസിൻെറ സ്നേഹപ്രഖ്യാപനാനന്തരം അവിടന്നു തൻെറ ആടുകളെ

---

(1) cf. 1 കൊറി. 12: 4-11.

(2) cf. മത്താ, 28: 18-20, ജോൺ. 20: 21-23

(3) cf. മത്താ, 16: 19; 18: 18.

യെല്ലാം വിശ്വാസത്തിൽ സ്ഥിരീകരിക്കുവാനും (1) പരിപൂർണ്ണ ഐക്യത്തിൽ മേയിക്കുവാനും അയാളെ ഏല്പിച്ചു.(2) എന്നാൽ പ്രധാനമൂലക്കല്ലും (3) നമ്മുടെ ആത്മാക്കളുടെ പാലകനും (4) എന്നും യേശുതന്നെ ആയിരിക്കും.

യേശുക്രിസ്തു തിരുമനസ്സായി, അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും അതായത്, പത്രോസിന്റെ പിൻഗാമിയുടെ നേതൃത്വത്തിലുള്ള മെത്രാന്മാർ വിശ്വസ്തതാപൂർവ്വം സുവിശേഷം പ്രസംഗിക്കണമെന്നും കൂദാശകൾ പരികർമ്മം ചെയ്യണമെന്നും സ്നേഹപൂർവ്വം സഭയെ ഭരിക്കണമെന്നും. അങ്ങനെ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ തന്റെ ജനം വളരണമെന്നും അവിടുന്നു തീരുമാനിച്ചു. ഒരേവിശ്വാസപ്രഖ്യാപനവും ദൈവാരാധനയുടെ പൊതുവായ അനുഷ്ഠാനവും ദൈവത്തിന്റെ കുടുംബത്തിലെ സാഹോദര്യസ്വരുമയുംവഴി ഐക്യത്തിലുള്ള അവരുടെ സഹവർത്തിത്വത്തെ അവിടുന്നു പൂർത്തീകരിക്കുന്നു.

അങ്ങനെ, ദൈവത്തിന്റെ ഒരേയൊരു അജഗണമായ സഭ, ജനതകളുടെ ഇടയിൽ ഉയർത്തപ്പെട്ട ഒരടയാളംപോലെ (5) മനുഷ്യവർഗ്ഗത്തിനു മുഴുവൻ സമാധാനത്തിന്റെ സുവിശേഷം പ്രദാനംചെയ്തുകൊണ്ടു (6) നിത്യപിതാവിന്റെ രാജ്യത്തിലേക്കുള്ള തന്റെ യാത്ര പ്രത്യാശാപൂർവ്വം തുടരുകയാണ് (7). സഭയുടെ ഐക്യത്തിന്റെ വിശുദ്ധ രഹസ്യം ഇതാണ്: ക്രിസ്തുവിലും ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവു വിവിധ ധർമ്മങ്ങൾ അനുഷ്ഠിക്കുന്നു. ഈ രഹസ്യത്തിന്റെ അത്യുന്നതമാതൃകയും ഉറവിടവും ത്രിത്വത്തിലെ വ്യക്തികളുടെ ഐക്യമാണ്, പിതാവും പുത്രനും പരിശുദ്ധാത്മാവുംചേർന്ന് ഒരേകദൈവമെന്നതിലാണ്.

---

(1) cf. ലൂക്കാ. 22: 32. (2) ജോൺ. 21: 15-17.

(3) എഫേ. 2: 20.

(4) 1 പത്രോ. 2: 25, ഒന്നാം വത്തിക്കാൻ സൂനഹദോസിന്റെ നാലാം സമ്മേളനം (1870), "നിത്യ ഇടയൻ" എന്ന കോൺസ്റ്റിറ്റൂഷൻ: Coll. Lac. 7, 482 a.

(5) cf. ഐസാ. 11: 10-12, (7) 1 പത്രോ, 1: 3-9.

(6) എഫേ. 2: 17-18; മാർക്ക്, 16: 15.

സഭയുടെ വിവരണം അടങ്ങുന്ന ഈ ഖണ്ഡിക യിൽ അഞ്ചു കാര്യങ്ങൾ അടുക്കൊപ്പിച്ചു വിവരിച്ചിട്ടുണ്ട്: 1) ക്രിസ്തുവിന്റെ രക്ഷണീയകർമ്മവും സഭാസ്ഥാപനവും; 2) സഭയുടെ ഐക്യവും ദിവ്യകാരുണ്യവും; 3) സഭയിൽ പരിശുദ്ധാത്മാവു നിർവ്വഹിക്കുന്ന കൃത്യങ്ങൾ; 4) അപ്പസ്തോലന്മാരുടെ ദൗത്യവും അതിന്റെ തുടർച്ചയും; 5) സഭയുടെ തീർത്ഥാടകസ്വഭാവം.

**നിത്യരക്ഷയും സഭയും**

ദൈവം എല്ലാമനുഷ്യരുടേയും പിതാവാണ്. അവിടത്തെ സ്നേഹം ഒന്നുമാത്രമാണു ലോകത്തെ ഭവിപ്പിക്കുന്നതും ഭരിക്കുന്നതും നയിക്കുന്നതും. അതുകൊണ്ടാണ്, ദൈവം സകല മനുഷ്യരുടേയും നിത്യരക്ഷ അഭിലഷിക്കുന്നെന്നു ക്രിസ്തുമതം അനുശാസിക്കുന്നത്. മനുഷ്യനാണു പാപം ചെയ്തതെങ്കിലും മനുഷ്യനാൽമാത്രം വീട്ടാൻ സാധിക്കാത്ത കടം ആ പാപം മനുഷ്യകുലത്തിനു മുഴുവൻ ഉണ്ടാക്കിയെന്നും ആ കടം വീട്ടി മനുഷ്യനെ രക്ഷിക്കുവാൻ ദൈവംതന്നെ മനുഷ്യനായെന്നും കുരിശുമരണംകൊണ്ടു മനുഷ്യരുടെ സകല പാപങ്ങൾക്കും ക്രിസ്തു പരിഹാരം അർപ്പിച്ചെന്നും മററുമുള്ള അടിസ്ഥാനതത്വങ്ങൾ ക്രൈസ്തവസഭകൾക്കെല്ലാം പൊതുവായുള്ളവയാണ്. ക്രിസ്തുനാഥൻ തന്റെ രക്ഷണീയകർമ്മം തുടരുന്നതിനു്, അതിന്റെ ഫലം വിതരണം ചെയ്യുന്നതിന് ഒരു സഭ സ്ഥാപിച്ചെന്നും വിശുദ്ധ ഗ്രന്ഥം നിവേശിത ലിഖിതമായി അംഗീകരിക്കുന്ന ക്രൈസ്തവസഭ

കളെല്ലാം സമ്മതിക്കും. ക്രിസ്തുവിൻെറ ദിവ്യ സന്ദേശം സകല ജാതികളോടും പ്രസംഗിക്കുവാനും വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തി വിശ്വാസത്തിൽ ഉറപ്പിക്കുവാനും പരിശുദ്ധാത്മാവിനെ പ്രദാനംചെയ്തു് അവരെ വിശ്വാസത്തിൽ സ്ഥിരീകരിക്കുവാനും നിത്യജീവിതത്തിലേക്കു നയിക്കുവാനും സഭയ്ക്കു കടമയുണ്ടു്. സഭയ്ക്കു് ഉണ്ടായിരിക്കേണ്ട പ്രത്യേകതകളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതായി ക്രിസ്തുനാഥൻതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതു സ്നേഹവും ഐക്യവുമാണു്. ക്രിസ്ത്യാനികളെ ലോകം തിരിച്ചറിയേണ്ടതു് അവരുടെ പരസ്നേഹത്താലും ഐക്യത്താലും ആയിരിക്കണം. അന്ത്യനിമിഷംവരെ ക്രിസ്തുനാഥൻെറ അഭിലാഷവും പ്രാർത്ഥനയും ഇതുതന്നെയായിരുന്നു. ത്രിത്വത്തിലേ വ്യക്തികളുടെ ഐക്യത്തിൻെറ മാതൃകയിലുള്ള ഐക്യമാണു് ക്രിസ്ത്യാനികളുടെ ഇടയിൽ കാണേണ്ടതു്. കാരണം, ക്രിസ്ത്യാനികൾ ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളാണു്, ക്രിസ്തുവിൽ അവർ ഒന്നാണു്.

## ദിവ്യകാരുണ്യം

ക്രിസ്തു തൻെറ അന്ത്യത്താഴത്തിൽ സ്ഥാപിച്ച ദിവ്യകാരുണ്യമെന്ന കൂദാശ ക്രൈസ്തവൈക്യത്തിൻെറ പ്രതീകമാണെന്നു പൗലോസ്ലീഹാ പറയുന്നു. കാരണം, അതിലൂടെ ക്രിസ്തുവിൻെറ ശരീരരക്തങ്ങൾതന്നെ ഭക്ഷണപാനീയങ്ങളായി ക്രിസ്ത്യാനികൾക്കു നല്കുകയാണു്, ക്രിസ്ത്യാനികൾ ക്രിസ്തുവിൽ ഒരേ ശരീരമാണെന്നു വ്യ

ക്തമാക്കുവാൻ. ക്രിസ്തുവിൻെറ ശരീരം ഭക്ഷിച്ചാൽമാത്രമേ ഒരുവനിൽ നിത്യജീവനുണ്ടാവുകയുള്ളൂ. ക്രിസ്തുവിനെ ഉൾക്കൊള്ളുകയും ക്രിസ്തുവിൽ ജീവിക്കുകയും ചെയ്യാത്ത വ്യക്തി ക്രിസ്ത്യാനിയാകുന്നതെങ്ങനെ! കർത്താവിൻെറ മേശയ്ക്കു ചുററുമിരുന്നു ആ ദിവ്യഭക്ഷണം കഴിക്കുകയും സ്വർഗ്ഗീയജീവൻെറ പാനീയം കുടിക്കുകയും ചെയ്യുമ്പോഴല്ലാതെ എപ്പോഴാണു് ക്രൈസ്തവൈക്യം വ്യക്തമാവുക? ഒരേ മേശയ്ക്കു ചുററുമിരുന്നു സ്വർഗ്ഗീയ മന്നാ ഭക്ഷിക്കുവാനും ജീവൻെറ പാനീയം പകരുവാനും ക്രിസ്ത്യാനികൾക്കു കഴിയാത്തിടത്തോളംകാലം അവരുടെ ഇടയിൽ ഐക്യമുണ്ടാവില്ല, സ്നേഹമുണ്ടാവില്ല, ക്രിസ്തുവുമുണ്ടാവില്ല. സഭൈക്യത്തിൻെറ മുമ്പിൽ ഇന്നു നിലകൊള്ളുന്ന ഏററവും വലിയ പ്രതിബന്ധം ഐക്യത്തിൻെറ പ്രതീകമായ ഈ കൃദാശതന്നെയെന്ന വസ്തുതയാണു ഖേദകരം. ലൂതർക്കും കാല്വിനും അവരുടെ അനുയായികൾക്കും ഒന്നിച്ചുപോകുവാൻ, ഐക്യപ്പെടുവാൻ, സാധിക്കാതിരുന്നതും അവരുടെ ഐക്യസംഭാഷണങ്ങളെല്ലാം പരാജയപ്പെട്ടതും ഈ ഒരു കൃദാശയെപ്പററിയുള്ള അഭിപ്രായവ്യത്യാസംകൊണ്ടാണു്. ഐക്യത്തിൻെറ കൃദാശ ഐക്യത്തിനെതിരായ ഉരുക്കു കോട്ടയായി പരിണമിക്കുക, എന്തൊരു വിരോധാഭാസം! എന്നാൽ, രണ്ടാം വത്തിക്കാൻ സൂനഹദോസ് ക്രൈസ്തവൈക്യത്തിൻെറ പ്രതീകമായി, ഐക്യത്തെ സംജാതമാക്കുന്ന രഹസ്യമായി, ദിവ്യകാരുണ്യത്തെ കണക്കാക്കുകയാണു്. ഈ ഡിക്രിയിൽമാത്രമല്ല സഭയെ സംബ

ന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷനിലും ആരാധനക്രമത്തെപ്പററിയുള്ള ഡിക്രിയിലും ഈ ആശയം വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ക്രൈസ്തവസഭയുടെ ആരംഭകാലംമുതലുള്ള ചരിത്രം പരിശോധിച്ചാൽ ദിവ്യകാരുണ്യം ഐക്യത്തിൻെറ പ്രതീകമായി എന്നും കണക്കാക്കപ്പെട്ടിരുന്നെന്നു കാണാം. രണ്ടാംനൂററാണ്ടിൻെറ ആദ്യഘട്ടത്തിലുണ്ടായ ഡിഡക്കെ (Didache) യും ക്രൈസ്തവദൈവശാസ്ത്രത്തിൻെറ നെടുന്തൂണുകളായ ആഗുസ്തീനോസ്, തോമസ് അകവീനാസ്, ജെറൂസലേമിലെ സിറിൽ, അലക്സാൺട്രിയായിലെ സിറിൽ, ക്രിസോസ്തോം എന്നിവരും ഐക്യത്തിൻെറ പ്രതീകമായി ദിവ്യകാരുണ്യത്തെ വിവരിക്കുന്ന ഭാഗങ്ങൾ ശ്രദ്ധേയങ്ങളാണ്. പുരാതന സഭയുടെ ഈ ദിവ്യകാരുണ്യാവബോധം കിഴക്കൻസഭകളും കത്തോലിക്കസഭയും ഇന്നും പ്രഖ്യാപിക്കുന്നുണ്ട്. ലിയോ പതിമൂന്നാമൻ പാപ്പായുടെ Mirae Caritatis എന്ന ചാക്രികലേഖനവും പന്ത്രണ്ടാംപീയൂസിൻെറ Mystici Corporis–സും പോൾ ആറാമൻെറ Mysterium Fidei-യും സരളമായ ശൈലിയിൽ ഈ സത്യം വ്യക്തമാക്കുകയാണ്. 1967 മേയ് 25-ാം തീയതി പ്രസിദ്ധീകൃതമായ "ദിവ്യകാരുണ്യരഹസ്യത്തിൻെറ ആരാധനയെ സംബന്ധിക്കുന്ന ഉപദേശ"വും ക്രൈസ്തവൈക്യത്തിൽ ദിവ്യകാരുണ്യത്തിനുള്ള സുപ്രധാനഭാഗം ചൂണ്ടിക്കാണിക്കുന്നുണ്ട്.

ക്രൈസ്തവസഭകളിലെല്ലാംതന്നെ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഐക്യത്തിൻെറ ഈ

ക്രൂദാശ പരികർമ്മം ചെയ്യപ്പെടുന്നുണ്ട്. പക്ഷേ, വിഭിന്നങ്ങളായ ധാരണകളും വിശ്വാസങ്ങളും അവരെ ഒരുമിച്ചൊരു മേശയ്ക്കു ചുററുംകൊണ്ടുവരുന്നതിനു സമ്മതിക്കുന്നില്ല. കാരണം, ഓരോ സഭയും ഈ ദിവ്യരഹസ്യത്തിൻെറ ഓരോ അംശം (Aspect) വലുതാക്കിയെടുത്തു് അതുമാത്രമാണു സത്യമെന്നു വിശ്വസിക്കുന്നു. ഇവർ, തങ്ങളുടെ വിശ്വാസം അതിശയോക്തിപരമാണെന്നും മററുള്ളവർ വിശ്വസിക്കുന്നതിലും സത്യമുണ്ടെന്നും സമ്മതിക്കുവാൻ വിസമ്മതിക്കുന്നു. ഒരു കൂട്ടർ ഈ ദിവ്യരഹസ്യത്തിൻെറ 'ബലി'യെന്ന കാഴ്ചപ്പാടിനു് (Sacrificial aspect) അങ്ങേയററം പ്രാധാന്യം കൊടുക്കുവാൻ ശ്രമിക്കുമ്പോൾ മറെറാരു കൂട്ടർ ഇതിൻെറ സാമൂഹ്യവശത്തെ (Communal aspect) അത്രതന്നെ വലുതാക്കി കാണിക്കുന്നു. ദിവ്യാരാധനക്രമത്തിലുള്ള ഈ അതിരുകടന്ന നിലപാടുകൾ പരസ്പരധാരണയുടെ തലത്തിലേക്കു് ഇടിഞ്ഞു വീഴുന്നില്ലെങ്കിൽ സുദൃഢമായ സഭൈക്യം സാധ്യമാവുകയില്ല. എക്യുമേനിക്കൽ പ്രസ്ഥാനത്തിൻെറ പ്രണേതാക്കളെല്ലാം ഈ വസ്തുത ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണു്, എക്യുമേനിക്കൽ സംരംഭങ്ങളിൽ ഏവർക്കും തൃപ്തികരമായ പ്രാർത്ഥനാപ്രസ്ഥാനം സ്വാഗതാർഹമായിക്കൊണ്ടിരിക്കുന്നതു്.

## പരിശുദ്ധാത്മാവ്

സഭയിൽ പരിശുദ്ധാത്മാവു നിർവ്വഹിക്കുന്ന നിഗൂഢപ്രവർത്തനങ്ങളാണ് ഇനിയും പ്രതിപാദ്യവിഷയം. അഭിപ്രായവ്യത്യാസങ്ങളും അവബോധങ്ങളും അത്യധികം വളർന്നു വികസിച്ചിട്ടുള്ള ഒരു വിഷയമാണിത്. അതിനാൽ, വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമായികാണുന്ന വസ്തുതകൾമാത്രം നിരത്തിവച്ചുകൊണ്ടു തൃപ്തിപ്പെടുകയാണു ഡിക്രി. നാലുസംഗതികളാണ് ഇവിടെ വ്യക്തമാക്കിയിട്ടുള്ളതു്: 1) പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവുവഴി ക്രിസ്തുനാഥൻ തൻെറ പുതിയനിയമത്തിലെ ജനത്തെ വിളിക്കുകയും ഒന്നിപ്പിക്കുകയുംചെയ്തു. 2) ഓരോവിശ്വാസിയിലും പരിശുദ്ധാത്മാവ് അധിവസിക്കുന്നുണ്ട്. അങ്ങനെ, എല്ലാ വ്യക്തികളിലും വസിച്ചുകൊണ്ട് അവരെ ഐക്യത്തിലെത്തിച്ചു സഭയെ ഭരിക്കുന്നതു പരിശുദ്ധാത്മാവാണ്. 3) സഭയിലെ വിവിധപ്രവർത്തനങ്ങളും കടമകളും ഉദ്യോഗങ്ങളും അനുഗ്രഹങ്ങളും വിതരണംചെയ്യുന്നതും പരിശുദ്ധാത്മാവുതന്നെ. 4) പരിശുദ്ധാത്മാവിൻെറ പ്രവർത്തനംകൊണ്ടാണു സഭ വളരുന്നതും വിശ്വാസികൾ ഐക്യപ്പെടുന്നതും. കത്തോലിക്കാസഭയ്ക്കു പുറത്തു പരിശുദ്ധാത്മാവിൻെറ പ്രവർത്തനം ഇല്ലെന്നോ സഭയ്ക്കു പുറത്തായ വ്യക്തിയിൽ പരിശുദ്ധാത്മാവു വസിക്കുന്നില്ലെന്നോ ഉള്ള അമിതവാദങ്ങൾ തള്ളിക്കളയുകമാത്രമല്ല അകത്തോലിക്കരുടെ ഇടയിലും പരിശുദ്ധാത്മാവു വസിക്കുന്നെന്നും

പ്രവര്‍ത്തിക്കുന്നെന്നും വ്യക്തമാക്കുകകൂടി ചെയ്യുകയാണു ഡിക്രി ഇവിടെ. ഐക്യമെനിസത്തെ പരിശുദ്ധാത്മാവിന്‍െറ പ്രവര്‍ത്തനമായി പ്രഖ്യാപിച്ചതു് ഓര്‍ക്കുന്നുണ്ടല്ലോ. വേര്‍പെട്ട സഹോദരങ്ങളുടെ ഹൃദയത്തിലും പരിശുദ്ധാത്മാവു പ്രവര്‍ത്തിക്കുന്നുണ്ടെന്നും (നമ്പര്‍ 4) വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദാനങ്ങളും മററു് ആന്തരികസമ്മാനങ്ങളും അവര്‍ക്കും അവിടുന്നു നല്‍കുന്നുണ്ടെന്നും (നമ്പര്‍ 3) മററു സഭകളും സമൂഹങ്ങളും പ്രസാദവരത്തിന്‍െറ നീര്‍ച്ചാലുകളായിരിക്കയാണു, പരിശുദ്ധാത്മാവിന്‍െറ പ്രവര്‍ത്തനത്താലെന്നും (നമ്പര്‍ 3) ഈ ഡിക്രിയില്‍ത്തന്നെ പിതാക്കന്മാര്‍ പഠിപ്പിക്കുന്നു. അങ്ങനെ, നിരവധി നൂററാണ്ടുകളായി കത്തോലിക്കര്‍ വച്ചുപുലര്‍ത്തിയ തെററായ ധാരണകള്‍ തിരുത്തപ്പെടുകയാണു്.

പക്ഷേ, പരിശുദ്ധാത്മാവിന്‍െറ പേരുംപറഞ്ഞു, അവിടുത്തെ നിവേശനം അവകാശപ്പെട്ടുകൊണ്ടു നിലവിലിരിക്കുന്ന സഭാസൗധത്തെ തകര്‍ക്കുവാനും സ്വതന്ത്ര സഭകള്‍ സ്ഥാപിക്കുവാനും പരിശ്രമിക്കുന്നവരില്‍ പരിശുദ്ധാത്മാവു പ്രവര്‍ത്തിക്കുന്നെന്നു പറയുക പ്രയാസമാണു്. കാരണം, പരിശുദ്ധാത്മാവു ആരില്‍ പ്രവര്‍ത്തിച്ചാലും എവിടെ പ്രവര്‍ത്തിച്ചാലും അവിടുന്നു് ഒരു വിനാശകനല്ല; നവീകരിക്കുകയല്ലാതെ നശിപ്പിക്കുകയല്ല അവിടുത്തെ ജോലി. അതുകൊണ്ടു്, വ്യക്തിപരമായ പ്രാമാണികത്വം സ്ഥാപിക്കുവാന്‍ ശ്രമിക്കുന്നവര്‍ പരിശുദ്ധാത്മാവിനാല്‍ പ്രേരിതരാണെന്നു പറയുക

ന്യായമല്ല. എക്യുമെനിസത്തിനു വിഘാതമാവാതിരിക്കാനായിരിക്കും, ഡിക്രി ഇതെപ്പററി പരാമർശിക്കാതിരുന്നതു്.

**അപ്പസ്തോലികദൗത്യം**

സഭയുടെ അപ്പസ്തോലിക'മിഷനെ'പ്പററി പറയുന്ന ഭാഗം "സഭയെപ്പററിയുള്ള കോൺസ്റ്റിററ്യൂഷൻെറ സഹായംകൂടാതെ ശരിക്കു വിശദമാക്കുക പ്രയാസമാണു്. കാരണം, കോൺസ്റ്റിററ്യൂഷനിൽ വ്യക്തമാക്കിയിട്ടുള്ള തത്വങ്ങളുടെ ഒരു സൂചനമാത്രമേയുള്ളൂ, ഇവിടെ. മാത്രമല്ല, മുമ്പു പ്രസ്താവിച്ചതുപോലെ, സഭയെപ്പററിയുള്ള കോൺസ്റ്റിററ്യൂഷൻെറ പഠനംകൂടാതെ എക്യുമെനിസത്തെപ്പററിയുള്ള കത്തോലിക്കരുടെ ധാരണ പൂർണ്ണമായി ഗ്രഹിക്കുക സാദ്ധ്യമല്ല. ഐക്യസഭ എപ്രകാരമുള്ളതാകണമെന്നു പഠിച്ചുകൊണ്ടിരിക്കുന്ന എക്യുമെനിക്കൽപ്രസ്ഥാനക്കാർക്കു് ഈ കോൺസ്റ്റിററ്യൂഷൻെറ പഠനം ഒരു വഴികാട്ടിയാകുവാൻ സാദ്ധ്യതയുണ്ടു്". എന്തെന്നാൽ, ക്രിസ്തുനാഥൻ സ്ഥാപിച്ച സഭ എപ്രകാരമുള്ളതാണെന്ന ചോദ്യത്തിനു കത്തോലിക്കർ നല്കുന്ന, വിശുദ്ധ ലിഖിതങ്ങളുടേയും പാരമ്പര്യത്തിൻേറയും അടിസ്ഥാനത്തിൽ വ്യക്തമാക്കിയിട്ടുള്ള ഉത്തരമാണു് ഈ കോൺസ്റ്റിററ്യൂഷൻ.

എട്ടു് അധ്യായങ്ങളുള്ള ഒരു പ്രബന്ധമാണു് ഈ ഡോക്കുമെൻറു്: 1) സഭയുടെ രഹസ്യം. 2) ദൈവത്തിൻെറ ജനം. 3) സഭയുടെ ഹൈയരാക്കിക്കൽ ഘടന

യും മെത്രാന്മാരുടെ സ്ഥാനവും. 4) അല്മായർ. 5) വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക ക്ഷണം. 6) പ്രത്യേകമായി സമർപ്പിക്കപ്പെട്ട വ്യക്തികൾ—സന്യസ്ഥർ. 7) തീർത്ഥാടകസഭയുടെ മരണാനന്തരപ്രകൃതിയും സ്വർഗ്ഗീയസഭയുമായുള്ള ഐക്യവും. 8) ക്രിസ്തുവിന്റേയും സഭയുടേയും രഹസ്യത്തിൽ ദൈവമാതാവായ കന്യകമറിയത്തിനുള്ള സ്ഥാനം. ഈ എട്ട് അധ്യായങ്ങളിലും പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്ന തത്വങ്ങളുടെ പ്രായോഗികാഭ്യാസംമാത്രമാണ് കൗൺസിലിന്റെ മററു ഡോക്കുമെൻറുകളെല്ലാംതന്നെ. ഇതിന്റെ വെളിച്ചത്തിൽ സഭയുടെ വിവിധഘടകങ്ങളെപ്പററിയുള്ള പരിചിന്തനമാണു പൗരസ്ത്യസഭകളേയും മെത്രാന്മാരേയും സന്യാസികളേയും അല്മായരേയുംപററിയുള്ള ഡിക്രികൾ. സഭയും സഭയ്ക്കു പുറത്തുള്ള സംഘടനകളുമായുള്ള ബന്ധത്തെപ്പററിയുള്ള ചർച്ച എക്യുമെനിസം, അക്രൈസ്തവമതങ്ങൾ, സഭ ആധുനികലോകത്തിൽ എന്നിങ്ങനെയുള്ള ഡോക്കുമെൻറുകൾ രൂപപ്പെടുത്തി. സഭയുടെ പ്രത്യേകപ്രവർത്തനങ്ങളെപ്പററിയുള്ള പരിചിന്തനം ആരാധനക്രമം, ആശയവിനിമയോപാധികൾ, വിദ്യാഭ്യാസം, പ്രേഷിതവേല തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ഡോക്കുമെൻറുകൾ തയ്യാറാക്കി. ഇങ്ങനെ നോക്കിയാൽ, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സകല ഡോക്കുമെൻറുകൾക്കും അടിസ്ഥാനം ഈ കോൺസ്റ്റിററ്യൂഷനാണെന്നു കാണാം.

ഇതിൽ നമ്മുടെ ശ്രദ്ധയെ ഏററമധികം ആകർ

ഷിക്കുന്നതു് കോൺസ്റ്റിററ്യൂഷൻെറ മൂന്നാമദ്ധ്യായമാണു്. കാരണം, എക്യുമെനിസത്തിൻെറ സഫലീകരണത്തിനും സഭകളുടെ ഐക്യത്തിനും പ്രതിബന്ധമായിനില്ക്കുന്ന ഒരു വലിയ പ്രശ്നത്തെ ചർച്ച ചെയ്യുകയാണീയധ്യായം: സഭയിൽ മെത്രാന്മാർക്കുള്ള സ്ഥാനവും അവരുടെ തലവനെപ്പററിയുള്ള ചർച്ചയും. അപ്പസ്തോലന്മാരുടെ അധികാരാവകാശങ്ങൾ മെത്രാന്മാർക്കു ലഭിക്കുന്നെന്നു സമ്മതിക്കുവാൻ പല ക്രൈസ്തവസഭകളും തയ്യാറല്ല. അപ്പസ്തോലന്മാരുടെ തലവനായ പത്രോസിൻെറ പരമാധികാരം റോമാ മാർപ്പാപ്പായ്ക്കുണ്ടെന്നു സമ്മതിക്കുന്ന കാര്യം അങ്ങേയററം പ്രയാസകരമാണു് അകത്തോലിക്കസഭകളെ സംബന്ധിച്ചിടത്തോളം. ഈ യാഥാർത്ഥ്യങ്ങളെ കണക്കിലെടുത്തുകൊണ്ടു മെത്രാന്മാരുടെ സ്ഥാനത്തേയും പാപ്പായുടെ പരമാധികാരത്തേയും വിലയിരുത്തിയിരിക്കയാണിവിടെ. എല്ലാവരും സമ്മതിക്കുന്ന ഒരു യാഥാത്ഥ്യമാണു്, ലോകാവസാനംവരെ സുവിശേഷം പ്രസംഗിക്കപ്പെടണമെന്നതു്. അത്രയ്ക്കു വ്യക്തമായ ഒരു കല്പനയുണ്ടു് അതിനു്. വിശുദ്ധ ഗ്രന്ഥത്തിൽ സുവ്യക്തമായ മറെറാരു വസ്തുത, വിശ്വാസികളെ നയിക്കുവാനും തിരുത്തുവാനും വിശ്വാസത്തിലുറപ്പിച്ചു സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുവാനുമുള്ള കടമയും അധികാരവും ക്രിസ്തുനാഥൻ അപ്പസ്തോലന്മാർക്കു നല്കിയെന്നതും അവരുടെ നേതാവായി പത്രോസിനെ നിയമിച്ചുവെന്നതുമത്രേ. ലോകാവസാനംവരെ സഭ നിലനില്ക്കണമെങ്കിൽ അതുവരെ വിശ്വാസികളെ

നയിക്കുവാനും തിരുത്തുവാനും ധൈര്യപ്പെടുത്തുവാനും പ്ത്രോസിനു പിൻഗാമികൾ ഉണ്ടായേ തീരൂ. അതിനാണു്, പരിശുദ്ധാത്മാവിൻെറ പ്രത്യേകപ്രവർത്തനത്താൽ അപ്പസ്തോലന്മാർ തങ്ങളുടെ പിൻഗാമികളെ നിയമിച്ചതു്. അതുകൊണ്ടു്, സഭയിലെ മെത്രാൻസ്ഥാനവും പാപ്പാസ്ഥാനവും ഘടനാപരവും ദൈവശാസ്ത്രപരവുമായ ഒരാവശ്യമാണെന്നും ദിവ്യസ്ഥാപിതമാണെന്നും വ്യക്തമാണു്.

റോമൻകത്തോലിക്കസഭ മാത്രമല്ല ഈ അപ്പസ്തോലികഘടന സഭാഭരണത്തിൽ തുടർന്നുകൊണ്ടുപോരുന്നതു്. കിഴക്കൻസഭകളിലും പ്രോട്ടസ്റ്റൻറുസഭകളിൽ ഒരു വലിയ വിഭാഗമായ ആംഗ്ലിക്കൻസഭയിലും പുരാതന കത്തോലിക്കസഭകളിലും ഈ ഭരണക്രമം തുടർന്നുപോരുന്നുണ്ടു്. സഭൈക്യപ്രവർത്തനങ്ങളിൽ സുവ്യക്തമായി കാണുന്ന ഒരു വസ്തുതയാണു്, മെത്രാൻസ്ഥാനങ്ങളില്ലാത്ത സഭകൾ അതു സ്വീകരിക്കുവാൻ പ്രകടിപ്പിക്കുന്ന സന്നദ്ധത. ദക്ഷിണേൻഡ്യൻസഭയുടെ രൂപവല്ക്കരണത്തിലാണു് ഇതാദ്യമായി പ്രത്യക്ഷപ്പെട്ടതു്. അതിനുശേഷം, ആംഗ്ലിക്കൻസഭ ഉൾപ്പെട്ട സകല സഭൈക്യങ്ങളിലും മററുസഭകൾ മെത്രാൻസ്ഥാനത്തെ അംഗീകരിക്കുന്നതായി കാണുന്നു. അങ്ങനെ, സഭാഭരണത്തിൽ മെത്രാന്മാർക്കുള്ള സ്ഥാനവും അതിൻെറ ആവശ്യകതയും അവയില്ലാത്ത പ്രോട്ടസ്റ്റൻറുസഭകൾ ശരിക്കു ഗ്രഹിച്ചുവരുന്നുണ്ടു്.

കത്തോലിക്കസഭയുടെ ഭരണഘടനയിൽ മെത്രാ

ന്മാരും പാപ്പായും തമ്മിലുള്ള ബന്ധം രാഷ്ട്രീയതലങ്ങളിലുള്ള ഭരണഘടനകളുടെ ആമുഖത്തിൽ വീക്ഷിക്കുന്നതു ശരിയല്ല എന്നു വ്യക്തമാക്കിയിട്ടുണ്ടു പിതാക്കന്മാർ. സഭയിൽ മെത്രാന്മാരും പാപ്പായും ഒരേ ശരീരത്തിലെ അവയവങ്ങളും ശിരസ്സുമെന്നോണമാണു പ്രവത്തിക്കുന്നതു്. അതായതു്, അവരുടെയെല്ലാം പ്രവത്തനങ്ങൾ സഭയുടെ പ്രവത്തനങ്ങളായിരിക്കണം, ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ പ്രവർത്തനങ്ങളായിരിക്കണം. പാപ്പായ്ക്കു തനിച്ചോ മെത്രാന്മാർക്കു തനിച്ചോ ഒന്നും പ്രവത്തിക്കുവാൻ സാധിക്കുകയില്ല, കാലിനും കൈയ്ക്കും മററും തലയുടേയും മററുഭാഗങ്ങളുടേയും സഹകരണംകൂടാതെ ഒന്നും പ്രവത്തിക്കുവാൻ സാധിക്കാത്തതുപോലെ. ഈ അഭിനവാശയത്തിൻെറ പ്രാവത്തീകരണമാണു മെത്രാന്മാരുടെ സിനഡിൻെറ രൂപീകരണത്തിൽ നാം കാണുക. അതായതു്, പാപ്പായ്ക്കു തനിച്ചു സകലതും ചെയ്യാമെന്ന ധാരണയും പ്രവണതയും അപ്രത്യക്ഷമാകുവാൻ തുടങ്ങിയിരിക്കുന്നു. ഈ തുടക്കം വളരുകയാണെങ്കിൽ, പരിപൂർണ്ണതയിൽ എത്തുകയാണെങ്കിൽ എക്യുമെനിസത്തിൻെറ വിജയം സുസാധകമെന്നു നിസംശയം പറയാം.

## തീർത്ഥാടകസഭ

ക്രിസ്തുവിൻെറ സഭ രാഷ്ട്രങ്ങളുടെ മധ്യേ ഉയത്തപ്പെട്ടിട്ടുള്ള പ്രത്യാശയുടെ പ്രതീകമാണു്, സകല മനുഷ്യരും കാണുന്നതിനും ആശ്വാസം പകർന്നേകുന്ന

തിനും. ലോകത്തിൽ പരദേശവാസിയായ മനുഷ്യനെ നേരായമാർഗ്ഗത്തിലൂടെ നയിച്ചു പിതൃഭവനത്തിൽ എത്തിക്കുവാൻ കടപ്പെട്ട സഭയും തീർത്ഥാടകയാണു്. ആട്ടുകളെയെല്ലാം നയിച്ചുകൊണ്ടു മേച്ചിൽസ്ഥലത്തേക്കു പോകുന്ന ഇടയൻെറ പ്രതീകമാണവൾ. സകല മനുഷ്യരേയും നിത്യശാന്തിയിലെത്തിക്കുവാനായി അവരോടൊത്തു് അവളും ഗമിക്കുകയാണു്. വഴിയിൽ നിരവധി പ്രശ്നങ്ങളുമായി ഏററുമുട്ടേണ്ടതായിട്ടുണ്ടു്, അവൾക്കു. അനുഭവത്തിൽനിന്നു പലതും പഠിക്കുവാനും അവയുടെ വെളിച്ചത്തിൽ അനുഭവജ്ഞരല്ലാത്തവരെ ശരിക്കു നയിക്കുവാനും അവൾക്കു കഴിയും. രണ്ടായിരം വർഷത്തോളംവരുന്ന ചരിത്രത്തിനു ദൃക്സാക്ഷിയാണു സഭ. അതുകൊണ്ടാണു തൻെറ തനയരുടെ സകല പ്രശ്നങ്ങളിലും സംസാരിക്കുവാനും ഉപദേശിക്കുവാനും അവൾ മുന്നോട്ടുവരുന്നതു്. തീർത്ഥാടകസഭയുടെ ഈ സുന്ദരമായ ആശയം കോൺസ്റ്റിററ്യൂഷൻെറ 7-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു് ധ്യാനവിഷയമാക്കിയാൽ ഒരു വലിയ പുസ്തകംതന്നെ വിരചിക്കാൻ കഴിയും. കൗൺസിലിൻെറ മററു ഡോക്കുമെൻറുകളിലും നമ്മുടെ ചർച്ചാവിഷയമായ ഡിക്രിയുടെ മൂന്നും ആറും നമ്പറുകളിലും തീർത്ഥാടകസഭയുടെ ഈ ആശയത്തെ സ്പർശിച്ചിട്ടുണ്ടു്. കാരണം, സഭയുടെ സാരവത്തായ ഭാവമാണീത്തീർത്ഥാടകപ്രകൃതി.

## അകത്തോലിക്കസഹോദരങ്ങൾക്ക കത്തോലിക്കസഭയുമായുള്ള ബന്ധം

3. ദൈവത്തിന്റെ ഏകവും ഒന്നുമാത്രവുമായ ഈ സഭയിൽ ആരംഭത്തിൽത്തന്നെ ചില പിളർപ്പുകൾ പ്രത്യക്ഷപ്പെട്ടകയുണ്ടായി.(1) അവയെ അപ്പസ്തോലൻ നശിക്കപ്പെട്ടവയെന്നു ശക്തിയായി ശപിച്ചിട്ടുണ്ട്(2). എന്നിട്ടും തുടർന്നുള്ള ശതാബ്ദങ്ങളിൽ വലിയ വലിയ വിഭജനങ്ങൾ പ്രത്യക്ഷപ്പെട്ടു; വലിയ വലിയ സമൂഹങ്ങൾ കത്തോലിക്കസഭയുമായുള്ള പൂർണ്ണഐക്യത്തിൽനിന്നു വേർപെട്ടകയുണ്ടായി. പലപ്പോഴും ഇരുഭാഗക്കാരും ഇതിൽ കുററക്കാരായിട്ടുണ്ട്. എന്നാൽ, ഇന്നു് അത്തരം സമൂഹങ്ങളിൽ ജനിക്കുകയും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ വളരുകയും ചെയ്യുന്നവരുടെമേൽ വിഭജനത്തിന്റെ അപരാധം ആരോപിക്കുവാൻ പാടില്ല. കത്തോലിക്കസഭ സാഹോദര്യബഹുമാനത്തോടും സന്തോഷത്തോടുംകൂടെയാണ് അവരെ ആശ്ലേഷിക്കുന്നതു്. ക്രിസ്തുവിൽ വിശ്വസിക്കുകയും ശരിയായവിധത്തിൽ മാമോദീസാ സ്വീകരിക്കുകയും ചെയ്തവർ കത്തോലിക്കസഭയുമായി ഒരുവിധത്തിൽ ഐക്യത്തിലാണ്, പരിപൂർണ്ണമായല്ലെങ്കിലും. അവരും കത്തോലിക്കസഭയും തമ്മിലുള്ള ഭിന്നതകൾ പലവിധത്തിലാണ്: പഠനപരമായ കാര്യങ്ങളിലും സഭയുടെ ഘടനയെപ്പററിയും ചിലപ്പോൾ, ഭരണപരമായ കാര്യങ്ങളിലും. ഇങ്ങനെ, സഭാപരമായ പരിപൂർണ്ണഐക്യത്തിന് എതിരായ പ്രതിബന്ധങ്ങൾ നിരവധിയാണ്, ചിലപ്പോൾ ഗുരുതരവുമത്രേ. അവയെ ജയിച്ചടക്കുവാനാണ് എക്യുമേനിക്കൽ പ്രസ്ഥാനം ശ്രമിക്കുന്നതു്. എന്നിരുന്നാലും, മാമ്മോദീസായിലുള്ള വിശ്വാസത്താൽ നീതീകരിക്കപ്പെട്ട അവർ ക്രിസ്തുവുമായി ഐക്യപ്പെട്ടിരിക്കയാണ്(3). അതിനാൽ, ക്രിസ്ത്യാനികളെന്ന നാമത്താൽ യഥാർഹം അവർ അലംകൃതരാണ്;

---

(1) cf. 1 കൊറി. 11: 18-19: ഗാല. 1: 6-9; 1 ജോൺ 2: 18-19.

(2) 1 കൊറി. 1: 11; 11: 22.

(3) ഫ്ളോറൻസു കൗൺസിൽ, സെഷൻ viii (1439) Exsultate Deo എന്ന ഡിക്രിയിൽ Mansi 31, 1055A.

അതുകൊണ്ട്, കത്തോലിക്കാസഭയുടെ സന്താനങ്ങൾ സാർഹം അവരെ കർത്താവിൽ തങ്ങളുടെ സഹോദരങ്ങളായി പരിഗണിക്കുന്നു.(1)

കൂടാതെ, സഭയെ പണിതുയർത്തുകയും സജീവമാക്കുകയും ചെയ്യുന്ന ഘടകങ്ങളിൽ, അല്ലെങ്കിൽ വസ്തുക്കളിൽ പലതും, ഏററം പ്രധാനപ്പെട്ടവപോലും കത്തോലിക്കാസഭയുടെ ദൃശ്യാതിർത്തികൾക്കു പുറമേ ഉണ്ടായിരിക്കുക സാദ്ധ്യമാണ്: ദൈവത്തിൻെറ എഴുതപ്പെട്ട വചനം, പ്രസാദവരത്തിൻെറ ജീവിതം, വിശ്വാസം, ശരണം, ഉപവി, പരിശുദ്ധാത്മാവിൻെറ മററു ആന്തരികദാനങ്ങളും ദൃശ്യഘടകങ്ങളും. ക്രിസ്തുവിൽനിന്നു പുറപ്പെട്ടുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യുന്ന ഇവയെല്ലാം യഥാർത്ഥത്തിൽ ക്രിസ്തുവിൻെറ ഏകസഭയ്ക്കു് അവകാശപ്പെട്ടവയാണ്.

നമ്മിൽനിന്നു വേർപെട്ടു നില്ക്കുന്ന സഹോദരങ്ങൾ ക്രിസ്തുമതത്തിൻേറതായ നിരവധി ആരാധനാവിധികൾ ഉപയോഗിക്കുന്നുണ്ട്. ഇവയ്ക്കു് ഓരോ സഭയുടേയും സമൂഹത്തിൻേറയും വിവിധ പരിതഃസ്ഥിതികളനുസരിച്ച് വിവിധരീതിയിൽ തീർച്ചയായും പ്രസാദവരജീവൻ പ്രദാനം ചെയ്യുവാൻ കഴിയുമെന്നതു സംശയാതീതമാണ്. രക്ഷയുടെ സൗഹൃദത്തിലേക്കുള്ള പ്രവേശനം പ്രദാനംചെയ്യുവാൻ ഇവ പര്യാപ്തങ്ങളാണെന്നു യഥാർഹം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

വേർപെട്ട ഈ സഭകൾക്കും(2) സമൂഹങ്ങൾക്കും ചില വിഷയങ്ങളിൽ ന്യൂനതകളുണ്ടെന്നു നമ്മൾ വിശ്വസിക്കുന്നെങ്കിലും രക്ഷയുടെ രഹസ്യത്തിൽ പ്രാധാന്യം വഹിക്കുന്നതിൽ അവ ഒരിക്കലും പിന്നിലല്ല. എന്തെന്നാൽ, ക്രിസ്തുവിൻെറ അരൂപി ഇവയെല്ലാം രക്ഷയുടെ മാർഗ്ഗങ്ങളായി ഉപയോഗിക്കുന്നു. കത്തോലിക്കാസഭയെ ഏല്പിച്ചിട്ടുള്ള പ്രസാദവരത്തിൻേറയും സത്യത്തിൻേറയും പൂർണ്ണതയിൽനിന്നാണ് ഇവ സ്വീകരിക്കുന്നത്.

---

(1) വി. അഗസ്റ്റീനോസ്. In Ps. 32, Enarr. II, 29: PL 36, 299.

(2) IV ലാററൻ കൗൺസിൽ, Mansi 22, 990; II ലയൺസ് കൗൺസിൽ (1274) Mansi 24, 71E; ഫ്ളോറൻസു കൗൺസിൽ (1439) Mansi 31, 1026E.

നമ്മിൽനിന്നു ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളെ, അവർ വ്യക്തികളോ സമൂഹങ്ങളോ അവരുടെ സഭകളോ ആകട്ടെ, യേശുക്രിസ്തു ഒരേ ശരീരത്തിലേക്കും ജീവിതത്തിന്റെ നവ്യതയിലേക്കും വീണ്ടും ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു. എന്നിരുന്നാലും, അവരിലെല്ലാം വളർന്നുകാണുവാൻ ക്രിസ്തു അഭിലഷിച്ചതും വി. ഗ്രന്ഥവും സഭയുടെ പൂജ്യപാരമ്പര്യവും ഉദ്ഘോഷിക്കുന്നതുമായ ഐക്യം അവർ ആസ്വാദിക്കുന്നില്ല. രക്ഷയുടെ സാർവ്വത്രികസഹായമായ ക്രിസ്തുവിന്റെ കത്തോലിക്കാസഭയിലൂടെ മാത്രമേ രക്ഷാകരമാർഗ്ഗങ്ങളുടെ പരിപൂർണ്ണത നേടിയെടുക്കുവാൻ സാധിക്കുകയുള്ളൂ. ക്രിസ്തുവിന്റെ ഏകശരീരം ഭൂമിയിൽ കെട്ടിപ്പടുക്കുന്നതിനുവേണ്ടി പുതിയ ഉടമ്പടിയിലെ സകലനിക്ഷേപങ്ങളും പത്രോസു തലവനായുള്ള അപ്പസ്തോലന്മാരുടെ ഏക സമൂഹത്തെയാണു കർത്താവ് ഏല്പിച്ചതെന്നു നാം വിശ്വസിക്കുന്നു. ഏതെങ്കിലും വിധത്തിൽ ദൈവജനമായ എല്ലാവരും ഇതിനോടു പൂർണ്ണമായി ഐക്യപ്പെട്ടിരിക്കേണ്ടതാണ്. ഈ ദൈവജനം ഭൂമിയിലൂടെയുള്ള അതിന്റെ തീർത്ഥാടനത്തിൽ, അംഗങ്ങളിലൂടെ പാപത്തിൽ നിപതിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിലും ക്രിസ്തുവിൽ വളൻകൊണ്ടിരിക്കുന്നു; ദൈവം തന്റെ രഹസ്യപദ്ധതിയ്ക്കനുസരണം സുമധുരമായി ഇതിനെ നയിക്കുന്നു, സ്വർഗ്ഗീയ ജെറുസലേമിലെ നിത്യമഹത്വത്തിന്റെ പരിപൂർണ്ണതയിൽ സസന്തോഷം എത്തുന്നതുവരെ.

ഈ ഖണ്ഡികയിൽ, എടുത്തു പറയേണ്ടതായ ഏഴുവസ്തുതകൾ ഉണ്ട്: 1) വിഭജനത്തിന്റെ അസ്തിത്വം. 2) വിഭജനത്തിന്റെ കാരണം. 3) സഭയിലുള്ള ഭാഗഭാഗിത്വം. 4) സഭയുടെ മൂലഘടകങ്ങൾ. 5) രക്ഷണീയമാർഗ്ഗങ്ങൾ. 6) കത്തോലിക്കാസഭയുടെ പ്രത്യേകത. 7) തീർത്ഥാടകസഭയുടെ ചരിത്രപ്രകൃതി. ഈ ഖണ്ഡികയിൽ അകത്തോലിക്കാസഭകളെ പരിഗണിക്കുന്നതു് ക്രൈസ്തവീകതയിൽ കത്തോലിക്കാസഭയുമായുള്ള സാമ്യതയുടെ അടിസ്ഥാനത്തിലാണ്. മാത്രമല്ല, അകത്തോ

ലിക്കസഭകളെ നിർവ്വചിക്കുവാനോ വിവരിക്കുവാനോ ഒന്നും ഡിക്രി തുനിയുന്നില്ല. അവക്കും കത്തോലിക്കർക്കും പൊതുവായി എന്തെല്ലാം ഉണ്ടെന്നതാണു ചർച്ചാവിഷയം. തങ്ങളെ ഭിന്നിപ്പിച്ചുനിർത്തുന്നതു് എന്തെല്ലാമെന്നു ചിന്തിക്കുന്നതിനുമുമ്പു തങ്ങൾക്കെല്ലാവർക്കും പൊതുവായി എന്തെല്ലാമുണ്ടെന്നു വ്യക്തമാക്കുക ഇരുക്കൂട്ടരുടേയും പരസ്പരധാരണ വളർത്തുന്നതിനു് ഉപകരിക്കുമല്ലോ.

## വിഭജനത്തിൻെറ അസ്തിത്വം

ചരിത്രദൃഷ്ട്യാ നിഷേധിക്കുവാൻ പാടില്ലാത്ത ഒരു വസ്തുതയാണു സഭാവിഭജനം. വിഭജനചരിത്രത്തിലേക്കുള്ള എത്തിനോട്ടം നമ്മോടു പറയുന്നതു്, ആരംഭകാലം മുതൽത്തന്നെ സഭയിൽ വിഭജനവാസന ഉണ്ടായിരുന്നെന്നത്രേ. ഈ ചരിത്രയാഥാർത്ഥ്യം അതേപടി സ്വീകരിക്കുകയാണു്, ഡിക്രി. കാരണം, സഭ ദൈവസ്ഥാപിതമാണെങ്കിലും സഭയുടെ ഐക്യം ദൈവാഭീഷ്ടിതമാണെങ്കിലും അവളുടെ അംഗങ്ങൾ ബലഹീനരായ മനുഷ്യരാണു്. അതിനാൽ, വിഭജനം ഒരത്ഭുതമായോ ക്രൈസ്തവസഭയുടെ ദിവ്യത്വത്തിനെതിരായ ഒരു വസ്തുതയായോ പരിഗണിക്കേണ്ടതില്ല. മാത്രമല്ല, ദിവ്യവെളിപാടിൻെറ വിവിധ ധാരണകളാണു്, ദിവ്യരഹസ്യങ്ങൾ ഗ്രഹിക്കുവാൻ മനുഷ്യൻ നടത്തിയിട്ടുള്ള നിരവധി പരിശ്രമങ്ങളുടെ ഫലമാണു സഭയിലുണ്ടായിട്ടുള്ള പ്രഥമ വിഭജനങ്ങളെല്ലാംതന്നെ. ഒട്ടേറെ പരിധികളാൽ വല

യംചെയ്യപ്പെട്ട മനുഷ്യമസ്തിഷ്ക്കങ്ങൾ പലവിധ ത്തിൽ, മിക്കവാറും പരസ്പരവിരുദ്ധങ്ങളായ വിധത്തിൽ ത്തന്നെ, ദിവ്യരഹസ്യങ്ങളെ ഗ്രഹിക്കുവാനും വിശദീക രിക്കുവാനും പഠിപ്പിക്കുവാനുമൊക്കെ തുടങ്ങി. അംഗങ്ങ ളെ തിരുത്തുവാനും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാ നും കടമയുള്ള സഭാതലവന്മാർ, മെത്രാന്മാരും പാപ്പാ മാരും, തെററായ ധാരണകളെ തിരുത്തുവാൻ ഉൽസുക രായിരുന്നു. അവരുടെ ശബ്ദം ശ്രവിക്കുവാനും അനുസ രിക്കുവാനും പലരും മടി കാണിച്ചു. ഒരുപക്ഷേ, ആ ശബ്ദം പരുഷമായിരുന്നതിനാലായിരിക്കും; പിതൃത്വ ത്തിൻെറയോ സ്നേഹത്തിൻെറയോ ശാലീനത ലവലേശം കാണാതിരുന്നതിനാലായിരിക്കും. തന്നെയുമല്ല, ഒരഭിപ്രാ യം, തെററാണെന്നു വിധിക്കുവാനല്ലാതെ ശരിയായ അ ഭിപ്രായം, അല്ലെങ്കിൽ വിശദീകരണം എന്താണെന്നു വിശ്വസനീയമായി പറഞ്ഞുകൊടുക്കുവാൻ അവർക്കു പലപ്പോഴും കഴിഞ്ഞിട്ടില്ല. അങ്ങനെയായപ്പോൾ പല രും അധികാരികളെ കുററം പറയുവാൻ തുടങ്ങി. അ തിൻെറപേരിൽ സഭയിൽനിന്നു പിരിഞ്ഞുപോയവർ ചുരുക്കമല്ല. പക്ഷേ, പലപ്പോഴും മററുവിശ്വാസികളു ടെ സംരക്ഷണയ്ക്കായി വിഭിന്നാഭിപ്രായക്കാരെ സഭാഗൃ ഹത്തിൽനിന്നു പുറത്താക്കുകയാണു ചെയ്തിട്ടുള്ളത്. അ ധികാരസ്ഥാനങ്ങളിൽ അനർഹരായവർ കടന്നു പററി യപ്പോൾ ഇത്തരം നടപടികൾ അതിരൂക്ഷമായി. മാ ത്രമല്ല, ഭൗതികസമ്പത്തുകളാൽ ധന്യമായിക്കൊണ്ടിരു ന്ന അധികാരസ്ഥാനങ്ങളിൽത്തന്നെ അനവധി അപാക

തകൾ, അശാസ്യതകൾ. കടന്നുകൂടുകയുണ്ടായി. ക്രിസ്തീയസഭ തൻെറ പാവിത്രത കളഞ്ഞുകുളിച്ചിരിക്കുന്നെന്നു പലർക്കും തോന്നി. ഇത്തരക്കാരുടെ നവീകരണാസക്തിയും സഭാവിഭജനങ്ങളിൽ പര്യവസാനിക്കുകയാണുണ്ടായതു്. ഇതാണു ക്രൈസ്തവലോകത്തു കാണുന്ന വിഭജനത്തിൻെറ തത്വശാസ്ത്രം.

അങ്ങനെ, ഇന്നു രണ്ടായിരത്തിലധികം സഭകളുണ്ടു്, ക്രിസ്തുമതത്തിൽ. ഭിന്നിച്ചുനില്ക്കുന്ന, പരസ്പരം കുററം പറഞ്ഞുകൊണ്ടു കഴിയുന്ന ഇവരിൽ ഐക്യമുണ്ടോ എന്നതാണു പ്രശ്നം. ക്രിസ്തുനാഥൻ ഒരു സഭമാത്രമേ സ്ഥാപിച്ചുള്ളൂ. എന്നാൽ, ഇന്നു ക്രിസ്തുവിൻെറ സഭകളായി സ്വയം അവകാശപ്പെടുന്ന നിരവധിസഭകളുണ്ടു്. ഇവയിൽ ഏതാണു ക്രിസ്തുവിനാൽ സ്ഥാപിതമായ യഥാർത്ഥസഭ? ഇതാണു മർമ്മപ്രധാനമായ ചോദ്യം. ഈ ചോദ്യത്തിനു് ഉത്തരം കണ്ടെത്താൻ ശ്രമിച്ചിട്ടുള്ള പലരും പല അബദ്ധങ്ങളിൽചെന്നു ചാടിയിട്ടുണ്ടു്. പൊതുവേ പറഞ്ഞാൽ, ഓരോരുത്തരും തങ്ങളുടെ സഭയാണു യഥാത്ഥസഭയെന്നു വാദിക്കുന്നു. ഒരുവിധത്തിൽ ഇവരെല്ലാവരുംതന്നെ ശരിയാണു്. കാരണം, എല്ലാസഭകളും ക്രൈസ്തവസഭകളാണു്; ക്രിസ്തുവിനെ ദൈവമായും രക്ഷകനായും സകലരും ഏററുപറയുന്നു. അതുകൊണ്ടു്, ക്രിസ്തുവിനെ രക്ഷകനായും ദൈവമായും ഏററുപറയുന്ന സഭകളെല്ലാം ക്രിസ്തുവിൻെറ യഥാത്ഥസഭകളാണു്. ഈ ആശയം കുറേക്കൂടി വ്യക്തമാകും, സഭയുടെ ഏകത്വം നശിച്ചുപോയോ എന്ന പ്രശ്ന

ത്തെ വിശകലനം ചെയ്താൽ. വിഭിന്നധാരണകളോടും ഭരണഘടനകളോടുംകൂടിയ, വിരുദ്ധങ്ങളായ വിശ്വാസ വിഷയങ്ങളുമുള്ള നിരവധി സഭകളുള്ളപ്പോൾ സഭയുടെ ഐക്യം നഷ്ടപ്പെട്ടു എന്നല്ലേ അനുമാനിക്കേണ്ടതു്? അതേ, ക്രിസ്തുവിൻെറ സഭയുടെ ഐക്യം നഷ്ടപ്പെട്ടിരിക്കുകയാണു്, ഭരണപരമായും ആരാധനക്രമപരമായും വിശ്വാസവിഷയങ്ങളെ സംബന്ധിച്ചും. എന്നാൽ, ക്രിസ്തു സ്ഥാപിച്ച ഏകസഭ നശിച്ചുപോയി എന്നു അനുമാനിക്കുവാൻ നിവ്വാഹമില്ല. കാരണം, ഈ വിഭിന്നസഭകളെല്ലാം ക്രിസ്തു സ്ഥാപിച്ച ഏകസഭയോടു് ഐക്യപ്പെട്ടിരിക്കുന്നതുതന്നെ. ഒരു കുടുംബത്തിലെ അംഗങ്ങൾ എന്തെങ്കിലും കാരണവശാൽ വഴക്കിട്ടു മററുസ്ഥലങ്ങളിൽപോയി താമസിക്കുകയോ വേറെ വേറെ വീടുകൾ നിർമ്മിച്ചു ജീവിക്കുകയോ ചെയ്യുന്നെന്നുവച്ചു് അവർ ആ കുടുംബത്തിലെ അംഗങ്ങളല്ലെന്നു പറയുവാനോ ആ കുടുംബം നശിച്ചുപോയെന്നു പറയുവാനോ സാധിക്കുമോ? അതുപോലെ, ക്രൈസ്തവർ വിവിധ കാരണങ്ങളാൽ വിവിധഭവനങ്ങളിൽ പാർക്കുന്നെന്നുവച്ചു ക്രൈസ്തവകുടുംബം, ക്രിസ്തുവിൻെറ സഭ, നശിച്ചുപോയെന്നു പറയാൻ പാടില്ല. അതായതു്, എല്ലാ ക്രൈസ്തവർക്കും ആ കുടുംബത്തിൽ തുല്യാവകാശമാണുള്ളതു്, അവർ പരസ്പരം ശത്രുക്കളായി ജീവിച്ചാൽത്തന്നേയും. വിരോധികളായി ജീവിക്കുന്ന സഹോദരീസഹോദരങ്ങൾക്കും കുടുംബസ്വത്തിൽ തുല്യാവകാശമാണല്ലോ ഉള്ളതു്.

## വിഭജനത്തിൻെറ കാരണം

വിഭജനത്തിൻെറ ചരിത്രത്തിലേക്കു കടന്നു കാരണങ്ങൾ കണ്ടുപിടിക്കുവാനല്ല ഡിക്രി ശ്രമിക്കുന്നതു്. പിന്നെയോ, ഭിന്നിപ്പിനു കാരണക്കാരായവരിലേക്കാണു ഡിക്രി വിരൽ ചൂണ്ടുക. പിതൃഭവനത്തിൽനിന്നു വഴക്കിട്ടിറങ്ങിപ്പോയവർ ഭിന്നിപ്പിൻെറ മുഴുവൻ ഉത്തരവാദിത്വവും വഹിക്കണമെന്ന ധാരണയെ തകർക്കുകയാണു ഡിക്രിയുടെ ലക്ഷ്യം. കത്തോലിക്കരും അതിനു് ഉത്തരവാദികളാണെന്നു് ഉറച്ചഭാഷയിൽ ഉറപ്പിച്ചു പറഞ്ഞ ജോൺപാപ്പായെ ഉദ്ധരിക്കുക മാത്രമാണിവിടെ, ഡിക്രി. 1054–ൽ നടന്ന ഓത്തഡോക്സ്കാരുടെ പിരിഞ്ഞുപോക്കിനു കാർഡിനൽ ഹ്ഹംബർട്ടും കുററക്കാരനാണു് എന്നു സമ്മതിക്കാത്ത ചരിത്രകാരന്മാരില്ല. പതിനാറാംനൂററാണ്ടിൽ നടന്ന സഭാവിഭജനത്തിൽ കത്തോലിക്കരും തെററുകാരാണെന്നു് അഞ്ചാം ലാററൻ കൗൺസിലും അഡ്രിയൻ ആറാമൻ പാപ്പായും ട്രെൻറുകൗൺസിലിലെ നിരവധി പിതാക്കന്മാരും സമ്മതിച്ചിട്ടുള്ള കാര്യം ഇവിടെ സ്മരണീയമത്രേ.

വിഭജനത്തിൻെറ കാരണക്കാരും അവരുടെ സന്താനങ്ങളായി ജനിച്ചുവളരുന്നവരുമായി ഒരു വ്യത്യാസം നോക്കിക്കാണുകയാണു ഡിക്രി. ഭിന്നിച്ചുനില്ക്കുന്ന സഭകളിൽ ഇന്നു ജീവിക്കുന്നവരെ വിഭജനത്തിനു കുററക്കാരായി കരുതുവാൻ പാടില്ല. ഇവിടെ ഒരു ചെറിയ വ്യത്യാസം വരുത്തണമെന്നു ചില പിതാക്കന്മാർ ആവ

ശ്യപ്പെട്ടു: "അവർ ഉത്തമവിശ്വാസത്തിലാണെങ്കിൽ, അവർ യഥാത്ഥസഭയെ ആത്മാത്ഥമായി അന്വേഷിക്കുന്നെങ്കിൽ അവർ കുററക്കാരല്ല." പക്ഷേ, ഇത്തരം ഒരു തിരുത്തൽ അംഗീകരിക്കുവാൻ കൗൺസിൽ വിസമ്മതിച്ചു. കാരണം, നമ്മുടെ അകത്തോലിക്കസഹോദരങ്ങൾ നമ്മേപ്പോലാണെന്നു്, നമ്മൾ വിചാരിക്കുന്നതുപോലെ തങ്ങളുടെ സഭകൾ യഥാത്ഥങ്ങളാണെന്നു്അവരും വിശ്വസിക്കുന്നെന്നു്, സമ്മതിക്കണം. അല്ലെങ്കിൽ, എക്യുമെനിസത്തിനോ പരസ്പരസംഭാഷണത്തിനോ സ്ഥാനമില്ല. മാത്രമല്ല, അവരുടെ സഭകളൊന്നും യഥാർത്ഥങ്ങളല്ലെന്നു വിധി പ്രസ്താവിക്കുക കൂടി ചെയ്യുകയായിരിക്കും ഇത്തരം തിരുത്തൽ. യഥാർത്ഥസഭ ഏതെന്നു കണ്ടുപിടിക്കുകയല്ല, സഭയുടെ നഷ്ടപ്പെട്ട ഐക്യം നേടിയെടുക്കുവാൻ സഹായിക്കുകയാണു ഡിക്രിയുടെ ലക്ഷ്യം.

## സഭയിലുള്ള ഭാഗഭാഗിത്വം

മാമോദീസായിലുള്ള വിശ്വാസത്താൽ ന്യായീകരിക്കപ്പെട്ടവർ ക്രിസ്തുവിൻെറ ശരീരത്തിൽ അംഗങ്ങളാണെന്നു പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു.(1) കത്തോലിക്കസഭയുടെ കാനൺനിയമസംഹിതയും (Codex Juris Canonici) ഇതേപഠനം തന്നെയാണു് ആവർത്തിക്കുന്നതു്: "ക്രിസ്ത്യാനികളുടെ സകല അവകാശങ്ങളോടും കത്തവ്യങ്ങളോടുംകൂടെ ഒരുവൻ ക്രിസ്തുവിൻെറ

(1) 1 കൊറി, 12: 13; ഗലേ. 3: 26.

സഭയിലെ അംഗമാകുന്നതു മാമോദീസാ വഴിയാണ്..." (Canon 87). അതേ, മാമോദീസായാൽ ഒരുവൻ മരിച്ചുയർക്കുകയാണ്, ദൈവജനത്തിൽ അംഗമായി, ക്രിസ്തുവിൻെറ സഭയിൽ വ്യക്തിയായി, ക്രിസ്തുവിൻെറ ശരീരത്തിൽ ജീവിക്കുവാനായി. മാമോദീസാ സ്വീകരിക്കുന്ന ഒരുവനു സഭയിൽ ഭാഗഭാഗിത്വമുണ്ടെന്നു സമ്മതിച്ചുകൊണ്ടു ഡിക്രി ഈ ഭാഗഭാഗിത്വത്തെ വിവേചനാധീനമാക്കുകയാണ്, പരിപൂർണ്ണവും അപൂർണ്ണവുമായ ഭാഗഭാഗിത്വങ്ങളെ നിർവ്വചിച്ചുകൊണ്ട്. രക്ഷയുടെ മാർഗ്ഗങ്ങളായി ക്രിസ്തു സ്ഥാപിച്ച സകലത്തിലും പങ്കുപററുന്നവർക്കു ക്രിസ്തുവിൻെറ സഭയിൽ പരിപൂർണ്ണഭാഗഭാഗിത്വമുണ്ടെന്നും രക്ഷണീയമാർഗ്ഗങ്ങൾ മുഴുവനും ഉപയോഗപ്പെടുത്താത്തവർക്കു സഭയിൽ അപൂർണ്ണഭാഗഭാഗിത്വമേയുള്ളൂ എന്നും പറഞ്ഞാൽ ആരും എതിർക്കുകയില്ലല്ലോ. അത്രയ്ക്കു വ്യക്തമായ ഒരു വസ്തുതയാണതു്.

## സഭയുടെ മൂലഘടകങ്ങൾ

ഭാഗഭാഗിത്വത്തെക്കുറിച്ചുള്ള ചർച്ച ക്രിസ്തുവിൻെറ സഭയുടെ മൂലഘടകങ്ങളിലേക്കും രക്ഷണീയമാർഗ്ഗങ്ങളിലേക്കും നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു. സഭയുടെ മൂലഘടകങ്ങൾ ഏതെല്ലാമെന്നു പൂർണ്ണമായി വിവരിക്കുകയല്ല അവയിൽ ഏതെല്ലാം കത്തോലിക്കസഭയുടെ ദൃശ്യാതിർത്തികൾക്കു വെളിയിൽ വളരുന്നുവെന്നു വ്യക്തമാക്കുകയാണ്, ഡിക്രി. വിശുദ്ധ ഗ്രന്ഥം, പ്രസാദ

വരത്തിൻെറ ജീവിതം, വിശ്വാസം, ശരണം, ഉപവി, പരിശുദ്ധാത്മാവിൻെറ മററാന്തരികദാനങ്ങളും ദൃശ്യഘടകങ്ങളുമെല്ലാം അകത്തോലിക്കസഭകളിൽ വളർന്നു വികസിക്കുന്നുണ്ടു്. കത്തോലിക്കർക്കും അകത്തോലിക്കർക്കുമായി പൊതുവായുള്ള വസ്തുതകളാണിവയെന്നു പറയാം. പക്ഷേ, സഭയുടെ ഘടന ഇവയിൽമാത്രമാണെന്നോ, ഇവയുടെ ഒരു സംയുക്ത സമ്മേളനമാണെന്നോ ഒന്നുമല്ല ഡിക്രിയുടെ വിവക്ഷ. ഇവയിൽ തുടങ്ങുന്ന സഭയുടെ ഘടന കാലത്തിൻെറ തികവിൽ പൂർണ്ണതയിലേയ്ക്കു വളർന്നുകൊണ്ടിരിക്കുയാണു്. വിവിധസഭകളിൽ വിവിധരീതിയിലാണു് ഇവ വളരുന്നതു്. അങ്ങനെ അടിസ്ഥാനഘടകങ്ങളുടെ വളർച്ചയിൽപ്പോലും വിഭിന്നത സ്പഷ്ടമാണു്. ഒരു സഭക്കാർ ഏതെങ്കിലും ഒരു ഘടകംമാത്രം വളർത്തിയെടുത്തുകൊണ്ടു് ആ ഘടകത്തെ സംബന്ധിക്കുന്ന ഇതരസഭകളുടെ അഭിപ്രായം തെററാണെന്നു വാദിക്കുക ബുദ്ധിശൂന്യമല്ലേ? വളർച്ചയിലുള്ള ഈ വൈവിധ്യത്തെ നീക്കിയാൽ ക്രൈസ്തവസഭകൾ തമ്മിൽ വൈവിധ്യമില്ലെന്നു പറയാം. എന്നാൽ ക്രൈസ്തവസഭകൾക്കു തമ്മിലുള്ള ഭിന്നതകളെല്ലാം ഇപ്രകാരം വളർച്ചയിലുള്ള വ്യത്യാസങ്ങളെയാണു കാണിക്കുന്നതു് എന്നു തെളിയിക്കുവാനാണു പ്രയാസം.

**രക്ഷണീയമാർഗ്ഗങ്ങൾ**

ക്രിസ്തുനാഥൻ തൻെറ കുരിശുമരണത്താൽ നേടിയെടുത്ത നിത്യരക്ഷ മനുഷ്യർക്കു കരഗതമാക്കുവാനാണു

ല്ലോ അവിടുന്ന് ഒരു സഭ സ്ഥാപിച്ചതു്. ആത്മാവി നെ കഴുകി നിർമ്മലമാക്കി വിശുദ്ധിയുടെ മാർഗ്ഗത്തി ലൂടെ നിത്യശാന്തിയിലേക്കു നയിക്കുവാൻ ക്രിസ്തുനാ ഥൻ താൻ നേടിയെടുത്ത നിരവധി അനുഗ്രഹങ്ങളും ദാ നങ്ങളും മനുഷ്യർക്കു പ്രദാനം ചെയ്യുന്നു. തൻെറ സഭ യിലൂടെയാണു പ്രധാനമായും അവിടുന്ന് ഇവ പ്രദാനം ചെയ്യുന്നതു്. അവിടുന്നു സഭ സ്ഥാപിച്ചതുതന്നെ പ്ര സാദവരത്തിൻെറ പ്രധാന നീർച്ചാലായാണു്. ക്രിസ്തു വിൻെറ സഭ ഒരു കൂദാശയാണെന്നു പറഞ്ഞാൽ എല്ലാ മായി. കത്തോലിക്കസഭ മാത്രമല്ല മററു ക്രൈസ്തവസഭ കളും സമൂഹങ്ങളും കൂദാശകളാണു്; കാരണം, അവയി ലൂടെയും ദൈവം മനുഷ്യനിലേക്കു പ്രസാദവരം ചൊ രിയുന്നുണ്ടു്. ഭിന്നിച്ചുനില്ക്കുന്ന സഭകളായല്ല ദൈവം അവയെ കണക്കാക്കുന്നതു്. പിന്നെയോ, ക്രൈസ്തവസഭ യുടെ മൂല്യങ്ങളെ പരിരക്ഷിക്കുന്ന സമൂഹങ്ങളായാണു്. പ്രസ്തുത മൂല്യങ്ങളുടെ വിശാലതയും പരിപൂർണ്ണതയുമ നുസരിച്ചു പ്രസാദവരം കൂടുതലോ കുറവോ നേടുവാൻ ഈ സഭകൾക്കും സമൂഹങ്ങൾക്കും സാധിക്കുന്നു.

ക്രൈസ്തവമതത്തിൻെറ വിശുദ്ധ കർമ്മങ്ങൾ പ ലതും ഭിന്നിച്ചുനില്ക്കുന്ന സഭകളും സഹോദരങ്ങളും അ നുഷ്ഠിക്കുന്നുണ്ടെന്നു പ്രസ്താവിച്ചുകൊണ്ടു ഡിക്രി ആരാ ധനക്രമത്തിലേക്കും കൂദാശകളിലേക്കും കടക്കുന്നു. ആരാ ധനക്രമങ്ങളും കൂദാശകളും അനുഗ്രഹപ്രദാനങ്ങളാണെ ന്നതിൽ സംശയമില്ല. ക്രൈസ്തവമതത്തിൻേറതായ എല്ലാ വിശുദ്ധ കർമ്മങ്ങളും എല്ലാസഭകളും അനുഷ്ഠിക്കുന്നി

ല്ലെന്നതും പരമാർത്ഥമാണ്. അനുഷ്ഠിക്കുന്ന കർമ്മങ്ങൾ തന്നെയും ഓരോസഭയും അതിൻെറ പ്രത്യേക ധാരണകളോടും വിശ്വാസത്തോടും അനുഷ്ഠാനവിധികളോടും കൂടെയാണു നടത്തുന്നതു്. പക്ഷേ, ഒരു വസ്തുത വ്യക്തമാണ്: പലതിലും ഈ ഭിന്നതകൾ തികച്ചും അപ്രധാന വസ്തുക്കളിലത്രേ. അതുകൊണ്ടു്, വിശുദ്ധ ഗ്രന്ഥത്തിലും പാരമ്പര്യത്തിലും കാണുന്നവയെ സുരക്ഷിതമാക്കികൊണ്ടു് അവയ്ക്കെതിരല്ലാത്തവയെല്ലാം കാലത്തിൻെറ തികവിലുള്ള വളർച്ചയുടെ ലക്ഷണങ്ങളായി പരിഗണിച്ചു പരിരക്ഷിക്കാവുന്നതാണു്.

**കത്തോലിക്കാസഭയുടെ പ്രത്യേകത**

അകത്തോലിക്കസഭകളിൽ ക്രിസ്തുവിൻെറ ഹിതാനുസരണമുള്ള ഐക്യം കാണുന്നില്ല എന്നു ഡിക്രി പ്രസ്താവിക്കുമ്പോൾ അതിൽ രണ്ടു വസ്തുതകൾ രൂഢമൂലമായിരിക്കുന്നു: ക്രിസ്തുവിൻെറ ഹിതാനുസരണമുള്ള ഐക്യം അകത്തോലിക്കസഭകളിൽ ഇല്ല, കത്തോലിക്കസഭയിൽ ഉണ്ടു്. അകത്തോലിക്കസഭകളെയെല്ലാം ഒന്നിച്ചെടുത്താൽ അവയിൽ യാതൊരൈക്യവുമില്ല, ക്രൈസ്തവമതത്തിൻെറ പൊതുഘടകങ്ങൾ ഓരോന്നിലും കൂടിയോ കുറഞ്ഞോ കാണുന്നെന്നതൊഴിച്ചാൽ. എന്നാൽ, അകത്തോലിക്കസഭകളെ ഓരോന്നായി എടുത്താൽ അവയിൽ യാതൊരൈക്യവുമില്ലെന്നു പറയുവാൻ പാടില്ല. ഉദാഹരണത്തിനു് ആംഗ്ലിക്കൻസഭയെ എടുക്കാം. ആംഗ്ലിക്കൻസഭയിൽ വിശ്വാസവിഷയങ്ങളിലും ആരാധന

ക്രമത്തിലും ഭരണസമ്പ്രദായത്തിലും ഒരേകദേശൈക്യം സ്പഷ്ടമാണ്. അല്ലെങ്കിൽ, അതിൽ അടങ്ങുന്ന വിവിധ ദേശീയസഭകളെ ആംഗ്ലിക്കൻസഭയെന്നു സംബോധന ചെയ്യാൻ പാടില്ലല്ലോ. ഒരേ വിഭാഗത്തിൽപ്പെട്ട വിവിധ സഭകൾ തമ്മിൽ ഐക്യമുണ്ട്; എന്നാൽ, ആ ഐക്യം കത്തോലിക്കസഭയിൽ ഉള്ളതു പരിപൂർണ്ണമല്ല, വ്യക്തമല്ല, എന്നുമാത്രം. ഇനിയും, ഒരേ വിഭാഗത്തിൽപ്പെട്ട വിവിധ സഭകൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളും വിവേചനങ്ങളും വളരെയുള്ളതായി കാണാം, ചിലതിൽ. പക്ഷേ, ഈ ഭിന്നതകൾ കത്തോലിക്കസഭയിൽ വിവിധ റീത്തുകൾ തമ്മിലുള്ള ഭിന്നതകൾക്കു തുല്യമായി പരിഗണിക്കേണ്ടതേ ഉള്ളൂ.

ഒരു വസ്തുത അവിതർക്കിതമാണ്, കത്തോലിക്കസഭയിലുള്ളതു ഐക്യം മററു സഭകളിലൊന്നുമില്ല. കത്തോലിക്കസഭയുടെ ഈ ഐക്യത്തിനു നിദാനം ക്രിസ്തുവിൻെറ അഭീഷ്ടാനുസരണമുള്ള ഭരണക്രമത്തിലാണു സ്ഥിതിചെയ്യുന്നതെന്നും വ്യക്തമാണ്. ക്രിസ്തുനാഥൻ പത്രോസിനെ മററ് അപ്പസ്തോലന്മാരുടെ തലവനാക്കിയെന്നതും മററുള്ളവരെ തിരുത്തുവാനും നയിക്കുവാനും പത്രോസിന് അധികാരം നല്കിയെന്നതും സുവിശേഷത്തിൽ വ്യക്തമായി കാണാം. അതായത്, തൻെറ സഭയെ നയിക്കുവാൻ പത്രോസിൻെറ സ്ഥാനത്ത് ഒരു വ്യക്തിയുണ്ടാകണമെന്നു ക്രിസ്തുനാഥൻ അഭിലഷിച്ചു. സഭയുടെ ഐക്യത്തിൻെറ പ്രതീകമാവണം, ഐക്യത്തിൻെറ കാവല്ക്കാരനുമാവണം, അവൾ. സഭയിലുണ്ടാ

വുന്ന പ്രശ്നങ്ങൾക്കെല്ലാം അന്ത്യവിധി കല്പിക്കുവാനും അങ്ങനെ സഭയുടെ ഐക്യത്തെ നിരന്തരം കാക്കുവാനും അത്തരം ഒരു പരമാധികാരി ഉണ്ടായിരിക്കുക ആവശ്യകമാണെന്നു സാധാരണബുദ്ധിക്കുപോലും സമ്മതിക്കാതെ തരമില്ല. പരമാധികാരദേശങ്ങളെ എടുത്തു നോക്കിയാൽപ്പോലും നാമമാത്രമായാണെങ്കിലും ദേശത്തിൻെറ ഐക്യത്തിനു താങ്ങും തണലുമായി ഒരു തലവനുണ്ടായിരിക്കും. മനുഷ്യബുദ്ധിക്കു ഗ്രഹിക്കാനാവാത്ത പല സത്യങ്ങളുടേയും കലവറയായ സഭയിൽ ഇത്തരം ഒരു ഭരണാധിപൻ അത്യന്താപേക്ഷിതമാണെന്നു സഭയുടെ മാനുഷികഘടകങ്ങളെ ശരിക്കു മനസ്സിലാക്കുന്നവരാരും സമ്മതിക്കും.

ക്രിസ്തുനാഥൻെറ അഭിഷ്ടമനുസരിച്ചുള്ള ഒരേ സഭാതലവൻെറ കീഴിൽ വളരുന്നതു കത്തോലിക്കസഭമാത്രമാണെന്നു പറഞ്ഞാൽ അതിനെ ആരും എതിർക്കുകയില്ല. മാത്രമല്ല, പ്രസാദവരദായകങ്ങളായ മാൎഗ്ഗങ്ങളെ പരിശോധിച്ചാൽ കത്തോലിക്കസഭയ്ക്കാണു് അവിടെയും പ്രഥമസ്ഥാനം. മററുസഭകളിൽ ഉള്ളതിനെക്കാൾ വിശാലവും വ്യക്തവും വിശുദ്ധഗ്രന്ഥാധിഷ്ഠിതവുമായ കൂദാശക്രമവും ആരാധനക്രമവും കത്തോലിക്കസഭയുടെ ഒരു മുതൽക്കൂട്ടാണു്. ക്രൈസ്തവമതത്തിൻെറ സകല സമൂലഘടകങ്ങളും ഒന്നിച്ചിണങ്ങി പ്രശോഭിക്കുന്നതും കത്തോലിക്കസഭയിൽ മാത്രമാണെന്നു പറയാം. കിഴക്കൻ സഭകൾ ഉപേക്ഷിച്ചവയുമെല്ലാം കത്തോലിക്കസഭ പരിരക്ഷിക്കുന്നുണ്ടു്. അങ്ങനെ നോക്കുമ്പോൾ, ക്രൈസ്തവ

സഭകളുടെ കൂട്ടത്തിൽ കത്തോലിക്കസഭയ്ക്കു് ഒരു പ്രത്യേകസ്ഥാനമുണ്ടെന്നു സമ്മതിക്കാതെ തരമില്ല. എന്നാൽ, മാനുഷികബലഹീനതയുടെ പ്രത്യക്ഷപ്രകടനങ്ങളായ ചില അതിവർണ്ണനങ്ങളും ഊതിവീർപ്പിക്കലുമെല്ലാം കത്തോലിക്കസഭയിലും ഉണ്ടായിട്ടുണ്ടു്. സഭാതത്വങ്ങൾ എതിർക്കപ്പെട്ട പല അവസരങ്ങളിലും അതിരുകടന്ന അധികാരപ്രമത്തതയും എതിർക്കപ്പെട്ട തത്വങ്ങളുടെ അതിശയോക്തിപരമായ വലുതാക്കലുമെല്ലാം കത്തോലിക്കസഭയിലും നടന്നിട്ടുണ്ടു്. അവയെല്ലാം ഇന്നു സഭൈക്യത്തിനു വിരോധമായി നില്ക്കുകയാണു്. അവയെല്ലാം അടിച്ചുവാരികളയുവാനാണു് ജോൺപാപ്പാ രണ്ടാം വത്തിക്കാൻ സൂനഹദോസു വിളിച്ചുകൂട്ടിയതും കൗൺസിൽ ആധികാരികമായി ആരംഭിച്ച നവീകരണത്തിനു പൗലോസ് പാപ്പാ ജീവൻ പകർന്നു കൊടുക്കുന്നതും.

## തീർത്ഥാടകസഭയുടെ ചാരിത്രപ്രകൃതി

ക്രിസ്തുവിൻെറ സഭ സത്താപരമായിത്തന്നെ തീർത്ഥാടകയാണു്; അവൾക്കു തൻെറ തീർത്ഥാടനത്തിൻേറതായ ഒരു ചരിത്രമുണ്ടു്; ചരിത്രം സൃഷ്ടിച്ചുകൊണ്ടാണു് അവൾ മുന്നേറിക്കൊണ്ടിരിക്കുന്നതു്. സഭയുടെ ദിവ്യപ്രകൃതിയെ അങ്ങേയററം വലുതാക്കി കാണിക്കുന്ന വ്യക്തികളുടെ ശ്രദ്ധയിൽ ഒരു വസ്തു ഉയർത്തിക്കാട്ടുവാൻ ഡിക്രി ശ്രമിക്കുകയാണിവിടെ. ദൈവമക്കളാക്കപ്പെട്ടവരാണെങ്കിലും മനുഷ്യരാണു സഭയുടെ അംഗങ്ങൾ. കാ

ലത്തിൻെറ വിവിധദശകളിൽ, ലോകത്തിൻെറ വിവിധ ചുററുപാടുകളിൽ പ്രയാണം ചെയ്യുന്ന വ്യക്തികളുടെ ഒരു സമൂഹമാണു സഭ. അതിനാൽ, വ്യക്തികളുടെ തെററുകളാൽ സഭ പലപ്പോഴും ക്ലേശിച്ചിട്ടുണ്ടു്. ദൈവത്തിൻെറ പ്രേരണകളെ കവച്ചുവച്ചുകൊണ്ടു്, അവഗണിച്ചുകൊണ്ടു്, സ്വന്താഭിപ്രായങ്ങൾ സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുള്ള ഭരണാധികാരികൾ സഭയിൽ ഉണ്ടായിട്ടുണ്ടു്. ആ പരമാർത്ഥം തുറന്നു സമ്മതിക്കുകയാണെന്നു തോന്നുന്നു, ഡിക്രിയുടെ ഈ ഭാഗം.

മാത്രമല്ല, സഭയുടെ ചാരിത്രപ്രകൃതി അവളുടെ വളർച്ചയിലേക്കുകൂടി ശ്രദ്ധയെ ആകർഷിക്കുന്നുണ്ടു്. സഭ അനുദിനം വളർന്നുകൊണ്ടിരിക്കുകയാണു്; അംഗങ്ങളിൽമാത്രമല്ല, അവബോധങ്ങളിലും ധാരണകളിലും വിശ്വാസവിഷയങ്ങളുടെ ഗ്രഹണത്തിലും ക്രമദാശകളുടെ പരികർമ്മത്തിലും എന്നുവേണ്ട സർവ്വാത്മകമായി സഭ വളർന്നുകൊണ്ടിരിക്കയാണു്: കത്തോലിക്കസഭയിൽ മാത്രമല്ല ക്രൈസ്തവസഭകളിലെല്ലാംതന്നെ കാലത്തിനടുത്ത ഈ വളർച്ചയുടെ വികസനം കാണാം. അതുകൊണ്ടു്, അപ്പസ്തോലന്മാരുടെ കാലത്തുണ്ടായിരുന്ന സഭ, അതേ പ്രകൃതിയിലും പ്രത്യക്ഷത്തിലും ഇന്നും ഉണ്ടാകണമെന്നു വാദിക്കുന്നതു് അബദ്ധമാണു്. അത്തരം സഭ ക്രിസ്തുവിൻെറ സഭയായിരിക്കുകയില്ല; അത്തരം സഭയ്ക്കു് ഈ ലോകത്തു നിലനില്ക്കുവാനും സാധിക്കുകയില്ല. അതിനാൽ, പുരാതനസഭയിലേക്കു തിരിച്ചുപോകണമെന്നു വാദിക്കുന്നവർ, ക്രിസ്തുവിൻെറ സഭയെ ആദ്യകാല

രൂപത്തിലേക്കും ഭാവത്തിലേക്കും തിരിച്ചെത്തിക്കണമെന്നു ശഠിക്കുന്നവർ അബദ്ധമാണു പ്രസംഗിക്കുന്നത്. യഥാർത്ഥ എക്യുമെനിസത്തിൻെറ ഉദ്ദേശ്യമതല്ല. സഭയുടെ അടിസ്ഥാനതത്വങ്ങൾ, അചഞ്ചലമായ വിശ്വാസവിഷയങ്ങൾ, കണ്ടുപിടിച്ച് അവയിൽ ഐക്യം നേടിയെടുക്കുകയാണ് എക്യുമെനിസത്തിൻെറ ഉദ്ദേശ്യം. ഐക്യത്തിൻെറ ധാരണയിലും പ്രകടനത്തിലും ചരിത്രപരമായ ഈ വളർച്ചയെ കണക്കിലെടുക്കണമെന്നു ചുരുക്കം.

## എക്യുമെനിസം

4. യേശുക്രിസ്തു അഭിലഷിക്കുന്ന ഈ ഐക്യത്തിൻെറ പൂർത്തീകരണത്തിനായി, പരിശുദ്ധാത്മാവിൻെറ പ്രസാദവരത്തിൻെറ പ്രേരണയിൽ പ്രാർത്ഥന, പ്രസംഗം, പ്രവർത്തനം എന്നിവ മുഖേന നിരവധി പരിശ്രമങ്ങൾ നടക്കുകയാണ്, ഇന്നു ലോകത്തിൻെറ നിരവധി ഭാഗങ്ങളിൽ. കാലത്തിൻെറ ചലനങ്ങൾ ഗ്രഹിച്ചുകൊണ്ട് എക്യുമേനിക്കൽ പ്രവർത്തനങ്ങളിൽ ബുദ്ധിപൂർവ്വം പങ്കെടുക്കാൻ എല്ലാ കത്തോലിക്കവിശ്വാസികളേയും ഉപദേശിക്കുകയാണ് ഈ വി. സൂനഹദോസ്.

"എക്യുമെനിക്കൽ പ്രസ്ഥാനം" കൊണ്ടു വിവക്ഷിക്കുക, സഭയുടെ വിവിധ ആവശ്യങ്ങൾക്കനുസൃതമായും സന്ദർഭം ലഭിക്കുന്നതുപോലെയും ക്രൈസ്തവൈക്യത്തെ ത്വരിതപ്പെടുത്തുവാൻ ഉദ്ദിഷ്ടമാകുന്നതും നയിക്കപ്പെടുന്നതുമായ പ്രവർത്തനങ്ങളും പരിശ്രമങ്ങളുമാണ്. അവയിൽ ഒന്നാമത്തേത്, ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളുടെ പരിതസ്ഥിതിയെപ്പററി സമത്വത്തിനും സത്യത്തിനും നിരക്കാത്തവിധത്തിൽ, അങ്ങനെ അവരുമായുള്ള പരസ്പരബന്ധത്തെ ദുഷ്കരമാക്കത്തക്കവിധത്തിലുള്ള സംഭാഷണങ്ങളും പ്രസ്താവനകളും പ്രവർത്തനങ്ങളും പരിവർജ്ജിക്കുവാനുള്ള സകല ശ്രമങ്ങളുമാ

ണ്. പിന്നെത്തേത്, വിവിധസഭകളും സമൂഹങ്ങളും മതചൈതന്യത്താൽ പ്രേരിതരായി നടത്തുന്ന ക്രൈസ്തവസമ്മേളനങ്ങളിൽ ശരിയായ ജ്ഞാനമുള്ള വിദഗ്ദ്ധന്മാർ തമ്മിലുള്ള അഭിമുഖസംഭാഷണവുമത്രേ. ഇവിടെ ഓരോരുത്തരും തങ്ങളുടെ സഭകളുടെ പഠനങ്ങൾ വ്യക്തമായി വിശദീകരിക്കുകയും അവയുടെ ലക്ഷണങ്ങൾ സ്പഷ്ടമാക്കുകയും ചെയ്യുന്നു. ഇത്തരം സംഭാഷണങ്ങൾവഴി മററുസഭകളുടെ പഠനങ്ങളേയും മതജീവിതത്തേയുംപററി ശരിയായ ജ്ഞാനം സമ്പാദിക്കുന്നതിനും അവയെപ്പററി ഏററം യുക്തമായി വിലയിരുത്തുന്നതിനും എല്ലാവർക്കും സാധിക്കുന്നു. അതേസമയംതന്നെ, ക്രിസ്തീയമനഃസാക്ഷി ആവശ്യപ്പെടുന്ന പൊതുനന്മയ്ക്കായുള്ള പ്രവത്തനത്തിൽ വിശാലമായ സഹകരണത്തിൻെറ വീഥി വെട്ടിത്തുറക്കുകകൂടി ചെയ്യുന്നു, ഇത്തരം സമ്മേളനങ്ങൾ. അനുവദിച്ചിട്ടുള്ളിടത്തെല്ലാം പൊതുപ്രാത്ഥനയ്ക്കായി എല്ലാവരും സമ്മേളിക്കുന്നുമുണ്ട്. അങ്ങനെ, എല്ലാവർക്കും സഭയെപ്പററിയുള്ള ക്രിസ്തുവിൻെറ ഹിതത്തോടുള്ള തങ്ങളുടെ വിശ്വസ്തതയെ പരിശോധിക്കുവാനും ആവശ്യാനുസരണം നവീകരണ-നവോത്ഥാനപ്രവത്തനങ്ങളിൽ ഉത്സുകരാകുവാനും സാധിക്കുന്നു.

കത്തോലിക്കസഭയുടെ വിശ്വാസികൾ മെത്രാന്മാരുടെ മേൽനോട്ടത്തിൽ വിവേകത്തോടും ക്ഷമയോടുംകൂടി ഇവയെല്ലാം ചെയ്യുമ്പോൾ അവർ സമത്വത്തിൻേറയും സത്യത്തിൻേറയും സൗമ്യതയുടേയും സഹകരണത്തിൻേറയും സാഹോദര്യസ്നേഹത്തിൻേറയും ഐക്യത്തിൻേറയും ചൈതന്യം വളർത്തുകയാണ്. ഈ മാർഗ്ഗത്തിലൂടെ സാവധാനത്തിൽ, പരിപൂണ്ണമായ സഭൈക്യത്തിനെതിരായി നില്ക്കുന്ന പ്രതിബന്ധങ്ങളെയെല്ലാം കീഴടക്കുവാൻ കഴിയും; എല്ലാ ക്രിസ്ത്യാനികൾക്കും ഒരേ ദിവ്യകാരുണ്യബലിയർപ്പണത്തിൽ, ആരംഭത്തിൽത്തന്നെ ക്രിസ്തു തൻെറ സഭയ്ക്കു സമ്മാനിച്ചതായ ഐക്യമുള്ള ഏകവും ഒന്നുമാത്രവുമായ സഭയിൽ സമ്മേളിക്കുവാൻ സാധിക്കുകയും ചെയ്യും. ഈ ഐക്യം നഷ്ടപ്പെടാനാവാതെ കത്തോലിക്കസഭയിൽ നിലനില്ക്കുന്നെന്നു നാം വിശ്വസിക്കുന്നു. ലോകാവസാനംവരെ അനുദിനം ഈ ഐക്യം വളർന്നുകൊണ്ടിരിക്കുമെന്നും നാം പ്രതീക്ഷിക്കുന്നു.

കത്തോലിക്കസഭയോടു പരിപൂർണ്ണമായി ഐക്യപ്പെടുവാൻ ആഗ്രഹിക്കുന്ന വ്യക്തികളെ ഒരുക്കുക രമ്യപ്പെടുത്തുക മുതലാ

യ പ്രവത്തനങ്ങൾ എക്യുമേനിക്കൽ പ്രവർത്തനത്തിൽനിന്നു പ്രകൃത്യാ വ്യത്യസ്തമാണെന്നു വ്യക്തമാണ്. എന്നാൽ, അവ പരസ്പരവിരുദ്ധങ്ങളല്ല, രണ്ടും ദൈവത്തിൻെറ അത്ഭുതാവഹമായ പരിപാലനയിൽനിന്നു പുറപ്പെടുന്നവയാകയാൽ.

കത്തോലിക്കർ എക്യുമേനിക്കൽ പ്രവത്തനങ്ങളിൽ അകത്തോലിക്കസഹോദരങ്ങളെപ്പററി പ്രത്യേകം ഉൽസുകരായിരിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും സഭാകാര്യങ്ങളെപ്പററി അവരുമായി സംസാരിച്ചുകൊണ്ടും, അവരോടുള്ള സമീപനത്തിൽ മുൻകയ്യെടുക്കണം. എന്നാൽ, അപ്പസ്തോലന്മാർവഴി ക്രിസ്തുവിൽനിന്നു ലഭിച്ചിട്ടുള്ള പഠനങ്ങൾക്കും വ്യവസ്ഥകൾക്കും സഭയുടെ ജീവിതം കൂടുതൽ വിശ്വസ്തമായി സാക്ഷ്യം വഹിക്കേണ്ടതിന്, കത്തോലിക്കകുടുംബത്തിൽത്തന്നെ നവീകരിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ കാര്യങ്ങളെ സത്യസന്ധവും സശ്രദ്ധവുമായി പരിശോധിക്കുകയാണ് ഇവരുടെ പ്രഥമ കർത്തവ്യം.

ദൈവാവിഷ്കൃതങ്ങളായ എല്ലാ സത്യങ്ങളും പ്രസാദവരത്തിൻെറ സകല മാർഗ്ഗങ്ങളും കത്തോലിക്കസഭയ്ക്കു് ഉണ്ടെങ്കിലും അവളുടെ അംഗങ്ങൾ തീക്ഷ്ണതാപൂർവ്വം അവ ജീവിതത്തിൽ പകർത്തുന്നതിൽ പരാജയപ്പെടുന്നു. അതിനാൽ, നമ്മുടെ ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളുടെ മുമ്പിലും ലോകത്തിൻെറ വീക്ഷണത്തിലും സഭയുടെ മുഖഭാവം മങ്ങിയിരിക്കുന്നു; ദൈവരാജ്യത്തിൻെറ വളർച്ച മുരടിച്ചിരിക്കയുമാണ്. അതുകൊണ്ട്, സകല കത്തോലിക്കരുടേയും ലക്ഷ്യം ക്രൈസ്തവപരിപൂർണ്ണതയായിരിക്കണം(1). ചുളിവും കളങ്കവുമൊന്നുമില്ലാത്ത(2), മഹത്വപൂർണ്ണയായി സഭയെ ക്രിസ്തുനാഥൻ തൻെറ സന്നിധിയിലേക്കു ക്ഷണിക്കുന്നതുവരെ, ക്രിസ്തുവിൻെറ എളിമയും ആത്മസംയമനവും സ്വശരീരത്തിൽ വഹിച്ചുകൊണ്ടു(3) സഭ അനുദിനം നവീകൃതയും വിശുദ്ധീകൃതയുമാകുന്നതിനായി ഓരോരുത്തരും തങ്ങളുടെ പരിതഃസ്ഥിതികൾക്കനുസൃതമായി പരിശ്രമിക്കണം.

സത്താപരമായവയിൽ ഐക്യം കാത്തുസൂക്ഷിച്ചുകൊണ്ട്,

---

(1) യാക്കോ. 1: 4; റോമ. 12: 1-2. (2) എഫേ. 5: 27.
(3) 2 കൊറി. 4: 10; ഫിലി. 2: 2-5.

സഭയിൽ എല്ലാവർക്കും, അവനവനു ലഭിച്ചിട്ടുള്ള ദൗത്യത്തിനനുസൃതമായി, ആദ്ധ്യാത്മികജീവിതത്തിന്റെ വിവിധമാതൃകകളിലും ശിക്ഷണക്രമത്തിലും ആരാധനക്രമങ്ങളുടെ വിവിധത്വത്തിലും എന്നുവേണ്ട, വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ദൈവശാസ്ത്രപരമായ വിശദീകരണത്തിൽപ്പോലും അർഹമായ സ്വാതന്ത്ര്യം എടുക്കാവുന്നതാണ്. എല്ലാത്തിലും ഉപവി പരിശീലിക്കണമെന്നു മാത്രം. ഇങ്ങനെ പ്രവർത്തിക്കുമ്പോൾ അവർ സഭയുടെ കാതോലിക-അപ്പസ്തോലിക പ്രകൃതിയുടെ യാഥാർത്ഥ്യം കൂടുതൽ വ്യക്തമാക്കും.

മറുവശം നോക്കിയാൽ, നമ്മുടെ പിതൃസ്വത്തിൽനിന്നു വരുന്നതും വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളുടെ ഇടയിൽ കാണുന്നതുമായ യഥാർത്ഥ ക്രിസ്തീയമൂല്യങ്ങളെ കത്തോലിക്കർ സസന്തോഷം അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യണം. ചിലപ്പോൾ രക്തം ചൊരിഞ്ഞുകൊണ്ടുപോലും ക്രിസ്തുവിനു സാക്ഷ്യം വഹിച്ചുള്ള അവരുടെ ജീവിതത്തിൽ കാണുന്ന ക്രിസ്തീയസമ്പത്തുകളും പുണ്യപ്രവൃത്തികളും ഏറ്റുപറയുക ഉചിതവും രക്ഷാകരവുമാണ്. ദൈവം എന്നും അതിശയനീയനാണ്, തന്റെ പ്രവൃത്തികളിൽ അവിടന്നു വിസ്മയനീയനും.

വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളുടെ ഇടയിൽ പരിശുദ്ധാത്മാവിന്റെ വരങ്ങൾ നിർവഹിക്കുന്നവയെല്ലാം നമ്മെക്കൂടെ ഉദ്ബോധിപ്പിക്കുവാൻ പോരുന്നവയാണെന്ന കാര്യം മറക്കാവതല്ല. യഥാർത്ഥത്തിൽ ക്രിസ്തീയമായ ഒന്നും സാക്ഷാൽ വിശ്വാസത്തിന് എതിരല്ല. തീർച്ചയായും അവ ക്രിസ്തുവിന്റെയും സഭയുടേയും രഹസ്യം കൂടുതൽ ഗാഢമായി ഗ്രഹിക്കുവാൻ എപ്പോഴും സഹായകമാണ്.

സഭയ്ക്കു, ജ്ഞാനസ്നാനത്താൽ ബന്ധപ്പെട്ടവരാണെങ്കിലും പൂർണ്ണ ഭാഗഭാഗിത്വത്തിൽനിന്നു പിരിഞ്ഞുനില്ക്കുന്ന, ഈ മക്കളിൽ സ്വന്തമായുള്ള കാതോലികത്വത്തിന്റെ പൂർണ്ണത വ്യക്തമാക്കുവാൻ അഭിലാഷമുണ്ടെങ്കിലും ക്രൈസ്തവാനൈക്യം ഒരു പ്രതിബന്ധമാണ്. അങ്ങനെ, ജീവിതത്തിന്റെ വസ്തുതകളിൽ കാതോലികത്വത്തിന്റെ പൂർണ്ണത അതിന്റെ എല്ലാവശങ്ങളിലുമായി വ്യ

ക്തമാക്കുവാൻ സഭയെ സംബന്ധിച്ചിടത്തോളം പ്രയാസകരമായിരിക്കുന്നു.

എക്യുമേനിക്കൽപ്രവർത്തനങ്ങളിൽ കത്തോലിക്കരുടെ ഭാഗഭാഗിത്വം അനുദിനം വളരുകയാണെന്നു സസന്തോഷം ചൂണ്ടിക്കാണിക്കുകയാണ് ഈ വിശുദ്ധ സൂനഹദോസ്. തീക്ഷ്ണതാപൂർവ്വം ഇതിനെ വളർത്തുവാനും വിവേകപൂർവ്വം ഇതിനെ നയിക്കുവാനും ലോകമെങ്ങുമുള്ള മെത്രാന്മാരെ കൗൺസിൽ ചുമതലപ്പെടുത്തുന്നു.

ആറു വസ്തുതകൾ ഈ ഖണ്ഡികയിൽ പ്രത്യേകം ശ്രദ്ധേയമായിട്ടുണ്ട്: 1) എക്യുമെനിസത്തിന്റെ വിവരണം. 2) എക്യുമെനിസത്തിന്റെ ഫലങ്ങൾ. 3) വ്യക്തിപരമായ പുനരൈക്യം. 4) കത്തോലിക്കരുടെ കടമ. 5)സഭയുടെ കാതോലികത്വം. 6) വിവിധത്വത്തിൽ ഏകത്വം എന്നിവ. കാലത്തിന്റെ സ്പന്ദന (signs of the time) ങ്ങളെ കണക്കിലെടുത്തുകൊണ്ട് ഇന്നിന്റെ ഏററവും വലിയ പ്രതിഭാസമായ എക്യുമെനിസത്തിൽ ഉത്സുകരാകുവാൻ കത്തോലിക്കരെ ഉണർത്തുകയാണ് ഈ ഖണ്ഡികയുടെ ലക്ഷ്യം. പ്രസ്താവിത "കാലത്തിന്റെ സ്പന്ദനങ്ങ"ളെപ്പററി ഫാ. ബർനാർഡ് ലീമിങ്ങ് തന്റെ "വത്തിക്കാൻ കൗൺസിലും ക്രൈസ്തവൈക്യവും" എന്ന ഗ്രന്ഥത്തിൽ നല്കുന്ന വിവരണം ഏററം ശ്രദ്ധേയമാണ്: ഈ പദപ്രയോഗം ആധികാരികഡോക്കുമെന്റുകളിൽ ആദ്യമായി ഉപയോഗിച്ചതു ജോൺ പാപ്പായാണെന്നത്രേ അദ്ദേഹത്തിന്റെ അഭിപ്രായം. അതിനുശേഷം പ്രസ്തുത ആശയത്തെ പുരസ്കരിച്ച് എഴുതപ്പെട്ട ഗ്രന്ഥങ്ങളും ലേഖനങ്ങളും മ

റവും അദ്ദേഹം വിവരിക്കുന്നുണ്ട്.* ഒരു കാര്യം ശരിയാണ്, കത്തോലിക്കസഭ വളരെ കാലത്തേക്കു തൻേറതായ ഒരു ആദർശലോകത്താണു കഴിഞ്ഞിരുന്നത്; കാലത്തിൻെറ ഗതിവിഗതികളെ കണക്കിലെടുത്തു സ്വയം നവീകരിക്കുവാൻ അവർ മുന്നോട്ടു വന്നിരുന്നില്ല. വിമർശനംപോലും നിഷിദ്ധമായി കരുതപ്പെട്ടിരുന്നു, കത്തോലിക്കനു്, തൻെറ സഭയെപ്പററിയും വിശ്വാസവിഷയങ്ങളുടെ അവതരണത്തെപ്പററിയും മററും. അധികാരികളെ വിമർശിക്കുക ദൈവദോഷമായാണു കത്തോലിക്കനു് അനുഭവപ്പെട്ടിരുന്നതു്. എന്നാൽ, സഭാചരിത്രത്തിലെ ഈ ഇരുളടഞ്ഞ അധ്യായം അവസാനിപ്പിച്ചുകൊണ്ടു സഭാതലത്തിൽ ശുദ്ധവായു പ്രവേശിക്കുവാൻ വാതായനങ്ങൾ തുറന്നിടുവാൻ ജോൺപാപ്പാ മുന്നോട്ടു വന്നു. ആ ദൈവികപാപ്പാ തുറന്നിട്ട വാതായനങ്ങൾ ഇന്നും തുറന്നുതന്നെ കിടക്കുകയാണു്; കൂടുതൽകൂടുതൽ വാതായനങ്ങൾ തുറക്കപ്പെട്ടുകയുമാണു്. അതേ, കാലത്തിൻെറ സ്പന്ദനങ്ങളെ പരിഗണിക്കുന്നതിൽ സഭ അനുദിനം മുമ്പോട്ടുഗമിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. തൽഫലമായി നവീകരണത്തിൻെറ ശുദ്ധവായു സഭാതലത്തിലെവിടെയും പ്രശാന്തമായി വീശിക്കൊണ്ടിരിക്കുന്നു.

ആകാശതലത്തിൻെറ സ്ഥിതിവിശേഷം വീക്ഷി

* BERNARD LEEMING, S. J., *The Vatican Council and Christian Unity*, pp. 102-105.

ച്ച കാലാവസ്ഥ പ്രവചിക്കുവാൻ കഴിവുള്ള മനുഷ്യക്ക് ക്രൈസ്തവസമൂഹത്തിൻെറ സ്ഥിതിവിശേഷം ശ്രദ്ധിച്ചു കൊണ്ടു സഭൈക്യത്തെ എന്തുകൊണ്ടു പ്രവചിച്ചുകൂടാ എന്ന ചോദ്യമാണു് ഇവിടെ ഉയർന്നുവരുക. ഇന്നു ക്രൈസ്തവലോകം മുഴുവനിലും കാണാവുന്ന ഒരു സവിശേഷത സഭൈക്യത്തിനായുള്ള അഭിവാഞ്ഛയും പ്രവത്തനങ്ങളുമാണു്. തീർച്ചയായും ഇതു പരിശുദ്ധാത്മാവിൻെറ പ്രേരണയിലാണു വളരുന്നതും വികസിക്കുന്നതും. കത്തോലിക്കരൊഴിച്ചുള്ള ക്രൈസ്തവലോകം മുഴുവനും അഖിലലോക സംഘടനകൾക്കുതന്നെ രൂപംകൊടുത്തിരിക്കുന്നു. അവരെല്ലാം അന്താരാഷ്ട്രീയാടിസ്ഥാനത്തിൽ പ്രവത്തിക്കുകയാണു്, സഭൈക്യം സംജാതമാകുവാൻ. കാലത്തിൻെറ സൂചനകളെ കണക്കിലെടുക്കാൻ മുന്നോട്ടുവരുന്ന കത്തോലിക്കാസഭയുടെ ശ്രദ്ധയിൽ പ്രഥമതഃ പതിയുന്നതും ഈ ആഗോളവ്യാപകമായ എക്യുമെനിസംതന്നെ. അതുകൊണ്ടാണു്, ജോൺ പാപ്പാ സൂനഹദോസ് വിളിച്ചുകൂട്ടാൻ പോകുന്നെന്നു പറഞ്ഞപ്പോൾത്തന്നെ ലോകം മുഴുവൻ ആനന്ദഭരിതമായതും ഐക്യസെക്രട്ടേറിയററിൻെറ സ്ഥാപനത്തിൽ അകത്തോലിക്കലോകം സംതൃപ്തി പ്രകടിപ്പിച്ചതും. ഇപ്പോഴിതാ, സൂനഹദോസ് ഔദ്യോഗികമായി സകലകത്തോലിക്കരോടും ആവശ്യപ്പെടുകയാണു്: "കാലത്തിൻെറ ഹൃദയത്തുടിപ്പുകളെ" കണക്കിലെടുത്തുകൊണ്ടു് എക്യുമേനിക്കൽ പ്രവത്തനങ്ങളിൽ മുന്നേറുവാൻ.

## എക്യുമെനിസത്തിൻെറ വിവരണം

'സ്കൊളാസ്റ്റിക്ക' മോഡലിലുള്ള ഒരു നിർവ്വചനം എക്യുമെനിസത്തിനു നല്കിക്കൊണ്ടു തുടങ്ങാമെന്നാണു പിതാക്കന്മാരിൽ പലരും മനസ്സിൽ കണ്ടിരുന്നതു്. പക്ഷേ, മനുഷ്യജീവിതത്തിൻെറ സകലതലങ്ങളിലേക്കും വ്യാപിച്ചുകഴിഞ്ഞിരിക്കുന്ന എക്യുമെനിസത്തെ സ്കൊളാസ്റ്റിക്ക മെത്തേഡിലുള്ള നിർവ്വചനങ്ങൾക്കൊന്നും അടക്കിനിർത്താൻ സാധിക്കുകയില്ലെന്നു് ആരംഭചർച്ചകൾതന്നെ വ്യക്തമാക്കി. അതുകൊണ്ടു്, എക്യുമെനിസത്തിൻെറ പ്രധാനമൂല്യങ്ങളെല്ലാം ഒററനോട്ടത്തിൽ ഗ്രഹിക്കത്തക്ക ഒരു വിവരണം വിരചിക്കുവാൻ ഇടയായി. സ്കെമ്മയുടെ ആദ്യപതിപ്പിൻെറ പല ഭാഗങ്ങളിലായി വിതറപ്പെട്ടിരുന്ന ആശയങ്ങളെല്ലാം അടിച്ചുകൂട്ടി ഇവിടെ അടുക്കി ഒരുക്കിയിരിക്കയാണു്.

ക്രൈസ്തവൈക്യം വളർത്തുവാനായുള്ള സകല പ്രവർത്തനങ്ങളേയും ഒന്നിച്ചു വിവക്ഷിക്കുന്ന ഒരു പദമാണു് എക്യുമെനിസം. കത്തോലിക്കരെസംബന്ധിച്ചിടത്തോളം ഈ എക്യുമെനിസം എപ്രകാരമായിരിക്കണമെന്നതാണു തുടർന്നുള്ള വിവരണം. സത്യത്തിനും നീതിക്കും, സ്നേഹത്തിനും സാഹോദര്യത്തിനും നിരക്കാത്തവയിൽനിന്നു് ഒഴിഞ്ഞുമാറുക, അതാണു് ആദ്യമായി കത്തോലിക്കർ ചെയ്യേണ്ടതു്. കത്തോലിക്കരുടെ എക്യുമേനിക്കൽ പ്രവർത്തനങ്ങളുടെ അടിത്തറയായി പ്രശോഭിക്കേ

ണ്ട മനസ്ഥിതിയാണ് ഇവിടത്തെ വിവക്ഷ. നമ്മൾ മാത്രമാണ ശരി, നമ്മുടെ സഭ മാത്രമാണ സത്യസഭ എന്നും മററുമുള്ള ധാരണകൾ ആക്കും നല്ലതല്ല, എക്യുമെനിസത്തിൻെറ ഈ യുഗത്തിൽ. മററുള്ളവക്ക് ഉള്ളതെല്ലാം തുറന്നു സമ്മതിക്കുവാനും അവരുടെ മാഹാത്മ്യത്തിൽ സന്തോഷിക്കുവാനുമുള്ള സന്മനസ്സാണ് ഇന്നു സകലരിലും കാണേണ്ടത്ത്. ഇത്തരം സന്മനസ്സിൻെറ അന്തരീക്ഷത്തിൽമാത്രമേ എക്യുമേനിക്കൽപ്രവർത്തനങ്ങൾ വിജയിക്കയുള്ളൂ.

"ഡയലോഗു"കളുടെ കാര്യമാണ് അടുത്ത പ്രതിപാദ്യവിഷയം. എക്യുമേനിക്കൽ പ്രവത്തനങ്ങളിൽ ഡയലോഗുകൾക്കുള്ള സ്ഥാനം അനിഷേധ്യമാണ്. എക്യുമെനിസത്തിൻെറ ആരംഭംതന്നെ സയലോഗിലാണ്, അഭിമുഖസംഭാഷണത്തിലാണ്. പക്ഷേ, അഭിമുഖസംഭാഷണങ്ങളിൽമാത്രം അവസാനിക്കുന്ന ഒരത്ഥമല്ല "ഡയലോഗ്" എന്ന പദത്തിനുള്ളത്. ശരിയാണ്, ഡയലോഗിൻെറ വ്യക്തമായ രൂപം അഭിമുഖസംഭാഷണത്തിലാണ് പ്രസ്പഷ്ടമാകുന്നത്. അതുകൊണ്ടാണ്, ഡിക്രി ക്രൈസ്തവസമ്മേളനങ്ങളിലെ "ഡയലോഗുക"ളെപ്പററി പ്രതിപാദിക്കുന്നതും. ഇവയിൽ സംബന്ധിക്കുന്നവർ പണ്ഡിതന്മാരും വിദഗ്ദ്ധന്മാരുമായിരിക്കണമെന്നും അവർ തങ്ങളുടെ സഭകളുടെ വ്യതിരിക്തസ്വഭാവം വ്യക്തമാക്കണമെന്നും ഡിക്രി ആവശ്യപ്പെടുന്നു. ക്രൈസ്തവപണ്ഡിതന്മാർ അഭിമുഖസംഭാഷണത്തിനായി ഒന്നിച്ചുചേരുമ്പോഴും ഡയലോഗിൻെറ മററു രൂപ

ങ്ങളായ സ്റ്റഡീസർക്കിളുകളിലും പൊതു മീററിംഗുക ളിലും പത്രമാസികാദിപ്രസിദ്ധീകരണങ്ങളിലും മററും പങ്കെടുക്കുമ്പോഴും ഡിക്രിയുടെ ഈ ഉപദേശം പ്രത്യേ കം സ്മരിക്കേണ്ടതാണു്. ഇങ്ങനെ, സംഭാഷണ-ഡയ ലോഗിലായാലും ലിഖിത-ഡയലോഗിലായാലും സഭകളു ടെ ഭിന്നതകൾമാത്രം വ്യക്തമാക്കി തൃപ്തിപ്പെടുന്നതു ന ല്ലതല്ല. സഭകളുടെ വ്യതിരിക്തസ്വഭാവങ്ങൾ വ്യക്ത മാക്കണമെന്നു ഡിക്രി ആവശ്യപ്പെടുന്നതിൻെറ അർ ത്ഥം ആരുമാരും ഒന്നും മറച്ചുവയ്ക്കരുതെന്നും അപ്രകാ രം ജന്യമാകുന്ന ഒരു തെററായ എക്യുമെനിസത്തിനു ശ്രമിക്കരുതെന്നുമത്രേ. അതുകൊണ്ടു്, ഡയലോഗുക ളിൽ വിവിധ ക്രൈസ്തവസഭകൾക്കു പൊതുവായുള്ള ത ത്വങ്ങളെ ചർച്ചചെയ്തു വെളിച്ചത്തു കൊണ്ടുവരാനുള്ള അവസരം നല്കുക കൂടുതൽ ഫലപ്രദവും ആസ്വാദ്യ കരവുമായിരിക്കും. പൊതുവായ വസ്തുതകൾ സ്പഷ്ടമാ യി പ്രശോഭിക്കാൻ തുടങ്ങുമ്പോൾ ഭിന്നതകൾ താനേ അപ്രത്യക്ഷമായിക്കൊള്ളും; ഒന്നുമില്ലെങ്കിൽ, ഭിന്നത കളുടെ ശരിയായ തൂക്കവും ആക്കവും വ്യക്തമാവുകയെ ങ്കിലും ചെയ്യും.

ഇനിയും, ഇത്തരം ഡയലോഗുകൾ നിർവ്വഹിക്കുന്ന മഹത്തായ സേവനത്തെപ്പററി പറയുന്നുണ്ടു്. പ്രഥമതഃ ഇത്തരം ഡയലോഗുകൾ വിവിധ ക്രൈസ്തവസഭകളെപ്പ ററിയുള്ള ശരിയായ ജ്ഞാനവും ധാരണയും വളർത്തുവാൻ സഹായിക്കുന്നു. ക്രൈസ്തവസ്നേഹത്തിൻേറയും സഹകര ണത്തിൻേറയും സുഗമമാർഗ്ഗം വെട്ടിത്തുറക്കുകയാണു്,

ഇവ. ഒന്നിച്ചിരുന്നു സഭാകാര്യങ്ങളെപ്പററി സംസാരിക്കുവാനും ചർച്ചചെയ്യുവാനും മററുസഭകളുടെ നിലപാടുകൾ ഗ്രഹിക്കുവാനും തയ്യാറാകുന്നതിൽത്തന്നെ ക്രൈസ്തവസ്നേഹത്തിൻേറയും സഹകരണത്തിൻേറയും പ്രഥമപടികൾ വ്യക്തമാണ്. പിന്നെ, ക്രൈസ്തവലോകത്തിനുമുഴുവനും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളുടെ ചർച്ച പ്രായോഗികതലത്തിൽ ക്രൈസ്തവസഹകരണത്തെ പ്രാവർത്തികമാക്കുമെന്നു തീർച്ച. ഇനിയും, ഇത്തരം ഡയലോഗുകൾ പൊതുപ്രാർത്ഥനയോടുകൂടെ ആരംഭിക്കുകയാണെങ്കിൽ ദൈവത്തിൻെറ പ്രത്യേകസഹായവും സന്മനസ്സും അതിനു ലഭിക്കും; അങ്ങനെ, അതു വിജയത്തിലേക്കു കുതിച്ചുകയറുകയും ചെയ്യും.

ഒന്നിച്ചുള്ള പ്രാർത്ഥന പല പ്രശ്നങ്ങളേയും ഉയർത്തിപ്പിടിക്കുമെന്നതു ശരിതന്നെ. ഇത്തരം സംയുക്തസമ്മേളനങ്ങളിൽ ഏതു സഭക്കാരുടെ പ്രാർത്ഥന ഉപയോഗിക്കണമെന്നതത്രേ പ്രഥമപ്രശ്നം. ഓരോ സഭക്കാരുടേയും പ്രാർത്ഥനകൾ അവരവരുടെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നതുകൊണ്ടാണ് അവ പൊതുപ്രാർത്ഥനകളായി ഉപയോഗിക്കുവാൻ വിഷമം. അങ്ങനെ വരുന്നതുകൊണ്ടത്രേ പ്രാർത്ഥനാസമയത്തുപോലും ബഹളമുണ്ടാക്കുവാൻ ആളുകൾ ബദ്ധപ്പെടുന്നതു്. എന്തൊരു വിരോധാഭാസം! ക്രിസ്ത്യാനികൾക്കു ഒന്നിച്ചിരുന്നു പ്രാർത്ഥിക്കുക സാദ്ധ്യമല്ലെന്നോ! നിങ്ങൾ ബലിയർപ്പിക്കുവാൻ പോകുമ്പോൾ നിങ്ങളുടെ സഹോദരനു നിങ്ങളോട് എന്തെങ്കിലും വിരോധമുണ്ടെന്നു ഓർക്കുകയാണെങ്കിൽ

ബലിവസ്തു അവിടെവച്ചിട്ട് ആദ്യം പോയി അവനോട്ട രമ്യതപ്പെട്ടുക എന്നു് ഉപദേശിച്ച ക്രിസ്തുനാഥന്റെ ശിഷ്യരെന്നു സ്വയം സംബോധനചെയ്യുവാൻ ക്രിസ്ത്യാനികൾക്ക് എങ്ങനെ കഴിയും! പക്ഷേ, ഒരുകാര്യം, ഇന്നു് ഈ പരിതസ്ഥിതിക്കു വളരെയേറെ മാററംസംഭവിച്ചു കൊണ്ടിരിക്കുകയാണു്. എക്യുമെനിസത്തിന്റെ ജീവനായ പ്രാർത്ഥനാപ്രസ്ഥാനം ഇന്നു് അടിക്കടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അഭിമുഖസംഭാഷണങ്ങൾ എല്ലാംതന്നെ ഇന്നു് ഒന്നിച്ചുള്ള പ്രാത്ഥനയോടുകൂടിയാണ് ആരംഭിക്കുക.

അന്യരുടെ കുററങ്ങൾ വെളിച്ചത്തു കൊണ്ടുവരാനോ സ്വയം നീതീകരിക്കാനോ ഉള്ള ഒരവസരമല്ല ഡയലോഗ്ഗ്. കുററങ്ങളും കുറവുകളും മാനുഷികമാണെന്നും അവ ഏതെങ്കിലുംവിധത്തിൽ എല്ലാവക്കും ഉണ്ടെന്നു ഗ്രഹിച്ചുകൊണ്ടു പരസ് പരം ക്ഷമിക്കുവാനും ദൈവഹിതാനുസരണം പ്രവത്തിക്കുവാനും സന്നദ്ധരാകുവാനുമുള്ള അവസരങ്ങളാണ് ഇത്തരം ഡയലോഗ്ഗുകൾ. എന്തെന്തു ഭിന്നതകളുണ്ടായിരുന്നാലും ക്രിസ്ത്യാനികളെല്ലാം സഹോദരങ്ങളാണു്, ക്രിസ്തുവിന്റെ ശരീരത്തിലെ അംഗത്തളാണു്. ഒരേ ശരീരത്തിലെ വിവിധാംഗങ്ങൾ പരസ്പരം ശത്രുതയിൽ വസിച്ചാൽ എങ്ങനെ ആ ശരീരത്തിനു വളരാൻ സാധിക്കും. ആയതിനാൽ, ക്രിസ്തുവിന്റെ ശരീരത്തിൽ ഐക്യം പുനഃസ്ഥാപിക്കുക എന്ന വിശുദ്ധലക്ഷ്യത്തിനാണു തങ്ങൾ പരിശ്രമിക്കുന്നതെന്ന ധാരണ എല്ലാവരിലും ഉണ്ടാകണം. ഈ ധാരണയു

39127

ണ്ടായാൽമാത്രമേ പ്രസാദവരം നമ്മുടെ ഹൃദയങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുകയുള്ളൂ.

ഇപ്രകാരം എളിമയുടേയും ദൈവഹിതത്തോടു യോജിച്ചുപ്രവർത്തിക്കാനുള്ള അഭിലാഷത്തിൻേറയും അരങ്ങേറാമായ ഡയലോഗുകൾ ക്രൈസ്തവലോകത്തിൻെറ നവീകരണത്തിനും നവോത്ഥാനത്തിനും ആവശ്യമായ ആവേശം പകർന്നുകൊടുക്കുമെന്നത്രേ ഡിക്രിയുടെ ഉദ്ബോധനം. ശരിയാണു്, ശരിയായ സഭൈക്യം സംജാതമാകണമെങ്കിൽ ക്രൈസ്തവലോകത്തുമുഴുവൻ ഒരു നവീകരണവും നവോത്ഥാനവും അത്യന്താപേക്ഷിതമാണു്. അത്യന്താപേക്ഷിതങ്ങളായ ക്രൈസ്തവമൂല്യങ്ങളിൽ നിർബ്ബന്ധംപിടിക്കുകയും മററുള്ളവയിൽ സ്വാതന്ത്ര്യമനുവദിക്കുകയും ചെയ്യുന്ന ഒരു നവോത്ഥാനം വേണം. അക്രൈസ്തവമായവയെ പരിത്യജിക്കുവാനുള്ള സന്നദ്ധതയും നന്മയായ സകലത്തിനേയും ക്രൈസ്തവമാക്കിയെടുക്കാനുള്ള ഉത്സുകതയും ഓളംതല്ലുന്ന ഒരു നവീകരണം ആവശ്യമാണു്. ക്രൈസ്തവികതയ്ക്കു അത്യന്താപേക്ഷിതമല്ലാത്തവയെ സത്താപരമായി കരുതുവാനും മുറുകെപ്പിടിക്കുവാനുമുള്ള വാസനയും ഇടുങ്ങിയ മനസ്ഥിതിയും ക്രൈസ്തവലോകത്തുനിന്നും അപ്രത്യക്ഷമാക്കുന്ന ഒരു നവീകരണ-നവോത്ഥാനത്തിനുമാത്രമേ സഭൈക്യം സംജാതമാക്കുവാൻ സാധിക്കുകയുള്ളൂ. കത്തോലിക്കാസഭ അതിനു മുൻകൈയെടുക്കുകയാണു്, സഭയുടെ സർവ്വാത്മകമായ ഒരു നവീകരണത്തിനും നവോത്ഥാനത്തിനുമായി പ്രവർത്തിച്ചുകൊണ്ടു്. ഇനിയും, ക്രൈസ്തവനവീ

3912

കരണത്തിൻേറയും നവോത്ഥാനത്തിൻേറയും അന്ത്യത്തെക്കുറിച്ചും ഡിക്രി സ്പർശിക്കുന്നുണ്ട്: ക്രിസ്തുവിൻെറ ഹിതത്തോടുള്ള വിശ്വസ്തത പരിശോധിക്കുവാൻ സഹായിക്കുന്ന ഡയലോഗുകൾ രൂപംകൊടുക്കുന്ന ഈ നവീകരണ–നവോത്ഥാനങ്ങൾ ക്രൈസ്തവലോകത്തെ ക്രിസ്തുവിൻെറ ഹിതത്തിന് അനുരൂപമാക്കാൻ പോരുന്നവയായിരിക്കണം.

## എക്യുമെനിസത്തിൻെറ ഫലങ്ങൾ

അകത്തോലിക്കസഹോദരങ്ങളുമായുള്ള ധാരണയ്ക്കും ബന്ധത്തിനും തകരാറുവരുത്തുന്ന പ്രവർത്തനങ്ങളിൽനിന്നും ഒഴിഞ്ഞുമാറുക, അവരുമായി ശരിയായ അടിസ്ഥാനത്തിൽ ഡയലോഗു നടത്തുക, പൊതുപ്രശ്നങ്ങൾ പരിഹരിക്കുവാൻ അവരുമായി സഹകരിക്കുക എന്നീ എക്യുമേനിക്കൽപ്രവർത്തനങ്ങൾ വിവേകപൂർവ്വം ക്ഷമയോടുകൂടിയും നടത്തിയാൽ, മെത്രാന്മാരുടെ നേതൃത്വത്തിലും സംരക്ഷണത്തിലും നടത്തിയാൽ, സത്യവും നീതിയും പുലരുമെന്നും സാഹോദര്യാരൂപിയും ഐക്യവും സംജാതമാകുമെന്നും വ്യക്തമാക്കുകയാണു ഡിക്രി. ശരിയായ അരൂപിയിൽ, ദൈവത്തിൻെറ ഹിതാനുസരണം ഈ എക്യുമേനിക്കൽ പ്രവർത്തനങ്ങൾ മുന്നോട്ടു പോവുകയാണെങ്കിൽ, കാലത്തിൻെറ ലക്ഷണങ്ങൾക്കനുസൃതമായി നമുക്കു പ്രവചിക്കാം, സഭകളുടെ ഭിന്നതകൾ അസ്തമിക്കുവാൻ കാലമായെന്ന്, ഈ നൂ

ററാണ്ടിൻെറ അന്ത്യം സഭൈക്യത്തിൻെറ സുന്ദരസന്ദേശവും സംതൃപ്തിയും കലന്നതായിരിക്കുമെന്നു്.

ക്രൈസ്തവൈക്യത്തിൻെറ മാതൃകയും സാദൃശ്യവുമായി പരിഗണിക്കപ്പെടുന്ന ദിവ്യകാരുണ്യമെന്ന കൂദാശയെ സഭൈക്യത്തിൻെറ പ്രതിഫലനമായാണു ഡിക്രി ഇവിടെ എടുത്തുകാട്ടുന്നതു്. എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ നാഥൻെറ രക്ത–ശരീരങ്ങൾ ആഹരിക്കുവാൻ ഒരേമേശയ്ക്കു ചുററും ഒന്നിച്ചുകൂടുന്ന സുന്ദരസുദിനമായാണു സഭൈക്യത്തെ ഡിക്രി വിവരിക്കുന്നതു്; ഒന്നിച്ചു ഭക്ഷണത്തിനിരിക്കുക സ്നേഹത്തിൻേറയും സാഹോദര്യത്തിൻേറയും അടയാളമാണു്, പരസ്നേഹത്താൽ നിങ്ങൾ എൻെറ ശിഷ്യരാണെന്നു ലോകം അറിയട്ടെ എന്നു കല്പിച്ച ക്രിസ്തുനാഥൻ, തൻെറ ശരീരം ഭക്ഷിക്കുകയും തൻെറ രക്തം പാനം ചെയ്യുകയും ചെയ്യാത്തവനിൽ ജീവനുണ്ടായിരിക്കയില്ലെന്നു പ്രഖ്യാപിച്ച ക്രിസ്തുനാഥൻ, തൻെറ സഭയുടെ ഐക്യത്തിൻെറ പ്രതീകമായാണു ദിവ്യകാരുണ്യമെന്ന കൂദാശ സ്ഥാപിച്ചതെന്നുപറഞ്ഞാൽ, അതിനെ എതിർക്കുക സാദ്ധ്യമല്ല. ഈ കൂദാശയുടെ അനുഷ്ഠാനത്തിനായി ഒന്നിച്ചുചേരുവാൻ ക്രൈസ്തവർക്കു് എന്നു സാധിക്കുന്നുവോ അന്നു സഭൈക്യം ഒരു യാഥാർത്ഥ്യമാവുകയാണു്.

ക്രിസ്തുനാഥൻ തൻെറ സഭയ്ക്കു സമ്മാനിച്ചതു് ഈ വിധത്തിലുള്ള ഐക്യമാണു്. സഹോദരസമാനം സകലരും ഒരേമേശയ്ക്കു ചുററുംകൂടി ദിവ്യകാരുണ്യത്തിൽ പങ്കുപററണം. ഈ ഐക്യം കത്തോലിക്കാസഭ

യിൽ ഇന്നും പരിരക്ഷിക്കപ്പെട്ടുന്നെന്നും ഇതു് ഒരിക്ക ലും നഷ്ടപ്പെട്ടുകയില്ലെന്നു കത്തോലിക്കർ വിശ്വസിക്കു ന്നെന്നും പ്രഖ്യാപിക്കുകയാണു്, ഡിക്രി. ഓരോ സഭ യേയും പ്രത്യേകംപ്രത്യേകം എടുത്താൽ അവയിലെ ല്ലാം ഈവിധമായ ഐക്യം പ്രസ്പഷ്ടമാണെന്നു് ആക്കും ഗ്രഹിക്കാൻ കഴിയും. കിഴക്കൻസഭകളിൽ പ്രസ്തുതൈ ക്യത്തിൻെറ പ്രതിഫലനം കത്തോലിക്കാസഭയുടേതിനു തുല്യമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എ ക്യുമേനിസത്തിൻെറ ലക്ഷ്യം, ക്രൈസ്തവലോകത്തെ മു ഴുവൻ ഒരേമേശയ്ക്കുചുറ്റും കൊണ്ടുവന്നു ദിവ്യനാഥൻ പരികർമ്മം ചെയ്ത വിധത്തിൽ ദിവ്യകാരുണ്യം സക ലക്കുമായി ഭാഗിച്ചുകൊടുക്കുകയും ഒരേകാസായിൽനി ന്നു സകല ക്രൈസ്തവരും ക്രിസ്തുനാഥൻെറ രക്ഷാകര രക്തം പാനംചെയ്യുവാൻ സംഗതിയാക്കുകയുമാണു്. എ ക്യുമെനിസത്തിൻെറ പുരോഗമനം ഈ അന്ത്യത്തിലേ ക്കു ഗമിക്കുകയാണെന്നു നിസംശയം പറയാം. അതേ, ലക്ഷ്യപ്രാപ്തിക്കു് ഇനിയും കുറച്ചുദൂരം മാത്രമേയുള്ളു.

## വ്യക്തിപരമായ പുനരൈക്യം

പിരിഞ്ഞുപോയവരെ പുനരൈക്യപ്പെടുത്തുവാൻ കത്തോലിക്കാസഭ നിരന്തരം പ്രവർത്തിക്കുകയാണെന്ന വ സ്തുതയും വിഭജനങ്ങളുടെ ആരംഭംമുതല്ക്കുതന്നെ വ്യക്തി കാം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുകൊ ണ്ടിരിക്കയാണെന്ന പരമാത്ഥവും അവിസ്മരണീയങ്ങ ളാണു്. ഇന്നും ക്രൈസ്തവലോകത്തിൻെറ നാനാഭാഗ

ങ്ങളിലും "കാത്തലിക് ഇൻഫർമേഷൻ സെൻററുകൾ" പ്രവർത്തിക്കുന്നുണ്ട്, വ്യക്തികളുടെ പുനരൈക്യത്തെ ലക്ഷ്യമാക്കി. അവയുടെ പ്രവർത്തനഫലമായി ഇന്നും നിരവധി വ്യക്തികൾ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നുമുണ്ട്. സ്വന്തം പഠനങ്ങളാലും പരിചിന്തനങ്ങളാലും കാത്തോലിക്കാസഭയിൽ എത്തിച്ചേരുന്നവരും ചുരുക്കമല്ല. ക്രിസ്തു സ്ഥാപിച്ച സത്യസഭയെ തിരക്കിയുള്ള സുദീർഘമായ യാത്രയ്ക്കുശേഷമാണ് ഇവരെല്ലാം കത്തോലിക്കാസഭയിൽ എത്തിച്ചേരുന്നത്. കാർഡിനൽ ന്യൂമൻ, റൊനാൾഡ് നോക്സ്, ജി. കെ. ചെസ്റ്റർട്ടൺ, ജെരാൾഡ് മാൻലി ഹോപ്കിംഗ്സ്, റോബർട്ട് ഹ്യൂ ബെൻസൺ (Robert Hugh Benson), ജോൺ എ. ഒബ്രിയൻ, എവ്ലിൻവോ, ഹൾട്ടൺ ഓസ്ലർ, ഗ്രെററാ പാൾമർ, ഫ്രാൻസെസ് പാർകിൻസൺ കീസ്, റോസ് ജെ. എസ്. ഓഫ്മാൻ, തെയഡോർ മെയ്നാർഡ്, എം. റാഫേൽ സൈമൺ, റോസലിൻഡ് മൂറെ, ഒവെൻ ഫ്റാൻസിസ് ഡൂലി, ഹോൺ, റോബർട്ട് എഫ്. വാഗ്നർ, ഡഗ്ലസ് ഹൈഡ്, വില്ലിസ് ഡി. നററിങ്ങ്, ജോർജ്ജ് ബി. ഹാരിസൺ, ഷീലാകേയ്-സ്മിത്ത്, ക്ലാറെ ബുത്ത് ലൂസി, അർനോൾഡ് ലൺ, ബിഡ് ഗ്രിഫിത്ത്, പീററർ ഡെഢി തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ വാസ്തവത്തിൽ ഹൃദയസ്പർശികളാണ്. നമ്മുടെ കൊച്ചുകേരളത്തിലേക്കു കടന്നാൽ, മാർ ഇവാനിയോസ്, മാർ തിയഫിലോസ്, മാർ സെവേരിയോസ് തുടങ്ങിയ മെത്രാന്മാരുടേയും ചേ

പ്പാട്ട ഫീലിപ്പോസ് റമ്പാൻ, പുലിക്കോട്ട റമ്പാൻ, വർഗീസ് കോറെപ്പിസ്കോപ്പാ, ഫാ. സി. എ. എബ്രഹാം, ഫാ. പി. ററി. തോമസ് തുടങ്ങിയ വൈദികപ്രമുഖരുടേയും പീലിപ്പോസ് ജഡ്ജി, അന്നാ ചാണ്ടി തുടങ്ങിയ അല്മായനേതാക്കളുടേയും പുനരൈക്യ ചരിത്രം അവിസ്മരണീയങ്ങളത്രേ.

ജനിച്ചുവളർന്ന സഭയുടേയും സത്യത്തെ അനുഗമിക്കുവാനുള്ള മനസ്സാക്ഷിയുടേയും ശബ്ദങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്ന വേദനാജനകമായ നിമിഷങ്ങളുടെ, ദിനരാത്രങ്ങളുടെ വീർപ്പുമുട്ടിക്കുന്ന അനുഭവങ്ങളിലൂടെ കടന്നുവരുക ഐതിഹാസികംതന്നെ. ഞാൻ ജനിച്ചുവളർന്ന സഭ, എൻെറ മാതാപിതാക്കന്മാർ ജനിച്ചുവളന്ന സഭ, എൻെറ സഹചരന്മാരും സഹപാഠികളുമെല്ലാം സത്യസഭയെന്നു വിശ്വസിച്ചു ജീവിക്കുന്ന സഭ യഥാത്ഥസഭയല്ലെന്നു സമ്മതിക്കുക അസാധാരണമാണു്. പക്ഷേ. വ്യക്തമായ പഠനവും പ്രാത്ഥനാത്മകമായ പരിചിന്തനവും എന്നോടു പറയുകയാണു്, കത്തോലിക്കാസഭയാണു ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയെന്നും മററു സഭകളെല്ലാം വിവിധകാരണങ്ങളാൽ അവളിൽനിന്നു വേർപെട്ടുപോയവയാണെന്നും. എങ്കിൽ, ക്രിസ്തുവിൻെറ ഹിതത്തെ അനുഗമിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നെങ്കിൽ, തീർച്ചയായും ഞാൻ കത്തോലിക്കാസഭയിൽ പ്രവേശിക്കണം, മനസ്സാക്ഷിയുടെ നിമന്ത്രണങ്ങൾക്കനുസൃതമായി പ്രശാന്തസുന്ദരമായ ഒരു ജീവിതം നയിക്കുവാൻ ഞാൻ അഭിലഷിക്കുന്നെങ്കിൽ.

ഇപ്രകാരം ചിന്തിച്ച്, മനസാക്ഷിയുടെ ആമന്ത്രണത്തെ അനുധാവനംചെയ്തു കത്തോലിക്കാസഭയിൽ പ്രവേശിച്ചിട്ടുള്ളവർ നിരവധിയുണ്ട്. അമേരിക്കൻ ഐക്യനാടുകളിലെമാത്രം കണക്കുകൾ പരിശോധിച്ചാൽ മതി ഇക്കൂട്ടരുടെ സംഖ്യാബലം ഗ്രഹിക്കുവാൻ: 1960-ൽ വിവിധ പ്രോട്ടസ്റ്റന്റുസഭകളിൽനിന്നായി 146,212 വ്യക്തികൾ കത്തോലിക്കാസഭയിൽ പ്രവേശിക്കുകയുണ്ടായി.* നമ്മുടെ കൊച്ചുകേരളത്തിലേക്കു നോക്കിയാൽ, 1930 മുതലുള്ള പുനരൈക്യങ്ങൾ രണ്ടു വലിയ രൂപതകൾക്കുതന്നെ രൂപംകൊടുത്തിരിക്കുന്നതായി കാണാം: തിരുവനന്തപുരം അതിരൂപതയും തി തിരുവല്ലാ രൂപതയും. കോട്ടയം രൂപത കേന്ദ്രമാക്കി നടന്നുകൊണ്ടിരിക്കുന്ന പുനരൈക്യങ്ങളും ശ്രദ്ധേയമാണ്. ഏകദേശം മൂന്നുലക്ഷത്തോളം പുനരൈക്യങ്ങൾ നടന്നിട്ടുണ്ട്, ഈ കൊച്ചുകേരളത്തിൽത്തന്നെ. ഇന്നും അതു തുടർന്നുകൊണ്ടിരിക്കുന്നു.

എന്നാൽ, ഇന്നു പുനരൈക്യപ്പെടുന്നവരുടെ എണ്ണം പൊതുവേ കുറഞ്ഞുവരുകയാണ്, അമേരിക്കൻ ഐക്യനാടുകളിൽത്തന്നെ 1960-ൽ ഉണ്ടായിരുന്ന 146212 പുനരൈക്യങ്ങൾ 1961-ൽ 136141-ആയും 1962-ൽ 128430 ആയും 1963-ൽ 125670 ആയും കുറഞ്ഞുപോയി. അതായതു്, വെറും മൂന്നുകൊല്ലത്തിനിടയിൽ 20542-ഓളം പുനരൈക്യങ്ങൾ കുറഞ്ഞിരി

* *The Vatican Council and Christian Unity*, p. 107.

ക്കുന്നു. ഐക്യനാടുകളിൽ മാത്രമല്ല, ലോകത്തിലെങ്ങും ഈ കുറവു വ്യക്തമാണു്. അതിനു കാരണങ്ങൾ പലതുണ്ടു്: വ്യക്തിപരമായ പുനരൈക്യം എക്യൂമെനിസത്തിനു് എതിരാണെന്ന അബദ്ധധാരണയാണു പ്രഥമ കാരണം. തൽഫലമായി, പുനരൈക്യപ്രസ്ഥാനങ്ങളെല്ലാംതന്നെ മന്ദീഭവിക്കുകയും പുനരൈക്യപ്രേഷിതന്മാർ നിരുത്സാഹരാകയും ചെയ്തു. പലരും തങ്ങളുടെ സകല ശ്രദ്ധകളും സഭൈക്യത്തിലേക്കും എക്യൂമെനിസത്തിലേക്കും തിരിച്ചുവിട്ടു. സത്യാന്വേഷികളെ നയിക്കുവാൻ ആളില്ലാതായി. മാത്രമല്ല, ചിലയിടങ്ങളിൽ വ്യക്തിപരമായ പുനരൈക്യത്തെ പരിപൂർണ്ണമായി നിരുത്സാഹപ്പെടുത്തുവാനും തുടങ്ങി. പുനരൈക്യവും എക്യൂമെനിസവും പരസ്പരവിരുദ്ധങ്ങളാണെന്നും പുനരൈക്യം എക്യൂമെനിസത്തെ നിഹനിക്കുന്ന നിറതോക്കാണെന്നും മററുമുള്ള അബദ്ധങ്ങൾ ഇന്നും പ്രചരിക്കുന്നുണ്ടു്.

വ്യക്തിപരമായ പുനരൈക്യങ്ങളെക്കാളേറെ അഭികാമ്യം സഭൈക്യമാണു്. പക്ഷേ, അവ പരസ്പരവിരുദ്ധങ്ങളാണെന്നു പറയുക ശരിയല്ല. മാത്രമല്ല, സഭകളെല്ലാം ഐക്യത്തിലെത്തുന്നതുവരെ വ്യക്തികൾ തങ്ങളുടെ മനഃസാക്ഷിയുടെ ശബ്ദം ശ്രവിക്കരുതെന്നു പറയുക പാപമാണു്. അതായതു്, സഭൈക്യത്തിൻെറ പേരിൽ മനസ്സാക്ഷിസ്വാതന്ത്ര്യം തടയുവാൻ ഇടവരരുതു്. ഓരോരുത്തൻേറയും മനസാക്ഷിക്കനുസൃതമായി ജീവിക്കുവാൻ അവനു സ്വാതന്ത്ര്യമുണ്ടായിരിക്കണം;

മനസ്സാക്ഷിസ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാനാണു മതപരിവർത്തനത്തെപ്പററിയും മതസ്വാതന്ത്ര്യത്തെപ്പററിയും ചർച്ചചെയ്തു തീരുമാനങ്ങളെടുക്കുവാൻ സഭകളുടെ ലോകസമിതി പരിശ്രമിച്ചിട്ടുള്ളതു്. 1960-ൽ സമിതി അതിൻെറ പ്രഖ്യാപനങ്ങളെ നവീകരിച്ചതും മറെറാന്നിനുമല്ല. രണ്ടാംവത്തിക്കാൻ സൂനഹദോസും ഇതേ ആശയം കണക്കിലെടുത്തിട്ടുണ്ടെന്നു അതിൻെറ നിരവധി പ്രഖ്യാപനങ്ങൾ വ്യക്തമാക്കുന്നുണ്ടു്. അക്രൈസ്തവമതങ്ങളെപ്പററിയും മതസ്വാതന്ത്ര്യത്തെപ്പററിയുമുള്ള പ്രഖ്യാപനങ്ങൾ ഇതിനുദാഹരണങ്ങളത്രേ.

വ്യക്തിപരമായ പുനരൈക്യവും എക്യുമെനിസവും പരസ്പരവിരുദ്ധങ്ങളല്ലാ എന്നു സ്ഥാപിക്കുകയാണു്, ഡിക്രി. തന്നെയുമല്ല, സഭൈക്യത്തെ ത്വരിതപ്പെടുത്തുവാൻ സഹായകരമാണു പുനരൈക്യം. സഭൈക്യം സംജാതമാക്കുവാൻ ഓരോ സഭകൾക്കുമുള്ള കടമയെ പ്രസംഗിക്കുകയാണു വ്യക്തിപരമായ പുനരൈക്യം. മാത്രമല്ല, സത്യസഭയെ ലോകത്തിനു വ്യക്തമാക്കുവാൻ ക്രൈസ്തവസഭകളെല്ലാം മുന്നോട്ടുവരുന്നില്ലെങ്കിൽ അതിനെ സുവ്യക്തമാക്കുവാൻ ദൈവംതന്നെ മുന്നോട്ടുവരുമെന്നു വ്യക്തമാക്കുന്ന ഒരടയാളം കൂടിയാണു് ഇത്തരം പുനരൈക്യങ്ങൾ. സഭകൾ തമ്മിലുള്ള ധാരണ വളർത്തുവാനും പരസ്പരജ്ഞാനത്തെ സർവ്വോത്തമമാക്കുവാനും വ്യക്തിപരമായ പുനരൈക്യങ്ങൾ വളരെയധികം ഉപകരിക്കും. കത്തോലിക്കർക്കാണെങ്കിൽ മററു സഭകളെ അവയുടെ സന്താനങ്ങളിൽനിന്നുതന്നെ അടു

ത്തറിയുവാൻ സാധിക്കുന്നു. അകത്തോലിക്കർക്ക് തങ്ങളുടെ നിലപാടുകൾ പരിശോധിക്കുവാനും ക്രിസ്തുവിൻെറ ഹിതത്തോടുള്ള തങ്ങളുടെ വിശ്വസ്തത തൂക്കിനോക്കുവാനും അവസരം ലഭിക്കുന്നു. ഇവിടെ, കത്തോലിക്കർ തങ്ങളെ തെററിദ്ധരിച്ചിരിക്കുകയാണെന്ന ആക്ഷേപം ആർക്കും ഉന്നയിക്കുവാൻ സാധിക്കുകയില്ല. കാരണം, തങ്ങളുടെ സഹോദരങ്ങളും അടുത്ത ബന്ധുക്കളുമുണ്ട് ഈ കത്തോലിക്കരെന്നു പറയുന്നവരുടെ ഇടയിലെന്ന് അവർക്ക് ഗ്രഹിക്കാൻ കഴിയും. കത്തോലിക്കാസഭയെപ്പററിയും ശരിക്കു പഠിക്കുവാൻ മററുള്ളവർക്കും അവസരം നല്കുന്ന ഒരനുഭവവിശേഷമാണ്, വ്യക്തിപരമായ പുനരൈക്യം. അങ്ങനെ, എന്തുകൊണ്ടു നോക്കിയാലും പുനരൈക്യങ്ങൾ അനുമോദനാർഹങ്ങളാണു്, എക്യുമെനിസത്തിനു ജീവൻ പകർന്നുകൊടുക്കുന്ന ഒരനുബന്ധമാണ്.

### കത്തോലിക്കരുടെ കടമ

എക്യുമെനിസത്തിൻെറ ഈ യുഗത്തിൽ കത്തോലിക്കരുടെ സർവ്വപ്രധാനമായ കടമ ഒരു സ്വയംപരിശോധനയാണെന്നു ഡിക്രി പ്രസ്താവിക്കുന്നു. ഓരോ കത്തോലിക്കനും ഓരോ ക്രിസ്തുവായി മാറണം. അതാണു സഭയുടെ അടിസ്ഥാനപരമായ പ്രബോധനം. ക്രിസ്തുവിൽ ജീവിക്കുന്നവർ ക്രിസ്തുവായി ജീവിച്ചില്ലെങ്കിൽ ക്രിസ്തുമതത്തിനുതന്നെ അർത്ഥമില്ലെന്നുവേണം പറയുവാൻ. അതുകൊണ്ടു കത്തോലിക്കർ പരിശോധിക്കേ

ണ്ടതു തങ്ങളുടെ ജീവിതം എന്തുമാത്രം ക്രിസ്തീയമാണെന്നത്രേ. ക്രിസ്തുവിനെ മുമ്പിൽ കണ്ടുകൊണ്ടുള്ള ഈ പരിശോധന അവസാനിക്കുക, തങ്ങളുടെ ജീവിതത്തിൽ നവീകരിക്കേണ്ട വശങ്ങൾ തിട്ടപ്പെടുത്തിക്കൊണ്ടാകണം. അങ്ങനെ ഒരു പുത്തൻജീവിതമാരംഭിക്കണം, കത്തോലിക്കരെല്ലാവരും.

ഈ നവീകരണത്തിലും നവീകൃതജീവിതത്തിലും കത്തോലിക്കർ തങ്ങളുടെ അകത്തോലിക്കസഹോദരങ്ങളെ പ്രത്യേകം പരിഗണിക്കണം. കത്തോലിക്കർ തങ്ങളുടെ സംരംഭങ്ങളിലെല്ലാം പങ്കെടുക്കുവാനും സഹകരിക്കുവാനും സഹായിക്കുവാനും അവരെ ക്ഷണിക്കുക ഒരു നല്ല വഴക്കമായിരിക്കും. ഏതെങ്കിലും ഒരു കുടുംബത്തിൽ എന്തെന്നിലും വിശേഷമുണ്ടാകുമ്പോൾ ബന്ധുക്കളെയെല്ലാം ക്ഷണിച്ചുവരുത്തുന്ന പ്രതീതി കത്തോലിക്കജീവിതത്തിൽ ഉണ്ടാകണം. അങ്ങനെ, ക്രൈസ്തവരെല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്നു ലോകത്തിനു വ്യക്തമാക്കുവാൻ കത്തോലിക്കർ മുൻകയ്യെടുത്തു പ്രവർത്തിക്കണമെന്നത്രേ ഡിക്രിയുടെ വിവക്ഷ. പോരാ, കത്തോലിക്കർ തങ്ങളുടെ അനുദിനപ്രാർത്ഥനകളിലും മതാനുഷ്ഠാനങ്ങളിലും അകത്തോലിക്കസഹോദരങ്ങളെ സ്മരിക്കണമെന്നു നിർബ്ബന്ധമാണു്. കാരണം, അവയിലൂടെ പ്രഖ്യാപിതമാകുന്ന പരസ്പരസ്നേഹമത്രേ മാതൃകാപരമായ ഐക്യം. മററു സഭക്കാരുടെ ഉന്നമനത്തിനായി പ്രാർത്ഥിക്കുവാൻ ഒരുവനു കഴിയുന്നെങ്കിൽ അവൻ ഒരു യഥാർത്ഥക്രിസ്ത്യാനിയാണു്, എക്യുമെനിസത്തെ അ

ങ്ങേയററം സഹായിക്കുന്ന ഐക്യവാദിയാണു്. ദൈവം പ്രാത്ഥനയിൽ സംപ്രീതനാകും, സഭൈക്യം സംജാതമാകും.

## സഭയുടെ കാതോലികത്വം

ക്രിസ്തുനാഥൻ തൻെറ സഭയ്ക്കു നല്കിയിട്ടുള്ള സകല ദാനങ്ങളും അനുഗ്രഹങ്ങളും കത്തോലിക്കസഭയിൽ സംരക്ഷിക്കപ്പെട്ടുന്നുണ്ടു്. എന്നാൽ, അവയൊന്നും അർഹിക്കുന്ന വിധത്തിൽ പ്രശോഭിക്കുന്നില്ലാ എന്നതു വാസ്തവമാണു്. കാരണം, അവയെല്ലാം കത്തോലിക്കർ ജീവിതത്തിൽ പകത്തി കാട്ടുന്നില്ല. ഫലമോ, സഭയുടെ കാതോലികത്വം പ്രകാശിക്കുന്നില്ല; ലോകത്തിനോ അകത്തോലിക്കർക്കോ സഭ ആകർഷകയായി അനുഭവപ്പെടുന്നില്ല. അതുകൊണ്ടാണു ലോകത്തെ മുഴുവൻ തൻെറ തണലിൽ സംരക്ഷിക്കുവാൻ സഭയ്ക്കു കഴിയാത്തതു്. തന്നെയുമല്ല, ക്രൈസ്തവകുടുംബത്തിൽ നിലനില്ക്കുന്ന ഭിന്നതകൾ അവസാനിക്കാത്തിടത്തോളം കാലം പരിപൂണ്ണമായ കാതോലികത്വം പ്രദർശിപ്പിക്കുവാൻ സഭയ്ക്കു സാധിക്കുകയുമില്ല. കുടുംബത്തിൽ സമാധാനമുണ്ടായിട്ടുവേണമല്ലോ സമാധാനസന്ദേശവുമായി പുറത്തുള്ളവരെ സമീപിക്കുവാൻ. അതേ, ലോകസമാധാനത്തിനായി പ്രവത്തിക്കുവാൻ സഭയ്ക്കു കഴിയണമെങ്കിൽ ക്രൈസ്തവൈക്യം സംജാതമാവണം, സഭ യഥാർത്ഥത്തിൽ സാർവ്വത്രികമാവണം.

## വിവിധത്വത്തിൽ ഏകത്വം

ഏപ്രകാരമുള്ള ഐക്യമാണ്, ഏകത്വമാണ്, സഭയുടെ കാതോലികത്വത്തെ സംരക്ഷിക്കുവാൻ പോരുന്നതെന്നാണു ചർച്ചാവിഷയം. സഭൈക്യത്തിന് ആരാധനക്രമത്തിലും ഭരണക്രമത്തിലും മററും ഐകരൂപ്യം ആവശ്യമാണെന്നു കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇല്ല, ഇന്നും ഇത്തരം ധാരണകൾ പ്രാബല്യത്തിലിരിക്കുന്നെന്നു വേണം പറയുവാൻ. ഇന്നത്തെ പല ഐക്യശ്രമങ്ങളിലും ഈവിധത്തിലുള്ള ഐകരൂപ്യം നേടിയെടുക്കുവാനുള്ള വ്യഗ്രത പ്രകടമായി കാണാം. ഭരണപരമായ ഐകരൂപ്യത്തിൽമാത്രം നടന്നിട്ടുള്ള സഭൈക്യങ്ങളും ഇല്ലാതില്ല. പക്ഷേ, സഭൈക്യത്തിന് ഈവിധമായ ഐകരൂപ്യങ്ങളൊന്നും അത്യന്താപേക്ഷിതമല്ലെന്നത്രേ ഡിക്രി വ്യക്തമാക്കുന്നത്. സാരാംശത്തിൽമാത്രം ഐക്യം മതി; ക്രിസ്തുമതത്തെ ക്രിസ്തുമതമാക്കുന്ന വസ്തുക്കളിൽ ഐകരൂപ്യം വേണം. എന്നാൽ, അവയുടെ വിശദീകരണത്തിൽപോലും വിഭിന്നത ഉണ്ടായിരിക്കാം. ആരാധനക്രമത്തിലും ഭരണക്രമത്തിലും ജീവിതക്രമത്തിലും ദൈവശാസ്ത്രപഠനങ്ങളിലും മററും വിഭിന്നത ഉണ്ടാകാമെന്നു മാത്രമല്ല, അവയിലുള്ള വിഭിന്നത സഭയുടെ സൗന്ദര്യത്തെയും കാതോലികത്വത്തെയും വളർത്തുകയാണ്.

ഐക്യവും ഐകരൂപ്യവും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ നാം ഗ്രഹിക്കേണ്ടതു്. വിവിധ

ത്വത്തിൽ ഏകത്വമുണ്ടാവാം. നമ്മളെല്ലാവരും മനു ഷ്യരാണു്, മനുഷ്യരെന്ന നിലയിൽ നമ്മൾ ഐക്യമു ള്ളവരാണു്, ഒന്നാണു്. എന്നാൽ, വ്യക്തികളെന്ന നിലയിൽ നമ്മൾ വിഭിന്നരാണു്, എണ്ണിയാലൊടുങ്ങാ ത്തവിധം വിഭിന്നതകൾ നമ്മിൽ കാണാൻ കഴിയും. ഇപ്രകാരം ഏകത്വത്തിൽ വിഭിന്നതയും വിഭിന്നത യിൽ ഏകത്വവും സ്വായത്തമായിട്ടുള്ള വ്യക്തികളു ടെ സമൂഹമാണു സഭ. ആ സഭയിലും ഈ പ്രതിഭാസ വിശേഷം കാണാതിരിക്കാൻ നിവൃത്തിയില്ല. അതേ, സഭയിലും ഏകത്വവും വിവിധത്വവുമുണ്ടു്, അവ രണ്ടും തോളോടുതോളൊത്തു പുലരണം സഭയിൽ.

ഇരുപത്തിരണ്ടു റീത്തുകളുള്ള കത്തോലിക്കാസഭ യിലാണു് സഭയുടെ ഈ ഏകത്വവും വിവിധത്വവും ഏററമധികം സ്പഷ്ടമായി കാണുക. അതായതു്, കത്തോലിക്കാസഭയിൽ ഇരുപത്തിരണ്ടു വിഭിന്നങ്ങളായ ആരാധനക്രമങ്ങളും ഭരണക്രമങ്ങളുമുണ്ടു്. വിശ്വാസ വിഷയങ്ങളുടെ ദൈവശാസ്ത്രപരമായ വിശകലനവും വിഭിന്നരീതിയിലാണു്, ഇവയിൽ മിക്കതിലും. പക്ഷേ, കത്തോലിക്കാസഭ ഒന്നാണു്, ഏകമാണു്. കാതലായ സത്യങ്ങളിലൊന്നും വിഭിന്നതയോ വിരുദ്ധധാരണക ളോ കത്തോലിക്കാസഭയിൽ ഇല്ല. പലയിടത്തും പലവി ധത്തിലാണു സത്താപരമായ ഈ ഐക്യം വ്യക്തമാ ക്കപ്പെടുന്നതെന്നുമാത്രം. ഈ വിഭിന്നത വാസ്തവത്തിൽ സഭയുടെ പരിപൂർണ്ണതയ്ക്കും കാതോലികത്വത്തിനും ഉ പകാരപ്രദമത്രേ. സഭ മനുഷ്യരുടെ സമൂഹമാണെന്നും

ലോകർക്കെല്ലാം തങ്ങളുടെ പ്രത്യേകതകൾക്കനുസൃതമായ ജീവിതക്രമം അവിടെ കണ്ടെത്താൻ കഴിയുമെന്നും പ്രഖ്യാപിക്കുന്നുണ്ടു് ഈ വിഭിന്നതകൾ.

അകത്തോലിക്കസഭകളിലും സഹോദരങ്ങളിലും കാണുന്ന ക്രിസ്തീയമൂല്യങ്ങളെ കത്തോലിക്കർ വിലമതിക്കണമെന്നു ഡിക്രി ആവശ്യപ്പെടുന്നതും മറെറാന്നും കൊണ്ടല്ല. സാരാംശത്തിൽ ഐക്യം കണ്ടെത്തിയാൽ ബാക്കിയുള്ളവയെല്ലാം സഭയുടെ സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്ന വിഭിന്നതകളായി പരിഗണിക്കാവുന്നതാണു്. രക്തം ചൊരിഞ്ഞുപോലും ക്രൈസ്തവവിശ്വാസത്തിന്നു സാക്ഷ്യം വഹിക്കുവാൻ മുതിർന്ന അകത്തോലിക്കരുടെ ആത്മധൈര്യത്തെ കൗൺസിൽ പുകഴ്ത്തുന്നു. അവരുടെ ജീവിതത്തിൽ വ്യക്തമായിട്ടുള്ള ക്രൈസ്തവമൂല്യങ്ങൾ കത്തോലിക്കരുടെ അനുകരണത്തിനുകൂടിയുള്ളതാണെന്നു വ്യക്തമാക്കുകയാണു്, ഡിക്രി. അതേ, അകത്തോലിക്കസഭകളും അവയുടെ വിഭിന്നങ്ങളായ ആരാധന-ഭരണക്രമങ്ങളും ദൈവശാസ്ത്രധാരണകളും ക്രൈസ്തവസഭയുടെ സാർവ്വത്രികത്വം ലോകത്തിനു വെളിപ്പെടുത്താൻ പോരുന്നവയാണു്. സാരാംശത്തിൽ ഏകത്വം നേടിക്കൊണ്ടുള്ള സഭൈക്യം സകലരേയും തൃപ്തിപ്പെടുത്തുവാൻ പോരുന്നതാണെന്നു തീർത്തുപറയാം.

## രണ്ടാമദ്ധ്യായം

### എക്യുമെനിസത്തിന്റെ അനുഷ്ഠാനത്തെപ്പററി

എക്യുമെനിസത്തിന്റെ പ്രായോഗികാനുഷ്ഠാനത്തെസ്സംബന്ധിക്കുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരദ്ധ്യായമാണിതു്. പക്ഷേ, എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്നോ ഏതെല്ലാം വിധത്തിൽ എക്യുമെനിസം പ്രയോഗത്തിൽ കൊണ്ടുവരണമെന്നോ വ്യക്തമായി പ്രതിപാദിക്കുന്നതിൽ ഡിക്രി പരാജയപ്പെട്ടിരിക്കുകയാണെന്നു് ഒരാക്ഷേപം പൊന്തിവരുകയുണ്ടായി. പല പിതാക്കന്മാരും അതു സൂചിപ്പിക്കയും ചെയ്തു. വിശ്വാസികൾ എപ്രകാരം എക്യുമെനിസത്തിൽ പങ്കെടുക്കണമെന്നു വ്യക്തമായി വിവരിക്കണം; പൊതുവായ ഈ വിശകലനംകൊണ്ടു യാതൊരു ഗുണവുമില്ല; ഇവയെല്ലാം പണ്ഡിതന്മാർക്കു പഠിക്കുവാനും വ്യാഖ്യാനിക്കുവാനുമല്ലാതെ സാധാരണക്കാരനു് ഉപയോഗശൂന്യമാണു് എന്നൊക്കെ അഭിപ്രായമുണ്ടായി. ഈ വിമർശനങ്ങൾക്കെല്ലാം മറുപടിയായി ഐക്യസെക്രട്ടേറിയററു പറഞ്ഞതു്, ഡിക്രിയുടെ ഉദ്ദേശ്യം അടിസ്ഥാനപരങ്ങളായ തത്വങ്ങൾ അടുക്കിയൊരുക്കി അവതരിപ്പിക്കുകയാണെന്നും ഡിക്രിയുടെ അടിസ്ഥാനത്തിൽ ഒരു "എക്യുമേനിക്കൽ ഡിറക്ടറി" തയ്യാറാക്കുന്നുണ്ടെന്നും അതിൽ പ്രായോഗികനിർദ്ദേശങ്ങളെല്ലാം വ്യക്തമായി വിശദീകരിക്കുന്നതാണെന്നുമായിരു

KOTTAYAM PUBLIC LIBRARY
KOTTAYAM.

ന്നു. അതുകൊണ്ടു്, ഈ അദ്ധ്യായത്തിൽ നമുക്കു പ്രതീക്ഷിക്കാവുന്നതു്, എക്യുമെനിസത്തിന്റെ പ്രായോഗികാനുഷ്ഠാനത്തിനു് അടിസ്ഥാനമായിരിക്കേണ്ട വസ്തുതകൾമാത്രമാണു്.

അടിസ്ഥാനവസ്തുതകളുടെ ഈ വിശകലനം മൂന്നു വിധത്തിലുള്ള എക്യുമെനിസത്തെ പ്രകാശിപ്പിക്കുന്നതായി കാണാം—ആദ്ധ്യാത്മികം, വൈജ്ഞാനികം, സാമൂഹികം. ആദ്യത്തെ ഖണ്ഡികയെ ആമുഖമായി കരുതാനേയുള്ളു. തുടർന്നുള്ള മൂന്നു ഖണ്ഡികകളിലായി വിശദീകരിച്ചിരിക്കുന്നതു് ആദ്ധ്യാത്മികഎക്യുമെനിസത്തിന്റെ അടിസ്ഥാനതത്വങ്ങളത്രേ. ആദ്ധ്യാത്മിക എക്യുമെനിസത്തിന്റെ അടിത്തറയിൽ പണുതുയർത്തിയിരിക്കുന്ന വൈജ്ഞാനികഎക്യുമെനിസവും മൂന്നു ഖണ്ഡികകൾ കൈയ്യടക്കിയിട്ടുണ്ടു്. ഇവ രണ്ടിനേയും ആധാരമാക്കി സാമൂഹികഎക്യുമെനിസം നിലകൊള്ളുന്നു. ഇതിന്റെ വിശകലനത്തിനു് ഒരു ഖണ്ഡികമാത്രമേ വിനിയോഗിച്ചിട്ടുള്ളെങ്കിലും ആ ഖണ്ഡിക ഏററം പ്രാധാന്യമർഹിക്കുന്ന ഒന്നത്രേ.

**ആമുഖം**

5. ഐക്യം സ്ഥാപിക്കുക എന്നതു സമസ്തസഭയുടേയും, വിശ്വാസികളുടേയും വൈദികരുടേയും, ഒരുപോലുള്ള ആഗ്രഹമാണു്. ഇതു് ഓരോരുത്തരേയും അവനവന്റെ കഴിവുകൾക്കനുസൃതമായി, അനുദിന ക്രൈസ്തവജീവിതത്തിലായാലും ദൈവശാസ്ത്രപരമോ ചരിത്രപരമോ ആയ ഗവേഷണങ്ങളിലായാലും, ബാധിക്കുന്നുണ്ടു്. ഈ ആകാംക്ഷ ക്രിസ്ത്യാനികളുടെ സാഹോദ

ര്യബന്ധം കുറെയൊക്കെ വ്യക്തമാക്കുകയും ദൈവത്തിൻെറ ഹിതാനുസരണമുള്ള പൂർണ്ണവും പക്വവുമായ ഐക്യത്തിലേക്കു നയിക്കുകയും ചെയ്യുന്നു

സഭൈക്യം സമസ്തസഭയുടേയും പ്രത്യാശാകേന്ദ്രമാണെന്നു പ്രസ്താവിക്കുന്നതോടൊപ്പം അതിൻെറ ഗുണഗണങ്ങളിൽ ചിലതു വ്യക്തമാക്കുവാൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്. ഭിന്നതകളും ചരിത്രവാസനയും നിലനില്ക്കുന്നുണ്ടെങ്കിലും ക്രിസ്ത്യാനികൾ സഹോദരങ്ങളാണെന്നും ആ സാഹോദര്യം സ്പഷ്ടമാക്കുവാൻ തീവ്രമായ ഈ ആഗ്രഹത്തിനു സാധിക്കുന്നുണ്ടെന്നും പറഞ്ഞിരിക്കുന്നു. മാത്രമല്ല, ഈ അഭിലാഷം സഭൈക്യം സുപ്രാപ്യമാക്കുമെന്ന ശുഭാപ്തിവിശ്വാസവും ഇവിടെ വ്യക്തമായി കാണാം. ദൈവത്തിൻെറ ഒരു വലിയ ദാനമായും പരിശുദ്ധാത്മാവിൻെറ പ്രത്യേകപ്രവർത്തനമായും ഈ അഭിലാഷത്തെ മുമ്പു ചിത്രീകരിച്ചിട്ടുള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമാണു്.

## ആദ്ധ്യാത്മികഎക്യുമെനിസം

6. തൻെറ വിളിയോടുള്ള വിശ്വസ്തതയിൽ വളരുന്നതിലാണ് സഭയുടെ സകല നവീകരണങ്ങളും* സത്താപരമായി അടങ്ങിയിരിക്കുന്നതു്. ഇതുതന്നെയാണ് ഐക്യത്തിലേക്കുള്ള പ്രയാണത്തിൻെറ അടിസ്ഥാനമെന്നതിൽ സംശയമില്ല. ക്രിസ്തു തൻെറ സഭയെ അവളുടെ പ്രവാസയാത്രയിൽ ഒരനുസ്യൂതനവീകരണത്തിനായി ആഹ്വാനംചെയ്യുകയാണ്. മാനുഷികവും ഭൗമി

---

* Cf. Con. Lateranse, V. Sess xii (1517), Constitutio Constituti: Mansi 32, 988 B. C.

കവുമായ ഒരു സ്ഥാപനമെന്ന നിലയിൽ സഭയ്ക്ക് അതൊരു നിരന്തരാവശ്യവുമത്രേ. അതുകൊണ്ട്, വിവിധകാലത്തിലും സാഹചര്യത്തിലും ധാർമ്മികനടപടികളിലോ സഭാഭരണത്തിലോ പ്രബോധനങ്ങളുടെ വ്യവസ്ഥാപനത്തിൽപോലുമോ—ഇതു വിശ്വാസത്തിൻെറ കലവറയിൽനിന്നു സശ്രദ്ധം വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്—ന്യൂനതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ, യഥാവസരം അവ ശ്രദ്ധാപൂർവ്വം തിരുത്തേണ്ടതാണ്.

ഇത്തരം നവീകരണത്തിനു പ്രത്യക്ഷമായ എക്യൂമേനിക്കൽ പ്രാധാന്യമുണ്ട്. സഭാജീവിതത്തിൻെറ വിവിധതുറകളിൽ ഈ നവീകരണം നടക്കുന്നുമുണ്ട്. വിശുദ്ധഗ്രന്ഥപരവും ആരാധനക്രമപരവുമായ പ്രസ്ഥാനങ്ങൾ, ദൈവവചനത്തിൻെറ പ്രഘോഷണവും വേദപഠനവും, അല്മായരുടെ പ്രേഷിതത്വം, സന്യാസജീവിതത്തിൻെറ നവീനരീതികൾ, വിവാഹത്തിൻെറ ആദ്ധ്യാത്മികത, സാമൂഹികപ്രശ്നങ്ങളിലുള്ള സഭയുടെ പഠനങ്ങളും പ്രവർത്തനങ്ങളും—എക്യൂമെനിസത്തിൻെറ ഭാവിവിജയങ്ങളുടെ അടയാളവും വാഗ്ദാനവുമായി ഇവയെല്ലാം കണക്കാക്കേണ്ടതാണ്.

ആദ്ധ്യാത്മികഎക്യൂമെനിസത്തിൻെറ ഏററം പ്രധാനമായ മൂന്നു സംഗതികൾ വിശദീകരിച്ചിരിക്കുകയാണു ഡിക്രി: സഭാനവീകരണം, മനോനവീകരണം (ഹൃദയനവീകരണം), സംയുക്തപ്രാർത്ഥന. ഇവയിൽ സഭാനവീകരണത്തെപ്പററിയുള്ളതത്രേ മേലുദ്ധരിച്ച ഖണ്ഡിക. സഭയുടെ സകല നവീകരണങ്ങളും എന്തിൽ അവസാനിക്കണം എന്നതാണു പ്രഥമ ചിന്താവിഷയം. സഭ എന്തിനു സ്ഥാപിക്കപ്പെട്ടുവോ അതിനുപകരിക്കത്തക്ക വിധത്തിലായിരിക്കണം സഭാനവീകരണം. അതായതു്, മനുഷ്യർക്കു നിത്യരക്ഷ കരഗതമാകുവാൻ പോരുന്നവയായിരിക്കണം സകല നവീകരണങ്ങളും.

നിലവിലിരിക്കുന്ന പലതും വ്യത്യാസപ്പെടുത്തുക യാണല്ലോ നവീകരണത്തിൻെറ ജീവൻ. അതിനാൽ, സഭാനവീകരണമെന്നുവച്ചാൽ സഭാജീവിതത്തിലുള്ള നിരവധി വ്യതിയാനങ്ങൾ എന്നാണർത്ഥം. അതുകൊണ്ടാണു നവീകരണത്തെ നഖശിഖാന്തം എതിർക്കു വാൻ ഒരുകൂട്ടർ മുതിരുന്നതു്. അവരുടെ ധാരണയിൽ, സഭാജീവിതത്തിൽ മാററം വരുത്തുകയെന്നു വച്ചാൽ സഭ ഇന്നുവരെ അനുഷ്ഠിച്ചിരുന്നവ പലതും തെററായി രുന്നെന്നു സമ്മതിക്കുക, സഭയ്ക്കും തെററു പററാമെന്നു ഏററു പറയുകയാണു്. സഭയ്ക്കല്ല തെററുപററിയതു്, ഇ ത്തരം ധാരണ വച്ചുപുലർത്തുന്നവർക്കാണ് തെററു പററി യതെന്നു കൗൺസിൽ അതിൻെറ ഡോക്കുമെൻറുകളി ലെല്ലാംതന്നെ വ്യക്തമാക്കിരിക്കുന്നു. ഈക്കൂട്ടർക്കു പ ററിയ അടിസ്ഥാനപരമായ അമളി സഭ മനുഷ്യനുവേ ണ്ടിയല്ലാ എന്ന ധാരണയാണു്. മനുഷ്യൻ സഭയ്ക്കുവേ ണ്ടിയാണു ജീവിക്കേണ്ടതു്; അവളുടെ തത്വങ്ങളെല്ലാം അചഞ്ചലങ്ങളാണു്; അവയ്ക്കൊത്തു ജീവിക്കുവാൻ ശ്ര മിക്കുകയാണു് മനുഷ്യൻ ചെയ്യേണ്ടതു് എന്നുംമററുമാ ണു് ഇവരുടെ വാദങ്ങൾ. സാബത്തു മനുഷ്യനുവേണ്ടി യാണെന്നു പ്രഖ്യാപിച്ച മിശിഹാ സഭ മനുഷ്യനുവേ ണ്ടിയാണെന്നു് ഉദ്ഘോഷിക്കുന്നതു് ഇവർക്കു കേൾ ക്കാൻ സാധിക്കുന്നില്ലെന്നുമാത്രം. ഇവരെ ഈ വസ്തുത ഗ്രഹിപ്പിക്കുവാനാണു് ഡിക്രി പ്രഖ്യാപിക്കുന്നതു്, സ ഭയ്ക്കു നവീകരണം അത്യന്താപേക്ഷിതമാണെന്നും ക്രി സ്തുനാഥനാണു സഭയെ നിത്യമായ നവീകരണത്തി

ലേക്കു നയിച്ചുകൊണ്ടിരിക്കുന്നതെന്നും പരിശുദ്ധാത്മാവിൻെറ പരിലാളനയിലാണു സഭാനവീകരണം നടക്കുന്നതെന്നും. കാരണം, സഭ മനുഷ്യനുവേണ്ടിയാണു്; മനുഷ്യനോ അനുദിനം മാറിക്കൊണ്ടുമിരിക്കുന്നു. അവൻെറ ചുററുപ്പാടുകളും ജീവിതാവസ്ഥകളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുകയാണു്. മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികളിൽ മനുഷ്യനെ നയിക്കുവാൻ കടപ്പെട്ട സഭയിലും വ്യതിയാനങ്ങൾ സംഭവിക്കണം. എന്നാൽമാത്രമേ സഭയ്ക്കു തൻെറ കടമ ശരിക്കു നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ. പക്ഷേ, എത്രതന്നെ മാറിയാലും എത്രതന്നെ വ്യതിചലിച്ചാലും മനുഷ്യൻ മനുഷ്യനായിരിക്കുന്നതുപോലെ സഭയും സഭയായിരിക്കണം; അല്ല, സഭ തൻെറ അടിസ്ഥാനപരമായ പ്രകൃതിയോടു് അങ്ങേയററം അടുക്കണം; സഭ ക്രിസ്തുവിൻെറ ഹിതത്തിനു് അനുരൂപയായിരിക്കണം.

ക്രിസ്തുവിൻെറ ഹിതത്തോടു് അനുരൂപയാകുവാൻ ശ്രമിക്കുമ്പോഴാണു സഭയ്ക്കു നവീകരണത്തിൻേറയും സഭൈക്യത്തിൻേറയും ആവശ്യകതകൾ ശരിക്കു മനസ്സിലാവുക. കാലത്തിനൊത്തു വളരുവാൻ സഭ ശ്രമിക്കാതിരുന്നതിൻെറ പ്രകടമായ പ്രതിഫലനമാണു സഭാവിഭജനങ്ങൾ. ഇതവസാനിപ്പിക്കണമെങ്കിൽ, ക്രൈസ്തവപുനരൈക്യം സാധിക്കണമെങ്കിൽ, സഭയ്ക്കു് ഒരു നവീകരണം ആവശ്യകമത്രേ; ആ നവീകരണത്തിനു് ആധികാരികാനുവാദം നല്കുകയാണു കൗൺസിലിവിടെ. ഇനിയും, എന്തൊക്കെയാണു സഭയിൽ നവീകരിക്കേണ്ട

തെന്നു ചോദിച്ചാൽ ജോൺപാപ്പായുടേയും കൗൺസിലിൻേറയും മറുപടി ഇതാണു്: സഭയുടെ സാർവ്വത്രികമായ നവീകരണമാണു് ഇന്നിൻെറ ആവശ്യം. ഈ നവീകരണം പ്രകടമാക്കേണ്ട തലങ്ങൾ വ്യക്തമാക്കുന്നുണ്ടു് ഈ ഡിക്രി. സഭയുടെ ധാർമ്മിക നടപടികളിലും ഭരണക്രമത്തിലും വിശ്വാസസത്യങ്ങളുടെ ആവിഷ്കരണത്തിലുമെല്ലാം നവീകരണം സംജാതമാകണം. ഇത്തരം നവീകരണം നടന്നുകൊണ്ടിരിക്കുകയാണു സഭയിൽ. കൃതജ്ഞതാപൂർവ്വം ചില നവീകരണപ്രസ്ഥാനങ്ങൾ ചൂണ്ടിക്കാണിക്കുന്നുമുണ്ടു്, ഡിക്രി. വേദപുസ്തകസംബന്ധവും ആരാധനക്രമപരവുമായ പ്രസ്ഥാനങ്ങൾ, ദൈവവചനത്തിൻെറ പ്രഘോഷണവും വേദപഠനവും, അല്മായ പ്രേഷിതത്വം, സന്യാസജീവിതത്തിലെ നൂതന രീതികൾ, വൈവാഹികജീവിതത്തിൻെറ ആദ്ധ്യാത്മികത മുതലായവയാണു് അവ. ഈ തലങ്ങളിലുള്ള നവീകരണം അകത്തോലിക്കസഹോദരങ്ങളെക്കൂടെ കണക്കിലെടുത്തുകൊണ്ടുള്ളതായിരിക്കണമെന്നത്രേ വിവക്ഷ. ഈ വിവക്ഷയുടെ വിശകലനത്തിലേക്കു കടന്നാൽ ഒരു കാര്യം വ്യക്തമായി കാണാൻ കഴിയും. അതായതു്, സത്താപരമായ ഈ നവീകരണത്തിൽ അകത്തോലിക്കരുടെ സഹായസഹകരണങ്ങൾ ആരായുവാനും അവരുമായി സഹകരിക്കുവാനും സഭ തയ്യാറാവുകയാണു്.

**ബൈബിൾ**

ക്രിസ്തുമതത്തിൻെറ സർവ്വപ്രധാനമായ അടിസ്ഥാ

നമത്രേ ബൈബിൾ. അതിലാണ് ക്രൈസ്തവവിശ്വാസത്തിൻെറ ആവിഷ്കൃതസത്യങ്ങളൊട്ടുമുഴുവൻതന്നെ അടങ്ങിയിരിക്കുന്നതു്. പാരമ്പര്യത്തിന്നു് അതിൻേറതായ സ്ഥാനം ഒരിക്കലും നിഷേധിക്കാൻ പാടില്ല. വിശ്വാസസത്യങ്ങളുടെ കലവറകളായ ഇവയ്ക്കു വിവിധ ക്രൈസ്തവസഭകളിലുള്ള സ്ഥാനത്തെപ്പററി പഠിക്കുക രസാവഹവും വിജ്ഞാനപ്രദവുമാണ്. ഒരു കാര്യം തുറന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. പ്രോട്ടസ്റ്റൻറുസഭകൾ ബൈബിളിനെമാത്രം ആശ്രയിക്കുകയും അതിൻെറ പഠനത്തിൽ അത്ഭുതാവഹമായ വളർച്ച കൈവരുത്തുകയും ചെയ്തിട്ടുണ്ടു്. കത്തോലിക്കസഭയാകട്ടെ, ബൈബിളിനേയും പാരമ്പര്യത്തേയും മുറുകെപ്പിടിക്കുകയല്ലാതെ അവയുടെ പഠനത്തിൽ വളരുവാൻ ശ്രമിച്ചിട്ടില്ല. നൈയാമികമായ ഒരു മുരടൻ വളർച്ചമാത്രമാണ് അവളിൽ കാണാനുള്ളതു്. ഈ അവസ്ഥയിൽ ലജ്ജിതരായാണു ഏതാനും കത്തോലിക്കപണ്ഡിതന്മാർ ബൈബിൾപഠനം ആരംഭിച്ചതും തൽഫലമായി ഒരു ബൈബിൾപ്രസ്ഥാനം (Biblical Movement) തന്നെ ഉടലെടുത്തതും.

ബൈബിളിനോടുള്ള കത്തോലിക്കരുടെ അടുപ്പത്തിൽ ഒരു നവീകരണം സംജാതമാവണമെന്നു് അഭിലഷിക്കുന്ന കൗൺസിൽ പ്രോട്ടസ്റ്റൻറുലോകവുമായി ഇതിൽ സഹകരിക്കുവാൻ കത്തോലിക്ക പണ്ഡിതന്മാരോടു് ആവശ്യപ്പെടുകയാണു്. ദേശീയഭാഷകളിലേക്കുള്ള ബൈബിളിൻെറ വിവത്തനത്തിൽ ക്രിസ്ത്യാനികളെല്ലാം ഒന്നിച്ചു പ്രവത്തിച്ചുകാണാനുള്ള ഒരഭിലാഷപ്രകടനമാ

ണിതു്. ഫലമോ, സിലോൺ, ററാൻസാനിയാ, കോംഗോ, സാമോവാ മുതലായ രാജ്യങ്ങളിൽ "പൊതു ബൈബിളു" (Common Bible)കൾ സംജാതമായിക്കഴിഞ്ഞു. പ്രോട്ടസ്റ്റൻറുകാരുടെ "റിവയിസ്ഡ് സ്റ്റാൻറാർഡ് വേർഷൺ (Revised Standard Version)" ബൈബിളിനെ അല്പസ്വല്പമാററങ്ങളോടെ കത്തോലിക്കർ സ്വീകരിച്ചുകഴിഞ്ഞു. ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള ബൈബിൾ സൊസൈററികളുടെ പ്രതിനിധികളും ഐക്യസെക്രട്ടേറിയററിൻെറ പ്രതിനിധികളുമടങ്ങുന്ന ഒരു സമ്മേളനം സകല ക്രൈസ്തവർക്കും സ്വീകാര്യമായ ഒരു ബൈബിൾ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണു്. പണ്ഡിതന്മാരുടെ ഒരു സംഘം ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇററലിയിലും അമേരിക്കയിലും വേറൊരുതരം ബൈബിളിനുള്ള വഴി തെളിഞ്ഞുവരുന്നു: ക്രിസ്ത്യാനികൾക്കും യഹൂദജനത്തിനും സ്വീകാര്യമായ ഒരു ബൈബിൾ. കത്തോലിക്കർ, പ്രോട്ടസ്റ്റൻറുകാർ, ഓർത്തഡോക്സുകാർ, യഹൂദന്മാർ മുതലായ പണ്ഡിതന്മാർ ഒന്നിച്ചു പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയാണു്, ലോകത്തിനു് ഒരു ഏകീകൃത ബൈബിൾ സമ്മാനിക്കുവാൻ.

എക്യുമെനിസത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ സംഭവമാണു്. ഒരു അഞ്ചുവർഷത്തിനു മുമ്പു് ഇത്തരമൊരു സംരംഭം സ്വപ്നം കാണുവാൻ പോലും സാധിക്കുകയില്ലായിരുന്നു. അത്രമാത്രം ഭിന്നതകളും വ്യത്യാസങ്ങളുമാണു ക്രൈസ്തവലോകത്തു നില

വിച്ചിരുന്നതു്. വിശ്വാസവിഷയങ്ങളെ വളച്ചൊടിക്കുന്ന ഭിന്നതകൾപോലും ഉണ്ടായിരുന്നു. അവയെല്ലാം പരിഹൃതങ്ങളാണെന്നു വ്യക്തമാക്കിക്കൊണ്ടു സുവ്യക്തമായ പഠനത്തിലേക്കും സാഹോദര്യസഹകരണത്തിലേക്കും പുരോഗമിക്കുന്ന ക്രൈസ്തവലോകം വിളിച്ചറിയിക്കുന്നതു്, ക്രൈസ്തവൈക്യം അകലെയല്ലെന്നത്രേ.

ബൈബിളിൻെറ കാര്യത്തെപ്പററി ചിന്തിക്കുമ്പോൾ കേരളക്രൈസ്തവസഭയുടെ ബൈബിൾബന്ധത്തെ വിസ്മരിക്കുക വിഷമമാണു്. ഒന്നാംനൂററാണ്ടിൽത്തന്നെ ക്രിസ്തുമതം കേരളത്തിൽ സംജാതമായെങ്കിലും കേരളത്തിൻെറ ഭാഷയിൽ വിശുദ്ധ ഗ്രന്ഥം പ്രത്യക്ഷപ്പെട്ടതു പത്തൊമ്പതാംനൂററാണ്ടിൻെറ ആരംഭത്തിൽ മാത്രമാണു്. 1806-ൽ കേരളം സന്ദർശിച്ച ഒരു പ്രോട്ടസ്റ്റൻറു മിഷനറിയായ ക്ലോഡ് ബുച്ചനാ (Claude Buchman) നെ അമ്പരിപ്പിച്ച ഒരു വസ്തുതയാണു മലയാളത്തിലേക്കു ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടിട്ടില്ലാ എന്നതു്. കഴിയുന്നതുംവേഗം ഒരു മലയാളബൈബിൾ തയ്യാറാക്കുവാൻ അദ്ദേഹം കേരളക്രിസ്ത്യാനികളോടാവശ്യപ്പെട്ടു; സകല സഹായങ്ങളും നല്കാമെന്നു വാഗ്ദാനംചെയ്തു. അദ്ദേഹത്തിൻെറ പ്രേരണയാലും "ബ്രിട്ടീഷ് ആൻറ് ഫോറിൻ ബൈബിൾ സൊസൈററി"യുടെ സാമ്പത്തികസഹായത്താലും 1811-ൽ മലയാളഭാഷയിൽ ബൈബിൾ പ്രത്യക്ഷപ്പെട്ടു. പക്ഷേ, അതു സുവിശേഷങ്ങളുടെമാത്രം വിവർത്തനമായിരുന്നു. ബഞ്ചമിൻ ബെയിലി (Benjamin Bailey) എന്ന സി. എം.

എസ്. മിഷനറിയുടെ നിരന്തരപരിശ്രമത്താൽ 1829-ൽ പുതിയനിയമം മുഴുവനും 1841-ൽ പഴയനിയമവും മലയാളത്തിലേക്കു വിവൎത്തിതമായി. ബൈബിളിൻെറ മലയാളവിവൎത്തനത്തിൽ പേരെടുത്തുപണ്ഡിതനായ ജർമ്മൻ മിഷനറി ഗുണ്ടർട്ടാണ്. അദ്ദേഹത്തിൻെറ പുതിയനിയമവിവൎത്തനം 1854-ലും പഴയനിയമവിവൎത്തനം 1888-ലും പുറത്തുവന്നു. ബെയിലിയുടേയും ഗുണ്ടർട്ടിൻേറയും വിവൎത്തനങ്ങൾ ഏകോപിപ്പിക്കുവാനും അങ്ങനെ, കേരളക്രിസ്ത്യാനികൾക്കെല്ലാം സ്വീകാര്യമായ ഒരു പൊതുബൈബിൾ സജ്ജമാക്കുവാനുമായിരുന്നു തുടർന്നുള്ള ശ്രമം. ഈ ശ്രമം വിജയിച്ചു: 1889-ൽ പുതിയനിയമത്തിൻെറ വിവൎത്തനവും 1910-ൽ പഴയനിയമത്തിൻെറ വിവൎത്തനവും പൂൎണ്ണമായി അങ്ങനെ, വെറും അഞ്ചുരൂപായ്ക്കു് ഒരു പരിപൂൎണ്ണ മലയാളബൈബിൾ കേരളീയർക്കു നല്കുവാൻ അകത്തോലിക്കർക്കു് ഇന്നു സാധിക്കുന്നുണ്ടു്.

എന്നാൽ, കത്തോലിക്കരുടെ നില വളരെ ശോചനീയമത്രേ. ഇരുപതാംനൂററാണ്ടിൽമാത്രമാണു് ഒരു മലയാളബൈബിൾ ഉണ്ടായി കാണാൻ അവർ അഭിലഷിച്ചുതുടങ്ങിയതു്. അതും, അകത്തോലിക്ക ബൈബിളുകൾ കത്തോലിക്കരുടെ ഇടയിൽ പ്രചരിക്കുവാൻ തുടങ്ങിയതിൽ ഭയന്നു്. 1905-ൽ മഞ്ഞുമ്മേൽ ആശ്രമത്തിൽ നിന്നിറങ്ങിയ പുതിയനിയമവിവൎത്തനമാണു് കത്തോലിക്കരുടെ പ്രഥമ ബൈബിൾവിവൎത്തനം. തുടർന്നുള്ള കാലത്തു മാന്നാനത്തുനിന്നും ആലുവായിൽ

നിന്നും പുതിയനിയമത്തിന്റെയും പഴയനിയമത്തിന്റേയും വിവിധഭാഗങ്ങൾ മലയാളത്തിൽ പ്രസിദ്ധീകൃതമായി. ഏൽത്തുരുത്തുകാരും ഇതിൽ ചില പരിശ്രമങ്ങൾ നടത്താതിരുന്നില്ല. ഇന്നലെയാണു നടുവത്തുശ്ശേരിയും മററവും മൂത്തേടനുമെല്ലാം ഈ തലത്തിൽ പ്രവർത്തിക്കുവാൻ മുന്നോട്ടു വന്നതു്. അവസാനം, ബൈബിൾമുഴുവൻ മലയാളത്തിലാക്കുന്നതിൽ മൂത്തേടൻ വിജയിച്ചു. ഇനിയും അതു് ഒരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കുന്നതിൽ കേരളകത്തോലിക്കർ വിജയിച്ചിട്ടില്ല.

പക്ഷേ, ഇന്നിന്റെ ഹൃദയത്തുടിപ്പുകൾ കണക്കിലെടുത്താൽ കേരളത്തിലേ ക്രിസ്ത്യാനികൾക്കു മുഴുവൻ സ്വീകാര്യമായവിധം ഒരു "പൊതു ബൈബിൾ" ഉണ്ടാകുവാൻ കേരളകത്തോലിക്കസഭ മുൻകൈയെടുത്തു പ്രവർത്തിക്കേണ്ടതുണ്ടു്. കത്തോലിക്കരും അകത്തോലിക്കരുമായ പണ്ഡിതന്മാരടങ്ങുന്ന ഒരു കമ്മിററിയെ ഈ ചുമതല ഏല്പിക്കുകയും അവരുടെ പരിശ്രമങ്ങളെ സഹായിക്കുവാൻ കേരള ക്രൈസ്തവസഭകൾ മുഴുവൻ സഹകരിക്കുകയുംവേണം. മനോഹരവും പരിപൂർണ്ണവും സാധാരണക്കാർക്കു വാങ്ങാൻ സാധിക്കുന്നതുമായ ഒരു മലയാളബൈബിൾ ഉണ്ടാകണമെങ്കിൽ ഇത്തരം ഒരു സഹകരണം കൂടിയേ തീരൂ. കേരളത്തിലെ എക്യുമെനിസത്തിന്റെ വെന്നിക്കൊടിയായിരിക്കും ഇത്തരം ഒരു സഹകരണം. സഭൈക്യത്തിന്റെ പ്രഥമ പടിയും ഇതു തന്നെയായിരിക്കും.

**ആരാധനക്രമം**

മനുഷ്യർക്കു മനസ്സിലാകുന്ന ഭാഷയിൽ, മനുഷ്യമനസ്സിനെ ദൈവത്തിങ്കലേക്കുയർത്തുവാൻ പര്യാപ്തമായ വിധത്തിൽ ആരാധനക്രമങ്ങൾ നവീകരിച്ചുകൊണ്ടാണു പ്രോട്ടസ്റ്റൻറുസഭകൾ സംജാതമായതുതന്നെ. അവരുടെ ഇടയിൽ ഈ നവീകരണം അനുസ്യൂതം പുരോഗമിക്കുകയും ആരാധനക്രമങ്ങൾ മനുഷ്യനു് ഉപകാരപ്രദമായിബ്ഭവിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, കത്തോലിക്കരുടെയിടയിൽ, ഇരുപതാംനൂററാണ്ടിൻെറ ആരംഭംവരെ ആരും പറഞ്ഞില്ല, ആരാധനക്രമങ്ങൾ നവീകരിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നെന്നു്. ഈ നൂററാണ്ടിൻെറ ഉദയത്തോടുകൂടെമാത്രമാണു കത്തോലിക്കർ ഈ വിഷയത്തിൽ ശ്രദ്ധ തിരിച്ചു തുടങ്ങിയതു്. ഇന്നു് ആരാധനക്രമപരിഷ്കരണം ഒരു യാഥാർത്ഥ്യമായിരിക്കയാണു്. നിരവധി വ്യക്തികൾ ഈ സംരംഭത്തിൽ നിരന്തരം പരിശ്രമിക്കുന്നുണ്ടു്. ഇതിലും അകത്തോലിക്കരുടെ സഹായസഹകരണങ്ങൾ ആരായണമെന്നു പറഞ്ഞാൽ, ഈ തലത്തിൽ നടക്കുന്ന നവീകരണം സഭൈക്യത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരിക്കണമെന്നത്ഥം. ആരാധനക്രമപരമായ കലണ്ടർ ശരിപ്പെടുത്തുന്നതിലും വായനകൾ (Scripture reading) ഒരുക്കുന്നതിലും മററും അവരുടെ അഭിമതങ്ങളും കണക്കിലെടുക്കുകയാണെങ്കിൽ അതു ക്രിസ്തുമതത്തിൻെറ ഏകത്വം വ്യക്തമാക്കുവാൻ ഉപകരിക്കുന്നതാണു്.

## വചനത്തിൻെറ പ്രഘോഷണവും പഠനവും

ക്രിസ്തുമതത്തിൻെറ പ്രാമാണികമായ രണ്ടു കടമകളാണു സുവിശേഷപ്രസംഗവും വേദപഠനവും. സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുവാനും വിശ്വസിക്കുന്നവരെ മാമോദീസ മുക്കുവാനും കല്പിച്ച ദിവ്യനാഥൻതന്നെ വേദപഠനവും ക്രൈസ്തവൻെറ കടമയാക്കിത്തീർത്തിട്ടുണ്ടു്. കാരണം, അഗാധമായ ക്രൈസ്തവരഹസ്യങ്ങൾ ഗ്രഹിക്കുകയെന്നതു മതാത്മകമായ ജീവിതം നയിക്കുവാൻ അത്യന്താപേക്ഷിതമത്രേ. മാത്രമല്ല, ശരിക്കു സുവിശേഷഘോഷണം നടത്തണമെങ്കിൽ വ്യക്തമായി പഠിക്കേണ്ടിയിരിക്കുന്നു, ദൈവവചനവും അതിൻെറ പ്രകാശനവും. ഈ സുവിശേഷഘോഷണവും വേദപഠനവും ഉപകാരപ്രദമാകണമെങ്കിൽ അവ മനുഷ്യൻെറ അഭിരുചികൾക്കൊത്തു പുരോഗമിച്ചുകൊണ്ടിരിക്കണം. ഇവയിലുള്ള പുരോഗമനത്തെ നിയമംകൊണ്ടു നിയന്ത്രിക്കുവാൻ തുടങ്ങുന്നതു് അബദ്ധമാണു്. കാരണം, ഇവിടെ വ്യക്തിക്കാണു പ്രാധാന്യം; വ്യക്തികളുടെ സ്വതഃസിദ്ധമായ വാസനകൾക്കനുസൃതമായി ഇവയെ പുരോഗമിപ്പിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം.

എന്നാൽ, വ്യക്തികളുടെ വാചോവിലാസവും പ്രതിഭാവിലാസവും പരസ്പരവിരുദ്ധങ്ങളായ സുവിശേഷഘോഷണം നടത്താതിരിക്കുവാൻ ശ്രദ്ധിക്കണം. കത്തോലിക്കർമാത്രമല്ല ക്രൈസ്തവലോകം മുഴുവൻ ഇതിൽ ശ്രദ്ധപതിക്കേണ്ടതുണ്ടു്. കാരണം, ലോകത്തെ മുഴുവൻ

ക്രിസ്തുവിൻെറ കൊടിക്കീഴിൽ അണിനിരത്തുവാൻ അവർക്കു കടമയുണ്ടു്. അതുകൊണ്ടു്, പരസ്പരവിരുദ്ധങ്ങളായ ദിവ്യവചനപ്രഘോഷണം അപകടകരമത്രേ. ചുരുക്കിപ്പറഞ്ഞാൽ, സുവിശേഷപ്രാസംഗികരും വേദപാഠാധ്യാപകരുമെല്ലാം മററുസഭക്കാരുടെ അഭിപ്രായങ്ങളെ വിലമതിക്കുവാൻ ശ്രമിക്കേണ്ടതാണു്. മററുള്ളവർ പറയുന്നതും ശരിക്കു പഠിക്കുവാൻ അവർക്കു കടമയുണ്ടു്. പരസ്പരവിരുദ്ധങ്ങളായി പ്രത്യക്ഷപ്പെടുന്നവ പണ്ഡിതന്മാരുടെ വിശകലനത്തിനും സഭാനേതാക്കളുടെ തീരുമാനത്തിനും സമർപ്പിക്കുകയല്ലാതെ പൊതുപ്രസംഗങ്ങളിൽ അവ വിശദീകരിച്ചു വിശ്വാസികളെ വഴിതെററിക്കുവാൻ ശ്രമിക്കരുതു്.

## അല്മായർ

കത്തോലിക്കസഭയിലുള്ള വേറൊരു വലിയ പോരായ്മ, അവളുടെ അല്മായർ സഭാകാര്യങ്ങളിൽ അധികമൊന്നും പങ്കെടുക്കുന്നില്ലെന്നതത്രേ. സഭ വൈദികരുടേയും കന്യാസ്ത്രീകളുടേയും കാര്യമായി അധഃപതിച്ചിരിക്കയാണു്. ഫലമോ, കത്തോലിക്കരിൽ തൊണ്ണൂറു ശതമാനവും ഞായറാഴ്ചക്കത്തോലിക്കരായി മാറി; ലോകത്തിൻെറ മുമ്പിലും അകത്തോലിക്കരുടെ വീക്ഷണത്തിലും സഭയുടെ പ്രസന്നത കുറഞ്ഞു. ഈ ദുഃസ്ഥിതിയൊന്നു മാററുവാനത്രേ അല്മായ പ്രേഷിതത്വത്തെ അങ്ങേയററം ഉയർത്തിയെടുക്കുവാൻ സഭ ഇന്നു പരിശ്രമിക്കുന്നതു്. സഭയിൽ അല്മായർക്കുള്ള സ്ഥാനം അംഗീ

കൃതമായി. അവർക്കായിമാത്രം പല പ്രബോധനങ്ങളും സൂനഹദോസു നല്കിയിരിക്കുന്നു. അതേ, ക്രൈസ്തവജീവിതത്തിൽ, സഭാഭരണത്തിൽ, അല്മായർക്കുള്ള നിലപാടിൽ ഒരു മാററം സംഭവിക്കണം, ഒരു നവീകരണം ഉണ്ടാവണം. അതാണു രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അഭിമതം. അകത്തോലിക്കസഭകളിലും സമൂഹങ്ങളിലും അല്മായർ നിർവ്വഹിക്കുന്ന പ്രശസ്തസേവനങ്ങൾ, കത്തവ്യങ്ങൾ, കത്തോലിക്കർക്കു് ഒരു മാതൃകയാണു്, മഹത്തായ വഴികാട്ടിയാണു്.

## സന്യാസജീവിതം

ഈ നൂററാണ്ടിലെ ഒരു പ്രതിഭാസമായി കരുതാവുന്നതത്രേ, സന്യാസജീവിതത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന നവീനരീതികൾ. സന്യാസജീവിതത്തെക്കുറിച്ചുള്ള ധാരണകൾക്കുതന്നെ മാററംവരുവാനും സന്യാസസഭകളിൽ നവീകരണം ആരംഭിക്കുവാനും ഈ നൂതനപ്രസ്ഥാനങ്ങളാണു കാരണം. ഇവയെ "സെക്കുലർ ഇൻസ്റ്റിററ്യൂട്ടുകൾ" എന്നാണു പൊതുവെ വിളിക്കപ്പെടുക അനേകവിധത്തിലുള്ള സെക്കുലർ ഇൻസ്റ്റിററ്യൂട്ടുകൾ ഇന്നുണ്ടു്: വൈദികർക്കുമാത്രമായുള്ളവ, അല്മായർക്കുമാത്രമായുള്ളവ, പുരുഷന്മാർക്കുമാത്രമായുള്ളവ, സ്ത്രീകൾക്കുമാത്രമായുള്ളവ, എല്ലാവർക്കുമായുള്ളവ എന്നിങ്ങനെ നിരവധി. ജീവിതരീതികളിലും ഇവയ്ക്കോരോന്നിനും വ്യത്യാസങ്ങളുണ്ടു്. ചിലർ സന്യാസവതാനങ്ങൾ എടുത്തുകൊണ്ടു് ഓരോ പ്രത്യക്ഷലക്ഷ്യങ്ങൾക്കാ

യി മുന്നേറുകയാണ്. മററുചിലർക്കു പ്രത്യേക വ്യവസ്ഥാപിതസ്ഥാപനമൊന്നുമില്ല; സ്വതന്ത്രമായി വളരുകയാണവ. എല്ലാത്തിലും എടുത്തു കാട്ടാവുന്ന ഒരു പ്രത്യേകതയുണ്ട്, സേവനം. സഹജീവികളെ സേവിക്കുവാൻ, ക്രിസ്തുവിനെ മനുഷ്യരിൽ കണ്ടുകൊണ്ട് അവർക്കു ശുശ്രൂഷ ചെയ്യുവാൻ തയ്യാറാകുന്ന ധീരരുടെ സംഘടനകളാണിവ. എക്യുമെനിസത്തിൽ ഇവയ്ക്കു് ഒരു പ്രധാന സ്ഥാനമുണ്ട്; കാരണം, ക്രൈസ്തവസാഹോദര്യത്തിന്റെ പ്രതീകങ്ങളാണിവ.

## വിവാഹിതർ

വിവാഹം ഒരു കൂദാശയാണ്; തിരുപ്പട്ടത്തെപ്പോലെതന്നെ അതും വിശുദ്ധമാണ്. എന്നാൽ, അനവധി നൂററാണ്ടുകളായി വിവാഹത്തോടും വിവാഹിതരോടും പരോക്ഷമായ ഒരു വെറുപ്പു സഭാതലത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. നോസ്റ്റിസിസം, മനിക്യയിസം തുടങ്ങിയ തത്വശാസ്ത്രങ്ങളുടെ അബോധസ്വാധീനമാണിതെന്നതിൽ സംശയമില്ല. വൈദികവും സന്യാസപരവുമായ ജീവിതാന്തസ്സുകളുടെ മാഹാത്മ്യത്തെയാണ് ഇന്നുവരെ സഭ ഉയർത്തിപ്പിടിച്ചുകൊണ്ടു നടന്നതു്. ഫലമോ, വൈവാഹികജീവിതത്തിന്റെ പഠനത്തിലും നവീകരണത്തിലും സഭ അത്ര ശ്രദ്ധിച്ചില്ല. ഭോഗേച്ഛയുടെ പ്രതിവിധിയായിമാത്രം (Remedium Concupiscentiae) ഇന്നും വിവാഹത്തെ പരിഗണിക്കുന്നവരുണ്ട്. അതിനാലാണു വിവാഹജീവിതത്തിന്റെ ആദ്ധ്യാത്മികതയിൽ ശ്രദ്ധ

ചെലുത്തുവാൻ, അതിൻെറ ആധ്യാത്മികതയെ വ്യക്ത മാക്കുവാൻ കൗൺസിൽപിതാക്കന്മാർ ആവശ്യപ്പെട്ടു ന്നതു്. വിവാഹമെന്ന കൂദാശ ആധ്യാത്മികപ്രാധാന്യ മുള്ള ഒരു കൂദാശയാണു്. കാരണം, ദൈവത്തിൻെറ സൃ ഷ്ടികരപ്രവൎത്തനത്തിൽ സഹകരിക്കുകയാണു വിവാഹി തർ. ദൈവസുതർക്കു ജന്മംകൊടുക്കുക, അവരെ വളർ ത്തിക്കൊണ്ടുവരുക, അങ്ങനെ ക്രിസ്തുവിൻെറ ശരീരത്തെ വളർത്തിയെടുക്കുകയെന്ന ഏററം സ്തുത്യർഹമായ ആ ധ്യാത്മികപ്രവൎത്തനങ്ങളാണു്, കടമകളാണു വിവാഹി തർക്കുള്ളതു്. വിവാഹത്തിൻെറ ആധ്യാത്മികപ്രകൃതി യെപ്പററി ശരിക്കു പഠിക്കുകയും ക്രിസ്ത്യാനികളെ ബോ ധവാന്മാരാക്കുകയും ചെയ്യുകയാണെങ്കിൽ ഒരു ധാർമ്മി കനവോത്ഥാനംതന്നെ കരഗതമാകുമെന്നതിൽ സംശ യമില്ല. മനുഷ്യജീവിതത്തിൽ സൎവ്വപ്രധാനമായ ഈ കൂദാശയെ ശരിയായി വിലയിരുത്തുവാൻ ക്രിസ്ത്യാനി കൾക്കു കഴിയുകയാണെങ്കിൽ ക്രിസ്തുവിൻെറ സുവിശേ ഷത്തിനു പരസ്യമായി സാക്ഷ്യം വഹിക്കുവാൻ അവർ ക്കത്ര പ്രയാസമൊന്നും ഉണ്ടാവില്ല.

ഒരു സാമൂഹികവിപ്ലവംതന്നെ ഉൾക്കൊള്ളുന്ന ഒ രാശയമാണിതു്. പക്ഷേ, ഇതിൻെറ സാക്ഷാത്കരണം അത്യധികം ക്ലേശകരമത്രേ. ആദ്യംതന്നെ, വിവാഹം ഒരു കൂദാശയാണെന്നു ക്രിസ്ത്യാനികൾ എല്ലാം അംഗീ കരിക്കണം. അതു് അത്ര എളുപ്പമുള്ള പണിയല്ല. വി വാഹം വരപ്രസാദവാഹിനിയായ ഒരു കൂദാശയാണെ ന്നു സമ്മതിച്ചാൽപ്പോരാ, അതിൻെറ പ്രകൃതിയേയും

ഫലങ്ങളേയുംമററുംപററി ഏകദേശമായ ഒരഭിപ്രായൈക്യമെങ്കിലും സംജാതമാകണം. പിന്നെയും, വിവാഹിതരുടെ കടമകളിലേക്കും അവയുടെ പ്രാവർത്തികരംഗത്തിലേക്കും അവസരോചിതമായി കടക്കാതിരിക്കുക സാദ്ധ്യമല്ല. അങ്ങനെവരുമ്പോഠം, വിവാഹത്തിനുമുമ്പുള്ള യുവതീയുവാക്കളുടെ ജീവിതത്തിലേക്കും പ്രവേശിക്കേണ്ടിവരും. ഇവിടങ്ങളിലെല്ലാംതന്നെ ഒത്തിരിയൊത്തിരി പ്രതിബന്ധങ്ങഠം ഉയരുമെന്നതിൽ സംശയമില്ല. അവയെയെല്ലാം എക്യുമേനിക്കൽ ചൈതന്യത്തിൽ നേരിടുകയാണെങ്കിൽ തീർച്ചയായും ഒരു ധാർമ്മികനവീകരണത്തിനു വഴിതെളിക്കുകയായിരിക്കും, ക്രിസ്ത്യാനികഠം. ലോകത്തിനുമുഴവൻ ഉപകാരപ്രദമായിരിക്കും പ്രസ്തുത സാമൂഹികവിപ്ളവം.

മനുഷ്യവ്യക്തിത്വത്തിൻെറ വളർച്ചയും പരിപൂകത്വതയും, അതായിരിക്കും ഈ സാമൂഹികവിപ്ളവത്തിൻെറ പരിണതഫലങ്ങഠം. മനുഷ്യൻ പരസ്പരം ബഹുമാനിക്കുവാനും വ്യക്തിത്വങ്ങളുടെ മുമ്പിൽ തലകുനിക്കുവാനും പഠിക്കണം. അതായത്, സ്ത്രീജനങ്ങഠംക്കും വ്യക്തിത്വമുണ്ടെന്നും പുരുഷന്മാരോടൊപ്പം അവരും ബഹുമാനിക്കപ്പെടേണ്ടവരാണെന്നും ലോകം സമ്മതിക്കണം. പുരുഷൻെറ വഞ്ചനാത്മകമായ പിത്തലാട്ടങ്ങഠംക്കുമുമ്പിൽ അടിപതറാതിരിക്കത്തക്ക വ്യക്തിത്വം സ്ത്രീക്ക് ഉണ്ടാവണം. ആനന്ദത്തിനും ഭോഗസംതൃപ്തിക്കുമുള്ള ഒരു ഉപകരണമായി സ്ത്രീയെ കാണുന്ന മൃഗീയതയിൽനിന്നു പുരുഷൻ സ്വതന്ത്രനാവണം. പരിശുദ്ധാ

ത്മാവിന്റെ ആലയമായും വ്യക്തിത്വത്തിന്റെ ഇരി പ്പിടമായും അവളെ ദർശിക്കുവാൻ പോരുന്ന വ്യക്തി ത്വം പുരുഷനിൽ ഉണ്ടാവണം. അങ്ങനെവരുമ്പോഠം, വ്യക്തിത്വങ്ങഠം തമ്മിലുള്ള ബന്ധമായിരിക്കും സ്ത്രീപു രുഷസംസർഗ്ഗം. ഫലമോ, വഞ്ചിതരായ സ്ത്രീകഠം ആ ത്മഹത്യചെയ്യുന്ന വാർത്ത ഉണ്ടാവില്ല; "റെസ്ക്യൂ ഷെൽററുകഠം" നിർമ്മിക്കേണ്ട ആവശ്യം വരില്ല; "അപ്പനില്ലാത്ത മക്കഠം" എന്നൊരു വർഗ്ഗത്തെ ലോകം കാണില്ല; വിവാഹമോചനത്തിന് ആരും കേസുകൊടു ക്കയുമില്ല.

## ഹൃദയപരിവർത്തനം

7. ആന്തരികപരിവർത്തനം കൂടാതുള്ള പ്രവർത്തനങ്ങളൊ ന്നും എക്യുമെനിസം എന്ന ശരിയായ സംജ്ഞയ്ക്ക് അർഹമല്ല. എന്തെന്നാൽ, ഹൃദയനവീകരണത്തിൽനിന്നും * സ്വയംപരിത്യാ ഗത്തിൽനിന്നും ഉദാരമായ ഉപവിപ്രവാഹത്തിൽനിന്നുമാണ് ഐക്യാഭിലാഷം ഉടലെടുക്കുന്നതും പരിപക്വമാകുന്നതും. അതു കൊണ്ട്, ആത്മാർത്ഥമായ സ്വയംപരിത്യാഗത്തിന്റേയും സേവ നം അനുഷ്ഠിക്കുന്നതിലുള്ള എളിമയുടേയും സൗമ്യതയുടേയും അനു ഗ്രഹങ്ങഠംക്കായി, മററുള്ളവരോടുള്ള സാഹോദര്യപൂർവ്വകമായ വി ശാലമനോഭാവത്തിനായി നമ്മഠം പരിശുദ്ധാത്മാവിനോടു പ്രാ ർത്ഥിക്കണം. ജാതികളുടെ അപ്പസ്തോലൻ പറയുകയാണ്: "കർത്താ വിൽ ബന്ധിതനായിരിക്കുന്ന ഞാൻ നിങ്ങളോടു യാചിക്കുകയാ ണ്, നിങ്ങളുടെ വിളിക്കു യോഗ്യമാംവിധം എല്ലാ വിനയത്തോ ടും സൗമ്യതയോടുംകൂടെ, സ്നേഹത്തിൽ അന്യോന്യം സഹിക്കുന്ന ക്ഷമയോടുകൂടെ, സമാധാനശൃംഖലയിൽ ആത്മാവിന്റെ ഐ ക്യം കാത്തുസൂക്ഷിക്കുവാൻ ആകാംക്ഷയുള്ളവരായി നിങ്ങഠം നട ക്കണം" (എഫേ. 4, 1-3). "സേവിക്കപ്പെടാനല്ല സേവിക്കുവാൻ

---

* cf. എഫേ. 4: 23.

നമ്മുടെ ഇടയിൽവന്ന" (മത്താ. 20: 28) ക്രിസ്തുനാഥൻെറ ദൗത്യം തുടർന്നുകൊണ്ടുപോകുവാനായി പൗരോഹിത്യപദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നവരെയാണ് ഈ ഉപദേശം പ്രത്യേകം ബാധിക്കുക.

ഐക്യത്തിനെതിരായ പാപങ്ങൾക്കും വി. യോഹന്നാൻെറ സാക്ഷ്യം ബാധകമത്രേ: "നമ്മൾ പാപം ചെയ്തിട്ടില്ലെന്നു പറയുകയാണെങ്കിൽ നാം ദൈവത്തെ നുണയനാക്കുകയാണ്. അവിടുത്തെ വചനം നമ്മിൽ വസിക്കുന്നില്ല" (1 യോഹ. 1: 10). അതുകൊണ്ട്, നമ്മോടു തെററു ചെയ്യുന്നവരോടു നമ്മൾ ക്ഷമിക്കുന്നതുപോലെ ദൈവത്തോടും ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളോടും നമ്മൾ വിനയപുരസ്സരം മാപ്പിരക്കുന്നു.

എല്ലാ ക്രിസ്തീയവിശ്വാസികളും, സുവിശേഷത്തിനനുസൃതമായ, കൂടുതൽ പരിശുദ്ധമായ, ജീവിതം നയിക്കുവാൻ പഠിക്കുകയാണെങ്കിൽ അതുകൊണ്ടുതന്നെ അവർ ക്രൈസ്തവൈക്യത്തെ കൂടുതൽ ത്വരിതപ്പെടുത്തുകയും പ്രായോഗികമാക്കുകയും ചെയ്യുകയാണെന്നു സ്മരിക്കണം. പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും അവർ എത്രമാത്രം ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവോ അത്രയധികം ആഴമായും അനായാസമായും പരസ്പരസാഹോദര്യത്തിൽ വളരുവാൻ അവർക്കു കഴിയും.

അപ്പസ്തോലൻെറ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു ഡിക്രി വ്യക്തമാക്കുകയാണ് ക്രിസ്തീയൈക്യം കാത്തുസൂക്ഷിക്കുവാൻ സകല ക്രിസ്ത്യാനികളും കടപ്പെട്ടിരിക്കുന്നെന്ന്. ക്രിസ്തുവിൻെറ സനാതനസത്യം തുടർന്നുകൊണ്ടുപോകാനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യക്തികളുടെ പ്രത്യേക കടമയാണു സഭൈക്യത്തിൻെറ പാലനം. പക്ഷേ, ഇന്ന്, സഭൈക്യം അപ്രത്യക്ഷമായിരിക്കുകയാണ്. അതിനു ഞങ്ങളല്ല കുററക്കാർ, പിരിഞ്ഞുപോയവരാണു തെററുകാരെന്നും മററും പറഞ്ഞുകഴിയുന്ന കത്തോലിക്കരുടെ മാനസാന്തരത്തെപ്പററിയാണു ഡിക്രി ഇവിടെ പ്രസ്താവിക്കുന്നതു്. അവരുടെ ശരിയാ

യ ഒരു മാനസാന്തരം, ഹൃദയപരിവത്തനം, ഉണ്ടാവാതെ ഇവിടെ ശരിയായ എക്യുമെനിസം വളരുവാൻ പോകുന്നില്ല. എന്തിലാണീ ഹൃദയപരിവത്തനം അടങ്ങിയിരിക്കുന്നതെന്നും വ്യക്തമാക്കുന്നുണ്ട്, ഡിക്രി. ചരിത്രയാഥാത്ഥ്യങ്ങളോടുള്ള സത്യസന്ധമായ ഒരു സമീപനമാണ് ഈ മാനസാന്തരത്തിന്റെ അടിസ്ഥാനം. സഭയുടെ പിളർപ്പിന് ഇരുകൂട്ടരും ഉത്തരവാദികളാണ്, തെററുകാരാണ്. അതിനാൽ, പരസ്പരം ക്ഷമിക്കുന്നതിനുള്ള സന്നദ്ധതയാണ് ഈ ഹൃദയപരിവത്തനത്തിന്റെ പ്രഥമപടി, മാപ്പിരക്കുവാനും മാപ്പു നല്കുവാനുമുള്ള സന്നദ്ധത. രണ്ടാമത്തെപടി, സുവിശേഷത്തിനടുത്ത ജീവിതം കൂടുതൽ വിശുദ്ധമായി നയിക്കുവാൻ ശ്രമിക്കുന്നതിലത്രേ.

സുവിശേഷത്തിനടുത്ത ജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങളാണിവ: ദൈവവുമായി അഭേദ്യമായ ഐക്യം അടുക്കുക, സ്വയംപരിത്യാഗത്തിലൂടെയും ഉപവിപ്രവത്തനങ്ങളിലൂടെയും പരസ്നേഹത്തിൽ വളരുക. ഇവ രണ്ടും ഹൃദയനവീകരണത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഫലങ്ങളാണ്. ദൈവത്തെ നാം എത്രമാത്രം സ്നേഹിക്കുന്നുവോ അത്രമാത്രം അഗാധമായി മനുഷ്യരെ സ്നേഹിക്കാതിരിക്കാൻ നമുക്കു സാധിക്കുകയില്ല; കാരണം, മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമാണ്, ദൈവത്തിന്റെ ആലയമാണ്, "മനുഷ്യർ ദൈവങ്ങളാ"ണ്. അതായത്, മനുഷ്യനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവർ ദൈവത്തിന്റെ സ്നേഹിതന്മാ

രാണു്, ദാസന്മാരാണു്. ക്രിസ്തുവിൻെറ അനുയായിക ളിലാണെങ്കിൽ ഇതു് അങ്ങേയററം വ്യക്തമായി കാ ണേണ്ടതത്രേ. കാരണം, അവർ ക്രിസ്തുവിൻെറ ഏക ശരീരത്തിലേ വിവിധ അംഗങ്ങളാണു്. അതിനാൽ, പരസ്പരം ക്ഷമിക്കുവാനും സഹിക്കുവാനും മററാരേക്കാളു മേറെ ഇവർ കടപ്പെട്ടിരിക്കുന്നു.

## സംയുക്തപ്രാർത്ഥന

8. ക്രൈസ്തവൈക്യത്തിനായുള്ള രഹസ്യവും പരസ്യവുമായ പ്രാർത്ഥനകളോടുകൂടിയ ഈ ഹൃദയപരിവർത്തനവും ജീവിതവി ശുദ്ധിയുമാണു് എക്യുമേനിക്കൽ പ്രസ്ഥാനത്തിൻെറ മുഴുവൻ ആ ത്മാവു്. ആദ്ധ്യാത്മിക എക്യുമേനിസമെന്നു് ഇതിനെ യഥാവി ധി വിളിക്കാം.

"അവരെല്ലാം ഒന്നാകേണ്ടതിനു്" (യോഹ. 17: 21) എന്നു് ദിവ്യരക്ഷകൻ തൻെറ മരണത്തിൻെറ തലേരാത്രി തീക്ഷ്ണതാ പൂർവ്വം പിതാവിനോടു് അപേക്ഷിച്ച അതേ പ്രാർത്ഥനതന്നെ സഭൈക്യത്തിനായി ഉരുവിടുവാൻ കത്തോലിക്കർ കൂടെക്കൂടെ സമ്മേളിക്കുന്നതു് ഒരംഗീകൃതാചാരമാണു്.

"ഐക്യത്തിനായുള്ള" പ്രാർത്ഥനയ്ക്കായി മാററിവച്ചിട്ടുള്ള അവസരങ്ങൾ, എക്യുമേനിക്കൽ സമ്മേളനങ്ങൾ തുടങ്ങിയ പ്ര ത്യേകസാഹചര്യങ്ങളിൽ കത്തോലിക്കർ അകത്തോലിക്കസ ഹോദരങ്ങളോടൊത്തു പ്രാർത്ഥിക്കുവാൻ സമ്മേളിക്കുന്നതു് അനു വദനീയംമാത്രമല്ല അഭിലഷണീയംകൂടിയാണു്. ഇത്തരം സംയു ക്തപ്രാർത്ഥനകൾ ഐക്യത്തിനായുള്ള അനുഗ്രഹം ലഭിക്കുവാൻ ഫലവത്തായ മാർഗ്ഗമാണു്, കത്തോലിക്കർക്കു് വേർപ്പെട്ട സ ഹോദരങ്ങളുമായുള്ള ബന്ധത്തിൻെറ യഥാർത്ഥലക്ഷണമാ ണു്. "എൻെറ നാമത്തിൽ എവിടെ രണ്ടോ മൂന്നോ പേർ ഒന്നി ച്ചുകൂടുന്നുവോ അവിടെ അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും" (മത്താ. 18: 20).

എന്നാൽ, ക്രൈസ്തവൈക്യം പുനഃസ്ഥാപിക്കുന്നതിനായി വിവേചനാരഹിതമായി ഉപയോഗിക്കാവുന്ന ഒരു മാർഗ്ഗമായി വി

ശുദ്ധ വസ്തുക്കളിലുള്ള ഭാഗഭാഗിത്വം (Communicatio in Sacris) കരുതപ്പെട്ടുവാൻ പാടില്ല. ഇത്തരം ഭാഗഭാഗിത്വം പ്രധാനമായും രണ്ടു തത്വങ്ങളെ ആശ്രയിച്ചിരിക്കുന്നു: സഭൈക്യത്തിനു സാക്ഷികളാവുകയും പ്രസാദവരത്തിൻെറ മാർഗ്ഗങ്ങളിൽ പങ്കു പററുകയും. സഭൈക്യത്തിനു സാക്ഷികളാവുകയെന്നതു ഭാഗഭാഗിത്വത്തെ വളരെയധികം നിരുത്സാഹപ്പെടുത്തുകയാണ്. എന്നാൽ, അവയിൽനിന്നു ലഭ്യമാകുന്ന അനുഗ്രഹങ്ങൾ പലപ്പോഴും അവയെ പ്രോത്സാഹിപ്പിക്കുന്നു. ഇവയിൽ എപ്രകാരം പ്രവർത്തിക്കണമെന്നു സ്ഥലത്തെ മെത്രാൻ, വ്യക്തികളുടേയും സ്ഥലകാലങ്ങളുടേയും സാഹചര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടു വിവേകപൂർവ്വം തീരുമാനിക്കണം, മെത്രാന്മാരുടെ കോൺഫ്രൻസുകളോ പരിശുദ്ധസിംഹാസനമോ ഇതിന്ന് അനുഗുണമായ നിയമാവലിയൊന്നും നല്കിയിട്ടില്ലെങ്കിൽ.

പ്രാർത്ഥന എക്യുമെനിസത്തിൻെറ ജീവനാണ്. പ്രാർത്ഥനയാണ് എക്യുമെനിസത്തെ ജനിപ്പിച്ചതും വളർത്തുന്നതും. ഐക്യാഭിമുഖമായ ജീവിതനവീകരണവും ഹൃദയപരിവർത്തനവുമെല്ലാം ആദ്ധ്യാത്മിക എക്യുമെനിസം എന്ന സംജ്ഞയ്ക്കു് അർഹമാകുന്നതു് അവ പ്രാർത്ഥനാത്മകമാകുമ്പോൾ മാത്രമാണ്. ഈ എക്യുമേനിക്കൽ പ്രാർത്ഥനയുടെ ആരംഭം ക്രിസ്തുവിലാണെന്നു പറയാം. കാരണം, സഭൈക്യത്തിനായി ആദ്യം പ്രാർത്ഥിച്ചതു് അവിടന്നാണ്. സഭയുടെ ശിരസ്സായ അവിടുത്തെ ഹൃദയദാഹം ഏററുപാടുകമാത്രമാണ് ഐക്യാഭിലാഷികളെല്ലാം ചെയ്യുക. ഐക്യത്തിനായുള്ള സംയുക്തപ്രാർത്ഥന ഇന്നു് ഒരു വലിയ പ്രതിഭാസമായിത്തീർന്നിട്ടുണ്ടു്. നിശ്ചിതസന്ദർഭങ്ങളിൽ ക്രൈസ്തവലോകം മുഴുവൻ ഒന്നിച്ചുചേരുകയാണ സഭാതലവൻെറ പ്രാർത്ഥന ഏററു ചൊല്ലുവാൻ. ഇത്തരം സംയുക്തപ്രാർത്ഥ

നകഠം അനുഗ്രഹപ്രദായങ്ങളാണെന്നും ക്രൈസ്തവൈ ക്യത്തെ പ്രത്യക്ഷമാക്കുന്ന അടയാളമാണെന്നും വ്യക്ത മാക്കുകയാണു ഡിക്രി. കരുണാനിധിയായ ദൈവത്തിൽ നിന്നു സഭൈക്യമെന്ന അനുഗ്രഹം നേടിയെടുക്കുവാൻ അങ്ങേയററം പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഒരു പ്രസ്ഥാ നമാണു സംയുക്തപ്രാർത്ഥന. പക്ഷേ, ഈ സംയുക്ത പ്രാർത്ഥന ക്രൈസ്തവലോകത്തു് ഇല്ലാത്ത ഐക്യം ഉ ള്ളതായി കാണിക്കുവാൻ ഇടവരുത്തരുതെന്നു കൗൺ സിൽ നിഷ്കർഷിക്കുന്നു.

ഇവിടെയാണു വിശുദ്ധവസ്തുക്കളിലുള്ള ഭാഗഭാഗി ത്വത്തെ വിശകലനം ചെയ്തിരിക്കുന്നതു്. ഈ അടുത്ത കാലത്തു് ഏററമധികം ചിന്തിക്കപ്പെട്ടിട്ടുള്ള ഒരു വി വാദവിഷയമാണിതു്. നിരവധി ഗ്രന്ഥങ്ങളും ലേഖന ങ്ങളും ഇതേപ്പററി എഴുതപ്പെട്ടിട്ടുണ്ടു്. സഭകളുടെ ലോ കസമിതിയുടെ പല സമ്മേളനങ്ങളിലും ചർച്ച ചെയ്യ പ്പെട്ടിട്ടുണ്ടു്, ഈ വിഷയം. ചരിത്രത്തിലേക്കു കടന്നു ചെന്നാൽ, വിശുദ്ധ വസ്തുക്കളിലുള്ള ഭാഗഭാഗിത്വം ഭി ന്നിച്ചുനില്ക്കുന്നവരുടെ ഇടയിൽ വിലക്കപ്പെട്ടതായി ക രുതപ്പെട്ടിരുന്നെന്നു കാണാം, ആദ്യനൂററാണ്ടുകഠംമുതൽ തന്നെ. വിശ്വാസവിഷയങ്ങളിൽ ഭിന്നവാദങ്ങഠം വച്ചു പുലർത്തുന്നവരെ വിശുദ്ധ കർബാനയിൽ സംബന്ധിക്കു ന്നതിൽനിന്നും കർബാന ഉഠംക്കൊള്ളുന്നതിൽനിന്നും അകററി നിറുത്തിയിരുന്നു. അതുകൊണ്ടാണു് അവർ സ്വന്തം ദേവാലയങ്ങഠം പണുതതും സ്വന്തമായ അനു ഷ്ഠാനക്രമങ്ങഠം സൃഷ്ടിച്ചതും. ഇന്നും ഇതു തുടരുകയാ

ണ്. ക്രിസ്തുനാഥൻെറ വാക്കുകൾ ഇതിന് ഉപോൽ ബലകമായുണ്ട്. പക്ഷേ, എക്യുമെനിസത്തിൻെറ ഈ യുഗത്തിൽ, സംയുക്തപ്രാർത്ഥനകൾ അടിക്കടി വളർന്നുകൊണ്ടിരിക്കുന്ന ഈ ചുററുപാടുകളിൽ എന്തുകൊണ്ടു വിശുദ്ധ വസ്തുക്കളിലുള്ള ഭാഗഭാഗിത്വം ആയിക്കൂടാ എന്ന ചോദ്യം ഉദിക്കുന്നുണ്ട്. പലരും ഇതിന് അനുകൂലമായി ഉത്തരം പറയുന്നു. മാത്രമല്ല, മററുസഭകളുടെ ആരാധനക്രമങ്ങളിൽ പങ്കെടുക്കുക എക്യുമെനിസത്തിന് അത്യന്താപേക്ഷിതമെന്നു കരുതുന്നവരും അപൂർവ്വമല്ല. ചില സഭകൾപോലും മററുസഭക്കാരെ തങ്ങളുടെ വിശുദ്ധ വസ്തുക്കളിൽ ഭാഗഭാക്കുകളാവാൻ അനുവദിക്കുന്നുണ്ട്. എന്നാൽ, ഇതിനെ എതിർക്കുന്നവരുടെ എണ്ണവും കുറവല്ല. ഒരുപക്ഷേ, ഇവരുടെ അഭിപ്രായത്തിൽ ഇതു് അനുവദനീയമല്ല, സഭകൾ തമ്മിലുള്ള വിശ്വാസപരമായ ഭിന്നതകൾ അവസാനിക്കാത്തിടത്തോളംകാലം. കാരണം, ആരാധനക്രമം വിശ്വാസത്തിൻെറ ബഹിർഗമനമാണ്, വിശ്വാസത്തിൻെറ ദൃഷ്ടികൾക്കുമാത്രമേ അതിനെ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ, വിശ്വാസപൂർണ്ണമായ പങ്കെടുക്കലിനുമാത്രമേ അവയെ ഫലപ്രദായകമാക്കുവാൻ പററുകയുള്ളൂ.

വിശുദ്ധവസ്തുക്കളിലുള്ള സംപൂർണ്ണഭാഗഭാഗിത്വം സഭൈക്യത്തിൻെറ പൂർണ്ണതയെയാണു വ്യക്തമാക്കുന്നതു്. അതുകൊണ്ട്, സഭൈക്യം പരിപൂർണ്ണമല്ലാത്തിടത്തോളംകാലം വിശുദ്ധവസ്തുക്കളിലുള്ള പരിപൂർണ്ണഭാഗഭാഗിത്വവും അസാദ്ധ്യമാണ്. വിവിധ ക്രൈസ്തവരു

ടെ ഇടയിൽ വിശുദ്ധ വസ്തുക്കളുടെ ഭാഗഭാഗിത്വം വേണമെങ്കിൽ അതിനെ ഭരിക്കേണ്ട തത്വങ്ങൾ കണക്കിലെടുക്കണമെന്നു ചൂണ്ടിക്കാണിക്കുകയാണു, ഡിക്രി. വിവേചനങ്ങളൊന്നുംകൂടാതെ ഇതിനെ അനുവദിക്കുക വിഷമമാണു്. കാരണം, അത്തരമൊരു ഭാഗഭാഗിത്വം ഇല്ലാത്ത ഐക്യം ഉള്ളതായി കാണിക്കും. അതുകൊണ്ടു്, രണ്ടു തത്വങ്ങളുടെ അടിസ്ഥാനത്തിൽ വേണം ഇത്തരം ഭാഗഭാഗിത്വം അനുവദിക്കുക: 1) സഭൈക്യത്തിനു സാക്ഷികളാകുവാൻ വിശ്വാസികളെ പ്രാപ്തരാക്കണം ഈ ഭാഗഭാഗിത്വം. 2) പ്രസാദവരത്തിന്റെ മാർഗ്ഗങ്ങളിൽ ഫലപ്രദമായി പങ്കുപററുവാൻ വിശ്വാസികൾക്കു സാധിക്കണം. പ്രഥമതത്വം ആവശ്യപ്പെടുന്നതു്, വിശുദ്ധ വസ്തുക്കളിലുള്ള ഭാഗഭാഗിത്വം സഭൈക്യത്തെ പ്രസ്പഷ്ടമാക്കണമെന്നത്രേ. അതിനാൽ, ഭിന്നധാരണകൾക്കും വിശ്വാസത്തിനും ഇടനല്കാത്ത വിധത്തിൽ മാത്രമേ വിശുദ്ധവസ്തുക്കളിലുള്ള ഭാഗഭാഗിത്വം അനുവദിക്കാവൂ. അതായതു്, വി. കുർബാനയിൽ പങ്കെടുക്കുന്നവരെല്ലാം വി. കുർബാനയെപ്പററി ഒരേ ധാരണകളുള്ളവരായിരിക്കണം. രണ്ടാമത്തെ തത്വം ആവശ്യപ്പെടുന്നതു ഏകദേശം ഇതുതന്നെയാണു്: വിശുദ്ധ വസ്തുക്കളുടെ ഭാഗഭാഗിത്വം ഫലപ്രദമായിരിക്കണം. ഒരേ വിശുദ്ധവസ്തുവിനെപ്പററി വിവിധ ധാരണകൾ വച്ചുപുലർത്തുന്നവരിൽ അതു് ഒരേവിധത്തിൽ ഫലപ്രദമാവുക വിഷമമാണല്ലോ. അതുകൊണ്ടുതന്നെയാണു്, വിശ്വാസൈക്യമുള്ള വി

ശുദ്ധ വസ്തുക്കളുടെ പരികർമ്മത്തിൽമാത്രം ഈ സംയുക്ത ഭാഗഭാഗിത്വം അനുവദിച്ചാൽ മതിയെന്നു ഡിക്രി അർത്ഥമാക്കുന്നത്.

എന്താണീ വിശുദ്ധവസ്തുക്കൾ എന്നു വ്യക്തമാക്കുവാൻ ഏഴു പിതാക്കന്മാർ സെക്രട്ടേറിയററിനോട്ട് ആവശ്യപ്പെട്ടു. തൽഫലമായി, കൂദാശകളിലുള്ള ഭാഗഭാഗിത്വത്തെ പ്രത്യക്ഷമായും മററ് ആരാധനക്രമങ്ങളിലുള്ള പങ്കെടുക്കലിനെ പരോക്ഷമായും അർത്ഥമാക്കുന്ന ഒരു പദപ്രയോഗമാണ് "Communicatio in Sacris" എന്നു സെക്രട്ടേറിയററ് വ്യക്തമാക്കി. പള്ളികൾ, വിശുദ്ധസ്ഥലങ്ങൾ, കൂദാശകൾക്കായി ഉപയോഗിക്കുന്ന വസ്തുക്കളും ഉപകരണങ്ങളുമെല്ലാം വിശുദ്ധവസ്തുക്കളുടെ കൂട്ടത്തിൽ വരുന്നുണ്ട്. അതിനാൽ, ഇവയുടെ ഉപയോഗങ്ങളിലും മററു സഭക്കാരെ ഭാഗഭാക്കുകളാക്കാമെന്നും മററുസഭക്കാരുടെ ഉപയോഗത്തിനായി ഇവയെ കൊടുക്കാമെന്നും മററും വരുന്നു. ഇതിനെ സംബന്ധിക്കുന്ന വ്യക്തമായ പഠനങ്ങൾ നല്കണമെന്ന് ഏതാനും പിതാക്കന്മാർ ആവശ്യപ്പെട്ടു. "എക്യുമേനിക്കൽ ഡിറക്ടറി"യിൽ ഇവയെ സംബന്ധിക്കുന്ന നിയമങ്ങൾ ഉണ്ടായിരിക്കുമെന്ന് സെക്രട്ടേറിയററ് അറിയിച്ചു. അതായത്, ഇവ പ്രയോഗത്തിലാക്കുന്നതിനു മുമ്പു "ഡിറക്ടറി"കൂടി പഠിക്കേണ്ടതാണെന്നർത്ഥം.

**വൈജ്ഞാനിക എക്യുമെനിസം**

**9. വേർപെട്ടു നില്ക്കുന്ന സഹോദരങ്ങളുടെ മനോഭാവം നാം അറിയണം. ഇതിന്ന്, സത്യാനുസൃതവും സഹാനുഭൂതിനിറഞ്ഞതു**

മായ പഠനം അത്യന്താപേക്ഷിതമാണ്. വേണ്ടവണ്ണം ഒരുങ്ങിയിട്ടുള്ള കത്തോലിക്കർ തങ്ങളുടെ സഹോദരങ്ങളുടെ പ്രബോധനങ്ങളേയും ചരിത്രത്തേയും, ആദ്ധ്യാത്മികജീവിതത്തേയും ആരാധനക്രമത്തേയും, മതാത്മക മനഃശാസ്ത്രത്തേയും സംസ്കാരത്തേയും പററി കൂടുതൽ വ്യക്തമായി അറിയേണ്ടതു് ആവശ്യകമത്രേ. ഇതു ലഭിക്കുന്നതിനു വളരെയേറെ സഹായിക്കും, ഇരുഭാഗക്കാരുടേയും മീററിംഗുകൾ, പ്രത്യേകിച്ചും ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ സമ്മേളിക്കുന്നവ, സമ്മിളിതർ വിദഗ്ദ്ധരും ആധികാരിക അംഗീകാരമുള്ളവരുമാണെങ്കിൽ. ഇവിടെ ഇരുഭാഗക്കാർക്കും തുല്യനിലയിൽ വർത്തിക്കുവാൻ കഴിയും. ഇപ്രകാരമുള്ള അഭിമുഖസംഭാഷണത്തിലൂടെ കത്തോലിക്കാസഭയുടെ യഥാർത്ഥനിലപാടെന്താണെന്നു കൂടുതൽ വ്യക്തമായി വിശദമാക്കാൻ സാധിക്കും. ഇതുവഴി, വേർപ്പെട്ടു നില്ക്കുന്ന സഹോദരങ്ങളുടെ മനസ്സു കൂടുതൽ വ്യക്തമായി ഗ്രഹിക്കുവാനും നമ്മുടെ വിശ്വാസത്തെ ഉചിതമായി വിശദീകരിക്കുവാനും നമുക്കു കഴിയും.

വൈജ്ഞാനിക എക്യുമെനിസത്തിന്റെ അവിഭാജ്യഘടകങ്ങളാണു പരസ്പരധാരണയും എക്യുമേനിക്കൽ അധ്യാപനവും വിശ്വാസസത്യങ്ങളുടെ പ്രതിബന്ധാത്മകമല്ലാത്ത വിശദീകരണവും. ഇവയിൽ, പരസ്പരധാരണയെപ്പററിയാണു് ഇവിടെ പ്രതിപാദിച്ചിരിക്കുന്നതു്. ക്രിസ്ത്യാനികൾ പരസ്പരം വ്യക്തമായി ഗ്രഹിക്കേണ്ടതു സഭൈക്യത്തിന്റെ അടിസ്ഥാനചവിട്ടുപടിയാണു്. ഞാൻ എന്റെ സ്നേഹിതനെ ശരിക്കറിയണം; എങ്കിൽമാത്രമേ, അവനുമായി സുസ്ഥിരമായ ബന്ധം സ്ഥാപിക്കുവാൻ എനിക്കു സാധിക്കുകയുള്ളൂ. എങ്കിൽ, സാഹോദര്യത്തിന്റെ ചങ്ങലകൊണ്ടു ബന്ധിതരായിരിക്കുന്ന ക്രിസ്ത്യാനികൾ എന്തുമാത്രം വ്യക്തമായി പരസ്പരം ഗ്രഹിച്ചിരിക്കണം, ശാന്തസുന്ദ

രമായ തങ്ങളുടെ കുടുംബജീവിതം പുന:സ്ഥാപിക്കുവാൻ. സത്യത്തിൽ അധിഷ്ഠിതമായിരിക്കണം ഇവരുടെ പരസ്പരധാരണ. അതുകൊണ്ടാണു്, ഇതു ലഭിക്കുവാൻ ഏറ്റവും പററിയ മാർഗ്ഗം അഭിമുഖസംഭാഷണമാണെന്നു ഡിക്രി ചൂണ്ടിക്കാണിക്കുന്നതു്; അതും, സമത്വത്തിൽ അധിഷ്ഠിതമായ അഭിമുഖ സംഭാഷണം. ഇത്തരം അഭിമുഖസംഭാഷണങ്ങളിൽ ഓരോരുത്തരും, തങ്ങളുടെ സഭയുടെ യഥാർത്ഥലക്ഷണം, നിലപാടു്, വ്യക്തമാക്കുവാൻ ശ്രദ്ധിക്കണം. അതുകൊണ്ടാണു്, ഇത്തരം സമ്മേളനങ്ങളിൽ സംബന്ധിക്കുന്നവർ വിദഗ്ദ്ധന്മാരായിരിക്കണമെന്നും അവരവരുടെ സഭകളുടെ അംഗീകാരമുള്ളവരായിരിക്കണമെന്നും ഡിക്രി അഭിപ്രായപ്പെടുന്നതു്. അതായതു്, തങ്ങളുടെ സഭകളുടെ ആത്മവീര്യം ഉൾക്കൊള്ളുന്ന വ്യക്തികൾ വേണം അഭിമുഖസംഭാഷണത്തിനായി അണയുവാൻ. എങ്കിൽ മാത്രമേ ശരിയായ പരസ്പരധാരണ സംജാതമാവുകയുള്ളൂ.

പക്ഷേ, ഇത്തരം അഭിമുഖസംഭാഷണം ശരിക്കു ഫലമണിയണമെങ്കിൽ അവയുടെ നിഗമനങ്ങൾ സാധാരണക്കാരനു ഗ്രഹിക്കത്തക്കവിധം പ്രസിദ്ധീകൃതമാവണം. കാരണം, എക്യുമെനിസം പണ്ഡിതന്മാരുടെ പരിധികൾക്കുള്ളിൽ അടച്ചുപൂട്ടപ്പെടേണ്ടതല്ല. പരസ്പരധാരണ സകല ക്രിസ്ത്യാനികൾക്കും ഉണ്ടാകേണ്ട ഒരനുഭവവിശേഷമാകണം. അതിൽ പത്രമാസികകൾക്കു് ഒരു നല്ല പങ്കു വഹിക്കാൻ കഴിയും. രാജ്യത്തിൻെറ,

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന എക്യൂമേനിക്കൽ പ്രസ്ഥാനങ്ങളുടെ വസ്തുനിഷ്ഠമായ വിവരം കുറിക്കുവാൻ കത്തോലിക്ക പത്രമാസികകൾ മുന്നോട്ടുവരണം. മാത്രമല്ല, 'അകത്തോലിക്കരുടെ വീക്ഷണഗതികളും അഭിപ്രായങ്ങളുമൊക്കെ പ്രസിദ്ധീകരിക്കുവാനും കത്തോലിക്കപത്രമാസികൾക്കു സാധിക്കണം. എന്നാൽ മാത്രമേ എക്യൂമെനിസം ആവശ്യപ്പെടുന്ന പരസ്പരധാരണ ക്രൈസ്തവലോകത്തു സംജാതമാവുകയുള്ളൂ.

ഈ തലത്തിൽ കേരളകത്തോലിക്കർ ശ്രദ്ധിക്കുന്നില്ലെന്നു വ്യസനസമേതം വ്യക്തമാക്കേണ്ടിയിരിക്കുന്നു. 80 ശതമാനവും അക്രൈസ്തവമായ നമ്മുടെ കൊച്ചുകേരളത്തിൽ 20-ലേറെ ക്രൈസ്തവസഭകളുണ്ടെന്ന കാര്യം ഇവിടത്തെ കത്തോലിക്കർ വിസ്മരിക്കുകയാണെന്നു തോന്നുന്നു. പത്രമാസികകൾ ഒത്തിരിയില്ലേ, കത്തോക്കർക്കു! അകത്തോലിക്കരുടേതായ എത്ര ലേഖനങ്ങൾ ഇവയിൽ പ്രസിദ്ധീകൃതങ്ങളാവുന്നുണ്ടു്? 95 ശതമാനം കത്തോലിക്കരുള്ള ഐയർലണ്ടിൽ നടക്കുന്നതെന്താണെന്നറിയാമോ? അവരുടെ ദൈവശാസ്ത്ര റവ്യൂതന്നെ (Furrow, January 1965) 5 ശതമാനം മാത്രമുള്ള പ്രോട്ടസ്റ്റൻറുകാരുടെ മൂന്നു ആസ്വാദനങ്ങളുമായാണു് "എക്യൂമെനിസ"ത്തെ സംബന്ധിക്കുന്ന ഡിക്രിയുടെ പ്രസാധനത്തെ സ്വാഗതം ചെയ്തതു്. പക്ഷേ, നമ്മുടെ പത്രമാസികകളൊന്നും ഇതേവരെ ഇതിൽ ശ്രദ്ധചെലുത്തിയിട്ടില്ല. ഡിക്രിയെപ്പററിയുള്ള അകത്തോലിക്കരുടെ അഭിപ്രായമാരായുവാൻ നമ്മുടെ പത്രാധിപന്മാക്കാർ

ക്കും കഴിയാതിരുന്നതു വാസ്തവത്തിൽ ഖേദകരമാണ്. ഇനിയെങ്കിലും ഇവരുടെ മാനസാന്തരം ഒന്നു നടന്നെങ്കിൽ മതിയായിരുന്നു, കേരളകത്തോലിക്കരിൽ "എക്യൂമെനിസം" പിറന്നു വീഴാൻ, വളർന്നു വലുതാകാൻ, വിജയം വരിക്കുവാൻ.

10. ദൈവവിജ്ഞാനീയവും മററു വിജ്ഞാനശാഖകളും, പ്രത്യേകിച്ചും ചരിത്രം, അവ വസ്തുനിഷ്ഠമായ സത്യത്തോടു കൂടുതൽ പൊരുത്തപ്പെടുവാനായി, എക്യൂമേനിക്കൽ ചൈതന്യത്തിൽവേണം പഠിപ്പിക്കുവാൻ.

ഭാവിയിലെ ദൈവജനപാലകർക്കും വൈദികർക്കും ഈവിധം രൂപീകൃതമായ ഒരു ദൈവവിജ്ഞാനീയം അത്യന്താപേക്ഷിതമാണ്. വിവാദപരമായിരിക്കരുത് അത്, പ്രത്യേകിച്ചും വേർപ്പെട്ടുനില്ക്കുന്ന സഹോദരങ്ങൾക്കു കത്തോലിക്കാസഭയുമായുള്ള ബന്ധത്തെ സ്പർശിക്കുന്ന കാര്യങ്ങളിൽ.

വിശ്വാസികളുടേയും സന്ന്യസ്തരുടേയും ശിക്ഷണവും ആദ്ധ്യാത്മികരൂപവൽക്കരണവും വൈദികരുടെ രൂപവൽക്കരണത്തെയാണ് ഏററമധികം ആശ്രയിച്ചു നില്ക്കുന്നതു്.

മററുക്രിസ്ത്യാനികൾ ജോലിചെയ്തുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ മിഷൻപ്രവൎത്തനം നടത്തുന്ന കത്തോലിക്കരും ഇന്നു പ്രത്യേകം മനസ്സിലാക്കേണ്ട ഒന്നാണ്, എക്യൂമേനിക്കൽപ്രസ്ഥാനം തങ്ങളുടെ പ്രേഷിതരംഗത്തു നിരത്തിവയ്ക്കുന്ന പ്രശ്നങ്ങളും ഫലങ്ങളും.

സെമിനാരികളിൽ വൈദികവിദ്യാർത്ഥികൾക്കു നല്കപ്പെടുന്ന പരിശീലനത്തെയത്രേ ഈ ഖണ്ഡികയിൽ പ്രധാനമായും ഡിക്രി സ്പർശിക്കുന്നതു്. സെമിനാരികളിൽ പഠിപ്പിക്കുന്ന ദൈവശാസ്ത്രം ഇന്നും വിവാദാത്മകമാണ്. ഇതര ക്രൈസ്തവർ പറഞ്ഞുവച്ചിട്ടുള്ളതു്, നവീകരണനേതാക്കൾ പഠിപ്പിച്ചിട്ടുള്ളതു്,

തെററാണെന്നു വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക എന്ന ഏകലക്ഷ്യത്തിലാണു ദൈവശാസ്ത്ര-ടെക്സ്റ്റ് ബുക്കുകൾ എഴുതപ്പെട്ടിട്ടുള്ളതു്. അതുമാത്രം അയവിറക്കി പുറത്തിറക്കുന്ന നവവൈദികർ എക്യുമെനിസത്തിൽ തല്പരരായിരിക്കുകയെന്നതു് അസാധാരണമാണു്. അതുകൊണ്ടാണു്, ദൈവശാസ്ത്രത്തിന്റേയും ഇതരശാസ്ത്രങ്ങളുടേയും അധ്യാപനത്തിൽ എക്യുമേനിക്കൽചൈതന്യം ഉണ്ടാകണമെന്നു ഡിക്രി ആവശ്യപ്പെടുന്നതു്. വസ്തുനിഷ്ഠമായ സഭാചരിത്രത്തിന്റെ അടിസ്ഥാനത്തിൽവേണം ക്രൈസ്തവദൈവശാസ്ത്രത്തെ പഠിപ്പിക്കുക എന്ന സൂചനയുമുണ്ടു്. കാരണം, ദൈവശാസ്ത്രപരങ്ങളായ വിവാദവിഷയങ്ങളും അവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനങ്ങളുമെല്ലാം ചരിത്രപരമായ ചുററുപാടുകളെ പരിഗണിക്കാതെ ഗ്രഹിക്കുക വിഷമമാണു്. സഭയുടെ ഉദ്ബോധനങ്ങളും കൗൺസിലുകളുടെ നിഗമനങ്ങൾതന്നെയും ചരിത്രപരമായ പരിതഃസ്ഥിതികളിൽനിന്നെടുത്തു മാററിയാൽ ദുർഗ്രഹങ്ങളായി അനുഭവപ്പെടും. വാക്കുകളും പ്രയോഗങ്ങളും ഓരോ കാലദേശങ്ങളിലും അവയ്ക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന അർത്ഥവ്യത്യാസങ്ങളുമെല്ലാം ശരിക്കു കണക്കിലെടുക്കാതെ എതിരഭിപ്രായക്കാരെ പാഷണ്ഡരെന്നോ സത്യവിശ്വാസത്തിന്റെ ബദ്ധവിരോധികളെന്നോ മുദ്രയടിക്കുകതികച്ചും അബദ്ധമാണു്. അതുകൊണ്ടു്, എക്യുമെനിസത്തിന്റെ ഭാവിവിജയത്തിനു് അത്യന്താപേക്ഷിതമായ ഒരു വസ്തുതയാണു് ഇന്നു സെമിനാരികളിൽ നി

ലുവിലിരിക്കുന്ന അധ്യയനസമ്പ്രദായം ആകെ മാറുക യെന്നതു്. അതായതു്, സെമിനാരികളിലേ അധ്യയനം ആവുന്നത്ര വസ്തുനിഷ്ഠമായിരിക്കണം, മററു ക്രൈസ്തവരെ സഹോദരങ്ങളായി കരുതുവാനും അവരുമായി സഹവസിക്കുവാനും ഭാവിയുടെ വൈദികർ പ്രാപ്തരാകുവാനായി.

ഇതിനു വിവിധ സഭകളിലേ ദൈവശാസ്ത്രാധ്യാപകർ തമ്മിൽ അടുത്ത പരിചയവും സമ്പർക്കവുമൊക്കെ വേണം. എന്നാൽമാത്രമേ പഠിപ്പിക്കുന്നവർക്കു തന്നെ തങ്ങൾ പഠിപ്പിക്കുന്നവ, പ്രത്യേകിച്ചും അകത്തോലിക്ക സഹോദരങ്ങളുടെ അഭിപ്രായങ്ങളാണെന്നും പറഞ്ഞു പഠിപ്പിക്കുന്നവ, ശരിയാണെന്ന ബോധമുണ്ടാവുകയുള്ളൂ. ചിലപ്പോഴെല്ലാം മററുസഭകളുടെ ദൈവശാസ്ത്രജ്ഞന്മാരെ കത്തോലിക്കസെമിനാരികളിൽ ക്ഷണിച്ചുവരുത്തി ക്ലാസുകളെടുപ്പിക്കുന്നതും വളരെ ഉപകാരപ്രദമായിരിക്കും, ഈ എക്യുമേനിക്കൽ ദൈവശാസ്ത്രാഭ്യാസനത്തിനു്. വിവിധസഭകളിൽപ്പെട്ട വൈദികവിദ്യാർത്ഥികളുടെ പരസ്പരപരിചയവും ആശയവിനിമയവും എല്ലാത്തിലുമുപരി പ്രയോജനകരമാണു്. കാരണം, പരസ്പരം അറിയുവാനും സ്നേഹബന്ധം സ്ഥാപിക്കുവാനും സാധിക്കുന്ന അവർ ഭാവിയുടെ എക്യുമേനിക്കൽ പ്രണേതാക്കളാവുമെന്നതിൽ സംശയമില്ല. വാസ്തവത്തിൽ ഇപ്രകാരമുള്ള എക്യുമെനിസം യൂറോപ്പിലും അമേരിക്കയിലുമെല്ലാം ഫലപ്രദമായി നടത്തിവരുകയാണു്. ദക്ഷിണേന്ത്യൻ ഐക്യസഭ, ഉത്തരേ

ന്ത്യൻ ഐക്യസഭ എന്നിങ്ങനെയുള്ള എക്യുമേനിക്കൽ സംഭവങ്ങൾക്കു ദൃക്സാക്ഷിയായിട്ടുള്ള ഭാരതത്തിലേ കത്തോലിക്കസഭയും ഇത്തരം എക്യുമെനിസം ആരംഭിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണെന്നു പറയേണ്ടതില്ലല്ലോ.

സെമിനാരികളിൽ ശരിയായ എക്യുമേനിക്കൽ പരിശീലനം സാദ്ധ്യമായാൽ കത്തോലിക്കരുടെ എക്യുമേനിക്കൽ പ്രവൎത്തനങ്ങൾ എല്ലാത്തലങ്ങളിലും വളർന്നു വികസിക്കും. പക്ഷേ, അതുവരെ കാത്തിരിക്കാവുന്ന ഒരു രംഗമല്ല മിഷൻ നാടുകൾ. അവിടങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാർ എക്യുമെനിസത്തിൻെറ വിവിധ വശങ്ങൾ ശരിക്കു ഗ്രഹിച്ചിട്ടുള്ളവരായിരിക്കണം. എക്യുമെനിസം ഉദിച്ചുയർന്നതും വളർന്നു വികസിക്കുന്നതും തങ്ങളുടെ പ്രേഷിതരംഗത്താണെന്ന വസ്തുത അവർ മറന്നുകളയരുത്. മററു ക്രൈസ്തവസഭകളുടെ പ്രേഷിതന്മാർ പ്രവൎത്തിക്കുന്ന രംഗങ്ങളിൽ ആവുന്നത്ര സഹകരണവും സഹവാസവും പുലർത്തുവാൻ കത്തോലിക്ക മിഷനറിമാൎക്കു കടമയുണ്ടെന്നു ചൂണ്ടിക്കാണിക്കുകയാണു്, ഡിക്രി. മിഷനറിമാർ എന്തുചെയ്യണമെന്നും എപ്രകാരം തങ്ങളുടെ പ്രവൎത്തനങ്ങൾ എക്യുമേനിക്കലാക്കണമെന്നും മററും വ്യക്തമായി പ്രസ്താവിക്കണമെന്നു ചില പിതാക്കന്മാർ ആവശ്യപ്പെടുകയുണ്ടായി. പക്ഷേ, അതു് "എക്യുമേനിക്കൽ ഡിറക്ടറി"ക്കു മാററിവച്ചിരിക്കയാണെന്നു സെക്രട്ടേറിയററ് അറിയിച്ചു.

## വിശ്വാസത്തിൻെറ വിശദീകരണം

11. കത്തോലിക്കവിശ്വാസത്തിൻെറ വിശദീകരണരീതിയും വിധവും സഹോദരങ്ങളുമായുള്ള അഭിമുഖസംഭാഷണത്തിനു് ഒരിക്കലും പ്രതിബന്ധമായി വരരുതു്. വിശ്വാസവിഷയങ്ങൾ മുഴുവനും വ്യക്തമായി അവതരിപ്പിക്കുക ഏററം ആവശ്യകമത്രേ. കത്തോലിക്കതത്വങ്ങളുടെ പവിത്രതയ്ക്കു ഹാനികരവും അവയുടെ യഥാർത്ഥവും നിശ്ചിതവുമായ അർത്ഥത്തെ അവ്യക്തമാക്കുന്നതുമായ വ്യാജാനുരഞ്ജകശ്രമംപോലെ എക്യുമെനിസത്തിനു തികച്ചും അന്യമായി മററൊന്നുമില്ല.

അതേസമയംതന്നെ, കത്തോലിക്കതത്വങ്ങൾ അവഗാഢമായും കൃത്യമായും വിവരിക്കപ്പെടണം, വേർപ്പെട്ട സഹോദരങ്ങൾക്കും ഗ്രഹിക്കത്തക്കവിധത്തിലും ഭാഷയിലും.

എക്യുമേനിക്കൽ ഡയലോഗിൽ കത്തോലിക്ക ദൈവശാസ്ത്രജ്ഞന്മാർ സഭയുടെ പഠനങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു്, സത്യത്തോടുള്ള സ്നേഹത്തിലും ഉപവിയിലും വിനയത്തിലും, വേർപെട്ട സഹോദരങ്ങളൊത്തുചേർന്നു്, ദിവ്യരഹസ്യങ്ങളുടെ പഠനത്തിൽ പുരോഗമിക്കേണ്ടതു് ആവശ്യകമാണു്. തത്വങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ കത്തോലിക്ക തത്വങ്ങളുടെ സത്യത്തിൽ ഒരവരോഹണക്രമം, "ഹയരാർക്കി", ഉണ്ടെന്ന കാര്യം അവർ സ്മരിക്കണം. ക്രിസ്തീയവിശ്വാസത്തിൻെറ അടിസ്ഥാനവുമായുള്ള അവയുടെ ബന്ധം പലവിധത്തിലാകയാൽ ഇത്തരം "സാഹോദര്യമത്സരം" തുറന്നുകൊടുക്കുന്ന മാർഗ്ഗത്തിലൂടെ ക്രിസ്തുവിൻെറ അനവഗാഹ്യമായ മൂല്യങ്ങളുടെ കൂടുതൽ അഗാധമായ ജ്ഞാനവും കൂടുതൽ വ്യക്തമായ പ്രകാശനവും സമ്പാദിക്കുവാൻ സകലർക്കും പ്രേരണ ലഭിക്കുന്നു. *

**വിശ്വാസസത്യങ്ങളെ മറച്ചുവച്ചുകൊണ്ടോ അപ്രധാനങ്ങളായി കരുതിക്കൊണ്ടോ ഐക്യത്തിലെത്തുവാൻ ശ്രമിക്കുകയാണെങ്കിൽ അതു് എക്യുമെനിസമല്ല.**

---

* cf. എഫേ. 3: 8,

എക്യൂമെനിസത്തിനു വിരുദ്ധമാണെന്നു്, എക്യുമെനിസാഭാസമാണെന്നു്, എന്നു വ്യക്തമാക്കുകയാണു്, ഡിക്രി. ഡിക്രി വിഭാവനംചെയ്യുന്ന എക്യൂമെനിസവും അഭിമുഖസംഭാഷണവുമെല്ലാം ദൈവശാസ്ത്രപരമായ ഭിന്നതകൾ വ്യക്തമായി പറഞ്ഞൊതുക്കി സഭൈക്യത്തിനുള്ള വഴി തുറക്കുന്നവയാണു്. ഐക്യത്തിനെതിരായ ഏററവും വലിയ പ്രതിബന്ധങ്ങൾ തത്വപരമായ ഭിന്നതകളത്രേ. 1965 ജനുവരി 20-ാം തീയതി പോൾ മാർപ്പാപ്പാ ഒരു പൊതുസന്ദർശനവേളയിൽ പറയുകയുണ്ടായി: "...കത്തോലിക്ക തത്വങ്ങളുടെ പ്രാമാണികവും സാരവത്തുമായ വശങ്ങൾ വ്യക്തമാക്കുകയും വിവാദപരവും സാരവത്തല്ലാത്തതുമായ വശങ്ങൾ മാററിവയ്ക്കുകയും ചെയ്യുന്നതു നല്ലതാണു്. വിവാദപരമായവ മറിച്ചു ചിന്തിക്കുന്നവർക്കു വ്യക്തമായി ഗ്രഹിക്കുവാൻ പററിയ ഭാഷയിൽ വിശദീകരിക്കേണ്ടതാണു്......" ഡിക്രിയുടെ പ്രാധാന്യത്തേയും പ്രാവർത്തികീകരണത്തേയുംപററി സംസാരിച്ച പാപ്പാ രണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിച്ചു: 1) കത്തോലിക്കതത്വങ്ങളെ സത്താപരമായവയെന്നും അപ്രധാനങ്ങളായവയെന്നും രണ്ടായി വിഭജിക്കണം. 2) സത്താപരമായ സത്യങ്ങളിൽ കാണുന്ന വിവാദവിഷയങ്ങൾ വ്യക്തമായ ഭാഷയിൽ, അകത്തോലിക്കർക്കു സുഗ്രഹമായ വിധത്തിൽ വിശദമാക്കണം.

ഡിക്രിതന്നെ വ്യക്തമാക്കുന്നുണ്ടു്, കത്തോലിക്ക വിശ്വാസസത്യങ്ങളിൽ ഒരവരോഹണക്രമം, "ഹയരാർക്കി ഓഫ് ട്രൂത്തു്," ഉണ്ടെന്നു്. വാസ്തവത്തിൽ

ഇത്തരം ഒരു ധാരണയുടെ കുഴപ്പമാണു് എക്യുമേനിക്കൽ സംഭാഷണങ്ങൾക്കെല്ലാം പ്രതിബന്ധമായി നിന്നിട്ടുള്ളതെന്നു ചരിത്രം പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാക്കാം. നവീകരണത്തിൻെറ കാലത്തിലേക്കു കടന്നാൽ, അന്നു് അപ്രധാനങ്ങളായ തത്വങ്ങളെ സുപ്രാധനങ്ങളായും സത്താപരസത്യങ്ങളായും കത്തോലിക്കസഭ കരുതിയിരുന്നെന്നും സഭാവിഭജനത്തിൻെറ പ്രധാനകാരണം അതായിരുന്നെന്നും മനസ്സിലാക്കാം. അടിസ്ഥാനതത്വങ്ങളിൽ വിഭിന്നരായതുകൊണ്ടല്ല നവീകരണക്കാർ കത്തോലിക്കസഭയിൽനിന്നു പിരിഞ്ഞുപോയതു്. പിന്നെയോ, സത്താപരമായ സത്യങ്ങൾ ഏവയെന്നു ഗ്രഹിക്കുവാൻ കത്തോലിക്ക നേതാക്കന്മാർക്കു കഴിയാതെ വന്നതുകൊണ്ടാണു് അവരെ പാഷാണ്ഡരെന്നു മുദ്രയടിച്ചു മാററിനിറുത്തുവാൻ ഇടവന്നതു്. വിഭാഗീയഭ്രമക്കാരായിരുന്ന അന്നാബാപ്ററിസ്ററുകൾക്കെതിരായി ലൂതർ എഴുതുകയാണു്: "പാപ്പായുടെ കീഴിൽ വളരെ, എന്നല്ല എല്ലാ ക്രൈസ്തവമൂല്യങ്ങളും ഉണ്ടെന്നും അവിടെനിന്നാണു് അവ തങ്ങൾക്കു ലഭിക്കുന്നതെന്നും ഞങ്ങൾ ഏററു പറയുകയാണു്. കാരണം, ശരിയായ വിശുദ്ധഗ്രന്ഥവും ശരിയായ മാമോദീസായും അൾത്താരയിലെ ശരിയായ കൂദാശയും പാപമോചനത്തിനായുള്ള ശരിയായ താക്കോലും ശരിയായ സുവിശേഷപ്രഘോഷണോദ്യോഗവും പത്തു പ്രമാണങ്ങൾ, വിശ്വാസസത്യങ്ങൾ, സ്വർഗ്ഗസ്ഥനായ പിതാവേ എന്ന നമസ്കാരം തുടങ്ങിയവ ഉൾക്കൊള്ളുന്ന ശരിയായ വേദപാഠവും

പാപ്പാസഭയിൽ ഉണ്ടെന്നു ഞങ്ങൾ ഏററുപറയുന്നു... പാപ്പായുടെ കീഴിൽ ശരിയായ ക്രിസ്തീയത്വവും, ക്രിസ്തീയത്വത്തിൻെറ മാതൃക തന്നെയും ഭക്തരായ അനവധി വലിയ വിശുദ്ധരും ഉണ്ടെന്നു ഞാൻ പറയുകയാണ്... പാപ്പാത്വവുമായി ബന്ധമുള്ള സകലതിനേയും അവഗണിക്കുന്ന വിഭാഗീയ ചിന്താഗതിക്കാരായ ഭ്രാന്തന്മാരല്ല ഞങ്ങൾ. അങ്ങനെയായാൽ ഞങ്ങൾ ക്രിസ്തീയത്വത്തെത്തന്നെ, ക്രിസ്തുവിൽനിന്നു സഭയ്ക്കു ലഭിച്ചിട്ടുള്ള സകലതിനേയും, നിഷേധിക്കുകയായിരിക്കും." * 1530 ജൂലൈ 3-ാം തീയതി മെലാങ്ത്തൺ കാർഡിനൽ കംപേജിയോയ്ക്ക് അയച്ച കത്തിൽ കാണുന്നത്, നവീകരണത്തിൻെറ അനുയായികൾ ഏററമധികം വെറുക്കപ്പെടുന്നത് അവർ റോമാസഭയുടെ തത്വങ്ങളെ സംരക്ഷിക്കുവാൻ ഉത്സുകരായിരിക്കുന്നതിനാലാണെന്നത്രേ. +

അപ്രധാനങ്ങളായവയെ സാരാംശങ്ങളായ സത്യങ്ങളായി കരുതിയതിൽ മാത്രമല്ല കത്തോലിക്കരുടെ തെററ്; സാരാംശങ്ങളായ സത്യങ്ങളെ സ്കൊളാസ്റ്റിക്ക തത്വശാസ്ത്രത്തിൻെറ മൃതപ്രായമായ പദങ്ങളുപയോഗിച്ചുമാത്രം പ്രഖ്യാപിക്കണമെന്നു ശഠിച്ചിരുന്നതും ഗുരുതരമായ ഒരബദ്ധമാണ്. കാരണം, അവ ഗ്രഹിക്കുവാൻ അന്നത്തെ മനുഷ്യർക്കു നന്നേ പ്രയാസമായിരുന്നു. പദങ്ങൾ

* Quoted in *A Stand on Ecumenism: the Council's Decere* p. 117.

+ *Iibid* p. 117.

ക്കം പദപ്രയോഗങ്ങൾക്കും സംഭവിച്ചുകൊണ്ടിരുന്ന അ ത്ഥവ്യത്യാസങ്ങളെ കണക്കിലെടുക്കുവാൻ, നൂതനപദ ങ്ങളിലും പ്രയോഗങ്ങളിലും സത്യങ്ങൾ വിശദീകരിക്കു വാൻ സഭ മുന്നോട്ടു വന്നില്ലെന്ന വസ്തുതയും വിഭജന ത്തിനു കാരണമായിട്ടുണ്ട്. ഇന്നും അതുതന്നെയാണ് എക്യുമേനിക്കൽ സംരംഭങ്ങളിലും സംഭാഷണങ്ങളിലും കത്തോലിക്കരെ സംബന്ധിച്ചിടത്തോളമുള്ള വലിയ ത കരാറും. തങ്ങൾ പ്രയോഗിക്കുന്ന പദങ്ങൾ തങ്ങളുടെ അകത്തോലിക്ക സഹോദരങ്ങൾ ശരിയായി ഗ്രഹിക്കു ന്നില്ല എന്ന വസ്തുത അവർ കണക്കാക്കുന്നില്ല. ഇതാ ണു മാറണമെന്നു ഡിക്രി അനുശാസിക്കുന്നതു്. ക ത്തോലിക്കതത്വങ്ങളുടെ വിശദീകരണരീതിയും പദ പ്രയോഗങ്ങളുമൊക്കെ മാറണം, അകത്തോലിക്കർക്കും സുഗ്രഹമാകത്തക്ക വിധത്തിൽ. അങ്ങനെ വരുമ്പോൾ പരസ്പരം ഗ്രഹിക്കുന്നതിനും ദിവ്യരഹസ്യങ്ങളുടെ അപ ഗ്രഥനത്തിൽ ഒന്നിച്ചു മുന്നേറുന്നതിനും ക്രിസ്ത്യാനികൾ ക്കു കഴിയും. അടിസ്ഥാനപരമായ തത്വങ്ങളിൽ ഭിന്നത കളൊന്നുംതന്നെ ഇല്ലെന്നും ക്രിസ്ത്യാനികൾക്കു മനസ്സി ലാകുന്ന സുപ്രഭാതം അകലത്തായിരിക്കുകയില്ല, പര സ്പരം ഗ്രഹിക്കുവാൻ പണ്ഡിതന്മാർ ശ്രമിച്ചാൽ. കാരണം, വി. ഗ്രന്ഥങ്ങളും ആദ്യന്തൂററാണ്ടുകളിലേ സൂ നഹദോസുകളും എല്ലാ ക്രിസ്ത്യാനികളും അംഗീകരിക്കു ന്നുണ്ടെന്നുള്ളതു തന്നെ.

## സാമൂഹിക എക്യുമെനിസം

12. ത്രിയേകദൈവത്തിലും മനുഷ്യനായി അവതരിച്ച രക്ഷകനും നാഥനുമായ ദൈവസുതനിലുമുള്ള വിശ്വാസം സകല ക്രൈസ്തവരും എല്ലാ ജാതികളുടേയും മുമ്പിൽ ഏററു പറയട്ടെ. സംഘടിതയത്നത്തിലും പരസ്പരബഹുമാനത്തിലും വഞ്ചനയ്ക്കതീതമായ നമ്മുടെ പ്രത്യാശയ്ക്ക് അവർ സാക്ഷ്യം വഹിക്കട്ടെ. സാമൂഹിക കാര്യങ്ങളിലുള്ള സഹകരണം അങ്ങേയററം ആവശ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ എല്ലാ മനുഷ്യരും പൊതു പ്രവത്തനത്തിനായി വിളിക്കപ്പെട്ടിരിക്കയാണ്. ദൈവത്തിൽ വിശ്വസിക്കുന്നവക്കും വിശിഷ്യാ, ക്രിസ്തുവിൻെറ നാമമുദ്ര വഹിക്കുന്ന സകല ക്രിസ്ത്യാനികൾക്കും എല്ലാത്തിനുമുപരി ഈ വിളി ബാധകമാണ്. സകല ക്രൈസ്തവരുടേയും സഹകരണം അവരെ പരസ്പരം യോജിപ്പിക്കുന്ന ബന്ധത്തെ ദൃഢതരമാക്കുകയും ദാസവേഷമണിഞ്ഞ ക്രിസ്തുവിൻെറ മുഖഭാവത്തെ പൂർണ്ണതയേറിയ പ്രകാശത്തിൽ പ്രതിഷ്ഠിക്കുകയുംചെയ്യുന്നു. ഇപ്രകാരമുള്ള സഹകരണം പല രാഷ്ട്രങ്ങളിലും ഉടലെടുത്തിട്ടുണ്ട്. അതു കൂടുതൽ കൂടുതൽ വളരണം, പ്രത്യേകിച്ചും, സാമൂഹികസാങ്കേതികപരിവത്തനങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ. മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെ ശരിയായി വിലയിരുത്തുന്നതിനും സമാധാനത്തിൻെറ അനുഗ്രഹം വർദ്ധിപ്പിക്കുന്നതിനും സുവിശേഷം സാമൂഹികജീവിതത്തിൽ പകർത്തിക്കാണിക്കുന്നതിനും കലകളിലും ശാസ്ത്രങ്ങളിലും ക്രൈസ്തവാത്മാവു സംവഹിക്കുന്നതിനും ക്ഷാമം, പ്രകൃതിക്ഷോഭങ്ങൾ, നിരക്ഷരത്വം, ദാരിദ്ര്യം, ഭവനരാഹിത്യം, ധനത്തിൻെറ വിതരണത്തിലുള്ള അസമത്വം മുതലായ നമ്മുടെ യുഗത്തിൻെറ ദുരിതങ്ങൾക്കെതിരെ പ്രയോഗിക്കേണ്ട എല്ലാവിധ പ്രതിവിധികൾക്കും ഉപകാരപ്രദമായിരിക്കണം ഈ സഹകരണം. ഈ സകരണത്തിലൂടെ ക്രിസ്തുവിൽ വിശ്വസിക്കുന്ന സകലർക്കും ഗ്രഹിക്കുവാൻ സാധിക്കുന്നു, എപ്രകാരം പരസ്പരം നന്നായി മനസ്സിലാക്കാമെന്നും കൂടുതൽ ബഹുമാനിക്കാമെന്നും ക്രൈസ്തവൈക്യത്തിലേക്കുള്ള മാർഗ്ഗം സുഗമമാക്കാമെന്നും.

വളരെയധികം വ്യാഖ്യാനം നല്കാവുന്ന ഒരു ഖണ്ഡികയാണിതു്. പക്ഷേ, സ്ഥലച്ചുരുക്കം പൊതുവായ

ചില സംഗതികൾമാത്രം ചൂണ്ടിക്കാണിക്കുവാനേ അനുവദിക്കുന്നുള്ളൂ. *

അഭിമുഖസംഭാഷണംകൊണ്ടു് അവസാനിക്കേണ്ട ഒന്നല്ല എക്യൂമെനിസം. എക്യൂമെനിസം ആവശ്യപ്പെടുന്ന പരസ്പരധാരണയും പരിജ്ഞാനവും സംഭാഷണങ്ങളിൽനിന്നുമാത്രം ലഭിക്കുന്നതല്ല. എക്യൂമെനിസത്തെ ജീവിതത്തിൽ പകർത്തണം നാം, അകത്തോലിക്ക സഹോദരങ്ങളോടൊത്തു ജീവിച്ചുകൊണ്ടു്. കാരണം, ക്രിസ്തുവിന്റെ രഹസ്യത്തെ സകല ജാതികളോടും പ്രസംഗിക്കുവാൻ നമ്മൾ കടപ്പെട്ടവരാണു്. ത്രിയേകദൈവത്തിലും ദൈവത്തിന്റെ മനുഷ്യാവതാരത്തിലും നിത്യജീവിതത്തിന്റെ പ്രത്യാശയിലുമുള്ള ക്രൈസ്തവവിശ്വാസങ്ങൾക്കു സാക്ഷ്യം വഹിക്കുവാൻ ക്രിസ്ത്യാനികൾക്കു കടമയുണ്ടു്. പൊതുപ്രശ്നങ്ങളുടെ മുമ്പിൽ സകല മനുഷ്യരും സംഘടിതരാകുന്ന ഈ കാലയളവിൽ സഹകരിച്ചു പ്രവർത്തിക്കുവാനും ഒന്നിച്ചുനിന്നു ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും ക്രിസ്ത്യാനികൾക്കു കടമയില്ലെന്നോ!

പ്രസംഗത്തിലൂടെയല്ല, സഹകരണത്തിലൂടെയും പരസ്പരസ്നേഹത്തിൽ അധിഷ്ഠിതമായ ക്രൈസ്തവജീവിതത്തിലൂടെയുമാണു് ഇന്നു ക്രിസ്തുവിനു സാക്ഷ്യം വഹിക്കേ

---

* സ്ഥിതിവിവരക്കണക്കുകളുംമററും ഉന്നയിച്ചുകൊണ്ടു് ഫാ. ലീമങ്ങ് ഈ ഖണ്ഡികയ്ക്കു നല്കുന്ന വ്യാഖ്യാനം ശ്രദ്ധേയമാണു്. കൂടുതൽ അറിയണമെന്നുള്ളവർ അദ്ദേഹത്തിന്റെ "The Vatican Council and Christian Unity" എന്ന ഗ്രന്ഥം നോക്കുക. p. 153-155,

ണ്ടതു്. "അയല്ക്കാർ" എന്ന പദത്തിനു് അത്ഥവ്യാപ്തി ഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. ഇന്നു് മനുഷ്യവർഗ്ഗമുഴുവനുമാണു് എൻെറ അയല്ക്കാർ. അതിനാൽ, മനുഷ്യവർഗ്ഗത്തിൻെറ നീറുന്ന പ്രശ്നങ്ങളെല്ലാം എൻേറയും പ്രശ്നങ്ങളാണു്. അവയ്ക്കു പ്രതിവിധി കണ്ടുപിടിക്കുവാൻ സകലരോടുമൊത്തു സഹകരിക്കുവാൻ ഞാനും കടപ്പെട്ടിരിക്കുന്നു. അങ്ങനെ, പൊതുപ്രശ്നങ്ങളെ നേരിടുവാൻ ലോകം ഒന്നിച്ചു മുന്നേറുമ്പോഠം ക്രൈസ്തവർമാത്രം ഭിന്നിച്ചു നിന്നാൽ അതിലപ്പുറം ഉതപ്പു വേറെന്താണു്! മാത്രമല്ല, പൊതുപ്രശ്നങ്ങളെ നേരിടുവാൻ ഒന്നിച്ചു പ്രവത്തിക്കുമ്പോഠം ക്രിസ്ത്യാനികഠം തങ്ങളെത്തന്നെ തിരിച്ചറിയുകയും തങ്ങളുടെ സാഹോദര്യബന്ധം ലോകത്തെ അറിയിക്കുകയും ചെയ്യും. അങ്ങനെ, എക്യുമെനിസത്തിൻെറ ജീവിതത്തെയാണു് ഈ ഖണ്ഡിക വ്യക്തമാക്കുന്നതു്. നീറുന്ന പ്രശ്നങ്ങളുടെ മുമ്പിൽ കുടുംബാംഗങ്ങളെല്ലാം ഏതു പ്രകാരം ഒന്നിക്കുന്നുവോ അപ്രകാരം കഴിഞ്ഞതെല്ലാം മറന്നുകൊണ്ടു സഹകരണത്തിൻെറ സജീവതടത്തിലേക്കു സകലരും ഓടി എത്തണം. അപ്പോഠം ക്രിസ്തുമതം പുനഃസ്ഥാപിതമാകും. ഉന്നതങ്ങളിൽ ഉയർന്നുശോഭിക്കുന്ന പ്രസ്തുത ദീപസ്തംഭത്തെ നോക്കിക്കൊണ്ടു നിത്യരക്ഷയിലേക്കു നടന്നടുക്കുന്നവരുടെ സംഖ്യ അന്നു മനുഷ്യവർഗ്ഗത്തോളം വലുതായിരിക്കും.

## മൂന്നാമദ്ധ്യായം

### റോമൻ അപ്പസ്തോലികസിംഹാസനത്തിൽനിന്നു വേർപെട്ടു നില്ക്കുന്ന സഭകളും സഭാസമൂഹങ്ങളും

ഡിക്രിയുടെ നേർപകുതി ഉൾക്കൊള്ളുന്ന അവസാനാദ്ധ്യായമാണിതു്. ഒരുവിധത്തിൽ നോക്കിയാൽ രണ്ടാമദ്ധ്യായത്തിൻെറ ഒരു വിപുലീകരണമാണിതെന്നു പറയാം. കാരണം, രണ്ടാമദ്ധ്യായത്തിൻെറ പ്രധാന ആശയമായ എക്യുമേനിക്കൽ ഡയലോഗിനുള്ള അടിസ്ഥാനം വിശദീകരിക്കുകയാണു് ഇവിടെ. അകത്തോലിക്കലോകത്തെ രണ്ടു വ്യക്തമായ വിഭാഗങ്ങളിലാക്കി അവയിലോരോന്നിലും നന്നാലു് അടിസ്ഥാനതത്വങ്ങൾവീതം ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആദ്യത്തെ ഖണ്ഡികയെ ആമുഖമായി കരുതണം; കാരണം, ക്രൈസ്തവലോകത്തിൻെറ വിഭജനത്തെ പരാമർശിക്കുന്നതാണിതു്. തുടർന്നുള്ള അഞ്ചു ഖണ്ഡികകളിലായി കിഴക്കൻസഭകളുടെ പ്രത്യേകതകൾ വിശദീകരിച്ചിരിക്കുന്നു. അടുത്ത അഞ്ചു ഖണ്ഡികകളിൽ പ്രോട്ടസ്റ്റൻറുസഭകളുടേയും സമൂഹങ്ങളുടേയും പ്രത്യേകതകൾ സ്പഷ്ടമാക്കുകയാണു്. ഇരുപത്തിനാലാമത്തെ ഖണ്ഡിക കത്തോലിക്കസഭയുടെ അഭിലാഷം വ്യക്തമാക്കിക്കൊണ്ടുള്ള ഉപസംഹാരമാണു്.

റോമാസഭയെ കേന്ദ്രമാക്കിയുള്ള ഒരു വിശകലനമാണു മററു സഭകൾക്കു ലഭിച്ചിട്ടുള്ളതെന്നൊരപവാദം

പൊങ്ങുകയുണ്ടായി, ഈ അധ്യായത്തിൻെറ വോട്ടെടുപ്പു പൂർത്തിയായപ്പോൾ. ശരിയാണു്, അകത്തോലിക്കരുടെ വീക്ഷണത്തിൽ ഇതല്പം പ്രയാസകരമായി അനുഭവപ്പെട്ടേക്കാം. പക്ഷേ, ഈ ഡിക്രി കത്തോലിക്കർക്കു വേണ്ടിയുള്ളതാണെന്നും കത്തോലിക്കരുടെ എക്യുമേനിക്കൽ പ്രവർത്തനങ്ങളെ നയിക്കുവാനുള്ളതാണെന്നും സ്മരിക്കുന്നവർക്കു് ഈ പ്രയാസം ഉണ്ടാവില്ല. തന്നെയുമല്ല, എക്യുമേനിക്കൽ അഭിമുഖസംഭാഷണങ്ങൾക്കു് അടിത്തറ പാകത്തക്ക സത്യങ്ങളാണു് ഇവിടെ വിശദമാക്കിയിരിക്കുന്നതെന്നും ഓർക്കണം. അതിനാലാണു്, റോമാ സഭയ്ക്കും ഇതരസഭകൾക്കും പൊതുവായുള്ള തത്വങ്ങൾമാത്രം എടുത്തു കാട്ടിക്കൊണ്ടു ഡിക്രി വിരമിക്കുന്നതു്. ഈ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണു് ഏതു് അഭിമുഖസംഭാഷണവും. പക്ഷേ, ക്രൈസ്തവസഭകളുടെ കേന്ദ്രം റോമാ സഭയാണെന്ന വിവക്ഷ ഡിക്രിയിലെങ്ങുമില്ല. ക്രൈസ്തവലോകത്തിൻെറ കേന്ദ്രം ക്രിസ്തുവാണു്, അല്ലാതെ സഭകളല്ല. അതുകൊണ്ടു്, അഭിമുഖ സംഭാഷണങ്ങളിൽ സമത്വം നഷ്ടപ്പെടുമെന്നു് ആരും ഭയപ്പെടേണ്ടതില്ല. എല്ലാസഭകൾക്കും സമത്വസുന്ദരമായ അഭിമുഖസംഭാഷണത്തിൽ ഹൃദയം തുറന്നു സംബന്ധിക്കുവാൻ കഴിയണമെന്നതാണു കത്തോലിക്കാസഭയുടെ അഭിലാഷം.

## ആമുഖം: രണ്ടു വലിയ വിഭജനങ്ങൾ

13. ക്രിസ്തുവിൻെറ തുന്നലില്ലാത്ത മേലങ്കിയെ ബാധിക്കുന്ന കീറലുകളിൽ പ്രധാനപ്പെട്ട രണ്ടെണ്ണത്തിലേക്കു നമുക്കു ശ്രദ്ധ തിരിക്കാം.

ഇവയിൽ ആദ്യത്തെ വിഭജനങ്ങൾ കിഴക്കാണു സംഭവിച്ചതു്. എഫേസൂസ്, കാൽസിഡൺ സൂനഹദോസുകളുടെ വിശ്വാസപ്രമാണങ്ങൾ വെല്ലുവിളിക്കപ്പെട്ടപ്പോഴും പില്ക്കാലത്തു്, കിഴക്കൻപാത്രിയാർക്കൽസ്ഥാനങ്ങളും റോമാസിംഹാസനവുമായുണ്ടായിരുന്ന സഭാപരമായ ഭാഗഭാഗിത്വം വിച്ഛേദിക്കപ്പെട്ടപ്പോഴും.

മററു വിഭജനങ്ങൾ നാലുനൂററാണ്ടുകൾക്കുശേഷം പടിഞ്ഞാറ് ഉടലെടുത്തവയാണ്, നവീകരണം എന്ന നാമത്താൽ സാധാരണ വിളിക്കപ്പെടുന്ന സംഭവപരമ്പരകളിനിന്നു്. അവിടെനിന്നും ദേശീയാടിസ്ഥാനത്തിലോ വിശ്വാസാചാരങ്ങളുടെ അടിസ്ഥാനത്തിലോ നിരവധി സമൂഹങ്ങൾ റോമാസിംഹാസനത്തിൽനിന്നു പിരിഞ്ഞുപോവുകയുണ്ടായി. ഈ സമൂഹങ്ങളിൽ കത്തോലിക്കപാരമ്പര്യങ്ങളും നിയമാനുഷ്ഠാനങ്ങളും ഭാഗികമാണെങ്കിലും നിലനില്ക്കുന്നുണ്ടു്; ഇവയിൽ ഒരു പ്രത്യേകസ്ഥാനമുണ്ടു് ആംഗ്ലിക്കൻ സഭയ്ക്കു്.

ഈ വിവിധവിഭജനങ്ങൾ അവകളിൽത്തന്നെ വളരെ വിഭിന്നമയാണു നില്ക്കുന്നതു്; ഉത്ഭവം, സ്ഥലം, കാലം മുതലായ കാര്യങ്ങളിൽ മാത്രമല്ല, സഭയുടെ ഘടന, വിശ്വാസം എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങളുടെ പ്രകൃതിയിലും പ്രാധാന്യത്തിലും.

അതുകൊണ്ടു്, വിവിധ ക്രൈസ്തവസമൂഹങ്ങളുടെ ഭിന്നനിലകളെ നിസ്സാരങ്ങളായി കരുതാതെയും ഭിന്നിച്ചുനില്ക്കുന്നവയെങ്കിലും അവയിൽ അവശേഷിക്കുന്ന ബന്ധത്തെ അവഗണിക്കാതെയും വിവേകപൂർവ്വകമായ എക്യുമേനിക്കൽ പ്രവത്തനത്തിൻെറ പരിഗണനയ്ക്കായി താഴെവരുന്ന കാര്യങ്ങൾ നിരത്തിവയ്ക്കുവാൻ ഈ വിശുദ്ധ സിനഡ് നിശ്ചയിക്കുന്നു.

മൂന്നു വസ്തുതകളാണ് ഈ ആമുഖത്തിൽ ഡിക്രി

വ്യക്തമാക്കുന്നതു്: 1) പ്രതിപാദനവിഷയം വലിയ സഭാവിഭജനങ്ങളാണു്. 2) അതും, ഇന്നു ജീവിച്ചിരിക്കുന്ന വിഭജനങ്ങൾമാത്രം. 3) പ്രതിപാദനോദ്ദേശ്യം, കത്തോലിക്കരുടെ എക്യുമേനിക്കൽ പ്രവർത്തനങ്ങൾക്കു മാർഗ്ഗദർശനം നല്കുകയെന്നതും.

കിഴക്കൻസഭയിൽ നിരവധി വിഭജനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു നാം കണ്ടുകഴിഞ്ഞു. അവയിൽ ഇന്നും നിലനില്ക്കുന്ന വിഭജനങ്ങളിൽ പ്രധാനപ്പെട്ടവ നെസ്തോറിയനിസവും മോണോഫീസിററിസവും ഗ്രീക്കുസിസവുമത്രേ. അതിനുശേഷം പടിഞ്ഞാറൻസഭയിൽ നടന്ന മതനവീകരണവും തൽഫലമായി ജന്മംകൊണ്ട നവീകരണസഭകളും സമൂഹങ്ങളുമാണു തുടർന്നുള്ള പ്രതിപാദ്യം. ഇവയുടെ എണ്ണം രണ്ടായിരത്തിനു മേലാണെന്നു നാം കണ്ടു. പക്ഷേ, ഇവയെല്ലാം ചില ക്രൈസ്തവമൂല്യങ്ങളെ പരിരക്ഷിക്കുന്നതിൽ അതീവ ശ്രദ്ധാലുക്കളാണെന്നും ചരിത്രം വ്യക്തമാക്കുന്നുണ്ടു്. ഇവയുമായി അഭിമുഖസംഭാഷണം നടത്തുമ്പോൾ കത്തോലിക്കർ ശ്രദ്ധിക്കേണ്ട രണ്ടു കാര്യങ്ങളുണ്ടു്: സഭകൾ തമ്മിലുള്ള ഭിന്നതകൾ നിസ്സാരമാക്കി തള്ളിക്കളയരുതു്; അവ തമ്മിലുള്ള ബന്ധത്തെ അവഗണിക്കുവാനും പാടില്ല. അങ്ങനെ, ബോധപൂർവ്വകമായ ഒരു ഐക്യുമെനിസമാണു കത്തോലിക്കർക്കു നടത്താനുള്ളതു്.

## 1 പൗരസ്ത്യസഭകളുടെ പ്രത്യേകപദവി

14. വളരെ നൂററാണ്ടുകളായി പരസ്ത്യപാശ്ചാത്യസഭകൾ അവരവർക്കു സ്വന്തമായ മാർഗ്ഗങ്ങളിലൂടെയാണു ഗമിച്ചിരുന്നതെങ്കിലും വിശ്വാസത്തിലും കൗദാശികജീവിതത്തിലും ഭ്രാതൃസഹജമായ ഐക്യം പുലർത്തിയിരുന്നു. ഇവ തമ്മിൽ വിശ്വാസപരമോ ഭരണപരമോ ആയ ഭിന്നതകൾ ഉടലെടുത്തപ്പോഴെല്ലാം പൊതുസമ്മതത്താലെ റോമാസിംഹാസനം നിയന്താവായി വർത്തിച്ചിരുന്നു. മററുപ്രധാനസംഗതികളുടെ കൂട്ടത്തിൽ, കിഴക്കു നിരവധി പ്രാദേശികസഭകൾ വളരുന്നുണ്ടെന്നും ഇവയിൽ പ്രഥമസ്ഥാനം പേട്രിയാർക്കൽ സഭകൾക്കാണെന്നും ഇവയിൽ പലതും ശ്ലീഹന്മാരിൽനിന്നുതന്നെ അസ്തിത്വം സ്വീകരിച്ചതിൽ അഭിമാനം കൊള്ളുന്നവയാണെന്നും മററുമുള്ള വസ്തുതകൾ സകലരേയും അനുസ്മരിപ്പിക്കുവാൻ ഈ വിശുദ്ധ സൂനഹദോസിനു സന്തോഷമുണ്ട്. പ്രാദേശികസഭകളിൽ സഹോദരികളിലെന്നോണം വളരേണ്ട വിശ്വാസത്തിൻേറയും സ്നേഹത്തിൻേറയും ഐക്യത്തിലുള്ള സാഹോദര്യത്തിൻെറ ആവശ്യകതയിലാണു കിഴക്കൻസഭകളുടെ ഉൽക്കണ്ഠയും താത്പര്യവും പ്രാബല്യപ്പെട്ടതും ഇന്നും പ്രാബല്യത്തിലിരിക്കുന്നതും.

അതുപോലെ, ആരംഭംമുതൽതന്നെ കിഴക്കൻസഭകൾക്ക് ഒരു കലവറയുണ്ടായിരുന്നെന്നും അതിൽനിന്ന് ആരാധനക്രമപരമായും ആധ്യാത്മികജീവിതപാരമ്പര്യത്തിലും നിയമതലത്തിലും പടിഞ്ഞാറൻസഭ വളരെയധികം സ്വീകരിച്ചിട്ടുണ്ടെന്നും മറക്കാവതല്ല. ത്രിത്വത്തേയും കന്യകാമറിയത്തിൽനിന്നും ശരീരം സ്വീകരിച്ച ദൈവവചനത്തേയും പററിയുള്ള ക്രൈസ്തവവിശ്വാസത്തിൻെറ അടിസ്ഥാന സത്യങ്ങൾ അധ്യവസാനം ചെയ്തതു കിഴക്കു സമ്മേളിച്ച സാർവ്വത്രികസൂനഹദോസുകളാണെന്ന വസ്തുതയും നിസ്സാരമായി കരുതാവുന്നതല്ല. ഈ വിശ്വാസം സംരക്ഷിക്കുവാൻ വളരെയധികം സഹിച്ചിട്ടുണ്ട്, സഹിക്കുകയുമാണ് ഈ സഭകൾ.

എന്നിരുന്നാലും, അപ്പസ്തോലന്മാർ നല്കിയ പിതൃസ്വത്തു

വിഭിന്നവിധത്തിലും രൂപത്തിലുമാണു സ്വീകരിക്കപ്പെട്ടതു്. അതിനാൽ, സഭയുടെ ആരംഭകാലംമുതൽതന്നെ മേധാശക്തിയുടേയും ജീവിതപരിത:സ്ഥിതികളുടേയും ഭിന്നതയ്ക്കൊത്തവണ്ണം വിവിധരീതിയിലാണു് അതു വിവരിക്കപ്പെട്ടു തുടങ്ങിയതു്. ബാഹ്യകാരണങ്ങൾക്കുപുറമേ, പരസ്പരധാരണയുടേയും സ്നേഹത്തിൻേറയും ന്യൂനതയാൽ ഇവയെല്ലാം വിഭജനത്തിനു വഴി തെളിച്ചു.

ഇക്കാരണത്താൽ, കിഴക്കൻസഭകളുടെ ഉത്ഭവത്തിലും വളർച്ചയിലുമുള്ള പ്രത്യേകതയേയും വിഭജനത്തിനുമുമ്പു് അവയ്ക്കു റോമാസിംഹാസനവുമായി ഉണ്ടായിരുന്ന ബന്ധത്തിൻേറ പ്രകൃതിയേയും വേണ്ടവണ്ണം പരിഗണിക്കുവാൻ എല്ലാവരേയും പ്രത്യേകിച്ചു്, കിഴക്കൻസഭകളും കത്തോലിക്കസഭയും തമ്മിലുള്ള പരിപൂർണ്ണവും അഭിഷിക്തവുമായ ഐക്യം സ്ഥാപിക്കുന്നതിൽ തങ്ങളേത്തന്നെ സമർപ്പിച്ചിട്ടുള്ളവരേയും ഉപദേശിക്കുകയാണു്, ഈ വിശുദ്ധ സൂനഹദോസ്. ഇവയെല്ലാം ശരിക്കു സൂക്ഷിച്ചാൽ നമ്മൾ വിഭാവനംചെയ്യുന്ന ഡയലോഗിനു് ഇവ വളരെ ഗുണപ്രദമായിരിക്കും.

സുവിശേഷസത്യങ്ങൾ അപ്പസ്തോലന്മാർവഴി പലവിധത്തിലാണു് ഓരോ കേന്ദ്രങ്ങൾക്കും ലഭിച്ചതെന്ന ചരിത്രയാഥാർത്ഥ്യത്തെ സഭാവിഭജനത്തിൻേറയും ഭിന്നതകളുടേയും ആന്തരികകാരണമായി ഡിക്രി ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ വിവിധരൂപത്തിൽ ലഭിച്ച വിശ്വാസസത്യങ്ങളെ ഓരോ സഭാസമൂഹവും സ്വന്തം പന്ഥാവിലൂടെ വളർത്തിയെടുത്തു. അതിനാൽ, വിശ്വാസവിഷയങ്ങളുടെ വിശദീകരണത്തിലും ആരാധനക്രമങ്ങളിലും കിഴിക്കും പടിഞ്ഞാറും വിഭിന്നരായി. എങ്കിലും സഹോദരബന്ധം അവരുടെ ഇടയിൽ പ്രബലപ്പെട്ടിരുന്നു. മാത്രമല്ല, വിവാദവിഷയങ്ങളിൽ അന്ത്യതീരുമാനം കൈക്കൊള്ളുവാനുള്ള അധികാരവും അവകാശ

വും റോമാസിംഹാസനത്തിനു നല്കിയിരുന്നു. ഈ സത്യം വ്യക്തമാക്കുന്നിടത്തു് "പൊതുസമ്മതത്താലാ (by Common consent)"ണു് പരമാധികാരം നല്കപ്പെട്ടിരിക്കുന്നതെന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. "പൊതുസമ്മതം"കൊണ്ടാണു റോമാസഭയ്ക്കു നേതൃത്വം ലഭിച്ചതെന്നല്ല ഡിക്രി അർത്ഥമാക്കുക. പിന്നെയോ, അന്നു് എല്ലാവരും റോമാസിംഹാസനത്തിന്റെ നേതൃത്വം അംഗീകരിച്ചിരുന്നു എന്ന ചരിത്രവസ്തുത വ്യക്തമാക്കുക മാത്രമാണു് ഈ പ്രയോഗംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതെന്നു കാർഡിനൽ ജെഗർ അഭിപ്രായപ്പെടുന്നു. * ഐക്യസെക്രട്ടേറിയററിലും ഡിക്രിയുടെ രൂപവല്ക്കരണത്തിലും ഒരു നല്ല പങ്കു വഹിച്ച അദ്ദേഹത്തിന്റെ അഭിപ്രായം കണക്കിലെടുക്കേണ്ടതാണു്. മാത്രമല്ല, റോമാസിംഹാസനത്തിന്റെ പരമാധികാരം ചോദ്യംചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു വസ്തുതയാണെന്നു ചരിത്രം തെളിക്കുന്നുണ്ടു്.

കിഴക്കൻസഭകളുടെ പ്രത്യേകതകളെ പ്രത്യേകം പരിഗണിക്കേണ്ടതു് എക്യുമെനിസത്തിന്റെ കടമയാണെന്നു വ്യക്തമാക്കിക്കൊണ്ടു് അടിസ്ഥാനപരമായ ചില പ്രത്യേകതകൾ എടുത്തു കാട്ടുകയാണു്, ഡിക്രി ഇവിടെ. ഒന്നാമതു്, കിഴക്കൻസഭകൾ സ്വവിശേഷസത്യങ്ങളുടെ ഒരു കലവറയാണു്. മാത്രമല്ല, ക്രിസ്തുമത

---

* "A Stand on Ecumenism: The Council's Decree", p. 133.

ത്തിൻെറ അടിസ്ഥാനപരമായ സത്യങ്ങളെല്ലാം അധ്യവസാനം ചെയ്തു കിഴക്കു സമ്മേളിച്ച സാർവ്വത്രികസൂനഹദോസുകളാണു്. വിശ്വാസത്തിൻെറ ഈ ഭണ്ഡാഗാരം സംരക്ഷിക്കുവാൻ കിഴക്കൻസഭകൾ സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളേയും അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളേയും അങ്ങേയററം പ്രകീർത്തിക്കുകയാണു്, ഡിക്രി. വിശ്വസ്തമായി കിഴക്കൻസഭ സംരക്ഷിച്ച ഈ കലവറയിൽനിന്നു വളരെയധികം സ്വീകരിച്ചിട്ടുണ്ടു് പടിഞ്ഞാറൻസഭ, തൻെറ ആരാധനാപരവും ഭരണപരവുമായ ജീവിതത്തെ പരിപൂർണ്ണമാക്കുവാൻ. രണ്ടാമതായി, കിഴക്കൻസഭകളുടെ പ്രാദേശികസ്വഭാവത്തെയാണു പരിഗണിച്ചിരിക്കുന്നതു്. ഇന്നു കിഴക്കൻസഭ അനേകം സ്വതന്ത്ര പ്രാദേശികസഭകളായി പിരിഞ്ഞിരിക്കുകയാണു്. ഇവയിൽ പലതിനും സ്ഥാപകരായി അപ്പസ്തോലന്മാർതന്നെയുണ്ടു്. ഇവയിലെല്ലാം പ്രാധാന്യമർഹിക്കുന്ന സഭകൾ പേട്രിയാർക്കൽ സഭകളാണെന്നു വ്യക്തമാക്കുവാനും ഡിക്രി മറന്നിട്ടില്ല. പക്ഷേ, മററുസഭകളെ പേട്രിയാർക്കൽസഭകളുടെ മക്കളായല്ല കണക്കാക്കിയിരിക്കുന്നതു്. പിന്നെയോ, കിഴക്കൻസഭകളെല്ലാം സഹോദരസഭകളാണെന്നത്രേ പരിഗണന. അതായതു്, അവയോരോന്നിനും റോമാസഭയോടു തുല്യമായ ബന്ധമുണ്ടു്. എല്ലാം സഹോദരസഭകളാണു്, ഭിന്നതകൾ ഉണ്ടെങ്കിലും.

ഓരോസഭയ്ക്കും സ്വന്തമായുള്ള വ്യത്യാസങ്ങളെ നശിപ്പിച്ചു് ഐകരൂപ്യം സ്ഥാപിക്കുകയല്ല റോമാസഭയുടെ

പരമാധികാരത്തിൻെറ ലക്ഷ്യമെന്നു പാപ്പാമാർ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. വിശ്വാസത്തിൻെറ പവിത്രതയെ കാത്തുസൂക്ഷിക്കുക, വിശ്വാസികൾ അബദ്ധത്തിൽ അടിതെററി വീഴാതിരിക്കുവാൻ സൂക്ഷിക്കുക, സ്നേഹത്തിൻെറ മർമ്മരതയിൽ സകലരേയും ഒന്നിപ്പിക്കുക മുതലായ കടമകളാണു പത്രോസിൻെറ പിൻഗാമിയെന്ന നിലയിൽ റോമാമാർപ്പാപ്പായ്ക്കുള്ളത്. റോമാസിംഹാസനത്തിൻെറ പരമാധികാരം അടങ്ങിയിരിക്കുന്നത് ഇവയിലാണ്. അല്ലാതെ സകല ക്രൈസ്തവസഭകളേയും അടക്കിഭരിക്കുന്ന ഒരു ഏകാധിപതിയായല്ല റോമാമാർപ്പാപ്പായെ കണക്കാക്കേണ്ടത്. വിശ്വാസവിഷയങ്ങൾ വിവാദപരമായാൽ വിധിപറയേണ്ട കടമയാണ് എല്ലാത്തിലുമുപരിയായി റോമാസിംഹാസനത്തിനുള്ളത്.

## പൗരസ്ത്യസഭകളുടെ ആരാധനാപരവും ആധ്യാത്മികവുമായ പാരമ്പര്യം

15. എന്തുമാത്രം സ്നേഹത്തോടുകൂടിയാണു വിശുദ്ധമായ ആരാധനക്രമം, പ്രത്യേകിച്ചും സഭയുടെ ജീവൻെറ ഉറവിടവും ഭാവിമഹത്വത്തിൻെറ അടയാളവുമായ ദിവ്യകാരുണ്യരഹസ്യം, പൗരസ്ത്യക്രിസ്ത്യാനികൾ അനുഷ്ഠിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. ഇതുവഴി വിശ്വാസികൾ, മെത്രാന്മാരോടു യോജിച്ചുകൊണ്ട്, പരിശുദ്ധാത്മാവിൻെറ ബഹിർഗമനത്തിൽ മാംസം ധരിക്കുകയും, സഹിക്കുകയും മഹത്വീകൃതനാവുകയുംചെയ്ത വചനമായ പുത്രനിലൂടെ പിതാവായ ദൈവത്തോടു രമ്യതപ്പെട്ടിരിക്കുന്നു. "ദൈവസ്വഭാവത്തിൽ പങ്കുകാരാ (2. പത്രോ. 1: 14)"യിക്കൊണ്ട് അവർ പരിശുദ്ധ ത്രിത്വവുമായി ഐക്യം പ്രാപിക്കുന്നു. അങ്ങനെ, ഓരോ പള്ളിയിലും അർപ്പിക്കപ്പെടുന്ന കർത്താവിൻെറ

ദിവ്യകാരുണ്യംവഴി ദൈവത്തിന്റെ സഭ പണിയപ്പെട്ടുകയും വളരുകയും ചെയ്യുന്നു.* സമൂഹാർപ്പണംവഴി (Through Concelebration) അവരുടെ ഐക്യം വ്യക്തമാക്കുകയും ചെയ്യുന്നു.

ഈ ആരാധനക്രമാനുഷ്ഠാനത്തിലൂടെ പൗരസ്ത്യർ സുന്ദരഗാനങ്ങളാൽ നിത്യകന്യകയായ മറിയത്തെ, വിശുദ്ധ ലിഖിതങ്ങളനുസരിച്ചു ക്രിസ്തുവിനെ യഥാർത്ഥ ദൈവപുത്രനും മനുഷ്യപുത്രനുമായി അംഗീകരിക്കുവാൻവേണ്ടി എഫേസൂസ് സൂനഹദോസ് അത്യാഡംബരപൂർവ്വം പ്രഖ്യാപിച്ച ദൈവത്തിന്റെ മാതാവിനെ, സ്തുതിക്കുന്നു. സാർവ്വത്രികസഭയുടെ പിതാക്കന്മാരുൾപ്പെടെ അനേകം വിശുദ്ധരേയും ഇവർ സ്തുതിക്കുന്നുണ്ട്.

ഈ സഭകൾ നമ്മിൽനിന്നു വേർപ്പെട്ടു നില്ക്കുന്നെങ്കിലും ശരിയായ കൂദാശകൾ ഇവർക്കുണ്ട്; സർവ്വോപരി, അപ്പസ്തോലന്മാരുടെ പിൻതുടർച്ചവഴിയുള്ള പൗരോഹിത്യവും ദിവ്യകാരുണ്യവും ഇവർക്കുണ്ട്. ഇവ വഴി ഇവർ നമ്മോടു ഗാഢമായ ബന്ധം പുലത്തുന്നു. അതുകൊണ്ട്, അനുകൂലസാഹചര്യങ്ങളിൽ സഭാധികാരികളുടെ അനുവാദത്തോടുകൂടി വിശുദ്ധ വസ്തുക്കളിലുള്ള ചില ഭാഗഭാഗിത്വം ഇവരുമായി സാദ്ധ്യമാണെന്നു മാത്രമല്ല പ്രോത്സാഹനാർവുമാണ്.

ആശ്രമജീവിതത്തിൽ പ്രത്യേകിച്ചും പ്രഫുല്ലമായി കാണുന്ന ആദ്ധ്യാത്മികപാരമ്പര്യത്തിന്റെ കലവറയും കിഴക്കാണു കാണപ്പെടുന്നതു്. വിശുദ്ധ പിതാക്കന്മാരുടെ പ്രതാപകാലംമുതൽ അവിടെ ആശ്രമാദ്ധ്യാത്മികത്വം പ്രഫുല്ലമായി; അവിടെനിന്നും പടിഞ്ഞാറൻദേശങ്ങളിലേക്കു് അതു വ്യാപിച്ചു, ലത്തീൻസഭയിലെ സന്യാസസ്ഥാപനങ്ങൾ തങ്ങളുടെ ഉറവിടം ഇതിൽ നിന്നു് സ്വീകരിക്കുകയും നവചൈതന്യം പകർന്നെടുക്കുകയും ചെയ്തു. അതുകൊണ്ട്, മനുഷ്യനെ മുഴുവനായി ദിവ്യകാര്യങ്ങളെപ്പററിയുള്ള ധ്യാനത്തിലേക്കുയത്തുന്ന കിഴക്കൻ പിതാക്കന്മാരുടെ ഈ ആദ്ധ്യാത്മികസമ്പത്തുമായി കൂടുതൽ ബന്ധം പുലർത്തുവാൻ കത്തോലിക്കരെ അങ്ങേയററം പ്രോത്സാഹിപ്പിക്കുകയാണ്.

ആരാധനക്രമപരവും ആദ്ധ്യാത്മികവുമായ പൗരസ്ത്യരുടെ

---

* cf. വി. ജോൺ ക്രിസോസ്റ്റോം, In Joannem Homilia XLVI, PG 59, 160-262.

പ്രചുരമായ പിതൃസ്വത്തു സകലരും അറിയണം, ആദരിക്കണം, കാത്തുസൂക്ഷിക്കണം, വളർത്തണം. ക്രൈസ്തവപാരമ്പര്യത്തിന്റെ പൂർണ്ണതയെ വിശ്വസ്തതാപൂർവ്വം സംരക്ഷിക്കുന്നതിനും പാശ്ചാത്യപൗരസ്ത്യക്രിസ്ത്യാനികളുടെ പുനരൈക്യം സാധിക്കുന്നതിനും ഇതു് ഏററം പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നു് എല്ലാവരും മനസ്സിലാക്കണം.

സഭയുടെ കൗദാശികസ്വഭാവത്തെപ്പററിയുള്ള പ്രതിപാദനം ശരിക്കു ഗ്രഹിക്കുവാൻ സഭയെപ്പററിയുള്ള കോൺസ്റ്റിററ്യൂഷന്റെ മൂന്നാമദ്ധ്യായം വായിക്കേണ്ടതാണു്. കൂദാശകൾ സഭയുടെ സത്താപരമായ ഘടകങ്ങളിൽ ഉൾപ്പെട്ടുന്നെന്നും സഭാജീവിതത്തിന്റെ ഉറവിടവും ഭാവിമഹത്വത്തിന്റെ അടയാളവും ദിവ്യകാരുണ്യമെന്ന കൂദാശയാണെന്നും ഡിക്രി വ്യക്തമാക്കുന്നുണ്ടു്. മാത്രമല്ല, ചില പിതാക്കന്മാരുടെ എതിർപ്പിനെ വകവയ്ക്കാതെതന്നെ, ദിവ്യകാരുണ്യമാണു സഭയെ പടുത്തുയർത്തുന്നതെന്നും സഭയുടെ ഐക്യം പ്രസ്പഷ്ടമാക്കുന്നതെന്നും ഡിക്രി വിശദീകരിച്ചിരിക്കുന്നു. പക്ഷേ, ദിവ്യകാരുണ്യംമാത്രമാണു സഭയെ കെട്ടിപ്പടുക്കുന്നതു് എന്നു വിവക്ഷയില്ല. ആരാധനക്രമവും ദിവ്യകാരുണ്യാനുഷ്ഠാനവും ഭയഭക്തിപുരസ്സരം തുടർന്നുകൊണ്ടിരിക്കുന്ന കിഴക്കൻസഭകളെ സംബന്ധിച്ചിടത്തോളം ഇതു പരമാർത്ഥമാണു്. കിഴക്കൻസഭകളെ ഐക്യത്തിൽ നിർത്തുന്ന ഒരത്ഭുതമാണിതു്. നിരവധി പ്രാദേശികസഭകളായി പിരിഞ്ഞിരിക്കുകയാണെങ്കിലും ആരാധനക്രമത്തിൽ കിഴക്കർ ഇപ്പോഴും ഒന്നാണു്, ഐക്യമുള്ളവരാണു്.

മാത്രമല്ല, കൗദാശികജീവിതത്തിൽ റോമാസഭയും കിഴക്കൻസഭകളും ഐക്യത്തിലാണെന്നും വിശുദ്ധ

വസ്തുക്കളിലുള്ള പരസ്പരഭാഗഭാഗിത്വം ഇവരുടെ ഇടയിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നുമത്രേ ഡിക്രി അനുശാസിക്കുന്നതു്. കാരണം, റോമാസഭയിൽപ്പെടുന്നവരുമുണ്ടു്, കിഴക്കൻസഭകളുടെ ആരാധനക്രമം അതുപടി പിൻചെല്ലുന്നവരിൽ. ഇവരെ കിഴക്കൻ കത്തോലിക്കരെന്നത്രേ സംബോധനചെയ്യുക. എട്ടുകോടിയോളം * വരുന്ന ഈ കത്തോലിക്കർക്കു മററു കിഴക്കൻ സഭകളുമായി (ഓർത്തഡോക്സുകാരുമായി) പറയത്തക്ക വ്യത്യാസമൊന്നുമില്ല.

ആരാധനക്രമത്തിൽ ഇരുസ്സഭകൾക്കുമുള്ള ബന്ധത്തെപ്പററി ചിന്തിച്ചാൽ, റോമാസഭയുടെ ലത്തീൻ ആരാധനക്രമത്തിലിന്നുള്ള പലതും ഗ്രീക്കു് ആരാധനക്രമത്തിൽനിന്നു കടമെടുത്തിട്ടുള്ളതാണെന്നു കാണാം, ചരിത്രം ശരിക്കു പഠിച്ചാൽ. ക്രിസ്തുനാഥൻെറ ജീവിതത്തിലെ പ്രധാനസംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന തിരു

---

* ഈജിപ്തു്, സിറിയ, ഇറാക്കു്, ലബനോൻ, ബൾഗേറിയ, ടർക്കി, പാലസ്റ്റയിൻ, റുമേനിയ, റഷ്യ, പോളണ്ടു്, യുഗോസ്ലാവിയാ, ഗലേഷ്യ, ഇന്ത്യ, വടക്കേ അമേരിക്ക എന്നിവിടങ്ങളിലാണു കിഴക്കൻസഭകളിൽ ഉൾപ്പെടുന്ന ഈ കത്തോലിക്കർ അധിവസിക്കുന്നതു്, പ്രധാനമായി. ഇവരുടെ വേർപിരിഞ്ഞുള്ള അസ്തിത്വം നാമമാത്രമാണെന്നും കിഴക്കൻസഭകൾ റോമാസഭയുമായി ഐക്യപ്പെടുന്ന ക്ഷണത്തിൽ ഇവർ അപ്രത്യക്ഷരാകുമെന്നും കിഴക്കൻകത്തോലിക്കരുടെ നേതാവെന്നു കരുതാവുന്ന പേട്രിയർക്കു മാക്സിമോസു് പ്രസ്താവിച്ചിട്ടുണ്ടു് (*The Vatican Council and Christian Unity, p. 166*). കിഴക്കൻസഭകളെ റോമാസഭയുമായി ഐക്യത്തിലെത്തിക്കുവാനുള്ള ഒരു പാലമാണു്, മാഗ്മാണു്, കിഴക്കൻ കത്തോലിക്കസഭകൾ അല്ലെങ്കിൽ റീത്തുകൾ.

നാളുകളും വിശുദ്ധ ഗ്രന്ഥത്തിൽനിന്നു് അവസരോചിതമായ ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ള ദിവ്യബലിയുടെ അർപ്പണത്തോടുകൂടിയ അവയുടെ ആചരണങ്ങളും നോമ്പുനോക്കലുമെല്ലാം മെല്ലാമുള്ള ലിററർജിക്കൽ പഞ്ചാംഗത്തിൻെറ ഉത്ഭവം നാലാംനൂററാണ്ടിൽ ജറൂസലേമിലാണെന്നത്രേ പണ്ഡിതന്മാരുടെ അഭിപ്രായം. ആ പഞ്ചാംഗത്തിൻെറ ഒരു നവീനപതിപ്പാണെന്നു പറയാം ലത്തിൻ ആരാധനക്രമത്തിൽ ഇന്നും നിലനില്ക്കുന്നതു്. മാതാവിൻെറ ജനനം, ശുദ്ധീകരണം, സ്വർഗ്ഗാരോപണം മതലായവയും മംഗലവാർത്തത്തിരുന്നാളും കിഴക്കരുടെ പ്രേരണയിലത്രേ ലത്തീൻ പഞ്ചാംഗത്തിൽ സ്ഥലം പിടിച്ചതു്. ലത്തീൻകുർബാനക്രമത്തിലേ "കീരിയെ ലയിസോൺ", "ഗ്ലോറിയാ", "ക്രേദോ" തുടങ്ങിയ പ്രാർത്ഥനകളും ഗീതാലാപവും കിഴക്കുനിന്നു കടമെടുത്തിട്ടുള്ളതാണു്.

ഇനിയും, ലത്തീൻ ആരാധനക്രമവും കിഴക്കൻ ആരാധനക്രമവുമായി പലതിലും യോജിപ്പും സാമ്മ്യവും കാണുന്നുണ്ടു്: 1) മാതാവിനു കൊടുക്കുന്ന സ്ഥാനത്തിൽ, 2) വിശുദ്ധന്മാർക്കു നല്കുന്ന വണക്കത്തിൽ, 3) തിരുന്നാറം ആഘോഷങ്ങളിൽ, 4) പ്രാർത്ഥനാക്രമത്തിൽ. കിഴക്കൻസഭകൾ മാതാവിനു നല്കുന്ന ബഹുമാനത്തേയും സ്തുതിയേയും വളരെയധികം ശ്ലാഘിച്ചിരിക്കുന്നു, ഡിക്രി. വാസ്തവത്തിൽ, കിഴക്കൻസഭകളുടെ ഏററവും വലിയ പ്രത്യേകതയാണു് അവർക്കു ദൈവജനനിയോടുള്ള ഭക്തിയും സ്നേഹവും. റോമാസഭപോലും ഇക്കാ

രൃത്തിൽ കിഴക്കർക്കു പിന്നിലാണു്, കിഴക്കരെ അനു ഗമിക്കുകയാണു്. അവരുടെ ആരാധനക്രമത്തിൽ അടു ത്ത പ്രാധാന്യമർഹിക്കുന്ന വസ്തുത വിശുദ്ധന്മാർക്കു ന ല്കുന്ന സ്തുതിയും ബഹുമാനവുമത്രേ. വിശുദ്ധരെപ്പററി അവർക്കുള്ള ധാരണകൾ എല്ലാംതന്നെ കത്തോലിക്കരു ടേതുപോലാണു്. മാത്രമല്ല, വിശുദ്ധന്മാർക്കായി പ്രത്യേ ക തിരുനാളുകൾ കൊണ്ടാടുക എന്ന വഴക്കം കിഴക്കു നിന്നാണു പാശ്ചാത്യർ സ്വീകരിച്ചതു്. തന്നെയുമല്ല, ഇരുസഭകളും ഒരുപോലെ ബഹുമാനിക്കുന്ന ഒട്ടേറെ വി ശുദ്ധരുമുണ്ടു്: വി. എഫ്രേം, വി. ക്രിസോസ്റ്റോം, വി. നസ്വിയാൻസൻ, വി. ബെയിസിൽ, വി. പോളിക്കാർ പ്പു്, വി. അത്തനാസിയൂസു്, വി. സിപ്രിയൻ, വി. കുറിയാക്കോസ്, വി. ആഗസ്തീനോസ് മുതലായവർ. ഇനിയും ഇരു സഭകളിലേയും പല തിരുന്നാളുകളും ഒരേ ദിവസത്തിലാണു വരുന്നതു്. 1) സെപ്ററംബർ 8: ദൈവജനനിയുടെ ജനനം; 2) നവംബർ 21: ദേവാലയ പ്രവേശനം; 3) മാർച്ചു് 25: മംഗലവാർത്ത; 4) ഡി സംബർ 25: തിരുപ്പിറവി; 5) ഫെബ്രുവരി 2: തിരു സുതൻെറ കാഴ്ചവയ്പു്: 6) ജനുവരി 6: ദനഹാ (എ പ്പിഫനി) 7) ആഗസ്റ്റ് 6: കർത്താവിൻെറ രൂപാന്തരീ കരണം; 8) ആഗസ്റ്റ് 15: മാതാവിൻെറ സ്വർഗ്ഗാരോ പണം മുതലായവ. സങ്കീർത്തനങ്ങളെ പ്രാർത്ഥനകളായി ഉപയോഗിക്കുന്ന പതിവു് ഇരുകൂട്ടർക്കും പരമ്പരാഗത മാണു്. അങ്ങനെ, പ്രാർത്ഥനക്രമത്തിലും സങ്കീർത്തനങ്ങ

ളുടെ തിരഞ്ഞെടുക്കലിലുമെല്ലാം ഇരുസഭകൾക്കും വളരെ യധികം അടുപ്പമുണ്ട്.

ഇപ്രകാരം ഇരു സഭകളുടേയും ആരാധനക്രമങ്ങൾക്കു വളരെയേറെ സാമീപ്യമുള്ളതിനാൽ പരസ്പരമുള്ള കൂദാശസ്വീകരണങ്ങളും വിശുദ്ധ വസ്തുക്കളിലുള്ള ഭാഗ ഭാഗിത്വവും അങ്ങേയററം പ്രോത്സാഹിപ്പിക്കപ്പെടേണ്ട താണ്. പൗരസ്ത്യകത്തോലിക്കർക്കായുള്ള ഡിക്രി ഈ കർമ്മപഥത്തിൽ കൂടുതൽ പ്രകാശം വീശുന്നുണ്ട്. എക്യുമേനിക്കൽ ഡിറക്ടറിയും ഇതിൽ അത്ഭുതാവഹമായ പലതും ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ രണ്ടാം വത്തിക്കാൻ സൂനഹദോസു പൗരസ്ത്യസഭകളും കത്തോലിക്കസഭയും തമ്മിലുള്ള ആരാധനക്രമപരമായ ഐക്യം വളരെ വ്യക്തമാക്കുന്നുണ്ട്.

## ആശ്രമജീവിതം

പടിഞ്ഞാറൻസഭയ്ക്കു കിഴക്കൻസഭയിൽനിന്നു നല്കിയിട്ടുള്ള സമ്മാനങ്ങളിൽ സമുന്നതസ്ഥാനം വഹിക്കുന്ന ഒന്നത്രേ ആശ്രമജീവിതം. ക്രിസ്തുമതത്തിന്റെ ആരംഭദശയിൽത്തന്നെ ആശ്രമജീവിതം ആരംഭിച്ചിരുന്നു, കിഴക്കു്. വി. അത്തനേഷ്യസ് എഴുതിയ വി. അന്തോനിയുടെ ജീവചരിത്രമാണു കിഴക്കൻസന്യാസികളേയും സന്യാസിനികളേയും പററിയുള്ള വിവരങ്ങൾ ആദ്യമായി പടിഞ്ഞാറിനു നല്കിയതു്. എന്നാൽ, വി. അന്തോനിയുടെ കാലത്തു സന്യാസികളെല്ലാം സമൂഹമായി ഒരു സ്ഥലത്തുതന്നെ ഒരധിപന്റെ കീഴിൽ

ജീവിക്കുന്ന സമ്പ്രദായം ഇല്ലായിരുന്നു. ഏ. ഡി. 320-നം 346-നമിടയ്ക്കു പുരുഷന്മാർക്കായി എട്ടു ആശ്രമങ്ങളും സ്ത്രീകൾക്കായി രണ്ടാശ്രമങ്ങളും സ്ഥാപിക്കുകയും അവരുടെ ജീവിതത്തിനായി ഒരു നിയമാവലി ഉണ്ടാക്കുകയും ചെയ്തു വി. പക്കോണിയസാണു് ഇന്നത്തെ ആശ്രമജീവിതത്തിന്റെ ജനയിതാവു്. 404-ൽ അദ്ദേഹത്തിന്റെ നിയമാവലി വി. ജെറോം ലത്തീനിലേക്കു വിവത്തനം ചെയ്യുകയും അതനുസരണമുള്ള ആശ്രമജീവിതത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വി. പക്കോണിയസിന്റെ നിയമാവലി ആധാരമാക്കിയാണു വി. ബെയിസിൽ ഒരു പുതിയനിയമാവലി ഉണ്ടാക്കിയതു്. ഇന്നും കിഴക്കരുടെ ആശ്രമങ്ങളിൽ പലതിലും നിലവിലിരിക്കുന്നതു വി. ബെയിസിൽ സജ്ജമാക്കിയ നിയമാവലിയത്രേ.

പടിഞ്ഞാറൻ ആശ്രമജീവിതത്തിന്റെ പിതാവായ വി. ബനഡിക്റ്റു് തന്റെ നിയമാവലി സജ്ജമാക്കിയതു് വി. ബെയിസിലിന്റെ നിയമാവലിയെ ആസ്പദമാക്കിയത്രേ. 821-നമുമ്പു പടിഞ്ഞാറൻ ആശ്രമജീവിതത്തിൽ ഒരു നവോത്ഥാനം വരുത്തിയ അനിയേനിലേ വി. ബെനഡിക്റ്റും വി. ബയിസിലിന്റെ നിയമാവലിയാണു് ആധാരഗ്രന്ഥമായി സ്വീകരിച്ചതു്. അങ്ങനെ, പടിഞ്ഞാറൻ ആശ്രമജീവിതത്തിന്റെ അടിത്തറ പാകിയതു കിഴക്കൻ ആശ്രമജീവിതവും നിയമാവലികളുമാണെന്നു തീർത്തു പറയാം. ഇനിയും, കിഴക്കൻ സന്യാസികളുടെ പാണ്ഡിത്യവും ആധ്യാത്മിക

ജ്ഞാനവും അത്യധികം ആസ്വദിക്കുവാൻ ഇടയായതത്രേ, അവരെ അനുകരിച്ചു പഠനത്തിലും ചിന്തയിലും മുഴുകുവാൻ പടിഞ്ഞാറൻസന്യാസികളെ പ്രേരിപ്പിച്ചതു്. അതിൻെറ ഫലമായാണു്, കിഴക്കൻസന്യാസികളുടെ ഗ്രന്ഥങ്ങൾ ലത്തീനിലേക്കു വിവത്തനം ചെയ്യപ്പെട്ടതും. പലേഡിയസ്, റുഫീനൂസ്, ജോൺ കാസിയൻ തുടങ്ങിയവരത്രേ ഈ വിവത്തന-പ്രസ്ഥാനത്തിൽ അഗ്രഗണ്യർ. കിഴക്കൻസന്യാസികളുടെ ജീവിതമാതൃകകൾ പടിഞ്ഞാറു പ്രചരിപ്പിക്കുന്നതിൽ മഹാനായ വി. ഗ്രിഗരിയും വി. ജോൺക്ലിമാക്കൂസും കസിയഡോറും മററും വഹിച്ചിട്ടുള്ള പങ്കും അവിസ്മരണീയമാണു്.

കിഴക്കൻപിതാക്കന്മാരുടെ ആധ്യാത്മികജ്ഞാനവും ഇന്നും പ്രസിദ്ധീകൃതങ്ങളാവാതെ ആശ്രമഭിത്തികൾക്കുള്ളിൽ ഒളിച്ചിരിക്കുന്ന അവരുടെ ഗ്രന്ഥങ്ങളും മററും ക്രൈസ്തവലോകത്തിൻെറ വിജ്ഞാനസമ്പത്തുകളാണു്. ക്രൈസ്തവപാരമ്പര്യത്തിൻെറ ആഴവും അത്ഥവും ശരിക്കു ഗ്രഹിക്കണമെങ്കിൽ ഈ ഗ്രന്ഥങ്ങളുമെല്ലാം പഠനവിഷയമാക്കേണ്ടിയിരിക്കുന്നു. ഇവയിൽനിന്നെല്ലാം ആധ്യാത്മികരസം കൂടുതൽ കൂടുതൽ നുകരുവാൻ എല്ലാ കത്തോലിക്കരോടും ആവശ്യപ്പെടുകയാണു്, ഡിക്രി.

### കിഴക്കരുടെ ഭരണക്രമം

**16.** കൂടാതെ, പുരാതനകാലംമുതൽതന്നെ കിഴക്കൻസഭകൾ, വിശുദ്ധ പിതാക്കന്മാരും സിനഡുകളും സൂനഹദോസുകളും

അംഗീകരിച്ചിട്ടുള്ള തങ്ങളുടേതായ ഭരണക്രമമാണു പുലർത്തിപ്പോരുന്നതു്. മുകളിൽ പ്രസ്താവിച്ചതുപോലെ, ആചാരാനുഷ്ഠാനങ്ങളിലുള്ള ഭിന്നതകൾ സഭയുടെ ഐക്യത്തിനു് ഒരുവിധത്തിലും പ്രതിബന്ധമല്ലെന്നു മാത്രമല്ല അതു് അവയുടെ സുഭഗത വർദ്ധിപ്പിക്കുകയും പ്രേഷിതപ്രവർത്തനത്തെ വളരെയധികം സഹായിക്കുകയും ചെയ്യുന്നു. സകല സംശയവും നിർമ്മാർജ്ജനം ചെയ്യുവാൻ ഈ വിശുദ്ധ സൂനഹദോസ് പ്രഖ്യാപിക്കുകയാണു്, സഭ മുഴുവനിലും ഉണ്ടായിരിക്കേണ്ട അവശ്യൈക്യത്തെ സ്മരിച്ചുകൊണ്ടു്, സ്വന്തം വിശ്വാസികളുടെ പ്രകൃതിക്കു കൂടുതൽ അനുയോഗ്യവും ആത്മാക്കളുടെ രക്ഷയ്ക്കു കൂടുതൽ ഉപകാരപ്രദവുമായ തങ്ങളുടേതായ ഭരണക്രമത്തെ അനുധാവനം ചെയ്യുവാൻ കിഴക്കൻ സഭകൾക്കു് അവകാശമുണ്ടെന്നു്. പലപ്പോഴും വിസ്മരിച്ചിട്ടുള്ള പരമ്പരാഗതമായ ഈ തത്വത്തിന്റെ പരിപൂർണ്ണ പ്രായോഗികീകരണം, ഐക്യത്തിന്റെ പുനഃസ്ഥാപനത്തിന മുന്നോടിയെന്നോണം ആവശ്യകമാണു്.

കിഴക്കൻസഭകളുടെ അവകാശങ്ങൾ വ്യക്തമായി അംഗീകരിക്കുകയാണു സൂനഹദോസ് ഇവിടെ. കിഴക്കൻസഭകൾക്കായുള്ള ഡിക്രിയുടെ അഞ്ചും ആറും അധ്യായങ്ങളിലും ഇതേ ആശയംതന്നെ സൂനഹദോസ് പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്. കിഴക്കൻസഭകളുടെ ഭരണക്രമം അംഗീകൃതവും വിശ്വാസികളുടെ പ്രകൃതിക്കു് അനുഗുണവും ആത്മാക്കളുടെ രക്ഷയ്ക്കു് ആവശ്യകവുമാണെന്നു സമ്മതിച്ചിരിക്കുന്നു. അവയനുസരിച്ചു മുന്നേറുവാനുള്ള അവകാശം കിഴക്കൻസഭകൾക്കുണ്ടു്. അതെടുത്തുകളയാൻ ആർക്കും അധികാരമില്ല. ലിയോ പതിമൂന്നാമന്റെ കാലംമുതൽ കത്തോലിക്കസഭ പരസ്യമായി അംഗീകരിക്കുവാൻ തുടങ്ങിയ ഒരു വസ്തുതയാണിതു്: സഭൈക്യത്തിനു സകലരും ഒരേ ഭരണക്രമമനുസരിച്ചുമുന്നേറണമെന്നു നിർബന്ധമില്ല. വിശ്വാസവിഷ

യങ്ങളിലുള്ള സത്താപരമായ ഐക്യം മതി. അതുകൊണ്ട്, റോമാസഭയുമായി ഐക്യപ്പെട്ടാൽ തങ്ങൾക്ക സ്വന്തമായുള്ളവ വല്ലതും നഷ്ടപ്പെട്ടേക്കുമോ എന്ന കിഴക്കരുടെ ഭയം അസ്ഥാനത്താണ്, അടിസ്ഥാനരഹിതമാണ്. ഇരുസഭകളും ഐക്യത്തിൽ കഴിഞ്ഞിരുന്ന കാലത്തെ ചരിത്രം ശരിക്കു പഠിച്ചാൽ ഈ വിധത്തിലുള്ള ഭയമെല്ലാം പമ്പ കടക്കുമെന്നു തീർച്ച. കാരണം, അന്നു കിഴക്കർക്ക് ഒന്നും നഷ്ടപ്പെട്ടില്ല, മറിച്ച് ഇരുസഭകളും പരസ്പരം സമ്പന്നമാവുകയാണു ചെയ്തിട്ടുള്ളത്.

## ദിവ്യതത്വങ്ങളെ കൈകാര്യം ചെയ്യുന്നതിലുള്ള പ്രത്യേകത

17. സഭയിൽ ഉണ്ടാകാവുന്ന ഭിന്നതയെപ്പററി മുമ്പു പ്രസ്താവിച്ചവ, തത്വങ്ങളുടെ ദൈവശാസ്ത്രപരമായ വിശദീകരണത്തിലുള്ള ഭിന്നതയേയും ബാധിക്കുന്നതായി കരുതാവുന്നതാണ്. ദിവ്യതത്വങ്ങൾ ഗ്രഹിക്കുന്നതിനും ഏററു പറയുന്നതിനുമായുള്ള ആവിഷ്കൃതസത്യങ്ങളുടെ പഠനത്തിൽ, വിവിധവിധത്തിലും തരത്തിലുമുള്ള മാർഗ്ഗങ്ങളാണു കിഴിക്കും പടിഞ്ഞാറും അനുധാവനം ചെയ്തിട്ടുള്ളത്. അതിനാൽ, ചിലപ്പോൾ ആവിഷ്കൃതസത്യത്തിന്റെ ചില വശങ്ങൾ കൂടുതൽ വ്യക്തമായി ഗ്രഹിക്കുവാനും കൂടുതൽ കാര്യക്ഷമമായി അവതരിപ്പിക്കുവാനും ഒരു പാരമ്പര്യത്തിനു മറേറതിനെക്കാൾ ഏറെ സാധിച്ചെന്നു വരും; അതിൽ അത്ഭുതപ്പെടാനില്ല. അങ്ങനെ, ഭിന്നങ്ങളായ പ്രസ്തുത ദൈവശാസ്ത്രാവതരണങ്ങളെ പരസ്പരവിരുദ്ധങ്ങളായല്ല പിന്നെയോ, പരസ്പരപൂരകങ്ങളായി വേണം കണക്കാക്കുക. കിഴക്കൻസഭകളുടെ തികച്ചും ദൈവശാസ്ത്രപരമായ പാരമ്പര്യം വിശകലനം ചെയ്യുകയാണെങ്കിൽ, അവ വിശുദ്ധ ഗ്രന്ഥങ്ങളിൽ അങ്ങേയററം വേരൂന്നിയിരിക്കുന്നെന്നും ആരാധനക്രമപരമായ ജീവിതത്താൽ പരിരക്ഷിക്കപ്പെടുന്നെ

ന്നും പ്രകാശിപ്പിക്കപ്പെടുന്നെന്നും, അപ്പസ്തോലന്മാരുടെ സജീവപാരമ്പര്യത്താലും സഭാപിതാക്കന്മാരുടേയും ആധ്യാത്മീകഗ്രന്ഥകാരന്മാരുടേയും കൃതികളാലും പരിപോഷിപ്പിക്കപ്പെടുന്നെന്നും ജീവിതത്തിൻെറ ശരിയായ ക്രോഡീകരണത്തിനും ക്രൈസ്തവസത്യങ്ങളുടെ പൂർണ്ണമായ ധാരണയ്ക്കും വഴിതെളിക്കുന്നെന്നും സമ്മതിക്കണം.

ആധ്യാത്മീകവും ആരാധനാപരവും ഭരണപരവും ദൈവശാസ്ത്രപരവുമായ ഈ പിതൃസ്വത്തുമുഴുവൻ, അവയുടെ വിവിധപാരമ്പര്യത്തിൽ, സഭയുടെ പൂർണ്ണമായ കത്തോലികത്വത്തിലും അപ്പസ്തോലികത്വത്തിലും ഉൾപ്പെടുന്നതാണെന്നു് ഈ വി. സൂനഹദോസു പ്രഖ്യാപിക്കുന്നു. ഈ പിതൃസ്വത്തു സൂക്ഷിക്കുകയും കൂടുതൽ വിശുദ്ധമായും പൂർണ്ണമായും ജീവിതത്തിൽ പകർത്തിക്കാട്ടാൻ ശ്രമിക്കുകയും ചെയ്യുന്ന കത്തോലിക്കസഭയുടെ മക്കളായ നിരവധി പൗരസ്ത്യർ, പാശ്ചാത്യപാരമ്പര്യത്തെ പിൻചെല്ലുന്ന സഹോദരങ്ങളുമായി പരിപൂർണ്ണൈക്യത്തിൽ ജീവിക്കുന്നെന്നതിൽ ഞങ്ങൾ ദൈവത്തിനു നന്ദിപറയുന്നു.

പതിനാറാമത്തെ ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള വിശകലനസ്വാതന്ത്ര്യത്തെയാണു് ഇവിടെ കൂടുതൽ വിശദമായി വ്യക്തമാക്കിയിരിക്കുന്നതു്. ആവിഷ്കൃതസത്യങ്ങളുടെ വിശകലനത്തിൽ പാശ്ചാത്യപൗരസ്ത്യസഭകൾ ഭിന്ന രീതികളാണു്, അവരവരുടെ പ്രകൃതിക്കും താത്പര്യങ്ങൾക്കും അനുസൃതമായ പാഥകളാണു് അനുധാവനം ചെയ്തിട്ടുള്ളതു്. അതുകൊണ്ടു്, പലപ്പോഴും ഇരുവരുടേയും വിശകലനങ്ങൾ പരസ്പരവിരുദ്ധങ്ങളായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. കാരണം, ആകാശതലങ്ങളിലേക്കുയർന്നു ദിവ്യരഹസ്യങ്ങളുമായി സമ്പർക്കം പുലർത്തി നിഗൂഢമായി സംസാരിക്കുന്ന കിഴക്കൻ ദൈവശാസ്ത്രജ്ഞന്മാരെ ഗ്രഹിക്കുക പടിഞ്ഞാറിനു വിഷമമാണു്. പ്രായോഗികജീവിതത്തിലും നിയമപരമായ

പ്രശ്നങ്ങളിലും അതീവ തത്പരരായ പടിഞ്ഞാറൻ പ ണ്ഡിതന്മാരുടെ പദപ്രയോഗങ്ങൾ ഗ്രഹിക്കുവാൻ കിഴ ക്കർക്കും പ്രയാസംതന്നെ. അതുകൊണ്ടാണു്, കിഴക്കി ൻെറ ഏററവും വലിയ പ്രശ്നങ്ങളായ നെസ്തോറിയ നിസം, മോണോ ഫിസിററിസം മുതലായവയ്ക്കു പടി ഞ്ഞാറിനെ സംബന്ധിച്ചിടത്തോളം വലിയ പ്രതികര ണങ്ങളൊന്നും ഉണ്ടാവാതിരുന്നതു്. പടിഞ്ഞാറിൻെറ പ്രശ്നങ്ങളായ ഡോണററിസവും പെലാജിയനിസവും കിഴക്കിനെ സ്വാധീനപ്പെടുത്താതിരുന്നതും മറെറാന്നും കൊണ്ടല്ല.

മാത്രമല്ല, കിഴക്കരുടേയും പടിഞ്ഞാററുടേയും അ ടിസ്ഥാന ധാരണകൾക്കുതന്നെ ഭിന്നതയുണ്ടു്. ക്രിസ്തുവി നെ ഒരു വിജയമായും മനുഷ്യൻെറ ദൈവീകരണമായും കാണുവാനാണു കിഴക്കർ ഇഷ്ടപ്പെടുന്നതു്; എന്നാൽ, ക്രിസ്തു ഒരു ബലിവസ്തുവും മനുഷ്യവർഗ്ഗത്തിൻെറ സമുദ്ധാ രകനുമാണെന്നത്രേ പടിഞ്ഞാറിൻെറ അടിസ്ഥാന ധാര ണ. ദൈവത്തെപ്പററി അറിയുക മനുഷ്യബുദ്ധിക്കു് അ തീതമാണെന്നു പൗരസ്ത്യർ സമർത്ഥിക്കുമ്പോൾ കാര്യ കാരണങ്ങളിലേക്കുള്ള സാദൃശ്യപരമായ ചിന്ത ദൈവ ത്തെപ്പററി പലതും ഗ്രഹിക്കുവാൻ മനുഷ്യനെ പ്രാപ്ത നാക്കുന്നെന്നു പാശ്ചാത്യദൈവശാസ്ത്രം വ്യക്തമാക്കുന്നു. ഇനിയും ത്രിത്വത്തെക്കുറിച്ചുള്ള ചിന്തയിൽ, ദൈവിക വ്യക്തികളുടെ ഭിന്നതയിൽനിന്നു് ദൈവസ്വഭാവത്തി ൻെറ ഏകത്വത്തിലേക്കു കിഴക്കർ കടക്കുമ്പോൾ പടി ഞ്ഞാറൻ ദൈവശാസ്ത്രജ്ഞന്മാർ ദൈവസ്വഭാവത്തി

ന്റെ ഏകത്വത്തിലാണു തുടങ്ങുന്നതുതന്നെ. പുത്രൻ തമ്പുരാനാണ് മനുഷ്യാവതാരം ചെയ്തതെന്നും ക്രിസ്തു ദൈവമാണെന്നും മററും സമർത്ഥിക്കുവാൻ കിഴക്കർക്കു പണിപ്പെടേണ്ടിവന്നു. എന്നാൽ, പടിഞ്ഞാറ് ഈ വിധ പ്രശ്നങ്ങൾ അധികമൊന്നും ബഹളമുണ്ടാക്കിയിട്ടില്ല. അതുപോലെതന്നെ, ക്രിസ്തു നേടിയ രക്ഷ, സൗഭാഗ്യം, മനുഷ്യനു കരഗതമാവുന്നതെങ്ങനെ എന്ന പ്രശ്നം കിഴക്കർക്കൊന്നും വലിയ വിവാദവിഷയമായിട്ടില്ല. പക്ഷേ, പടിഞ്ഞാറിന്റെ വിവാദവിഷയങ്ങളിൽ അതിനൊരു നല്ല സ്ഥാനമുണ്ട്. കാരണം, ഉത്ഭവപാപത്തെ മനുഷ്യനിലുള്ള ഒരാപകതയായി കാണുവാനാണു കിഴക്കർ ശ്രമിച്ചതു്. പടിഞ്ഞാറരോ, സകല മനുഷ്യരിലുമുള്ള ശിക്ഷാർഹമായ ഒരു കുററമായി അതിനെ പരിഗണിച്ചു. ഇങ്ങനെ, വിശ്വാസവിഷയങ്ങളിലെല്ലാംതന്നെ ഭിന്നമായ ധാരണകളോടുകൂടിയാണ് ഇരുകൂട്ടരും മുന്നേറിയതു്. ശരിക്കു വിശകലനം ചെയ്താൽ അവയൊക്കെ അന്യോന്യം സഹായകങ്ങളാണെന്നു വ്യക്തമാകും. കാരണം, പഠനവിഷയമായ ദിവ്യരഹസ്യങ്ങൾ അനന്തങ്ങളാണ്; ഒരായിരംവിധത്തിലും തരത്തിലും അവയെ പരിഗണിക്കാനും വിശദീകരിക്കാനും കഴിയും.

കിഴക്കും പടിഞ്ഞാറുമുള്ള ദൈവശാസ്ത്രജ്ഞന്മാരെ പ്രത്യേകം പ്രത്യേകം വീക്ഷിച്ചാൽ ഓരോരുത്തരും വിഭിന്നവിധത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതു കാണാം. അടിസ്ഥാനപരമായ ധാരണകളിൽ കിഴക്കൻദൈവശാസ്ത്രജ്ഞന്മാരെല്ലാം ഐക്യമുള്ളവരാ

ണെങ്കിലും അവരുടെ ഇടയിലും ഭിന്നാഭിപ്രായങ്ങൾ ധാരാളമുണ്ട്. പടിഞ്ഞാറൻ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ള "ഗ്രൂപ്പിസവും" ഇതുതന്നെയാണു വ്യക്തമാക്കുന്നതു്. തൊമ്മിസ്റ്റുകൾക്കും സ്കോട്ടിസ്റ്റുകൾക്കും സ്വരേസ്യൻസിനും പലതിലും യോജിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അതുകൊണ്ടു് അവരിലാരെങ്കിലും കത്തോലിക്കസഭയ്ക്കു പുറത്താണെന്നു പറയുവാൻ ആരും ധൈര്യപ്പെടുകയില്ലല്ലോ. അതായതു്, ദൈവശാസ്ത്രവിഷയങ്ങളുടെ വിശദീകരണത്തിൽ സ്വാതന്ത്ര്യം അനുവദിക്കുക ആവശ്യകമത്രേ. ആ സ്വാതന്ത്ര്യം സഭയുടെ ഐക്യത്തിനു് എതിരല്ല.

ഇനിയും ഇതേ ഖണ്ഡികയിൽത്തന്നെ കിഴക്കരുടെ ദൈവശാസ്ത്രത്തിന്റെ സവിശേഷതകളിൽ ചിലതു് എടുത്തു പറഞ്ഞിട്ടുണ്ടു്: വിശുദ്ധ ഗ്രന്ഥമാകുന്ന മണ്ണിൽ വേരൂന്നി, ആരാധനക്രമമാകുന്ന അന്തരീക്ഷത്തിൽ പ്രശോഭിക്കുന്ന ഒന്നാണു കിഴക്കരുടെ ദൈവശാസ്ത്രം. അപ്പസ്തോലപാരമ്പര്യത്തിൽ നിന്നാണു് അതു ശക്തിപ്രാപിക്കുക. സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിലൂടെ അതു വളർന്നുവന്നു. ഇന്നു ക്രൈസ്തവജീവിതത്തിന്റെ ക്രമീകരണത്തിനു് അതു് അങ്ങേയററം ഉപകരിക്കുന്നുണ്ടു്. ക്രൈസ്തവസത്യങ്ങളെ ശരിക്കു ധരിപ്പിക്കുന്നതിൽ അതിനൊരു വലിയ പങ്കുണ്ടു്.

കിഴക്കും പടിഞ്ഞാറുമായി ഐക്യത്തിലെത്തുക ഒരു പ്രയാസമുള്ള കാര്യമല്ലെന്നു കിഴക്കൻ കത്തോലിക്കരുടെ അസ്തിത്വം സൂരിപ്പിച്ചുകൊണ്ടു സൂന.ഹദോസു വ്യ

ക്തമാക്കുകയാണ്. റോമിനോട് ഐക്യപ്പെട്ടെന്ന കാരണത്താൽ അവർക്കൊന്നും നഷ്ടമായിട്ടില്ല. ഇന്നും അവർ തങ്ങൾക്കു സ്വന്തമായുള്ള സകലതും സുരക്ഷിതമായി സൂക്ഷിക്കുന്നു. ഭിന്നിച്ചുനില്ക്കുന്ന കിഴക്കർക്കു് ഒരു മാർഗ്ഗദീപമാണിവർ. അതിൽ പിതാക്കന്മാർ ദൈവത്തിനു പ്രത്യേകം നന്ദിപറയുകയാണു്.

## ഉപസംഹാരം

18. ഇവയെല്ലാം ശരിക്കു കണക്കിലെടുത്തശേഷം ഈ വിശുദ്ധ സൂനഹദോസ് മുൻ സൂനഹദോസുകളുടേയും പാപ്പാമാരുടേയും പ്രഖ്യാപനങ്ങളെ ആവർത്തിക്കുകയാണ്; അതായതു്, ഐക്യവും ഭാഗഭാഗിത്വവും പുന:സ്ഥാപിക്കുകയോ നിലനിർത്തുകയോ ചെയ്യുന്നതിനു് "അനാവശ്യമായ ഭാരമൊന്നും ചുമത്താതിരിക്കുക" (നട. 15: 28) ആവശ്യകമത്രേ. ഈ ഐക്യത്തിൻെറ ക്രമേണയുള്ള സാക്ഷാത്കാരത്തിനായി, സഭാജീവിതത്തിലെ വിവിധ സംഘടനകളിലും സംരംഭങ്ങളിലും, പ്രത്യേകിച്ചും പ്രാർത്ഥനയിലും നമ്മുടെ കാലഘട്ടത്തെ മഥിക്കുന്ന പാസ്റ്ററൽ പ്രശ്നങ്ങളുടേയും വിശ്വാസവിഷയങ്ങളുടേയും സഹോദരപരമായ "ഡയലോഗി"ലും, സകല പരിശ്രമങ്ങളും നടന്നു കാണാൻ ഈ സൂനഹദോസ് അതിയായി ആഗ്രഹിക്കുന്നു. അതുപോലെതന്നെ, പൗരസ്ത്യദേശത്തുനിന്നു്, മാതൃരാജ്യത്തിൽനിന്നു്, വിദൂരതയിൽ ജീവിക്കുന്ന പൗരസ്ത്യരുമായി സ്നേഹത്തിൻെറ അരൂപിയിലും വിരോധം വർദ്ധിപ്പിക്കുന്ന സകലതിനേയും അകററിക്കൊണ്ടുമുള്ള സാഹോദര്യസഹകരണം വളർത്തുവാൻ ഈ സൂനഹദോസു കത്തോലിക്കാവൈദികരോടും വിശ്വാസികളോടും ഉപദേശിക്കുന്നു. അങ്ങനെ, ഈ പ്രവർത്തനം സോത്സാഹം പുരോഗമിച്ചാൽ പൗരസ്ത്യ-പാശ്ചാത്യസഭകളെ വിഭജിക്കുന്ന ഭിന്നതകൾ അപ്രത്യക്ഷമാകുമെന്നും രണ്ടിനേയും ഒന്നാക്കുന്ന ഒരേ മൂലക്കല്ലായ യേശുക്രി

സ്തുവിൽ ഇരുസഭകളും ഒരേയൊരു സുസ്ഥിരഭവനമായി തീരുമെന്നും ഈ വിശുദ്ധ സൂനഹദോസു പ്രതീക്ഷിക്കുന്നു.*

പാശ്ചാത്യദേശങ്ങളിൽ കുടിയേറിപ്പാർത്തിട്ടുള്ള പൗരസ്ത്യരേയും സൂനഹദോസ് മറന്നിട്ടില്ല. അവരുമായി എല്ലാവിധത്തിലും സഹകരിക്കുവാൻ, അടുത്ത ബന്ധം പുലർത്തുവാൻ സകല കത്തോലിക്കരോടും ആവശ്യപ്പെടുകയാണു്, സൂനഹദോസ്. സഭാപരവും സാമൂഹികവുമായ സകലതിലും ഇവരുമായി സഹകരിക്കുവാനും അപ്രകാരം നമ്മുടെ സാഹോദര്യം സ്പഷ്ടമാക്കുവാനുമാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. പ്രാർത്ഥനയും ഡയലോഗും ഐക്യത്തിലെത്താനുള്ള പ്രധാന മാർഗ്ഗങ്ങളായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. കാരണം, ദൈവാനുഗ്രഹവും പരസ്പരധാരണയുമാണു് എക്യുമെനിസത്തിനു ഏററവുമധികം ആവശ്യകം. ഇന്നത്തെ ഈ എക്യുമെനിസം സോത്സാഹം തുടരുന്നപക്ഷം സഭൈക്യം അത്ര വിദൂരത്തല്ല എന്ന ശുഭാപ്തിവിശ്വാസത്തോടുകൂടി ഡിക്രി ഈ ഭാഗം ഉപസംഹരിച്ചിരിക്കുന്നു.

## II വേർപെട്ടുനില്ക്കുന്ന പാശ്ചാത്യസഭകളും സമൂഹങ്ങളും

**19. മദ്ധ്യയുഗത്തിന്റെ അവസാനത്തോടുകൂടി പടിഞ്ഞാറു് ഉടലെടുത്ത ഗുരുതരമായ അസ്വാസ്ഥതയിലും അനന്തരകാലഘട്ടങ്ങളിലും സഭകളും സഭാ സമൂഹങ്ങളും റോമിലെ അപ്പസ്തോലികസിംഹാസനത്തിൽനിന്നു പിരിഞ്ഞുപോയിട്ടുണ്ടു്. എന്നാൽ,**

---

* cf. Con. Florentinum, Sess. VI (1439). Definitio "Laetentur caeli"; Mansi 21, 1026E.

മൂൻന്നൂററാണ്ടുകളിലേ ക്രൈസ്തവജനതയുടെ സഭൈക്യത്തിലുള്ള സുദീർഘമായ ജീവിതത്താൽ ഇവർ ഒരു പ്രത്യേക ബന്ധത്താലും ലും ആവശ്യകതയാലും കത്തോലിക്കസഭയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഉത്ഭവത്തിൻേറയും തത്വങ്ങളുടേയും ആദ്ധ്യാത്മികജീവിതത്തിൻേറയും വിഭിന്നതയാൽ ഈ സഭകളും സഭാസമൂഹങ്ങളും നമ്മിൽനിന്നുമാത്രമല്ല തമ്മിൽത്തമ്മിൽപ്പോലും വളരെ വ്യത്യസ്തമാണ്. ഇവയെ വേണ്ടപോലെ വിവരിക്കുക വിഷമമാണ്. അതിനിവിടെ ഞങ്ങൾ ഉദ്യമിക്കുന്നില്ല.

എക്യുമേനിക്കൽ പ്രസ്ഥാനവും കത്തോലിക്കസഭയുമായുള്ള സമാധാനാഭിലാഷവും എല്ലായിടത്തും പ്രബലമല്ലെങ്കിലും എല്ലാവരിലും ഈ എക്യുമേനിക്കൽധാരണയും പരസ്പരബഹുമാനവും യഥാക്രമം വളരുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ സഭകളും സമൂഹങ്ങളും കത്തോലിക്കസഭയും തമ്മിൽ സാരമായ വ്യത്യാസങ്ങളുണ്ടെന്നു സമ്മതിക്കാതെ തരമില്ല. അവ ചരിത്രപരവും സാമൂഹികവും മനഃശാസ്ത്രപരവും സംസ്കാരപരവുംമാത്രമല്ല പിന്നെയോ, ഏററം പ്രധാനമായി ആവിഷ്കൃത സത്യങ്ങളുടെ വ്യാഖ്യാനാത്മകവുമാണ്. ഈ വിഭിന്നതകൾ പ്രതിബന്ധമാകാതെ എക്യുമേനിക്കൽ ഡയലോഗ് കൂടുതൽ സുഗമമാകുവാൻ ഇത്തരം ഡയലോഗിനു പ്രേരകവും അടിസ്ഥാനവുമാകത്തക്ക, ആകേണ്ട, താഴെ വരുന്ന പരിഗണനകൾ നിരത്തിവയ്ക്കുവാൻ ഞങ്ങൾ അഭിലഷിക്കുന്നു.

പടിഞ്ഞാറൻസഭകളേയും സമൂഹങ്ങളേയും പററിയുള്ള പരിഗണനയുടെ ആമുഖമാണിതു്. പ്രോട്ടസ്റ്റൻറുകാർ എന്നു പൊതുവേ വിളിക്കപ്പെടുന്ന ഇവരെ സഭകളായും സമൂഹങ്ങളായും തിരിച്ചിരിക്കുന്നു. കാരണം, ഇവരിൽ പലരും തങ്ങളെ "സഭ"കളായി കരുതുന്നില്ല, കരുതണമെന്നാവശ്യപ്പെടുന്നുമില്ല; മാത്രമല്ല, ചിലപ്പോഴൊക്കെ ഈ സംബോധനയെ പരസ്യമായി എതിർക്കുകകൂടി ചെയ്യുന്നവരുണ്ടു്. ഇനിയും, ഇവരുടെ വിഭജനകാരണ

ത്തിലേക്കു് ഇറങ്ങുവാൻ പിതാക്കന്മാർ തുനിഞ്ഞിട്ടില്ല. മദ്ധ്യയുഗത്തിൻെറ അസ്വാസ്ഥ്യതയിൽ നിന്നാണത്രേ ഇവർ ഉടലെടുത്തതു്. ശരിയാണു്, സഭകളുടെ വിഭജനകാരണങ്ങളിലേക്കു കടന്നാൽ പെട്ടെന്നെങ്ങും പുറത്തു കടക്കാൻ സാധിക്കുകയില്ല. അതുകൊണ്ടായിരിക്കണം പൊതുവായ ഈ വിവരണംകൊണ്ടു തൃപ്തിപ്പെടുവാൻ കൗൺസിൽ തീരുമാനിച്ചതു്.

ഇവരും കത്തോലിക്കാസഭയും തമ്മിലുള്ള ഭിന്നതകൾ ഗൗരവാവഹമാണെന്നും ഇവർക്കു തങ്ങളിൽ തന്നെ ഐക്യമില്ലെന്നുമുള്ള വസ്തുതകൾ എടുത്തുപറയുന്നുണ്ടു്, ഡിക്രി. അതിനാൽ, ഇവരുമായുള്ള ഡയലോഗു് അത്യന്തം പ്രയാസകരമാണെന്നുള്ള വസ്തുതയും സ്പഷ്ടമാണു്. വാസ്തവത്തിൽ ഇവരുമായുള്ള അഭിമുഖസംഭാഷണങ്ങൾക്കു് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഒരു വലിയ പ്രശ്നമാണു് എവിടെ തുടങ്ങണമെന്നതു്. സൗഹാർദ്ദസംഭാഷണം ആരംഭിക്കണമെങ്കിൽ തന്നെ ഇരുകൂട്ടരും യോജിക്കുന്ന എന്തെങ്കിലുമൊന്നുണ്ടാകണമല്ലോ, അടിസ്ഥാനമായി ഉറപ്പിച്ചിടുവാൻ. അതിനാലത്രേ, സൂനഹദോസ് ഇവരുടെ പ്രത്യേകതകളിലേയ്ക്കു കടക്കുവാനും അനുമോദനാർഹങ്ങളായവയെ പ്രസ്പഷ്ടമാക്കി ഡയലോഗിനു് അടിത്തറയിടുവാനും മുന്നോട്ടു വന്നിട്ടുള്ളതു്.

## ക്രിസ്തുവിലുള്ള വിശ്വാസം

20. നമ്മുടെ ചിന്തയിൽ പ്രഥമത: വരുക, യേശുക്രിസ്തുവിനെ ദൈവമായും കർത്താവായും ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള ഏക മദ്ധ്യസ്ഥനായും പരസ്യമായി ഏററു പറഞ്ഞുകൊണ്ടു പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തെ മഹത്വപ്പെടുത്തുന്ന ക്രിസ്ത്യാനികളാണ്. ദൈവത്തിൻെറ മാംസം ധരിച്ച വചനമായ ക്രിസ്തുവിനെപ്പററിയും രക്ഷാകരകർമ്മത്തെപ്പററിയും അതിൽനിന്നുള്ള സഭയുടെ രഹസ്യത്തേയും ധർമ്മത്തേയുംപററിയും രക്ഷാകരപ്രവൃത്തിയിൽ മറിയത്തിനുള്ള പങ്കിനെപ്പററിയും കത്തോലിക്കസഭയുടെ പഠനങ്ങളുമായി ഇവർക്കുള്ള വിഭിന്നതകളെ ഞങ്ങൾക്കു ശരിക്കറിയാം. അതോടൊപ്പം വേർപെട്ടു നില്ക്കുന്ന സഹോദരങ്ങൾ സദൈക്യത്തിൻെറ ഉറവിടവും കേന്ദ്രബിന്ദുവുമായി ക്രിസ്തുവിനെ കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ക്രിസ്തുവുമായി യോജിക്കുവാനുള്ള അവരുടെ തീരാദാഹം, ഏററമടുത്ത ഐക്യത്തെ ആരായുവാനും ജനപദങ്ങളുടെയെല്ലാം മുമ്പിൽ തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യംവഹിക്കുവാനും അവരെ നിർബന്ധിക്കുന്നു.

പ്രോട്ടസ്റ്റൻറുലോകത്തു മുഴുവൻതന്നെ സ്പഷ്ടമായി കാണാവുന്ന ഒരു സവിശേഷതയാണ്, ക്രിസ്തുവിൽ അവർക്കുള്ള വിശ്വാസപ്രഖ്യാപനം. ക്രിസ്തുവിനെ ദൈവമായും കർത്താവായും രക്ഷകനായും ഏററുപറയുന്നതിൽ അവരാരും പിന്നോക്കമല്ല. ഈ വിശ്വാസപ്രഖ്യാപനത്തിൻെറ കീഴിൽ പ്രോട്ടസ്റ്റൻറുലോകത്തിൽ ഒരു നല്ല ഭാഗത്തെ ഐക്യത്തിലെത്തിക്കുവാൻ സഭകളുടെ ലോകസമിതിക്കു കഴിഞ്ഞിട്ടുണ്ടു്. ഒരുവിധത്തിൽ പറഞ്ഞാൽ, സഭകളുടെ ലോകസമതിയുടെ നിർവ്വചനംതന്നെയാണു സൂനഹദോസ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. എന്നുവച്ചു്, ലോകസമിതിയിൽ അംഗങ്ങളായുള്ള സഭകളെമാത്രമേ ഇതു കുറിക്കുന്നുള്ളു എന്നു വരുന്നി

ല്ല. ആ സമതിക്കു പുറത്തു നില്ക്കുന്നവരെല്ലാംതന്നെ ഈ വിശ്വാസപ്രഖ്യാപനത്തെ ഏററു പറയുവാൻ സന്നദ്ധതയുള്ളവരാണു്. അതിനാൽ, പ്രോട്ടസ്റ്റൻറുലോകത്തെ മുഴുവൻ കുറിക്കുവാൻ ഈ വാചകംതന്നെ തിരഞ്ഞെടുത്തതിൽ പിതാക്കന്മാർ അനുമോദനാർഹരാണു്.

ഇനിയും, കത്തോലിക്കസഭയുടെ തത്വങ്ങളുമായി ഇവർ പൊരുത്തപ്പെടാത്തതു് എവിടെല്ലാമാണെന്നു വ്യക്തമാക്കിയിട്ടുണ്ടു്. അടിസ്ഥാനപരമായ നാലുസംഗതികളിലാണു വിഭിന്നത: ക്രിസ്തുവിനെപ്പററിയും രക്ഷാകരപ്രവൃത്തിയെപ്പററിയും സഭയുടെ അർത്ഥത്തെപ്പററിയും മറിയത്തിൻെറ സ്ഥാനത്തെപ്പററിയും. ഇവയൊന്നും വിശദീകരിക്കുവാൻ കൗൺസിൽ മുതിരുന്നില്ല. ദൈവശാസ്ത്രജ്ഞന്മാർക്കു വിട്ടിരിക്കുകയാണു്, വിശദീകരണവും വിവാദവുമെല്ലാം. എന്നാൽ, ഈ അടുത്തകാലത്തു പ്രോട്ടസ്റ്റൻറുലോകത്തു് ഉടലെടുത്തു വളർന്നുകൊണ്ടിരിക്കുന്ന എക്യുമെനിസത്തേയും അതിൻെറ ഫലമായി, ക്രിസ്തുവുമായി കൂടുതൽ കൂടുതൽ ഐക്യപ്പെടുവാനും ക്രിസ്തുവിനെ ഐക്യത്തിൻെറ കേന്ദ്രബിന്ദുവായി കാണുവാനുമുള്ള അവരുടെ ശ്രമത്തേയും പ്രത്യാശാപൂർവ്വം, സന്തോഷപുരസ്സരം, സ്മരിക്കുന്നുണ്ടു്, കൗൺസിൽ. കാരണം, ക്രിസ്തുവുമായി ഐക്യപ്പെടുവാൻ അഭിലഷിക്കുന്നവർ അവിടുത്തെ ഹിതാനുസരണം ജീവിക്കുവാൻ ശ്രമിക്കും. അങ്ങനെ വരുമ്പോൾ ബാഹ്യമായ സഭൈ

ക്യം സംജാതമാകുവാൻ പിന്നെയധികം താമസമുണ്ടാവില്ല.

## വിശുദ്ധ ലിഖിതപഠനം

21. വിശുദ്ധ ലിഖിതത്തോടുള്ള സ്നേഹവും ബഹുമാനവും, ഒരുവിധത്തിൽ ആരാധനയും, വിശുദ്ധ പേജുകളുടെ സശ്രദ്ധവും നിരന്തരവുമായ പഠനത്തിലേക്ക നമ്മുടെ സഹോദരങ്ങളെ നയിക്കുന്നു. കാരണം, "വിശ്വസിക്കുന്ന സകലർക്കും, ആദ്യം യഹൂദനും അനന്തരം ഗ്രീക്കുകാർക്കും, നിത്യരക്ഷ നല്കുന്ന ദൈവത്തിൻെറ ശക്തി" (റോമ. 1: 16) യാണു സുവിശേഷം.

ദീർഘദർശികൾ പ്രവചിച്ച, നമുക്കായി മാംസംധരിച്ച ദൈവവചനമായ ക്രിസ്തുവിലൂടെ സംസാരിക്കുന്ന ദൈവത്തെ വിശുദ്ധ ലിഖിതത്തിൽ തിരയുകയാണിവർ, പരിശുദ്ധാത്മാവിനോടു പ്രാർത്ഥിച്ചുകൊണ്ടു്. ക്രിസ്തുവിൻെറ ജീവിതത്തേയും മനുഷ്യരക്ഷയ്ക്കായി ദിവ്യഗുരു പഠിപ്പിച്ചവയേയും പ്രവർത്തിച്ചവയേയും, പ്രത്യേകിച്ചു്, അവിടുത്തെ മരണത്തിൻേറയും പുനരുത്ഥാനത്തിൻേറയും രഹസ്യങ്ങളെയുംപററി ധ്യാനിക്കുകയാണിവർ, വിശുദ്ധ ലിഖിതങ്ങളിൽ.

എന്നാൽ, നമ്മിൽനിന്നു വേർപെട്ട ക്രിസ്ത്യാനികൾ വി. ഗ്രന്ഥങ്ങളുടെ ദൈവിക പ്രാമാണ്യത്തെ ഉറപ്പിച്ചു പറയുന്നുണ്ടെങ്കിലും വി. ലിഖിതവും സഭയുമായുള്ള ബന്ധത്തെപ്പററി നമ്മിൽനിന്നു വിഭിന്നമായാണു—പലരും പലവിധത്തിലാണു്—ചിന്തിക്കുന്നതു്. എന്തെന്നാൽ, കത്തോലിക്കവിശ്വാസപ്രകാരം ദൈവത്തിൻെറ ലിഖിതവചനത്തിൻെറ വ്യാഖ്യാനത്തിലും പ്രഘോഷണത്തിലും ആധികാരികപ്രബോധകാധികാരത്തിനു് ഒരു പ്രത്യേകസ്ഥാനമുണ്ടു്.

എന്നിരുന്നാലും, രക്ഷകൻ എല്ലാവരിലും വ്യക്തമാക്കുവാൻ അഭിലഷിക്കുന്ന ആ ഐക്യം നേടുവാനുള്ള അഭിമുഖസംഭാഷണത്തിനു വിശുദ്ധ വചനങ്ങൾ ഉന്നതോപകരണങ്ങളാണു്, ദൈവത്തിൻെറ ബലിഷ്ഠഹസ്തത്തിൽ.

പ്രോട്ടസ്റ്റൻറു ലോകത്തിൻെറ സമുന്നതമായ പ്ര

ത്യേകതയാണു വി. ലിഖിതത്തോടുള്ള സ്നേഹവും ബഹുമാനവും. അതിനെ ഒരുവിധത്തിലുള്ള ആരാധനയായാണു കൗൺസിൽ കരുതുന്നതു്. അത്രയ്ക്കു് അഗാധമാണു് അവരുടെ ബൈബിൾ സ്നേഹം. ബൈബിളിലൂടെ ദൈവം സംസാരിക്കുകയാണു്. ക്രിസ്തുവിൻെറ ജനനവും മരണവും, വാക്കുകളും പ്രവൃത്തികളുമെല്ലാം ദൈവം മനുഷ്യനോടു സംസാരിക്കുന്ന വാക്കുകളാണു്, വിശുദ്ധഗ്രന്ഥത്തിൽ. ആ വാക്കുകളുടെ അത്ഥം ഗ്രഹിക്കുവാൻ, അവയുടെ ശരിയായ വിവക്ഷ സ്പഷ്ടമാക്കുവാൻ ഏററമധികം പ്രവത്തിച്ചിട്ടുള്ളതു പ്രോട്ടസ്റ്റൻറുകാരാണു്. കത്തോലിക്കരും കിഴക്കൻക്രിസ്ത്യാനികളുമെല്ലാം ഇക്കാര്യത്തിൽ അവരുടെ പിന്നിലത്രേ; അവരുടെ സഹായത്തോടുകൂടെ മുന്നേറുന്നതേയുള്ളു. ബൈബിളിൻെറ വിവത്തനത്തിനും പ്രചാരണത്തിനും ഏററമധികം പ്രവത്തിച്ചിട്ടുള്ളതും അവർതന്നെ. ബൈബിളിനോടുള്ള ഈ ഭക്തിയും അതിൽനിന്നു കൈവന്ന അഭിരുചിയും അവരുടെ ഇടയിൽ പല പുതിയ പ്രസ്ഥാനങ്ങൾക്കും ജന്മം കൊടുത്തിട്ടുണ്ടു്. അങ്ങനെ, ദൈവത്തിൻെറ ലിഖിതവചനത്തിനു് ഇവർ നല്കുന്ന സ്ഥാനം അനുകരണീയമാണു്, അനുമോദനാർഹമാണു്. അതിനു ഹൃദയം തുറന്നുള്ള അനുമോദനം അർപ്പിക്കുകയാണു സൂനഹദോസ്, ഇവിടെ.

സഭയും വിശുദ്ധ ലിഖിതവുമായുള്ള ബന്ധത്തിൻെറ പ്രശ്നം വരുമ്പോഴാണു കത്തോലിക്കർക്കു് ഇവരുമായി യോജിക്കുവാൻ സാധിക്കാത്തതു്. ലിഖിതവച

നത്തിൻെറ വ്യാഖ്യാനത്തിലും പ്രഘോഷണത്തിലും സഭയ്ക്കു യാതൊരു സ്ഥാനവുമില്ലെന്നു വാദിക്കുന്നവരുമുണ്ടു പ്രോട്ടസ്റ്റൻറുസഭകളുടെ കൂട്ടത്തിൽ. ബൈബിളിൻെറ മേൽ സഭയ്ക്കു് ഒരധികാരവുമില്ല; സഭയെ ഭരിക്കേണ്ടതു് ബൈബിളാണു് എന്നത്രേ ഇവരുടെ അഭിപ്രായം. പരിശുദ്ധാത്മാവിൻെറ പ്രേരണയിൽ ബൈബിൾ വായിക്കുന്നവർക്കു വ്യക്തിപരമായ നിവേശനം, വെളിപാടു്, ഉണ്ടാകുന്നെന്നു ശഠിക്കുന്നവരുമുണ്ടു്. അങ്ങനെ പരിശുദ്ധാത്മാവിനാൽ പ്രചോദിതരായവരാണു വി. ലിഖിതത്തെ വ്യാഖ്യാനിക്കേണ്ടതു്. അവരുടെ വ്യാഖ്യാനങ്ങൾ പരസ്പരവിരുദ്ധങ്ങളെന്നു വന്നാൽത്തന്നെ അവ അബദ്ധങ്ങളായിരിക്കുകയില്ലെന്നത്രേ ഇവരുടെ ധാരണ.

പക്ഷേ, കത്തോലിക്കൻെറ ധാരണ ഇതിൽനിന്നെല്ലാം വിഭിന്നമാണു്. ശരിയാണു്, വി. ലിഖിതം അവനെ സംബന്ധിച്ചിടത്തോളവും ദൈവവചനംതന്നെ. അതു വായിക്കുവാനും പഠിക്കുവാനും വ്യാഖ്യാനിക്കുവാനുമെല്ലാം അവനും സ്വാതന്ത്ര്യമുണ്ടു്. എന്നാൽ, വി. ലിഖിതങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടിരിക്കുന്ന നിത്യസത്യങ്ങൾ ആധികാരികമായി വ്യാഖ്യാനിക്കുവാനും പ്രഖ്യാപിക്കുവാനുമുള്ള അവകാശവും അധികാരവും സഭയ്ക്കുള്ളതാണെന്നത്രേ അവൻെറ വിശ്വാസം. അതായതു്, വെളിപ്പെടുത്തപ്പെട്ടിട്ടുള്ള സത്യങ്ങളുടെ വിശദീകരണത്തിലെന്നപോലെ വേദഗ്രന്ഥസത്യങ്ങളുടെ വ്യാഖ്യാനത്തിലും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടു്. പക്ഷേ, വിവാദവിഷയങ്ങൾ ഉടലെടുക്കുമ്പോൾ അന്ത്യതീരുമാന

മെട്ടക്കാനുള്ള അധികാരം സഭയുടേതാണ്. ഡിക്രിയി ലെ ഈ ഭാഗത്തോടു യോജിക്കുവാൻ പ്രയാസം കാണി ച്ച് പ്രോട്ടസ്റ്റൻറു പണ്ഡിതന്മാരോടായി കാർഡിനൽ ബെയാ പറയുകയുണ്ടായി, ചരിത്രത്തിൻെറ പേജുകൾ മറിച്ചുനോക്കിയാൽ അങ്ങനൊരധികാരം സഭയ്ക്കു് ആ രംഭകാലംമുതൽതന്നെ ഉണ്ടായിരുന്നതായി കാണാമെ ന്നു്. * തൻെറ ആശയം ഒന്നുകൂടി വ്യക്തമാക്കാനായി അദ്ദേഹം പറഞ്ഞു, പുതിയനിയമഗ്രന്ഥങ്ങളുടെ എ ണ്ണം ഇത്രയെന്നു തിട്ടപ്പെടുത്തിയതു സഭയാണ്. അതും പാരമ്പര്യത്തെമാത്രം ആശ്രയിച്ചുകൊണ്ടു്. സുവിശേഷ ഗ്രന്ഥങ്ങളായി പ്രത്യക്ഷപ്പെട്ട മററു ഗ്രന്ഥങ്ങൾ അനി വേശിതങ്ങളെന്നു തീരുമാനിച്ചതും സഭയാണ്; ഇല്ലെ ങ്കിൽ, "തോമാശ്ലീഹായുടെ സുവിശേഷവും" "മത്തിയാ സിൻെറ സുവിശേഷവും" "പീലിപ്പോസിൻെറ സുവി ശേഷവും" മററും വിശുദ്ധ ഗ്രന്ഥത്തിൽ സ്ഥലം പിടി ക്കുമായിരുന്നു. അബദ്ധങ്ങളൊന്നുംതന്നെ ഇല്ലാത്ത "പ ത്രോസിൻെറ സുവിശേഷവും" "എബ്രായരുടെ സുവി ശേഷവും" "ഈജിപ്തുകാരുടെ സുവിശേഷവും" "നി ക്കഡീമോസിൻെറ സുവിശേഷവും" "യാക്കോബിൻെറ പ്രഥമ സുവിശേഷവും" മററുമെങ്കിലും ബൈബിളിൽ ഉൾപ്പെട്ടുമായിരുന്നു. ഇവയെല്ലാം ഇന്നു് അനിവേശിത

---

* സഭകളുടെ ലോകസമിതിയുടെ കേന്ദ്രമായ ജനീവാനഗരം സന്ദർശിച്ച അവസരത്തിൽ നടന്ന സൗഹാർദ്ദസംവാദത്തിലാ ണ കാർഡിനൽ ഇതു പറഞ്ഞതു്. കൂടുതൽ വിവരങ്ങൾക്കു "The Vatican Council and Christian Unity," p. 241-242. നോ ക്കുക.

ഗ്രന്ഥങ്ങളായി കരുതപ്പെട്ടുന്നതിൻെറ മുഖ്യകാരണം സഭ ഇവയെ നിവേശിതഗ്രന്ഥങ്ങളായി അംഗീകരിച്ചില്ലെന്നതുതന്നെ.

അറിഞ്ഞോ അറിയാതെയോ എല്ലാവരും സഭയുടെ ഈ തീരുമാനത്തെ അനുസരിക്കുകയാണിന്നു്, ബൈബിളിൻെറമേൽ സഭയ്ക്കു യാതൊരവകാശവുമില്ലെന്നു വാദിക്കുന്നവർപോലും. ക്രിസ്തുനാഥനിൽനിന്നു ലഭിച്ചിട്ടുള്ള അധികാരത്തിലാണു്, പരിശുദ്ധാത്മാവിൻെറ മേൽനോട്ടത്തിലാണു സഭ ഇപ്രകാരം പ്രവത്തിക്കുന്നതു്. മാത്രമല്ല, ബൈബിളിൻെറ വ്യാഖ്യാനങ്ങളിൽ വിവാദവിഷയങ്ങൾ ഉടലെടുത്തപ്പോൾ അന്ത്യവാക്കു പറയുവാൻ സഭ മുന്നോട്ടു വന്നിരുന്നു, എല്ലാക്കാലത്തും. ആദ്യകാലങ്ങളിൽ തലപൊക്കിയ അബദ്ധസിദ്ധാന്തികൾ തങ്ങളുടെ അഭിപ്രായപ്രസ്ഥാപനത്തിനായി വി. ലിഖിതത്തെ ആവശ്യംപോലെ വ്യാഖ്യാനിക്കാൻ തുടങ്ങി. അപ്പോഴെല്ലാം അബദ്ധങ്ങളായവ ഏതെന്നു ചൂണ്ടിക്കാണിച്ചു തിരുത്തുന്നതിനു സഭയുടെ ഈ അധികാരം വളരെയധികം അനുഗ്രഹപ്രദമായിരുന്നു. അങ്ങനെ, ആവിഷ്കൃതസത്യങ്ങളുടെ പവിത്രതയെ പരിപാലിക്കുവാൻ ഇത്തരം ഒരധികാരം ആവശ്യകമാണു്; മാത്രമല്ല, മനുഷ്യപ്രകൃതിയെ ശരിക്കറിയുന്ന ക്രിസ്തുനാഥൻ തൻെറ സഭയ്ക്കു് ഇത്തരമൊരധികാരം നല്കിയിട്ടുണ്ടെന്നു സ്പഷ്ടമാണു്.

കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായുള്ള ഈ വിഭിന്ന ധാരണകൾ പറഞ്ഞൊതുക്കുക സഭൈക്യത്തിനു് ആവശ്യകമത്രേ. തന്നെയുമല്ല, വിശ്വാസപരമായ

മററു വിഭിന്നതകളും വിപാടനം ചെയ്യപ്പെടണമെങ്കിൽ ആദ്യം വി. ലിഖിതത്തിൻെറ കാര്യത്തിൽ ഐക്യം കണ്ടെത്തുക അത്യന്താപേക്ഷിതമാണ്. അതുകൊണ്ടാണ്, പ്രോട്ടസ്റ്റൻറുകാരുമായുള്ള അഭിമുഖസംഭാഷണം വി. ഗ്രന്ഥത്തിൽത്തന്നെ തുടങ്ങുവാൻ കൗൺസിൽ ആവശ്യപ്പെടുന്നതു്. അവരിൽനിന്നു പലതും പഠിക്കുവാനുണ്ടു്, കത്തോലിക്കർക്കു്. മാത്രവുമല്ല, ബൈബിളാണു് അവരുടെ ഏററം വലിയ സമ്പത്തും അടിസ്ഥാനവുമെല്ലാം. കൂടാതെ, സഭൈക്യത്തിനായി പ്രയോഗിക്കാവുന്ന ഏററവും ഉന്നതമായ ഒരു ഉപകരണമാണു ബൈബിൾ. ദൈവത്തിൻെറ കരങ്ങളിൽ അതിൻെറ ശക്തിയും പ്രേരണയും അളക്കാവതല്ല.

### കൗദാശികജീവിതം

22. കർത്താവു സ്ഥാപിച്ചവിധം യഥാക്രമം മാമോദീസ പരികർമ്മം ചെയ്യുകയും ശരിയായ ഒരുക്കത്തോടുകൂടി സ്വീകരിക്കുകയും ചെയ്യുമ്പോൾ, യഥാർത്ഥത്തിൽ മനുഷ്യൻ ക്രൂശിതനും മഹത്വീകൃതനുമായ ക്രിസ്തുവിൽ ലയിക്കുന്നു; ദൈവികജീവിതത്തിൻെറ ഭാഗഭാഗിത്വത്തിലേക്കു വീണ്ടും ജനിക്കുന്നു; അപ്പസ്തോലൻ പറഞ്ഞതുപോലെ: "ക്രിസ്തുവിനെ മരിച്ചവരിൽനിന്നു് ഉയിർപ്പിച്ച ദൈവത്തിൻെറ പ്രവത്തനത്തിലുള്ള വിശ്വാസത്തിലൂടെ മാമ്മോദീസായിൽ ക്രിസ്തുവിനോടുകൂടി അടക്കപ്പെട്ട നിങ്ങൾ ഉയിർത്തെഴുന്നേല്ക്കുന്നു." (കൊറി. 2. 12). *

അങ്ങനെ, മാമോദീസാവഴി വീണ്ടും ജനിച്ചവരിലെല്ലാം വളരുന്ന ഐക്യത്തിൻെറ കൗദാശികബന്ധമായി മാമോദീസാ സ്ഥാപിതമായിരിക്കുന്നു. എന്നാൽ, മാമോദീസാ അതിൽത്തന്നെ ഒരു തുടക്കംമാത്രമാണു, ക്രിസ്തുവിലുള്ള ജീവിതത്തിൻെറ പരി

* റോമ. 6: 4.

പൂർണ്ണതയെ ലക്ഷ്യമാക്കിയുള്ള ഒരാരംഭംമാത്രം. അങ്ങനെ, പൂർണ്ണമായ വിശ്വാസപ്രഖ്യാപനത്തിലേക്കും ക്രിസ്തു അഭിലഷിക്കുന്ന വിധത്തിൽ രക്ഷാകരപദ്ധതിയിലുള്ള പരിപൂർണ്ണൈക്യത്തിലേക്കും അവസാനം, ദിവ്യകാരുണ്യത്തിൻെറ ഭാഗഭാഗിത്വത്തിലുള്ള പൂർണ്ണമായ ഉൾപ്പെടുത്തലിലേക്കും നയിക്കുകയാണ്, മാമോദീസാ.

നമ്മിൽനിന്നു ഭിന്നിച്ചുനില്ക്കുന്ന സഭാസമൂഹങ്ങൾ കർത്താവിൻെറ മരണത്തിൻേറയും ഉയിർപ്പിൻേറയും ഓർമ്മ തിരുവത്താഴത്തിൻെറ ആചരണത്താൽ പുതുക്കുന്നുണ്ട്, നാമും അവരും തമ്മിൽ മാമോദീസാവഴിയുള്ള ഐക്യത്തിനു ഭംഗം വന്നിട്ടുണ്ടെങ്കിലും വിശിഷ്യാ, പൗരോഹിത്യമെന്ന കൂദാശയുടെ അഭാവത്താൽ ദിവ്യകാരുണ്യരഹസ്യത്തിൻെറ സത്ത പൂർണ്ണമായും യഥാർത്ഥമായും അവർ കാത്തുസൂക്ഷിക്കുന്നില്ലെന്നു നാം വിശ്വസിക്കുന്നെങ്കിലും ക്രിസ്തുവുമായി ഐക്യപ്പെട്ടുള്ള ജീവിതമാണ് അതു് അർത്ഥമാക്കുന്നതെന്നു് അവർ ഏററു പറയുന്നു. മാത്രമല്ല, അവിടുത്തെ മഹത്വപൂർണ്ണമായ പുനരാഗമനത്തെ പ്രതീക്ഷിക്കുകയും ചെയ്യുന്നു, അവർ. അതിനാൽ, കർത്താവിൻെറ അത്താഴത്തെപ്പററിയുള്ള തത്വങ്ങളും മററുകൂദാശകളും ആരാധനയും സഭയുടെ സേവനങ്ങളും ഡയലോഗിനു വിഷയമാകേണ്ടതാണ്.

മൂന്നാം നംബറിൽ പ്രഖ്യാപിച്ച അതേ തത്വം തന്നെ വിശദമായി വ്യക്തമാക്കുകയാണ്, ഡിക്രി ഇവിടെ. ശരിയായി പരികർമ്മം ചെയ്യപ്പെടുന്ന മാമോദീസാ മനുഷ്യനെ ക്രിസ്തുവിൽ ലയിപ്പിക്കുകയാണ്, ക്രിസ്തുവിൻെറ മൗതിക ശരീരത്തിലേ അംഗമാക്കുകയാണ്. "ശരിയായി പരികർമ്മം ചെയ്യുക" എന്നതിൻെറ അർത്ഥം ഡിക്രി തന്നെ വ്യക്തമാക്കുന്നുണ്ട്: "ക്രിസ്തു സ്ഥാപിച്ചവിധം", അല്ലാതെ, റോമാസഭയുടെ മാമോദീസാക്രമം അനുസരിച്ചുള്ള പരികർമ്മത്തെയല്ല വിവക്ഷിക്കുന്നതു്. "ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കണം" (യോഹ. 3: 5) മെന്നും "പിതാവിൻേറയും

പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുക" (മത്താ. 28: 19) യെന്നമാണു കർത്താവു കല്പിച്ചിട്ടുള്ളതു്. മാമോദീസായ്ക്കു പച്ചവെള്ളം വേണമെന്നോ ചൂടുവെള്ളം ആവശ്യമാണെന്നോ, നദിയിൽ മുങ്ങണമെന്നോ വെള്ളം തലയിൽ ഒഴിച്ചാൽ മതിയെന്നോ ഒന്നും കർത്താവു കല്പിച്ചിട്ടില്ല. അവയെല്ലാം ഓരോ സമൂഹത്തിൻേറയും പാരമ്പര്യത്തിൽ നിന്നുടലെടുത്തിട്ടുള്ളവയാണു്. ഓരോ സഭയുടേയും ജ്ഞാനസ്നാനക്രമങ്ങൾ എടുത്തു നോക്കിയാൽ ഇതുപോലുള്ള നിരവധി നിബന്ധനകൾ കാണാൻ കഴിയും. പക്ഷേ, മാമോദീസായുടെ ശരിയായ പരികർമ്മത്തിനു് അവ വയെല്ലാം അത്യന്താപേക്ഷിതങ്ങളാണെന്നു് ആരും വാദിക്കുകയില്ല.

ഇനിയും, മാമോദീസാവഴി സ്ഥാപിതമായിട്ടുള്ള ബന്ധം, ഐക്യം, ഇന്നു ക്രൈസ്തവലോകത്തു കാണുക അസാദ്ധ്യമാണു്, പ്രത്യേകിച്ചും കത്തോലിക്കർക്കും പ്രോട്ടസ്റ്റൻറുകാർക്കുമിടയിൽ. മററു കൂദാശകളുടെ കാര്യത്തിലും വളരെ വിഭിന്നങ്ങളായപഠനങ്ങളാണു് ഇരുവക്കുമുള്ളതു്. ആദ്യമായി, ഐക്യത്തിൻെറ കൂദാശയുടെ കാര്യംതന്നെ എടുക്കുകയാണു്, കൗൺസിൽ ശരിയാണു്, പല പ്രോട്ടസ്റ്റൻറുസഭകളും കർത്താവിൻെറ തിരുവത്താഴത്തെ ആചരിക്കുന്നുണ്ടു്. പക്ഷേ, അതേപ്പററിയുള്ള അവരുടെ ധാരണകൾ വിഭിന്നങ്ങളാണു്; കത്തോലിക്കരുടെ ധാരണയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ, സഭയുടെ പരമ്പരാഗതമായ ധാരണകളുമായി തട്ടിച്ചു നോക്കി

യാൽ, അവ അപൂർണ്ണങ്ങളാണെന്നും കാണാം. തിരുവത്താഴത്തിന്റെ ഈ ആവർത്തനം ഒരു ബലിയായോ കൂദാശയായോ കരുതുവാൻ അവരിൽ പലർക്കും സാധിക്കുന്നില്ല. കൂദാശ ചെയ്യപ്പെട്ട അപ്പത്തിലും വീഞ്ഞിലും ദിവ്യനാഥൻ എഴുന്നുള്ളിയിരിക്കുന്നെന്നും അവ ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി മാറിയിരിക്കുന്നെന്നും വിശ്വസിക്കുവാൻ അവർക്കു കഴിയുന്നില്ല. അങ്ങനെ ദിവ്യകാരുണ്യത്തിലും അതുപോലെ മററു കൂദാശകളുടെ കാര്യത്തിലും അടിസ്ഥാനപരമായ പല വിഭിന്നതകളുമുണ്ട്. അതുകൊണ്ടാണ് അവയെല്ലാം ഡയലോഗിനു വിഷയമാക്കണമെന്നു ഡിക്രി ആവശ്യപ്പെടുന്നതു്.

## ക്രൈസ്തവജീവിതം

23. ഈ സഹോദരങ്ങളുടെ ക്രിസ്തീയജീവിതം ക്രിസ്തുവിലുള്ള വിശ്വാസത്തിൽ വളരുന്നു. മാമോദീസായിൽനിന്നു ലഭിക്കുന്ന പ്രസാദവരവും ദൈവവചനത്തിന്റെ ശ്രവണവും അതിനെ ശക്തിപ്പെടുത്തുന്നു. വ്യക്തിപരമായ പ്രാർത്ഥനയിലും ബൈബിളിന്റെ ധ്യാനത്തിലും ക്രൈസ്തവകുടുംബജീവിതത്തിലും ദൈവത്തിന്റെ സ്തുതിക്കായി നടത്തുന്ന സമൂഹാരാധനയിലും ഇതു പ്രകടമാണ്. ഇതിലുമുപരിയായി, അവരുടെ ദൈവികാരാധനയിൽ പഴയ പൊതു—ആരാധനക്രമത്തിലെ വ്യക്തമായ പല ഘടകങ്ങളും കാണാനുണ്ട്.

ദൈവത്തിൽനിന്നു ലഭിച്ച അനുഗ്രഹങ്ങൾക്ക് അവിടുത്തെ സ്തുതിക്കുന്നതിലും നന്ദി പ്രകടിപ്പിക്കുന്നതിലുമാണു ക്രിസ്തുലുള്ള അവരുടെ വിശ്വാസം ഫലമണിയുന്നതു്. അയല്ക്കാരോടു സജീവമായ നീതിബോധവും നിർവ്യാജമായ സ്നേഹവും അവർ കാണിക്കുന്നു. ഈ സജീവവിശ്വാസം, ആദ്ധ്യാത്മികവും ശാരീരികവുമായ ദുരിതനിവാരണത്തിനും യുവജനവിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനത്തിനും ജീവിതത്തിന്റെ സാമൂഹികപരിതഃസ്ഥി

തികൾ കൂട്ടതൽ മാനുഷികമാക്കുന്നതിനും ലോകസമാധാനം സു ശക്തമാക്കുന്നതിനുമുള്ള അനവധി സംഘടനകൾക്ക രൂപംകൊടുത്തു.

എന്നാൽ, ക്രിസ്ത്യാനികളിൽ അനേകർ കത്തോലിക്കരിൽ നിന്നു വിഭിന്നമായ വിധത്തിലാണു സുവിശേഷത്തിലെ ധാർമ്മികപ്രബോധനങ്ങൾ ഗ്രഹിച്ചിരിക്കുന്നതു്. ഇന്നത്തെ പ്രയാസമേറിയ സാമൂഹികപ്രശ്നങ്ങൾക്ക് ഒരേവിധത്തിലുള്ള പ്രതിവിധിയല്ല അവർ സ്വീകരിക്കുക. എങ്കിലും ക്രിസ്തീയപുണ്യത്തിനു് ഉറവിടം ക്രിസ്തുവിൻെറ വാക്കുകളാണെന്ന ധാരണയിലൂന്നി ജീവിക്കുവാനുള്ള നമ്മുടെ ആഗ്രഹത്താലും "വാക്കാലോ പ്രവൃത്തിയാലോ എന്തുതന്നെ ചെയ്താലും കർത്താവായ ക്രിസ്തുവഴി പിതാവായ ദൈവത്തിനു നന്ദി പ്രകടിപ്പിച്ചുകൊണ്ടു് എല്ലാം ക്രിസ്തുവിൻെറ നാമത്തിൽ ചെയ്യുക." (കൊളോ. 3: 17) എന്ന അപ്പസ്തോലൻെറ ആജ്ഞ അനുസരിക്കുന്നതിലും അവർ നമ്മോടു പങ്കുചേരുന്നുണ്ടു്. അതുകൊണ്ടു്, സുവിശേഷത്തിൻെറ ധാർമ്മികപ്രയോഗക്ഷമതയെപ്പററി ചർച്ചചെയ്തുകൊണ്ടു് ഐക്യാഭിമുഖസംഭാഷണം ആരംഭിക്കാൻ കഴിയും.

വാസ്തവത്തിൽ, വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളുടെ അനുദിനക്രൈസ്തവജീവിതത്തിനു് അഭിനന്ദനം അർപ്പിക്കുകയാണു ഡിക്രി ഇവിടെ. അവരുടെ പ്രാർത്ഥനയും കുടുംബജീവിതവും ആരാധനയും നീതിബോധവും പരസ്നേഹപ്രവൃത്തികളുമെല്ലാം സാമൂഹിക സുരക്ഷിതത്വത്തിനും സാർവലൗകികക്ഷേമത്തിനും അങ്ങേയററം ഗുണപ്രദമായിട്ടുണ്ടു്. ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള അവരുടെ സംഘടനകളേയും അവയുടെ അഭിനന്ദനീയ പ്രവർത്തനങ്ങളേയും ശ്ലാഘിക്കുവാൻ ഡിക്രി മറന്നിട്ടില്ല. പക്ഷേ, ഇതുകൊണ്ടൊന്നും സുവിശേഷധ്വനി മുഴുവൻ പ്രവൃത്തിപഥത്തിലേക്കു പകർത്തിക്കഴിഞ്ഞെന്നു ചിന്തിക്കാനാവില്ല. അതിനു വിലങ്ങുതടിയായി നില്ക്കുന്ന ഏററവും വലിയ വിപത്തു സുവിശേഷത്തിൻെറ ധാർമ്മി

കമ്മ്യൂണ്യങ്ങളെപ്പററിയുള്ള അഭിപ്രായവ്യത്യാസങ്ങളും അബദ്ധധാരണകളുമാണ്. അവയെല്ലാം മാറിയാലേ സുവിശേഷം സാമൂഹികജീവിതത്തിൽ പൂർണ്ണമായും പ്രശോഭിക്കുകയുള്ളൂ. അതുകൊണ്ടാണ് അവയും അഭിമുഖസംഭാഷണത്തിനു വിഷയമാകണമെന്നു പിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നത്. എല്ലാ ക്രിസ്ത്യാനികളും ഒത്തൊരുമിച്ചു സുവിശേഷധ്വനി അനുദിന ജീവിതത്തിലേക്കു പകർത്തുവാൻ ശ്രമിച്ചാൽ, "പുതിയ ആകാശവും പുതിയഭൂമിയും" ഉദയം ചെയ്യുവാൻ അധികനാൾ വേണ്ടിവരില്ല.

## ഉപസംഹാരം

24. അങ്ങനെ, എക്യുമെനിസം പ്രാവർത്തികമാക്കുവാൻ ഉപയുക്തമായ വ്യവസ്ഥകളും അതിനെ നിയന്ത്രിക്കേണ്ട തത്വങ്ങളും ഹ്രസ്വമായി വിവരിച്ചശേഷം സുദൃഢമായി ഞങ്ങൾ ഭാവിയിലേക്കു നോക്കുകയാണ്. ഐക്യത്തിൻെറ യഥാർത്ഥ പുരോഗമനത്തെ നശിപ്പിക്കുവാൻ പോരുന്ന ഉപരിപ്ലവവും വിവേകശൂന്യവുമായ തീക്ഷ്ണതയിൽനിന്ന് ഒഴിഞ്ഞുമാറുവാൻ വിശ്വാസികളെ ഉപദേശിക്കുകയാണ്, ഈ കൗൺസിൽ. അവരുടെ എക്യുമേനിക്കൽ പ്രവർത്തനം പൂർണ്ണമായും ആത്മാർത്ഥമായും കാതോലികമായിരിക്കണം; അതായത്, അത് അപ്പസ്തോലന്മാരിൽനിന്നും സഭാപിതാക്കന്മാരിൽനിന്നും നമുക്കു ലഭിച്ചിട്ടുള്ള സത്യത്തോടു വിശ്വസ്തത പാലിക്കുന്നതും കത്തോലിക്കസഭ എന്നും പ്രഖ്യാപിച്ചിട്ടുള്ള വിശ്വാസത്തോട് അനുരൂപപ്പെട്ടതും അതേസമയംതന്നെ, സമയത്തിൻെറ പുരോഗമനത്തിൽ പൂർണ്ണത പ്രാപിക്കണമെന്നു കർത്താവ് ആഗ്രഹിക്കുന്ന തൻെറ ശരീരത്തിൻെറ പൂർണ്ണതയെ ഉന്നംവച്ചുള്ളതും ആയിരിക്കണം.

ഈ വിശുദ്ധ സുനഹദോസിൻെറ അടിയന്തരാഭിലാഷം, കത്തോലിക്കാസഭാസന്താനങ്ങളുടെ സംരംഭങ്ങൾ വേർപെട്ടുനില്ക്കുന്ന സഹോദരങ്ങളുടെ സംരംഭങ്ങളോടൊത്തു പുരോഗമിക്കണമെന്നാണ്. ദൈവപരിപാലനയുടെ മാർഗ്ഗത്തിൽ പ്രതിബന്ധ

ങ്ങളൊന്നും വിതച്ചുകൂടാ. പരിശുദ്ധാത്മാവിൻെറ ഭാവിപ്രചോദനങ്ങൾക്ക് അതിത്തിവരമ്പുകൾ കെട്ടിയടക്കുകയുമരുത്. ക്രിസ്തുവിൻെറ ഏകവും ഒന്നുമാത്രവുമായ സഭയുടെ ഐക്യത്തിലേക്കു സകല ക്രിസ്ത്യാനികളേയും പുനരാനയിക്കുകയെന്ന പരിശുദ്ധലക്ഷ്യം പ്രാപിക്കുക മാനുഷികശക്തിക്ക് അതീതമാണെന്ന ബോധം വ്യക്തമാക്കുകയാണ്, കൗൺസിൽ. അതുകൊണ്ടുതന്നെയാണ്, സഭയ്ക്കുവേണ്ടിയുള്ള ക്രിസ്തുവിൻെറ പ്രാത്ഥനയിലും നമ്മോടുള്ള പിതാവിൻെറ സ്നേഹത്തിലും പരിശുദ്ധാത്മാവിൻെറ നിഗൂഢശക്തിയിലും കൗൺസിൽ തൻെറ പ്രത്യാശ പ്രതിഷ്ഠിക്കുന്നത്. "പ്രത്യാശ നമ്മെ പരിഭ്രാന്തരാക്കില്ല; കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവ് ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു പ്രവഹിപ്പിച്ചിരിക്കുന്നു" (റോമ 5: 5).

ഡിക്രിക്കു പൊതുവേയുള്ള ഒരുപസംഹാരമാണിത്. പ്രശാന്തസുന്ദരമായ ഒരു ഭാവിയെ വിഭാവനംചെയ്തുകൊണ്ടാണു തങ്ങൾ ഇതെഴുതുന്നതെന്നു പിതാക്കന്മാർ വ്യക്തമാക്കുന്നുണ്ട്. ഭാവിയെപ്പററിയുള്ള ചിന്ത, ഒരു താക്കീതു നല്കുവാനത്രേ പിതാക്കന്മാരെ പ്രഥമത: പ്രേരിപ്പിച്ചിരിക്കുന്നത്: അതായത്, ഉപരിപ്ലവവും വിവേകശൂന്യവുമായ പ്രവത്തനങ്ങൾ യഥാർത്ഥ എക്യുമെനിസത്തിനു ഹാനികരമാണ്. എക്യുമേനിക്കൽ പ്രവത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെല്ലാം എപ്പോഴും സ്മരിക്കേണ്ട ഒരു സത്യമാണിത്. ഇതിന് ഉപോൽബലകമാണ്, സഭൈക്യം സാധിക്കുക മാനുഷികശക്തിക്കും കഴിവുകൾക്കും അതീതമാണെന്ന ധാരണയുടെ പ്രകടനം. അതായത്, മനുഷ്യനെന്തുതന്നെ ചെയ്താലും അതൊന്നും സഭൈക്യത്തിൽ അവസാനിക്കില്ല, ദൈവാനുഗ്രഹം ആദ്യം പ്രവത്തിച്ചില്ലെങ്കിൽ. അതുകൊണ്ട്, ഇന്നുതന്നെ സഭൈക്യം സാധിച്ചേ അടങ്ങൂ എന്നും പറ

ഞ്ഞു കർമ്മരംഗത്തിറങ്ങുന്നതു് അബദ്ധമാണു്. യഥാത്ഥ ഐക്യാഭിലാഷികൾ ചെയ്യേണ്ടതു്, കത്താവിൻെറ പ്രവത്തനങ്ങൾക്കു സ്വയം അർപ്പിക്കുകയും പരിശുദ്ധാത്മാവിൻെറ പ്രചോദനത്തിൽ എന്തും ചെയ്യാൻ സന്നദ്ധരായിരിക്കയുമാണു്.

രണ്ടാമത്തെ ഉപദേശം, കത്തോലിക്കരുടെ പ്രവത്തനങ്ങൾ എപ്പോഴും കാതോലികമായിരിക്കണമെന്നത്രേ. പരമ്പരാഗതമായ നിത്യസത്യങ്ങളോടു വിശ്വസ്തത പാലിക്കണം നമ്മുടെ എക്യുമേനിക്കൽ പ്രവത്തനങ്ങൾ; കത്തോലിക്കാവിശ്വാസത്തിനു് അനുരൂപമായിരിക്കണമതു്; ക്രിസ്തുവിൻെറ ഹിതപ്രകാരമുള്ള ഐക്യമായിരിക്കണം അതിൻെറ ലക്ഷ്യം. പോരാ, കത്തോലിക്കരുടെ ഐക്യസംരംഭങ്ങൾ മററുള്ളവരോടു സഹകരിച്ചു പരസ്പരം മുന്നേറുന്നവയായിരിക്കണം. കത്തോലിക്കരുടേതായ ഒരു പുതിയ ഐക്യമെനിസത്തെ വളർത്തുകയല്ല, ക്രൈസ്തവരുടെ പുനരൈക്യത്തെ വളർത്തുവാൻ സഹകരിക്കുകയാണു നാം ചെയ്യേണ്ടതു്.

ഐക്യത്തിനു മുമ്പിൽ അണിനിരന്നിട്ടുള്ള പ്രതിബന്ധങ്ങളെ കണ്ടു് ആരും നിരാശരാകേണ്ടതില്ല. കാരണം, ദൈവതിരുമുമ്പിൽ അവയെല്ലാം നിഷ്പ്രഭങ്ങളാണു്. അതുകൊണ്ടു്, അവിടുത്തെ ഹിതം നിറവേറാനാണു നാം പ്രാത്ഥിക്കുകയും പ്രവത്തിക്കുകയും ചെയ്യേണ്ടതു്. ദൈവപരിപാലനയുടെ മാർഗ്ഗത്തിൽ തടസ്സങ്ങളൊന്നും സ്ഥാപിക്കാതിരിക്കുവാനും നാം ശ്രമിക്കണം. ഡിക്രിയിലെ ഈ വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടു് കാർഡിനൽ ജെഗർ രേഖപ്പെടുത്തുന്നതിങ്ങനെയാണു്:

"ദൈവപരിപാലനയുടെ നവീനമാർഗ്ഗങ്ങളിൽ, പരിശുദ്ധാത്മാവിൻെറ ഭാവി പ്രചോദനത്തിന്, പ്രതിബന്ധമാവാതിരിപ്പാൻ എക്യുമെനിസത്തെ ഡിക്രി പിടിച്ചുകെട്ടരുതെന്നാണു കൗൺസിൽ പ്രഖ്യാപിക്കുന്നതു്. അങ്ങനെ, ദൈവത്തിൻെറ തീർത്ഥാടകജനത്തിൻെറ ഒരു പ്രത്യേകചരിത്രപശ്ചാത്തലത്തെ കുറിക്കുകയാണു്, ഡിക്രി. സഭയുടേയും ക്രൈസ്തവലോകത്തിൻേറയും നവീന എക്യുമേനിക്കൽ സാദ്ധ്യതകൾക്കുള്ള വഴികളെല്ലാം ഡിക്രി തുറന്നിടുകയും ചെയ്യുന്നു."*

## ഡിക്രിയുടെ വിളംബരം

***ഈ ഡിക്രിയിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതെല്ലാം പിതാക്കന്മാരെ സന്തുഷ്ടരാക്കിയിരിക്കുന്നു. ക്രിസ്തുവിൽനിന്നു ലഭിച്ചിട്ടുള്ള അപ്പസ്തോലികാധികാരത്താൽ വന്ദ്യ പിതാക്കന്മാരോടൊത്തു നാമും അവയെ അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും സംസ്ഥാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം സൂനഹദോസിലൂടെ നിശ്ചയിച്ചവ ദൈവമഹത്വത്തിനായി വിളംബരം ചെയ്യുവാൻ നാം ആജ്ഞാപിക്കുന്നു.***

സെൻറ് പീറേറഴ്സ്,
റോം,
21 നവംബർ 1964.

***കത്തോലിക്കസഭയുടെ***
***മെത്രാനായ പോൾ (ഒപ്പ്)***

***തുടർന്നു കൗൺസിൽ പിതാക്കന്മാരുടെ***
***ഒപ്പുകൾ***

---

* *A Stand on Ecumenism: The Council's Decree, p. 174.*

## 5. എക്യുമേനിക്കൽ ഡിറക്ടറി

എക്യുമെനിസത്തെപ്പററിയുള്ള സ്കെമ്മയുടെ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ വരുവാനിരിക്കുന്ന ഒരു എക്യുമേനിക്കൽ ഡിറക്ടറിയുടെ കാര്യം ഐക്യസെക്രട്ടേറിയററ് പല പ്രാവശ്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. എക്യുമെനിസത്തെ സംബന്ധിക്കുന്ന കത്തോലിക്ക തത്വങ്ങളുടെ അടിസ്ഥാനപരമായ വിശകലനമാണ കൗൺസിൽ ഡിക്രി. അതിൻെറ പ്രായോഗികാനുഷ്ഠാനത്തെ നയിക്കുവാനാണ ഡിറക്ടറി തയ്യാറാക്കിയിരിക്കുന്നതു്.

ഡിക്രിയെപ്പററിയുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ ഡിറക്ടറിക്കായുള്ള വസ്തുതകൾ ശേഖരിക്കുന്നതിൽ സെക്രട്ടേറിയററ് ശ്രദ്ധിച്ചിരുന്നു. ഡിക്രിയുടെ പ്രസാധനശേഷം പ്രത്യേകിച്ചും, കൗൺസിലിൻെറ സമാപനശേഷം, സെക്രട്ടേറിയററിൻെറ ശ്രദ്ധ പ്രധാനമായി പതിഞ്ഞതു ഡിറക്ടറിയുടെ സജ്ജീകരണത്തിലത്രേ. 1965 മേയിൽ ഡിറക്ടറിയുടെ പ്രഥമ രൂപം തയ്യാറായി. റോമിലേ വിവിധ കോൺഗ്രിഗേഷനുകളിലേക്കും ലോകത്തിൻെറ നാനാഭാഗങ്ങളിലേ മെത്രാസനങ്ങളിലേക്കും ഇതിൻെറ കോപ്പികൾ അയച്ചുകൊടുത്തു. അവരുടെയെല്ലാം പഠനത്തിനും ചർച്ചകൾക്കുംശേഷം, ലഭിച്ച തിരുത്തലുകളെ പരിഗണിച്ചുകൊണ്ടു സെക്രട്ടേറിയററ് ഡിറക്ടറിയെ ഒന്നു നവീകരിച്ചു. നവീകൃതമായ ഈ പതിപ്പാണു് പാപ്പായുടെ അം

ഗീകാരത്തിനായി സമർപ്പിച്ചത്. 1967 ഏപ്രിൽ 28-ാം തീയതി പാപ്പാ ഡിറക്ടറിക്ക് അംഗീകാരം നല്കി. അങ്ങനെ, ചിരകാലപ്രതീക്ഷിതമായ എക്യുമെനിക്കൽ ഡിറക്ടറി 1967 മേയ് 14-ന പ്രസിദ്ധീകൃതമായി.

മൂന്ന് അധ്യായങ്ങളുള്ള സാമാന്യം വലിയ ഒരു രൂപരേഖയാണിത്. ആകെ ഇതിനെ 63 നമ്പറുകളിലായി വിഭജിച്ചിരിക്കുന്നു.

സെക്രട്ടേറിയററു പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്ന എക്യുമെനിക്കൽ ഡിറക്ടറിയുടെ പ്രഥമ ഭാഗം മാത്രമാണിതെന്നു മോൺ. വില്ലിബ്രാൻഡ് പ്രസ്താവിക്കുകയുണ്ടായി. അതായത്, കാലത്തിൻെറ ഗതിക്കനുസൃതമായി എക്യുമേനിക്കൽ ഡിക്രിയുടെ പ്രായോഗികത ത്വരിതപ്പെടുത്തുവാൻ ഇനിയും നിർദ്ദേശങ്ങൾ പ്രതീക്ഷിക്കാമെന്ന്. കാരണം, എക്യുമെനിസം ദൈനംദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. അതിൻെറ വളർച്ചയെ സുഗമവും സുരക്ഷിതവുമാക്കണമെങ്കിൽ ഉയർന്നുവരുന്ന നവംനവങ്ങളായ കർമ്മപഥങ്ങൾ സ്വാഗതം ചെയ്യേ പററൂ. അതിനായിത്തന്നെയാണല്ലോ ഐക്യസെക്രട്ടേറിയററിനെ ഒരു സ്ഥിരം സ്ഥാപനമായി മാററിയിരിക്കുന്നതും.

ഡിറക്ടറിയുടെ ഒരു വിവത്തനം നല്കണമെന്നായിരുന്നു പ്ലാൻ. പക്ഷേ, സ്ഥലച്ചുരുക്കം അതിന് അനുവദിക്കുന്നില്ല. അതുകൊണ്ട്, അതിൻെറ ഒരു ചെറിയ വിവരണം നല്കാനേ സാധിക്കൂ. പ്രധാനകാര്യങ്ങളെല്ലാംതന്നെ എടുത്തു കാട്ടാൻ ശ്രമിക്കുകയാണ്.

## ഉപോദ്ഘാതം

സഭൈക്യം പുനഃസ്ഥാപിക്കുക സഭയുടെ മുഴുവൻ ആകാംക്ഷയാണെന്ന ഡിക്രിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണു ഡിറക്ടറിയുടെ ആരംഭം. അതേ, സഭൈക്യം പുനഃസ്ഥാപിക്കുകയെന്നതു സകല ക്രിസ്ത്യാനികളുടേയും, ഇടയന്മാരുടേയും ആടുകളുടേയും, കടമയാണ് (1). ഈ കടമ നിർവ്വഹിക്കാനായുള്ള പ്രവർത്തനങ്ങളെ നിയന്ത്രിക്കുക മെത്രാന്മാരുടെ കടമയത്രേ. സകലരേയും തങ്ങളുടെ ഈ എക്യുമേനിക്കൽ കർത്തവ്യം നിർവ്വഹിക്കുവാൻ സാഹായിക്കുകയത്രേ ഡിറക്ടറിയുടെ ലക്ഷ്യം(2).

### ഒന്നാമദ്ധ്യായം

#### എക്യുമേനിക്കൽ കമ്മീഷനുകളുടെ സ്ഥാപനം

എക്യുമെനിസത്തെ വളർത്തുവാൻ ഓരോ രൂപതയിലും, പല രൂപതകൾ ചേർന്നു പ്രാദേശികാടിസ്ഥാനത്തിലും കമ്മിഷനുകൾ സ്ഥാപിക്കാവുന്നതാണ്. അതിനു സാദ്ധ്യമല്ലാത്തിടങ്ങളിൽ മെത്രാന്മാർ ഓരോ വൈദികനെയെങ്കിലും ഈ പ്രവർത്തനത്തിനായി നിയമിക്കേണ്ടതുണ്ട്(3). ഇപ്രകാരം സ്ഥാപിതമാകുന്ന കമ്മീഷനുകൾ മററു എക്യുമേനിക്കൽ പ്രസ്ഥാനങ്ങളുമായി സഹകരിക്കുവാൻ സദാ സന്നദ്ധമായിരിക്കണം (4). മാത്രമല്ല, സഭൈക്യം സഭയുടെ മുഴുവൻ അഭിലാഷമാണെന്നു വ്യക്തമാക്കുവാൻ ഇത്തരം കമ്മിഷനുകളിൽ ഇടവക വൈദികർമാത്രമല്ല സന്യാസിനീസന്യാസികളും അല്മായരും അംഗങ്ങളായിരിക്കണം, പറയുന്നിടത്തെല്ലാം (5).

ഇത്തരം കമ്മീഷനുകളുടെ കർത്തവ്യങ്ങളിൽ ചിലതു ചൂണ്ടിക്കാണിക്കുകയാണ്: എ) അനുദിന സഭാജീവിതത്തിൽ എക്യുമേനിക്കൽ ഡിക്രി പ്രാവർത്തികമാക്കുക. ബി) വ്യക്തിപരവും ഒന്നിച്ചുള്ളതുമായ പ്രാർത്ഥനവഴി ആദ്ധ്യാത്മിക എക്യുമെനിസത്തെ വളർത്തുക. സി) ക്രിസ്ത്യാനികളുടെ ഇടയിൽ പരസ്പരസ്നേഹവും സാഹോദര്യവും വളർത്തുക. ഡി) അകത്തോലിക്കരുമായുള്ള അഭിമുഖസംഭാഷണത്തിനു മുൻകൈയ്യെടുക്കുക. ഇ) വിദ്യാഭ്യാസത്തി

ലും സാംസ്കാരിക സാമ്പത്തികതലങ്ങളിലും മനുഷ്യവ്യക്തിയു ടെ ആദരണീയത ഉയർത്തിക്കാട്ടുകയും ക്രിസ്തുവിന് ഒന്നിച്ചുള്ള സാക്ഷ്യം വഹിക്കുവാൻ ക്രിസ്ത്യാനികളെ സഹായിക്കുകയും ചെയ്യുക. എഫ്) മററു ക്രൈസ്തവസമൂഹങ്ങളുമായി അഭിമുഖസംഭാഷണം നടത്തുന്നതിനു വിദഗ്ദ്ധന്മാരെ നിയമിക്കുക: ജി) പ്രാദേശിക എക്യുമേനിക്കൽ സ്ഥാപനങ്ങളുമായി ബന്ധം പുലർത്തുകയും അവരുടെ ഉപദേശങ്ങൾ ഉപയോഗപ്രദമായി അനുരൂപപ്പെടുത്തുകയും ഐക്യസെക്രട്ടേറിയററിന് ആവശ്യകമായ സഹായം ചെയ്തുകൊടുക്കുകയും മററുമാണ് ഇവയുടെ ചുമതലകൾ(6).

## b) പ്രാദേശിക കമ്മീഷനുകൾ

ഓരോ രാജ്യത്തേയും മെത്രാന്മാരുടെ കോൺഫ്രൻസുകൾ പ്രത്യേകകമ്മീഷനുകൾ എക്യുമെനിസത്തിനായി രൂപീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ സ്ഥിരം സെക്രട്ടേറിയററുകളും സ്ഥാപിക്കണം. സാർവ്വത്രികസഭയുടെ നന്മയെ മറന്നുകളയാതെ പ്രാദേശികാവശ്യങ്ങൾക്കനുസരണം എക്യുമേനിക്കൽ പ്രവത്തനങ്ങളെ വളർത്തുകയാണ് ഇത്തരം കമ്മീഷനുകളുടേയും സെക്രട്ടേറിയററുകളുടേയും ചുമതല (7). നമ്പർ 6-ൽ വ്യക്തമാക്കിയവ കൂടാതെ മററു ചില കത്തവ്യങ്ങൾകൂടി ഇത്തരം കമ്മീഷനുകൾ നിർവ്വഹിക്കേണ്ടതുണ്ട്: a) റോമിൽനിന്നുള്ള നിർദ്ദേശങ്ങൾ പ്രാവത്തികമാക്കുക; b) രൂപതാകമ്മീഷനുകൾ സ്ഥാപിക്കുവാൻ മെത്രാന്മാരെ സഹായിക്കുക; c) എക്യുമേനിക്കൽ പ്രവത്തനങ്ങൾക്ക് ആവശ്യകമായ ആധ്യാത്മികവും ഭൗതികവുമായ സഹായം നല്കുക: d) രൂപതാകമ്മീഷനുകളുടെ പരിധിയിൽപ്പെടാത്ത അഭിമുഖസംഭാഷണങ്ങൾ വിദഗ്ദ്ധമായി നടത്തുക; e) അത്തരം സംഭാഷണങ്ങൾക്കു വിദഗ്ദ്ധന്മാരെ തിരഞ്ഞെടുക്കുക: f) കിഴക്കൻസഭക്കാരുമായി ബന്ധം പുലർത്തുവാൻ, ആവശ്യമെങ്കിൽ, സബ്കമ്മീഷനുകൾ സ്ഥാപിക്കുക; g) എക്യുമേനിക്കൽ വിഷയങ്ങളിൽ ദേശീയസഭാഭരണസമിതിയും റോമുമായുള്ള ബന്ധത്തിനു മധ്യവത്തിയാകുക മുതലായവ (8).

## രണ്ടാമദ്ധ്യായം

### അകത്തോലിക്ക വൈദികർ പരികർമ്മംചെയ്യുന്ന മാമോദീസായുടെ സാധുത.

ഇതേപ്പററിയുള്ള സഭയുടെ നിലപാട്ട് രണ്ടു തത്വങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നതു്: നിത്യരക്ഷയ്ക്കു മാമോദീസാ ആവശ്യകമാണ്; പക്ഷേ, അതു് ഒരിക്കൽമാത്രമേ നല്കുവാൻ പാടുള്ളു (9).

മാമോദീസായുടെ എക്യുമേനിക്കൽപ്രാധാന്യത്തെ കൗൺസിൽ പല പ്രമാണരേഖകളിലും വ്യക്തമാക്കിയിട്ടുണ്ട് (10). അതായതു്, ക്രൈസ്തവൈക്യത്തിൻെറ എടിസ്ഥാനവും കൗദാശിക ചങ്ങലയുമാണ മാമോദീസാ. പക്ഷേ, പലപ്പോഴും ഈ മാമോദീസാതന്നെ ഐക്യത്തിനു വിലങ്ങുതടിയായി നില്ക്കുന്നുണ്ട്; ചില സഭക്കാർ പരികർമ്മംചെയ്യുന്ന മാമോദീസാ സാധുവാണോ എന്നു ന്യായപൂർവ്വം സംശയിക്കുന്ന അവസരങ്ങളുമുണ്ട്. അത്തരം അവസരങ്ങളിൽ നമുക്കു മാർഗ്ഗദർശനം നല്കുന്ന തത്വങ്ങളാണ് താഴെ ചേർത്തിരിക്കുന്നതു് (11).

കിഴക്കൻസഭകളിൽ നല്കപ്പെടുന്ന മാമോദീസയുടെ സാധുതയെപ്പററി സംശയിക്കേണ്ട ആവശ്യമില്ല (12). മററു സഭകളിലെ മാമോദീസയെപ്പററി സംശയമുദിക്കാവുന്നതു താഴെപ്പറയുന്ന കാര്യങ്ങളിലാവാം: a) കർമ്മസാധനത്തേയും കർമ്മസൂത്രപത്തേയുംപററി: ത്രിത്വത്തിലുള്ള വിശ്വാസം വ്യക്തമാക്കുന്ന വാക്കുകൾ ഉച്ചരിച്ചുകൊണ്ടു വെള്ളത്തിൽ മുക്കിയോ വെള്ളം തളിച്ചോ വെള്ളം ഒഴിച്ചോ ഉള്ള മാമോദീസാ സാധുവാണ്. ഇവയിലേതെങ്കിലുമൊരു രീതിയാണ് അവലംബിച്ചിട്ടുള്ളതെങ്കിൽ പിന്നെ സംശയമുദിക്കാവുന്നതു കാർമ്മികൻ കർമ്മക്രമത്തിൽനിന്നു വ്യതിചലിച്ചിട്ടുണ്ടെങ്കിൽമാത്രം. കാർമ്മികനു കർമ്മക്രമത്തോടുള്ള വിശ്വസ്തത തെളിയിക്കുവാൻ സാധാരണയുള്ള മാമോദീസ സർട്ടിഫിക്കറ്റുകൾ മതി. b) വിശ്വാസത്തേയും ഉദ്ദേശ്യത്തേയും പററി: കാർമ്മികൻ വിശ്വാസം നഷ്ടപ്പെട്ടവനാണെന്ന വസ്തുത മാമോദീസയെ അസാധുവാക്കുന്നില്ല. അതുകൊണ്ട് അവിശ്വാസിയായ ഒരാൾ പരികർമ്മംചെയ്യുന്ന മാമോദീസായു

സാധുവാണ്. കാർമ്മികൻെറ ഉദ്ദേശ്യത്തെപ്പററി ചിന്തിക്കു മ്പോൾ അദ്ദേഹത്തിനു ശരിയായ ഉദ്ദേശ്യം ഉണ്ടായിരുന്നെന്നുവേ ണം അനുമാനിക്കുവാൻ. c) കർമ്മസാധനത്തിൻെറ ഉപയോഗ ത്തെപ്പററി: മാമോദീസയുടെ സാധുതയെപ്പററി വിധി പ്രസ്താ വിക്കുന്നതിനുമുമ്പായി അതു് എപ്രകാരം പരികർമ്മം ചെയ്യ പ്പെട്ടെന്നും അതിലേ കർമ്മസാധനം എപ്രകാരം ഉപയോഗ പ്പെടുത്തിയെന്നുംമററും ശരിക്കു പഠിച്ചിരിക്കണം (13).

സഭയുമായി ഐക്യപ്പെടുവാൻ അഭിലഷിക്കുന്ന സകലരേ യും സംശയത്തിൻെറപേരിൽ വീണ്ടും സ്നാനപ്പെടുത്തുന്ന രീതി അംഗീകരിക്കുവാൻ പാടില്ല(14). ശരിയായ അന്വേഷണത്തി നും പഠനത്തിനുംശേഷം മാമോദീസയുടെ സാധുതയെപ്പററി വിവേകപൂർണ്ണമായ സംശയം നിലനില്ക്കുന്നെങ്കിൽ വീണ്ടും മാ മോദീസ നല്കാം; പക്ഷേ, അതു ശരിയായ വിധത്തിൽ ഉപ ദേശിച്ചശേഷം രഹസ്യമായി നല്കേണ്ടതാണ് (15).

മാമോദീസയെപ്പററിയുള്ള ദൈവശാസ്ത്രവും സഭയുടെ കീഴ വഴക്കവുമെല്ലാം മററുസഭകളുമായുള്ള സംഭാഷണത്തിനു വിഷയ മാകണം (16). പുതിയനിയമത്തിലേക്കുള്ള പ്രവേശനമാർഗ്ഗമായ മാമോദീസയെപ്പററി ഇത്തരം ചർച്ചകൾ അതിൻെറ പൂർണ്ണ മായ അർത്ഥത്തിലേക്കും അന്ത്യത്തിലേക്കും കടക്കണം. അപ്പോൾ മാമോദീസയുടെ പരസ്പരാംഗീകരണം എളുപ്പമാകും (17). മററു സഭകളിൽ പരികർമ്മം ചെയ്യപ്പെടുന്ന മാമോദീസയുടെ ശരി യായ വിലയിരുത്തൽ എക്യുമെനിസത്തെ വളരെയധികം സഹാ യിക്കും. കർത്താവു സ്ഥാപിച്ച വിധത്തിൽത്തന്നെ മാമോദീസാ പ രികർമ്മം ചെയ്യുവാൻ അതു് എല്ലാവരേയും ആഹ്വാനംചെയ്യും (18).

ഇതരസഭകളിൽ ജനിച്ചുവളർന്നവരേയും വിശ്വാസത്യാഗി കളായ കത്തോലിക്കരേയും വ്യക്തമായി തിരിച്ചറിയണം. ഇന്ന ത്തെ അകത്തോലിക്കർ സഭാവിഭജനത്തിന് ഉത്തരവാദികളല്ല. അതിനാൽ, അവരുടെ തിരിച്ചുവരവിനു മെത്രാൻ നിശ്ചയിക്കുന്ന വിശ്വാസപ്രമാണം ഏററു പറഞ്ഞാൽമാത്രം മതി. വിശ്വാസ ത്യാഗികളായ കത്തോലിക്കരുടെ പുനരൈക്യത്തിനുമാത്രമേ മഹ റോൻ പോകേണ്ട ആവശ്യമുള്ളൂ, ഇപ്പോൾ (19). ഇതേ കാരണ ത്താൽ, പാഷണ്ഡതയെ ഉപേക്ഷിക്കുന്നതായ പ്രഖ്യാപനവും മേ ലിൽ അകത്തോലിക്കരെക്കൊണ്ടു ചെയ്യിക്കേണ്ടതില്ല (20).

## മൂന്നാമദ്ധ്യായം

### ആദ്ധ്യാത്മിക എക്യുമെനിസം കത്തോലിക്കരിൽ വളർത്തുക

ക്രിസ്ത്യാനികളെല്ലാം തങ്ങളുടെ ദൈനംദിന ജീവിതവ്യാപാരങ്ങളിലും പ്രാർത്ഥനകളിലും കർബാനയിലുമെല്ലാം സഭൈക്യം മുമ്പിൽ കാണണം (21). ജനുവരി 18-മുതൽ 25-വരെ നടത്തുന്ന ഐക്യവാരത്തിലും സ്വർഗ്ഗാരോഹണത്തിരുന്നാൾമുതൽ പന്തക്കുസ്താത്തിരുന്നാൾവരെയുള്ള ദിവസങ്ങളിലും പെസഹാവ്യാഴാഴ്ച, ദുഃഖവെള്ളിയാഴ്ച, ദനഹാത്തിരുനാൾ, ഉയിർപ്പുതിരുനാൾ മുതലായ ദിവസങ്ങളിലും എക്യുമേനിക്കൽ കോൺഫ്രൻസുകൾ ആഘോഷിക്കുമ്പോഴുമെല്ലാം ഐക്യത്തിനായുള്ള പ്രാർത്ഥന കൂടുതൽ തീക്ഷ്ണതാപൂർവ്വം നടത്തണം (22). "അവരെല്ലാം ഒന്നാകേണ്ടതിന്" എന്ന ക്രിസ്തുവിൻെറ പ്രാർത്ഥനയായിരിക്കണം ഐക്യപ്രാർത്ഥനകളുടെ പ്രചോദകബിന്ദു (23). ഐക്യത്തിൻെറ കുടാശയാണു ദിവ്യകാരുണ്യം എന്ന വസ്തുത വിശ്വാസികളിൽ ദൃഢമൂലമാക്കണം. കർബാനയിലുള്ള "വിശ്വാസികളുടെ പൊതുപ്രാർത്ഥന"യിൽ ഐക്യത്തിയായുള്ള അപേക്ഷകളും ഉണ്ടായിരിക്കണം (24).

## നാലാമദ്ധ്യായം

### ഭിന്നിച്ചുനില്ക്കുന്ന സഹോദരങ്ങളുമായുള്ള ആദ്ധ്യാത്മികഭാഗഭാഗിത്വം

### a) ഉപോദ്ഘാതം

സഭയുടെ ജീവിതത്തെ പരിപൂർണ്ണമാക്കാൻ പോരുന്ന നിരവധി അമൂല്യസമ്പത്തുകൾ അകത്തോലിക്കരുടെ ഇടയിലുമുണ്ട്. ഇവയിലുള്ള പരസ്പരഭാഗഭാഗിത്വം ഐക്യത്തെ സ്പഷ്ടമാക്കുവാനും വളർത്തുവാനും അങ്ങേയററം ഉപകരിക്കും. പക്ഷേ, ഇവ വിവിധരീതിയിലാണ് ഓരോ സഭയിലും കാണുന്നത്. അതുകൊണ്ട്, ഇവയിലുള്ള ഭാഗഭാഗിത്വം പല ചുററുപാടുകളേയും ആശ്രയിച്ചാണിരിക്കുന്നത്. ഈ ചുററുപാടുകളെ പരിഗണിച്ചുള്ള

അഭിമുഖസംഭാഷണങ്ങൾ ആദ്ധ്യാത്മികവസ്തുക്കളിലുള്ള പരസ്പര ഭാഗഭാഗിത്വം സംജാതമാക്കുവാൻ വളരെയധികം ഉപകരിക്കും. എന്നാൽ, എക്യുമെനിസത്തിൽ പക്വത എത്തിയിട്ടില്ലാത്തവരെ ഈ ക്കാര്യത്തിൽ നിയന്ത്രിക്കുവാനും നയിക്കുവാനും സ്ഥലത്തെ മെത്രാനോ മെത്രാന്മാരുടെ കോൺഫ്രൻസോ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

ഒന്നിച്ചുള്ള പ്രാത്ഥനയും ആദ്ധ്യാത്മികവസ്തുക്കളുടേയും സ്ഥലങ്ങളുടേയും പൊതുവായ ഉപയോഗവും ആദ്ധ്യാത്മികവസ്തുക്കളിലുള്ള പങ്കുചേരലും ഉൾക്കൊള്ളുന്ന ഒന്നാണു് ആദ്ധ്യാത്മിക ഭാഗഭാഗിത്വം. അതു പ്രധാനമായും പ്രസ്പഷ്ടമാക്കുന്നതു് ഒരുവൻ ഇതര സഭകളിൽനിന്നു കൂദാശകൾ സ്വീകരിക്കുമ്പോഴും അവരുടെ ആരാധനക്രമത്തിൽ പങ്കെടുക്കുമ്പോഴുമത്രേ. ആരാധനക്രമമെന്നു പറഞ്ഞാൽ, ഓരോ സഭയിലും അംഗീകൃതമായിട്ടുള്ള കർമ്മങ്ങൾ അധികാരപ്പെട്ട കാർമ്മികൻ അനുഷ്ഠിക്കുക എന്നത്ഥം (25-31).

## b) സംയുക്ത പ്രാത്ഥന

ഐക്യത്തിനായുള്ള പരസ്യപ്രാർത്ഥനകളിലും സമ്മേളനങ്ങളിലും വിവിധ ക്രൈസ്തവസഭകളിലേ വിശ്വാസികളും വൈദികരുമെല്ലാം ഒന്നിച്ചു പങ്കുചേരുക ഉത്തമമാണു്. കത്തോലിക്കർ എപ്രകാരം ഇത്തരം പ്രാർത്ഥനകളിൽ സംബന്ധിക്കണമെന്നു തീരുമാനിക്കേണ്ടതു സ്ഥലത്തെ മെത്രാനാണു് (32). പൊതുക്കാര്യങ്ങൾക്കായുള്ള പ്രാർത്ഥനകളിൽ, ഉദാഹരണത്തിനു്, സമാധാനം, സാമൂഹികനീതി, പരസ്നേഹം, കുടുംബത്തിൻെറ മേന്മ മുതലായവയ്ക്കുവേണ്ടിയുള്ള പ്രാത്ഥനകളിലും ദേശീയാഘോഷങ്ങളിലും ആവശ്യങ്ങളിലുമെല്ലാമുള്ള പ്രാർത്ഥനകളിലും കത്തോലിക്കർ മററു ക്രിസ്ത്യാനികളുമായി ഒന്നിച്ചു ചേരുക അഭികാമ്യമത്രേ (33). ഇത്തരം സംയുക്ത പ്രാത്ഥനകളുടെ പ്രധാനമായ ഉദ്ദേശ്യം ക്രൈസ്തവൈക്യത്തിൻെറ പുനഃസ്ഥാപനമായിരിക്കണം. ഈ സംരംഭങ്ങളിൽ ധ്യാനവിഷയമാകേണ്ടതു സഭയുടെ രഹസ്യം, മാമോദീസ, ഐക്യത്തിനു് അത്യന്താപേക്ഷിതമായ ജീവിത നവീകരണം എന്നിവയാണു് (34).

ഇത്തരം സംരംഭങ്ങൾ എങ്ങനെ നടത്തണം? a) ഭാഗഭാക്കു

കളാകുവാനുള്ള സഭകളുടെ ഔദ്യോഗികപ്രതിനിധികൾ ചേർന്നു വേണം ഇത്തരം സംരംഭങ്ങളിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനകൾ തിരഞ്ഞെടുക്കുക. b) ക്രിസ്ത്യാനികളുടെ വിശ്വാസത്തെയോ ആദ്ധ്യാത്മികജീവിതത്തെയോ കുറിച്ചുള്ള വായനകളിലും പ്രാർത്ഥനകളിലും ഗാനങ്ങളിലുംനിന്ന് ഏതുവേണമെങ്കിലും തിരഞ്ഞെടുക്കാം. പരസ്പരധാരണയുടേയും സന്മനസ്സിൻെറയും ചൈതന്യം സൃഷ്ടിക്കുവാൻ പര്യാപ്തമായ ഉപദേശങ്ങളും ബൈബിൾധ്യാനവും ഉണ്ടായിരിക്കുക ഉത്തമമത്രേ. c) ഇത്തരം സംരംഭങ്ങൾ ആരാധനാപ്രസ്ഥാനത്തിന് അനുരൂപമായിരുന്നാൽ വളരെ നല്ലതു്. d) ഇത്തരം പൊതു പ്രാർത്ഥനകൾ കിഴക്കൻസഭകളുടെ ദൈവാലത്തിൽവച്ചാണു നടത്തുന്നതെങ്കിൽ അവരുടെ ആരാധനക്രമത്തിനു യോജിച്ചവിധത്തിലായിരിക്കണം കർമ്മങ്ങൾ ഒരുക്കേണ്ടതു് (35).

ഇതു് എവിടെവച്ചു നടത്തണം? a) ഭാഗഭാക്കാകുന്നവർക്കെല്ലാം സമ്മതമുള്ള ഒരു സ്ഥലമാണ് ഇതിനായി തിരഞ്ഞെടുക്കേണ്ടതു്. b) ഏതെങ്കിലും ഒരു സഭയുടെ ദൈവാലയത്തിൽവച്ച് ഇത്തരം സംരംഭങ്ങൾ നടത്താവുന്നതാണ്. c) കിഴക്കൻസഭക്കാരെ സംബന്ധിച്ചിടത്തോളം ദൈവാലയമാണു പൊതുപ്രാർത്ഥനയ്ക്കു് ഏററം ഉത്തമമായ സ്ഥലം. അതുകൊണ്ടു്, അവരുമായി സംബന്ധിക്കുമ്പോൾ ഇക്കാര്യം മറക്കരുതു് (36). പരസ്യപ്രാർത്ഥനാസമയങ്ങളിൽ ഉപയോഗിക്കാറുള്ള വൈദികവസ്ത്രങ്ങൾ ഇവിടെയും ഉപയോഗിക്കുന്നതിൽ യാതൊരു തെററുമില്ല (37).

## c) ദിവ്യവസ്തുക്കളിലുള്ള ഭാഗഭാഗിത്വം

ക്രൈസ്തവൈക്യം പുനഃസ്ഥാപിക്കുവാനായുള്ള മാർഗ്ഗമായി ദിവ്യവസ്തുക്കളിലുള്ള പരസ്പരഭാഗഭാഗിത്വം എപ്പോഴും എല്ലായിടത്തും അനുവദിക്കാവുന്നതല്ല. രണ്ടു പ്രധാനതത്വങ്ങളെ ആസ്പദമാക്കിയേ ഇതു് അനുവദിക്കാവൂ: 1) സഭയുടെ ഐക്യത്തിനു സാക്ഷ്യം വഹിക്കുവാനായി; 2) പ്രസാദവരത്തിൻെറ ചാലുകളിൽ ഭാഗഭാക്കാകുവാൻവേണ്ടി. ഐക്യത്തിനു സാക്ഷ്യം വഹിക്കുക എന്ന തത്വം ഇതു വളരെയൊന്നും അനുവദിക്കുന്നില്ല. കാരണം, സഭകൾ തമ്മിൽ പരിപൂർണ്ണൈക്യം ഇല്ലാത്തതുതന്നെ. എന്നാൽ, ലഭിക്കേണ്ട അനുഗ്രഹം ഇതു് ആവശ്യപ്പെടുന്നു (38).

## 1. പൗരസ്ത്യക്രൈസ്തവരുമായുള്ള ഭാഗഭാഗിത്വം

ഇവർക്കു ശരിയായ കൂദാശക്രമവും പട്ടവും അപ്പസ്തോലിക പിന്തുടർച്ചയും ഉണ്ട്. വിശ്വാസവിഷയങ്ങളിൽ കത്തോലിക്ക സഭയുമായി ഇവക്കു ഗാഢമായ ബന്ധമുണ്ട്. അതുകൊണ്ട്, അനു കൂലസാഹചര്യങ്ങളിൽ, മെത്രാന്മാരുടെ അംഗീകാരത്തോടുകൂടി, ആരാധനക്രമത്തിലുള്ള പരസ്പരഭാഗഭാഗിത്വം ഇവിടെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത്തരം ഭാഗഭാഗിത്വത്തിൻെറ കാര്യകാരണങ്ങളെപ്പററി വൈദികർ വിശ്വാസികളെ നന്നായി ഉപദേശിക്കുകയുംവേണം (39, 40).

ഈ ഭാഗഭാഗിത്വത്തെപ്പററി കിഴക്കൻ സഭകൾക്കായുള്ള ഡിക്രിയിൽ പ്രസ്താവിച്ചിട്ടുള്ളവ സകല വിശ്വാസികൾക്കും ബാധകമാണ്, ലത്തീൻ റീത്തിലേ വിശ്വാസികൾക്കും (41). കുമ്പസാരം, കർബാന, രോഗിലേപനം എന്നീ കൂദാശകളിലുള്ള പരസ്പരഭാഗഭാഗിത്വം അനുവദിക്കുന്നതിനു മുമ്പായി കത്തോലിക്ക മെത്രാന്മാർ ഇതര സഭകളിലേ അധികാരികളുമായി ആലോചിക്കേണ്ടതാണ് (42). ഈ ഭാഗഭാഗിത്വത്തിനുള്ള അനുവാദം ഇരുകൂട്ടരും നല്കുന്നതായിരിക്കും ഉത്തമം (43). അത്യാവശ്യസാഹചര്യങ്ങളിൽ മാത്രമല്ല സ്വന്തം സഭയിൽ കൂദാശകൾ സ്വീകരിക്കുവാൻ ദീർഘകാലത്തേക്കു സാധിക്കാതെ വരുന്ന അവസരങ്ങളിലും ഇതരസഭകളിൽനിന്നും കൂദാശകൾ സ്വീകരിക്കുവാൻ അനുവദിക്കണം (44). സ്വന്തം സഭയിൽപെട്ട കുമ്പസാരക്കാരനെ കണ്ടെത്തുക വിഷമമായ സന്ദർഭങ്ങളും ഇത്തരം ഭാഗഭാഗിത്വത്തിനു മതിയായ കാരണമായി കരുതാം (46). കിഴക്കൻസഭകളിൽനിന്നു ദിവ്യകാരുണ്യം സ്വീകരിക്കുന്ന കത്തോലിക്കർ അവരുടെ നിയമപ്രകാരമുള്ള ഉപവാസവും മററും അനുഷ്ഠിക്കേണ്ടതാണ് (45). ഞായറാഴ്ചകളിലോ കടമുള്ള ദിവസങ്ങളിലോ കിഴക്കൻസഭകളുടെ ദിവ്യബലിയിൽ അനുവാദത്തോടുകൂടി സംബന്ധിക്കുന്ന ഒരു കത്തോലിക്കൻ അതിനുശേഷം കത്തോലിക്ക പള്ളിയിൽ പോയി കർബാനയിൽ പങ്കെടുക്കാൻ കടപ്പെട്ടിട്ടില്ല. മാത്രമല്ല, സ്വന്തംപള്ളികളിൽ ചെന്നെത്താൻ സൗകര്യപ്പെ

ടാത്ത കത്തോലിക്കർ കിഴക്കരുടെ പള്ളികളിൽ പോയി കടമ നിർവ്വഹിക്കുക ഉചിതമാണ് (47).

കത്തോലിക്ക മാമോദീസയിൽ കത്തോലിക്കരോടൊത്തു തലതൊട്ടപ്പനോ തലതൊടമ്മയോ ആകുന്നതിനു കിഴക്കൻ ക്രിസ്ത്യാനികളെ അനുവദിച്ചിരിക്കുന്നു. അതുപോലെതന്നെ, അവരുടെ മാമോദീസകളിൽ കത്തോലിക്കർക്കും ഈ സ്ഥാനം വഹിക്കാവുന്നതാണ് (48). വിവാഹത്തിനു സാക്ഷികളാകുന്നതിലും ഇതുപോലെ ചെയ്യാം (49).

ഉദ്യോഗം, ബന്ധം, സ്നേഹബന്ധം, മററുസഭകളെപ്പററി പഠിക്കുക മുതലായ കാരണങ്ങളാൽ പൗരസ്ത്യസഭകളിലേ ദിവ്യകർമ്മങ്ങളിൽ കത്തോലിക്കർക്കു പങ്കെടുക്കാം. അവരുടെ കർമ്മങ്ങളിൽ വിശുദ്ധ ലിഖിതം വായിക്കുവാനും കത്തോലിക്കനെ അനുവദിക്കാവുന്നതാണ്. അതുപോലെതന്നെ, കത്തോലിക്ക ദിവ്യകർമ്മങ്ങളിൽ പങ്കെടുക്കാൻ പൗരസ്ത്യരേയും അനുവദിച്ചിരിക്കുന്നു (50).

കൂദാശാപരമല്ലാത്ത കർമ്മങ്ങളിലുള്ള ഭാഗഭാഗിത്വത്തിലും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം: a) കത്തോലിക്കർ നടത്തുന്ന കർമ്മങ്ങളിൽ സംബന്ധിക്കുന്ന പൗരസ്ത്യസഭാ പ്രതിനിധികൾക്ക് അവരുടെ സ്ഥാനത്തിനു് അർഹമായ പദവി നല്കേണ്ടതാണ്. b) പൗരസ്ത്യരുടെ കർമ്മങ്ങളിൽ ഔദ്യോഗികമായി സംബന്ധിക്കുന്ന കത്തോലിക്ക സഭാപ്രതിനിധിക്ക് അവരുടെ സമ്മതത്തോടുകൂടി തൻെറ സ്ഥാനചിഹ്നങ്ങൾ ഉപയോഗിക്കാം. c) കിഴക്കരുടെ മനഃസ്ഥിതിക്കും ആചാരങ്ങൾക്കും അനുസൃതമായി വേണം കത്തോലിക്കർ സകലതിലും പങ്കുചേരാൻ(51).

പൗരസ്ത്യർ അപേക്ഷിക്കുന്നപക്ഷം, സ്ഥലത്തേ മെത്രാൻെറ അനുവാദത്തോടുകൂടെ കത്തോലിക്കാ ദേവാലയങ്ങളും സിമിത്തേരികളും മററു കെട്ടിടങ്ങളും ദിവ്യകർമ്മങ്ങൾക്കുള്ള പൂജ്യവസ്തുക്കളും അവരുടെ ഉപയോഗത്തിനായി നല്കാവുന്നതാണ് (52). കത്തോലിക്കസ്കൂളുകളിലും ആശുപത്രികളിലും അതുപോലുള്ള സ്ഥാപനങ്ങളിലും അകത്തോലിക്ക പൗരസ്ത്യർക്കു തങ്ങളുടെ വൈദികരുടെ സേവനം ലഭിക്കത്തക്ക സൗകര്യങ്ങൾ ചെയ്തുകൊടുക്കണം (53). കത്തോലിക്ക ആശുപത്രികളിലും അതുപോലുള്ള സ്ഥാ

പനങ്ങളിലുമുള്ള പൗരസ്ത്യരുടെ സ്ഥിതിയെപ്പററി അവരുടെ വൈദികർക്കു് അറിവു കൊടുക്കുവാനും അവരെ സന്ദർശിക്കുന്നതിനും ആത്മീയാവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുന്നതിനും ആവശ്യകമായ സഹായം ചെയ്തുകൊടുക്കുവാനും അധികൃതർക്കു കടമയുണ്ടു് (54).

## 2. മററ അകത്തോലിക്കസഹോദരങ്ങളുമായുള്ള ഭാഗഭാഗിത്വം

കൂദാശകളെപ്പററിയുള്ള വിശ്വാസത്തിൽ ഐക്യമില്ലാത്തിടത്തു് ആധ്യാത്മികഭാഗഭാഗിത്വത്തിൽനിന്നു കൂദാശകളുടെ, പ്രത്യേകിച്ചും ദിവ്യകാരുണ്യം, കുമ്പസാരം; രോഗിലേപനം എന്നിവയുടെ, പരസ്പരസ്വീകരണം മാററിവയ്ക്കേണ്ടതാണു്. എന്നാലും, കൂദാശകൾ ഐക്യത്തിൻെറ അടയാളങ്ങളും അനുഗ്രഹത്തിൻെറ നീർച്ചാലുകളുമാകയാൽ കത്തോലിക്കാവൈദികരിൽനിന്നു് അവ ആവശ്യപ്പെടുന്ന പ്രോട്ടസ്റ്റൻറുസഹോദരങ്ങൾക്കു് അവ ഒരിക്കലും നിഷേധിക്കരുതു്. ഇവിടെ, കൂദാശ സ്വീകരിക്കുവാൻ വരുന്നവർക്കു് അതേപ്പററി കത്തോലിക്കരുടേതുപോലുള്ള വിശ്വാസം ഉണ്ടോ എന്നും ശരിയായ ഒരുക്കമുണ്ടോ എന്നുംമററും സൂക്ഷിക്കണം. ഇതു് അനുവദിക്കത്തക്ക ചുററുപാടുകളെപ്പററി സ്ഥലത്തെ മെത്രാനോ മെത്രാന്മാരുടെ കോൺഫ്രൻസോ ആണു വിധി പറയേണ്ടതു്. ഇത്തരം ചുററുപാടുകളിൽ കത്തോലിക്കനും ശരിയായ പട്ടം സ്വീകരിച്ചിട്ടുള്ള അകത്തോലിക്കാവൈദികരിൽ നിന്നു പ്രസ്തുത കൂദാശകൾ സ്വീകരിക്കാവുന്നതാണു് (55).

ഇവരെ കത്തോലിക്കാ ദേവാലയങ്ങളിൽ കർബാനയുടെ നേരത്തു വായിക്കുവാനോ പ്രസംഗിക്കുവാനോ ക്ഷണിക്കേണ്ടതില്ല. അതുപോലെതന്നെ, ഇവരുടെ കർബാനസ്വീകരണച്ചടങ്ങുകളിൽ കത്തോലിക്കരും പ്രസ്തുത കർമ്മങ്ങൾ നിവ്വഹിക്കുന്നതു ഭംഗിയല്ല. ആരാധനക്രമത്തിൽ ഇവരുമായി ഭാഗഭാഗിത്വം നട

ത്താവുന്നതാണ്, ഇരുസഭകളിലേയും അധികാരികളുടെ അനുമതിയോടുകൂടി (56).

മാമോദീസയിൽ പരസ്പരം തലതൊട്ടപ്പനോ തലതൊട്ടമ്മയോ ആകുവാൻ ഇവിടെ അനുവാദമില്ല; കാരണം, മാമ്മോദീസയിൽ സാക്ഷ്യം വഹിക്കുന്നവർ ജ്ഞാനസ്നാനാർത്ഥിയുടെ വിശ്വാസത്തിനാണു സാക്ഷ്യം വഹിക്കേണ്ടത്. എന്നാൽ, രക്തബന്ധമോ സ്നേഹബന്ധമോ ഉള്ള ഒരകത്തോലിക്കനെ ഒരു കത്തോലിക്കനോടൊത്തു കത്തോലിക്ക മാമോദീസാ സാക്ഷ്യം വഹിക്കുവാൻ അനുവദിക്കാവുന്നതാണ്. ഇതേ സാഹചര്യത്തിൽ കത്തോലിക്കനെ അവരുടെ മാമോദീസകളിൽ ഇപ്രകാരം ചെയ്യാം. അബദ്ധധാരണകൾ ഒഴിവാക്കുവാൻ വൈദികർ ഭാഗഭാക്കുകളെ നന്നായി ഉപദേശിക്കണം, ഇത്തരം സന്ദർഭങ്ങളിൽ (57). വിവാഹവേദികളിൽ പരസ്പരം സാക്ഷ്യം വഹിക്കുന്നതിന് ഇരുകൂട്ടർക്കും അനുവാദമുണ്ട് (58). ആരാധനക്രമത്തിലും മററുകർമ്മങ്ങളിലും പരസ്പരം പങ്കു ചേരാവുന്നതാണ്, തക്കതായ കാരണമുണ്ടെങ്കിൽ. ഉദ്യോഗം, സ്നേഹബന്ധം, പഠനം മുതലായ കാരണങ്ങളാൽ പ്രോട്ടസ്റ്റൻറുകർമ്മങ്ങളിൽ സന്നിഹിതരാകുന്ന കത്തോലിക്കർക്ക് അവരുടെ ഗാനാലാപത്തിലും പ്രാർത്ഥനകളിലും പങ്കെടുക്കാം, അവ സ്വന്തം വിശ്വാസത്തിനു വിപരീതമല്ലെങ്കിൽ (59).

കൗദാശികഭാഗഭാഗിത്വം ഇല്ലാത്ത കർമ്മങ്ങളിൽ പങ്കെടുക്കുന്നവർക്കു പരസ്പരസമ്മതത്തോടുകൂടി അവരവരുടെ സ്ഥാനത്തിനൊത്ത അധികാരചിഹ്നങ്ങൾ ഉപയോഗിക്കാവുന്നതാണ് (60). ഇവർക്കു തങ്ങളുടെ മതകർമ്മങ്ങൾ യോഗ്യമായി നടത്തുവാൻ സ്ഥലസൗകര്യമില്ലെങ്കിൽ കത്തോലിക്ക കെട്ടിടങ്ങളും സിമിത്തേരികളും ദേവാലയങ്ങളും ഉപയോഗിക്കുവാൻ അനുവദിക്കാം (61). കത്തോലിക്ക സ്കൂളുകളിലും ആശുപത്രികളിലും മററു സ്ഥാപനങ്ങളിലുമുള്ള പ്രോട്ടസ്റ്റൻറുകാർക്കും അവരുടെ വൈദികരുടെ സേവനങ്ങൾ ലഭിക്കുവാൻ സൗകര്യം ചെയ്തുകൊടുക്കണം, പൗരസ്ത്യർക്കെന്നതുപോലെ (62, 63).

## 6. വിജയത്തിൻെറ ചവിട്ടുപടികൾ

ജോൺപാപ്പായുടെ വിശാലഹൃദയം നിറഞ്ഞു പൊങ്ങിയ ഐക്യദാഹം രണ്ടാം വത്തിക്കാൻ സൂനഹദോസിലൂടെ ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയെന്നു തീർത്തുപറയാം. ഐക്യത്തിനായി ഉയരുന്ന മുറവിളികളാൽ മുഖരിതമാണു് ഇന്നത്തെ ക്രൈസ്തവലോകം. അങ്ങനെ, ശബ്ദായമാനമായ ഈ ഐക്യാന്തരീക്ഷത്തിൽ ജീവിക്കുന്ന സഭകൾ സംപൂർണ്ണമായ ഐക്യത്തിലെത്തുവാൻ അഭിലഷിക്കുകമാത്രമല്ല പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടു്. പ്രസ്തുത പ്രവർത്തനങ്ങളുടെ പ്രകടനവും ഐക്യാന്തരീക്ഷത്തിലെ ആശാതാരങ്ങളുമായി പ്രശോഭിക്കുകയാണു്, സഭകളുടെ ലോകസമിതിയും ഐക്യസെക്രട്ടേറിയററും എക്യുമേനിക്കൽ ഡിക്രിയും ഡിറക്ടറിയുമെല്ലാം. പരസ്പരസ്നേഹത്തിൻേറയും സഹകരണത്തിൻേറയും പ്രശാന്തതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന എക്യുമെനിസത്തിനു് വഴിവിളക്കുകളാണു്, അവ. അവയുടെ പ്രകാശധോരണി സഹായത്തിനുള്ളതുകൊണ്ടത്രേ എക്യുമെനിസം വളരുന്നതും വികസിക്കുന്നതും. എക്യുമെനിസത്തിൻെറ വളർച്ചയിലേക്കും വികസനത്തിലേക്കും ഉററു നോക്കുന്നവർക്കു് ഉത്തേജനാത്മകങ്ങളായ ചില ചവിട്ടുപടികൾ കാണാൻ കഴിയും. ആ പടികളിലേക്കു് ഒരു വിഹഗവീക്ഷണം നടത്തുക നമ്മുടെ അറിവിനും ആനന്ദത്തിനും അത്യന്താപേക്ഷിതമത്രേ. സ്ഥലപരിമിതി അനുവദിക്കുന്നിടത്തോളം, എ

ററം പ്രധാനപ്പെട്ടവയെ ചുരുക്കിയാണെങ്കിലും സ്പർശി ക്കാതിരിക്കാൻ വയ്യ.

**പൗലോസുപാപ്പാ**

ഇന്നും നാം അനുഭവിച്ച് ആസ്വദിക്കുന്ന എക്യുമെനിക്കൽ നവോത്ഥാനത്തിൻെറ ജനയിതാവു ജോൺ പാപ്പായാണെങ്കിൽ അതിനെ വളർത്തിയെടുക്കുന്നതിൽ അധികവും പണിപ്പെട്ടിട്ടുള്ളതു പൗലോസുപാപ്പായാണെന്നു തീർത്തു പറയാം. ജോൺപാപ്പായുടെ ഐക്യാരൂപിയെ അരക്കിട്ടുറപ്പിക്കുവാനും നഷ്ടപ്പെട്ട ആടുകളെ ആരാഞ്ഞു് ആകാശത്തിലൂടെ പറക്കുവാനും ഇറങ്ങിപ്പുറപ്പെട്ട ഒരൈക്യാപ്പസ്തോലനത്രേ പൗലോസുപാപ്പാ. അദ്ദേഹത്തിൻെറ വ്യക്തിത്വവും വിശാലവീക്ഷണവും സൂനഹദോസിൻെറ എക്യുമെനിക്കൽ വീക്ഷണഗതി അങ്ങേയററം വളർത്തിയെടുക്കുന്നതിനു സഹായിച്ചു. തുടർന്നുള്ള എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ നടുനായത്വം വഹിക്കുന്നതും അദ്ദേഹംതന്നെ. അദ്ദേഹത്തിൻെറ ജറുസലേം തീർത്ഥയാത്രയും പാത്രിയർക്കീസ് അത്തനാഗൊറസുമായുള്ള കൂടിക്കാഴ്ചയും ചരിത്രം സൃഷ്ടിച്ച എക്യുമെനിക്കൽ സംഭവങ്ങളാണു്. ഒരു മാർപ്പാപ്പാ ജറുസലേം സന്ദർശിക്കുക! മാത്രമോ, ഒരു ഓർത്തഡോക്സു പാത്രിയാർക്കീസിൻെറ അരമനയിൽ എത്തി അദ്ദേഹത്തെ സന്ദർശിക്കുക! അദ്ദേഹത്തിനു സ്നേഹത്തിൻേറയും സമാധാനത്തിൻേറയും ആശ്ലേഷചുംബനങ്ങൾ നല്

ക്കുക. ഇവയെല്ലാം പാപ്പാചരിത്രത്തിൻെറ ഏട്ടുകൾ തിരുത്തുന്ന സംഭവങ്ങളല്ലേ! പാപ്പായുടെ സിംഹാസനത്തിലിരുന്നുകൊണ്ടു ജനങ്ങൾക്കു സന്ദർശനം നല്കുവാൻ ഒരു ഓർത്തഡോക്സ് പാത്രിയാർക്കീസിനോട് ഒരു പാപ്പാ ആവശ്യപ്പെടുക! ഒരിക്കലും സ്വപ്നം കാണാൻപോലും സാധിക്കാത്ത സംഗതികൾ അങ്ങനെ നടക്കുകയാണ്, പൗലോസുപാപ്പായുടെ സുധീരവും അചഞ്ചലവുമായ ഐക്യാഭിരുചിയുടെ പ്രചോദനത്തിൽ.

### "അനാത്തമാസ്"

1965 ഡിസംബർ 7-ാം തീയതി. എക്യുമെനിക്കൽ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെട്ട ഒരു സുദിനം. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ സമാപനദിവസമായി മാത്രമല്ല, പിന്നെയോ, ഒമ്പതു പത്തു നൂററാണ്ടുകാലമായി ഓർത്തഡോക്സുസഭയ്ക്കും റോമാസഭയ്ക്കും ഇടയിൽ നിലനിന്നുപോന്ന ശത്രുതയെ ഔദ്യോഗികമായി അവസാനിപ്പിച്ച പുണ്യദിനമായിക്കൂടി അതു് ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അന്ന്, ക്രൈസ്തവപാരമ്പര്യത്തിൻെറ സുപ്രധാന നഗരങ്ങളായ റോമിലും കോൺസ്റ്റാൻറിനോപ്പിളി(നവ റോമ)ലും രണ്ടു സമ്മേളനങ്ങൾ നടക്കുകയുണ്ടായി: ഒന്ന്, പത്രോസിൻെറ ദൈവാലയത്തിൽ പാപ്പായുടെ അധ്യക്ഷതയിലും മററതു്, പേട്രിയാർക്കൻ അരമനയിൽ അത്തനാഗൊറസു തിരുമേനിയുടെ അധ്യക്ഷതയിലും. ഇരുസഭകളും പരസ്പരം ചുമത്തിയിട്ടുള്ള "അനാത്തമാസ്,"

മഹറോൻ ശിക്ഷകൾ, നിരുപാധികം പിൻവലിക്കുന്ന തായ ഒരു പ്രഖ്യാപനം ഇരുസമ്മേളനങ്ങളിലും വായിക്കപ്പെട്ടു. സംതൃപ്തിയുടേയും പ്രത്യാശയുടേയും നെട്ടനിശ്വാസങ്ങൾ ഇരു സമ്മേളനങ്ങളിൽനിന്നും ഉയർന്നു. സമാധാനത്തിൻേറയും സാഹോദര്യത്തിൻേറയും ആ അന്തരീക്ഷത്തെ രോമഞ്ചംകൊള്ളിച്ച ഒരു സംഭവമുണ്ടായി: പ്രഖ്യാപനം വായിച്ചു കഴിഞ്ഞപ്പോൾ പാപ്പാ തൻെറ സിംഹാസനത്തിൽനിന്ന് എഴുന്നേററുചെന്നു പാത്രിയാർക്കീസിൻെറ പ്രതിനിധിയായി അവിടെ സന്നിഹിതനായിരുന്ന മെലീറേറാ മെത്രാപ്പോലീത്തായ്ക്കു സമാധാനത്തിൻെറ ചുംബനം നല്കി. അതേ, മെലീറേറാമെത്രാപ്പോലീത്തായിലൂടെ ഓത്തഡോക്സുസഭക്കാരെ മുഴുവൻ ആലിംഗനംചെയ്തു ചുംബിക്കുകയായിരുന്നു, പാപ്പാ.

അങ്ങനെ, നൂററാണ്ടുകളായി നിലനിന്ന ഒരു "ക്രൈസ്തവാവഹേളനം" അപ്രത്യക്ഷമായി. പിറന്നുവീണ സ്നേഹത്തിൻെറയും സമാധാനത്തിൻേറയും അന്തരീക്ഷത്തിൽ ചരിത്രപ്രധാനമായ പല സംഭവങ്ങളും നടക്കുകയാണ്. വി. ആൻഡ്രൂസിൻേറയും സാബസ്സിൻെറയും ററൈററസിൻേറയും പൂജ്യാവശിഷ്ടങ്ങൾ മാർപ്പാപ്പാ കിഴക്കൻസഭകളെ തിരിച്ചേല്പിച്ചതു് ഇവയിൽ ഏററം പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയത്രേ. ഭാരതത്തിലെ പട്ടിണിയെ നേരിടുവാൻ പാപ്പാ നടത്തിയ ധനശേഖര ഫണ്ടിലേക്കു അത്തനാഗോറസു തിരുമേനി 2000 ഡോളർ സംഭാവനചെയ്തതും ഇത്തരുണത്തിൽ സ്മരണീ

യമാണ്. ഇരുസഭകളുടേയും ദൈവശാസ്ത്രജ്ഞന്മാരുൾക്കൊള്ളുന്ന ഒരു പഠനസംഘത്തെ നിയോഗിക്കുവാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. പാത്രിയാർക്കീസിന്റെ റോമാസന്ദർശനവും (1967 ഒക്ടോബർ 26–28) തദവസരത്തിൽ ഇരു സഭാതലവന്മാരും ചേർന്നു പുറപ്പെടുവിച്ച സംയുക്തപ്രസ്താവനയും സംപൂർണ്ണസഭൈക്യത്തിനായുള്ള ഹൃദയമിടിപ്പുകളല്ലാതെ മറ്റെന്താണ്!

## "ജോയിൻറ വർക്കിംഗ് ഗ്രൂപ്പ്"

1965 ജനുവരിയിൽ സമ്മേളിച്ച ലോകസമിതിയുടെ സെൻട്രൽകമ്മററി യോഗം ഒരു പ്രമേയം പാസാക്കി. ശരിക്കു പറഞ്ഞാൽ അതൊരു പ്രമേയമല്ല, ഒരു പദ്ധതിയാണ്—ലോകസമിതിയുടേയും റോമാസഭയുടേയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു പ്രവർത്തകക്കമ്മററിയെ നിയോഗിക്കുന്നതിനുള്ള ഒരു പദ്ധതി. പോൾ മാർപ്പാപ്പാ ഈ പദ്ധതിക്കു സർവ്വാത്മനാ സ്വാഗതമരുളി. തദനുസരണം പണ്ഡിതരും ചിന്തകരുമായ പ്രതിനിധികളുൾക്കൊള്ളുന്ന ഒരു കമ്മിററി താമസിയാതെ രൂപംകൊണ്ടു. ഇരുകൂട്ടരുടേയും പ്രവർത്തനങ്ങൾ എപ്രകാരം ഏകോപിപ്പിക്കാമെന്നും എപ്രകാരം ക്രൈസ്തവൈക്യത്തിൽ എത്തിച്ചു വിജയിപ്പിക്കാമെന്നും പഠിക്കുകയാണ് ഈ കമ്മററിയുടെ ലക്ഷ്യം. 1965 മേയ് 22-മുതൽ 24-വരെയും നവംബർ 17-മുതൽ 20-വരെയും ഈ കമ്മിററി തങ്ങളുടെ രണ്ടു ചർച്ചായോഗങ്ങൾ നട

ത്തുകയുണ്ടായി. പാപ്പായുടേയും സെൻട്രൽ കമ്മിററിയുടേയും അംഗീകരണാനന്തരം ഇവർ തങ്ങളുടെ സമ്മേളനറിപ്പോർട്ടു പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

എക്യുമെനിസത്തിൻെറ പ്രകൃതിയെപ്പററി വിവിധ ധാരണകളാണുള്ളതെന്നും അതുകൊണ്ടു്, എക്യുമെനിസത്തെപ്പററി ശരിയായി പഠിക്കുകയാണു് ആദ്യം വേണ്ടതെന്നും ഇവർ ചൂണ്ടിക്കാണിക്കുന്നു. സംയുക്ത പ്രാത്ഥന, പ്രേഷിതരംഗം, സഭയും സമൂഹവും, സ്ത്രീകളുടെ സ്ഥിതി, സാമൂഹികപ്രവത്തനങ്ങൾ മുതലായവിഷയങ്ങളെക്കുറിച്ചെല്ലാം ഇവർ ചർച്ച ചെയ്യുകയുണ്ടായി. അവയുടെ വിശദീകരണം പരസ്പരധാരണ വളർത്തുവാൻ പോരുന്നതാണെന്നു സുവ്യക്തമാണു്. ലോകസമിതിയുടെ അംഗസഭകളും റോമാസഭയുമായി ബന്ധം സ്ഥാപിക്കുന്നതിൽ യാതൊരപാകതയുമില്ലെന്നു മാത്രമല്ല അത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയാണു സമിതിയുടെ കത്തവ്യമെന്നും ഇവർ ചൂണ്ടിക്കാണിച്ചു. ഇവരുടെ പഠനങ്ങളും ചർച്ചകളും എക്യുമെനിസത്തെ വളരെയധികം സഹായിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

## പഠനസമിതികൾ

സൂനഹദോസിൻെറ പ്രവത്തനങ്ങളെ തുടർന്നു പല സഭകളും കത്തോലിക്കസഭയുമായി ബന്ധം പുലത്തുവാനും സംയുക്തപഠനസമിതികൾ രൂപവൽക്കരിക്കുവാനും മുന്നോട്ടു വന്നിട്ടുണ്ടു്. പുരാതനകത്തോലിക്കരുടേ

യും റോമൻകത്തോലിക്കരുടേയും പണ്ഡിതന്മാരെ ഉൾക്കൊള്ളുന്ന പഠനസംഘം ഇരുകൂട്ടരുടേയും ധാരണകൾക്ക വളരെയേറെ വ്യത്യാസം വരുത്തിയിരിക്കുന്നു. ഇരുകൂട്ടരും തിരുകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലും കൂദാശകൾ സ്വീകരിക്കുന്നതിലും യാതൊരു വിവേചനവും വച്ചു പുലർത്താത്ത ഒരു ചുററുപാടു സംജാതമായിട്ടുണ്ടു്. ലൂതറൻ-കാത്തലിക്ക പഠനസംഘവും ഐക്യാന്തരീക്ഷത്തിൽ പൊങ്ങിപ്പുറക്കുന്ന ദൈവശാസ്ത്രപരമായ പ്രതിബന്ധങ്ങളെ കൈകാര്യം ചെയ്യുവാനും പരിഹരിക്കുവാനും വളരെയധികം പണിപ്പെടുന്നുണ്ടു്. മെത്തോഡിസ്ററു-കത്തോലിക്ക പഠനകമ്മീഷൻ ഐക്യപാതയിൽ തങ്ങളുടേതായ സംഭാവനകൾ വിതറുവാൻ തുടങ്ങിയിരിക്കുന്നു. പ്രോട്ടസ്റ്റൻറു സഭകളിൽവച്ചു് ഏററവും വലുതെന്നു അവകാശപ്പെടുന്ന ആംഗ്ലിക്കൻസഭ കത്തോലിക്കസഭയുമായി വളരെയധികം അടുത്തു കഴിഞ്ഞിട്ടുണ്ടു്. 1966 മാർച്ചിൽ കാൻറർബറി ആർച്ചുബിഷപ്പു് റാംസേ തിരുമേനി റോമിലെത്തി പാപ്പായെ സന്ദർശിക്കുകയുണ്ടായി. ആംഗ്ലിക്കൻ - കാത്തലിക്കു് ഐക്യസംഭാഷണങ്ങൾക്കു് ആരംഭമിട്ട ഒരു സംഭവമായാണു് ഇതിനെ ചിന്തകന്മാർ കരുതുന്നതു്. ഈ സന്ദർശനഫലമത്രേ ആംഗ്ലിക്കൻ-കാത്തലിക്ക പഠനസംഘത്തിൻെറ രൂപവത്ക്കരണവും റോമാനഗരത്തിൽ ഒരു "ആംഗ്ലിക്കൻ സെൻറർ"റിൻെറ ജനനവും.

## എക്യുമേനിക്കൽ ഇൻസ്റ്റിററ്യൂട്ട്

എക്യുമെനിസത്തെപ്പററിയുള്ള പഠനത്തിനും രക്ഷാകരചരിത്രത്തിൻെറ ഗവേഷണത്തിനും എല്ലാ ക്രിസ്തീയസഭകളുടേയും വിദ്യാർത്ഥികൾക്കു സൗകര്യം ചെയ്തുകൊടുക്കത്തക്ക ഒരു സ്ഥാപനം ഉണ്ടാകുവാൻ പൗലോസുപാപ്പാ ആഗ്രഹിക്കുന്നു. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന എക്യുമെനിസത്തെ പ്രശാന്തമായി മുന്നോട്ടു നയിക്കത്തക്ക ഒരു വിദ്യാനികേതവുമായിരിക്കണം ഈ സ്ഥാപനം. സകല ക്രൈസ്തവർക്കുമായുള്ള ഈ പദ്ധതിക്കു രൂപവും ഭാവവും നല്കുവാൻ പാപ്പാ കത്തോലിക്കാ സർവ്വകലാശാലകളുടെ അന്താരാഷ്ട്രീയ ഫെഡറേഷനെ ചുമതലപ്പെടുത്തി. ഈ ഫെഡറേഷൻെറ പ്രവർത്തനത്തിൻെറ ഫലമായി 1965 ഡിസംബർ 23-ാം തീയതി ഇററലിയിലേ ബെല്ലാജിയോ നഗരത്തിൽ ഒരു സമ്മേളനം നടന്നു. സകല ക്രൈസ്തവസഭകളുടേയും പ്രതിനിധികൾ സമ്മേളിച്ച ഈ മീററിംഗ് "എക്യുമേനിക്കൽ ഇൻസ്റ്റിററ്യൂററി"നായി ഒരു "അക്കഡെമിക്ക് കൗൺസിൽ" രൂപവത്കരിച്ചു. റോമാസഭയുടെ 9-ഉം ഓർത്തഡോക്സു സഭയുടെ 6-ഉം പ്രോട്ടസ്റ്റൻറുസഭകളുടെ 7-ഉം ആംഗ്ലിക്കൻ സഭയുടെ 3-ഉം പ്രതിനിധികളുള്ള ഒരു സമിതിയാണിതു്. ഈ സമിതിയിലേക്കു് ഇനിയും കൂടുതൽ പ്രതിനിധികൾ ചേരാനിടയുണ്ടു്.

ജറൂസലേമിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഈ എക്യുമേനിക്കൽ ഇൻസ്റ്റിററ്യൂട്ടിൻെറ സകല ചുമതല

കളും വഹിക്കുന്നതു് ഈ സമിതിയായിരിക്കും. ഈ സമിതിയുടെ തീരുമാനങ്ങളനുസരിച്ചായിരിക്കും പുതിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രകൃതിയും പ്രാബല്യവുമെല്ലാം പ്രകടമാവുക. ഏതായാലും, എക്യുമേനിക്കൽ ചരിത്രത്തിൽ ഇതൊരു വലിയ സംഭവമായിരിക്കും. മാത്രമല്ല, എക്യുമേനിക്കൽ വിജയങ്ങളുടെ ഭാവിയിലെ കാവല്ക്കാരനും പരിപോഷകനുമായിരിക്കും ഈ സ്ഥാപനം എന്നതിൽ സംശയമില്ല.

### സഹകരണം


പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം സഹകരണമനോഭാവം ഇന്നു ക്രിസ്തീയസഭകളിൽ സംജാതമായിട്ടുണ്ടു്. ഓരോസഭയും തങ്ങളുടെ പ്രാധാന്യമർഹിക്കുന്ന സമ്മേളനങ്ങളിലും സംരംഭങ്ങളിലുമെല്ലാം മററുസഭകളുടെ സഹകരണവും ഭാഗഭാഗിത്വവും ആരായുകയാണു്. മനുഷ്യജീവിതത്തിന്റെ സകല തുറകളിലേക്കും ഇറങ്ങിച്ചെല്ലുന്ന സഭകൾ അവിടെയെല്ലാം ഈ സഹകരണമനോഭാവം പ്രസ്പഷ്ടമാക്കുന്നുണ്ടെന്നതു തികച്ചും ആനന്ദപ്രദമത്രേ. മതപരമായ കാര്യങ്ങളിൽ മാത്രമല്ല തികച്ചും ഭൗതികമായ സംഗതികളിൽപ്പോലും പരസ്പരസഹകരണത്തിന്റേയും ഭാഗഭാഗിത്വത്തിന്റേയും ഈ അഭിലാഷം വ്യക്തമാണു്.

ബൈബിളിന്റെ വിവത്തനത്തിലും വിതരണത്തിലുമാണെന്നു തോന്നുന്നു ഈ സഹകരണമനോഭാവം ആദ്യം പ്രത്യക്ഷപ്പെട്ടതു്. ഇന്നിതാ സകലർക്കും സ്വീകാ


ര്യമായ ഒരു ബൈബിൾ തയ്യാറാക്കുവാൻ സകല സഭക ളിലേയും ബൈബിൾപണ്ഡിതന്മാർ ഒന്നിച്ചു പരിശ്ര മിക്കുകയാണ്. യഹൂദന്മാരും ഈ പരിശ്രമത്തിൽ സഹ കരിക്കുന്നുണ്ട്. മാത്രമല്ല, സകലർക്കും സ്വീകാര്യമായ ഒരു ബൈബിൾ വ്യാഖ്യാനംകൂടി തയ്യാറാക്കുവാൻ പാ പ്പാ ആവശ്യപ്പെട്ടിരിക്കുന്നു. ബൈബിളിന്റെ കാര്യ ത്തിൽമാത്രമല്ല പ്രാർത്ഥനയുടെ കാര്യത്തിലും ആരാധന ക്രമപരിഷ്കരണത്തിലുമൊക്കെ എല്ലാവരുടേയും സ ഹകരണം ലഭിക്കുവാൻ കത്തോലിക്കർ ശ്രമിക്കുന്നുണ്ട്. "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന സകലർ ക്കും സ്വീകാര്യമായ വിധത്തിൽ ശരിപ്പെടുത്തുവാൻ സാധിച്ചതു് ഈ തലത്തിലുള്ള സഹകരണത്തിന്റെ പ്രഥമ പടിയത്രേ. പല സ്ഥലങ്ങളിലും ഒന്നിച്ചു പള്ളി പണിയാനും ഒരേ പള്ളിതന്നെ ഉപയോഗിക്കാനുമൊ ക്കെ വിവിധസഭക്കാർ മുന്നോട്ടുവരുന്നുണ്ട്. വിദ്യാഭ്യാ സസ്ഥാപനങ്ങൾ, ആശുപത്രികൾ, അനാഥമന്ദിര ങ്ങൾ, അച്ചടിശാലകൾ തുടങ്ങിയവയുടെ കാര്യത്തിലും സഹകരണവും ഭാഗഭാഗിത്വവും വിസ്മയകരമാംവണ്ണം വളർന്നിട്ടുണ്ട്.

1967 ജനുവരി 4-ാം തീയതി ഭാരതത്തിൽ സം ജാതമായ "N. B. C. H. E." ഇതിനൊരു ഉദാഹരണ മത്രേ. ഈ സംഘടനയുടെ കീഴിൽ ഭാരതത്തിലുള്ള ഫ സ്റ്റ്ഗ്രേഡ് കോളജുകളെല്ലാം ഐക്യത്തിലെത്തിയിരി ക്കുന്നു (കത്തോലിക്കരുടെ 105, പ്രോട്ടസ്റ്റന്റുകാരുടെ 47, ഓർത്തഡോക്സുകാരുടെ 8). "ക്രൈസ്തവമായ ഉ


ന്നത വിദ്യാഭ്യാസത്തിന്റെ ദേശീയ ബോർഡ് (National Board of Chritian Higher Education)" എന്നാണ് ഈ സംഘടനയുടെ പൂർണ്ണനാമം. ഇപ്രകാരമുള്ള ഐക്യസംഘടനകൾ ഓരോ തലത്തിലും രാജ്യത്തിലും രൂപീകൃതമായി വരുകയാണ്. അങ്ങനെ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ സഹകരണമനഃസ്ഥിതി, "പിതാവേ...അവർ ഒന്നായിരിക്കട്ടെ" എന്ന ക്രിസ്തുനാഥന്റെ പ്രാർത്ഥന സഫലീകൃതമാകുന്നതുവരെ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുമെന്നും ക്രിസ്തുവിന്റെ ഏകസഭയിൽ പൂർണ്ണമാകുമെന്നും പ്രത്യാശിക്കാം. പരസ്നേഹത്താൽ ക്രിസ്ത്യാനികൾ തിരിച്ചറിയപ്പെടുന്ന ഐക്യത്തിന്റേയും ആനന്ദത്തിന്റേയും ആ സുദിനം അത്ര ദൂരത്തല്ലെന്നല്ലേ ഇവ പ്രഖ്യാപിക്കുന്നതു്?





അനുബന്ധം 1: ലോകവും മതങ്ങളും





**അനുബന്ധം 2: ക്രിസ്തുമതം**





അനുബന്ധം 3: കത്തോലിക്കസഭ




# അനുബന്ധം 4: കേരളത്തിലെ ക്രിസ്തുമതം




അനുബന്ധം 5: എക്യുമെനിസം ഒററനോട്ടത്തിൽ




അനുബന്ധം 6: സഭകളുടെ ലോകസമിതിയുടെ ഘടന

## അനുബന്ധം 7. രണ്ടാം വത്തിക്കാൻ സൂനഹദോസും അകത്തോലിക്കാനിരീക്ഷകരും

| തീയതി | സമയം | നിരീക്ഷകർ | അവർ പ്രതിനിധാനം ചെയ്ത സഭകൾ | ഓഡിറ്റേഴ്സും ഓഡിട്രിക്സും | പിതാക്കന്മാർ | പാസാക്കായ പ്രമാണരേഖകൾ |
|---|---|---|---|---|---|---|
| 1-ാംസമ്മേളനം | 1962 ഒക്ടോബർ 11മുതൽ ഡിസംബർ 8വരെ | 49 | 17 | 1 | 2540 | |
| 2-ാംസമ്മേളനം | 1963 സെപ്റ്റംബർ 29മുതൽ ഡിസംബർ 4വരെ | 66 | 22 | 13 | 2151 | 2 |
| 3-ാംസമ്മേളനം | 1964 സെപ്റ്റംബർ 14 മുതൽ നവംബർ 21 വരെ | 76 | 23 | 36 | 2300 | 3 |
| 4-ാംസമ്മേളനം | 1965 സെപ്റ്റംബർ 14 മുതൽ സിസംബർ 8 വരെ | 101 | 29 | 71 | 2394 | 11 |

# അനുബന്ധം: 8 എക്യുമേനിക്കൽ ഡിക്രിയുടെ വോട്ടിങ്ങ്

| തീയതി | വിഷയം | ആകെ വോട്ടുകൾ | Placet അനുകൂലം | Non-placet പ്രതികൂലം | Juxta mdoum വ്യത്യാസം വരുത്തണം | Invalid അസാധു |
|---|---|---|---|---|---|---|
| ഒക്ടോബർ 5, 1964 | സ്കെമ്മയുടെ ആമുഖം .... .... | 2111 | 2094 | 16 | | 1 |
| | നമ്പർ 2 .... .... .... .... | 2112 | 2081 | 30 | | 2 |
| | നമ്പർ 3 .... .... .... .... | 2110 | 2051 | 57 | | 2 |
| | നമ്പർ 4 .... .... .... .... | 2107 | 2056 | 50 | | 1 |
| ഒക്ടോബർ 6, „ | ഒന്നാമധ്യായം മുഴുവൻ .... .... | 2166 | 1926 | 30 | 209 | 1 |
| | നമ്പർ 5, 6 .... .... .... .... | 2166 | 2120 | 46 | | |
| | നമ്പർ 7 .... .... .... .... | 2166 | 2076 | 92 | | |
| | നമ്പർ 8 .... .... .... .... | 2166 | 1872 | 292 | | 2 |
| | നമ്പർ 9, 10, 11, 12 .... .... | 2161 | 2099 | 62 | | |
| ഒക്ടോബർ 7, „ | രണ്ടാമധ്യായം മുഴുവൻ .... .... | 2174 | 1573 | 32 | 564 | 5 |
| | നമ്പർ 13 .... .... .... .... | 2177 | 2154 | 21 | | 2 |
| | നമ്പർ 14, 15, 16, 17, 18 .... .... | 2162 | 2119 | 39 | | 4 |
| | നമ്പർ 19, 20, 21, 22, 23, 24 .... | 2133 | 2088 | 43 | | 2 |
| ഒക്ടോബർ 8, „ | മൂന്നാമധ്യായംമുഴുവൻ.... .... .... | 2169 | 1843 | 24 | 296 | 6 |
| നവംബർ 10, „ | വ്യത്യാസങ്ങൾ വരുത്തിയഒന്നാമധ്യായം | 2119 | 2068 | 47 | | 4 |
| „ 11, „ | „ „ രണ്ടാമധ്യായം | 2'09 | 2021 | 85 | | 3 |
| „ 14, „ | „ „ മൂന്നാമധ്യായം | 1963 | 1870 | 82 | | 11 |
| „ 20, „ | 19 വ്യത്യാസങ്ങൾവരുത്തിയ സ്കെമ്മ | 2129 | 2054 | 64 | | 11 |
| „ 21, „ | സ്കെമ്മയുടെ അവസാനവോട്ടിങ്ങ് | 2156 | 2137 | 11 | | 8 |

# വിഷയസൂചി


അക്കേഷ്യനിസം 18, 59
അഖിലലോകമിഷനറി
കൗൺസിൽ 145
അഡോപ്ഷനിസ്റ്റ് 7, 59
അത്തനാഗൊറസു തിരുമേനി
214, 407
അപ്പസ്തോലികദൗത്യം 254
അപ്പൊള്ളിനാരിയൻസ്
10, 58
അനാബാപ്റ്റിസ്റ്റ് 36
അന്തർദ്ദേശീയ ക്രിസ്തീയസഭാ-
സമിതി 198
അല്മായർ 318
ആർച്ചുബിഷപ്പു ഫിഷർ 215
ആർച്ചുബിഷപ്പു റാംസേ 409
ആധ്യാത്മിക എക്യുമെനിസം
306
ആംഗ്ലിക്കൻസു് 35, 44,
79, 117
ആംസ്റ്റർഡാംസമ്മേളനം 176
ആരാധനക്രമം 316, 358
ആരിയനിസം 9, 58
ആശ്രമജീവിതം 319, 361
ആൽബിജൻസിയർ 30, 59
ഇസ്തീനാ, 127
ഇറെനിക്കോൺ 128
ഇവാൻസ്റ്റൺഅസംബ്ളി 184
ഈസ്റ്റർ 4, 58
എക്യുമെനിസം 137, 220
229, 277
എക്യുമെനിസത്തിൻെറ വിവ-
രണം 284
എക്യുമെനിസത്തിൻെറ
ഫലങ്ങൾ 290
എക്യുമെനിക്കൽ ഇൻസ്റ്റി-
റ്റ്യൂട്ട് 410
എഡിൻബർഗ്ഗുസമ്മേളനം
137
എവഞ്ചലിക്കൽ അലയൻസ്
93, 95, 138
എൻഡവർ മൂവുമെൻറു് 97
എൻലൈററൻമെൻറു് 86
ഐക്യത്തിനായുള്ള പ്രാർത്ഥന
99, 326
ഐക്യനാട്ടുകളിലെ സഭ 118
ഓക്സ്ഫോർഡ് മൂവുമെൻറ്
103
കത്തോലിക്കൻെറ കടമകൾ
298
കാനഡായിലെ സഭ 118
കാല്വിൻ 35, 77
കാലത്തിൻെറ സ്പന്ദനങ്ങൾ
281
കിഴക്കൻസഭകൾ 39, 120,
132, 355
കിഴക്കൻകത്തോലിക്കർ 352
കൂദാശകൾ 381
ക്രൈസ്തവജീവിതം 384
കോൺഗ്രിഗേഷണലിസ്റ്റ്
113

ക്രിസ്തുവിലുള്ള വിശ്വാസം 374
ചെറളാരിയൂസ് 24, 60
ജോൺ അലാസ്കോ 60
ജോൺ ഗ്രോട്ട് 140, 146, 177
ജോസഫ് ഓൾഡാം 140
ട്രെൻറിലെ സൂനഹദോസ് 70
ഡൽഹി അസംബ്ളി 186
ഡോണററിസം 8, 58
തിരുസംഘത്തിൻെറ ഉപദേശം 129
തീർത്ഥാടകസഭ 258, 275
ദക്ഷിണേൻഡ്യൻസഭ 202
ദൈവകാരുണ്യം 76, 248
ദൈവവിജ്ഞാനീയം 339, 365
നിത്യരക്ഷയും സഭയും 247
നെതർലണ്ടിലെ സഭ 121
നെസ്തോറിയനിസം 14, 59
നൊവേഷ്യനിസം 7, 58
നോസ്റ്റിസിസം 14, 57
പഠനസമിതികൾ 408
പരിശുദ്ധാത്മാവ് 252
പിയററിസം 82
പീററർ ദേ ബ്രൂയിസ് 28, 59
പീററർ ലയോണി 26, 59
പുനരൈക്യം 292
പുരാതനകത്തോലിക്കസഭകൾ 49, 122
പെലാജിയനിസം 13, 59
പൗലോസുപാപ്പാ 224, 340
പൗരസ്ത്യകത്തോലിക്കർ 358
പ്രതിമാഭഞ്ജനം 20, 59
പ്രസ്ബിറേററിയൻസ് 111
പ്രഷ്യൻസഭ 116
പ്രഷില്ല്യനിസം 12, 58
പ്രേഷിതരംഗം 52, 89
പ്രോട്ടസ്റ്റൻറുസഭകൾ 41, 134, 371
ഫൊയർ യൂണിത്താസ് 128
ഫോസിയൂസ് 21
ഫ്ളോറൻസു സൂനഹദോസ് 64, 208
ബാപ്ററിസ്ററ് 114
ബാർബറോസാ 29, 59
ബിഷപ്പ് ബ്രൻറ് 143, 158,
ബിഷപ്പ് വില്ല്യം ററെംബിൾസ് 164, 173
ബിഷപ്പ് സൊഡെർബ്ളോം 152, 19
ബൈബിൾ 310, 376
ബൈബിൾ സൊസൈററി 90
ഭാഗഭാഗിത്വം 400, 401
മനിക്യയിസം 6, 58
മാർസിയനിസം 4, 57
മാലിനീസ് സംഭാഷണങ്ങൾ 105
മാസിഡോണിയനിസം 11
മൂന്നു പാപ്പാമാർ 52, 59
മെത്തോഡിസം 112
മോണോതെലിററിസം 16, 59
മോണോഫിസിററിസം 16, 59
മോൻററാനിസം 5
യൂണിത്താസു 128
രണ്ടു പാപ്പാമാർ 27, 29

രക്ഷണീയമാർഗ്ഗങ്ങൾ 270
ലണ്ടൻമിഷൻ 89
ലയൺസു സൂനഹദോസ് 60, 208
ലൂതർ 35, 75, 341
ലൂതറൻസ് 115, 122
ലാംബത്തു കോൺഫ്രൻസു 110, 119
വാൽഡൻഷ്യൻസ് 31, 59,
വിഭജനത്തിൻെറ അസ്തിത്വം 260
വിഭജനത്തിൻെറ കാരണം 267
വിഭജനത്തിൻെറ ചരിത്രം 1-55
വിദ്യാർത്ഥിസംഘടനകൾ 97
വില്ല്യം ക്യാരി 91
വിവാഹിതർ 320
വിശ്വാസത്തിൻെറ വിശദീകരണം 339
വൈ. എം. സി. എ. 96, 100
വൈ. ഡബ്ളിയു. സി. എ. 96, 100
വൈജ്ഞാനിക എക്യുമേനിസം 331
വൈദികവിദ്യാർത്ഥികൾ 335
സൺഡേസ്കൂൾ മൂവ്മെൻറ് 98
സന്യാസികൾ 319
സഭകളുടെ ലോകസമിതി 172, 181
„ ഭരണഘടന 189
„ പ്രവത്തനങ്ങൾ 193
„ പ്രസിദ്ധീകരണങ്ങൾ 191
„ അംഗസംഖ്യ 195
സഭയിലുള്ള അംഗത്വം 268
സഭയുടെ ഏകത്വം 244, 301
„ കാതോലികത്വ 300
„ മൂലഘടകങ്ങൾ 262
„ തീർത്ഥാടകപ്രകൃതി 275
സഭാസമൂഹങ്ങൾ 46, 371
സഭൈക്യങ്ങൾ 110-121, 201-204
സഹകരണം 411
സംയുക്തപ്രാർത്ഥന 326
സാമൂഹിക എക്യുമെനിസം 344
സ്കോട്ടുലണ്ടിലെ സഭ 117
സ്വിൻഗ്ലി 35, 75
ഹ്സ്സിസം 33, 59, 75
ഹൃദയപരിവത്തനം 323
റിഫോംഡ് സഭകൾ 122
റീസണബിൾ ഓത്തഡോക്സി 87
റോബർട്ടുഗാഡിനർ 160

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 2702 PAL-E Acc. No. 39127

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 08 MAY 2022 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

2704

PAL-E

39127

പുത്തിക്കൈത്ത, എൻ. ജെ.

എക്യുമെനിസം

KOTTAYAM PUBLIC LIBRARY

Call No 270.2 Acc. No 39127

Author [illegible]

Title [illegible]